KOTTAYAM PUBLIC LIBRARY

Call No. M.297 Acc. No. 45710

Author ഇസ്ലാഹി മൗലാനാ സദ്റുദ്ദീൻ

Title ഇസ്ലാം ഒരു നോട്ടത്തിൽ

994

KOTTAYAM PUBLIC LIBRARY
KOTTAYAM.
45710

# ഇസ്ലാം

## ഒററനോട്ടത്തിൽ

മൗലാനാ സദ്റുദ്ദീൻ ഇസ്ലാഹി

---

പ്രസാധകർ:

**ഇസ്‌ലാമിക പബ്ലിഷിംഗ് ഹൗസ്**

**മേരിക്കുന്ന്, കോഴിക്കോട് - 12**

**വില: 4ക.**

297
Isl-I

**I. P. H. പ്രസിദ്ധീകരണം No: 60**

اسلام - ایک نظر میں

# ISLAM OTTANOTTATHIL

Author:
**Sadruddeen Islahi**

*First Impression 1968*
*Copies 2000*
*Price 4.00*

Printed at
THE PRABODHANAM PRESS
Marikunnu, Calicut - 12

# പ്രസ്താവന

പ്രസിദ്ധ മതപണ്ഡിതനും എഴുത്തുകാരനുമായ മൗ: സദ്റുദ്ദീൻ ഇസ്ലാഹി അവർകൾ ഉറദുവിൽ രചിച്ച 'ഇസ്ലാം ഏക് നസർമെ' എന്ന കൃതിയുടെ വിവർത്തനമാണ് **'ഇസ്ലാം ഒററ നോട്ടത്തിൽ'**. ഇസ്ലാമിനെക്കുറിച്ചൊരു സമഗ്ര പഠനം സാധിതമാക്കുന്ന ഈ ഗ്രന്ഥം ഇസ്ലാമിക സാഹിത്യലോകത്ത് ചിരകാലമായി അനുഭവപ്പെട്ടു പോന്ന ഒരു വിടവു നികത്തുവാൻ പര്യാപ്തമാണ്.

ദീനുൽ ഇസ്ലാം മനുഷ്യജീവിതത്തെസ്സംബന്ധിച്ചിടത്തോളം ആമൂലാഗ്രം ബാധകമായൊരു സമ്പൂർണ്ണ വ്യവസ്ഥയാണെന്ന പരമാർത്ഥം വിസ്മരിക്കപ്പെട്ടതുകൊണ്ടുള്ളവായ അനർത്ഥങ്ങൾ അസംഖ്യമത്രെ. പൂർവ്വ സമുദായങ്ങൾ ദീനിൻെറ ചില വശങ്ങൾ കൈക്കൊള്ളുകയും ചില വശങ്ങൾ തള്ളിക്കളയുകയും ചെയ്ത നിമിത്തം ദൈവശാപത്തിന്ന് പാത്രീഭൂതരായി. ഈ ദൂഷ്യം അനുവർത്തിച്ചതിൻെറ ദുരന്തമാണ് പൊതുവിൽ പറഞ്ഞാൽ ദീർഘ

കാലമായി മുസ്ലിം സമുദായത്തെ ആവരണം ചെയ്തിരിരിക്കുന്നത്. ഖേദകരമായ ഈ ദുസ്ഥിതി ഇസ്ലാമിനെ ജനങ്ങൾ യഥാതഥമായി പരിചയപ്പെടുന്നതിന് പ്രതിബന്ധമായിത്തീർന്നിരിക്കുന്നു.

ദൈവീക ജീവിതവ്യവസ്ഥയുടെ പ്രവിശാലമണ്ഡലങ്ങളാദ്യന്തം ഒരു കൈക്കുമ്പിടിയിലൊതുക്കി വായനക്കാരന് കാഴ്ചവെയ്ക്കുവാൻ ഗ്രന്ഥകർത്താവ് നടത്തിയ വിജയകരമായ പരിശ്രമം വഴി ഈ കാലഘട്ടത്തിന്റെ ഏററവും വലിയൊരാവശ്യം നിറവേറിയിരിക്കയാണ്. ദീനിന്റെ നാനാ തുറകളുടെയും കാതലായ വശങ്ങൾ പ്രബലങ്ങളായ പ്രമാണങ്ങളിലൂന്നിക്കൊണ്ട് ഭംഗിയായും ഭദ്രമായും ഇതിലടക്കിവെക്കുവാൻ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ച കഴിവും സാമർത്ഥ്യവും അനിതരസാധാരണമാകുന്നു. ഇതാവണം ഒരു പക്ഷെ, ഈ ഗ്രന്ഥത്തിന്റെ ഏററവും തികഞ്ഞ മേന്മ.

മഹത്തായ ഈ പരിശ്രമത്തിന്റെ സൽഫലങ്ങൾ മലയാള വായനക്കാർക്ക് പകർന്നുകൊടുക്കാൻ സാധിച്ചതിൽ ഞങ്ങൾ കൃതകൃത്യരാണ്. കരുണാനിധിയായ അല്ലാഹു ഇതൊരു സൽക്കർമ്മമായി അംഗീകരിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

—പ്രസാധകർ

# ഉള്ളടക്കം


പേജ്

**ഇസ്ലാം**

അർത്ഥവും നിർവ്വചനവും 1
പ്രാപഞ്ചിക ഇസ്ലാം ,,
സാന്മാർഗ്ഗിക, സാങ്കേതിക ഇസ്ലാം 6
ഇസ്ലാമും മനുഷ്യനും 8
ഇസ്ലാം: സാർവ്വജനീന മതം 10
ഇസ്ലാം: അന്ത്യദീനിന്റെ അഭിധാനം 12

**അടിസ്ഥാന വിശ്വാസങ്ങൾ 18**

**അല്ലാഹുവിലുള്ള വിശ്വാസം 21**
ശിർക്ക് (ബഹുദൈവത്വം) 27

**പരലോക വിശ്വാസം 32**
പരലോക വിശ്വാസത്തിന്റെ പ്രാധാന്യം 34
ശഫാഅത്തിന്റെ ശിർക്ക്പരമായ വിഭാവന 35
ശഫാഅത്തിന്റെ ഇസ്ലാമിക വിഭാവന 38

**ദൗത്യത്തിലുള്ള വിശ്വാസം 45**
ദൈവദൂതന്മാർ മനുഷ്യരായിരുന്നു 51
ദൗത്യപദവിയുടെ സ്വഭാവം 57
ദൗത്യത്തിന്റെ സാർവ്വത്രികത 58
പ്രവാചക ശിക്ഷണങ്ങളുടെ നിലപാട് 59
പ്രവാചകന്മാരുടെ പാപസുരക്ഷിതത്വം 60
പ്രവാചകന്മാരുടെ നിലപാട് 64
ഒരു നബിയെ നിഷേധിക്കലും കുഫ്ർതന്നെ 67
മുഹമ്മദി (സ) ന്റെ ദൗത്യം 69

## അടിസ്ഥാന കർമ്മങ്ങൾ 71

### ശഹാദത്ത് 74

### നമസ്കാരം 77

നമസ്കാരത്തിന്റെ പ്രാധാന്യം ,,
പ്രാധാന്യതക്ക് കാരണം 83
നമസ്കാരത്തിന്റെ ചില ഉപലക്ഷ്യങ്ങൾ 36
ഉദ്ദിഷ്ട നമസ്കാരം 90

### സകാത്ത് 92

സകാത്തിന്റെ പ്രാധാന്യം ,,
സകാത്തിന്റെ ലക്ഷ്യങ്ങൾ 99
ആത്മസംസ്കരണം ,,
അഗതി സംരക്ഷണം 105
ദീനിന്റെ സംരക്ഷണം 108
സകാത്തിന്റെ തുക 110
സകാത്തിന്റെ ഘടന 117
'സകാത്ത്', 'സദഖ', 'ഇൻഫാഖ്' 120

### നോമ്പ് 122

സവിശേഷഗുണങ്ങളും പ്രാധാന്യതകളും ,,
നോമ്പ്: തഖ്‌വയുടെ ഉറവിടം 123
തഖ്‌വയുടെ അനിവാര്യ ഉപാധി 132
തഖ്‌വയെക്കുറിച്ച ഇസ്ലാമിക സങ്കല്പത്തിന്റെ ദർപ്പണം 133
ചില പ്രത്യേക ഫലങ്ങൾ 142
ലക്ഷ്യസാഫല്യത്തിനുള്ള ഉപാധികൾ 146

### ഹജ്ജ് 148

ഹജ്ജിന്റെ സ്ഥാനം ,,
കഅബ: നിർമ്മാണവും നിലപാടും 151
കഅബാ നിർമ്മാണത്തിന്റെ പശ്ചാത്തലം 154
ഹജ്ജിലെ ചടങ്ങുകൾ 159
ഹജ്ജും അടിമത്തവികാരങ്ങളും 163

ഹജ്ജിൻെറ സമഗ്രതാഭാവം 168
ഇസ്ലാമിക സ്തംഭങ്ങളെക്കുറിച്ച ഒരു പൊതുവീക്ഷണം 170

ജീവിത വ്യവസ്ഥ 172

മതം: വ്യത്യസ്ത വിഭാവനകൾ 173
ഇസ്ലാം സന്യാസമല്ല 174
വ്യക്തിജീവിതത്തിൽ പരിമിതമല്ല 179
ഇസ്ലാം ഒരു സമ്പൂർണ്ണ വ്യവസ്ഥ 181

ആത്മീയ വ്യവസ്ഥ 183

ധാർമ്മിക വ്യവസ്ഥ 184

കുടുംബ വ്യവസ്ഥ 196

സാമൂഹ്യ വ്യവസ്ഥ 202

സാമ്പത്തിക വ്യവസ്ഥ 219

രാഷ്ട്രീയ വ്യവസ്ഥ 232

നിയമ വ്യവസ്ഥ 242

ഇസ്ലാമും രാഷ്ട്രവും 246

അല്ലാഹുവിലുള്ള വിശ്വാസവും രാഷ്ട്രവിഭാവനയും 248
ശരീഅത്ത് നിയമങ്ങളും ഭരണവകുപ്പും 249
മതനിയമങ്ങളും ഭരണാധികാരവും 250
രാഷ്ട്രം ഇസ്ലാമിൻെറ അനിവാര്യഘടകം 254

ഇസ്ലാമിക ഭരണം, മുസ്ലിം ഭരണം 257

പ്രവാചക മിഷ്യനും ഭരണാധികാരവും 258
ഇസ്ലാമിക പ്രബോധനവും ഭരണാധികാരവും 265

ശരീഅത്തും ഇബാദത്തും 267

ഇബാദത്തിൻെറ സ്ഥാനം ,,
ഇബാദത്തിൻെറ വിവക്ഷ 268
ഭാഷാപരമായ നിഗമനത്തിൻെറ വെളിച്ചത്തിൽ 270

ദീനിന്റെ സുസമ്മത യാഥാത്ഥ്യങ്ങളുടെ വെളിച്ചത്തിൽ 271
ഖുർആനിലെ പ്രയോഗങ്ങളുടെ വെളിച്ചത്തിൽ 274
ഖുർആനിലെ നിർദ്ദിഷ്ട ഇബാദത്ത് 280
ഇസ്ലാമിക സ്തംഭങ്ങളുടെ സവിശേഷ പ്രാധാന്യം 284
തെററിദ്ധാരണയും കാരണങ്ങളും 287

## ഇസ്ലാമും ഇതര മതങ്ങളും 291

സർവ്വമതസത്യവാദം ,,
മുഹമ്മദീയ പ്രവാചകത്വത്തിന്റെ സവിശേഷ നിലപാട് 293
സവിശേഷ നിലപാടിന്റെ സ്വാഭാവിക താല്പര്യങ്ങൾ 298
ഇസ്ലാമിനെ പിൻപററൽ അനിവാര്യം 299
ഇസ്ലാം മോക്ഷത്തിനുള്ള ഉപാധി 306

## മുസ്ലിം സമുദായത്തിന്റെ ഉത്തരവാദിത്വങ്ങൾ 309

ഇസ്ലാമിന്റെ സവിശേഷതകളുടെ താല്പര്യം ,,
മുസ്ലിം സമുദായത്തിന്റെ ഉത്തരവാദിത്വം 311
സത്യസാക്ഷ്യം എന്നാൽ എന്ത്? 313
വാക്ക്കൊണ്ടുള്ള സാക്ഷ്യം 319
കർമ്മസാക്ഷ്യം 323
പ്രതിബന്ധങ്ങളും നിവാരണ മാർഗ്ഗങ്ങളും 325
അഭ്യന്തര ജിഹാദ് 327
ചിന്താപരവും പ്രബോധനപരവുമായ ജിഹാദ് 331
സായുധ ജിഹാദ് 336
സായുധ ജിഹാദിന്റെ ഇനങ്ങൾ 338
സായുധ ജിഹാദിന്റെ ഉപാധികൾ 345
ജിഹാദിന്റെ പ്രാധാന്യം 349

## ഇസ്ലാമിന്റെ ഐഹികാനുഗ്രഹങ്ങൾ 372

ഐഹികാനുഗ്രഹവും പ്രവാചകന്മാരുടെ പ്രബോധനവും ,,
ഇസ്ലാം: ഐഹിക വിജയത്തിന് നിദാനം 378
മതവും ഭൗതിക വിജയവും 380
ഐഹിക വിജയത്തിന്റെ നിർബ്ബന്ധോപാധി 387
ഒരു സംശയനിവാരണം 393

KOTTAYAM.

# മുഖവുര

ഇസ്ലാം എന്തു്? എന്തിനു്? അതിന്റെ അടിസ്ഥാനങ്ങളും മൗലിക ശിക്ഷണങ്ങളും എന്തൊക്കെ? മനുഷ്യനു് ഏതുതരം ജീവിത വീക്ഷണമാണതു് പ്രദാനം ചെയ്യുന്നതു്? എന്തു് ശീല സ്വഭാവമാണു് നിർദ്ദേശിക്കുന്നതു്? എന്നീ കാര്യങ്ങൾ സുവ്യക്തമായും സുലളിതമായും പ്രതിപാദിക്കുന്നതും, സൂക്ഷ്മമായ വൈജ്ഞാനിക ചർച്ചകളിലേക്കും വിശദാംശങ്ങളിലേക്കും കടക്കാതെ, ചില വശങ്ങളെ ഉയർത്തിപ്പിടിച്ചും ചില വശങ്ങളെ അമർത്തിവെച്ചും കാണിക്കാതെ ഇസ്ലാമിനെ അവശ്യം പരിചയപ്പെടുത്തുന്നതുമായ ഒരു ഗ്രന്ഥത്തിന്റെ ആവശ്യകത വളരെ കാലമായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഈ ആവശ്യബോധത്താൽ ജന്മമെടുത്തതാണീ കൃതി. പ്രസ്തുത ആവശ്യം പൂർത്തീകരിക്കാൻ ഇതുമുഖേന ഒരു പരിശ്രമം നടത്തിയിരിക്കയാണു്. മുസ്ലിംകളാണെങ്കിലും ഇസ്ലാം യഥാർത്ഥത്തിലെന്താണെന്നറിയാത്തവർക്കു് ഈയൊരു ഗ്രന്ഥം കൊണ്ടുതന്നെ അടിസ്ഥാനപരമായും അത്യാവശ്യമായും ഇസ്ലാമിനെ സാക്ഷാൽ രൂപത്തിൽ ദർശിക്കുവാൻ സാധിക്കുന്നതാണു്. ഈ ശ്രമം അല്പമെങ്കിലും വിജയിച്ചിട്ടുണ്ടെങ്കിൽ അതു് അല്ലാഹുവിന്റെ ഔദാര്യമാകുന്നു. ഇതിൽ വല്ല പരാജയവും സംഭവിച്ചിട്ടുണ്ടെങ്കിൽ അതു് ഇയ്യുള്ളവന്റെ അറിവുകേടിന്റെയും ചിന്താപരമായ വൈകല്യത്തിന്റെയും ഫലവുമാകുന്നു.

ഈ ഗ്രന്ഥത്തിൽ ചിലേടത്ത് സംക്ഷിപ്തമായും ചിലേടത്ത് വിശദമായുമുള്ള പ്രതിപാദനങ്ങൾ കാണുന്നുവെങ്കിൽ അത് സന്ദർഭങ്ങളുടെ താല്പര്യം പരിഗണിച്ച് മാത്രമാണെന്ന് മനസ്സിലാക്കിയാൽ മതി. ജനങ്ങൾക്ക് ചിരപരിചിതങ്ങളായതും എഴുത്തുകാരും പ്രാസംഗികന്മാരും കൂടുതൽ കൈകാര്യം ചെയ്യുന്നതുമായ വിഷയങ്ങളെസ്സംബന്ധിച്ചിടത്തോളം വിശദമായ ചർച്ച ഇവിടെ ആവശ്യമില്ലല്ലോ. മറിച്ച് ജനങ്ങൾക്ക് വിരളമായി മാത്രം അറിയാവുന്നതും എഴുത്തുകാരും പ്രാസംഗികന്മാരും വേണ്ടത്ര പരിഗണന നല്കാതിരിക്കുന്നതുമായ വിഷയങ്ങൾ വിശദമായി പ്രതിപാദിക്കേണ്ടതാവശ്യമാണുതാനും. അപ്രകാരം തന്നെ പരിമിത ജ്ഞാനമേയുള്ളുവെന്നു മാത്രമല്ല, അബദ്ധ ധാരണകൾ വെച്ചുപോററുക കൂടി ചെയ്യുന്ന വശങ്ങളെസ്സംബന്ധിച്ചിടത്തോളം വിശദമായി പ്രതിപാദിക്കുകയും തെളിവുകൾ സ്ഥാപിച്ച് സമർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്.

ഈ ഗ്രന്ഥംകൊണ്ടുദ്ദേശിക്കപ്പെട്ട ലക്ഷ്യം പൂർത്തീകരിക്കപ്പെടാനും, ഇത് സാമാന്യ ജനങ്ങൾക്ക് ഇസ്ലാമിനെ പഠിക്കാനുള്ള ഒരു മാർഗ്ഗവും ഈ പാപിക്ക് പരലോകത്തിലേക്കൊരു പാഥേയവുമായിത്തീരാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നിങ്ങളും ഹൃദയപൂർവ്വം പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു.

— സദ്റുദ്ദീൻ

# ഇസ്‌ലാം

## അർത്ഥവും നിർവ്വചനവും

ഭാഷാപരമായി ഇസ്ലാമിന്റെ അർത്ഥം അനുസരണം എന്നാകുന്നു. എന്നാൽ ദീനിന്റെ ഭാഷയിൽ വ്യവഹരിക്കുമ്പോൾ അല്ലാഹുവിനു മാത്രമുള്ള അനുസരണമെന്നാണ് ഈ വാക്കിന്നർത്ഥം. ദൈവീക നിയമങ്ങളനുസരിച്ചു ജീവിക്കുകയും അവ അതിലംഘിക്കാതിരിക്കുകയും ചെയ്യുന്നവനാണ് മുസ്ലിം.

### പ്രാപഞ്ചിക ഇസ്ലാം

ദൈവീക നിയമങ്ങൾ രണ്ടു വിധമാണെന്നു നാം മനസ്സിലാക്കിയിട്ടുണ്ട്: പ്രാപഞ്ചിക (تكويني) വും സാന്മാർഗ്ഗിക (تشريعي) വും.

അനിവാര്യമായി അനുസരിക്കപ്പെടുന്നതും അതിലംഘനം അസാധ്യവുമായ നിയമങ്ങളെയാണ് 'പ്രാപഞ്ചിക നിയമങ്ങ ളെ'ന്നു പറയുന്നത്. അവ അനുസരിക്കുവാൻ നിർബ്ബന്ധിതങ്ങളാ യിക്കൊണ്ടാണ് സൃഷ്ടികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുതന്നെ; ഇഷ്ടാനുസാരം അനുസരിക്കുവാനോ അനുസരിക്കാതിരിക്കുവാ നോ ഉള്ള സ്വാതന്ത്ര്യം ജന്മനാ അവക്കു് നൽകപ്പെട്ടിട്ടില്ല. ഉദാഹരണമായി, സൂര്യൻ നിശ്ചിത സമയത്ത് ഉദിക്കണമെന്നും നിശ്ചിത സമയത്ത് അസ്തമിക്കണമെന്നും ഭൂമിയിൽനിന്നു് ഒരു നിശ്ചിത ദൂരത്ത് സ്ഥിതിചെയ്യണമെന്നും ഭൂമിക്ക് ചൂടും വെളി ച്ചവും നൽകണമെന്നും സൂര്യനുൾപ്പെടെയുള്ള അഖില പ്രപഞ്ച ത്തിൻെറ അധിപൻ കല്പിച്ചിരിക്കുന്നു. ഈ നിയമങ്ങളനുസരിക്കു വാൻ സൂര്യൻ നിർബ്ബന്ധിതമാണ്; ഒരിക്കലും അവയെ ധിക്ക രിക്കുക സാധ്യമല്ല. ഇതേപ്രകാരം ജീവജാലങ്ങളുടെ ജീവൻ നി ലനിർത്തുവാൻ വായു ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ദാഹം ശ മിപ്പിക്കുവാൻ വെള്ളവും, കത്തിക്കുവാൻ അഗ്നിയും കൽപി ക്കപ്പെട്ടിരിക്കുന്നു. നാവുകൊണ്ട് സംസാരിക്കുവാനും കാതു കൊണ്ട് കേൾക്കുവാനും മൂക്കുകൊണ്ട് വാസനിക്കുവാനുമാണ് മനുഷ്യനോട് കൽപിച്ചിരിക്കുന്നത്. ഈ കൽപനകളനുസരിക്കു വാൻ പ്രസ്തുത സൃഷ്ടികളെല്ലാം നിർബ്ബന്ധിതരാണ്. മറെറാരു മാർഗ്ഗം സ്വീകരിക്കുവാൻ അവക്ക് കഴിവില്ല ഇങ്ങിനെയുള്ള നിയമങ്ങളെ 'പ്രകൃതി നിയമങ്ങളെ'ന്നും പറഞ്ഞുവരാറുണ്ട്. ഈ പേരാണ്, പൊതുവിൽ, കൂടുതലറിയപ്പെടുന്നത്.

ജന്മനായുള്ള നിർബ്ബന്ധിതത്വം കൊണ്ടല്ലാതെ, സ്വതന്ത്രാ ഭിഷ്ടപ്രകാരം അനുസരിക്കപ്പെടുന്ന ദൈവീക നിയമങ്ങളെ സന്മാർഗ്ഗിക നിയമങ്ങളെന്നു വിശേഷിപ്പിക്കുന്നു. ഇവ അനുഷ്ഠി ക്കുവാനും അനുഷ്ഠിക്കാതിരിക്കുവാനും സൃഷ്ടികൾക്ക് സ്വാതന്ത്ര്യ മുണ്ട്. ഉദാഹരണം: ഒരു ദൈവത്തിനു മാത്രം അടിമപ്പെടണ മെന്നു് മനുഷ്യരോട് ശാസിച്ചിരിക്കുന്നു. പക്ഷെ, ഇങ്ങിനെ

ചെയ്യുവാൻ ജന്മനാ അവൻ നിർബ്ബന്ധിതനല്ല. പ്രത്യുത, ഏക ദൈവത്തെ വണങ്ങുവാനും ആയിരങ്ങളെ ദൈവങ്ങളാക്കുവാനും അവന്നു സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ദൈവത്തെയും ദിവ്യത്വത്തെയും പാടെ നിഷേധിക്കുവാനും അവന്നു സ്വാതന്ത്ര്യമുണ്ട്. ഈ വക നിയമങ്ങളെ 'ശറഈ നിയമങ്ങൾ' എന്നും പറയാറുണ്ട്.

ഈ രണ്ടു വിധത്തിലുള്ള നിയമങ്ങളും തുല്യനിലയിൽ അല്ലാഹുവിന്റെ നിയമങ്ങളാണ്. 'ഇസ്ലാം'മെന്നു പറയുന്നത് അല്ലാഹുവിനുള്ള അനുസരണത്തിന്നായിരിക്കെ കൊണ്ട് പ്രസ്തുത രണ്ടു വിധം നിയമങ്ങളനുസരിക്കലും 'ഇസ്ലാം' തന്നെയായിരിക്കും. പ്രസ്പഷ്ടമായ ഒരു പരമാർത്ഥമാണിത്.

അചേതന വസ്തുക്കൾ മുതൽ മനുഷ്യരും മലക്കുകളും വരെയുള്ള അഖില സൃഷ്ടികളും സ്രഷ്ടാവിന്റെ ഭരണീയർ മാത്രമാണ്. പ്രാപഞ്ചികമോ സാന്മാർഗ്ഗികമോ ആയ ഏതെങ്കിലും വിധത്തിലുള്ള നിയമസംഹിത നൽകിയിട്ടില്ലാത്ത യാതൊരു സൃഷ്ടിയുമില്ല. അതുകൊണ്ടുതന്നെ 'ഇസ്ലാം'മിന്റെയും 'മുസ്ലി'മാകലിന്റെയും പ്രശ്നം മനുഷ്യനിൽ പരിമിതവുമല്ല പ്രത്യുത പ്രപഞ്ചമഖിലത്തോളം വ്യാപകമാണത്. ഇസ്ലാം ഏതെങ്കിലുമൊരു സൃഷ്ടിയുടെയല്ല, സമസ്ത സൃഷ്ടികളുടെയും ദീനായിത്തീരുകയും ചെയ്യുന്നു. തീരുമാന സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും പ്രാപഞ്ചിക നിയമങ്ങൾ മാത്രം നൽകപ്പെടുകയും ചെയ്തിരിക്കുന്ന സൃഷ്ടികളുടെയും ദീൻ ഇസ്ലാമാണെന്നു തന്നെയാണിതിന്നർത്ഥം. തങ്ങൾക്ക് നൽകപ്പെട്ട പ്രസ്തുത നിയമങ്ങളെ നിർബ്ബന്ധപൂർവ്വം, അപ്പടി അനുസരിക്കുന്നതുകൊണ്ട് അവയെല്ലാം 'മുസ്ലിം'കളുമാണ്—'പരിപൂർണ്ണ മുസ്ലിം'കൾ. അതെ, സൂര്യൻ 'മുസ്ലി'മാണ്; കാരണം അതു അതിന്നുവേണ്ടി നിശ്ചയിക്കപ്പെട്ട വ്യവസ്ഥപ്രകാരം ഭ്രമണം ചെയ്യുന്നു, ഉദിക്കുന്നു, അസ്തമിക്കുന്നു, ചൂടും വെളിച്ചവും നല്കുന്നു. ചന്ദ്രനും നക്ഷത്രങ്ങളും 'മുസ്ലിം'കളാണ്. എന്തുകൊണ്ടെന്നാൽ

അവ, ഏതേതു വ്യവസ്ഥകൾക്ക് വിധേയങ്ങളാണോ ആ വ്യവസ്ഥകളെ ഒരിക്കലും ലംഘിക്കുന്നില്ല. വായു 'മുസ്ലി'മാണ്. കാരണം അതു ആജ്ഞാനുവർത്തിയായി മാത്രം ചലിക്കുകയും മേഘങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്നു, സസ്യങ്ങൾക്ക് ആഹാരവും ചൈതന്യവും നല്കുന്നു. വെള്ളവും 'മുസ്ലി'മാണ്. എന്തെന്നാൽ അതു ഭൂമിയെ നനക്കുന്നു, ചെടികൾ മുളപ്പിക്കുന്നു, ദാഹം ശമിപ്പിക്കുന്നു, ഉഷ്ണമേററ് നീരാവിയായി മാറുന്നു. ഇതെല്ലാം തന്നെയാണതിന്നു് യജമാനൻ നിശ്ചയിച്ചുകൊടുത്തിട്ടുള്ള ഡ്യൂട്ടി.

തീരുമാനസ്വാതന്ത്ര്യമില്ലാത്ത സൃഷ്ടികളുടെ ദീനും 'ഇസ്ലാം' തന്നെയാണെന്നും അവയെല്ലാം 'മുസ്ലിം'കളാണെന്നും പറയുമ്പോൾ അത് യുക്തിയും അനുമാനവും ആസ്പദമാക്കി പറയുന്നതല്ല. പ്രത്യുത വിശുദ്ധ ഖുർആന്റെ സുവ്യക്ത വിശദീകരണങ്ങളാണതിന്നടിസ്ഥാനം.

ഖുർആൻ പറയുന്നു:

أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَنْ فِي السَّمٰوٰتِ وَالْأَرْضِ (آل عمران ٨٣)

"അല്ലാഹുവിന്റെയല്ലാത്ത മററുവല്ല ദീനിനെയുമാണോ ഇവർ (സത്യനിഷേധികൾ) അന്വേഷിക്കുന്നത്? വാസ്തവമാകട്ടെ, ആകാശങ്ങളിലും ഭൂമിയിലുമുള്ള സർവ്വതും അവനുമാത്രം 'മുസ്ലിം'കളായിരിക്കുന്നു (കീഴ്പ്പെട്ടിരിക്കുന്നു.)"

ആകാശ ഭൂമിയിലുള്ള സമസ്തസൃഷ്ടികളും—സത്യദീനിന്റെ നിഷേധികളായ മനുഷ്യരും ജിന്നുകളും ഒഴിച്ച്—അല്ലാഹുവിന്നു അനുസരണമുള്ള 'മുസ്ലിം'കളാണെന്നും അവരുടെയെല്ലാം ദീൻ 'ഇസ്ലാം' മാത്രമാണെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു.

ഇതേ യാഥാർത്ഥ്യത്തെ പ്രകാരാന്തരേണ പ്രതിപാദിക്കുന്ന മറെറാരു ആയത്ത് കാണുക:

تُسَبِّحُ لَهُ السَّمٰوٰتُ السَّبْعُ وَالْأَرْضُ وَمَنْ فِيهِنَّ وَإِنْ مِّنْ شَيْءٍ إِلَّا يُسَبِّحُ بِحَمْدِهِ وَلٰكِنْ لَّا تَفْقَهُونَ تَسْبِيحَهُمْ (اسراء ٤٤)

"സപ്താകാശങ്ങളും ഭൂമിയും അവയിലുള്ള സർവ്വതും അല്ലാഹുവെ പ്രകീർത്തിക്കുന്നു. അവന്നു സ്തുതികീർത്തനം ചെയ്യാത്തതായി യാതൊന്നും തന്നെ ഇല്ല. അവയുടെ കീർത്തനങ്ങൾ നിങ്ങൾക്ക് മനസ്സിലാകുന്നില്ലെന്നു മാത്രം."

വേറൊരു ആയത്തുകൂടി കാണുക:

أَلَمْ تَرَ أَنَّ اللهَ يَسْجُدُ لَهُ مَنْ فِي السَّمٰوٰتِ وَمَنْ فِي الْأَرْضِ وَالشَّمْسُ وَالْقَمَرُ وَالنُّجُومُ وَالْجِبَالُ وَالشَّجَرُ وَالدَّوَابُّ وَكَثِيرٌ مِّنَ النَّاسِ (حج ١٨)

"ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വതങ്ങളും വൃക്ഷങ്ങളും മൃഗങ്ങളും ധാരാളം മനുഷ്യരും അല്ലാഹുവിന്നു സാഷ്ടാംഗം നമിക്കുന്നത് നീ കാണുന്നില്ലേ?"

ഒന്നോ രണ്ടോ സൃഷ്ടികളല്ല. ആകാശഭൂമികളും സൂര്യചന്ദ്ര നക്ഷത്രാദികളും വായുവും വെള്ളവും മരങ്ങളും ചെടികളും പുഴ

കളും മലകളും തിരുക്കകളും മനുഷ്യരും ജിന്നുകളും എന്നുവേണ്ട മണൽത്തരിമുതൽ സൂര്യഗോളംവരെയുള്ള, ചെറുതും വലുതുമായ, സജീവവും നിർജ്ജീവവും അബോധവും സബോധവുമായ സമസ്ത സൃഷ്ടികളും പ്രതാപവാനായ അല്ലാഹുവിന്ന് "ഹംദും" "തസ്ബീഹും" നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നും അവൻെറ തിരുമുമ്പിൽ "സുജൂദ്" ചെയ്തുകൊണ്ടിരിക്കുന്നുവെന്നും മനസ്സിലായി. ഈ 'ഹംദ്'ിൻെറയും 'തസ്ബീഹി'ൻെറയും 'സുജൂദി'ൻെറയും ഏററവും ചുരുങ്ങിയ അർത്ഥം, ഈ സമസ്ത വസ്തുക്കളും അല്ലാഹു അവയ്ക്ക് നിശ്ചയിച്ചുകൊടുത്ത നിയമങ്ങൾ കണിശമായി പാലിക്കുന്നുവെന്നും തദ്വാരാ, അവൻെറ സത്തയ്ക്കും ഗുണങ്ങൾക്കും, വസ്തുസ്ഥിതിയുടെ ഭാഷയിൽ, സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നുവെന്നുമാകുന്നു.

തീരുമാനസ്വാതന്ത്ര്യമില്ലാത്ത സൃഷ്ടികളുടെ ദീനും ഇസ്ലാം തന്നെയാണെന്ന സംഗതി പ്രകൃത ദൈവവാക്യങ്ങൾ തികച്ചും വ്യക്തമാക്കിത്തന്നിട്ടുണ്ട്. എന്നാലവയ്ക്ക് നല്കപ്പെട്ട നിയമനിർദ്ദേശങ്ങൾ പ്രാപഞ്ചികസ്വഭാവത്തിലുള്ളതാകകൊണ്ട് അവയുടെ ഇസ്ലാമിൻെറ സ്വഭാവവും പ്രാപഞ്ചികം, അല്ലെങ്കിൽ പ്രാകൃതികം ആയിരിക്കും. അവയെ 'പ്രാപഞ്ചിക മുസ്ലിം'കളെന്നോ 'ജന്മായത്ത മുസ്ലിം'കളെന്നോ പറയാവുന്നതാണ്.

## സാന്മാർഗ്ഗിക, സാങ്കേതിക ഇസ്ലാം

ഇനി ഇച്ഛാശക്തിയും തീരുമാന സ്വാതന്ത്ര്യവുമുള്ള സൃഷ്ടികളുടെ കാര്യമെടുക്കുക. അവരുടെ സ്വാഭാവിക നിലപാടിതാണ്: പല കാര്യങ്ങളിലുമവർ ഒന്നാം ഇനത്തിൽ പെട്ട സൃഷ്ടികളെപ്പോലെ തന്നെ നിർബ്ബന്ധിതരും അസ്വതന്ത്രരുമാണെങ്കിൽ പല കാര്യങ്ങളിലും അങ്ങിനെയല്ല; ഇഷ്ടാനുസൃത നയം സ്വീകരിക്കുവാൻ ജന്മനാ അവർക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ട്.

ഉദാഹരണമായി, കണ്ണുകൊണ്ട് കാണുക, ചെവികൊണ്ട് കേൾക്കുക, നാവുകൊണ്ട് സംസാരിക്കുക എന്നിവ അല്ലാഹു മനുഷ്യനുവേണ്ടി നിശ്ചയിച്ചുകൊടുത്ത ചില നിയമങ്ങളാണ്. എന്നാൽ, കണ്ണുകൊണ്ട് ഇന്നതേ നോക്കാവൂ, ഇന്നത് നോക്കരുത്; ചെവികൊണ്ട് ഇന്നത് കേൾക്കാം, ഇന്നത് കേൾക്കരുത്; നാവുകൊണ്ട് ഇന്നത് പറയാം, ഇന്നത് പറയരുത് എന്നിങ്ങനെ വേറെ ചില നിയമങ്ങളുണ്ട്. ഒന്നാം ഇനത്തിൽപെട്ട നിയമങ്ങൾ മനുഷ്യൻ അനിവാര്യമായും അനുഷ്ഠിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ വക കാര്യങ്ങളിൽ, തള്ളാനും കൊള്ളാനുമുള്ള യാതൊരു സ്വാതന്ത്ര്യവും അവന്ന് നല്കീയിട്ടില്ല. അതിനാൽ ആ നിയമങ്ങളനുസരിച്ച് പ്രവർത്തിപ്പാൻ അവൻ നിർബ്ബന്ധിതനാണ്. എന്നാൽ രണ്ടാം ഇനത്തിൽ പെട്ട നിയമങ്ങളുടെ കാര്യത്തിൽ ഇവ്വിധത്തിലുള്ള യാതൊരു നിർബ്ബന്ധവുമില്ല. ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കാം; ഇഷ്ടമില്ലെങ്കിൽ തിരസ്കരിക്കാം. ഈ വിഷയകമായി അവന്ന് അനുസരണത്തിനും ധിക്കാരത്തിനും ഒരുപോലെ സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രഥമ വിഭാഗത്തിൽ പെട്ട നിയമങ്ങളുടെ കാര്യത്തിലും, ജീവിതത്തിന്റെ അസ്വതന്ത്ര മേഖലകളിലും മനുഷ്യരുടെ 'ഇസ്ലാ'മിനെ 'പ്രാപഞ്ചിക'മെന്നോ 'ജന്മായത്ത'മെന്നോ പറയാവുന്നതുപോലെ ജീവിതത്തിന്റെ ശേഷിച്ച, സ്വാതന്ത്ര്യ മേഖലകളിലുള്ള അവരുടെ ഇസ്ലാമിനെ 'സ്വതന്ത്ര, സാന്മാർഗ്ഗിക ഇസ്ലാം' എന്നും പറയേണ്ടതാണ്. എന്നാൽ ദീനിന്റെ സാങ്കേതിക പ്രയോഗത്തിൽ സാന്മാർഗ്ഗിക നിയമങ്ങൾക്ക് 'തശ്രീഈ അഹ്കാം' എന്നോ 'തശ്രീഈ ഇസ്ലാം' എന്നോ ഉള്ള വാക്കുകളുപയോഗിച്ചിട്ടില്ല പ്രത്യുത, 'സ്വതന്ത്ര, സന്മാർഗ്ഗികാ'ദി ഉപാധികളൊന്നുംകൂടാതെ "ദൈവനിയമങ്ങ"ളെന്നും 'ഇസ്ലാ'മെന്നുമുള്ള പൊതു വാക്കുകൾ തന്നെ മതിയെന്നു വെച്ചിരിക്കയാണ്. കാരണം സ്പഷ്ടമാണ്: പ്രാപഞ്ചിക നിയമങ്ങളോടൊപ്പം സന്മാർഗ്ഗിക നിയമങ്ങളും കൂടി നൽകപ്പെട്ടിരിക്കുന്ന സൃഷ്ടികളെ

സംബന്ധിച്ചിടത്തോളം അനുസരണത്തെയും അനുസരണ ഫലത്തെയും പരിഗണിക്കുമ്പോൾ പ്രാപഞ്ചിക നിയമങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ല. അവരുടെ കാര്യത്തിൽ സന്മാർഗ്ഗിക നിയമങ്ങൾ തന്നെയാണ് സർവ്വപ്രധാനം. അതുകൊണ്ട്, "ദൈവനിയമങ്ങ"ളെന്നും "ഇസ്ലാം"മെന്നുമുള്ള വാക്കുകൾ പൊതു ചർച്ചകളിൽ ന്യായമായും സാന്മാർഗ്ഗിക നിയമങ്ങളിൽ പരിമിതവും അവയ്ക്ക് പ്രത്യേകവുമായിരിക്കേണ്ടതാണ്. അതു തന്നെയാണുണ്ടായിട്ടുള്ളതും.

സന്മാർഗ്ഗികനിയമങ്ങളനുസരിക്കാത്തവരെ "മുസ്ലിം" എന്ന പദംകൊണ്ട് വിശേഷിപ്പിക്കാതിരിക്കുകയെന്നതും ഇതിൻെറ തന്നെ സ്വാഭാവിക താല്പര്യമാണ്. അപ്പോഴുമവർ പ്രാപഞ്ചിക നിയമങ്ങൾക്ക് തികച്ചും വിധേയരായിട്ടുണ്ടായിരിക്കുമെങ്കിലും, അത്രത്തോളമവർ അനിവാര്യമായും 'മുസ്ലിം'കളായിരിക്കുമെങ്കിലും 'സ്വതന്ത്ര ഇസ്ലാമി'ൻെറ അഭാവത്തിൽ 'നിർബ്ബന്ധിത ഇസ്ലാ'മിന്നു് യാതൊരു പ്രാധാന്യവും നിലനില്ക്കുന്നില്ല. അതുകൊണ്ടത് തീരെ പരിഗണനീയവുമല്ല. പ്രാപഞ്ചിക നിയമങ്ങളുടെ നിർബ്ബന്ധിതാനുസരണത്തിന്നപ്പുറം, സ്വതന്ത്ര സന്മാർഗ്ഗിക നിയമങ്ങൾക്ക് മുമ്പിൽ സ്വേച്ഛയാ തല കുനിക്കുന്ന വ്യക്തിയെ മാത്രമേ ശരീഅത്തിൻെറ സാങ്കേതിക ഭാഷയിൽ "മുസ്ലിം" എന്നു പറയുകയുള്ളു.

## ഇസ്‌ലാമും മനുഷ്യനും

മുമ്പ് സൂചിപ്പിച്ചതുപോലെ ഇച്ഛാ-തീരുമാന-സ്വാതന്ത്ര്യമുള്ള സൃഷ്ടികളിലൊന്നാണല്ലോ മനുഷ്യൻ. എന്നല്ല തദ്വിഷയകമായി ഒരു സവിശേഷത തന്നെ അവനുണ്ട്. അതുകൊണ്ടവന്നു് സന്മാർഗ്ഗിക നിയമങ്ങൾ കൂടി നൽകപ്പെടുക തികച്ചും സ്വാഭാവികമായിരുന്നു. ആദ്യത്തെ മനുഷ്യൻ ഭൂലോകത്ത് അവതീർണ്ണനായപ്പോൾ അല്ലാഹു ഇപ്രകാരം വിളംബരം ചെയ്തതായി ഖുർആൻ എടുത്തു പറയുന്നു:

فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ وَالَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا أُولَٰئِكَ أَصْحَابُ النَّارِ (بقرة ٣٩)

“എന്നിൽനിന്നു് നിങ്ങൾക്കു് സന്മാർഗ്ഗ നിർദ്ദേശം വന്നുകിട്ടുന്ന പക്ഷം ആർ എന്റെ നിർദ്ദേശത്തെ പിൻപറ്റുന്നുവോ അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ വ്യസനിക്കുന്നതുമല്ല മറിച്ചു് എന്റെ അടയാളങ്ങളെ നിഷേധിക്കുകയും കളവാക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണു് നരകക്കാർ!”

ഈ വിളംബരത്തിൽ “സന്മാർഗ്ഗ നിർദ്ദേശം” അഥവാ ദൈവ നിയമങ്ങളയച്ചതിനെ “പക്ഷം” എന്നു ഉപാധിവെച്ചു പറഞ്ഞതായി കാണുന്നുണ്ടെങ്കിലും വാസ്തവത്തിൽ അതൊരു ഉപാധിയല്ല, രാജകീയമായ ഒരു പ്രതിപാദന രീതി മാത്രമാണു്. ‘നിങ്ങളുടെ അടുക്കൽ എന്റെ നിർദ്ദേശങ്ങൾ തീർച്ചയായും വരുമെന്നും അവ അനുസരിക്കൽ നിങ്ങൾക്കു് നിർബ്ബന്ധമാണെന്നും’ തന്നെയാണു് താല്പര്യം.

ഈ വിഷയകമായി ഫലത്തിൽ എന്തു് സംഭവിച്ചുവെന്നു് വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കുന്നു:

وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ (فاطر ٢٤)

“ഒരു സമുദായവുമില്ല, ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) കഴിഞ്ഞു പോയിട്ടല്ലാതെ.”

ഭൂമിയിൽ മനുഷ്യാധിവാസവും സന്മാർഗ്ഗനിർദ്ദേശങ്ങളുടെ അവതരണവും ഒന്നിച്ചാണാരംഭിച്ചതെന്നു പ്രസ്തുത രണ്ടു ആയ

ത്തുകാരം വ്യക്തമാക്കുന്നുണ്ട്. ആ കാലഘട്ടംമുതൽ മനുഷ്യലോകം ദീനിൽനിന്നും ശരീഅത്തിൽനിന്നും ഒരിക്കലും ഒഴിവായിരുന്നിട്ടില്ല; അല്ലാഹുവിൻെറ സന്മാർഗ്ഗനിർദ്ദേശം ഒരു ജനതയ്ക്കും ഒരു സമുദായത്തിനും തടയുകയോ അറിയിക്കാതിരിക്കുകയോ ഉണ്ടായിട്ടില്ല. മനുഷ്യൻ സ്വാതന്ത്ര്യാധികാരമുള്ള സൃഷ്ടിയാണെന്ന അവസ്ഥ താല്പര്യപ്പെടുന്നതും ഇതുതന്നെയായിരുന്നു.

## ഇസ്ലാം: സാർവ്വജനീനമതം

നാളിതുവരെ ലഭിച്ചിട്ടുള്ള സന്മാർഗ്ഗിക നിയമസംഹിതകളഖിലം അല്ലാഹുവിങ്കൽനിന്നയക്കപ്പെട്ടതായിരുന്നു. അതുകൊണ്ട്തന്നെ അവയിലേതൊന്നിനുള്ള അനുസരണവും അല്ലാഹുവിനുള്ള അനുസരണമായിരുന്നു. അവയംഗീകരിച്ചിട്ടുള്ളവരെല്ലാം യഥാർത്ഥത്തിൽ മുസ്ലിംകളുമായിരുന്നു. ബുദ്ധിയുടെ വിധിയോടൊപ്പം പരിശുദ്ധ ഖുർആൻെറ പ്രഖ്യാപനങ്ങളും സാക്ഷീകരിച്ചിട്ടുള്ള ഒരു പരമാർത്ഥമാണിത്. ഇബ്രാഹീ (അ) മിനെ പററി ഖുർആൻ പറയുന്നതിങ്ങിനെയാണ്:

مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِنْ كَانَ

حَنِيفًا مُسْلِمًا (آل عمران ٦٧)

"ഇബ്രാഹീം ജൂതനായിരുന്നില്ല, ക്രൈസ്തവനുമായിരുന്നില്ല. പ്രത്യുത, ഋജുമാനസനായ 'മുസ്ലി'മായിരുന്നു അദ്ദേഹം"

മറെറാരിടത്ത് ഇബ്രാഹീ (അ) മിനെയും തൻെറ സന്തതികളെയും—ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ് (അ) തുടങ്ങിയുള്ള എല്ലാവരെയും—പററി ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—

إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ

وَوَصَّى بِهَا إِبْرَاهِيمُ بَنِيهِ وَيَعْقُوبُ يَا بَنِيَّ إِنَّ اللَّهَ

اصْطَفَى لَكُمُ الدِّينَ فَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ

....... قَالُوا نَعْبُدُ إِلَٰهَكَ ....... وَنَحْنُ لَهُ مُسْلِمُونَ

(بقرة ١٣١-١٣٣)

"ഇബ്രാഹീമിനോട് അദ്ദേഹത്തിന്റെ നാഥൻ 'മുസ്ലിം' (ആജ്ഞാനുവർത്തി) ആവുകയെന്നാജ്ഞാപിച്ചപ്പോൾ, ഞാൻ സർവ്വലോകരക്ഷിതാവിന്നു 'മുസ്ലി'മായിരിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. ഇബ്രാഹീം അദ്ദേഹത്തിന്റെ സന്തതികളെ ഇതേകാര്യം ഉപദേശിച്ചു. യഅ്ഖൂബും (ഉപദേശിച്ചു): "എന്റെ സന്തതികളെ! അല്ലാഹു നിങ്ങൾക്ക് ഈ ദീനിനെ തിരഞ്ഞെടുത്ത് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. അതുകൊണ്ട് തീർച്ചയായും നിങ്ങൾ 'മുസ്ലിം'കളായിക്കൊണ്ടല്ലാതെ മരിക്കരുത്............" അവർ പ്രത്യുത്തരം ചെയ്തു: ഞങ്ങൾ താങ്കളുടെ ദൈവത്തിന്നുമാത്രമേ അടിമവൃത്തി ചെയ്യൂ........അവന്റെമാത്രം 'മുസ്ലിം'ക (ആജ്ഞാനുവർത്തിക) ളായിരിക്കും ഞങ്ങൾ."

ലൂഥ്, മൂസാ, സുലൈമാൻ, ഈസാ (അ) മുതലായ ഇതര പ്രവാചകന്മാരെപററിയും ഇതുപോലുള്ള വിശദീകരണങ്ങൾ പരിശുദ്ധ ഖുർആനിലുണ്ട്. അവരും അവരുടെ അനുചരന്മാരും 'മുസ്ലിം'കളായിരുന്നുവെന്നും അവരെല്ലാവരുടെയും ദീൻ 'ഇസ്ലാം' മാത്രമായിരുന്നുവെന്നും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

# ഇസ്‌ലാം
# അന്ത്യദീനിൻെറ അഭിധാനം

ഉപര്യുക്തമായ യാഥാർത്ഥ്യത്തിൻെറ വെളിച്ചത്തിൽ, ആകാശവേദങ്ങളിലൊന്നിന് മറെറാന്നിനെ അപേക്ഷിച്ച് പേരിൻെറ കാര്യത്തിൽ യാതൊരു വിവേചനവും ഉണ്ടാവരുതെന്നാണ് തോന്നുക. ഖുർആനിക ശരീഅത്താവട്ടെ, ബൈബിളിൻെറ ശരീഅത്താവട്ടെ, ആദം (അ) കൊണ്ടുവന്ന ദീനാകട്ടെ, നൂഹ് (അ) കൊണ്ടുവന്ന ദീനാകട്ടെ, ഇബ്രാഹീം (അ) ന്നും ഈസാ (അ) ക്കും അവതീർണ്ണമായ സന്മാർഗ്ഗസംഹിതയാവട്ടെ–എല്ലാററിൻെറയും നാമം തുല്യനിലയിൽ 'ഇസ്ലാം'മും തദനുയായികൾ 'മുസ്ലിം'കളും തന്നെയായിരിക്കണം. എന്തുകൊണ്ടെന്നാൽ, അടിസ്ഥാനത്തിൽ ഈ മുഴുവൻ 'ശരീഅത്ത്'കളും തുല്യനിലയിൽ, 'ഇസ്ലാ'മായിരുന്നു; അവയുടെയെല്ലാം അനുയായികൾ 'മുസ്ലിം'കളുമായിരുന്നു. എന്നാൽ, 'ഇസ്ലാ'മെന്ന അഭിധാനം, ഖുർആൻ ഉന്നയിച്ചതും മുഹമ്മദ് (സ) തിരുമേനിയാൽ അവതരിച്ചതുമായ ദീനിന്നുമാത്രം പ്രത്യേകമാണ്, ഖുർആൻെറ പ്രത്യേക സാങ്കേതിക പ്രയോഗത്തിൽ. അതുപോലെത്തന്നെ 'മുസ്ലിം'നാമം ഈ അന്ത്യദീനിൻെറ അനുയായികൾക്ക് പ്രത്യേകവുമാണ്. ഖുർആൻ "അൽ-ഇസ്ലാം" എന്നു പ്രയോഗിക്കുമ്പോൾ ഇസ്ലാമിൻെറ സാമാന്യാർത്ഥമല്ല, ഈ പ്രത്യേക ജീവിതവ്യവസ്ഥയും നിയമസമുച്ചയവുമാണതുകൊണ്ട് വിവക്ഷിതം. ഉദാഹരണം:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ

الْإِسْلَامَ دِينًا (مائدة ٣)

"(മുസ്ലിംകളെ!) ഈ ദിവസം നിങ്ങൾക്ക് ഞാൻ നിങ്ങളുടെ ദീൻ പൂർത്തീകരിച്ചു തരികയും നിങ്ങളിൽ എന്റെ അനുഗ്രഹം പരിപൂർണ്ണമാക്കുകയും "അൽ-ഇസ്ലാ"മിനെ നിങ്ങൾക്ക് ദീനായി തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു."

إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ (آل عمران ١٩)

"നിശ്ചയം, അല്ലാഹുവിങ്കൽ (സ്വീകാര്യമായ) ദീൻ "അൽ-ഇസ്ലാം" മാത്രമാകുന്നു."

ഈ വാക്യങ്ങളിൽ പരിശുദ്ധ ഖുർആനും മുഹമ്മദ്(സ) തിരുമേനിയും കൊണ്ടുവന്ന ദീനിന്നു് പ്രത്യേകമായിട്ടാണ് "അൽ-ഇസ്ലാ"മെന്നു പ്രയോഗിച്ചിരിക്കുന്നത്.

'മുസ്ലിം' നാമത്തിന്റെ കാര്യമാണെങ്കിൽ സംഗതി ഇതിലും വ്യക്തമാണ്. ഈ ഖുർആൻ വാക്യം ശ്രദ്ധിക്കുക:

........ هُوَ سَمَّاكُمُ الْمُسْلِمِينَ مِن قَبْلُ وَفِي هَٰذَا (حج ٨٧)

"അവനാണ് നിങ്ങൾക്ക് മുസ്ലിംകളെന്നു് നാമകരണം ചെയ്തത്; മുമ്പും ഇതിലും."

ഈ വാക്യകൾ അവയുടെ ഉദ്ദേശത്തിൽ തികച്ചും വ്യക്തമാണ് പൂർവ്വകാലങ്ങളിലുള്ള ഏതെങ്കിലുമൊരു പ്രവാചകനിൽ വിശ്വസിച്ച എല്ലാ ജനസമുദായങ്ങളും ആശയംകൊണ്ടും വിശേഷണംകൊണ്ടും മുസ്ലിംകൾ തന്നെയായിരുന്നുവെങ്കിലും ആശയപരമായി മുസ്ലിംകളാകുന്നതോടൊപ്പം ബാഹ്യനാമത്തിലും മുസ്ലിംകളായിരിക്കുകയെന്ന സവിശേഷത അന്ത്യദീനിന്റെ അനുയായികൾക്ക് മാത്രമുള്ളതാണെന്നു് ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നു. അവരല്ലാതെ സത്യവിശ്വാസികളുടെ മററാരു

വിഭാഗം 'മുസ്ലിം' നാമത്തിലുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ, അവനാണ് നിങ്ങളെ 'മുസ്ലിം'കളെന്നു് നാമകരണം ചെയ്തിട്ടുള്ളതെന്ന വിവരണം നിരർത്ഥകമായിത്തീരുമായിരുന്നു. കാരണം എല്ലാ സത്യവിശ്വാസികളും പേരിൻെറ കാര്യത്തിലും 'മുസ്ലിം'കൾ തന്നെയായിരുന്നെങ്കിൽ 'നിങ്ങളെ മുസ്ലിമെന്നു് നാമകരണം ചെയ്തിരിക്കുന്നു' വെന്നു അവരിൽ ഒരു പ്രത്യേക വിഭാഗത്തെപ്പററി പ്രസ്താവിക്കുന്നതിന്നു് യാതൊരു അർത്ഥവും ആവശ്യകതയും അവശേഷിക്കുന്നില്ല. ആകയാൽ ഇതര ജനസമുദായങ്ങളെപ്പററി പരിശുദ്ധ ഖുർആൻ വല്ലേടത്തും 'മുസ്ലിം'കളെന്നു പ്രയോഗിച്ചതു് കാണുന്നുണ്ടെങ്കിൽ, (അങ്ങിനെ ധാരാളം ഉണ്ടു്) വാസ്തവത്തിലതു് ആശയപരമായ നിലപാടിൻെറ പ്രകാശനം മാത്രമാണു്. മററു വിധത്തിൽ പറഞ്ഞാൽ അതവരുടെ വിശേഷണ നാമമായിരിക്കും; സാങ്കേതിക സംജ്ഞയായിരിക്കയില്ല.

## വിവേചന കാരണം

എന്താണീ വിവേചനത്തിന്നു കാരണമെന്നു ചോദിക്കാവുന്നതാണു്. മുഹമ്മദ് (സ) കൊണ്ടുവന്ന ദീൻപോലെതന്നെ ഇതര പ്രവാചകന്മാർ കൊണ്ടുവന്ന ദീനും അല്ലാഹുവിങ്കൽ നിന്നയക്കപ്പെട്ടതായിരിക്കെ, അന്ത്യദീനിൻെറ അനുയായികളെപ്പോലെ പൂർവ്വദീനുകളുടെ അനുയായികളും അല്ലാഹുവിൻെറ ആജ്ഞാനുവർത്തികളായിരിക്കെ 'ഇസ്ലാം' നാമം അന്ത്യദീനിന്നു മാത്രവും 'മുസ്ലിം' നാമം തദനുയായികൾക്കു് മാത്രവുമായിരിക്കാൻ സംഗതിയെന്തു്? എല്ലാ ദീനുകളും ഇസ്ലാമായിരുന്നു, ഇതര പ്രവാചകരുടെയെല്ലാം അനുയായികൾ മുസ്ലിംകളുമായിരുന്നു എന്നതാണു് പരമാർത്ഥമെങ്കിൽ, ആ മുഴുവൻ ദീനുകളുടെയും അവയുടെ അനുയായികളുടെയും പേർ 'ഇസ്ലാ'മെന്നും 'മുസ്ലിം' കളെന്നും ആകാതിരുന്നതെന്തുകൊണ്ടാണു്? ഇതു് അകാരണമായി

സംഭവിച്ചതല്ല; സർവ്വസാധാരണവും സുപ്രധാനവുമായ ഒരു നാമകരണ തത്വത്തിൻെറ അടിസ്ഥാനത്തിൽ സംഭവിച്ച താണ്. ആ തത്വമിതാണ്: ഒരു പ്രത്യേക ഗുണം വളരെയധികം വ്യക്തികളിൽ കാണുന്നുണ്ടെങ്കിൽ അതു നാമമായിത്തീരാനുള്ള അർഹത, ഇതരവ്യക്തികളെ അപേക്ഷി ച്ച് പ്രസ്തുത ഗുണം കൂടുതലുള്ള ആളിന്നായിരിക്കും. എന്തു കൊണ്ടെന്നാൽ ഒരു ഗുണം ഒരാളുടെ പേരായിത്തീരുകയെ ന്നാൽ ആ ഗുണം പ്രസ്തുതയാളിൽ പരിപൂർണ്ണ പദവിയിലെ ത്തിയിരിക്കുന്നുവെന്ന വാദത്തെ പ്രകാശിപ്പിക്കുന്നുവെന്നർത്ഥമാ ണ്. ഇതരന്മാരിലതുണ്ടെങ്കിൽതന്നെ ഇത്രത്തോളമില്ല. ഈ സൂ ര്യൻെറ മുമ്പിൽ ആ നക്ഷത്രങ്ങൾ നിഷ്പ്രഭങ്ങളാണ്. ഉദാ ഹരണമായി അല്ലാഹുവിൻെറ അടിമകളിൽ ഒട്ടുവളരെപേർക്ക് ലഭിച്ചിട്ടുള്ള ഒരു സവിശേഷതയാണ് 'സിദ്ദീഖിയ്യത്ത്.' പ ക്ഷെ 'സിദ്ദീഖ്' ഒരപരനാമമെന്ന നിലയിൽ ഹ: അബൂബ ക്കറി (റ)ൻെറ പ്രത്യേകതയാണ്. സിദ്ദീഖ് സ്ഥാനം അദ്ദേ ഹത്തിന്നു് മാത്രമേ ലഭിച്ചിരുന്നുള്ളുവെന്നും തിരുസഖാക്കളിൽ മ റ്റാർക്കും അതുണ്ടായിരുന്നില്ലെന്നും ഇതിന്നർത്ഥമില്ല. പ്രവാചക ത്വം സമാപ്തമായില്ലെങ്കിൽ പ്രവാചകന്മാരാകുമായിരുന്നുവെന്ന് നബി (സ)പ്രസംശിച്ചു പറഞ്ഞ മഹാന്മാർപോലും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അതെ, ആ പരിശുദ്ധ സംഘത്തിൽ ഒ ന്നോ രണ്ടോ അല്ല, ഒട്ടുവളരെ സിദ്ദീഖുകളുണ്ടായിരുന്നുവെന്നു തീർത്തു പറയാവുന്നതാണ്. എന്നിരുന്നിട്ടും 'സിദ്ദീഖ്' നാമം കൊണ്ടനുഗ്രഹീതനാകുവാനുള്ള മഹാഭാഗ്യം ഹ: അബൂബക്കർ (റ)നുമാത്രം സിദ്ധിച്ചതെന്തുകൊണ്ടായിരുന്നു? സിദ്ദീഖിയ്യത്ത് ഗുണത്തിൽ അദ്ദേഹം സർവ്വോൽകൃഷ്ടനായിരുന്നുവെന്നതു മാത്ര മാണിതിന്നു കാരണം. ചരിത്രത്തിൻെറയും ഹദീസിൻെറയും താളുകൾ ഇതിന്നു സാക്ഷിയാണ്.

ഈ തത്വം മുമ്പിൽവെച്ചുകൊണ്ടു് മുഹമ്മദ് (സ) തിരുമേ നി കൊണ്ടുവന്ന ദീനിനേയും ഇതര പ്രവാചകന്മാർ കൊണ്ടുവന്ന

ദീനുകളെയുംപററി ചിന്തിക്കുക. ഈ എല്ലാ ദീനുകളും ആശയപരമായി ഇസ്ലാമായിരുന്നുവെങ്കിലും ഖുർആനിക രൂപത്തിലുള്ളതും അന്ത്യപ്രവാചകനാൽ പ്രബോധിതവുമായ ദീനിന്നാണ് 'ഇസ്ലാ'മെന്ന നാമം സമഗ്രമായിട്ടുള്ളതെന്നു് സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ അതിൻെറ 'ഇസ്ലാമിയത്ത്'' ഇതര ദീനുകളുടെയെല്ലാം 'ഇസ്ലാമിയ'ത്തേക്കാൾ എത്രയും കൂടുതലാണ്. അവയെ അപേക്ഷിച്ച് സമുൽകൃഷ്ടമായ ഒരു പദവിതന്നെ അതിന്നു് സിദ്ധിച്ചിരിക്കുന്നു. ഇതര ദീനുകളോരോന്നിൻെറയും നിയമസംഹിത തുലോം സംക്ഷിപ്തവും പരിമിതവുമായിരുന്നു; അതിൻെറ സംബോധിതവൃത്തം പരിമിതമായിരുന്നു; നടപ്പിലിരുന്ന കാലഘട്ടവും പരിമിതമായിരുന്നു. എന്നാൽ അന്ത്യദീനിൻെറ നിയമസംഹിത സവിസ്തരവും സാർവ്വത്രികവുമത്രെ. അതിൻെറ പ്രബോധിതവൃത്തം അപരിമിതമാണ്. അതു നടപ്പിലിരിക്കുന്ന കാലഘട്ടം ഒരിക്കലും അവസാനിക്കുന്നില്ല. അതെ, ശാശ്വതമാണ് ആ ദീൻ. അഖിലലോകത്തോടാണതിൻെറ സംബോധന. മനുഷ്യരാശിയുടെ സാമാന്യസ്ഥിതിഗതികളോടും പ്രവണതകളോടും സമരസപ്പെടുന്നതാണ് അതിൻെറ നിയമത്തിൻെറ സ്വഭാവം. അഖില മനുഷ്യകുലത്തിന്നു് വേണ്ടിയുള്ള അതിൻെറ അദ്ധ്യാപനങ്ങൾ സമ്പൂർണ്ണവും സമുൽകൃഷ്ടവുമായ ഒരു ജീവിതപദ്ധതിയാണാവിഷ്കരിക്കുന്നത്. ആദ (സ)മിൻെറ കാലഘട്ടം മുതൽ അവതരിച്ചു തുടങ്ങിയ അല്ലാഹുവിൻെറ സന്മാർഗ്ഗദർശനമാകുന്ന അനുഗ്രഹത്തിൻെറ സമൂർത്തരൂപമാണത്. വസ്തുസ്ഥിതി ഇതായിരിക്കെ, സമഗ്രവും സാർവ്വത്രികവും സാർവ്വജനീനവുമായ അന്ത്യദീനിന്നു 'ഇസ്ലാ'മെന്നു് നാമകരണം ചെയ്യണമെന്നാണ് തത്വവും നീതിയും താല്പര്യപ്പെടുന്നത്.

ഇതേപ്രകാരംതന്നെ, ഇതര സമുദായങ്ങളെ വിട്ടു, മുഹമ്മദ് (സ) തിരുമേനിയുടെ അനുചരന്മാൎക്കു് മാത്രം 'മുസ്ലിം'

നാമം ലഭിച്ചത് അവരുടെ 'മുസ്ലിം' നിലപാട് ഇതരന്മാരുടേതിനെ അപേക്ഷിച്ച് എത്രയും സമുന്നതമായിരുന്നതുകൊണ്ടാണ്. ഏതൊരു ദീനിന്റെ പതാകവാഹകരാണോ അവർ, ആ ദീൻ അതിന്റെ സമഗ്രതയിലും ലക്ഷ്യവൈപുല്യത്തിലും പരമോൽകൃഷ്ടതയിലും നിസ്തുലമാകുന്നു. ഓരോ ജനസമുദായത്തിനും ദിവ്യസന്ദേശമെത്തിക്കുകയും അഖിലലോകസമക്ഷം ഇസ്ലാമിന്നു് സാക്ഷ്യംവഹിക്കുകയും ഭൂമിയുടെ മുക്കുമൂലകളിലെല്ലാടവും, ഒരിഞ്ചുംവിട്ടുകളയാതെ, സത്യദീൻ സംസ്ഥാപിക്കുന്നതുവരെ വിരമിക്കാതിരിക്കുകയും ചെയ്കയെന്ന കനത്ത ഉത്തരവാദിത്വവും ഭാരിച്ച ബാധ്യതയുമാണ്, അന്ത്യനാൾ വരെയ്ക്കും, അവരിൽ സമർപ്പിതമായിരിക്കുന്നത്. മറെറാരു സമുദായത്തെയും ഒരിക്കലും ഇത്ര കനത്ത ചുമതല ഭരമേല്പിച്ചിരുന്നില്ല. ആകയാൽ خير الامم (ഉത്തമസമുദായം) എന്നു് വിളിക്കപ്പെടുവാനുള്ള അർഹത എന്തുകൊണ്ടും അവർക്കായിരുന്നു. 'മുസ്ലിം'നാമം അവർക്ക് പ്രത്യേകമായിരിക്കേണ്ടതും തന്നെ.

ഇത്രയും വിശദീകരണങ്ങൾകൊണ്ടു് മനസ്സിലായതിതാണ്:

അഖിലപ്രപഞ്ചവും പ്രകൃതിപരമായും നിർബ്ബന്ധിതമായും 'മുസ്ലി'മാകുന്നു; അല്ലാഹുവിങ്കൽ നിന്നയക്കപ്പെട്ട എല്ലാ ഓരോ ദീനിന്റെയും അനുയായികൾ സന്മാർഗ്ഗികമായും 'മുസ്ലിം'കളായിരുന്നു; അതേപ്രകാരം അല്ലാഹുവിങ്കൽനിന്നുള്ള എല്ലാ ദീനും 'ഇസ്ലാം'തന്നെയായിരുന്നു. എന്നിരുന്നാലും 'ഇസ്ലാ'മെന്നും 'മുസ്ലി'മെന്നുമുള്ള വാക്കുകൾ നാമരൂപത്തിലുച്ചരിക്കപ്പെടുമ്പോൾ ഇസ്ലാമിന്റെ വിവക്ഷ അന്ത്യപ്രവാചകൻകൊണ്ടുവന്ന ദീൻ മാത്രവും, 'മുസ്ലി'മെന്നാൽ ആ ദീൻ സർവ്വാത്മനാ സമ്മതിച്ചു് തദനുസാരം പ്രവർത്തിക്കുന്ന ജനതയുമാകുന്നു.

# അടിസ്ഥാന വിശ്വാസങ്ങൾ

ഇസ്ലാം ഉൾക്കൊള്ളുന്ന അദ്ധ്യാപനങ്ങൾ, താത്വികമായും പ്രായോഗികമായും, അവയുടെ പ്രാധാന്യത്തിന്റെ പടികളിൽ വ്യത്യസ്തങ്ങളാണ്. സ്വാഭാവികമായ ഒരു വഴിക്കുവഴി ക്രമവും അവയ്ക്കിടയിൽ കാണ്മാനുണ്ട്. ചിലതിന്ന് അസ്തിവാരത്തിന്റെ സ്ഥാനമാണുള്ളതെങ്കിൽ ചിലത് ചുമരുകളും തൂണുകളും മച്ചുകളുമാണ്; ചിലതാകട്ടെ ബാഹ്യമായ ഭംഗിക്കും അലങ്കാരത്തിന്നുമുള്ളതാണ്. ഇസ്ലാമിനെ ശരിയാം വണ്ണം ഗ്രഹിക്കുന്നതിന്, ആ വഴിക്കുവഴിക്രമം പഠിച്ചിരിക്കേണ്ടതാവശ്യമാകുന്നു. അതുകൊണ്ട് നമുക്കവയുടെ അടിസ്ഥാനാദ്ധ്യാപനങ്ങളെ ആദ്യമായി പരിശോധിക്കാം. സാങ്കേതിക ഭാഷയിൽ അവയ്ക്ക് "ഈമാൻ" കാര്യങ്ങളെന്നോ 'അഖീദഃ'കളെന്നോ പറയുന്നു.

ഈമാൻ കാര്യങ്ങൾ, അല്ലെങ്കിൽ അഖീദഃകൾ ദീനിന്റെ അടിത്തറയാണെന്ന സംഗതി സുവിദിതവും സുവ്യക്തവുമാണ്.

യാതൊരു തെളിവും അതിന്നാവശ്യമില്ല. ഈമാൻ കാര്യങ്ങൾ "ഇൽമും" (ജ്ഞാനം) ബാക്കിയുള്ളതെല്ലാം "അമലും" (കർമ്മം) ആണെന്നു എല്ലവർക്കുമറിയാം. ജ്ഞാനമാണ് പ്രഥമം; കർമ്മത്തിന്റെ കാര്യം പിന്നീടെ വരുന്നുള്ളു. കർമ്മം വൃക്ഷമാണെങ്കിൽ ആ വൃക്ഷത്തിന്റെ ബീജമാണ് ജ്ഞാനം. വിത്തില്ലാതെ വൃക്ഷമുണ്ടാവുക സാധ്യമല്ല; ജ്ഞാനമില്ലാതെ കർമ്മവും. അതുകൊണ്ട് ഈമാനിക കാര്യങ്ങളുണ്ടാകാതിരിക്കുന്നേടത്തോളം ഇസ്ലാമിന്റെ ബാക്കി ഭാഗങ്ങളുണ്ടാകുന്ന പ്രശ്നമേയില്ല. ഖുർആൻ പറയുന്നു:

...... وَلَٰكِنَّ الْبِرَّ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَالْمَلَائِكَةِ
وَالْكِتَابِ وَالنَّبِيِّينَ ...... الخ (البقرة ١٨٨)

"..........പ്രത്യുത, അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും നബിമാരിലും വിശ്വസിക്കുന്നവന്റെ പുണ്യമാണ് പുണ്യം."

ഈമാൻ കാര്യങ്ങളുടെ അഭാവത്തിൽ പുണ്യവും സൽക്കർമ്മവും സാധ്യമേ അല്ലെന്നു മനസ്സിലായി.

ഇനി ഇസ്ലാമിന്റെ ഈ വിശ്വാസ കാര്യങ്ങൾ എന്തെല്ലാമാണെന്നു പരിശോധിക്കാം. പ്രകൃത ഖുർആൻ വാക്യം അത് വ്യക്തമാക്കിയിട്ടുണ്ട്. അതും, അതുപോലുള്ള ധാരാളം ആയത്തുകളുമനുസരിച്ച് ഈമാൻ കാര്യങ്ങൾ അഞ്ചാണ്:—

1) അല്ലാഹുവിലുള്ള വിശ്വാസം
2) ആഖിറത്തിലുള്ള വിശ്വാസം
3) നബിമാരിലുള്ള വിശ്വാസം.
4) അല്ലാഹു അവതരിപ്പിച്ച കിതാബുകളിലുള്ള വിശ്വാസം
5) മലക്കുകളിലുള്ള വിശ്വാസം.

എന്നാൽ ഇവയ്ക്കു പുറമെ ഈമാൻ കാര്യങ്ങളിൽ പെട്ട മറ്റൊന്നുകൂടിയുണ്ടെന്നു് നബിവചനങ്ങളിൽനിന്നു മനസ്സിലാ

കുന്നു. 'ഖദ്റി'ലുള്ള വിശ്വാസമാണത്. ഉദാഹരണത്തിന്ന്, ഒരു ഹദീസിൽ ഇങ്ങിനെ വന്നിരിക്കുന്നു: ഈമാൻ എന്താണെന്നു തിരുമേനി (സ) യോട് ജിബ്രീൽ ചോദിച്ചതിന്ന് അവിടുന്നു ഉത്തരം പറഞ്ഞു:

أَنْ تُؤْمِنَ بِاللهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الْآخِرِ وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ (مسلم كتاب الإيمان)

"അല്ലാഹുവിലും അവൻെറ മലക്കുകളിലും കിതാബുകളിലും മുർസലുകളിലും അന്ത്യ നാളിലും വിശ്വസിക്കുക; ഗുണമായും ദോഷമായും ഉള്ള ഖദ്റി (വിധി) ലും വിശ്വസിക്കുക."

എന്നാൽ ഖുർആനിലെയും ഹദീസുകളിലെയും വിവരണത്തിൽ യാതൊരു വൈരുദ്ധ്യവും ഇല്ല. പൊതുവായും, വിശദമായും പറഞ്ഞുവെന്ന വ്യത്യാസമേ ഉള്ളു. അതായത് ഖദ്റിലുള്ള വിശ്വാസം വാസ്തവത്തിൽ അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ തന്നെ ഒരംശമാകകൊണ്ട് ഖുർആൻ അതിനെ പ്രത്യേകമായി എടുത്തുപറഞ്ഞില്ല; ഹദീസിലാകട്ടെ, ചില ഗുണങ്ങളുദ്ദേശിച്ച് അതിനെ വേറിട്ടെടുത്തുപറയുകയും ചെയ്തു. എന്നിലക്കം, അല്ലാഹുവിൻെറ മററെല്ലാം ഗുണങ്ങളിലും അവയുടെ താല്പര്യങ്ങളിലും വിശ്വസിക്കുക ആവശ്യമായിരിക്കുന്നതുപോലെ ഖദ്റിലുള്ള വിശ്വാസവും അവശ്യം ആവശ്യമാണ്.

ഇവയാണ്, ഇസ്ലാമിൻെറ സമ്പൂർണ്ണ ശരീഅത്ത് വ്യവസ്ഥയുടെ നിലനില്പിന്നടിസ്ഥാനമായുള്ള ആറ് വിശ്വാസങ്ങൾ. എന്നാൽ ഈ വിശ്വാസകാര്യങ്ങൾ എല്ലാം തുല്യ പ്രാധാന്യമുള്ളവയല്ലെന്നും അവ തമ്മിൽ പ്രാധാന്യത്തിൽ ഏററക്കുറവുകളുണ്ടെന്നും പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. പൊതുവായ ഒരു വിഭജനത്തിൽ ആദ്യത്തെ മൂന്നു വിശ്വാസങ്ങളാണ് മൗലിക പ്രധാനങ്ങളെന്നു മനസ്സിലാക്കാം. മററുള്ളവ ആ മൂന്നു കാര്യങ്ങളുടെ അനിവാര്യ താല്പര്യങ്ങളോ ശാഖകളോ ആണ്. അതുകൊണ്ട് പ്രസ്തുത മൂന്നു കാര്യങ്ങൾ സാമാന്യം വിസ്തരിച്ച് മനസ്സിലാക്കുന്നതുകൊണ്ടു തന്നെ മുഴുവൻ വിശ്വാസ കാര്യങ്ങളും വ്യക്തമായി മനസ്സിലായിക്കൊള്ളും.

# അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റെ താല്പര്യം ഇതാണ്

1) അവന്റെ ആസ്തിക്യത്തിൽ വിശ്വസിക്കുക.

2) അവൻ, ഖുർആനും തിരുനബിയും വിവരിച്ചുതന്ന സമസ്ത സദ്ഗുണങ്ങളുടയവനാണെന്നു് സമ്മതിക്കുക.

3) പ്രസ്തുത ഗുണങ്ങളുടെ അനിവാര്യ താല്പര്യങ്ങളായ അധികാരങ്ങൾ അവനു് പ്രത്യേകമാണെന്നു് വിശ്വസിക്കുക.

4) ആ ഗുണങ്ങളുമായി സ്വാഭാവിക ബന്ധമുള്ളതും, ഏതൊന്നംഗീകരിക്കാതെ ആ ഗുണങ്ങളംഗീകരിക്കുന്നതു് നിരർത്ഥകമായി ഭവിക്കുമോ അങ്ങനെയുള്ളതുമായ അവകാശങ്ങളും അവനു് പ്രത്യേകമാണെന്നു് സമ്മതിക്കുക.

ഇവയിൽ ആദ്യത്തേത് സ്വയം വ്യക്തമാണ്; അതു നാലത് വിശദീകരിക്കേണ്ട പ്രശ്നമേ ഉത്ഭവിക്കുന്നില്ല. ഒരാരം അല്ലാഹുവിന്റെ ആസ്തികൃംതന്നെ സമ്മതിക്കുന്നില്ലെങ്കിൽ അ യാരം അല്ലാഹുവിൽ എന്തു, എങ്ങിനെ വിശ്വസിയ്ക്കാനാണ്!

എന്നാൽ ബാക്കി കാര്യങ്ങൾ ഇത്രത്തോളം വ്യക്തമല്ല; തീർച്ചയായും അവ വിശദീകരണമർഹിക്കുന്നു. അല്ലാഹുവിന്റെ ഗുണങ്ങളെന്തെല്ലാം, ആ ഗുണങ്ങളുടെ താല്പര്യങ്ങളെന്തൊക്കെ എന്നു വിശദീകരിയ്ക്കേണ്ടതാവശ്യമാണ്. എന്നാൽ ദൈവിക ഗുണങ്ങൾ എല്ലാം ഇല്യനിലയിലുള്ളതല്ല; അവയിൽ ഏതാനും ചിലതിന്നു (അഥവാ ഒന്നിന്നു) മാത്രമേ കുഞ്ചികസ്ഥാനമുള്ളു; ഇതര ഗുണങ്ങളെല്ലാം ആ ചിലതിന്റെ അനിവാര്യങ്ങളോ ശാഖകളോ ആണ്. അതുകൊണ്ടവയെസ്സംബന്ധിച്ച അവശ്യവിശദീകരണം വന്നുകഴിഞ്ഞാൽ ഇതര ഗുണങ്ങളിലേക്ക് ചർച്ച നീട്ടിക്കൊണ്ടുപോകാൻ വിശേഷിച്ചാവശ്യമില്ല. അല്ലാഹുവെ എത്തരം ഗുണങ്ങളുടെ ഉടമസ്ഥനായി അംഗീകരിക്കണമെന്നു മനസ്സിലാക്കുന്നതുകൊണ്ടുതന്നെ സംഗതി വ്യക്തമായിക്കൊള്ളും. അതിനാൽ അല്ലാഹുവിന്റെ ആ മൗലിക ഗുണങ്ങളെയും അവയുടെ അനിവാര്യ താല്പര്യങ്ങളെയും കുറിച്ചു മാത്രമേ ഇവിടെ പ്രതിപാദിയ്ക്കുന്നുള്ളു:

അല്ലാഹുവിന്റെ മൗലികവും സുപ്രധാനവുമായ ഗുണങ്ങൾ ഇവയാണ്;

1) അവൻ അനാദിയും അനശ്വരനുമാണ്; ഉണ്ടായിരിക്കൽ അനിവാര്യമായവനാണ്. അതായത്, അവൻ സദാ ഉള്ളവനാണ്. എന്നും ഉണ്ടായിരിക്കുകയും ചെയ്യും. ആരും അവനെ സൃഷ്ടിച്ചിട്ടില്ല. സ്വയംഭൂവാണ് അവൻ.

2) സ്രഷ്ടാവ്: അവൻ വസ്തുക്കളെ സൃഷ്ടിക്കുകയും ഇല്ലായ്മയിൽനിന്നു ഉണ്ടാക്കുകയും ചെയ്യുന്നു.

3) **രക്ഷിതാവ്:** അവൻ ആഹാരം നല്കുകയും രക്ഷിച്ചു വളർത്തുകയും ചെയ്യുന്നു.

4) **ഉടമസ്ഥൻ, ഭരണാധിപൻ:** ഓരോ സൃഷ്ടിയും അവന്റെ ഉടമസ്ഥതയിലും ഭരണാധിപത്യത്തിൻകീഴിലുമാണ്.

5) **സർവ്വജ്ഞൻ:** എല്ലാ കാര്യങ്ങളും, എല്ലാ ചലനനിശ്ചലനങ്ങളും അവൻ അറിയുന്നു. എന്തുണ്ടായി, എന്തുണ്ടാകുന്നു, എന്തുണ്ടാകും – എല്ലാം അവന്നറിയാം. യാതൊന്നും അവൻെറ അറിവിന്നു അതീതമല്ല.

6) **യുക്തിമാൻ:** അവൻെറ യാതൊരു പ്രവൃത്തിയും യുക്തിഹീനമോ ഉദ്ദേശരഹിതമോ ഫലശൂന്യമോ ആകുന്നില്ല; പ്രത്യുത ഓരോ പ്രവർത്തനത്തിൻെറയും പിന്നിൽ സമുന്നത ജ്ഞാനവും സമുന്നത യുക്തിയും സമുന്നത ഉദ്ദേശവും സ്ഥിതിചെയ്യുന്നുണ്ട്.

7) **അജയ്യൻ:** അവൻ സർവ്വവല്ലഭനാണ്. അവൻെറ യാതൊരുദ്ദേശവും സഫലമാകുന്നതിനെ തടുക്കുക സാദ്ധ്യമല്ല. അവൻെറ എല്ലാ തീരുമാനങ്ങളും അനിഷേധ്യങ്ങളാണ്. അവൻെറ ഒരു വിധിയും ഒരു ശാസനയും ചോദ്യം ചെയ്യപ്പെടാവതല്ല.

8) **നീതിമാൻ:** അവൻെറ സമസ്ത പ്രവർത്തനങ്ങളും നീതിയിലും നിഷ്പക്ഷതയിലും അധിഷ്ഠിതമാണ്. അവൻെറ നിയമങ്ങൾ – പ്രാപഞ്ചിക നിയമങ്ങളും സാന്മാർഗ്ഗിക നിയമങ്ങളും – തികച്ചും നീതിപൂർവ്വകങ്ങളാണ്. പരിപൂർണ്ണ നിഷ്പക്ഷങ്ങളാണ് അവൻെറ തീരുമാനങ്ങൾ.

9) **പ്രതിഫലദായകൻ:** എല്ലാ കർമ്മങ്ങൾക്കും അവൻ പ്രതിഫലം നല്കുന്നു: തിന്മയ്ക്കു തിന്മ, നന്മയ്ക്കു നന്മ.

10) **ആരാധ്യൻ:** അവൻ പൂജിക്കപ്പെടുവാനും തലകുനിക്കപ്പെടുവാനും പ്രാർത്ഥിക്കപ്പെടുവാനും അർഹതപ്പെട്ടവനാണ്.

11) ഏകൻ: അവന്നു ഏതേതു ഗുണങ്ങളുണ്ടോ, അവയി ലൊന്നിലും യാതൊരാളും അവന്റെ പങ്കാളിയോ എതിരാളി യോ അല്ല. അവൻ അനാദിയും, അനശ്വരനും, സ്രഷ്ടാവും, രക്ഷിതാവും, ഉടമസ്ഥനും, വിധികർത്താവും, സർവ്വജ്ഞനും, യുക്തിമാനും, അജയ്യനും, നീതിമാനും, പ്രതിഫലദായകനും, ആരാധ്യനും ആകുന്നെന്നു് മാത്രമല്ല, അങ്ങിനെയെല്ലാം അവൻ ഒരുവനേയുള്ളു.

അല്ലാഹുവിനുള്ള ഈ അടിസ്ഥാന ഗുണങ്ങളിൽ അവസാ നത്തേതായ 'ഏകത്വം' (തൗഹീദ്) എന്ന ഗുണത്തിന്നു സവി ശേഷമായ ഒരു സ്ഥാനമാണുള്ളത്. ഇസ്ലാമിന്റെ ജീവൻ അ തിന്റെ വിശ്വാസങ്ങളാണെങ്കിൽ, ആ വിശ്വാസങ്ങളുടെ ജീ വനാണ് ഏകത്വവിശ്വാസം. ഈ വിശേഷഗുണം വാസ്തവ ത്തിൽ ഇതരഗുണങ്ങളുടെയെല്ലാം സമ്മേളനബിന്ദുവാണെന്നു, ശ്രദ്ധിച്ചു പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. അതുകൊ ണ്ടു് ഇയ്യൊരു ഗുണം ഇതരഗുണങ്ങളുടെയെല്ലാം പ്രാതിനിധ്യം വഹിക്കുന്നുണ്ടു്. "അല്ലാഹു മാത്രമാണ് ഇബാദത്തിന്നർഹൻ" എന്നു് ബോധപൂർവ്വം ഉറപ്പിച്ചു പറഞ്ഞവൻ വാസ്തവത്തിൽ അല്ലാഹുവിന്റെ സമസ്തസദ്ഗുണങ്ങളിലുമുള്ള ദൃഢവിശ്വാസ ത്തെ പ്രഖ്യാപനം ചെയ്തിരിക്കുകയാണ്. ഏകത്വഗുണത്തിന്നു ള്ള ഈ സവിശേഷവും സമഗ്രവുമായ നിലപാടു് വ്യക്തമാ യിക്കഴിഞ്ഞാൽ പിന്നെ എല്ലാ ഗുണങ്ങളുടെയും താല്പര്യങ്ങളും വിശദീകരിക്കുകയോ, ഓരോന്നിനെയും പ്രത്യേകം പ്രത്യേകം പ്രതിപാദിക്കുകയോ വേണമെന്നില്ല. അതുകൊണ്ടിവിടെ ചർച്ച ആ ഏകത്വവിശ്വാസത്തിന്റെ താല്പര്യങ്ങളിൽ പരിമിതമായി രിക്കും.

വിശുദ്ധ ഖുർആനും നബി (സ)യുടെ തിരുവചനങ്ങളും വ്യക്തമാക്കുന്നതുപോലെ, ഏകത്വ വിശ്വാസത്തിന്റെ മുഖ്യ വും മൗലികവുമായ താല്പര്യങ്ങളും ഇവയാണ്:

 45710

1) അല്ലാഹു അല്ലാതെ തന്നത്താൻ ഉണ്ടായ മറ്റൊരു അസ്തിത്വമില്ല. സമസ്ത വസ്തുക്കളും സൃഷ്ടികളാണ്; അല്ലാഹുവാണവയെ സൃഷ്ടിച്ചത്; (اللّٰهُ خَالِقُ كُلِّ شَيْءٍ) എല്ലാം അവന്നു അധീനരാണ്; അവന്റെ ആശ്രിതരും വിധേയരുമാണ്; (هُوَ الْوَاحِدُ الْقَهَّارُ) അവക്ക് തന്നതായ യാതൊരു ഗുണവും ഇല്ല; എല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും മാത്രം. അവൻ ഇച്ഛിക്കും കാലത്തോളം മാത്രമേ അത് നിലനില്ക്കുകയുള്ളു.

2) അല്ലാഹുവിന്റെ സത്ത ഇതര അസ്തിത്വങ്ങളിൽ നിന്നെല്ലാം മൗലികമായിത്തന്നെ ഭിന്നമാണ്; യാതൊരു വിധത്തിലും അവന്ന് സമാനമായി യാതൊന്നും ഇല്ല; لَيْسَ كَمِثْلِهِ شَيْءٌ എത്രവലിയ അസ്തിത്വത്തെയും അവനുമായി താരതമ്യപ്പെടുത്താവുന്നതല്ല; (لَهُ الْمَثَلُ الْأَعْلَىٰ) അവൻ ആരുടെയും പിതാവല്ല; ആരുടെയും പുത്രനുമല്ല; (لَمْ يَلِدْ وَلَمْ يُولَدْ) അവൻ മറ്റൊരു അസ്തിത്വത്തിൽ അവതരിക്കുന്നതല്ല; വിലയം പ്രാപിക്കുന്നതുമല്ല. അവന്ന് ശരീരമില്ല; ശരീര ഗുണങ്ങളില്ല.

3) വല്ലയാളിന്റെയും അഭീഷ്ടം കാംക്ഷിക്കേണ്ടതുണ്ടെങ്കിൽ അതു അല്ലാഹുവിന്റെ മാത്രമാണ്. അതുമാത്രമായിരിക്കണം മനുഷ്യന്റെ സമസ്ത പ്രവർത്തനങ്ങളുടെ സാക്ഷാൽ ലക്ഷ്യവും പ്രേരകവും.

4) രൂപത്തിലോ യഥാർത്ഥ്യത്തിലോ, ആരാധനയുടെ ഇനത്തിൽ പെടുന്ന സകല കർമ്മങ്ങളും ചലനങ്ങളും അല്ലാഹുവിന്ന്

പ്രത്യേകമാക്കി വെച്ചിരിക്കേണ്ടതാണ്. സുജൂദ് (സാഷ്ടാംഗം ചെയ്യൽ) അവന്നു മാത്രമായിരിക്കണം. നേർച്ച അവന്റെ പേരിൽ മാത്രമേ ആകാവൂ. പ്രാർത്ഥന അവനോടു മാത്രമേ ചെയ്യാവൂ. അദൃശ്യമായ അഭയം അവനോടുമാത്രമേ അർത്ഥിക്കാവൂ. അദൃശ്യ സഹായാർത്ഥം അവനെ മാത്രമേ വിളിക്കാൻ പാടുള്ളു.

5) അടിമത്തത്തിന്റെ ചൈതന്യമൂലംകൊള്ളുന്ന സമസ്ത വികാരാനുഭൂതികളും അല്ലാഹുവിന്നു് പ്രത്യേകമായിരിക്കേണ്ടതാണ്. അവങ്കൽ മാത്രമേ അർപ്പണം (തവക്കൽ) ചെയ്യാവൂ. അവനോടുമാത്രമേ പ്രതീക്ഷകൾ ബന്ധിക്കാവൂ. അവന്റെ നേരെ മാത്രമേ ഭക്തി പുലർത്താവൂ. അവനെ മാത്രമേ ഭയപ്പെടാവൂ. യഥാർത്ഥ സ്നേഹം അവനോടു മാത്രമേ പാടുള്ളൂ.

6) നമ്മുടെ ചെറലോകം ഉൾപ്പെടെ അഖില പ്രപഞ്ചത്തിന്റെ പരമാധികാരി അല്ലാഹുമാത്രമാണ്. കല്പിക്കുവാനും വിരോധിക്കുവാനും സ്വാഭിലാഷം പൂർത്തീകരിക്കുവാനും യഥാർത്ഥത്തിൽ അർഹതയുള്ളതു് അവന്നു മാത്രമാണ്. അവനൊരുവൻ മാത്രമാണ് യഥാർത്ഥ വിധികർത്താവും ഭരണാധിപനും. സൃഷ്ടികളുടെ ജീവിതകർത്തവ്യം നിർണ്ണയിക്കുവാനും, അവരുടെ പ്രശ്നങ്ങളിൽ തീരുമാനം കല്പിക്കുവാനും, ശിക്ഷിക്കുവാനും മാപ്പ് ചെയ്യുവാനുമുള്ള സർവ്വാധികാരങ്ങളും അവന്റെ ഹസ്തങ്ങളിൽ നിക്ഷിപ്തങ്ങളാണ്.

7) ആരാധ്യപദവി അലങ്കരിക്കുന്നവനും, പൂജിക്കപ്പെടുവാൻ അർഹനും, പ്രീതി പ്രത്യക്ഷീഭൂതപ്പെടുന്നവനുമായി അല്ലാഹുവല്ലാതെ ആരുംതന്നെയില്ല; | മററാരുടെ മുമ്പിലും ശിരസ്സ് കുനിക്കേണ്ടതില്ല; | നേർച്ചകളർപ്പിക്കേണ്ടതില്ല; അനുഗ്രഹങ്ങളേററുപറയേണ്ടതില്ല. മററാരേയും കൈകാര്യകർത്താവും ആവശ്യനിർവ്വാഹകനും പ്രശ്നപരിഹാരകനുമായി കരുതി പ്രാർത്ഥിക്കുകയോ ആവശ്യങ്ങൾ ചോദിക്കുകയോ അദൃശ്യ സഹായ

ത്തിന്നുവേണ്ടി വിളിക്കുകയോ ചെയ്യേണ്ടതില്ല. അർപ്പണം ചെയ്യുവാനും ഹൃദയത്തിൽ ഭയഭക്തി കുടികൊള്ളിക്കുവാനും പ്രതീക്ഷകൾ ബന്ധപ്പെടുത്തുവാനും യഥാർത്ഥമായി സ്നേഹിക്കപ്പെടുവാനും മററാരുംതന്നെയില്ല. മററാരുടെ കയ്യിലും യഥാർത്ഥമായ അധികാരത്തിൻെറ അണുമണിപോലും ഇല്ല; തലനാരളവിൽ ഉപകാരം ചെയ്യുവാനോ ഉപദ്രവമേൽപ്പിക്കുവാനോ മററാക്കും കഴിവില്ല; നിയമം നിർമ്മിക്കുവാനോ സ്വന്തം വിധി നടത്തുവാനോ സ്വന്തമായി അവകാശം ആക്കും ഇല്ല; (ആരേയും നിരുപാധികം അനുസരിക്കുവാൻ പാടുള്ളതല്ല.)

തൗഹീദിൻെറ ഈ മൗലികതാല്പര്യങ്ങൾ എത്രയും സുപ്രധാനങ്ങളത്രെ. അതായത്, അവയിലൊന്നെങ്കിലും നിഷേധിക്കുന്നതോടൊപ്പം അല്ലാഹുവിൽ വിശ്വാസമുണ്ടെന്ന വാദം കേവലം നിരർത്ഥകമാണ്. ഈ എല്ലാ കാര്യങ്ങളും ഏകത്വവിശ്വാസത്തിൻെറ സാക്ഷാലർത്ഥത്തിലുൾപ്പെടുന്നതാണെന്നും, ഈ വിശ്വാസം ഇപ്പറഞ്ഞ പൂർണ്ണാർത്ഥത്തിൽ ഹൃദയത്തിൽ സ്ഥലം പിടിക്കാത്ത കാലത്തോളം യാതൊരാളും ശരിയായ അർത്ഥത്തിൽ മുസ്ലിമായിത്തീരുന്നതല്ലെന്നുമാണിതിൻെറ സാരം!

## ശിർക്ക് (ബഹുദൈവത്വം)

ഏതെങ്കിലുമൊരു വിഭാവനം തെളിഞ്ഞു മനസ്സിലാകുന്നത്, അതിൻെറ എതിർവിഭാവനത്തെ കൂടെ വിശദീകരിക്കുമ്പോളാകുന്നു. സുപ്രധാനങ്ങളായ ആദർശസിദ്ധാന്തങ്ങൾ വിവരിക്കുമ്പോൾ പൊതുവെ, വിപരീതാദർശസിദ്ധാന്തങ്ങളുടെ എതിരിൽ വെച്ചു അവയെ പരിശോധിക്കുന്നത് ഇതുകൊണ്ടാണ്. തൗഹീദ് സിദ്ധാന്തത്തേക്കാൾ പ്രാധാന്യമുള്ളതായി മറേറത് ആദർശസിദ്ധാന്തമാണുണ്ടാവുക? അതുകൊണ്ടതിൻെറ വിപരീതസിദ്ധാന്തമായ ശിർക്കിനെ കൂടി മനസ്സിലാക്കേണ്ടതാവശ്യമാകുന്നു. വിശുദ്ധ ഖുർആൻ നമുക്ക് കാണിച്ചുതന്ന മാതൃകയും

ഇതാണ്. തൗഹീദ് അദ്ധ്യാപനം നല്കുമ്പോൾ, തൗഹീദ് എന്താണെന്നും അതിന്റെ തെളിവുകളും നേട്ടങ്ങളും ഫലങ്ങളും എന്തെല്ലാമെന്നും പറഞ്ഞു മതിയാക്കുന്നില്ല ഖുർആൻ. പ്രത്യുത, ശിർക്ക് എന്താണ്, ശിർക്കപരമായ കർമ്മങ്ങൾ ഏതെല്ലാം, ശിർക്കിന്റെ അടയാളങ്ങൾ എന്തൊക്കെ, ദോഷങ്ങൾ ഏവ, എന്തുകൊണ്ടാണാ സിദ്ധാന്തം അടിമുടി അബദ്ധജടിലമായത് എന്നീ സംഗതികൾ കൂടി വിശദീകരിക്കുന്നുണ്ട്. അത്രയുമല്ല, തൗഹീദ് വിശ്വാസത്തെ പഠിപ്പിക്കുന്നതിനുപയോഗിച്ച സാങ്കേതിക വാക്യത്തിൽ പോലും തൗഹീദ് സ്ഥാപനവും ശിർക്ക് നിഷേധവും ഒന്നിച്ചുണ്ട്. അതായത്, "അല്ലാഹു ഏകനായ ദൈവമാണ്" എന്നല്ല, "അല്ലാഹുവല്ലാതെ യാതൊരു ദൈവവും ഇല്ല" (لا إله إلا الله) എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ വിവരണ രീതി വ്യക്തമായി മനസ്സിലാക്കിത്തരുന്നുണ്ട്, പരിപൂർണ്ണ ശിർക്ക് നിഷേധംകൊണ്ടല്ലാതെ കളങ്കരഹിതമായ തൗഹീദ് വിശ്വാസം ഉണ്ടാകുന്നതല്ലെന്ന്. ശിർക്ക് നിഷേധം ആവശ്യമാണെങ്കിൽ അതെന്തെന്നറിഞ്ഞിരിക്കേണ്ടതും അവശ്യം ആവശ്യമാണ്.

ശിർക്കിന്റെ അർത്ഥം പങ്കാളിയാക്കുക എന്നാകുന്നു. അല്ലാഹുവിന്റെ 'സത്ത'യിലോ 'ഗുണങ്ങളി'ലോ ആ ഗുണങ്ങളുടെ 'താൽപര്യങ്ങളി'ലോ ആരെയെങ്കിലും എന്തിനെയെങ്കിലും പങ്കാളിയാക്കുന്നതിനെയാണ് മത സാങ്കേതിക ഭാഷയിൽ ശിർക്കെന്നു പറയുന്നത്. അപ്പോൾ ശിർക്ക് മൂന്നു വിധമുണ്ടെന്നു വരുന്നു.

1) അല്ലാഹുവിന്റെ സത്തയുമായി ബന്ധപ്പെട്ടത്,
2) അവന്റെ ഗുണങ്ങളുമായി ബന്ധപ്പെട്ടത്,
3) അവന്റെ ഗുണങ്ങളുടെ അനിവാര്യ താല്പര്യങ്ങളുമായി ബന്ധപ്പെട്ടത്.

ഒന്നാമിനത്തിൽ പെട്ട ശിർക്കിൻെറ കർമ്മപരമായ രൂപങ്ങൾ ഇവയാണ്: (1) വല്ലവരെയും അല്ലാഹുവിൻെറ സമജാതിയായി ഗണിക്കുക. (2) പിതാവോ സന്തതിയോ ആയി കരുതുക. (3) അവൻ മറെറന്തെങ്കിലും ആസ്തിത്വവുമായി ചേർന്നു ആകാരം പൂണ്ടതായി വിചാരിക്കുക. (4) ഏതെങ്കിലുമൊരു സൃഷ്ടിയുടെ രൂപം സ്വീകരിച്ചു പ്രത്യക്ഷപ്പെടുന്നതായി ഭാവിക്കുക; അതായത്, ഏതെങ്കിലുമൊരു സൃഷ്ടിയെ അവൻെറ അവതാരമെന്നു കരുതുക. ഉദാഹരണമായി, മലക്കുകൾ അല്ലാഹുവിൻെറ പുത്രികളാണെന്നും, ജിന്നുകൾ അവൻെറ കുടുംബങ്ങളാണെന്നും അറബികൾ വിശ്വസിച്ചിരുന്നു. ഏശുക്രിസ്തു അല്ലാഹുവിൻെറ ഏക പുത്രനെന്നും അവതാരമെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഇതെല്ലാം 'സത്ത'യിലുള്ള ശിർക്കാണ്.

രണ്ടാമിനത്തിൽ പെട്ട ശിർക്കിൻെറ പ്രായോഗിക രൂപങ്ങൾ: അല്ലാഹുവിനുള്ള ഗുണങ്ങളിൽ വല്ലതും മററു വല്ലവരിലും ഉള്ളതായി—അല്ലാഹുവിൽ ഏതർത്ഥത്തിലാണോ അതുള്ളത് അതേ അർത്ഥത്തിലുള്ളതായി—കരുതുക. ഉദാഹരണമായി, അല്ലാഹുവിൻെറ ഗുണങ്ങളിലൊന്നാണ് "ഇൽമ്" (ജ്ഞാനം). അതായത്, അവൻ രഹസ്യവും പരസ്യവും അറിയുന്നു; അദൃശ്യം അവന്നു ദൃശ്യമാണ്; ഭൂതകാലവും ഭാവികാലവും അവനെസ്സംബന്ധിച്ചിടത്തോളം വർത്തമാനകാലമാണ്. അതിനാൽ, ഒരു സൃഷ്ടിയെപ്പററി ഇതേ വിധത്തിൽ എല്ലാം അറിയുന്നവനെന്നു വിശ്വസിക്കുന്ന പക്ഷം അത് അല്ലാഹുവിൻെറ ഗുണങ്ങളിൽ ശിർക്ക് കൂട്ടലാണ്. ഉപകാരം ചെയ്യലും ഉപദ്രവമേല്പിക്കലും അല്ലാഹുവിൻെറ ഗുണങ്ങളിലൊന്നാകുന്നു. അതായത്, അവൻ ഇച്ഛിക്കുന്നവർക്ക് സന്തോഷവും സൗഖ്യവും നല്കുന്നു; ഇഛിക്കുന്നവർക്ക് അവ തടയുന്നു. അതിനാൽ, ഇന്ന മലക്കോ മഹാത്മാവോ നമ്മുടെ ബുദ്ധിമുട്ടുകൾ തീർത്തു തരുമെന്നോ, നമുക്ക് കഷ്ടനഷ്ടങ്ങളേല്പിക്കുമെന്നോ ഒരാൾ വിശ്വസിക്കുന്ന പക്ഷം അയാൾ അല്ലാഹുവിൻെറ ഒരു ഗുണത്തിൽ

പങ്കാളിയെ ഉണ്ടാക്കുകയാണ്. അയാളുടെ ഈ ചെയ്തിയെ 'ശിർക്കും ഫിസ്സിഫാത്ത്' (ദൈവിക ഗുണങ്ങളിൽ കൂറുകൂട്ടൽ) എന്നു പറയുന്നു.

മൂന്നാമിനത്തിൽ പെട്ട ശിർക്കിന്റെ രൂപങ്ങളാം: ദൈവിക ഗുണങ്ങളുടെ അനിവാര്യ താല്പര്യങ്ങളെല്ലാം അല്ലാഹുവിന്നു പ്രത്യേകമായി അംഗീകരിക്കാതിരിക്കുക. അവ മുഴുവൻ, അല്ലെങ്കിൽ അവയിലേതെങ്കിലുമൊന്ന്, ഇതരന്മാർക്കുള്ളതായി സമ്മതിക്കുക. ഉദാഹരണമായി, യഥാർത്ഥ സ്നേഹാനുസരണങ്ങളാം അല്ലാഹുവിന്റെ മാത്രം അവകാശമാണെന്നത് ദൈവിക ഗുണങ്ങളുടെ താൽപര്യങ്ങളിലൊന്നാകുന്നു. ഇനി ഒരാൾ അല്ലാഹുവല്ലാത്ത വല്ലവരെയും ഇതേ വിധത്തിലുള്ള സ്നേഹവിശ്വാസത്തിന്നു പാത്രമായും, ഇതേ വിധത്തിലുള്ള അനുസരണത്തിന്നർഹനായും ഗണിക്കുന്നുവെന്നിരിക്കട്ടെ, അത് ദൈവിക ഗുണങ്ങളുടെ താല്പര്യങ്ങളിൽ ദൈവേതരന്മാരെ പങ്കുകാരാക്കലാണ്. പരമാധികാരം അല്ലാഹുവിന്റെ മാത്രം കൈകളിൽ നിക്ഷിപ്തമാണെന്നും ശാസനക്കും നിയമനിർമ്മാണത്തിനുമുള്ള സാക്ഷാൽ അവകാശം അവന്നു പ്രത്യേകമാണെന്നുമുള്ളത് ദൈവിക ഗുണങ്ങളുടെ മറെറാരു താൽപര്യമത്രെ. മററു വല്ലവർക്കും—വ്യക്തിക്കായാലും വ്യക്തികളടങ്ങുന്ന സമൂഹത്തിനായാലും—ഇതേ നിലപാട് അംഗീകരിക്കുന്ന പക്ഷം അതും ശിർക്കാണ്.

ഈ മൂന്നുവിധം ശിർക്കുകളിലേതെങ്കിലുമൊന്നുണ്ടായിരിക്കെ ഇസ്ലാമിന്റെ തൗഹീദ് വിശ്വാസം നിലനില്ക്കുന്നതല്ല. തൗഹീദ് നിലനില്ക്കാത്തിടത്ത് ഈമാൻ നിലനില്ക്കുന്നില്ല. ഈമാൻ ഇല്ലാതെ ഇസ്ലാം ഉണ്ടാവുകയെന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ്, ഖുർആൻ, "ഏററവും കടുത്ത അക്രമം" എന്ന് ശിർക്കിനെ വിശേഷിപ്പിച്ചത്. إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (നിശ്ചയം, ശിർക്ക് മഹാ അക്രമമാകുന്നു.) "അല്ലാഹുവിങ്കൽ

എല്ലാം കുററങ്ങളും മാപ്പാക്കപ്പെടാമെങ്കിലും ശിർക്കിന്നു മാപ്പില്ല (തൗബ കൂടാതെ)” എന്നു താക്കീത് ചെയ്തിട്ടുള്ളതും അതുകൊണ്ടു തന്നെയാണ്.

إِنَّ اللهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذٰلِكَ لِمَنْ يَشَاءُ

“നിശ്ചയം, പങ്കു ചേർക്കുന്നത് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. അതിൽ താഴെയുള്ളത് അവനിച്ഛിക്കുന്നവക്ക് അവൻ പൊറുത്തു കൊടുക്കും.”

ഇത് അങ്ങേയററം നീതിയുക്തമായ ഒരു നിലപാടാണെന്ന് ബുദ്ധി സമ്മതിക്കുന്നതാണ്. ക്ഷയത്തിന്റെ അന്ത്യഘട്ടത്തിലെത്തിയ രോഗിയേയും സുഖപ്പെടുത്താം; പക്ഷേ ഹൃദയത്തിന്റെ ചലന ശക്തി നഷ്ടപ്പെട്ടവൻ സുഖം പ്രാപിക്കുന്നതല്ല. (വിത്ത് തന്നെ ഇല്ലാത്തിടത്ത് ചെടി മുളക്കുകയില്ലല്ലോ.)

# പരലോക വിശ്വാസം

പരലോകത്തിൽ വിശ്വസിക്കുന്നതിന്റെ താല്പര്യം, ചുവടെ പറയുന്ന യാഥാർത്ഥ്യങ്ങൾ ആത്മാർത്ഥമായി അംഗീകരിക്കുകയെന്നാകുന്നു:

1) ഒരു നിർണ്ണീത ഉദ്ദേശപ്രകാരമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഉത്തരവാദിത്വമുള്ള ഒരസ്തിത്വമാണ് അവൻ. ജീവിതം നയിക്കുന്നതിന്നു് ഒരു സമ്പൂർണ്ണ മാർഗ്ഗനിർദ്ദേശം നല്കിക്കൊണ്ടാണ് സ്രഷ്ടാവു അവനെ സൃഷ്ടിച്ചിരിക്കുന്നത്. തദനുസാരമുള്ള പ്രവർത്തനം മാത്രമാണ് സത്യവും നന്മയും. അതുപേക്ഷിച്ചു തന്നിഷ്ടമാർഗ്ഗം സ്വീകരിക്കുന്നത് അസത്യവും തിന്മയുമാണ്.

2) മനുഷ്യജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല. മരണാനന്തരവും അത് അനുസ്യൂതം നിലനില്ക്കുന്നു. മനുഷ്യൻ

ഇഹലോകത്തു ചെയ്യുന്നതിൻെറ ഭൗതിക ഫലങ്ങൾ അവസാനിച്ചുപോകുന്നുവെങ്കിലും ധാൎമ്മിക ഫലങ്ങൾ മുഴുവൻ അവശേഷിക്കുന്നു. അല്ലാഹുവിൻെറ യുക്തിക്കും ഹിതത്തിന്നും അനുസരിച്ച ആകാശഭൂമികളാകുന്ന ഈ തൊഴിൽശാല അടിമുടി തകിടം മറിക്കപ്പെടുന്ന ഒരു ദിവസം വരാനുണ്ടു്; അന്നു് ഭൂമുഖത്തു ജീവനുള്ള യാതൊന്നും അവശേഷിക്കുന്നതല്ല. സമസ്ത ജീവജാലങ്ങളും മരണത്താൽ നിദ്രാധീനമാക്കപ്പെടും—ഇതിന്നു ഖുർആൻെറ സാങ്കേതിക ഭാഷയിൽ "ഖിയാമത്തു്" എന്നു പറയുന്നു.

3) 'ഖിയാമത്തി'ന്നു ശേഷം ലോകോല്പത്തി മുതൽ ഇന്നോളം ഉണ്ടായി മരണമടഞ്ഞതും, അന്ത്യനാൾ വരുവോളം ഉണ്ടായി മരണമടയുന്നതുമായ സമസ്ത ജീവികളേയും, ജഡത്തോടും ആത്മാവോടും കൂടി വീണ്ടും ജീവിപ്പിച്ചു് എഴുന്നേല്പിക്കുന്നതായിരിക്കും. —ഇതിന്നു "ഹശ്ർ" എന്നു പേർ.

4) 'ഹശ്റി'ന്നുശേഷം നമ്മുടെ ജീവിതത്തിൻെറ രണ്ടാം ഘട്ടം ആരംഭിക്കുന്നു. നാമെല്ലാവരും അല്ലാഹുവിൻെറ കോടതിയിൽ ഹാജരാക്കപ്പെടുകയും അവൻ നമ്മുടെ ജീവിതത്തിൻെറ ആദ്യഘട്ടത്തെപ്പററി നമ്മോടു് കണക്കു് ചോദിക്കുകയും ചെയ്യുന്നതോടുകൂടിയാണു് ഈ ഘട്ടത്തിൻെറ ആരംഭം. ആ സന്ദർഭത്തിൽ നമ്മുടെ ജീവിതത്തിൻെറ — അണുവോളമെങ്കിലുമുള്ള നന്മ തിന്മകളുടെ—ശരിയായ റിക്കാർഡു് നമ്മുടെ മുമ്പിൽ സമൎപ്പിതമാകും. നീതിയുടെ ത്രാസു് സ്ഥാപിതമാകും. ഓരോ ആളുടെയും കൎമ്മം വരവണ്ണം തെററാതെ കൃത്യമായി തൂക്കികണക്കാക്കും. ഏതൊരുവൻെറ കൎമ്മഫലം തൂങ്ങുന്നതാണോ, പ്രവർത്തന റിക്കാർഡു് നന്മയുടെതാണോ ആ മഹാഭാഗ്യവാന്നു് ജീവിതത്തിൻെറ ദ്വിതീയ ഘട്ടം നയിക്കുവാൻ അനുഗ്രഹനിബിഡമായ സ്ഥാനം നല്കപ്പെടും. ആ അനുഗ്രഹങ്ങൾ സീമാതീതങ്ങളാണു്; അനശ്വരങ്ങളാണു്; ഇഹലോകജീവിതത്തിൽ

ഭാവനയിൽ കാണാൻപോലും സാധിക്കാത്തതാണ്. ഈ സ്ഥാനത്തിനു "സ്വർഗ്ഗം" എന്നു പറയുന്നു.

ഏതൊരുവൻെറ സ്ഥിതി വ്യത്യസ്തമാണോ, ആരുടെ പ്രവർത്തന റിക്കാർഡ് തിന്മകളുടേതാണോ, ജീവിതത്തിൻെറ ആദ്യഘട്ടം അശ്രദ്ധയിലും കൃത്യവിലോപത്തിലും കഴിച്ചുകടത്തി, ആ നിലയിൽ അല്ലാഹുവിൻെറ സന്നിധാനത്തിൽ ഹാജരാകുന്നവനാരാണോ, ആ ദുർഭഗന്നു ജീവിതത്തിൻെറ രണ്ടാം ഘട്ടത്തിൽ അവർണ്ണനീയങ്ങളായ ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും ഇടമാണ് നൽകപ്പെടുക – അവസാനമില്ലാത്ത ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും ഇടം. ഇതിന്നാണ് "നരകം" എന്നു പറയുന്നത്.

5) ഈ വിചാരണക്കും കണക്കചോദ്യത്തിന്നും ശേഷം നമ്മുടെ ജീവിതത്തിൻെറ രണ്ടാം ഘട്ടം അതിൻെറ പൂർണ്ണ രൂപത്തിൽ ആരംഭിക്കുകയായി. അററമില്ലാത്ത ഒരു ഘട്ടമായിരിക്കും അത്. ശാശ്വതമായ ആ ജീവിതത്തിൽ മരണമെന്ന സ്ഥിതി അവശേഷിക്കുന്നില്ല.

ഇതത്രെ 'ആഖിറത്ത്'. ഇതിന്നാണ് പരലോക വിശ്വാസം എന്നു പറയുന്നത്.

# പരലോക വിശ്വാസത്തിൻെറ പ്രാധാന്യം

സത്യവിശ്വാസിയാകുവാൻ, എപ്രകാരം അല്ലാഹുവിൽ വിശ്വസിക്കണമോ അതേ പ്രകാരം പരലോകത്തിലും വിശ്വസിക്കുക നിർബ്ബന്ധമത്രെ. അതു കൂടാതെ മനുഷ്യൻ മുഅ്മിനും മുസ്ലിമും ആകുന്നില്ല. പരലോക വിശ്വാസത്തിൻെറ അഭാവത്തിൽ അല്ലാഹുവിലുള്ള വിശ്വാസത്തിന്നു യാതൊരു അർത്ഥവും

ഫലവും ഉണ്ടായിരിക്കുന്നതല്ല. കാരണമിതാണ്: അല്ലാഹുവിൻെറ വിവിധ ഗുണങ്ങളുടെ അനിവാര്യ താൽപര്യമാണ് പരലോകം. ഉദാഹരണമായി, അവൻെറ നീതി, യുക്തി, കാരുണ്യം, കൃതജ്ഞത, ഭരണാധിപത്യം എന്നീ ഗുണങ്ങൾ. പരലോകവും മനുഷ്യ കർമ്മങ്ങൾക്ക് പ്രതിഫലം നൽകലും ഇല്ലാതിരിക്കുമ്പോൾ, ജഗന്നിയന്താവായ അല്ലാഹു നീതിമാനും യുക്തിമാനും കൃതജ്ഞനും രക്ഷിതാവും ഭരണാധിപനും ആണെന്നുള്ളത് കേവലം അടിസ്ഥാനരഹിതമായ ഒരു വാദമായിത്തിരുന്നതാണ്. എന്തുകൊണ്ടെന്നാൽ, കർമ്മങ്ങളുടെ ധാർമ്മിക ഫലങ്ങൾ ഇഹലോകത്ത് വേണ്ടും വിധത്തിൽ പ്രത്യക്ഷീഭവിക്കുന്നതായി കാണുന്നില്ല. അക്രമികൾ കൊഴുത്തു തടിക്കുമ്പോൾ, സജ്ജനങ്ങൾ ക്ലേശങ്ങളിൽ നരകിക്കുകയാണ്. ഇഹലോകജീവിതാനന്തരം ഓരോ വ്യക്തിയും താൻ ചെയ്തതിൻെറ ഫലം ആസ്വദിക്കാനുള്ള ഒരു സന്ദർഭം വരുന്നില്ലെങ്കിൽ അത് അത്യാശ്ചര്യകരമായ ഒരു സ്ഥിതിയായിരിക്കും. അല്ലാഹുവിൻെറ നീതിയുടെയും യുക്തിയുടെയും കാരുണ്യത്തിൻെറയും ഭരണകർതൃത്വത്തിൻെറയും സ്പഷ്ടമായ നിഷേധമായിരിക്കും അത്. അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുകയും, അതേ സമയം പ്രതിഫല ദിനമായ പരലോകത്തെ നിഷേധിക്കുകയും ചെയ്യുക-ഇതു രണ്ടും വാക്കിൽ ഒത്തുചേർന്നേക്കാമെങ്കിലും പരമാർത്ഥത്തിൽ ഒരിക്കലും ഒരുമിച്ചു കൂടുക സാധ്യമല്ല.

## 'ശഫാഅത്തിൻെറ' ശിർക്ക്പരമായ വിഭാവന

ഇഹലോകത്ത് ഇന്ന വ്യക്തി കർത്തവ്യബോധമുള്ള ഒരടിമയുടെ ജീവിതം നയിച്ചുവെന്നും, അതുകൊണ്ടയാൾക്ക് സ്വർഗ്ഗീയ ജീവിതം ലഭിക്കേണ്ടതാണെന്നും പരലോകത്തു തീരുമാനം ചെയ്യുവാനുള്ള സർവ്വാധികാരങ്ങളും അല്ലാഹുവിന്നുള്ളതാണ്.

(الحج ٢٥) اَلْمُلْكُ يَوْمَئِذٍ لِلّٰهِ يَحْكُمُ بَيْنَهُمْ

“അന്നു രാജത്വം അല്ലാഹുവിന്നുള്ളതാണ്. അവൻ അവക്കിട യിൽ വിധി കൽപിക്കും.”

ഏതു വശത്തിലൂടെ നോക്കിയാലും ഇതാണ് പരമാർത്ഥ മെന്നു യുക്തി സമ്മതിക്കുന്നതാണ്:

1) അഖില ബ്രഹ്മാണ്ഡത്തിൻെറ അധിപനും നാഥനും അല്ലാഹു മാത്രമാകുന്നു. എന്നിരിക്കെ, തീരുമാനാധികാരം മററു വല്ലവരുടെയും കയ്യിലായിരിക്കുവാൻ യാതൊരു കാരണവുമില്ല.

2) അല്ലാഹു സർവ്വജ്ഞനാണ്. ആദ്യന്തം എല്ലാ കാര്യ ങ്ങളും നേരിട്ടറിവുള്ളവനാണ്. ഇഹലോകത്ത് ഒരുവൻ എന്തു ചെയ്തു, അവൻെറ കൈകൾ എന്തു സമ്പാദിച്ചു, ഹൃദയത്തിൻെറ ഇംഗിതങ്ങളെന്ത്, നെഞ്ചിൽ കുരുത്ത വികാരങ്ങളേത്, അന്ധ കാരാവൃതമായ ഏകാന്ത രാത്രികളും ബഹളമയമായ പകൽസ മയങ്ങളും അവൻ എങ്ങിനെ, ഏതേതു കാര്യങ്ങളിൽ വിനി യോഗിച്ചു — ഇതെല്ലാം അല്ലാഹുവിൻെറ മുമ്പിൽ സുവ്യക്ത ങ്ങളാണ്, മദ്ധ്യാഹ്ന സൂര്യൻ നമ്മുടെ ദൃഷ്ടിയിൽ പ്രശോഭി ക്കുന്നതു പോലെ. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ, ശരി യായ തീരുമാനത്തിലെത്തിച്ചേരുവാൻ മററു വല്ലവരുടെയും സഹായം അവന്നാവശ്യമില്ല. വല്ലവരുടെയും അഭിപ്രായമോ, ഉപദേശമോ, സാക്ഷ്യപ്പെടുത്തലോ ഒന്നും ആവശ്യമില്ല. സ്വ ന്തം ഭാവി ഭൂതങ്ങൾപോലും ശരിക്കറിയാൻ പററാത്തവരാണ് ഈ ‘മററു വല്ലവരും’ എന്നു വരുമ്പോൾ വിശേഷിച്ചും. അല്പം മാത്രം അറിയുന്നവർ — അല്ല, യാതൊന്നും അറിഞ്ഞുകൂടാത്ത വർ — എല്ലാം അറിയുന്നവനെ യാഥാർത്ഥ്യത്തിലെത്തുവാൻ എ ന്തൊന്നാണ് സഹായിക്കുക?

3) അവൻ നീതിമാനാണ്. അതുകൊണ്ടു, തങ്ങളുടെ വിശ്വാസ കർമ്മങ്ങളനുസരിച്ചു വാസ്തവത്തിൽ രക്ഷയ്ക്കർഹരല്ലാത്തവരെ വല്ലവരുടെയും ശുപാർശപ്രകാരം രക്ഷിക്കുകയെന്നതുണ്ടാവില്ല. കാരണം അതു നീതി വിരുദ്ധമാണ്.

ചുരുക്കത്തിൽ, ഏതുവശത്തിൽ കൂടി നോക്കിയാലും പരലോകവിജയം വിശ്വാസകർമ്മങ്ങളെയല്ല, ചില മഹാത്മാക്കളുടെ അഭീഷ്ടത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും, അവരുടെ ശുപാർശ അവിടത്തെ വിചാരണയിൽ ഫലപ്പെട്ടുമെന്നും, അല്ലാഹുവിന്റെ വിധികളിൽ സ്വാധീനം ചെലുത്തി അല്ലാഹുവിന്റെ പ്രതിഫലനിയമപ്രകാരം രക്ഷപ്പെടുവാൻ അർഹരല്ലാത്ത ജനങ്ങളെ അവർ രക്ഷിച്ചുകൊള്ളുമെന്നും ഉള്ള ശുഭപ്രതീക്ഷയ്ക്കു് യാതൊരു പഴുതുമില്ല. ഈ വക ധാരണകളെയെല്ലാം വിശുദ്ധഖുർആൻ തികച്ചും അടിസ്ഥാനരഹിതമെന്നു സമർത്ഥിക്കുകയും ഇത്തരത്തിലുള്ള യാതൊരു ശുപാർശയും പരലോകത്തു ഫലപ്പെടുന്നതല്ലെന്നു തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഫലപ്പെടുന്നതിരിക്കട്ടെ, ഇത്തരം വല്ല ശുപാർശയും ചെയ്യുക തന്നെയുണ്ടാവില്ല:

......مِنْ قَبْلِ أَنْ يَأْتِيَ يَوْمٌ لَا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا

شَفَاعَةٌ (بقرة)

“........യാതൊരിടപാടും സൗഹൃദവും ശുപാർശയും ഇല്ലാത്ത ആ ദിവസം വരുന്നതിനുമുമ്പ്”

ഇത്തരത്തിലുള്ള ശുപാർശാവിചാരം അടിസ്ഥാനരഹിതമെന്നും അർത്ഥശൂന്യമെന്നും മാത്രമല്ല തികച്ചും ശിർക്ക്പരമായ ഒരു ധാരണകൂടിയാണിതെന്നു, അല്പം ചിന്തിച്ചാൽ കാണാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ഈ സിദ്ധാന്തം സ്വീക

രിക്കുന്നപക്ഷം, അതിനുമുമ്പായി, അല്ലാഹു അവൻെറ ഭരണ കൂടത്തിൻെറ ഏകച്ഛത്രാധിപതിയല്ലെന്നും, പ്രജകളുടെ കാര്യത്തിൽ തീരുമാനം ചെയ്യുന്നതിൽ മററുള്ളവരുടെ കൈകടത്തലിന്നതീതനല്ലെന്നും, അവൻെറ ജ്ഞാനം സമഗ്രവും സാർവ്വത്രികവുമല്ലെന്നും, അവൻ നീതിമാനല്ലെന്നും സമ്മതിക്കേണ്ടതായി വരും. അല്ലാഹുവെസ്സംബന്ധിച്ച ഇതെല്ലാം ഒരു ബഹുദൈവ വിശ്വാസിക്ക് മാത്രമേ വിഭാവന ചെയ്യാൻ സാധിക്കയുള്ളു. സത്യവിശ്വാസിക്കത് സാദ്ധ്യമല്ല.

## ശഫാഅത്തിൻെറ ഇസ്ലാമിക വിഭാവന

എന്നാൽ പരലോകത്തിൽ യാതൊരു വിധ ശുപാർശയും ഉണ്ടായിരിക്കുന്നതല്ലെന്ന് ഇതിന്നർത്ഥമാക്കേണ്ടതില്ല. യാഥാർത്ഥ്യമിതാണ്: ശിർക്ക്പരമായ ശുപാർശ, സിദ്ധാന്തത്തെ ഖുർആനും ഹദീസും ആവർത്തിച്ച നിഷേധിച്ചിട്ടുണ്ടെങ്കിൽ, അതേയിടങ്ങളിൽനിന്നു, ഒരു പ്രത്യേക തരം ശുപാർശ വിഭാവനത്തിന്നുള്ള സുവ്യക്തമായ തെളിവും ലഭിക്കുന്നുണ്ട്. അന്ത്യനാളിൽ ചില ആളുകൾ ചില ആളുകൾക്കുവേണ്ടി ശുപാർശ ചെയ്യുമെന്നത് ഇസ്ലാമിക വിശ്വാസത്തിൻെറ വിശദാംശങ്ങളിലൊന്നാണ്.

ഈ ശുപാർശ എങ്ങിനെയുള്ളതായിരിക്കും? അതുഏതാണ്ടൊക്കെ ബുദ്ധിപരമായിത്തന്നെ അനുമാനിക്കാവുന്നതാണ്. അതായത്, മുൻപറഞ്ഞ സിദ്ധാന്തമനുസരിച്ചുള്ളതായിരിക്കില്ല ഇശുപാർശയെന്നും അതിൽനിന്നു മൗലികമായിതന്നെ ഭിന്നമായിരിക്കുമെന്നും ഉള്ളേടത്തോളം സംഗതി ഏത്രയും വ്യക്തം. അല്ലാഹുവിൻെറ ഏതെങ്കിലുമൊരു വിശേഷഗുണത്തിൻെറ, അല്ലെങ്കിൽ ആ ഗുണത്തിൻെറ അനിവാര്യ താല്പര്യങ്ങളുടെ നിഷേധലേശമെങ്കിലും വന്നുചേരുന്ന വിധത്തിലുള്ളതായിരിക്കുകയില്ല അത്. അല്ലാഹുമാത്രമാണ് അഖില പ്രപഞ്ചത്തിൻെറ

സർവ്വാധിപതി, അവൻ സർവ്വജ്ഞനാണ്, അവൻെറ സമസ്ത പ്രവർത്തനങ്ങളും തീരുമാനങ്ങളും നീതിയുടെയും നിഷ്പക്ഷതയുടെയും ത്രാസിൽ തൂക്കിക്കൊണ്ടുള്ളതാണ്-ഈ യാഥാർത്ഥ്യങ്ങളുമായി ഒരു നിലക്കും ഇടയുന്നതുമായിരിക്കില്ല ആ ശഫാഅത്ത്. ഈ ത്രയം കാര്യങ്ങൾ സുവ്യക്തങ്ങളാണെങ്കിൽ പ്രസ്തുത ശുപാർശ നിരുപാധികമോ പൊതുവായിട്ടുള്ളതോ ആയിരിക്കില്ലെന്നാണിതിന്നർത്ഥം. പ്രത്യുത, പരിമിതവും പ്രത്യേകവുമായിരിക്കും; സോപാധികമായിരിക്കും; ചില വ്യവസ്ഥകൾക്കും തത്വങ്ങൾക്കും വിധേയമായിരിക്കും.

പരിശുദ്ധ ഖുർആൻ ഈ ബുദ്ധിപരമായ അനുമാനത്തെ സ്വീകരിക്കുക മാത്രമല്ല, പ്രസ്തുത ശുപാർശക്കടിസ്ഥാനമായുള്ള വ്യവസ്ഥകളും തത്വങ്ങളും വിശദീകരിച്ചു തരികയും ചെയ്തിരിക്കുന്നു. അതിപ്രകാരമാണ്:

1) ശുപാർശയുടെ പ്രശ്നം പരിപൂർണ്ണമായും അല്ലാഹുവിൻെറ അധികാര ഹസ്തത്തിലായിരിക്കും. വല്ലതും ചെയ്യുന്നതു് അവൻെറ അഭീഷ്ടത്തിനു് വിധേയമായിക്കൊണ്ടുമാത്രം:

قُل لِّلَّهِ الشَّفَاعَةُ جَمِيعًا (زمر ٤٤)

(പറയുക, ശുപാർശ മുഴുവനും അല്ലാഹുവിന്നാണ്)

2) അല്ലാഹു അനുവാദം നല്കിയവർ മാത്രമേ ശുപാർശക്ക് വേണ്ടി വല്ലതും ഉരിയാടുകയുള്ളു.

مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ (بقرة ٢٥٥)

(അവൻെറ അനുമതി കൂടാതെ അവൻെറ സവിധത്തിൽ ശുപാർശ ചെയ്യാനാരാണ്?)

3) അല്ലാഹുവിൻെറ അനുമതിയും സമ്മതവും ലഭിച്ച ആറം ക്കവേണ്ടി മാത്രമേ ശുപാശ് ചെയ്യപ്പെടുകയുള്ളു.:

وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَىٰ (انبياء ٢٨)

(അവൻ തൃപ്തിപ്പെട്ടവൎക്ക് വേണ്ടിയല്ലാതെ അവർ ശുപാശ് ചെയ്യുകയില്ല.)

4) ശുപാർശയിൽ എല്ലാവിധത്തിലും ശരിയായിട്ടുള്ള കാൎയ്യം മാത്രമേ സംസാരിക്കയുള്ളു:

لَا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا (نبأ ٣٨)

(റഹ്മാൻ അനുമതി നൽകുകയും ശരിപറയുകയും ചെയ്യുന്നവരല്ലാതെ സംസാരിക്കുന്നതല്ല.)

ഈ പരിധികറംക്കു വിധേയമായി ചെയ്യപ്പെടുന്ന ശുപാർശ ഒളിഞ്ഞും മറഞ്ഞും കൊണ്ടുള്ളതായിരിക്കില്ലെന്ന് സ്പഷ്ടം. തീൎച്ചയായും അത് അടിമത്തപരമായ ആവശ്യ സമർപ്പണത്തിൽനിന്നും മാപ്പപേക്ഷയിൽ നിന്നും അണുവോളം ഭിന്നമായ ഒന്നായിരിക്കയില്ല. ശുപാർശ ചെയ്യുന്നയാറം ചെയ്യപ്പെടുന്ന ആളുടെ വിശ്വാസ കൎമ്മങ്ങളെ സംബന്ധിച്ച് അല്ലാഹുവിനുള്ള അറിവിൽ യാതൊന്നും വർദ്ധിപ്പിക്കുന്നില്ല; മാപ്പിന്നഹനെന്നു ധ്വനിക്കുന്ന യാതൊന്നും ഉരിയാടുന്നതല്ല. വല്ല വിധത്തിലും അല്ലാഹുവിൻെറ തീരുമാനത്തിൽ സ്വാധീനം ചെലുത്താനുള്ള തോന്നൽപോലും മനസ്സിലുദിക്കുന്നതുമല്ല. പ്രത്യുത, അയാറം ചെയ്യുന്നതിത്രമാത്രമായിരിക്കും: പ്രപഞ്ചനാഥൻെറ സന്നിധാനത്തിൽ, അതും അവൻെറ അനുവാദം കിട്ടിയതിന്നു ശേഷം മാത്രം, താണുകേണപേക്ഷിക്കുക; അവൻെറ ദയക്കും

കാരുണ്യത്തിന്നും വേണ്ടി യാചിക്കുക; 'തമ്പുരാനേ, ഈ അടിയാൻെറ പാപങ്ങൾ പൊറുത്തുകൊടുത്താലും! വീഴ്ചകൾ മാപ്പാക്കിയാലും! നിൻെറ റഹ്മത്തിൻെറയും മഗ്ഫിറത്തിൻെറയും മടിത്തട്ടിൽ ഇയാൾക്ക് സ്ഥാനം നൽകിയാലും!' എന്നു പ്രാർത്ഥിക്കുക. അതിനാൽ, എപ്രകാരം ശുപാർശ സ്വീകരിക്കുന്നവൻ അല്ലാഹുവാണോ, അതേപ്രകാരം ശുപാർശ ചെയ്യുന്നവനും വാസ്തത്തിൽ അല്ലാഹുതന്നെ. ഖുർആനിൽ ചിലയിടങ്ങളിൽ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്:

لَيْسَ لَهُمْ مِنْ دُونِهِ وَلِيٌّ وَلَا شَفِيعٌ (انعام ٥١)

"അവനല്ലാതെ അവക്ക് യാതൊരു സഹായിയും ശുപാർശകനും ഇല്ല."

ഇനി, ഈ ശുപാർശ ചെയ്യുന്നവർ ആരായിരിക്കും? ആക്കു വേണ്ടിയാണതു ചെയ്യുക? അവർ എങ്ങിനെയുള്ളവരായിരിക്കും? ഈ വിഷയകമായി നബിവചനങ്ങൾ വ്യക്തമാക്കുന്നതിതാണ്: ശുപാർശ ചെയ്യുന്നവർ അല്ലാഹുവിൻെറ സജ്ജനങ്ങളും സാമീപ്യസിദ്ധരുമായ അടിമകളായിരിക്കും. ആക്കുവേണ്ടി ചെയ്യുന്നുവോ അവരുടെ വിശ്വാസ കർമ്മങ്ങൾ വിചാരണവേളയിൽ അൽപം ഘനക്കുറവുള്ളതായി തെളിഞ്ഞിട്ടുണ്ടായിരിക്കും. എന്നുവെച്ചാൽ, അല്ലാഹുവിൻെറ പൊതുമഗ്ഫിറത്ത്നിയമപ്രകാരം മാപ്പ് നൽകപ്പെടുവാൻ വേണ്ടത്ര അർഹത അവക്കുണ്ടായിരിക്കയില്ല. ഈ അഹ്തയിൽ അൽപമാത്രമായ ഒരു കുറവ് അവശേഷിച്ചിരിക്കും. ഈ കുറവു പൊറുത്തു മാപ്പാക്കുവാൻ വേണ്ടിയാണ് ശുപാർശ.

ഇവിടെ മനസ്സിൽ മറെറാരു ചോദ്യം ഉദിക്കുന്നു: ഈ ശുപാർശയുടെ സാക്ഷാൽ അത്ഥവിശേഷം എന്തായിരിക്കാം? വാസ്തവത്തിൽ എന്തിന്നുവേണ്ടിയുള്ളതാണിത്? ശുപാർശ ചെയ്യുന്നവർ, മുൻപറഞ്ഞ ആയത്തുകളിൽനിന്നു വ്യക്തമാകുന്നതു

പോലെ, ശുപാർശയിൽ അത്രയും അധികാരവിഹീനരാണെങ്കിൽ അതിന്റെ അർത്ഥം ശുപാർശയ്ക്കു ശേഷം അല്ലാഹുവിന്റെ മാപ്പ് പ്രഖ്യാപനത്തിന്നർഹരാകുന്ന ജനങ്ങൾക്കു മാപ്പ് ചെയ്യുവാൻ അല്ലാഹു ആദ്യമേ തീരുമാനമെടുത്തിരുന്നുവെന്നാണ്. എന്നിരിയ്ക്കേ, എന്തിനാണ് ഇടയിൽ ഈ ശുപാർശ? മറുപടി ഇതാണ്: അല്ലാഹു തന്റെ തിരുസന്നിധിയിൽ വല്ലതും സംസാരിക്കുവാനും ആവശ്യങ്ങൾ സമർപ്പിക്കുവാനും അനുവാദം നല്കിക്കൊണ്ടു തന്റെ ചില പ്രത്യേക അടിയാറുകളെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുകയാണ് ഈ ശുപാർശയുടെ സാക്ഷാലുദ്ദേശ്യമെന്നാണ് മനസ്സിലാകുന്നത്. ജനനിബിഡമായ മഹ്ശറ മൈതാനിയിൽ സർവ്വരും നിശ്ശബ്ദരായി ചൂളി തലതാഴ്ത്തിയിരിക്കെ, ആർക്കും ഒരക്ഷരം ഉരിയാടുവാൻ കഴിവില്ലാതിരിക്കെ ചിലർക്ക് സംസാരിക്കുവാൻ അനുവാദം ലഭിക്കുന്നത് തീർച്ചയായും ഒരു ആദരവുതന്നെയാണ്. സംസാരിക്കുന്നതോ, "അല്ലാഹുവേ, പാപികളായ ഇന്നയിന്ന അടിയാറുകൾക്ക് മാപ്പാക്കേണമേ!' എന്നും. ഈ അപേക്ഷ അംഗീകരിച്ചതായും പ്രസ്തുത അടിമകൾക്കു പാപമോചനം നല്കിയതായും പ്രപഞ്ചനാഥങ്കൽനിന്നു വിളംബരം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തീർച്ചയായും ശുപാർശ ചെയ്യുന്നവർക്കൊരു ബഹുമതി തന്നെയാണ്.

ഇത്രയും വിശദീകരിച്ചതിൽനിന്നു വ്യക്തമാകുന്ന പരമാർത്ഥം ഇതാണ്: അല്ലാഹുവിന്റെ പൊതു മഗ്ഫിറത്തു നിയമത്തിൽ നിന്നു തുലോം ഭിന്നമായ ഒരു പ്രത്യേക മഗ്ഫിറത്ത് വ്യവസ്ഥയാണ് ശഫാഅത്ത്. നമുക്കതിനെ മഗ്ഫിറത്തിന്റെ ആനുകൂല്യവ്യവസ്ഥയെന്നു വിശേഷിപ്പിക്കാം. എന്നാലിതും അല്ലാഹുവിന്റെ ഏകത്വം, നീതി, ആധിപത്യം, ജ്ഞാനം, പ്രതാപം ആദിയായ ഗുണങ്ങളുടെ താല്പര്യങ്ങൾക്ക് തികച്ചും അനുയോജ്യമായിട്ടുള്ള ഒരു വ്യവസ്ഥ തന്നെയാണ്. രക്ഷാശിക്ഷാനിയമത്തിന്റെ അർത്ഥചൈതന്യത്തിന്നു തന്മൂലം യാതൊരു ചോറലും സംഭവിക്കുന്നില്ല.

പരലോകത്തിൽ അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും കൂടാതെ ജനങ്ങൾക്ക മഗ്ഫിറത്തുണ്ടാകുന്നതല്ലെന്നു ഖുർആനിൽനിന്നും ഹദീസിൽനിന്നും സംശയരഹിതമായി തെളിയുന്നുണ്ട്. യാതൊരാൾക്കും തൻെറ കർമ്മബലംകൊണ്ട്മാത്രം മോക്ഷം സിദ്ധിക്കുന്നതല്ലെന്നു നബി തിരുമേനി (സ) അരുൾ ചെയ്തിരിക്കുന്നു.

إعلموا أنه لن ينجو أحدكم بعمله (مسلم)

"അറിയുക: നിങ്ങളിലൊരാളും അവൻെറ കർമ്മംകൊണ്ട് രക്ഷപ്പെടുകയില്ല.''

എന്നാലിത് ഒരു സുസമ്മത തത്വമാണെങ്കിൽ, അല്ലാഹുവിൻെറ കാരുണ്യാനുഗ്രഹത്തിന്നു അതിൻെറതായ ഒരു നീതിവ്യവസ്ഥയുണ്ടെന്നതും ഒരു അംഗീകൃത തത്വമാണ്. അതുപ്രകാരം തൻെറ വിശ്വാസ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ കാരുണ്യാനുഗ്രഹം അർഹിക്കുന്നവന്നു മാത്രമേ അതു ലഭിക്കയുള്ളു. ഏതൊരുവൻ എത്രയധികം സത്യവിശ്വാസവും സൽക്കർമ്മവും കൊണ്ടാണോ വരുന്നത് അത്രയധികം അതിന്നവകാശിയായിത്തീരുന്നു. ഏതൊരാളുടെ പക്കൽ ഈ മൂലധനം എത്രകണ്ട് കുറവാണോ അത്രകണ്ടയാൾക്ക് കാരുണ്യാനുഗ്രഹത്തിലും അർഹതക്കുറവുണ്ടായിരിക്കും. തികച്ചും അനർഹരായ ആളുകളും കൂട്ടത്തിലുണ്ടായിരിക്കും. ചുരുക്കത്തിൽ മനുഷ്യൻെറ സ്വന്തം വിശ്വാസ കർമ്മങ്ങളാണ് മഗ്ഫിറത്തിന്നുള്ള പ്രായോഗികാവലംബം. ഈ വിഷയകമായി ആദ്യന്തം എല്ലാ തീരുമാനങ്ങളും അല്ലാഹുവിൻെറ അധികാര ഹസ്തത്തിലുമായിരിക്കും.

ഇതാണ് ഇസ്ലാമിലെ ശരിയായ ശുപാർശാ വിഭാവന. ശഫാഅത്ത് സംബന്ധമായി ശരിയായ ഇസ്ലാമികവിഭാവനയംഗീകരിച്ചു, മുൻപറഞ്ഞ നിഷിദ്ധ സിദ്ധാന്തത്തെ പൂർണ്ണമാ

യി പരിത്യജിക്കാത്ത കാലത്തോളം പരലോക വിശ്വാസത്തെക്കുറിച്ചുള്ള വാദം കേവലം അർത്ഥശൂന്യമാണ്. എന്തുകൊണ്ടെന്നാൽ പ്രസ്തുത നിഷിദ്ധ സിദ്ധാന്തം വെച്ചുപുലർത്തുന്നതോടൊപ്പം തൌഹീദിലും ആഖിറത്തിലും വിശ്വസിക്കുന്നതിന്റെ സാക്ഷാലുദ്ദേശ്യം തികച്ചും വിനഷ്ടമായിത്തീരുന്നു. അല്ലാഹുവിലും ആഖിറത്തിലും ശരിയായി വിശ്വസിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്? മനുഷ്യന്നു യഥാർത്ഥ്യത്തെക്കുറിച്ചു ശരിയായ ജ്ഞാനം ലഭിച്ചിരിക്കുക, തദ്വാരാ ജീവിതത്തിൽ ശരിയായ കർമ്മനയം അവലംബിക്കുവാൻ സാധിക്കുമാറാവുക. ഇഹലോകത്ത് അല്ലാഹുവിന്റെ 'അടിമ'യും (അബ്ദ്) 'അനുസരണശാലി'യും (മുസ്ലിം) ആയി വർത്തിക്കുക. എന്നാൽ ശിർക്ക്പരമായ ശഫാഅത്ത് സിദ്ധാന്തം മനുഷ്യനെ യാഥാർത്ഥ്യജ്ഞാനിയും സന്മാർഗ്ഗചാരിയുമായി വർത്തിക്കുവാൻ സമ്മതിക്കുന്നുണ്ടോ? ഇല്ലെന്നു തീർച്ച. കാരണം, പരലോക വിചാരണയിൽ മോക്ഷത്തിന്നടിസ്ഥാനം അവനവന്റെ വിശ്വാസ കർമ്മങ്ങളല്ല, മഹാത്മാക്കളുടെ പ്രീതിയും ശുപാർശയുമാണെന്നു ആ സിദ്ധാന്തം മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നു. മഹാത്മാക്കളുടെ പ്രീതിയും ശുപാർശയും ലഭിക്കുന്നതാകട്ടെ, അവരുടെ ആസ്ഥാനത്തിൽ ഭക്തിബഹുമാനങ്ങളർപ്പിക്കുന്നതുകൊണ്ട് മാത്രമാണ്! ചിന്തിക്കുക! പരലോക ചിന്തയും ദൈവാനുസരണ ബോധവും ഈ സിദ്ധാന്തത്തോടൊപ്പം നിലനിൽക്കുന്നതാണോ? തികച്ചും ഒരു മയക്കുമരുന്നു ഭാവനയാണിതെന്നു പറയാതെ നിർവ്വാഹമില്ല. ഈ ഭാവനയോടൊപ്പം പരലോക വിശ്വാസം അതിന്റെ നിഷേധത്തിന്നു തുല്യമാണ്. ആകയാൽ ഇസ്ലാമിന്റെ പരലോക സിദ്ധാന്തത്തെ തനതായ രൂപത്തിൽ, ശരിയാംവണ്ണം മനസ്സിലാക്കുന്നതിന്നു ശഫാഅത്ത് പ്രശ്നത്തിൽ മനസ്സ് കളങ്കരഹിതമായിരിക്കേണ്ടത് എത്രയും ആവശ്യമാണ്.

# ദൗത്യത്തിലുള്ള വിശ്വാസം

ഇസ്ലാമിൻെറ മൂന്നാമത്തെ അനിവാര്യ മൗലീക വിശ്വാസം 'രിസാലത്താ'കുന്നു. 'ദൗത്യ'മെന്നാണ് രിസാലത്തിൻെറ ഭാഷാർത്ഥം. മനുഷ്യർക്ക് അല്ലാഹു തൻെറ സാന്മാർഗ്ഗിക നിയമങ്ങളെത്തിക്കുവാനും തൻെറ അഭീഷ്ടമാർഗ്ഗം കാണിച്ചുകൊടുപ്പാനുമായി നിശ്ചയിച്ച ദൗത്യ വ്യവസ്ഥയ്ക്കാണ് മത സാങ്കേതിക ഭാഷയിൽ 'രിസാലത്തെ'ന്നു പറയുന്നത്. ഇതിൻെറ മറെറാരു പേരാണ് 'നുബുവ്വത്ത്' (പ്രവാചകത്വം).

ദൗത്യ പരമ്പര സ്ഥാപിക്കപ്പെട്ടതെന്തിന്? എങ്ങനെ അതിൻെറ ആവശ്യം നേരിട്ടു? അതിൽ വിശ്വസിക്കൽ നിർബ്ബന്ധമായതെന്തുകൊണ്ട്? ഈ പ്രശ്നങ്ങളെപ്പററി ചിന്തിക്കുവാൻ നമുക്ക് കുറച്ചു ദൂരത്തേക്ക് കടന്നുചെല്ലേണ്ടതുണ്ട്. അതായത്, മനുഷ്യൻ എന്തുദ്ദേശ്യാർത്ഥം സൃഷ്ടിക്കപ്പെട്ടുവെന്നും, ആ ഉദ്ദേശ്യ നിർവ്വഹണത്തിൻെറ പ്രായോഗിക രൂപം എന്താകേണ്ടിയിരുന്നുവെന്നും ആദ്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശ്യവും ജീവിത കർത്തവ്യവും അല്ലാഹുവിനുള്ള അനുസരണാടിമത്തങ്ങളാണെന്നു ഇസ്‌ലാം പഠിപ്പിക്കുന്നു. ഇതു തന്നെയാണു് മനുഷ്യന്റെ പരലോക മോക്ഷത്തിന്നു നിദാനം. 'അല്ലാഹുവിന്നുള്ള അനുസരണമെന്നും അടിമത്ത'മെന്നും കേൾക്കുന്നമാത്രയിൽ അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളുടെയും ഇഷ്ടാനിഷ്ടങ്ങളുടെയും പ്രശ്നം സ്വാഭാവികമായും മുന്നിൽ വരുന്നു. കാരണം നിയമങ്ങളാണല്ലോ അനുസരിക്കപ്പെടുക. (നിയമത്തിന്റെ അഭാവത്തിൽ അനുസരണത്തെ വിഭാവന ചെയ്യാൻ സാധ്യമല്ല. അതുകൊണ്ടു് മനുഷ്യൻ തന്റെ യജമാനന്റെ അടിമയും ആജ്ഞാനുവർത്തിയുമായിരിക്കാൻ തീരുമാനിക്കുന്നതോടുകൂടി അനിവാര്യമായും അവൻ അറിയാനാഗ്രഹിക്കുന്നു: താൻ അനുസരിക്കേണ്ട യജമാനന്റെ നിയമങ്ങളെന്തെല്ലാം? ഏതേതു കാര്യങ്ങൾ അവൻ ഇഷ്ടപ്പെടുന്നു? ഏതെല്ലാം കാര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല? അവന്റെ അനുസരണശാലിയായി വർത്തിക്കുവാൻ എന്തൊക്കെ ചെയ്യണം? അവനോടുള്ള ധിക്കാര പാതകത്തിൽനിന്നു രക്ഷപ്പെടുവാൻ ചെയ്യേണ്ടതെന്തെല്ലാം? ഈ കാര്യങ്ങളറിയാതെ ദൈവാനുസരണമാർഗ്ഗത്തിൽ ഒരടി മുന്നോട്ടുവെക്കുക സാധ്യമല്ല.

അല്ലാഹുവിന്റെ ആജ്ഞാഭിലാഷങ്ങളറിയാനുള്ള മാർഗ്ഗമെന്തെന്നതാണ് അടുത്ത പ്രശ്നം. ഇന്നയിന്നകാര്യങ്ങൾ അല്ലാഹു കല്പിച്ചിട്ടുണ്ടെന്നും ഇന്നയിന്നകാര്യങ്ങൾ വിരോധിച്ചിട്ടുണ്ടെന്നും മനുഷ്യനെങ്ങിനെ അറിയാൻ കഴിയും?

ഇതിന്നു മറുപടിയായെടുത്തു പറയാനുള്ള മാർഗ്ഗങ്ങളിലൊന്നു് ബുദ്ധിയാണ്—ഓരോ ആളുടെയും ബുദ്ധി. പക്ഷേ ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും പരമയാഥാർത്ഥ്യങ്ങളെന്തെന്നും, സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ ഗുണങ്ങളെന്തെല്ലാമെന്നും, ആ ഗുണങ്ങൾ മനുഷ്യരോട് എന്തെല്ലാം

താല്പര്യപ്പെടുന്നുവെന്നും' മനുഷ്യനുവേണ്ടിയുള്ള ദൈവികനിയമങ്ങളെന്തെല്ലാമെന്നും സ്വബുദ്ധികൊണ്ടറിയുന്ന ഒരാളെങ്കിലും ഇല്ലെന്നതാണ് പരമാൎത്ഥം. ഇക്കാൎയ്യത്തിൽ ബുദ്ധിയുടെ അപ്രാപ്യത സുവിദിതമാണ്.

മനുഷ്യൻെറ സഹജാവബോധവും മനഃശക്തിയുമാണ് രണ്ടാമത്തെ മാൎഗ്ഗം. പക്ഷെ ഈ ശക്തിയുടെ കാൎയ്യവും വളരെയൊന്നും ഭിന്നമല്ല. ഏററവും കടുത്ത മാനസികാഭ്യസനങ്ങൾ പോലും ഇവിടെ പ്രയോജനകരമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യൻ തൻെറ അന്തരംഗം നിൎമ്മല ദൎപ്പണംപോലെ തുടച്ചു വൃത്തിയാക്കിവെച്ചുവെന്നിരിക്കട്ടെ, എന്നാലും ദൈവത്തിൻെറ ആജ്ഞാഭീഷ്ടങ്ങളുടെ പ്രതിഛായ ഒരിക്കലുമതിൽ സ്വയം പതിയുന്നില്ല. കണ്ണാടിയിൽ ഒരു വസ്തുവിൻെറ പ്രതിഛായ പതിയണമെങ്കിൽ കണ്ണാടി ശുദ്ധശുഭ്രമായിരുന്നാൽ പോരാ, ആ വസ്തു സ്പഷ്ടരൂപത്തിൽ കണ്ണാടിക്കുമുമ്പിൽ, സമീപത്തുണ്ടായിരിക്കയും വേണം. അപ്പോൾ അല്ലാഹു തൻെറ നിയമങ്ങളാവിഷ്കരിച്ചു മനുഷ്യഹൃദയത്തിനു മുമ്പിൽ കൊണ്ടുചെന്നു് വെക്കാതിരിക്കുന്നിടത്തോളം, ഹൃദയം എന്തുമാത്രം തേജോമയമായിക്കൊള്ളട്ടെ, അവയുടെ പ്രതിഛായ അതിൽ പതിയുന്നില്ല. അല്ലാഹു തൻെറ ആജ്ഞാഭീഷ്ടങ്ങൾ ഓരോ വ്യക്തിക്കും അറിയിച്ചുകൊടുപ്പാനായി ഈ മാൎഗ്ഗമാണവലംബിച്ചിട്ടുള്ളതെന്നു് ഇന്നോളം വാദിക്കാൻ കഴിഞ്ഞിട്ടില്ല. ദൈവനിയമങ്ങൾ മനസ്സിലാക്കുന്നതിന്നു് അങ്ങേയററം നിരുപയോഗമാണീ മാൎഗ്ഗവും.

ഒററൊററ വ്യക്തിക്ക് പകരം അനേകം വ്യക്തികളുടെ കൂട്ടായ ചിന്തയാണ് മൂന്നാമത്തെ മാൎഗ്ഗം. പക്ഷെ ആയിരം അന്ധന്മാർചേൎന്നു് ഒരു കണ്ണുള്ളവനാകാത്തപോലെ അനേകമനേകം വ്യക്തികൾ ചേൎന്നാലും ദൈവനിയമങ്ങൾ കണ്ടെത്തുന്നതിൽ വിജയംവരിക്കുന്നതല്ല. ഈ 'അനേക വ്യക്തികളുടെ കൂട്ട'മെന്നു്

പറയുന്നതും വാസ്തവത്തിൽ കുറെ വ്യക്തികളാണല്ലോ—സ്വന്തം ബുദ്ധികൊണ്ട് ദൈവനിർദ്ദേശങ്ങളറിയാമെന്നു സ്വപ്നം കാണ്മാൻ കൂടി കഴിവില്ലാത്ത വ്യക്തികൾ. അതുകൊണ്ട് ഈ മാർഗ്ഗവും, ആദ്യത്തെ മാർഗ്ഗത്തോളം തന്നെ, പരാജയമാണ്.

അതിനാൽ, ഈ മാർഗ്ഗങ്ങളിലൊന്നുപോലും ദൈവീക നിയമമറിയുകയെന്ന മനുഷ്യൻെറ ആവശ്യം പൂർത്തീകരിക്കാൻ പര്യാപ്തമല്ലെന്നു തെളിഞ്ഞു.

നല്ലതോ, തീയ്യതോ എന്നു നാം സ്വയം മനസ്സിലാക്കുന്ന പല കാര്യങ്ങളുമുണ്ടെന്നതിൽ സംശയമില്ല. അവയുടെ നന്മതിന്മകൾ നാം സ്വന്തം പ്രകൃതികൊണ്ടോ, ബുദ്ധികൊണ്ടോ, സഹജാവബോധംകൊണ്ടോ തീരുമാനിക്കുന്നു. നന്മതിന്മാ നിർണ്ണയത്തിൻെറ തന്നെ മറെറാരു പേരാണ് ദൈവീക മാർഗ്ഗദർശനമെന്നതും ഒരു അംഗീകൃത യാഥാർത്ഥ്യമത്രെ. പക്ഷെ ഇത്രയും കൊണ്ടു മാത്രം മനുഷ്യനു സ്വയം അല്ലാഹുവിൻെറ അഖില ആജ്ഞാഭിലാഷങ്ങളും അനുമാനിക്കാൻ കഴിയുമെന്നു സങ്കല്പിക്കുന്നത് ശരിയായിരിക്കില്ല. എന്തുകൊണ്ടെന്നാൽ, "ഏതാനും" കാര്യങ്ങൾ നല്ലതോ തിയ്യതോ എന്നുള്ള അറിവും അനുമാനവും, "എല്ലാ" കാര്യങ്ങളുടെയും നന്മതിന്മകളനുമാനിച്ചറിയുന്നതിനു തെളിവാകുന്നില്ല. കണ്ണു തുറന്നു നമ്മുടെ ലോകത്തെക്കൊന്നു നോക്കു! ഏതേതു മൂല്യങ്ങളിലാണ് ലോകത്തിനു ഏകാഭിപ്രായമുള്ളത്? ഏതേതു കാര്യങ്ങൾ നല്ലതോ ചീത്തയോ എന്നു മാനവരാശി യോജിച്ചു തീരുമാനിച്ചിട്ടുണ്ട്? വളരെയധികം വിട്ടുവീഴ്ച ചെയ്താലും അത്തരം യോജിച്ച കാര്യങ്ങളുടെ ഗണ്യമായ ഒരു സംഖ്യ നിങ്ങൾക്കെടുത്തുകാട്ടുക സാധ്യമല്ല. ഏതാനും കാര്യങ്ങളിൽ യോജിപ്പുണ്ടെങ്കിൽ തന്നെ വിശദാംശങ്ങളിലേക്കു കടക്കുന്നതോടുകൂടി ഈ യോജിപ്പ് അതേപടി നിലനില്ക്കുന്നില്ല. ഇത്രയ്ക്ക് ദുർബ്ബലമായ ഒരടിത്തറയിൽ ഇത്രവലിയൊരു വാദം പടുത്തുയർത്താവുന്നതല്ല. ഏതാനുംകാര്യങ്ങൾ

നല്ലതോ, തീയ്യതോ എന്നു തീരുമാനിക്കാൻ മനുഷ്യവർഗ്ഗത്തിന്നു കഴിഞ്ഞാൽ തന്നെ, നന്മ തിന്മ പ്രശ്നത്തിന്നു മുഴുവനായി പരിഹാരം കണ്ടെത്താനുള്ള ഒരു സമ്മതപത്രമാകുന്നില്ല അത്. വിളക്കിന്റെ വെളിച്ചം വെളിച്ചമല്ലെന്നാരും പറയുകയില്ല; പക്ഷെ ലോകത്തെ പ്രകാശമാനമാക്കുന്ന സൂര്യന്റെ ആവശ്യം വിളക്കു കൊണ്ടു നിറവേറുന്നതല്ലെന്നു തീർത്തു പറയാവുന്നതാണ്.

ചുരുക്കത്തിൽ, ഈ വിഷയകമായി മനുഷ്യ കഴിവുകളുടെ നിസ്സഹായത ഒരംഗീകൃത യാഥാർത്ഥ്യമാണ്. ബുദ്ധിയ്ക്കോ അനുഭവത്തിനോ അതിനെ ഖണ്ഡിച്ചു യാതൊന്നും പറയാനില്ല. മനുഷ്യന്നീക്കാര്യത്തിൽ ഉപരിഭാഗത്തുനിന്നു മാർഗ്ഗനിർദ്ദേശം ലഭിക്കയെന്നതായിരുന്നു ഈ സ്ഥിതിവിശേഷത്തിന്റെ വ്യക്തമായ താല്പര്യം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അഭീഷ്ടങ്ങളറിയുവാൻ—അവയറിയുന്നതു വായുവും വെള്ളവും പോലെ മനുഷ്യന്നാവശ്യമാണ്—മനുഷ്യന്റെ ബുദ്ധിപരവും ബോധപരവുമായ കഴിവുകൾ അപര്യാപ്തങ്ങളായ സ്ഥിതിയ്ക്ക്, അല്ലാഹു വല്ല ഏർപ്പാടും ചെയ്യുകയായിരുന്നു അതിന്നുള്ള ഒരേയൊരുമാർഗ്ഗം.

ഇതു മനുഷ്യന്റെ ഏററവും വലിയ മൗലികാവശ്യമാണെന്ന സ്ഥിതിവിശേഷം ഒരുവശത്ത്. അല്ലാഹുവിന്റെ അധീശത്വം, കാരുണ്യം, നീതി, യുക്തി മുതലായ ഗുണങ്ങൾ മറുവശത്തും. മനുഷ്യനെ ഇങ്ങനെ നിസ്സഹായതയുടെ കൂരിരുട്ടിൽ തള്ളിവിടാതെ രക്ഷിക്കണമെന്നു ഈ ഓരോ ഗുണവും താല്പര്യപ്പെടുന്നു. ഏതേതു നിയമങ്ങളറിയാതെ അടിമത്തത്തിന്റെയും അനുസരണത്തിന്റെയും മാർഗ്ഗമവലംബിക്കുവാൻ മനുഷ്യന്നു സാധ്യമല്ലയോ, ആ ദൈവനിയമങ്ങൾ സവ്യക്തമായ ഭാഷയിൽ അവനു അറിയിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. ഈ നിലക്ക്, ജഗന്നിയന്താവായ അല്ലാഹു തന്റെ ആജ്ഞാഭിലാഷങ്ങൾ മനു

ഷ്യന്നെത്തിച്ചുകൊടുപ്പാൻ യാതൊരേർപ്പാടും ചെയ്യാതി രിക്കുക സംഭവ്യമായിരുന്നില്ല. ഒരു ദിവസമെങ്കിലും വൈ കിക്കാതെ, മനുഷ്യോല്പത്തി മുതൽ തന്നെ പ്രസ്തുത ഏർപ്പാടും തുടങ്ങിവെക്കേണ്ടതായിരുന്നു. ഏതൊരുവൻ മനുഷ്യൻെറ ഭൗതി കാവശ്യങ്ങളൊരുക്കുന്നതിൽ അതീവ ശ്രദ്ധാലുവാണോ ആ ലോക രക്ഷിതാവ് മനുഷ്യൻെറ ധാൎമ്മികവും മതപരവുമായ ആവശ്യങ്ങൾ ശ്രദ്ധിയ്ക്കാതിരിക്കുക അവൻെറ ദിവ്യത്വപദവി യ്ക്ക് കടകവിരുദ്ധമായിരുന്നു. തൻെറ തൃപ്തിയുടെ മാർഗ്ഗത്തിൽ ച രിക്കാൻ ഏതൊരുവൻ മനുഷ്യനെ ചുമതലപ്പെടുത്തിയോ ആ യജമാനൻെറ കാരുണ്യവും നീതിയും സമ്മതിക്കുമായിരുന്നില്ല, ആ മാർഗ്ഗം മനുഷ്യനറിയാനുള്ള അവശ്യ ഏർപ്പാടുകൾ ചെയ്യാതിരിക്കാൻ. തീർച്ചയായും അവനത് ചെയ്തിരിക്കുന്നു. ഇതേ ഏർപ്പാടിന്നാണ് മതത്തിൻെറഭാഷയിൽ 'രിസാലത്തെ' ന്നു പറയുന്നത്. ആരു മുഖേന ഈ ഏർപ്പാട് നടക്കുന്നുവോ അദ്ദേഹത്തിന്ന "റസൂൽ" എന്നും പറയുന്നു.

ദൗത്യത്തിൻെറ അഭാവത്തിൽ മനുഷ്യന് ദൈവനിയമങ്ങ ളറിയുക സാദ്ധ്യമല്ലെന്ന സംഗതി പകൽ വെളിച്ചം പോലെ വ്യക്തമാണെങ്കിൽ, മുസ്ലിമും മുഅ്മിനും ആയിരിക്കുവാൻ ദൗത്യവിശ്വാസം അവശ്യംആവശ്യമാണെന്ന യാഥാർത്ഥ്യവും വളരെ വ്യക്തമാണ്. കാണാൻ കണ്ണിന് കാഴ്ച വേണമല്ലോ, അതുപോലെ തന്നെ. ഒരു ലക്ഷ്യത്തിലെത്താൻ ഒരേയൊരു മാർഗ്ഗ മേയുള്ളുവെങ്കിൽ അത് അവലംബിക്കാതെ ലക്ഷ്യപ്രാപ്തിയുടെ പ്രശ്നം ഉത്ഭവിക്കുന്നില്ല.

സംഗതി ഇവിടെയും അവസാനിക്കുന്നില്ല. അല്പം ചിന്തി ച്ചാൽ, ദൗത്യത്തിൻെറ പ്രായോഗിക പ്രാധാന്യം ഇതിലുപരി യാണെന്നു മനസ്സിലാകും. അതില്ലാതെ അല്ലാഹുവിൻെറ നിയ മങ്ങളറിയുക സാദ്ധ്യമല്ലെന്നു മാത്രമല്ല, അല്ലാഹുവിലും ആഖിറ

ത്തിലും യഥാവിധി വിശ്വസിക്കാൻ തന്നെ സാദ്ധ്യമല്ലെന്നതാണ് പരമാർത്ഥം. അപ്പോൾ ദൗത്യവിശ്വാസം ഇസ്ലാമിന്റെ മൗലിക വിശ്വാസങ്ങളിലുൾക്കൊണ്ടിട്ടുണ്ടെങ്കിൽ തികച്ചും അർഹിക്കുന്ന ഒരവകാശം തന്നെയാണത്.

അന്നപാനാദികൾപോലെ മനുഷ്യജീവിതത്തിന്നനുപേക്ഷണീയമായ ഒരാവശ്യമാണ് ദൗത്യമെന്നും, അത് ഇസ്ലാമിന്റെ മൗലിക വിശ്വാസങ്ങളിൽ പെട്ടതാണെന്നും താത്വികമായി ഗ്രഹിച്ചു കഴിഞ്ഞസ്ഥിതിക്ക് ഇനി, ദൗത്യവിശ്വാസത്തിന്റെ അവശ്യ വിശദീകരണങ്ങളിലേക്ക് കടക്കാം.

പ്രവാചകദൗത്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുള്ള പ്രമുഖ യാഥാർത്ഥ്യങ്ങളിവയാണ്:

## 1. ദൈവദൂതന്മാർ മനുഷ്യരായിരുന്നു

അല്ലാഹു തന്റെ നിയമങ്ങൾ മനുഷ്യർക്കെത്തിക്കുവാൻ എല്ലാ കാലത്തും ഉപാധിയായി സ്വീകരിച്ചത് മനുഷ്യരെ തന്നെയായിരുന്നു. അതായത് അല്ലാഹുവിന്റെ ദൂതന്മാർ മലക്കുകളായിരുന്നില്ല, ജിന്നുകളോ മററു സൃഷ്ടികളോ ആയിരുന്നില്ല, അല്ലാഹു ഏതെങ്കിലും മനുഷ്യ രൂപമോ മനുഷ്യേതരരൂപമോ സ്വീകരിച്ച് ഇറങ്ങിവരികയുണ്ടായിട്ടുമില്ല. എപ്പോഴെല്ലാം ആരെല്ലാം ദൈവദൂതരായി നിയോഗിതരായിട്ടുണ്ടോ അവരെല്ലാംതന്നെ മനുഷ്യവർഗ്ഗത്തിൽ പെട്ടവരായിരുന്നു. അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُوحِي إِلَيْهِم مِّنْ أَهْلِ
الْقُرَىٰ (يوسف ١٠٩)

"(ഓ, മുഹമ്മദ്!) നിനക്കു മുമ്പും നാം ദിവ്യബോധനം നല്കി

കൊണ്ടു ദൂതന്മാരായി നിയോഗിച്ചതു്, നാട്ടുകാരിൽപെട്ട പുരുഷന്മാരെ മാത്രമായിരുന്നു''.

പൂർവ്വസമുദായങ്ങളുടെയും പൂർവ്വ പ്രവാചകന്മാരുടെയും സംഭവങ്ങൾ വിശുദ്ധഖുർആൻ വിവരിച്ചിട്ടുള്ളതിൽനിന്നു മനസ്സിലാകുന്നതിതാണ്: 'നിങ്ങളും ഞങ്ങളെപ്പോലുള്ള മനുഷ്യരായിരിക്കെ നിങ്ങൾ ദൈവദൂതന്മാരും പ്രവാചകന്മാരുമാണെന്നു എങ്ങിനെ വാദിക്കുന്നു?' എന്നു ചോദിച്ചുകൊണ്ടായിരുന്നു ജനങ്ങൾ എല്ലാകാലത്തും ദൂതന്മാരെ തിരസ്കരിച്ചിരുന്നതു്:

(قَالُوا إِنْ أَنْتُمْ إِلَّا بَشَرٌ مِثْلُنَا - ابراهيم ١٠)

“നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാണെന്നു് അവർ പറഞ്ഞു”.

ഈ വിമർശനത്തിനു മറുപടിയായി, “അല്ല, ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യരാണെന്ന നിങ്ങളുടെ വാദം അബദ്ധമാണ്” എന്നു ദൈവദൂതന്മാർ ഒരിക്കലും പറഞ്ഞില്ല. പ്രത്യുത, അവരെല്ലാം പറഞ്ഞതു്, “ഉവ്വ്, ഞങ്ങളും മനുഷ്യർ തന്നെ; സംശയമില്ല; നിങ്ങളെപ്പോലുള്ള മനുഷ്യർ തന്നെ” എന്നായിരുന്നു.

(قَالَتْ لَهُمْ رُسُلُهُمْ إِنْ نَحْنُ إِلَّا بَشَرٌ مِثْلُكُمْ (ابراهيم ١١)

(അവരുടെ പ്രവാചകന്മാർ അവരോടു് പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാണ്.)

ആകയാൽ ദൗത്യത്തിനുവേണ്ടി നിയോഗിതരായതു് എല്ലാകാലത്തും മനുഷ്യർ തന്നെയായിരുന്നു എന്നുള്ളതു് പ്രസ്പഷ്ടമായ ഒരു പരമാർത്ഥമാണ്. അതെ, നമ്മളെയെല്ലാംപോലുള്ള മനു

ഷ്യരായിരുന്നു അവർ. അവക്കും നമ്മെപ്പോലെ ജഡവും ആത്മാവും ഉണ്ടായിരുന്നു. കഴിവുകളും അഭിലാഷങ്ങളും ഉണ്ടായിരുന്നു. ഭാര്യാസന്തതികളുണ്ടായിരുന്നു. അവർ പ്രകൃതി നിയമേന ജനിച്ചവരാണ്. തിന്നുകയും കുടിക്കുകയും ചെയ്തു. ഉറങ്ങുകയും ഉണരുകയും ചെയ്തു. സുഖവും ദുഃഖവും അനുഭവിച്ചു. ചിരിക്കുകയും കരയുകയും ചെയ്തു. ആരോഗ്യവാന്മാരായിരിക്കുകയും, രോഗബാധിതരായിത്തീരുകയും, ഇഹലോകവാസം വെടിയുകയും ചെയ്തു. ചുരുക്കത്തിൽ എല്ലാ വശത്തിലൂടെയും അവർ മനുഷ്യരായിരുന്നു. മനുഷ്യത്വപരമായ സകല സംഗതികളും അവരിലുണ്ടായിരുന്നു. ഈ വിശദീകരണങ്ങൾ إِنْ نَحْنُ إِلَّا بَشَرٌ مِثْلُكُمْ പോലുള്ള ആയത്തുകളിൽനിന്നു മാത്രം മനസ്സിലാകുന്നതല്ല, വിശുദ്ധ ഖുർആൻ പലയിടങ്ങളിലായി അതു വിശദീകരിച്ചിട്ടുണ്ട്:

...... إِنَّهُمْ لَيَأْكُلُونَ الطَّعَامَ وَيَمْشُونَ فِي الْأَسْوَاقِ (فرقان ٢٠)

"........അവർ (പ്രവാചകന്മാർ) ആഹാരം കഴിക്കുകയും (ചരക്കുകൾ വാങ്ങുന്നതിനു) അങ്ങാടികളിൽ നടക്കുകയും ചെയ്യുന്നു."

وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً (رعد ٣٨)

"നാമവക്കു ഭാര്യമാരെയും സന്തതികളെയും ഉണ്ടാക്കിയിരിക്കുന്നു."

ദൈവദൂതന്മാരായി മനുഷ്യരെ നിയോഗിച്ചതിലുള്ള നന്മയെന്തെന്നും ഖുർആൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നബി (സ) യുടെ പ്രവാചകത്വത്തിന്നെതിരിൽ ജനങ്ങൾ, "ഞങ്ങളിലേക്കു അല്ലാഹുവിന്റെ ഒരു ദൂതനെ അയക്കണമെന്നുണ്ടെങ്കിൽ ഞങ്ങളെപ്പോലുള്ള മനുഷ്യനെയായിരുന്നില്ല, വല്ല മലക്കിനെയുമാണ

യക്കമായിരുന്നതു്'' എന്നു 'തെളിവു്' നല്കിയപ്പോഠം അല്ലാഹുവിൻെറ പ്രത്യുത്തരമിതായിരുന്നു:

قُلْ لَوْ كَانَ فِي الْأَرْضِ مَلَائِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِمْ مِنَ السَّمَاءِ مَلَكًا رَسُولًا (بنى اسرائيل ٩٥)

''നബി! (അവരോടു്) പറയുക, ഭൂമിയിൽ മലക്കുകളാണു് താമസിച്ചുവിഹരിക്കുന്നതെങ്കിൽ നാമവരിൽ ആകാശത്തുനിന്നു ഒരു മലക്കിനെ ദൂതനായി അയക്കുമായിരുന്നു.''

ദൗത്യവിഷയകമായി അല്ലാഹുവിൻെറ നിശ്ചിത വ്യവസ്ഥയാണിവാക്യം കുറിക്കുന്നതു്. ആ വ്യവസ്ഥ ഇതാണു്: ദൈവദൂതനു് ഏതൊരു വർഗ്ഗത്തിലും സൃഷ്ടിയിലുമാണോ ദൗത്യകർത്തവ്യം നിർവ്വഹിക്കാനുള്ളതു്, അതേ വർഗ്ഗത്തിലും സൃഷ്ടിയിലുംപെട്ട ആളായിരിക്കുമദ്ദേഹം. ഇതൊരു നിസ്സാര വാക്യമാണെന്നു തോന്നാം. എന്നാൽ തത്വപൂർണ്ണമായ ഒരു വാക്യമാണതു്. ഒരു സൽബുദ്ധിക്കു് കാര്യം മുഴുവൻ ബോദ്ധ്യപ്പെടുത്താൻ അതു് പര്യാപ്തമാണു്. മനുഷ്യക്കു് ദൈവികനിയമങ്ങളെത്തിക്കുന്ന ദൂതന്മാർ മനുഷ്യർതന്നെ ആയിരിക്കണമെന്ന പരമാർത്ഥം അതിൽ നിന്നു് സ്വയം വ്യക്തമാണു്. അല്ലാത്ത നിലയിൽ ദൗത്യത്തിൻെറ ഉദ്ദേശ്യം നിറവേറുന്നതല്ല. എന്തുകൊണ്ടെന്നാൽ, ജനങ്ങളിലേക്കു് ദൈവനിയമങ്ങളെത്തിക്കാനുള്ള മാർഗ്ഗമാണു് ദൈവദൂതൻ എന്നിരിക്കിലും അദ്ദേഹം ഒരു 'തപാൽക്കാരൻ' മാത്രമാണെന്നു് അതിന്നർത്ഥമില്ല. ടെലിഫോണും ടെലിഗ്രാമും പോലെ, അല്ലാഹുവിൻെറ നിയമങ്ങഠം അവൻെറ അടിമകഠംക്കെത്തിച്ചുകൊടുക്കുന്ന സ്ഥാനം മാത്രമേ അവക്കുള്ള എന്നതല്ല സ്ഥിതി. അതിലധികമായ ചിലതുകൂടിയാണവർ. തീർച്ചയായുമവർ അല്ലാഹുവിൻെറ നിയമങ്ങളെത്തിച്ചുകൊ

ട്ടുകുന്നവർതന്നെ. പക്ഷെ, അതോടൊപ്പം പ്രസ്തുത നിയമങ്ങളുടെ വക്താവും വ്യാഖ്യാതാവും ശിക്ഷകനും മാർഗ്ഗദർശിയും കൂടിയാണ് പ്രവാചകൻ. അവസ്ഥാനുസൃതമായി അദ്ദേഹം ജനങ്ങളെ പരിശീലിപ്പിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുന്നു. എല്ലാംവരിലും മുമ്പായി സ്വയം അവയെ പിന്തുടൎന്ന് മററുള്ളവൎക്ക് കർമ്മപരമായ 'ഉത്തമമാതൃക' (أُسْوَةٌ حَسَنَةٌ) യായി വർത്തിക്കുന്നു. ഈ എല്ലാകാൎയ്യങ്ങളും അദ്ദേഹത്തിൻെറ ചുമതലകളിൽ പെട്ടതാകുന്നു. മററുവാക്കുകളിൽ, ഇതെല്ലാം ഉണ്ടാകാതിരിക്കുന്നേടത്തോളം, ദൌത്യപരമ്പര സ്ഥാപിതമായതെന്തിനുവേണ്ടിയോ ആ ഉദ്ദേശ്യംതന്നെ നിറവേറുന്നതല്ല. മററേതെങ്കിലും സൃഷ്ടിക്ക് ഈ എല്ലാകാര്യങ്ങളും നിറവേററുക സാദ്ധ്യമാണോ? ഒരുത്തരമേ അതിനുള്ളു: ഇതര സൃഷ്ടികളിലാരെങ്കിലും ഇവയിൽ ചിലതു നിൎവ്വഹിക്കാൻ പക്ഷെ, സാധിക്കുമായിരിക്കാം; എല്ലാം നിർവ്വഹിക്കുക ഒരിക്കലും സാദ്ധ്യമല്ല. ഉദാഹരണമായി മലക്കുകളെത്തന്നെ എടുക്കുക. ഈ വിഷയകമായി അവരിലേക്കാണല്ലോ ആദ്യമായി ദൃഷ്ടി തിരിയുക. ഒരു മലക്കിനെ മനുഷ്യരിലേക്ക് പ്രവാചകനായി നിയോഗിക്കയാണെങ്കിൽ സ്ഥിതി എന്തായിരിക്കുമെന്ന് ചിന്തിക്കേണ്ടതാണ്. ദൈവനിയമങ്ങൾ വല്ലവിധേനയും ജനങ്ങൾക്കെത്തിക്കപ്പെട്ടുമെന്നുള്ളതു ശരിതന്നെ. പക്ഷെ, മാനുഷികാഭിലാഷങ്ങളുമായും മനുഷ്യൻെറ സവിശേഷ പ്രശ്നങ്ങളുമായും ബന്ധപ്പെട്ട നിയമങ്ങൾ, മലക്കായിരിക്കെ എങ്ങിനെയാണ് അയാൾ അനുഷ്ഠാനത്തിൽ വരുത്തുക? ശരീഅത്തിൻെറ ഗണ്യമായ ഒരു ഭാഗം അനുഷ്ഠാനത്തിൽ വരുത്തുന്ന പ്രശ്നം അയാളെസ്സംബന്ധിച്ചുത്ഭവിക്കുന്നില്ലെങ്കിൽ അനുയായികൾക്ക് അദ്ദേഹമെങ്ങിനെയാണ് 'ഉത്തമമാതൃക'യായി വർത്തിക്കുക? അതേപ്രകാരംതന്നെ മാനുഷികവികാരാഭിലാഷങ്ങളെസ്സംബന്ധിച്ച അജ്ഞനായിരിക്കെ അവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജനങ്ങൾക്കു

ങ്ങിനെ സന്ദർഭോചിതമായ നേതൃത്വം നൽകും? അവരുടെ പ്രശ്നങ്ങൾക്കെങ്ങിനെ പരിഹാരം കാണും? അവക്കുവേണ്ടി ദിവ്യഗ്രന്ഥത്താൽ പ്രദാനം ചെയ്യപ്പെട്ട ജീവിതവ്യവസ്ഥയുടെ അടിസ്ഥാനരൂപരേഖക്ക് വിശദീകരണങ്ങൾ നൽകാൻ അയാൾക്കെങ്ങിനെ സാധിക്കും? മനുഷ്യന്റെ അവസ്ഥാവിശേഷങ്ങളെന്തെന്നുതന്നെ മലക്കിന്നറിഞ്ഞുകൂടെന്നിരിക്കെ, മനുഷ്യനിൽ സംസ്കരണം സാധിക്കുന്നതെങ്ങിനെ?

ഓരോ നബിയും അദ്ദേഹം നിയോഗിതനായ സമുദായത്തിൽപെട്ട ആളായിരുന്നുവെന്നും അതുപോലെത്തണെ അദ്ദേഹത്തിന്നു് അവതീർണ്ണമായ ദിവ്യഗ്രന്ഥം സ്വസമുദായത്തിന്റെ ഭാഷയിലായിരുന്നുവെന്നും ഖുർആൻ വ്യക്തമാക്കുന്നു:

(وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِ - ابراهيم ٤)

"ഒരു പ്രവാചകനെയും നാമയച്ചിട്ടില്ല; അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ"

അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് സ്പഷ്ടമായി മനസ്സിലാകുവാൻ വേണ്ടിയാണിങ്ങനെ ചെയ്യുന്നത്. لِيُبَيِّنَ لَهُمْ (അവക്ക് വിശദീകരിച്ചു കൊടുക്കാൻവേണ്ടി). തന്റെ സന്ദേശം ജനങ്ങളിൽ പകൽവെളിച്ചംപോലെ പ്രകാശിതമാകുവാൻ അല്ലാഹു എന്തുമാത്രം ഏർപ്പാടുകളാണ് ചെയ്തിരിക്കുന്നതെന്നും, അവന്റെ ദീൻ മനസ്സിലാക്കുന്നതിൽ യഥാർത്ഥത്തിലുള്ള വല്ല വിഷമതയും ഒഴികഴിവും അവക്ക് മാർഗ്ഗതടസ്സമായിരുന്നുകൂടെന്നതിന്നു് എന്തുമാത്രം പ്രാധാന്യമാണവൻ നൽകിയിരിക്കുന്നതെന്നും ഖുർആന്റെ പ്രസ്തുത വിവരണത്തിൽ നിന്നനുമാനിക്കാവുന്നതാണ്. അല്ലാഹുവിന്റെ "ഹുജ്ജത്ത്" (അനിഷേധ്യ തെളിവ്) ജനങ്ങളിൽ എല്ലാവിധത്തിലും പൂർത്തീകരിക്കപ്പെടുവാൻ

വേണ്ടിയാണിതെല്ലാം ചെയ്തിരിക്കുന്നത്. ഇതിന്നു്, നബി സ്വന്തം ജനതക്കാരനാവേണ്ടതും ദൈവസന്ദേശം അതേ ജനതയുടെ ഭാഷയിലാവേണ്ടതുമാവശ്യമാണെങ്കിൽ അദ്ദേഹം മനുഷ്യനായിരിക്കേണ്ടത് അതിലുപരി ആവശ്യമാണെന്ന കാര്യം അവിതർക്കിതമാണ്.

## 2. ദൗത്യപദവിയുടെ സ്വഭാവം

പ്രവാചകത്വം പ്രയത്നിച്ചുണ്ടാക്കാവുന്നതല്ല. ദൈവത്തെ മായ ഒരു പ്രത്യേക സമ്മാനമാണത്. അല്ലാഹു അനുഗ്രഹിച്ചവർക്ക് മാത്രമേ അതു ലഭിക്കയുള്ളു. മനുഷ്യന്റെ ഇച്ഛക്കും പരിശ്രമത്തിന്നും അതിന്റെ ലബ്ധിയിൽ യാതൊരു പങ്കുമില്ല.

ഈ സ്ഥാനത്തിന്നു്, അഥവാ ഉത്തരവാദിത്വത്തിന്നു് ആളുകളെ അല്ലാഹു സ്വയം തെരഞ്ഞെടുത്തുവന്നു. ഇതിന്നു ഖുർആനിന്റെ ഭാഷയിൽ اصطفاء എന്നുപറയുന്നു. അനേക വസ്തുക്കളിൽ നിന്നു് അത്യുത്തമമായതിനെ തെരഞ്ഞെടുക്കുന്നതിന്നാണ് 'ഇസ്ഥിഫാ' എന്നുപറയുന്നത്। തങ്ങളുടെ വിവിധങ്ങളായ കഴിവുകളും യോഗ്യതകളുമനുസരിച്ചു്, മഹോന്നതവും പരമോൽകൃഷ്ടവുമായ ഈ സ്ഥാനത്തിന്നു് ഏററവുമധികം അർഹതപ്പെട്ട വ്യക്തികളാണ് തെരഞ്ഞെടുക്കപ്പെട്ടതെന്നു ആ പദംതന്നെ കുറിക്കുന്നു. അനുപേക്ഷണീയമായ ഒരു കാര്യമാണിതെന്നു യുക്തിപരമായിത്തന്നെ മനസ്സിലാവുന്നതിന്നു പുറമെ, വിശുദ്ധ ഖുർആന്റെ വിശദീകരണങ്ങൾ അതു വ്യക്തമാക്കുന്നുമുണ്ട്. നബി (സ)യുടെ പ്രതിയോഗികൾ, തിരുമേനി നബിയാണെന്ന വാദത്തെ ചോദ്യംചെയ്കയും, ദൗത്യസ്ഥാനത്തിന്നു് തങ്ങൾക്കുള്ള തുല്യാവകാശത്തെക്കുറിച്ചു വാദിക്കയും ചെയ്തപ്പോൾ അല്ലാഹു പ്രത്യുത്തരം നൽകി:

اللهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ (انعام ١٢٤)

"തന്റെ ദൗത്യം ആരെ വഹിപ്പിക്കണമെന്നു അല്ലാഹുവിന്നാണേററവുമധികം അറിയുക."

ദൗത്യം അഭ്യസിച്ചും അദ്ധ്വാനിച്ചും നേടാവുന്നതല്ലെന്നു മാത്രമല്ല, മറവുള്ളവക്തിന്റെ യാഥാർത്ഥ്യം കണ്ടെത്തുവാൻ പോലും സാദ്ധ്യമല്ല. ഖുർആൻ പറയുന്നു:

وَيَسْأَلُونَكَ عَنِ الرُّوحِ قُلِ الرُّوحُ مِنْ أَمْرِ رَبِّي وَمَا أُوتِيتُمْ

مِنَ الْعِلْمِ إِلَّا قَلِيلًا (بني إسرائيل ٨٥

"അവർ നിന്നോടു വഹ്‌യിനെപ്പററി ചോദിക്കുന്നു. പറയുക, വഹ്‌യ് എന്റെ നാഥന്റെ (പ്രത്യേക)കാര്യങ്ങളിൽ പെട്ടതാകുന്നു. അൽപമാത്രമായ ജ്ഞാനമേ നിങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളൂ."

അതായത്, നിങ്ങളുടെ ജ്ഞാനത്തിന്റെയും ഗ്രഹണത്തിന്റെയും പ്രാപ്യത സ്വാഭാവികമായും "വഹ്‌യി" (ദിവ്യബോധനം)ന്റെ യാഥാർത്ഥ്യം കണ്ടെത്താവുന്ന വിധത്തിലുള്ളതല്ല. ദിവ്യബോധനത്തിന്റെ യഥാർത്ഥ്യം കണ്ടെത്താതിരിക്കുകയെന്നാൽ ദൗത്യത്തിന്റെ യാഥാർത്ഥ്യം കണ്ടെത്താതിരിക്കുകയെന്നർത്ഥമാണ്. കാരണം വഹ്‌യാണ് നുബുവ്വത്തിന്റെ സവിശേഷത. വഹ്‌യ് ലഭിക്കുന്നതിനാലത്രെ ഒരാൾ നബിയായിത്തീരുന്നത്.

## 3. ദൗത്യത്തിന്റെ സാർവ്വത്രികത

എല്ലാ ജനസമുദായങ്ങളിലും പ്രവാചകന്മാർ നിയോഗിതരായിട്ടുണ്ട്:

وَإِنْ مِنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ (فاطر ٢٤

"ഒരു മുന്നറിയിപ്പുകാരൻ (ദൈവദൂതൻ) കഴിഞ്ഞുപോകാതിരുന്ന ഒരു സമുദായവും ഇല്ല."

ഇങ്ങിനെ തന്നെയാണ് വേണ്ടിയിരുന്നതെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യരെല്ലാം സമന്മാരാണ്; ഏതു ജനതയോടും ഭൂപ്രദേശത്തോടും ബന്ധപ്പെട്ടവരായിക്കൊള്ളട്ടെ, എല്ലാംവരും ഒരേ ലക്ഷ്യത്തിന്നു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിനുള്ള അടിമത്തമാണ് എല്ലാവരുടെയും ജീവിത കർത്തവ്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.. ഈ കർത്തവ്യത്തെസ്സംബന്ധിച്ച് എല്ലാവരും വിചാരണക്ക് വിധേയരാണ്. എന്നിരിക്കെ ചില ജനങ്ങൾക്ക് അവരുടെ കർത്തവ്യം അല്ലാഹു അറിയിച്ചുകൊടുക്കുകയും അതേ സമയത്ത് ചിലരെ അറിയിക്കാതെ വിടുകയും ചെയ്കയെന്നത് എങ്ങിനെ സംഭവിക്കും? അല്ലാഹു ആകട്ടെ, തുല്യ നിലയിൽ എല്ലാവരുടെയും ദൈവമാണ്; സ്രഷ്ടാവും നിയന്താവും വിധികർത്താവുമാണ്; അവന്റെ കാരുണ്യം എല്ലാവർക്കും പൊതുവാണ്; വിഭാഗീയ വീക്ഷണത്തിൽനിന്നു തികച്ചും പരിശുദ്ധമാണ് അവന്റെ നീതി.

എല്ലാ സമുദായത്തിലും പ്രവാചകൻ ഉണ്ടായിരുന്നു എന്നതിന്നർത്ഥം, നന്നച്ചുരുങ്ങിയത് അവരുടെ ഏതെങ്കിലുമൊരു തലമുറയിലെങ്കിലും ഒരു പ്രവാചകൻ നിയോഗിതനായിരുന്നുവെന്നാണ്.

## 4. പ്രവാചക ശിക്ഷണങ്ങളുടെ നിലപാട്

പ്രവാചകൻ ദീനിന്റെയും ശരീഅത്തിന്റെയും പേരിൽ ജനങ്ങളെ അറിയിക്കുന്ന എന്തും അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കും. യാതൊന്നും അദ്ദേഹത്തിന്റെ സ്വന്തമായിരിക്കില്ല.

وَمَا يَنْطِقُ عَنِ الْهَوَى إِنْ هُوَ إِلَّا وَحْيٌ يُوحَى (والنجم ٣-٤)

"അദ്ദേഹം (ദീനിനെസ്സംബന്ധിച്ചു) സ്വേഛാനുസൃതം യാതൊന്നും ഉച്ചരിക്കുന്നതല്ല; അദ്ദേഹത്തിന്നു അവതരിക്കുന്ന ദിവ്യബോധനം മാത്രമാണത്."

പ്രവാചകൻെറ എല്ലാ അദ്ധ്യാപനങ്ങളും അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നതിൻെറ അർത്ഥം സ്വല്പം വ്യാപകമാണ്. അത് രണ്ടു വിധമുണ്ട്:

1) അല്ലാഹു തൻെറ നിയമങ്ങൾ നിർണ്ണിത പദങ്ങളിൽ നേരിട്ടോ മലക്ക മുഖേനയോ നബിക്ക് പഠിപ്പിച്ചുകൊടുത്തി ട്ടുള്ളത്,

2) അല്ലാഹുവിങ്കൽനിന്നു് നബിക്ക് പഠിപ്പിച്ചും അറി യിച്ചും കൊടുത്ത നിയമങ്ങൾ മുമ്പിൽവെച്ച് അദ്ദേഹം 'ഇജ്തിഹാദ്' ചെയ്തിട്ടുള്ളതും, അല്ലാഹുവിൻെറ അഭീഷ്ടങ്ങളെ പ്രതി നിധീകരിച്ചുകൊണ്ട് കൂടുതൽ നിയമങ്ങൾ കണ്ടുപിടിച്ചിട്ടുള്ള തും. ആദ്യത്തെ ഇനത്തിൽ പെട്ട അദ്ധ്യാപനങ്ങൾ നേക്ക്നേരെ അല്ലാഹുവിങ്കൽനിന്നുള്ളതാണെങ്കിൽ, രണ്ടാമിനത്തിൽ പെട്ട നി യമങ്ങൾ അല്ലാഹുവിങ്കൽനിന്നാകുന്നത് നബിയുടെ 'ഇജ്തി ഹാദ്' വഴിക്കാകുന്നു.

## 5. പ്രവാചകന്മാരുടെ പാപസുരക്ഷിതത്വം

ദൈവദൂതൻ 'മഅ്സൂം' (തെററുകളിൽനിന്നു സുരക്ഷിതൻ) ആയിരിക്കും. ചിന്താപരവും വിചക്ഷണപരവുമായ പിശകു കളോ, കർമ്മപരവും ധാർമ്മികവുമായ വീഴ്ചകളോ അദ്ദേഹത്തിൽ നിന്നു സംഭവിക്കുന്നതല്ല. ദേഹേച്ഛയുടെയും പിശാചിൻെറ യും കൈകടത്തലിൽനിന്നു അദ്ദേഹത്തിൻെറ വികാരങ്ങളും വി ചാരങ്ങളും കർമ്മങ്ങളും സ്വഭാവങ്ങളുമെല്ലാം പരിശുദ്ധങ്ങളാ യിരിക്കും. അബദ്ധങ്ങൾ അദ്ദേഹത്തിൽനിന്നു സംഭവിക്കുമെ ങ്കിൽ, ശരീഅത്തേതരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ചിന്ത കളിലും അനുമാനങ്ങളിലും മാത്രമേ സംഭവിക്കയുള്ളു. ഈ വി ധത്തിലുള്ള അനുമാനപരമായ അബദ്ധങ്ങൾ 'മഅ്സൂമിയത്ത്' നിലപാടിനെ ഒരു നിലക്കും പ്രതികൂലമായി ബാധിക്കുന്നതല്ല.

എന്തുകൊണ്ടെന്നാൽ, ദൈവ നിയമങ്ങൾ മനസ്സിലാക്കുന്നതിലും കൂടുതൽ നിയമങ്ങൾ അതിൽനിന്നു കണ്ടെത്തുന്നതിലും ദൈവഹിതമൊത്ത പ്രവൃത്തിയിൽ വരുത്തുന്നതിലും അബദ്ധം പററുന്നതല്ലെന്നു മാത്രമേ പ്രവാചകന്മാരുടെ 'ഇസ്മത്ത്' (പാപസുരക്ഷിതത്വം) കൊണ്ട് വിവക്ഷിക്കുന്നുള്ളു. ഇതര പ്രശ്നങ്ങളിൽ വരുന്ന അഭിപ്രായത്തെററുകൾ ഈ പ്രശ്നവുമായി തീരെ ബന്ധപ്പെട്ടതല്ല.

നബി മഅ്സൂമാകുന്നത്, തെററായി ചിന്തിക്കുവാനും തെററ് പ്രവർത്തിക്കുവാനുമുള്ള സാദ്ധ്യത തന്നെ അദ്ദേഹത്തിന്നില്ലാത്തതുകൊണ്ടല്ല. പ്രകൃതിസഹജമായ ഈ സാദ്ധ്യത മറെറല്ലാ മനുഷ്യരിലെന്നപോലെ പ്രവാചകന്മാരിലും ഉണ്ടെന്നുള്ളതിൽ സംശയമില്ല. പക്ഷെ, പ്രവാചകന്മാരിൽ അത് ഫലിക്കുന്നില്ലെന്നുമാത്രം. കാരണം, പ്രവാചകൻെറ ചിന്തയും ദീർഘദൃഷ്ടിയും ധാർമ്മികശക്തിയും അത്യുന്നതമായിരിക്കും. ഒരു വശത്ത്, അദ്ദേഹത്തിനു ദൈവികനിയമങ്ങളുടെ സാരം ഗ്രഹിക്കുവാനും അവയിൽനിന്നു വിചക്ഷണദ്വാരാ കൂടുതൽ നിയമങ്ങൾ കണ്ടെത്തുവാനും ഏററവും മെച്ചപ്പെട്ട കഴിവുകളുണ്ടെങ്കിൽ മറുവശത്ത്, തൻെറ ദേഹേച്ഛയുടെ മേൽ പരിപൂർണ്ണനിയന്ത്രണവുമുണ്ട്. പാപത്തിനുള്ള പ്രേരണകൾ തലപൊക്കാത്തവണ്ണം, അദ്ദേഹത്തിൻെറ ധർമ്മികശക്തിയും ദൈവഭയവും പരലോകബോധവും അത്യുഗ്രം സമുജ്ജ്വലങ്ങളായിരിക്കും.

പ്രവാചകന്മാരുടെ പാപപരിശുദ്ധിക്കു ഇത്മാത്രമാണ് കാരണമെന്നു ധരിക്കേണ്ടതില്ല; അവരെ ഈ മഹൽ പദവിയിലേക്കുയർത്തിയ മറെറാരു പ്രധാന കാര്യം കൂടിയുണ്ട്. അല്ലാഹുവിൻെറ പ്രത്യേകമായ മേൽനോട്ടമാണത്. ഈ 'മേൽനോട്ട'മാണ്, വിചാരപരവും വിചക്ഷണപരവുമായ അബദ്ധങ്ങളിൽനിന്നും കർമ്മപരവും ധാർമ്മികവുമായ വീഴ്ചകളിൽനിന്നും അവരെ കാത്തു സൂക്ഷിക്കുന്നത്. എന്നാൽ 'നബി'യിൽ നിന്നു് 'ഇജ്

തിഫാദ്' (വിചക്ഷണ)പരമായ പിശകുകൾ ഒരിക്കലും, ഒരു വിധത്തിലും സംഭവ്യമല്ലെന്നു ഇപ്പറഞ്ഞതിന്നർത്ഥമാക്കേണ്ടതില്ല. ആ വക പിശകുകൾ സംഭവ്യമാണ്; സംഭവിച്ചിട്ടുമുണ്ട്. പക്ഷെ അങ്ങിനെ വല്ലതും സംഭവിക്കുന്നമാത്രയിൽ അല്ലാഹു നബിയെ അതുണർത്തിക്കുകയും, അദ്ദേഹത്തിൻെറ ഈ ഇജ്തിഹാദ്, ശരീഅത്ത് നിയമമായി സമുദായത്തിലെത്തും മുമ്പ് ദിവ്യബോധനം (വഹ്‌യ്, ഇൽഹാം) വഴി തെററ് തിരുത്തിക്കുകയും ചെയ്യുന്നു. ഇതേ പ്രകാരം, ഉച്ഛ്രൃംഖലതകൾ തലപൊക്കാൻ ഭാവിക്കുമ്പോൾ അതിനെ അടിച്ചമർക്കാൻ മുന്നോട്ടുവരുന്ന നബിയുടെ ഈമാനിക ധാർമ്മിക ശക്തി തനിച്ചാകുന്നില്ല; അല്ലാഹുവിൻെറ പ്രത്യേകമായ സഹായം ഒന്നിച്ചുണ്ടാകുന്നു. അതുണ്ടായിരിക്കെ ഉച്ഛ്രൃംഖലതകൾക്ക് തീരെ നില്ക്കക്കള്ളിയില്ല.

നബി മഅ്സൂമാകേണ്ടത്, പ്രവാചകത്വപരമ്പര സ്ഥാപിതമായ ലക്ഷ്യത്തെസ്സംബന്ധിച്ചിടത്തോളം അനിവാര്യമാണെന്നു, ചിന്തിച്ചാൽ സ്വയം മനസ്സിലാക്കാവുന്നതാണ്. ഒരു വ്യക്തി കള്ളം പറയാനും, വഞ്ചന കാണിക്കാനും, ദേഹേച്ഛയ്ക്കടിമപ്പെടാനും, ദൈവാഭീഷ്ടമല്ലാത്ത തെററായി പ്രതിനിധീകരിക്കാനും സാദ്ധ്യതയുണ്ടെന്ന് വയ്ക്കുക — അങ്ങിനെയുള്ള സംശയാസ്പദമായ വ്യക്തിത്വത്തോടു കൂടിയ ഒരു മനുഷ്യൻ രേതുവാദത്തിൽ സത്യവാനാണെന്നും, അയാൾ കള്ളം പറഞ്ഞു കാര്യം നേടുകയില്ലെന്നും, ദൈവത്തിൻെറ പേരിൽ അദ്ദേഹം നല്കുന്ന നിർദ്ദേശോപദേശങ്ങൾ യഥാർത്ഥമായും ദൈവത്തിങ്കൽ നിന്നുള്ളതാണെന്നും, അതിൽ സ്വന്തമായി യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്തിട്ടില്ലെന്നും ജനങ്ങൾ എങ്ങിനെ വിശ്വസിക്കും? മാത്രമല്ല, അങ്ങിനെയുള്ള വ്യക്തിയ്ക്ക് ജനസമക്ഷം 'അനുകരണീയമായ കർമ്മമാതൃക' (أسوة حسنة) യായി വർത്തിക്കുവാനും സാദ്ധ്യമല്ല. കളങ്കരഹിതമായ ജീവിതമാതൃകയില്ലാത്ത

വ്യക്തി, 'ഇതുപോലെ നിങ്ങളും ജീവിതത്തെ പരിശുദ്ധമാക്കുക' എന്നു ഏതിന്നെ ചൂണ്ടിയാണ് ബോധനം ചെയ്യുക? നബി, തന്റെ അനുയായികളിൽ 'ഇസ്ലാമി'ന്റെ_ദൈവനിയമങ്ങളുടെ സമ്പൂർണ്ണാനുസരണത്തിന്റെ_പ്രതീകമായി വർത്തിക്കാത്ത കാലത്തോളം ദൗത്യകൃത്യം നിറവേറുന്നതല്ല.

നബി മഅ്സൂമാണെന്നതല്ല, നബി മാത്രമാണ് മഅ്സൂമെന്നുള്ളതാണ് യാഥാർത്ഥ്യം. ചിന്താപരവും വിചക്ഷണപരവുമായ തെററുകളിൽനിന്നും സ്വഭാവപരമായ അബദ്ധങ്ങളിൽനിന്നും പരിശുദ്ധരായിരിക്കുകയെന്നത് അല്ലാഹുവിന്റെ ഈ പ്രത്യേക അടിയാറുകളുടെ സവിശേഷതയത്രെ. ഇതരന്മാർ, ജ്ഞാനവിജ്ഞാനങ്ങളുടെയും വിചക്ഷണ നിരീക്ഷണ പാടവത്തിന്റെയും ഭയഭക്തിയുടെയും അത്യുന്നത മേഖലകളിൽ വിഹരിച്ചുകൊള്ളട്ടെ, "ഇസ്മത്ത്" എന്ന ഈ അന്തിമ ശിഖരത്തെ പ്രാപിക്കുവാൻ അവർക്കാർക്കും സാദ്ധ്യമല്ല. ഒരാളുടെ കർമ്മ ധർമ്മങ്ങൾ പാപപരിശുദ്ധി(ഇസ്മത്ത്)യുടെ അടുത്തോളം എത്തുക സംഭവ്യമാണെന്ന് വന്നാലും അയാളുടെ ചിന്താ വിചക്ഷണ കഴിവുകൾ അന്യൂനവും അബദ്ധരഹിതവുമായിരിക്കുക ഒരു നിലക്കും സംഭവ്യമല്ല. അയാൾ ചിന്തിക്കുന്നതെന്തും ദീനിന്റെയും ദൈവഹിതത്തിന്റെയും കുററമററ വ്യാഖ്യാനങ്ങളായിരിക്കുമെന്ന് കരുതാൻ നിർവ്വാഹമില്ല.

ഈ ചർച്ചയിൽ ഒടുവിൽ പറഞ്ഞ തത്വം പ്രത്യേകം പ്രാധാന്യമുള്ളതാണ്. കാരണം പ്രവാചകേതരന്മാർ തെററു പററാത്ത പരിശുദ്ധന്മാരല്ല എന്ന യാഥാർത്ഥ്യം ഹൃദയത്തിൽ രൂഢമൂലമാകാത്ത കാലത്തോളം ദൈവദൂതനോടുള്ള സ്നേഹാനുസരണ ബാദ്ധ്യത നിറവേറുന്നതല്ല; മനുഷ്യൻ, شرك في النبوّة (ദൗത്യത്തിൽ പങ്കുചേർക്കുക) എന്ന അബദ്ധത്തിൽ പെട്ടുപോകാനും സാദ്ധ്യതയുണ്ട്.

## 6. പ്രവാചകന്മാരുടെ നിലപാട്

പ്രവാചകനെ പരിപൂർണ്ണമായി അനുസരിക്കലും പിന്തുടരലും നിർബ്ബന്ധമാകുന്നു. അങ്ങിനെ വിശ്വസിക്കൽ 'ഈമാനി'ന്റെ ഉപാധിയുമാണ്. ദീനിന്റെയും ശരീഅത്തിന്റെയും വരുതിയിൽ, നബിപറയുന്നത് അനുഷ്ഠിക്കാൻ യാതൊരു വിസമ്മതവും കാണിക്കാതിരിക്കേണ്ടത് ഒരു സത്യവിശ്വാസിയുടെ നിർബ്ബന്ധ കർത്തവ്യമാകുന്നു. നന്മ മനസ്സിലായാലും മനസ്സിലായില്ലെങ്കിലും, അതു പരിപൂർണ്ണ നന്മയാണെന്നും പരിപൂർണ്ണ സത്യമാണെന്നും വിശ്വസിച്ചിരിക്കേണ്ടതാണ്. ദൈവദൂതന്റെ ഈ നിലപാട് ദൈവംതന്നെ നിശ്ചയിച്ചതാണ്. അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا مِنْ رَسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ (نساء ٦٤)

"ഒരു ദൂതനെയും നാം അയച്ചിട്ടില്ല, അല്ലാഹുവിന്റെ അനുമതിപ്രകാരം അദ്ദേഹത്തെ അനുസരിക്കുവാനല്ലാതെ."

ഈ അനുസരണം പുറമേയ്ക്ക് മാത്രം പോരാ, ഹൃദയ സംതൃപ്തിയോടുകൂടിത്തന്നെവേണം. പ്രവാചകന്മാരിൽ ഒരാൾക്കുള്ള—അന്ത്യപ്രവാചകനുള്ള—അനുസരണബാധ്യത അനുസ്മരിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ
لَا يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا
(نساء ٦٥)

"ഇല്ല, താങ്കളുടെ നാഥനാണെ, അവർ സത്യവിശ്വാസികളാകുന്നില്ല—അവർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ താങ്കളെ

വിധികർത്താവാക്കുകയും, എന്നിട്ട് താങ്കൾ വിധിച്ചതിനെ സംബന്ധിച്ച് അവരുടെ മനസ്സിൽ യാതൊരു ക്ലേശവും തോന്നാതിരിക്കുകയും, അവർ അത് പരിപൂർണ്ണ സംതൃപ്തിയോടെ സമ്മതിക്കുകയും ചെയ്യാതിരിക്കുന്നേടത്തോളം''.

ഇങ്ങിനെയാവേണ്ടത് അനിവാര്യമായിരുന്നു. ഒരു പ്രവാചകനെസ്സംബന്ധിച്ചേടത്തോളം ഇതിൽനിന്നു വ്യത്യസ്തമായ ഒരു നിലപാട് ബുദ്ധിയ്ക്ക് സങ്കല്പിക്കാൻപോലും സാദ്ധ്യമല്ല. അല്ലാഹുവിനുള്ള അടിമത്തവും ദൈവിക നിയമങ്ങളുടെ അനുഷ്ഠാനവുമാണ് മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശമെങ്കിൽ, ഈ അടിമത്ത സമ്പ്രദായവും അനുഷ്ഠാന നിയമങ്ങളും അറിയുവാനുള്ള ഒരേയൊരു മാർഗ്ഗം പ്രവാചകനാണെങ്കിൽ അദ്ദേഹത്തെ പരിപൂർണ്ണമായി അനുസരിക്കുകയും അനുകരിക്കുകയും ചെയ്യാതെകണ്ട് അല്ലാഹുവിന് അടിമപ്പെടുവാനും അവനെ അനുസരിക്കുവാനും ഒരു വിധത്തിലും സാധ്യമാകുന്നതല്ല. വഴി നടക്കാതെ ലക്ഷ്യത്തിലെത്താവതല്ലെങ്കിൽ, പറക്കാനുള്ള ഉപകരണമില്ലാതെ വ്യോമസഞ്ചാരം സാധ്യമല്ലെങ്കിൽ നബിവാക്യങ്ങളംഗീകരിക്കാതെയും നബിയെ പിൻപററാതെയും അല്ലാഹുവിനു കീഴ്പ്പെടുവാനും സാധ്യമാകുന്നതല്ല. ഇതേ കാരണത്താലാണ്, ഓരോ ദൈവദൂതനും ദൗത്യപ്രഖ്യാപനം ചെയ്യുന്നതോടെ ജനങ്ങളോട് ''അല്ലാഹുവെ സൂക്ഷിക്കുക; എന്നെ അനുസരിക്കുക'' (فاتقوا الله وأطيعون) എന്നു് ആവശ്യപ്പെടുന്നതായി ഖുർആനിൽ നാം കാണുന്നത്. വാസ്തവത്തിലതുവഴി അദ്ദേഹം പ്രകാശിപ്പിക്കുന്നതിതാണ്: ''ഭയഭക്തിയുടെയും അടിമത്തത്തിൻെറയും മാർഗ്ഗം എന്നെ അനുസരിക്കുന്നതുമൂലം മാത്രമേ നിങ്ങൾക്ക് ലഭിക്കയുള്ളൂ. നിങ്ങളുടെ രക്ഷിതാവിൻെറ നിയമങ്ങൾ ഏതെന്നും, അവ അനുഷ്ഠാനത്തിൽ വരുത്തേണ്ടതെങ്ങിനെയെന്നും പറഞ്ഞുതരാൻ ഞാൻ മാത്രമേയുള്ളൂ.'' ഇതേ

കാരണത്താലാണ്, പരിശുദ്ധ ഖുർആനിൽ അല്ലാഹ് തന്നെ അനുസരിക്കണമെന്ന കൽപനകൊണ്ട് മതിയാക്കാതിരുന്നതും പ്രത്യുത, أَطِيعُوا اللّٰهَ (അല്ലാഹുവെ അനുസരിക്കുക) എന്നതോടൊപ്പം, أَطِيعُوا الرَّسُولَ (റസൂലിനെ അനുസരിക്കുക)എന്നും അവൻ കൽപിച്ചിരിക്കുന്നു.

ദീനിന്റെയും ശരീഅത്തിന്റെയും വരുതിയിൽ ദൈവദൂതൻ അരുളുന്നതെല്ലാം അല്ലാഹുവിങ്കൽനിന്നുള്ളത് മാത്രമാണെന്ന വസ്തുത അദ്ദേഹത്തിന്റെ മുൻ പ്രസ്താവിച്ച നിലപാടിനെ കൂടുതൽ സുസമ്മതവും അത്യാവശ്യവുമാക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, ഈ നിലയ്ക്ക് ദൈവദൂതനനുള്ള അനുസരണം വാസ്തവത്തിൽ അദ്ദേഹത്തിനുള്ള അനുസരണമല്ല, അല്ലാഹുവിനുള്ള അനുസരണമാണ്:

مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللّٰهَ (نساء ٨٠)

(അല്ലാഹുവിന്റെ ദൂതനെ അനുസരിച്ചവൻ അല്ലാഹുവെ അനുസരിച്ചു.)

ഏതൊരാളോടുള്ള അനുസരണം വാസ്തവത്തിൽ അല്ലാഹുവിനുള്ള അനുസരണമാണോ, ആ അനുസരണത്തിന്റെ നിലപാട് പരിപൂർണ്ണവും നിരുപാധികവുമായ അനുസരണത്തിന്റെ നിലപാടാണെന്നു വ്യക്തമാണ്.

ചുരുക്കത്തിൽ, ദൈവദൂതനെ പരിപൂർണ്ണമായും നിരുപാധികമായും വൈമനസ്യമില്ലാതെയും അനുസരിക്കുകയെന്നത് രിസാലത്ത്‌വിശ്വാസത്തിന്റെ പ്രകടവും മൗലികവുമായ താൽപര്യമത്രെ. ഇതിൽ കുറഞ്ഞ സ്ഥാനം ദൈവദൂതന് നല്കുന്ന

വ്യക്തി ശരിയായ അർത്ഥത്തിൽ അദ്ദേഹത്തിൽ വിശ്വസിക്കുന്നില്ല; നുബുവ്വത്ത് എന്തെന്ന് അയാൾ മനസ്സിലാക്കിയിട്ടുമില്ല.

## 7. ഒരു നബിയെ നിഷേധിക്കലും കുഫ്ർ തന്നെ

എല്ലാ നബിമാരുടെയും പ്രവാചകത്വത്തെ ഉൾക്കൊള്ളുന്നില്ലെങ്കിൽ, ദൗത്യവിശ്വാസം തികച്ചും നിരർത്ഥകമാണ്. ദൈവദൂതന്മാരിൽ ചിലരെ ദൈവദൂതന്മാരായി സമ്മതിക്കുകയും ചിലരെ സമ്മതിക്കാതിരിക്കുകയും ചെയ്യുന്നവരെ ഖുർആൻ സത്യവിശ്വാസികളായി അംഗീകരിക്കുന്നില്ല:

إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ
اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَيُرِيدُونَ أَنْ يَتَّخِذُوا
بَيْنَ ذَٰلِكَ سَبِيلًا، أُولَٰئِكَ هُمُ الْكَافِرُونَ حَقًّا (نساء ١٥٠، ١٥١)

“അല്ലാഹുവെയും അവന്റെ ദൂതന്മാരെയും നിഷേധിക്കുകയും, അല്ലാഹുവിന്റെയും അവന്റെ ദൂതന്മാരുടെയും മദ്ധ്യേ ഭിന്നത കൽപിക്കാനുദ്ദേശിക്കുകയും, “ഞങ്ങൾ (ദൂതന്മാരിൽ) ചിലരെ വിശ്വസിക്കുന്നു; ചിലരെ അവിശ്വസിക്കുന്നു” എന്നു പറയുകയും, (അങ്ങനെ) ഈമാനിന്നും കുഫ്റിന്നും മദ്ധ്യേ ഒരു മാർഗ്ഗം ഉണ്ടാക്കാനുദ്യമിക്കുകയും ചെയ്യുന്നവർ തന്നെയാണ് യഥാർത്ഥ കാഫിറുകൾ.”

ഈ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. ഒരു ദൂതനെ നിഷേധിക്കുന്നതും അങ്ങേയറ്റത്തെ ‘കുഫ്റാ’ണെന്നു വ്യക്തമായി പ്രഖ്യാപിച്ചിരിക്കുകയാണിവിടെ. ഒരു നബിയെ നിഷേധിച്ചിരിക്കെ, മറ്റെല്ലാ നബിമാരെയും സമ്മതിച്ചതുകൊണ്ട്

യാതൊന്നും കിട്ടാനില്ല. ഇത്, പ്രത്യക്ഷത്തിൽ, കടുപ്പമേറിയ ഒരു തീരുമാനമെന്നു തോന്നാം; പക്ഷെ തീരുമാനം മറെറാന്നാവരുതെന്നാണ് യാഥാർത്ഥ്യത്തിൻെറ താൽപര്യം. ദൗത്യനിഷേധം, ഒരു നബിയുടേതായാലും, ഇതിൽ കുറഞ്ഞ കുററമായി കാണ്മാൻ നിർവ്വാഹമില്ല. കാരണം, നബി ദൈവത്തിൻെറ സന്ദേശം ജനങ്ങൾക്കെത്തിക്കുന്ന ദൈവദൂതനാണെന്നറിഞ്ഞിരിക്കെ, അഥവാ, അദ്ദേഹം സാക്ഷാൽ പ്രപഞ്ചനാഥൻെറ ഔദ്യോഗിക പ്രതിനിധിയാണെന്നറിഞ്ഞിരിക്കെ അദ്ദേഹത്തെ നിഷേധിക്കുമ്പോൾ വാസ്തവത്തിൽ അദ്ദേഹത്തെയല്ല, പ്രപഞ്ചനാഥന്റെ ശാസനയെയാണ് നിഷേധിക്കുന്നത്. അവന്നെതിരായ രാജദ്രോഹ പ്രഖ്യാപനമാണത്. ഈ ധിക്കാരത്തിനും രാജദ്രോഹത്തിനുമൊപ്പം ഇതര പ്രവാചകന്മാരെ അംഗീകരിക്കുന്നുവെങ്കിലത്, ഒരു ഗവമ്മെണ്ടിനാൽ നിയമിതരായ ചില ഓഫീസർമാരെ ഗവമ്മെണ്ടിൻെറ ഔദ്യോഗിക പ്രതിനിധികളും അംഗീകൃത ഭരണനിർവ്വാഹകരുമായി അംഗീകരിക്കുകയും, എന്നാൽ അതേ ഗവർമ്മെണ്ടിനാൽ നിയമിതനായ മറെറാരു ഓഫീസറെ ഗവമ്മെണ്ട് പ്രതിനിധിയും ഭരണനിർവ്വാഹകനുമായി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതിനു തുല്യമാണ്. ഈ അനുസരണം ഗവമ്മെണ്ടിനുള്ളതല്ല, സ്വേച്ഛയ്ക്കും സ്വാഭിപ്രായത്തിനുമുള്ളതാണ്. ഓഫീസർമാരിൽ ചിലരെ ഗവമ്മെണ്ടിൻെറ പ്രതിനിധികളായി അംഗീകരിച്ചിരിയ്ക്കുന്നത് വാസ്തവത്തിൽ ഗവമ്മെണ്ടിൻെറ അനുസരണാവകാശത്തെ ആദരിച്ചല്ല, സ്വേച്ഛയെ മാനിച്ചാണ്. അതിനാൽ ഈ അംഗീകാരത്തിനും അനുസരണത്തിനും യാതൊരു വിലയും കൽപിക്കാവതല്ല. അതാണ്, ഒററ ദൂതനെയെങ്കിലും നിഷേധിച്ചവരെ അഖില നബിമാരെയും നിഷേധിച്ചവരായി അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നത്. ഉദാഹരണമായി നൂഹ് നബി (അ) യുടെ ജനതയെക്കുറിച്ച് പറഞ്ഞിരിക്കുന്നു:

(وَقَوْمَ نُوحٍ لَمَّا كَذَّبُوا الرُّسُلَ أَغْرَقْنَاهُمْ - الفرقان ٣٧)

"അവർ നമ്മുടെ ദൂതന്മാരെ കളവാക്കിയപ്പോൾ നാമവരെ വെള്ളത്തിൽ മുക്കി നശിപ്പിച്ചു."

സംഭവം നോക്കുമ്പോൾ, ഒരു ദൂതനെ (ഹ: നൂഹ്) മാത്രമേ അവർ നിഷേധിച്ചിരുന്നുള്ളു. ഇതര ദൂതന്മാരുടെ പ്രശ്നം തന്നെ അവരുടെ മുമ്പിലുണ്ടായിരുന്നില്ല.

'ദൈവാനുമതിപ്രകാരം അനുസരിക്കപ്പെടുവാനല്ലാതെ ഒരു ദൂതനും നിയോഗിതനായിട്ടില്ല' എന്നും 'അല്ലാഹുവിൻെറ ദൂതനെ അനുസരിച്ചവൻ അല്ലാഹുവെ അനുസരിച്ചു' എന്നും നാം ഗ്രഹിച്ചു കഴിഞ്ഞു. പരമാത്ഥം ഇതാണെങ്കിൽ ഇതിൻെറ വ്യക്തമായ അത്ഥം, ഒരു ദൂതനെയെങ്കിലും തിരസ്കരിക്കുന്നത് 'ദൈവാനുമതി'യെ തിരസ്കരിക്കലും 'ദൈവാനുസരണ'ത്തെ നിഷേധിക്കലുമാണെന്നല്ലേ? അപ്പോൾ ഒരു നബിയെപ്പോലും നിഷേധിക്കുന്നത് കുഫ്റിൻെറയും രാജ്യദ്രോഹത്തിൻെറയും പാരമ്യമല്ലാതെ മറെറന്താണ്? ഓരോ ദൈവദൂതനെയും ദൈവദൂതനായി അംഗീകരിക്കാതെ ഈമാനിൻെറ 'സനദ്' ലഭിക്കുകയെന്നത് നീതിക്കും തത്വങ്ങൾക്കും എങ്ങനെ നിരക്കാനാണ്?

## മുഹമ്മദി (സ) ൻെറ ദൗത്യം

ദൗത്യത്തെ സംബന്ധിച്ച മുൻവിശദീകരണങ്ങൾ ദൗത്യവിശ്വാസത്തിൻെറ പൊതുവും താത്വികവുമായ വിശദീകരണത്തിൻെറ സ്വഭാവത്തിലുള്ളതാണ്. അത് പരിപൂണ്ണമായ ഒരു വിശദീകരണമല്ല; അതുകൊണ്ട് ഇസ്ലാമിക ദൗത്യ വിശ്വാസത്തിൻെറ മുഴുവൻ താല്പര്യത്തെ പ്രകാശിപ്പിക്കുന്നുമില്ല. അതു മാത്രം അംഗീകരിച്ചതുകൊണ്ട് ഇസ്ലാമിക ദൗത്യ വിശ്വാസത്തെ

അംഗീകരിക്കലായില്ല. ഇസ്ലാമീക രേതു വിശ്വാസത്തിന്റെ അത്ഥം പരിപൂര്‍ണ്ണമാകുന്നതും, അത് സമഗ്രരൂപം പ്രാപിക്കുന്നതും അന്ത്യപ്രവാചകന്‍ മുഹമ്മദി (സ)നുള്ള അനുസരണം നിര്‍ബ്ബന്ധമായി അംഗീകരിക്കുമ്പോഴ് മാത്രമാണ്. അതായതു", താത്വീകമായി ഇതര ദൂതന്മാരെ അംഗീകരിക്കുന്നപോലെ അവിടുത്തെയും ദൈവദൂതനായി അംഗീകരിക്കുക; അവിടുത്തെ അംഗീകരിക്കുന്ന വിധത്തില്‍ ഇതര ദൂതന്മാരെയും അംഗീകരിക്കുക. എന്നാല്‍ കര്‍മ്മപരമായ അനുസരണം തിരുമേനിയ്ക്കു് മാത്രമായിരിക്കണം; അവിടുത്തെ മാത്രമേ ഇപ്പോഴ് അനുസരിക്കേണ്ടതുള്ളു എന്ന വിശ്വാസത്തോടു കൂടി തന്നെ ആയിരിക്കുകയും വേണം. ഇതര നബിമാരെല്ലാം 'ദൈവദൂതന്മാര്‍ ആയിരുന്നു'; എന്നാല്‍ തിരുനബി 'ദൈവദൂതന്‍ ആകുന്നു'. രേതു വിശ്വാസത്തിന്റെ മുന്‍പ്രസ്താവിച്ച പൊതുവും താത്വികവുമായ അടിസ്ഥാനങ്ങളോടൊപ്പം ഈ പ്രത്യേക അടിസ്ഥാനത്തെക്കൂടി അംഗീകരിക്കുമ്പോഴ് മാത്രമേ, ഒരാള്‍ ഇസ്ലാമിന്റെ രേതു വിശ്വാസം അംഗീകരിച്ചതായി ഗണിക്കപ്പെടുകയുള്ളു. *

---

* നബി തിരുമേനിയുടെ ഈ സവിശേഷ നിലപാടിനെസ്സംബന്ധിച്ച് 'ഇസ്ലാമും ഇതര മതങ്ങളും' എന്ന പ്രത്യേക ശീര്‍ഷത്തില്‍ വിസ്തരിച്ച് ചര്‍ച്ച ചെയ്യുന്നുണ്ടു്.—ഗ്ര: ക:

—o—

# അടിസ്ഥാന കർമ്മങ്ങൾ

വിശ്വാസ കാര്യങ്ങൾക്കുശേഷം അനുഷ്ഠാനകർമ്മങ്ങളായിരിക്കും, സ്വാഭാവികമായും ചർച്ചാ വിഷയം. ഇസ്‌ലാമിന്റെ വിശ്വാസപരമായ വശങ്ങൾ അറിഞ്ഞു കഴിയുന്നതോടുകൂടി നമ്മുടെ മനസ്സ് അതിന്റെ കർമ്മവശങ്ങളിലേക്ക് തിരിയുന്നു. വിശ്വാസകാര്യങ്ങളെ തുടർന്ന് ഇസ്ലാമിൽ ആജ്ഞാപിക്കപ്പെട്ടിരിക്കുന്ന അനുഷ്ഠാനകർമ്മങ്ങളെന്തെല്ലാമാണ്? പ്രത്യക്ഷത്തിൽ അതി വിപുലമായ ഒരു ശീർഷകമാണിത്. ആയിരക്കണക്കായ പേജുകളിലെ പ്രതിപാദനം പോലും അതിന്റെ വ്യാപ്തിയെ ഉൾക്കൊള്ളുന്നതല്ല. എന്നാൽ, ഇസ്ലാമിനെക്കുറിച്ച് സാമാന്യ പരിചയത്തിന്നു ഇത്ര ദീർഘമായ വിശദീകരണമൊന്നും ആവശ്യമില്ല. അതിന്നു അതിപ്രധാനങ്ങളായ ശരീഅത്ത് നിയമങ്ങൾ പരിശോധിച്ചാൽ മതിയാകുന്നതാണ്. താത്വികമായി രണ്ടു വിധമാണ്, അവ. കൂടുതൽ അടിസ്ഥാന പ്രാധാന്യമുള്ളവയും ഇസ്ലാമിക ശിക്ഷണങ്ങളിൽ വിശ്വാസകാര്യങ്ങളുടെ തൊട്ടു

പിന്നിൽ സ്ഥിതിചെയ്യുന്നവയുമാണ് ഒന്നു്. രണ്ടാമത്തേതിന്റെ നിലപാട് അങ്ങനെയല്ല; അവയുടെ സ്ഥാനം പിന്നിലാണ്. മതത്തിൽ മൌലിക പ്രാധാന്യമുള്ള നിയമങ്ങളായിരിക്കണം സ്വാഭാവികമായും ആദ്യം പരിശോധിക്കപ്പെടുന്നത്.

ഏതൊക്കെയാണ് ആ കർമ്മങ്ങൾ? ഇതറിയുവാൻ നമുക്ക് അനുമാനാഭിപ്രായങ്ങളെയൊന്നും ആശ്രയിക്കേണ്ടതായിട്ടില്ല. നബി (സ) തന്നെ അത്തരം കാര്യങ്ങൾ വിവരിച്ചുതന്നിട്ടുണ്ട്. വിശ്രുതമായ ഒരു തിരുവചനമിതാണ്:

بُنِيَ الْإِسْلَامُ عَلَى خَمْسٍ شَهَادَةِ أَلَّا إِلٰهَ إِلَّا اللهُ وَأَنَّ مُحَمَّدًا
رَسُولُ اللهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ وَالْحَجِّ وَصَوْمِ
رَمَضَانَ (بخارى، كتاب الإيمان)

"ഇസ്ലാം അഞ്ചു കാര്യങ്ങളിൽ നിർമ്മിതമായിരിക്കുന്നു: അല്ലാഹുവല്ലാതെ ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യപ്പെടുത്തുക, നമസ്കാരം നിലനിറുത്തുക, സകാത്ത് നല്കുക, ഹജ്ജ് ചെയ്യുക, റമസാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുക."

ഒരു 'രിവായത്തി'ൽ തിരുമേനി بُنِيَ الْإِسْلَامُ عَلَى خَمْسٍ എന്നതിന്നു ശേഷം دَعَائِمَ എന്ന വാക്കുപയോഗിച്ചതായി പറയുന്നുണ്ട്. ഇതുപ്രകാരം തിരുവചനത്തിന്റെ അർത്ഥം "ഇസ്ലാം അഞ്ചു തൂണുകളിന്മേൽ നിർമ്മിതമായിരിക്കുന്നു" എന്നായിത്തീരും. തൂണുകൾ ഒരു കെട്ടിടത്തിന്റെ മുഴുവനല്ല, കെട്ടിടത്തിൽ നിന്നു വേറിട്ടതുമല്ല. പ്രത്യുത മററുവസ്തുക്കളെപ്പോലെ അവയും കെട്ടി

ടമാഗങ്ങൾ തന്നെയാണ്. എന്നാൽ തൂണുകളും കെട്ടിടത്തിന്റെ ഇതരഭാഗങ്ങളും തമ്മിൽ പ്രകടമായ ഒരു അന്തരമുണ്ട്. ഇതര ഭാഗങ്ങളെയപേക്ഷിച്ച് അവക്കൊരു സവിശേഷ സ്ഥാനമുണ്ടെന്നർത്ഥം. തൂണുകൾ സ്വന്തം നിലയിൽ കെട്ടിടഭാഗങ്ങളായിരിക്കുന്നതോടൊപ്പം, ഇതര ഭാഗങ്ങളുടെ നിലനില്പിന്നവലംബങ്ങളുമാണ്. ആകയാൽ ശഹാദത്ത്, (അല്ലാഹുവിന്റെ ഏകത്വത്തെയും നബിയുടെ ദൗത്യത്തെയും സമ്മതിച്ചു പറയൽ) നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളെന്നു പറഞ്ഞാൽ അർത്ഥമിതാണ്:

1) തൂണുണ്ടാക്കുന്നതിന്നുമുമ്പായി കെട്ടിടം പണിതുയർത്തുക അസാധ്യമായപോലെ പ്രസ്തുത കർമ്മങ്ങൾ നിർവ്വഹിക്കാതെകണ്ട് ദീനിന്റെ ഇതര നിയമ നിർദ്ദേശങ്ങൾ അനുഷ്ഠാനത്തിൽ വരുത്തുക സാദ്ധ്യമല്ല. വല്ലതും അനുഷ്ഠിച്ചാൽ അത് പേരിൽ മാത്രം അനുഷ്ഠാനമായിരിക്കും, യഥാർത്ഥത്തിലല്ല.

2) ഈ കർമ്മങ്ങൾ യഥാവിധി അനുഷ്ഠിക്കപ്പെടുന്നപക്ഷം ഇതര കർമ്മങ്ങളുടെ അനുഷ്ഠാനം തീർച്ചയായും സുസാദ്ധ്യമായിരിക്കും; അല്ല, അനിവാര്യമായിരിക്കും. ഇതുകൊണ്ടാണ് മററൊരു നബിവചനത്തിൽ പ്രസ്തുത അഞ്ചു കാര്യങ്ങളെ 'ഇസ്ലാം' എന്നു തന്നെ വിശേഷിപ്പിച്ചിരിക്കുന്നത്:

اَلْإِسْلَامُ أَنْ تَشْهَدَ أَلَّا إِلٰهَ إِلَّا اللّٰهُ وَأَنَّ مُحَمَّدًا رَسُولُ اللّٰهِ وَتُقِيمَ الصَّلَاةَ وَتُؤْتِيَ الزَّكَاةَ وَتَصُومَ رَمَضَانَ وَتَحُجَّ الْبَيْتَ إِنِ اسْتَطَعْتَ إِلَيْهِ سَبِيلًا (مسلم كتاب الإيمان)

"അല്ലാഹു അല്ലാതെ 'ഇലാഹ്' ഇല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ 'റസൂൽ' ആണെന്നും നീ സാക്ഷ്യപ്പെടുത്തുക, നമ

സ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക, റമസാനിൽ നോമ്പ് നോല്ക്കുക, യാത്രാസൗകര്യമുണ്ടെങ്കിൽ ഹജ്ജ് ചെയ്യുക– ഇതാണ് ഇസ്ലാം.''

ഒന്നാമത്തെ ഹദീസിൽ ഈ അഞ്ചുകാര്യങ്ങളെ 'ഇസ്‌ലാം' എന്നല്ല, 'ഇസ്ലാമിൻെറ സ്തംഭങ്ങൾ' എന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ, പറഞ്ഞതിൻെറ വ്യക്തമായ താല്പര്യമിതാണ്: ഇസ്ലാമിൻെറ മൗലിക ശിക്ഷണങ്ങളിൽ പെട്ടതാണ് ഈ അഞ്ചു കാര്യങ്ങൾ; അവ നടപ്പിൽ വരൽ വാസ്തവത്തിൽ മുഴുവൻ ഇസ്ലാം നടപ്പിൽ വരുന്നതിനുള്ള ഉറപ്പും ബാധ്യതയുമാണ്. അതുകൊണ്ട്, ഇസ്ലാമിൻെറ ഒരംശമായിരിക്കെ തന്നെ അവയെ മുഴുവൻ ഇസ്ലാമെന്നു വിശേഷിപ്പിക്കാവുന്നതാണ്.

ഈ അഞ്ചുകാര്യങ്ങൾ ഇസ്ലാമിൻെറ തൂണുകളായതും, അലങ്കാരപ്രയോഗത്തിൽ, മുഴുവൻ ഇസ്ലാമായതും എങ്ങിനെ? എന്തുകൊണ്ട്? ഇനിയങ്ങോട്ടുള്ള പ്രതിപാദനങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യം സ്വയം വ്യക്തമായിക്കൊള്ളും.

## ശഹാദത്ത്

തൗഹീദിൻെറയും രിസാലത്തിൻെറയും സാക്ഷീകരണം നാവുകൊണ്ടു നിർവ്വഹിക്കപ്പെടുന്ന ഒരു കർമ്മമത്രെ പ്രത്യക്ഷത്തിലിതു അല്ലാഹുവിൻെറ ഏകത്വത്തെയും മുഹമ്മദി(സ)ൻെറ ദൗത്യത്തെയും സാക്ഷ്യപ്പെടുത്തലാണെങ്കിലും വാസ്തവത്തിൽ സമസ്ത ദൗത്യപരമ്പരയേയും ആകാശവേദങ്ങളഖിലത്തെയും മലക്കുകളെയും പരലോകത്തെയും 'ഖദ്‌റി'നെ (വിധി) യും എന്നുവേണ്ട, എല്ലാം വിശ്വാസകാര്യങ്ങളെയും സമ്മതിച്ചു പറയലാണ്. എന്തുകൊണ്ടെന്നാൽ മുഹമ്മദ് (സ) ദൈവദൂതനാണെന്നു സമ്മതിക്കുന്ന വ്യക്തി, നബി (സ) അറിയിച്ചു തന്ന എല്ലാ അദൃശ്യയാഥാർത്ഥ്യങ്ങളെയും സമ്മതിച്ചവനായിത്തീരുന്നു.

തൗഹീദും രിസാലത്തും മററും മനസ്സിൽ ഉറപ്പിച്ച വിശ്വസിക്കയെന്നതും പ്രസ്തുത ഉറപ്പനുസരിച്ച ആ വിശ്വാസങ്ങളെ നാവുകൊണ്ടു സത്യസാക്ഷ്യപ്പെടുത്തുകയെന്നതും ഒന്നല്ല. മുഅ്മിനും മുസ്ലിമും ആകുവാൻ ഹൃദയസമ്മതം മതിയാകുന്നതല്ലെന്നും, നാവുകൊണ്ടു സമ്മതിച്ച പറയുകതന്നെ വേണമെന്നും, അല്ലാത്ത നിലയിൽ യാതൊരാളുടെയും ഇസ്ലാം പരിഗണനീയമല്ലെന്നും നബിവചനങ്ങൾ വ്യക്തമാക്കുന്നു; ഉലമാക്കൾ അതു വിശദീകരിച്ചിട്ടുമുണ്ട്. നാവുകൊണ്ടു സമ്മതിച്ച പറയുന്നതിന്നു് ഇത്രയ്ക്കു് പ്രാധാന്യമുണ്ടാകുവാൻ കാരണമിതാണ്: അടുത്ത പ്രതിപാദനങ്ങൾ വ്യക്തമാക്കുന്നതുപോലെ, ഇസ്ലാം ചെവിയിൽ മന്ത്രിക്കുന്ന ഒരു മതമല്ല; അതിൻെറ താൽപര്യങ്ങൾ ഏകാന്തതയിൽ പൂർത്തീകരിക്കത്തക്കതുമല്ല. മനുഷ്യനെ ഉന്നതികളിൽ വെച്ച സംബോധന ചെയ്യുകയും, ജീവിത ബഹളങ്ങളുടെ ഒത്ത നടുവിൽ അവനെ കൊണ്ടുചെന്നു നിറുത്തുകയും ചെയ്യുന്ന ജീവൽ വ്യവസ്ഥിതിയാണിസ്ലാം. അതവനെ നിരന്തരമായ സത്യാസത്യ സമരത്തിലിറക്കുകയും, അധമ്മത്തിനും അവിശ്വാസത്തിനുമെതിരെ അവിരാമമായ ഒരു സമരത്തിൻെറ മുന്നണിയിൽ നിയോഗിക്കുകയുംചെയ്യുന്നു. ഈ സ്ഥിതിയ്ക്കു്, ഇസ്ലാമിനെക്കുറിച്ച് ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്യുവാൻ തദനുയായികളോട് ആവശ്യപ്പെടുകയെന്നത് അനുപേക്ഷണീയമാണ്. 'ഞങ്ങൾ ഇന്ന സംഘടനയിലെ അംഗങ്ങളാണ്; മുന്നണിപ്പടയാളികളാണ്; ഞങ്ങളുടെ വിശ്വാസതാൽപര്യങ്ങൾ നിറവേററുന്നതിന്നു് ജീവിതരംഗത്തിറങ്ങുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്'' എന്നെല്ലാം പ്രഥമ ദിവസം തന്നെ അവർ ലോകത്തിന്നു വ്യക്തമാക്കികൊടുക്കേണ്ടതുണ്ട്. ഈ വശത്തിലൂടെ ചിന്തിക്കുമ്പോൾ ഇസ്ലാമിക വിശ്വാസങ്ങളെ നാവുകൊണ്ട് സമ്മതിച്ച പറയുന്നതിന്നു് വളരെ പ്രാധാന്യമുണ്ടെന്നു് മനസ്സിലാക്കാൻ പ്രയാസമില്ല.

രാഷ്ട്രീയവശത്തിലൂടെ നോക്കിയാൽ ഈ വാചാ പ്രഖ്യാപനം കൂടുതൽ പ്രാധാന്യമുള്ളതായി കാണാവുന്നതാണ്. നാവുകൊണ്ട് لَا إِلَٰهَ إِلَّا اللّٰهُ مُحَمَّدٌ رَسُولُ اللّٰهِ എന്നു പ്രഖ്യാപിക്കുന്ന ഒരാൾ അതിന്റെ കർമ്മതാല്പര്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയാലും, ഹൃദയത്തിൽ വിശ്വാസം ഇല്ലെന്നിരുന്നാൽ പോലും മുസ്ലിം സമുദായാംഗമായിത്തന്നെ പരിഗണിക്കപ്പെടുന്നതാണ്. രാഷ്ട്രീയമായും സാമുദായികമായും ഒരു മുസ്ലിമിന്ന് ലഭിക്കാവുന്ന അവകാശങ്ങൾ അയാൾക്കും ലഭിക്കും. എന്നാൽ നാവുകൊണ്ട് അത് പ്രഖ്യാപനം ചെയ്യാത്ത വ്യക്ത അയാളുടെ ഹൃദയത്തിൽ ഉറച്ച വിശ്വാസം ഉണ്ടായിരിക്കാമെങ്കിലും മുസ്ലിമായി അംഗീകരിക്കപ്പെടുന്നതല്ല; അമുസ്ലിംകളുടെ കൂട്ടത്തിലാണ് കണക്കാക്കപ്പെടുക. രാഷ്ട്രീയമായും സാമുദായികമായും അയാളോടനുവർത്തിക്കുന്ന നയം അമുസ്ലിമിനോടുള്ള നയമായിരിക്കയും ചെയ്യും.

ഇസ്ലാമിക വിശ്വാസങ്ങളെ മനസാ സത്യമെന്നു സമ്മതിച്ച വ്യക്തി, ഇസ്ലാമിന്ന് അടിത്തറ പാകി. ഹൃദയത്തിലുള്ള വിശ്വാസം നാവുകൊണ്ട് സമ്മതിച്ചു പറയുകയും ലോകത്തിനു മുമ്പിൽ സത്യസാക്ഷ്യപ്പെടുത്തുകയുമാണെങ്കിൽ, അതോടെ, അയാൾ ദീനിന്റെ പ്രഥമ സ്തംഭം പടുത്തുയർത്തി.

● ● ●

# നമസ്കാരം

## നമസ്കാരത്തിൻെറ പ്രാധാന്യം

ഇസ്ലാമിൻെറ രണ്ടാമത്തെ സ്തംഭം നമസ്കാരമാണ്. കർമ്മപരമായ കാര്യങ്ങളിൽ അതിന്നാണ് പ്രഥമസ്ഥാനം. നമസ്കാരത്തിന്നുള്ള സ്ഥാനവലുപ്പം ദീനിൽ മറെറാരു കർമ്മത്തിനില്ല. സത്യവിശ്വാസിയുടെ സകല സൽക്കർമ്മങ്ങളും അല്ലാഹുവിന്നുള്ള അടിമവൃത്തി തന്നെ; എന്നിരുന്നാലും നമസ്കാരത്തിലേതുപോലുള്ള അടിമത്തഭാവം മറെറാരു കർമ്മത്തിലുമില്ല. അതിൻെറ 'അകം' മാത്രമല്ല, 'പുറവും' സർവ്വാംഗം അടിമത്തമാണ്. നമസ്കാരത്തിൻെറ അനുഷ്ഠാനരൂപങ്ങൾ നോക്കുക; അതിലെ പ്രാർത്ഥനകളും കീർത്തനങ്ങളും പാരായണങ്ങളും ശ്രദ്ധിക്കുക; നമസ്കാരത്തിൻെറ അകത്തും പുറത്തും പെടാത്തതായി, വിനയത്തിൻെറയും കീഴ്‌വണക്കത്തിൻെറയും യാതൊരു പ്രകാശനരൂപവും ഇല്ലെന്ന് കാണാവുന്നതാണ്. നെഞ്ചിൽ കൈകെട്ടി, കണ്ണു

താഴ്ത്തി, ഭക്ത്യാദരപുരസ്സരം നിൽക്കുന്നത്, കുനിയുന്നത്, കുമ്പിടുന്നത്, അല്ലാഹുവിന്നുള്ള 'ഹംദി'ന്റെയും 'തസ്ബീഹി'ന്റെയും, 'തക്ബീറി'ന്റെയും, 'തൗഹീദി'ന്റെയും വിശുദ്ധ വചനങ്ങൾ നാവിൽ നിരന്തരം ഉരുവിടുന്നത്, അല്ലാഹുവോടുള്ള ഭക്തിബഹുമാനത്തിന്റെയും സ്നേഹാനുരാഗത്തിന്റെയും വികാരത്താൽ ഹൃദയം പ്രകാശമാനമാകുന്നത്—എന്നുവേണ്ടി അടിമത്ത നിർവ്വഹണത്തിന്റെ ഏതൊരു രൂപമാണ് നമസ്കാരത്തിൽ പെടാത്തതായുള്ളത്? ഖുർആനും ഹദീസും പാരായണം ചെയ്തു നോക്കുക, നമസ്കാരത്തിന്റെ പ്രാധാന്യതകളും ശ്രേഷ്ഠതകളുംകൊണ്ടു പേജുകൾ നിബിഡമായികാണാം. അവയിൽ വളരെ പ്രകടമായ ചിലതു മാത്രം ഇവിടെ എടുത്തുകാണിക്കാം:

1) സത്യവിശ്വാസത്തിന്റെ പ്രഥമനിദർശനം നമസ്കാരമാണ്. ഇസ്ലാംകാര്യങ്ങൾ വിവരിച്ച ഹദീസിൽ 'ശഹാദത്തി'ന്റെ ശേഷം ഏററവും ആദ്യം പ്രസ്താവിച്ച സംഗതി നമസ്കാരമാണെന്നു കാണാം. മനുഷ്യനിൽ 'ഈമാൻ' ഉണ്ടെങ്കിൽ, അല്ലാഹുവിന്റെ യജമാനത്തത്തിലും തന്റെ അടിമത്തത്തിലും അവന്നു ദൃഢവിശ്വാസമുണ്ടെങ്കിൽ, ഈ വിശ്വാസം നമസ്കാരത്തിന്റെ രൂപത്തിൽ പ്രത്യക്ഷീഭവിക്കുന്നതാണെന്നതിലേക്കുള്ള സൂചനപോലെയാണിത്. ഉപര്യുക്തമായ ഒന്നോ രണ്ടോ ഹദീസുകളിൽ മാത്രമല്ല ഇതു വന്നിട്ടുള്ളത്; ദീനിന്റെ മൗലികകർമ്മങ്ങളെണ്ണിപ്പറഞ്ഞ ഏതാണ്ടെല്ലാ ഹദീസിലും വന്നിട്ടുണ്ട്.

ഇനി, പരിശുദ്ധഖുർആനിൽ കണ്ണോടിയ്ക്കുന്നപക്ഷം, സത്യവിശ്വാസത്തിനുശേഷം ഏററവും മുൻപന്തിയിൽ നമസ്കാരത്തെ എടുത്തുപറഞ്ഞിട്ടുള്ളതായി കാണാം. ഉദാഹരണമായി:

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَأَقَامُوا الصَّلٰوةَ

الخ (البقرة ٢٨٨)

"വിശ്വസിക്കുകയും സല്ക്കർമ്മങ്ങളനുഷ്ഠിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്തിട്ടുള്ളവർ...."

وَالَّذِينَ يُمَسِّكُونَ بِالْكِتَابِ وَأَقَامُوا الصَّلٰوةَ الخ.....

(اعراف ۱۷۰)

"ദിവ്യഗ്രന്ഥത്തെ മുറുകെ പിടിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവർ...."

فَلَا صَدَّقَ وَلَا صَلَّى (قيامه ۳۱)

"അവൻ വിശ്വസിച്ചില്ല; നമസ്കരിച്ചുമില്ല."

ഹൃദയത്തിൽ ഈമാനിന്റെ ബീജാവാപമുണ്ടായിക്കഴിഞ്ഞാൽ അതിൽ മുളയെടുക്കുന്ന കമ്പ്രപരമായ ആദ്യത്തെ തളിർ നമസ്കാരമായിരിക്കുമെന്നാണ് ഈ പ്രതിപാദനരീതി മനസ്സിലാക്കിത്തരുന്നത്.

2) നമസ്കാരം ഈമാനിന്റെ പ്രഥമപ്രകാശനം മാത്രമല്ല, അനിവാര്യപ്രകടനം കൂടിയാണ്. ഹൃദയത്തിൽ ഈമാനുണ്ടായിരിക്കുക; എന്നിട്ടും ശിരസ്സ് കുനിയുവാനും കുമ്പിടുവാനും വെമ്പൽകൊള്ളാതിരിക്കുക – ഇത് സംഭവ്യമല്ല. ഈമാനെന്നാൽ ഹൃദയത്തിന്റെ ഒരവസ്ഥാവിശേഷമത്രെ. ഈ സവിശേഷാവസ്ഥയാണ് നമസ്കാരരൂപം പൂണ്ടു പ്രത്യക്ഷീഭവിക്കുന്നത്. ആകയാൽ എവിടെ ഈമാനുണ്ടോ, സംശയമില്ല, അവിടെ നമസ്കാരമുണ്ട്. എവിടെ സൂര്യൻ ഉദിച്ചിരിക്കുന്നുവോ അവിടെ തീച്ചയായും ചൂടും വെളിച്ചവുമുണ്ടായിരിക്കുമല്ലോ. തീകച്ചും അതുപോലെതന്നെ. നമസ്കാരം സത്യവിശ്വാസത്തിന്റെ അനിവാര്യപ്രകടനമാണെന്നുള്ളത് നബി (സ) യുടെ സുവ്യക്തവചനങ്ങളാൽ തീരുമാനിക്കപ്പെട്ടതാണ്; കേവലം അനുമാനമോ മറ്റോ അല്ല. അവിടുന്ന് അരുൾ ചെയ്യുന്നു:

مَنْ تَرَكَ صَلٰوةً مَكْتُوبَةً مُتَعَمِّدًا فَقَدْ بَرِئَتْ مِنْهُ ذِمَّةُ اللّٰهِ (احمد، مشكوة)

"വല്ലവനും കരുതിക്കൂട്ടി നിർബ്ബന്ധ നമസ്കാരം ഉപേക്ഷിച്ചാൽ അവനെസ്സംബന്ധിച്ചേടത്തോളം അല്ലാഹുവിൻെറ ബാധ്യത ഒഴിവായിരിക്കുന്നു."

اِنَّ بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكَ الصَّلٰوةِ (مسلم)

"മനുഷ്യൻെറയും കുഫ്ർ-ശിർക്കുകളുടെയും മദ്ധ്യേ വേർതിരിക്കുന്ന വസ്തു നമസ്കാരമാണ്."

'ജിഹാദി'നുവേണ്ടിയുള്ള യാത്രയെസ്സംബന്ധിച്ച തിരുനബിയുടെ നിർദ്ദേശം ഇപ്രകാരമായിരുന്നു: ബാങ്ക്‌വിളി കേൾക്കുന്ന പ്രദേശം മുസ്ലിം പ്രദേശമായി കണക്കാക്കേണ്ടതും, അതിൻെറ നേരെ ആക്രമണം നടത്താതിരിക്കേണ്ടതുമാണ്. ബാങ്ക് കേൾക്കാത്ത പ്രദേശമാണെങ്കിലോ, അവിശ്വാസികളുടെ രാജ്യമെന്നു കണക്കാക്കി അതിൻെറ നേരെ ആക്രമണം നടത്തുകയും വേണം. സത്യവിശ്വാസത്തിൻെറ വിധിനിർണ്ണായകമായ അടയാളം, സാധാരണഗതിയിൽ, നമസ്കാരമാണെന്നതിലേക്കുള്ള സുവ്യക്തമായ ഒരു തെളിവാണിത്. ഒരാളെ മുസ്ലിമോ അല്ലയോ എന്നു പ്രഥമദൃഷ്ടിയിൽ മനസ്സിലാക്കുന്നത് നമസ്കാരം കൊണ്ടാണെന്നർത്ഥം

വിശുദ്ധഖുർആനിൽ ഇപ്രകാരം വന്നിരിക്കുന്നു: നരകവാസികളോടു മലക്കുകൾ مَا سَلَكَكُمْ فِي سَقَرَ (നിങ്ങളെന്തുകൊണ്ടാണ് നരകത്തിൽ പ്രവേശിച്ചത്?) എന്നു ചോദിക്കുമ്പോൾ

അവരുടെ മറുപടി, لَمْ نَكُ مِنَ الْمُصَلِّينَ (ഞങ്ങൾ നമസ്കാരക്കാരിൽ പെട്ടില്ല) എന്ന വാക്കുകൾകൊണ്ടാണാരംഭിക്കുക. നമസ്കാരക്കാരനാകുന്നതും സത്യവിശ്വാസിയാകുന്നതും ഒരേ കാര്യംപോലെയാണെന്നത്രെ ഇതിൽനിന്നു മനസ്സിലാകുന്നത്. നരകവാസിയാകുന്നതും സ്വർഗ്ഗവാസിയാകുന്നതും ഈമാനിനെയും കുഫ്റിനെയുമാണാശ്രയിച്ചിരിക്കുന്നതെന്ന പരമാർത്ഥം സുവിദിതമാണല്ലോ. അപ്പോൾ നരകവാസികൾ, നമസ്കരിക്കുന്നവരിൽ പെടാത്ത കാരണത്താലാണ് തങ്ങൾ നരകത്തിൽ പ്രവേശിച്ചതെന്നു സമ്മതിച്ചു പറയുന്നുവെങ്കിൽ, ഖിയാമത്തുനാളിൽ ഈമാനും നമസ്കാരവും ഒന്നു മറ്റൊന്നിനെ ആശ്രയിച്ചാണ് നിലകൊള്ളുകയെന്നതിലേക്കുള്ള തെളിവാണത്. എന്നിട്ടാണല്ലോ അവർ 'ഞങ്ങൾ വിശ്വാസികളായില്ല' എന്നതിനുപകരം 'ഞങ്ങൾ നമസ്കാരക്കാരായില്ല' എന്ന വാക്കുകൊണ്ട് മറുപടി ആരംഭിക്കുന്നത്.

ഈ 'നസ്സുകളെ'ല്ലാം അടിസ്ഥാനമാക്കിയാണ്, ബോധപൂർവ്വം നമസ്കാരമുപേക്ഷിക്കുകയും അതിൽതന്നെ ഉറച്ചു നിൽക്കുകയും ചെയ്യുന്ന വ്യക്തി, ദീനുപേക്ഷിച്ച 'മുർതദ്ദി'നെപോലെ വധാർഹനാണെന്നു് ഇസ്ലാമികപണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

3) കിതാബിൽനിന്നും സുന്നത്തിൽനിന്നും സ്ഥാപിതമാകുന്നതുപോലെ നമസ്കാരത്തിന്റെ മറ്റൊരു പ്രാധാന്യം, മുഴുവൻ ശരീഅത്തിനോടുമുള്ള അനുസരണബോധത്തിന്റെ ഉറവിടവും ശരീഅത്തിന്റെ സംരക്ഷകനുമാണതെന്നുള്ളതാണ്. നമസ്കാരം യഥാവിധി നിർവ്വഹിക്കപ്പെടുന്നപക്ഷം ഇതര ശരീഅത്തുനിയമങ്ങളും നിറവേറ്റപ്പെടുന്നതായിരിക്കും. ആ കടമ നിറ

വേറപ്പെടുന്നില്ലെങ്കിലോ ശരീരത്തിന്റെ ബാക്കി ഭാഗങ്ങളും അവഗണനക്ക് പാത്രീഭൂതമാവാതെ നിർവ്വാഹമില്ല. ശരീരത്ത് ഘടനയിൽ നമസ്കാരത്തിന്റെ സ്ഥാനം മനുഷ്യശരീരത്തിൽ ഹൃദയത്തിന്റെ സ്ഥാനമാണെന്നു് മനസ്സിലാക്കാവുന്നതാണ്. ഹൃദയത്തിനു് ഊഷ്മാവും ചൈതന്യവുമുണ്ടെങ്കിൽ ശരീരത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലും രക്തം ഒഴുകിക്കൊണ്ടിരിക്കുകയും ജീവൻ നിലനിൽക്കുകയും ചെയ്യും. എന്നാൽ ഹൃദയത്തിന്റെ ചലന ചൈതന്യം നഷ്ടപ്പെടുന്നതുമുതൽ ഇതര അവയവങ്ങളും വിറങ്ങലിച്ച് നിർജ്ജീവങ്ങളായി ഭവിക്കുന്നതാണ്. നമസ്കാരത്തിന്റെ ഈ സവിശേഷതയിലേക്കു് വിശുദ്ധ ഖുർആനിൽ അവിടവിടെ സൂചനകളുണ്ട്. നബി (സ) അതു വിശദീകരിച്ചിട്ടുമുണ്ട്. ഉദാഹരണമായി 'ഇസ്ലാം അഞ്ച് സ്തംഭങ്ങളിൽ പണിതുയർത്തപ്പെട്ടിരിക്കുന്നു' എന്നു ഒരു നബി വചനത്തിൽ വന്നിട്ടുണ്ടെങ്കിൽ, 'നമസ്കാരമാണ് ദീനിന്റെ സ്തംഭം' എന്നു് മറ്റൊരു തിരുവചനത്തിൽ പറഞ്ഞതായി കാണാം:

راس الامر الإسلام وعموده الصلوة (ترمذى باب الإيمان)

"ദീനിന്റെ മുഖ്യഭാഗം 'ഇസ്ലാം' (തൗഹീദും റിസാലത്തും സമ്മതിച്ചു പറയൽ) ആകുന്നു. അതിന്റെ സ്തംഭം നമസ്കാരമാണ്,"

ഇതിൽനിന്നു് വ്യക്തമാകുന്നതിതാണ്: നമസ്കാരത്തെപ്പോലെ സകാത്തും ഹജ്ജും നോമ്പും ദീനിന്റെ സ്തംഭങ്ങളാണെങ്കിലും, അവയെക്കൂടാതെ ദീനിന്റെ സൗധം പണിതുണ്ടാവുകയില്ലെങ്കിലും നമസ്കാരത്തിനു് അതിന്റേതായ ഒരു സവിശേഷ പ്രാധാന്യതയുണ്ട്. തദടിസ്ഥാനത്തിൽ അതിനെ മാത്രം ദീനിന്റെ സ്തംഭമെന്നു വിശേഷിപ്പിക്കാവുന്നതാണ്. അതുണ്ടെങ്കിൽ മുഴുവൻ ദീനുണ്ട്; ഇല്ലെങ്കിലോ ദീൻ തന്നെയില്ല.

ഹ: ഉമർ (റ) തൻെറ ഗവർണ്ണർമാർക്ക് ഒരു ലിഖിത നിർദ്ദേശം നല്കിക്കൊണ്ടു പറയുകയുണ്ടായി:

إِنَّ أَهَمَّ أُمُورِكُمْ عِنْدِي الصَّلٰوةُ مَنْ حَفِظَهَا وَحَافَظَ عَلَيْهَا
حَفِظَ دِينَهُ وَمَنْ ضَيَّعَهَا فَهُوَ لِمَا سِوَاهَا أَضْيَعُ

(مالك، مشكوة باب المواقيت)

"തീർച്ചയായും നിങ്ങളുടെ കാര്യങ്ങളിൽ എൻെറ പക്കൽ ഏററവും മുഖ്യമായത് നമസ്കാരമാണ്. അതിനെ നിറവേററുകയും ശരിയാംവണ്ണം കാത്തു സൂക്ഷിക്കുകയും ചെയ്യുന്നവൻ ദീനിനെ മുഴുവൻ കാത്തു സൂക്ഷിച്ചിരിയ്ക്കുന്നു. അതിനെ പാഴാക്കിയവനാകട്ടെ, മററുള്ളവയെ കൂടുതൽ പാഴാക്കുന്നവനാണ്."

## പ്രാധാന്യതയ്ക്കു കാരണം

ദീനിൽ നമസ്കാരത്തിന്റെ പ്രാധാന്യം എത്രത്തോളമാണെന്നു, കിതാബിന്റെയും സുന്നത്തിന്റെയും ഉപരിസൂചിതങ്ങളായ തെളിവുകളിൽനിന്നു വേണ്ടതുപോലെ മനസ്സിലാക്കാം. സ്വാഭാവികമായും, നമസ്കാരത്തിന്റെ ഈ പ്രാധാന്യതയ്ക്കു കാരണമെന്തെന്ന ചോദ്യം ഉത്ഭവിയ്ക്കുന്നു എന്തുകൊണ്ടാണത് ശരീഅത്തിന്റെ ഒരു ശാഖ മാത്രമായിരുന്നിട്ടും മുഴുവൻ ശരീഅത്തിന്റെ സ്ഥാനമാർജ്ജിച്ചിരിയ്ക്കുന്നത്? കർമ്മങ്ങളിൽ ഒന്നുമാത്രമായ അതിനു സാക്ഷാൽ ഈമാനിന്റെ പദവി നല്കപ്പെട്ടതെന്തുകൊണ്ട്? ഈ ചോദ്യത്തിനുത്തരം മറെറാരു ചോദ്യത്തിന്റെ ഉത്തരത്തിൽനിന്നു ലഭിയ്ക്കുന്നതാണ്. നമസ്കാരമെന്നാലെന്താണ്? എന്താണതിന്റെ യാഥാർത്ഥ്യം? നമസ്കാരം ദൈവസ്മരണയുടെ പര്യായമാണെന്നു വിശുദ്ധ ഖുർആൻ പറയുന്നു: أَقِمِ الصَّلٰوةَ

لِذِكْرِي (നമസ്കാരത്തെ നിലനിൎത്തുക, എന്നെ സ്മരിക്കുവാൻ വേണ്ടി) അടിമയെ തന്റെ യജമാനനുമായി നമസ്കാരം അടുപ്പിക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു. وَاسْجُدْ وَاقْتَرِبْ (സുജൂദ് ചെയ്യുക, സാമീപ്യം പ്രാപിക്കുക ) നമസ്കാരം കൊണ്ടുള്ള ദൈവസാമീപ്യം സിദ്ധിക്കുന്നത്ര മറെറാരു കൎമ്മംകൊണ്ടും, മറെറാരു പരിതസ്ഥിതിയിലും സാധിതപ്രായമാകുന്നതല്ല.

أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ سَاجِدٌ — مسلم

(അടിമ സുജൂദിലായിരിക്കുമ്പോഴാണ് തന്റെ രക്ഷിതാവുമായി ഏററവും സമീപസ്ഥനാകുന്നത്.) ആ സന്ദർഭത്തിൽ അവൻ അല്ലാഹുവല്ലാത്ത സർവ്വത്തിൽനിന്നും വേർപെട്ടു അല്ലാഹുവിന്റെ തിരുസവിധത്തിൽ സന്നിഹിതനാവുകയും അവനുമായുള്ള 'മുനാജാത്തി'ൽ നിമഗ്നനാവുകയും ചെയ്യുന്നു.

إِنَّ أَحَدَكُمْ إِذَا صَلَّى يُنَاجِي رَبَّهُ — بخارى

(നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ തന്റെ നാഥനുമായി 'മുനാജാത്ത്'' (രഹസ്യസംഭാഷണം) നടത്തുകയാണ്.) അല്ലാഹുവിന്റെ സ്മരണ, സാമീപ്യം, സാന്നിദ്ധ്യം, അവനുമായുള്ള സംഭാഷണം എന്നിവയിലുപരിയായ വല്ലതുമാണോ ദീനിന്റെ ചൈതന്യം? അടിമത്തത്തിന്റെ ഔന്നത്യം? തീർച്ചയായും അല്ലെന്നു വ്യക്തം. ദൈവഭക്തിയുടെതായ കൎമ്മം ഈമാനിൽനിന്നു മാത്രമാണുണ്ടാവുക.. ഈമാനിന്റെ തായ്‌വേരിനു നനവും പശിമയും ലഭിക്കുന്നതോ, ദൈവസ്മരണയിൽനിന്നു മാത്രവും. 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന ദിക്റുകൊണ്ടു ഈമാനിനെ പുതുക്കുക''

(جَدِّدُوا إِيمَانَكُمْ بِقَوْلِ لَا إِلٰهَ إِلَّا اللهُ) എന്ന നബിവചനത്തിന്റെ അർത്ഥമതാണ്. അടിവേരിനു നനവും പശിമയും ലഭിക്കാത്ത വൃക്ഷം വളർച്ച മുട്ടി ഉണങ്ങിപ്പോകുമല്ലോ. അതുപോലെ, ഹൃദയം ദൈവസ്മരണയെക്കുറിച്ച് അശ്രദ്ധമായ വ്യക്തിയുടെ ഈമാനും വാടിക്കരിഞ്ഞുപോകുന്നതാണ്. വിശ്വാസം മരവിച്ചുപോയവന്റെ കർമ്മം പുണ്യത്തിന്റെയും ഭക്തിയുടെയും കർമ്മമായിരിക്കുന്നതല്ല. ഈമാൻ ഊർജ്ജസ്വലമായി നിലനിൽക്കുന്നവനിൽനിന്നു മാത്രമേ അത്തരത്തിലുള്ള കർമ്മം പ്രത്യക്ഷപ്പെടുകയുള്ളു. ദൈവസ്മരണ സജീവമായിരിക്കുന്ന ഹൃദയത്തിൽ മാത്രമേ ഈമാൻ സജീവമായിരിക്കൂ. നമസ്കാരം ദൈവസ്മരണയാണെന്നു മാത്രമല്ല, ദൈവസ്മരണയ്ക്കുള്ള ഏററവും ഉത്തമവും സമ്പൂർണ്ണവും ഫലപ്രദവുമായ മാർഗ്ഗവുമാണ്. ആകയാൽ പുണ്യവും ഭക്തിയും നമസ്കാരത്തെ ആശ്രയിച്ചിരിക്കുന്നു.

ഒരുദാഹരണത്തിലൂടെ ഈ വസ്തുത മനസ്സിലാക്കുക: രാജാവിന്റെ ഒരു ദാസൻ രാജസന്നിധിയിൽ അഭിവാദ്യം ചെയ്യുന്നില്ല; അഥവാ ചെയ്യുന്നെങ്കിൽത്തന്നെ ഹൃദയംഗമമായ ഭക്തിബഹുമാനങ്ങളോടുകൂടിയല്ല. എങ്കിൽ ഇങ്ങനെയൊരുവനെപ്പററി, അയാൾ രാജശാസനങ്ങൾ അനുഷ്ഠിക്കുമെന്നും രാജാവിനോട് സർവ്വാത്മനാ കൂറ് കാണിക്കുമെന്നും പ്രതീക്ഷിക്കുന്നത് നിരർത്ഥകമായിരിക്കും. രാജസദസ്സിൽ സന്നിഹിതനായി അഭിവാദ്യം ചെയ്യുവാനും ആചാരമുറകൾ അനുഷ്ഠിക്കുവാനും ശ്രദ്ധിക്കുന്ന ഒരാളിൽനിന്നു മാത്രമേ അതു പ്രതീക്ഷിച്ചുകൂടൂ. നിങ്ങളുടെ മുമ്പിൽ വന്നു, നിങ്ങളോടു ഔപചാരികമായി സ്നേഹവും കൂറും പ്രകാശിപ്പിക്കുവാൻ പോലും സന്നദ്ധനല്ലാത്ത ഒരാൾ നിങ്ങളുടെ അഭീഷ്ടത്തെച്ചൊല്ലി രക്തം ചിന്തുന്നതുപോകട്ടെ, വിയർപ്പൊഴുക്കാൻ പോലും മിനക്കെടുകയില്ലെന്നത് വളരെ വ്യക്തമല്ലേ? അല്ലാഹുവിന്റെ മുൻപിൽ ഹാജരായി സലാം ചെയ്യാൻപോലും ഒരുക്കമില്ലാത്ത

വൻ ജീവിതത്തിന്റെ വിശാല മണ്ഡലങ്ങളിൽ ഓരോ കാൽവെപ്പിലും അല്ലാഹുവിന്റെ വിഷമകരങ്ങളായ നിയമനിർദ്ദേശങ്ങളനുഷ്ഠിക്കുമെന്നു പ്രതീക്ഷിക്കാവതല്ല.

## നമസ്സാരത്തിന്റെ ചില ഉപലക്ഷ്യങ്ങൾ

നമസ്സാരത്തിന്റെ സാക്ഷാൽ പ്രാധാന്യവും മാഹാത്മ്യവും മുൻ പ്രതിപാദനത്തിൽനിന്നു മനസ്സിലായിക്കഴിഞ്ഞതാണ്. എന്നാൽ, നമസ്സാരം മററു പല ഉപ നന്മകളും ഉൾക്കൊള്ളുന്നുണ്ട്. ഉപനന്മകളെന്നു പറഞ്ഞതു് നമസ്സാരത്തിന്റെ സാക്ഷാൽ ലക്ഷ്യത്തെ അപേക്ഷിച്ചു മാത്രമാണ്. സ്വന്തം നിലയിലാണെങ്കിൽ അവ വളരെ പ്രധാനവും അമൂല്യവുമാകുന്നു. മനുഷ്യന്നു് യഥാർത്ഥ ഇസ്ലാമിക മനഃസ്ഥിതിയും ഉദ്ദിഷ്ട മത ജീവിതവും പ്രദാനം ചെയ്യുന്നതിൽ വളരെ പ്രകടമായ പങ്കാണവയ്ക്കുള്ളതു്. അതുകൊണ്ടു അവയും മനസ്സിലാക്കിയിരിയ്ക്കേണ്ടതാവശ്യമാണ്. ഈ 'ഉപ നന്മകളെ' നമസ്കാരത്തിന്റെ 'ഉപലക്ഷ്യങ്ങളെന്നു' വിശേഷിപ്പിക്കുന്നതായിരിക്കും കൂടുതൽ ശരിയായിരിക്കുക. അവയിൽ ഏതാനും ചിലതുമാത്രം ഇവിടെ കാണിച്ചുകൊള്ളട്ടെ:

1) ഒരേ ദൗത്യത്തിന്റെ പതാകവാഹകരാണെന്ന അഗാധബോധം തങ്ങളിൽ സജീവമായിരിക്കണമെന്നാണ്, ഇസ്ലാം തദനുയായികളോടാവശ്യപ്പെടുന്നതു്. ഈ ഉദ്ദേശ്യാർത്ഥം അവർ ഒരു സുസംഘടിത സാമൂഹ്യജീവിതം നയിക്കേണ്ടതാകുന്നു. അവക്ക്° ഒരു അമീർ (നേതാവ്) ഉണ്ടായിരിയ്ക്കണം; അദ്ദേഹം ശരീഅത്ത് നിയമങ്ങൾ സ്വയം അനുഷ്ഠിക്കുന്നതോടൊപ്പം സമൂഹത്തെ തദനുസാരം ഭരിക്കുകയും ശരീഅത്ത് വ്യവസ്ഥ സ്ഥാപിച്ചു നിറുത്തുകയും വേണം. ജനങ്ങൾ സുസംഘടിതരും സുശിക്ഷിതരുമായ ഒരു സൈന്യത്തെപ്പോലെ വർത്തിക്കണം; അമീർ അവരുടെ സൈന്യാധിപനായിരിക്കണം; അവരോട് അദ്ദേഹം നടക്കാൻ പറയുമ്പോൾ അവർ നടക്കുകയും നില്ക്കാൻ

കല്പിക്കുമ്പോൾ നില്ക്കുകയും വേണം. അനുസരണത്തിൻെറയും അച്ചടക്കത്തിൻെറയുമായ ഈ ദൃഢ പ്രകൃതിയുണ്ടാക്കുന്നതത്രെ, നമസ്കാരം. ബാങ്കുവിളി കേൾക്കുന്ന മാത്രയിൽ ജനങ്ങൾ വീട്ടുകളിൽ നിന്നും പീടികകളിൽ നിന്നും പാടത്തു നിന്നും ഫാക്ടറികളിൽ നിന്നും പുറത്തിറങ്ങി, പള്ളികളിലേക്ക് തിരിക്കുന്നു. അവിടെ എല്ലാവരും ഒരേ ഇമാമിൻെറ കീഴിൽ അസ്സൂവടിവിൽ അണിചേർന്നു നില്ക്കുന്നു. അദ്ദേഹത്തിൻെറ കൂടെ, സൂചനകൾക്കൊപ്പം ഒന്നിച്ചു നില്ക്കുകയും ഒന്നിച്ചു ഇരിക്കുകയും ഒന്നിച്ചു കുനിയുകയും ചെയ്യുന്നു. ഇമാമിനെ അനുസരിയ്ക്കുന്നതിൽ നിന്നു വിചാരപരമായോ കർമ്മപരമായോ ലവലേശം വ്യതിചലിയ്ക്കുവാൻ ആക്കും നിവ്വാഹമില്ല. അല്ലാഹുവിൻെറ ആജ്ഞയെന്നും, മതപരമായ കർത്തവ്യമെന്നും, പരലോകമോക്ഷത്തിനുവേണ്ടിയുള്ളതെന്നും കരുതിയാണിതെല്ലാം ചെയ്യുന്നതു്. ഇങ്ങിനെ നമസ്കാരം മൂലം ലഭിക്കുന്ന അച്ചടക്കത്തിൻെറയും അനുസരണത്തിൻെറയും സംഘടനാ വ്യവസ്ഥയുടെയും പരിശീലനം-വിചാരപരവും കർമ്മപരവുമായ പരിശീലനം-മററു വല്ല മാർഗ്ഗേണയും ലഭിക്കുന്നതാണോ?

2) ഇപ്രകാരം തന്നെ, ഇസ്ലാം അതിൻെറ അനുയായികളിൽ അങ്ങേയററത്തെ സ്നേഹവും സാഹോദര്യവും ദർശിക്കുവാനാഗ്രഹിക്കുന്നു. ഓരോ വ്യക്തിയും തനിക്കിഷ്ടപ്പെടുന്നത് തൻെറ സഹോദരനും ഇഷ്ടപ്പെടുകയെന്നതാണ് യഥാർത്ഥ സത്യവിശ്വാസികളുടെ ലക്ഷണമായി പറഞ്ഞിരിക്കുന്നതു്. ഈ സ്നേഹസാഹോദര്യബോധത്തെ നമസ്കാരം അതിശക്തമായുല്പാദിപ്പിക്കുകയും തുടർച്ചയായി പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഗ്രാമത്തിലും നഗരത്തിലുമുള്ള മുസ്ലിംകൾ ഒന്നടങ്കം തങ്ങളുടെ രക്ഷിതാവിൻെറ സവിധത്തിൽ സന്നിഹിതരാവുമ്പോൾ അവരുടെ പാദങ്ങളും ചുമലുകളും പരസ്പരം തൊട്ടുരുമ്മുക മാത്രമല്ല ചെയ്യുന്നുള്ളൂ; ഒരു വിധത്തിൽ അവരുടെ

ഹൃദയങ്ങൾ തമ്മിൽ ചേരുന്നുമുണ്ട്. തങ്ങളുടെ നാഥങ്കൽ പ്രാർത്ഥനകൾ നടത്തുന്നത് അവരവക്ക് വേണ്ടി മാത്രമല്ല, എല്ലാവർക്കും വേണ്ടിയാണ്. എല്ലാവരും എല്ലാവർക്കുംവേണ്ടി സന്മാർഗ്ഗവും പാപമോചനവും ചോദിക്കുന്നു. എല്ലാവക്കും വേണ്ടി സഹായമർത്ഥിക്കുന്നു. മനുഷ്യൻ തൻെറ രക്ഷിതാവിൻെറ അനുഗ്രഹാശീസ്സുകൾക്കുവേണ്ടി വിനീതമായി പ്രാർത്ഥിക്കുമ്പോൾ പോലും സ്വസഹോദരനെ മറക്കാതിരിക്കുന്നതിലുപരിയായ വല്ല ഉപാധിയുമുണ്ടോ, സാഹോദര്യ ബാധ്യത നിർവ്വഹിക്കുവാൻ? ആ നീണ്ടുായകനിമിഷത്തിൽപോലും അവൻ നിരന്തരം പ്രാർത്ഥിക്കുന്നതിപ്രകാരമാണ്:

"നാഥാ! ഞങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചു തരേണമേ!"

(اهدنا الصراط المستقيم)

"ഞങ്ങൾക്കും, അല്ലാഹുവിൻെറ സദ്വൃത്തരായ എല്ലാ അടിയാറുകൾക്കും ശാന്തിവരട്ടെ!"

(السلام علينا وعلى عباد الله الصالحين)

"നാഥാ! ഞങ്ങളെല്ലാവക്കും ഇഹത്തിലും പരത്തിലും നന്മ നല്കേണമേ!"

(ربنا آتنا في الدنيا حسنة وفي الآخرة حسنة)

പരസ്പരസ്നേഹത്തിൻെറ പാരമ്യത്തെക്കുറിച്ചു ലോകം സങ്കല്പിച്ചിരിക്കാവുന്ന അത്യുന്നത മാനദണ്ഡംപോലും ഈ നിലവാരത്തേക്കാൾ താഴെ ആയിരിക്കുമെന്നുറപ്പിച്ചു പറയാവുന്നതാണ്.

3) എല്ലാ മനുഷ്യരും, ഒരേ യജമാനൻെറ ദാസന്മാരും ഒരേ മാതാപിതാക്കളുടെ സന്തതികളുമാണെന്നു ഇസ്ലാം കരുതു ന്നു. മനുഷ്യരെല്ലാം പരസ്പരം അങ്ങിനെ കരുതണമെന്നു് ആ ജ്ഞാപിക്കുകയും ചെയ്യുന്നു.

كُونُوا عِبَادَ اللهِ اِخْوَانًا

"അല്ലാഹുവിൻെറ അടിമകളെ, നിങ്ങൾ സഹോദരന്മാരായി ത്തീരുക."

ആരും ആരെയും അധമനും നീചനുമായി ഗണിക്കരുത്. വർണ്ണം, ദേശം, വർഗ്ഗം, ഗോത്രം, സമ്പത്ത് ഇത്യാദികളുടെ അടിസ്ഥാനത്തിൽ ഒരുവൻ ഉൽകൃഷ്ടനും അപരൻ നികൃഷ്ടനു മായിത്തീരുന്നില്ല; നന്മയുടെയും ഭക്തിയുടെയും അടിസ്ഥാന ത്തിലല്ലാതെ യാതൊരാൾക്കും ശ്രേഷ്ഠതയില്ല. നമസ്കാരം അതിൻെറ ബാഹ്യരൂപം കൊണ്ടും ആന്തരചൈതന്യം കൊണ്ടും ഈ യാഥാർത്ഥ്യത്തെക്കുറിച്ച ബോധമാണുത്തേജിപ്പിക്കുന്നത്. ബാഹ്യരൂപത്തെ സംബന്ധിച്ചിടത്തോളം, നമസ്കാരത്തിൽ ഒരു വൻ 'ദാസനും' അപരൻ 'യജമാനനു'മായി വർത്തിക്കുന്നില്ല. മഹാനായ ഉമറുൽ ഫാറൂഖും ഒരു നീഗ്രോ അടിമയും ഒന്നിച്ച്, ഒരേ അണിയിലാണ് നില്ക്കുന്നത്: വിനീതരായി എല്ലാവരും ഒരേ നിലത്ത് നെററി ചേർത്തു കുമ്പിടുന്നു. ആന്തരികമായി, നമസ്കാരത്തിൽ എല്ലാവരുടെയും ഹൃദയത്തിൽ ഉയർച്ച താഴ്ച യുടെ ഒരേ സങ്കല്പമാണുയർന്നുവരുന്നത്: ഏകനായ അല്ലാഹു മാത്രമാണ് സർവ്വ മഹത്വങ്ങൾക്കും ഉടമസ്ഥനായുള്ളവൻ; യഥാ ർത്ഥത്തിൽ മാഹാത്മ്യത്തിൻെറ യാതൊരുറവിടവും മററാർക്കും തന്നെ ലഭ്യമല്ല; നമുക്കെല്ലാം വല്ല സ്ഥാനവുമുണ്ടെങ്കിൽ അത് അടിമയുടെയും ദാസൻെറയും മാത്രം സ്ഥാനമാണ്. തൻെറ നിലപാടിനെ സംബന്ധിച്ച ഈ യാഥാർത്ഥ്യം നമസ്കാരത്താൽ

അനുസ്മരിച്ചുകൊണ്ടിരിക്കുന്ന യാതൊരാളും, വർണ്ണം, ഭാഷ, വർഗ്ഗം, സമ്പത്ത് എന്നിത്യാദി കാനൽ ജലത്താൽ ഒരിക്കലും വഞ്ചിതരായിപ്പോകുന്നതല്ലെന്നു സ്പഷ്ടം. മററുള്ളവരെക്കാൾ ഉന്നതനെന്ന ധാരണ അയാൾക്കുണ്ടായിരിക്കുന്നതല്ല.

## ഉദ്ദിഷ്ടനമസ്കാരം

ഈ ലക്ഷ്യങ്ങളും ഉപ ലക്ഷ്യങ്ങളും ഫലങ്ങളും ഉള്ള നമസ്കാരം—ഇസ്ലാം യഥാർത്ഥത്തിൽ ആജ്ഞാപിച്ചിരിക്കുന്ന നമസ്കാരം—ഏതാണെന്നു തിരിച്ചറിയുകയാണിനിയാവശ്യമായിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ എല്ലാ നമസ്കാരവും 'നമസ്കാരമല്ല'. എല്ലാ മനുഷ്യരും 'മനുഷ്യർ'ല്ലാത്തതുപോലെ. അല്ലാഹു ആജ്ഞാപിച്ചതും ദീനിൻെറ നെടുംതൂണായി നിലകൊള്ളുന്നതുമായ നമസ്കാരം നിലവിൽ വരേണമെങ്കിൽ, അത് ശരിയായ വിധത്തിൽ അനുഷ്ഠിക്കപ്പെടുക തന്നെ വേണം. 'ശരിയായ വിധത്തിൽ അനുഷ്ഠിക്ക'ന്നതിനു കിതാബിലും സുന്നത്തിലും ഒരു പ്രത്യേക പ്രയോഗം വന്നിട്ടുണ്ട്. ഇഖാമത്ത് (إقامة) എന്നാണത്. നമസ്കാരത്തെ 'നിലനിറുത്തുക' എന്നർത്ഥം. മുൻ വിവരിച്ച ഹദീസുകളിലും വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും ആ പദം പ്രയോഗിച്ചിട്ടുള്ളതായി കാണാം. 'നമസ്കാരം നിലനിറുത്തലി'ൻെറ താല്പര്യം, രണ്ടു വാക്കിൽ, ഇതാണ്: ബാഹ്യമായ എല്ലാ ആചാരമര്യാദകളോടും ആന്തരമായ എല്ലാ ഗുണവിശേഷതകളോടും അതനുഷ്ഠിക്കുക. ഈ മര്യാദകളുടെയും ഗുണങ്ങളുടെയും പൂർണ്ണ വിശദീകരണങ്ങൾ ഖുർആനിലും ഹദീസിലും ഫിഖ്ഹ് ഗ്രന്ഥങ്ങളിലും, കണ്ടെത്താവുന്നതാണ്. ചുരുക്കത്തിൽ ഇങ്ങനെ മനസ്സിലാക്കുക: (കൃത്യ സമയത്തും ജമാഅത്തായും അച്ചടക്കത്തോടും വ്യവസ്ഥാപിതമായും നിർവ്വഹിക്കുന്ന നമസ്കാരമേ 'നിലനിറുത്തപ്പെടുന്ന നമസ്കാരം' ആയിത്തീരുകയുള്ളു.) അതിലെ പാരായണങ്ങളിൽ 'തർതീലും' (നിറുത്തി

നിറുത്തി ഓതൽ) ദൈവാഭിമുഖ്യവും പൂർണ്ണമായി രക്ഷിക്കപ്പെടണം; ഖിയാമും, റുകൂഉം, സുജൂദും ദീർഘമായിരിക്കണം; ശരീരത്തെ 'അദബും' വിനയവും ആവരണം ചെയ്തിരിയ്ക്കണം; സർവ്വോപരി, ഹൃദയം ദൈവധ്യാനത്തിൽ നിമഗ്നവും, ദൈവഭയംകൊണ്ടു നിബിഡവുമായിരിയ്ക്കണം. ഈ കാര്യങ്ങളെല്ലാം യഥാവിധി ശ്രദ്ധിക്കപ്പെടുന്ന നമസ്കാരം മാത്രമേ ശരിയായ അർത്ഥത്തിൽ നമസ്കാരമായിത്തീരുന്നുള്ളു. എത്രകണ്ട് ഈ ഗുണങ്ങളുണ്ടോ അത്രകണ്ട് നമസ്കാരം നിലവാരമുള്ളതായിരിയ്ക്കും. ഒരു നമസ്കാരത്തിൽ ഏററവും കുറഞ്ഞ തോതിലെങ്കിലും ഈ ഗുണങ്ങളില്ലാതിരിയ്ക്കുന്നുവെങ്കിൽ, രൂപത്തിൽ അത് നമസ്കാരമായിരിയ്ക്കാമെങ്കിലും, യഥാർത്ഥത്തിൽ നമസ്കാരമായിരിയ്ക്കുന്നതല്ല. നമസ്കാരത്തിന്റെ ഫലങ്ങൾ അതുമൂലം ലഭ്യമാകുന്നതുമല്ല. ഇത്തരത്തിലുള്ള, രൂപമാത്രമായ, നമസ്കാരത്തെ ഇസ്ലാമിൻെറ സ്തംഭമാക്കുന്നത് മണൽകൊണ്ട് കോട്ട കെട്ടുന്നതിനു തുല്യമായിരിയ്ക്കും.

നമസ്കാരത്തിൻെറ, മുകളിൽ വിവരിച്ച ഫലങ്ങൾ കേവലം ഫലങ്ങൾ മാത്രമല്ല; പരമാർത്ഥത്തിൽ അവ നമസ്കാരത്തിൻെറ ഉരക്കല്ലാണ്—നമ്മുടെ നമസ്കാരത്തിൻെറ പുറംതോട് അതിൻെറ ആന്തര ചൈതന്യത്തെ എത്രത്തോളമുൾക്കൊള്ളുന്നുണ്ടെന്നും, എത്രത്തോളം നിലനിറുത്തുന്നുണ്ടെന്നും പരിശോധിച്ച തിട്ടപ്പെടുത്താനുള്ള ഉരക്കല്ല്. അഥവാ, നമ്മുടെ നമസ്കാരം ഇസ്ലാമിൻെറ സ്തംഭമാകുന്നുണ്ടോ, ഇല്ലേ എന്നറിയാനുള്ള ഉരക്കല്ല്.

# സകാത്ത്

## സകാത്തിന്റെ പ്രാധാന്യം

ഇസ്ലാമിന്റെ തൃതീയസ്തംഭമാണ് സകാത്ത്. ശരീഅത്തിൽ നമസ്കാരത്തിനുള്ള പ്രാധാന്യം മററൊരു കർമ്മത്തിനുമില്ല. അതുകൊണ്ട സകാത്തിനും നമസ്കാരത്തിന്റെ സ്ഥാനം തന്നെയാണുള്ളതെന്ന് പറഞ്ഞുകൂടാ. എങ്കിലും ഖുർആനിലും ഹദീസിലും ഈ വിഷയകമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങൾ പരിശോധിക്കുമ്പോൾ സകാത്തിനുള്ള സ്ഥാനം നമസ്കാരത്തേക്കാൾ ഒരു പടിമാത്രം താഴ്ന്നതാണെന്ന് കാണാം. ഉദാഹരണമായി:

1) ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ ഈമാനിനുശേഷം രണ്ട സൽകർമ്മങ്ങളെ സംബന്ധിച്ച പ്രസ്താവന മാത്രം വരുന്നു. ഒന്ന്, നമസ്കാരം മററൊന്ന് സകാത്ത്. മാതൃകായോഗ്യനായ

ഒരു സത്യവിശ്വാസിയുടെ ചിത്രം സാധാരണയായി ഖുർആൻ ഈ വാക്കുകളിലാണ് വരച്ചുകാണിക്കുക:

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَأَقَامُوا الصَّلَوٰةَ
وَآتَوُا الزَّكَاةَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ - البقرة

"നിശ്ചയമായും സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ, നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്തവർ—അവർക്ക് അവരുടെ നാഥങ്കൽ പ്രതിഫലമുണ്ട്."

ഇസ്ലാമിക മാനദണ്ഡങ്ങൾക്ക് യോജിച്ച മുസ്ലിമും മുഅ്മിനും ആകുന്നതിന്നു നമസ്കാരത്തിന്നും സകാത്തിന്നും പുറമെ വേറെയും പല സൽകർമ്മങ്ങളും സൽസ്വഭാവങ്ങളും അനിവാര്യമാണ്. ആ നിലക്ക് യഥാർത്ഥ മുഅ്മിനിന്റെ വിഭാവനവേളയിൽ ഈമാനിന്നു ശേഷം നമസ്കാരവും സകാത്തും മാത്രം എടുത്തുപറഞ്ഞു, മററുള്ളവയെപ്പററി മൗനംദീക്ഷിച്ചതിലുള്ള യുക്തി എന്താണ്? അല്പം ആഴത്തിൽ ചിന്തിച്ചാൽ അതിന്റെ യുക്തി ഗ്രഹിക്കാൻ കഴിയും. നമസ്കാരവും സകാത്തുമാണ് ദീനിന്റെ രണ്ടു സാക്ഷാൽ കർമ്മാടിസ്ഥാനങ്ങൾ. ഈ രണ്ടു കടമകൾ യഥാവിധി നിർവ്വഹിക്കുന്ന വ്യക്തി ദീനിനെ പൂർണ്ണമായി പ്രാവർത്തികമാക്കുമെന്നതിന്നു് ഉറപ്പുനല്കുകയും അതുകർമ്മപരമായി തെളിയിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള ഒരു വ്യക്തിയെസ്സംബന്ധിച്ചേടത്തോളം മററു ശരീഅത്ത് വിധികൾ പാലിക്കുകയില്ലെന്ന ആശങ്കയ്ക്കവകാശമില്ല. ഇതെന്തുകൊണ്ടാണെന്നു് ഒരു വശത്ത് ദീനിന്റെയും മറുവശത്ത് നമസ്കാരം, സകാത്ത് എന്നിവയുടെയും, യാഥാർത്ഥ്യങ്ങളെയും ലക്ഷ്യങ്ങളെയും സംബന്ധിച്ചു ചിന്തിച്ചാൽ ഗ്രഹിക്കാം.

ദീനിനെ മൗലികമായി വിഭജിക്കുകയാണെങ്കിൽ അല്ലാഹുവിനോടുള്ള കടപ്പാടുകളുമായി ബന്ധപ്പെട്ട നിയമങ്ങളെന്നും സൃഷ്ടികളോടുള്ള കടപ്പാടുകളുമായി ബന്ധപ്പെട്ട നിയമങ്ങളെന്നും രണ്ടായി തരം തിരിക്കാം ഇത് പ്രകാരം ദീനിനെ പിന്തുടരുകയെന്നതിന്റെ അർത്ഥം, മനുഷ്യൻ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടപ്പാടുകൾ നിർവ്വഹിക്കുകയെന്നാണ്. നമസ്കാരത്തിന്റേയും സകാത്തിന്റേയും യാഥാർത്ഥ്യങ്ങൾ മുമ്പിൽവെച്ചുനോക്കുമ്പോൾ, നമസ്കാരം അല്ലാഹുവിന്റെ അവകാശങ്ങളുടെയും, സകാത്ത് സൃഷ്ടികളുടെ അവകാശങ്ങളുടെയും കാമ്പും കാതലുമാണെന്നു് കാണാം. പള്ളിയിൽചെന്നു് നമസ്കാര ബാദ്ധ്യത നിർവ്വഹിക്കുന്ന ഒരാൾക്ക് പുറത്തിറങ്ങിയാൽ അല്ലാഹുവിനോടുള്ള മററു ബാദ്ധ്യതകൾ വിസ്മരിച്ചുകളയുക സാദ്ധ്യമല്ല ആ ബാദ്ധ്യതകളും അവനാൽ നിർവിഘ്നം നിറവേററികൊണ്ടിരിക്കും—നീരുറവിൽ നിന്നു് ജലം നിർഗ്ഗളിക്കുന്നത് പോലെ. ഇതേപ്രകാരം സകാത്ത് ബാദ്ധ്യത നിർവ്വഹിക്കുന്ന ഒരാൾ സൃഷ്ടികളോടുള്ള ബാദ്ധ്യതകളിൽനിന്നു് ഒഴിഞ്ഞുമാറിക്കളയാനും സാദ്ധ്യതയില്ല. ഏതൊരാൾ ചോരനീരാക്കിയ സമ്പാദ്യം തന്റെ സഹോദരങ്ങൾക്കും അയൽവാസികൾക്കും വേണ്ടി സന്തോഷപൂർവ്വം ചിലവഴിക്കുകയും, അവരുടെമേൽ ഉപകാരസ്മരണയുടെ ഭാരംവെച്ചുകെട്ടുന്നതിന്നു് പകരം അവരോടു് സ്നേഹപൂർവ്വം വർത്തിക്കുകയും ചെയ്യുന്നുവോ അയാൾക്ക്, അവരോടുള്ള ഓരോ ബാദ്ധ്യതയും നിറവേററിയാലേ, സ്വാസ്ഥ്യം ലഭിക്കുകയുള്ളു.

ഇനി മറെറാരു വശത്തിൽകൂടി നോക്കാം. അല്ലാഹുവിനോടുള്ള സ്നേഹത്തിന്നു് മറെറല്ലാ സ്നേഹത്തേക്കാളും, പരലോകത്തിന്നു് ഇഹലോകത്തേക്കാളും മുൻഗണന ലഭിച്ചെങ്കിൽ മാത്രമേ ജീവിതത്തിൽ ദീനും ഈമാനും കരുപ്പിടിക്കുകയുള്ളുവെന്നു് ഖുർആൻ ബലമായി ഉപദേശിക്കുന്നു. ഖുർആൻ ഉപദേശിക്കുന്ന

തരത്തിൽ മനുഷ്യനെ ദൈവഭക്തനും പരലോക തല്പരനുമാക്കുവാൻ ഏററവും പ്രയോജനപ്രദമായ മാർഗ്ഗങ്ങളാണ് നമസ്കാരവും സകാത്തും. ഒന്നു രചനാത്മക വശത്തിൽകൂടി, മറേറതു നിഷേധാത്മക വശത്തിൽകൂടി. നമസ്കാരം മനുഷ്യനെ ദൈവസ്മരണയിലേക്കും പരലോക ചിന്തയിലേക്കും നയിക്കുന്നു. സകാത്ത് ഐഹിക സുഖങ്ങളിൽ കുടുങ്ങിപ്പോകാതെ അവനെ രക്ഷിക്കുന്നു. ദൈവപ്രീതിയുടെയും പരലോക വിജയത്തിൻെറയും മാർഗ്ഗം ദുർഘടമെങ്കിൽ ഈ രണ്ടു കാര്യങ്ങളും—നമസ്കാരവും സകാത്തും—ആ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന മനുഷ്യകർമ്മമാകുന്ന വണ്ടിയുടെ എഞ്ചിനുകളാണ്. നമസ്കാരത്തിൻെറ എഞ്ചിൻ അതിനെ മുന്നിൽനിന്നു വലിക്കുന്നു. സകാത്തിൻെറ എഞ്ചിൻ പിന്നിൽനിന്നു തള്ളുന്നു. അങ്ങിനെ അത് ശരിക്കു ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ചിന്തിയ്ക്കുമ്പോൾ ഇവക്ക് രണ്ടിനും ദീനിൻെറ കർമ്മാടിസ്ഥാനങ്ങളായിരിക്കുവാൻ തീർച്ചയായും അർഹതയുണ്ടെന്നു കാണാം.

2) മക്കയിലെ അവിശ്വാസികളോട് യുദ്ധം ചെയ്യാൻ ഖുർആൻ അവസാനമായി കൽപനകൊടുത്തപ്പോൾ പ്രസ്താവിച്ചു: ഇസ്ലാമിൻെറ ശത്രുക്കൾ നശിച്ചൊടുങ്ങുകയോ അല്ലെങ്കിൽ ഇസ്ലാം സ്വീകരിക്കുകയോ ചെയ്യുന്നതുവരെ നിങ്ങളുടെ വാളുകൾ ഉറയിലിടരുത്. നീണ്ട ഇരുപതു കൊല്ലങ്ങളായി അവരോടു പ്രബോധനം ചെയ്യുന്നു. ദീനിനെക്കുറിച്ചു യാതൊരവ്യക്തതയും അവശേഷിക്കാത്ത വിധം ഇപ്പോൾ തെളിവുകൾ പൂർണ്ണമായി അവരുടെ മുമ്പിൽ സമർപ്പിച്ചുകഴിഞ്ഞു. തുടർന്നു, അവരുടെ ഇസ്ലാം സ്വീകരണം അംഗീകരിച്ച് അവർക്കെതിരിലുള്ള യുദ്ധനടപടികൾ എപ്പോൾ അവസാനിപ്പിക്കാമെന്നതിനെക്കുറിച്ച് ഖുർആൻ പ്രസ്താവിക്കുന്നു:

فَإِنْ تَابُوا وَأَقَامُوا الصَّلٰوةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ - التوبه

(അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നല്കുകയുമാണെങ്കിൽ അവരെ അവരുടെ വഴിക്കു വിട്ടേക്കുക."

അതേ സൂറ:യിൽ ഏതാനും വാക്യങ്ങൾക്ക് ശേഷം പ്രസ്താവിക്കുന്നു:

فَإِنْ تَابُوا وَأَقَامُوا الصَّلٰوةَ وَآتَوُا الزَّكٰوةَ فَإِخْوَانُكُمْ فِي الدِّينِ

"അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം നിലനിർത്തുകയും സകാത്തു നല്കുകയുമാണെങ്കിൽ അവർ ദീനിൽ നിങ്ങളുടെ സഹോദരന്മാരാണ്."

ഒരാൾ മുസ്ലീമാണെന്ന് അംഗീകരിക്കപ്പെടാൻ വിശ്വാസവാക്യമുച്ചരിച്ചു കഴിഞ്ഞാൽ തന്നെയും രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതമാണെന്നു ഈ ഖുർആൻവാക്യങ്ങൾ വ്യക്തമാക്കുന്നു. ഒന്നു്, നമസ്കാരം നിലനിർത്തുക. രണ്ടു്, സകാത്ത് നല്കുക. ഇവ നിർവ്വഹിക്കാത്ത ഒരാൾ മുസ്ലീമാണെന്നു് അംഗീകരിക്കപ്പെടുക സാദ്ധ്യമല്ല. സത്യനിഷേധത്തിൽനിന്നു പിൻവാങ്ങി ഇസ്ലാമികവലയത്തിൽ പ്രവേശിച്ചുവെന്നതിന്നു് നമസ്കാരത്തെപ്പോലെ സകാത്തും ഒരു തെളിവും അവശ്യോപാധിയുമാണെന്നു് ഇതിൽ നിന്നു ഗ്രഹിക്കാം. ഈ കാര്യം വിശദമാക്കിക്കൊണ്ടു് നബി തിരുമേനി പ്രസ്താവിക്കുന്നു:

أُمِرْتُ أَنْ أُقَاتِلَ النَّاسَ حَتَّى يَشْهَدُوا أَنْ لَا إِلَٰهَ إِلَّا اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ وَيُقِيمُوا الصَّلٰوةَ وَيُؤْتُوا الزَّكٰوةَ فَإِنْ فَعَلُوهُ عَصَمُوا مِنِّي دِمَاءَهُمْ وَأَمْوَالَهُمْ وَحِسَابُهُمْ عَلَى اللهِ

— مسلم

"അല്ലാഹുവല്ലാതെ ഒരു ഇലാഹില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നല്കുകയും ചെയ്യുന്നതുവരെ ഈ ജനങ്ങളോട് (അറബികളോട്) യുദ്ധംചെയ്യുവാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അവർ അങ്ങിനെ ചെയ്താൽ അവരുടെ ജീവനും ധനവും എന്നിൽനിന്ന് സുരക്ഷിതമായി. പിന്നെ അവരെ വിചാരണചെയ്യേണ്ടതു അല്ലാഹുവാകുന്നു."

സകാത്ത് നിർവ്വഹിക്കാതെ, ഇസ്ലാമിന്റെ നിഷേധികളായിരുന്നവരുടെ ഇസ്ലാംമതസ്വീകരണം പരിഗണിക്കപ്പെടുകയില്ല. മാത്രമല്ല, സ്വയം മുസ്ലിംകളാണെന്നു അവകാശപ്പെടുന്നവർ സകാത്ത് നല്കാൻ വിസമ്മതിക്കുന്നപക്ഷം ഇസ്ലാമിക ഗവമ്മെണ്ട് അവരോട് യുദ്ധം ചെയ്യുന്നതാണ്. ഹ: അബൂബക്കറി(റ)ന്റെ ഖിലാഫത്തു കാലത്ത് സകാത്ത്നല്കാൻ കൂട്ടാക്കാത്തവരോട് അദ്ദേഹം യുദ്ധം പ്രഖ്യാപിച്ചിട്ടുണ്ട്. ഹ: ഉമർ (റ) ഈ നടപടിയുടെ ന്യായതയെപ്പററി സംശയം പ്രകടിപ്പിച്ചപ്പോഴം അദ്ദേഹം പറഞ്ഞു:

وَاللهِ لَأُقَاتِلَنَّ مَنْ فَرَّقَ بَيْنَ الصَّلٰوةِ وَالزَّكٰوةِ — مسلم

"അല്ലാഹുവാണ: നമസ്കാരത്തിന്റെയും സകാത്തിന്റെയും ഇടയിൽ വിവേചനം കാണിക്കുന്നവരോടു ഞാൻ യുദ്ധംചെയ്യും."

പിന്നീട് ഹ: അബൂബക്കറിന്റെ (റ) അഭിപ്രായത്തോടു ഹ: ഉമറും (റ) മററു സഹാബികളും യോജിച്ചു. നമസ്കാരമെന്നപോലെ സകാത്തും നിർവ്വഹിക്കാത്ത കാലത്തോളം മുസ്ലിമിന്റെപോലും ജീവനും ധനവും ആദരിക്കപ്പെടാൻ അർഹമല്ലെന്നാണ് ഇത് കുറിക്കുന്നത്. നമസ്കരിക്കണമെന്ന നിയമം പാലിക്കുകയും, സകാത്ത് നല്കണമെന്ന നിയമം പാലിക്കാതിരിക്കുകയും ചെയ്തുകൊണ്ട്, രണ്ടിന്റെയും സ്ഥാനങ്ങളിൽ വിവേചനം കല്പിക്കുന്നവരോട് നമസ്കാരം നിർവ്വഹിക്കാത്തവരോട് അനുവർത്തിക്കുന്നതുപോലുള്ള നയം അനുവർത്തിക്കപ്പെടേണ്ടതാണ്. അതായത്, അവരോടു യുദ്ധം ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഖുർആനിലെ രണ്ടു വാക്യങ്ങൾകൂടി ശ്രദ്ധേയമാണ്:

وَيْلٌ لِلْمُشْرِكِينَ الَّذِينَ لَا يُؤْتُونَ الزَّكٰوةَ وَهُمْ بِالْآخِرَةِ
هُمْ كَافِرُونَ – حم السجدة

"സകാത്ത് നല്കാത്തവരും പരലോക നിഷേധികളുമായ മുശ്രിക്കുകൾക്ക് നാശം."

فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ الزَّكٰوةَ وَالَّذِينَ
هُمْ بِآيَاتِنَا يُؤْمِنُونَ – الأعراف

"തഖ്വ കൈക്കൊള്ളുകയും സകാത്ത് നല്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അതിനെ (അനുഗ്രഹത്തെ) നാം എഴുതിവെക്കും."

ആദ്യവചനത്തിൽ സകാത്ത് നല്കാതിരിക്കുന്നതിനെ ശിർക്കിന്റെയും പരലോക നിഷേധത്തിന്റെയും അടയാളമായി

എടുത്തുകാട്ടി. രണ്ടാമത്തെ വചനത്തിൽ സകാത്ത് നല്കുന്നതിന്റെ തഖ്‌വയുടെയും ഈമാനിന്റെയും തെളിവായും ചൂണ്ടിക്കാണിച്ചു. രണ്ടു വചനങ്ങളും സകാത്ത് ഈമാനിന്റെ അനിവാര്യമായ ഫലമാണെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. എവിടെ ഈമാനുണ്ടോ അവിടെ സകാത്തു നിർവ്വഹിക്കപ്പെടും.

ഖുർആനിൽനിന്നും ഹദീസിൽനിന്നുമുള്ള ഈ ഉദ്ധരണികൾ ഇസ്ലാമിൽ സകാത്തിനുള്ള സ്ഥാനം സ്പഷ്ടമാക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ, സകാത്തിനെ ഒഴിച്ചുനിർത്തിയാൽ ഇസ്ലാമിക സൗധം നിലനില്ക്കുകയില്ലെന്നും, ഇസ്ലാമിന്റെ സ്തംഭമായിരിക്കാനുള്ള അതിന്റെ അവകാശം അനിഷേധ്യമാണെന്നും കാണാവുന്നതാണ്.

## സകാത്തിന്റെ ലക്ഷ്യങ്ങൾ

സകാത്ത് എന്തിനു നിർബ്ബന്ധമാക്കി? സകാത്തുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് നേടാനുള്ളത്? ഖുർആനും നബിവചനങ്ങളും പരിശോധിക്കുമ്പോൾ സകാത്തിനു മൂന്നു ഉദ്ദേശ്യങ്ങളുണ്ടെന്നു കാണുന്നു. ഒന്ന്, മൗലികവും വ്യക്തിപ്രധാനവും. മറേറത് രണ്ടും ദ്വിതീയവും സാമൂഹ്യപ്രധാനവും.

### 1. ആത്മസംസ്കരണം

സകാത്തിന്റെ മൗലികമായ ഉദ്ദേശ്യം—അത് തികച്ചും വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു—സകാത്ത് നൽകുന്ന വ്യക്തിയുടെ ഹൃദയത്തിൽനിന്നു് ദുൻയാവിനോടുള്ള അത്യാഗ്രഹം തുടച്ചുനീക്കുകയും ഭക്തിപൂർവ്വമായ ജീവിതം നയിക്കുവാൻ അയാളെ പാകപ്പെടുത്തുകയുമാണ്. ഖുർആൻ പറയുന്നു:

وَسَيُجَنَّبُهَا الْأَتْقَى الَّذِي يُؤْتِي مَالَهُ يَتَزَكَّى – الليل

"അല്ലാഹുവിനെ ഏററവും സൂക്ഷിച്ചു ജീവിക്കുന്നവൻ ആ നരകത്തിൽ നിന്നു് അകലെ മാററിനിർത്തപ്പെടും. ആത്മശുദ്ധിക്കായി തൻെറ ധനം (മററുള്ളവക്കു്) നൽകുന്നവനാണു് അവൻ."

മറെറാരിടത്തു് പറയുന്നു:

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ بِهَا

(التوبة ١٠٤)

"നബീ, അവരെ ശുദ്ധീകരിച്ചു് സംസ്കൃതരാക്കേണ്ടതിന്നായി അവരുടെ ധനത്തിൽ നിന്നു് നീ സകാത്തു സ്വീകരിക്കുക."

സകാത്തിൻെറയും ദാനധർമ്മങ്ങളുടേയും യഥാർത്ഥോദ്ദേശ്യം ഹൃദയ ശുദ്ധിയും ആത്മ സംസ്കാരവും കൈവരിക്കലാണെന്നു് ഉപര്യുക്ത ഖുർആൻ വചനങ്ങൾ വ്യക്തമാക്കുന്നു. ദുൻയാപ്രേമം ദൈവഭക്തിയുടെ പരമ ശത്രുവാണെന്നതു് സർവ്വവിദിതമാണു്. അതു മനുഷ്യനെ ദൈവത്തിൽനിന്നും പരലോക ചിന്തയിൽ നിന്നും അകററിക്കളയുന്നു. നബി (സ) പ്രസ്താവിച്ചിരിക്കുന്നു:

حُبُّ الدُّنْيَا رَأْسُ كُلِّ خَطِيئَةٍ (مشكوة)

"എല്ലാ പാപങ്ങളുടെയും ഉറവിടം ഇഹലോകപ്രേമമാകുന്നു."

ഈ പ്രേമം ദുൻയാവിലെ ഒട്ടേറെ വസ്തുക്കളുടെ നേരെ ഉണ്ടാവാമെങ്കിലും അവയിൽ ഏററവും ആപല്ക്കരം ധന മോഹമാകുന്നു. (സമുദായത്തിനു ഏററവും ആപത്തു വരുത്തിവെക്കുക ധനമാണെന്നു് നബി (സ) വ്യക്തമാക്കിയിട്ടുണ്ടു്.)

فِتْنَةُ أُمَّتِي الْمَالُ - ترمذى

"എൻെറ സമുദായത്തെസ്സംബന്ധിച്ചേടത്തോളം പരീക്ഷണം ധനമാകുന്നു."

ഈമാനുള്ള ഒരു വ്യക്തി ധനമോഹത്തിൽനിന്നു് മോചനം നേടുകയാണെങ്കിൽ മററു പല മോഹങ്ങളിൽനിന്നും അയാൾക്ക് രക്ഷപ്പെടാവുന്നതാണ്. ധനമോഹമാകുന്ന കുരുക്കിൽനിന്നു രക്ഷനേടൽ മറെറല്ലാ കുരുക്കുകളിൽനിന്നുംരക്ഷനേടുന്നതിനു തുല്യമാണ്. ഹൃദയശുദ്ധി കൈവരികയെന്നാൽ ഐഹികമായ കുരുക്കുകളിൽനിന്നു ഹൃദയം സ്വതന്ത്രമാവുകയെന്നത്രെ. സകാത്ത് മനുഷ്യഹൃദയത്തിനു ഈ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നു. അതിനാൽ അത് ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നു. ഐഹികമായ കുരുക്കുകളിൽനിന്നു സ്വതന്ത്രനായതിനുശേഷം മനുഷ്യൻ ദൈവപ്രീതിയുടെയും പരലോകവിജയത്തിൻെറയും മാർഗ്ഗത്തിലൂടെ മുന്നേറുന്നു. അപ്പോൾസകാത്ത് ഹൃദയങ്ങളെ ശുദ്ധീകരിക്കുകയെന്നനിഷേധാത്മകവശത്തിൽ മാത്രം പരിമിതമല്ല. പ്രത്യുത, അവയെ വളർത്തുകയെന്ന രചനാത്മകവശംകൂടി അതിലുണ്ട് മനശ്ശാസ്ത്രപരമായ ഈ യാഥാർത്ഥ്യങ്ങളാണ് ഉപര്യുക്ത ഖുർ ആൻ വചനങ്ങളിൽനിന്നു ധ്വനിക്കുന്നത്.

സകാത്തിൻെറ മൗലികമായ ഉദ്ദേശ്യം ഇതെല്ലാമായതുകൊണ്ടാണ് ഈ കർമ്മത്തിനു 'സകാത്ത്' എന്നു് ശരീഅത്ത് നാമകരണം ചെയ്തത്. സകാത്ത് എന്നാൽ ഭാഷയിൽ പരിശുദ്ധി, വളർച്ച എന്നെല്ലാമാണ് അർത്ഥം. ധനത്തിൻെറ ഒരു ഭാഗം ദൈവപ്രീതിയെ ഉദ്ദേശിച്ച് ആവശ്യക്കാക്ക് നല്കുന്നതിനു സകാത്ത് എന്നു പറയുന്നത്, അതുമൂലം ഹൃദയത്തിനു പരിശുദ്ധിയും വളർച്ചയും ഉണ്ടാകുന്നു എന്നതുകൊണ്ടാണ്.

ധനത്തിൽ ഒരു ഭാഗം സാധുക്കൾക്കു നല്കുന്നതുകൊണ്ടുമാത്രം സകാത്തിൻെറ ഈ മൗലികമായ ലക്ഷ്യം കരഗതമാവുകയില്ല. അതു നേടാനുള്ള ആത്മാർത്ഥമായ ഉദ്ദേശവും കർമ്മ

നിഷ്ഠയും കൂടി ഉണ്ടായിരിക്കണം. സകാത്ത് നല്കുമ്പോൾ പരിഗണിക്കപ്പെടേണ്ട ഉദ്ദേശശുദ്ധിയെയും കർമ്മനിഷ്ഠയെയും കുറിച്ച് വി: ഖുർആൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

1) സകാത്ത് നല്കുന്നതിന്റെ പ്രേരകം അല്ലാഹുവിന്റെ തൃപ്തി മാത്രമായിരിക്കണം. മറെറന്തെങ്കിലും ഉദ്ദേശമോ താല്പര്യമോ അതിൽ കടന്നുകൂടരുത്. ഇതാണ് ഏററവും പ്രധാനവും മൗലികവുമായ കാര്യം.

مَا تُنْفِقُونَ إِلَّا ابْتِغَاءَ وَجْهِ اللهِ (البقرة)

"അല്ലാഹുവിന്റെ പ്രീതിയെ ആഗ്രഹിച്ചുകൊണ്ടുമാത്രമാണ് നിങ്ങൾ ചിലവുചെയ്യുന്നത്." അല്ലാഹുവിന്റെ തൃപ്തിയെ ഉദ്ദേശിച്ചു മാത്രമേ ചിലവുചെയ്യാവൂ എന്നു സാരം.

ഇസ്ലാമികമനോബന്ധങ്ങൾക്ക് യോജിച്ച യഥാർത്ഥ മുസ്ലിമിന്റെ അടയാളങ്ങൾ വിവരിക്കുമ്പോൾ, ഖുർആൻ പലസ്ഥലങ്ങളിലും സകാത്തും ദാനധർമ്മങ്ങളും അല്ലാഹുവിന്റെ പ്രീതിയെ മാത്രം ഉദ്ദേശിച്ചു നല്കുന്നവൻ എന്നു ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സകാത്തിനു الْإِنْفَاقُ فِي سَبِيلِ اللهِ —ദൈവമാർഗ്ഗത്തിൽ ചിലവുചെയ്യൽ—എന്നുപറയുന്നത്.

2) സകാത്ത് നല്കുന്നത് ഹലാലായ സമ്പാദ്യത്തിൽനിന്നായിരിക്കണം. ഹറാമായ സമ്പാദ്യത്തിന്റെ കലർപ്പ്പോലും, അതിൽ ഉണ്ടായിക്കൂടാ.

يَا أَيُّهَا الَّذِينَ آمَنُوا أَنْفِقُوا مِنْ طَيِّبَاتِ مَا كَسَبْتُمْ
(البقرة)

"സത്യവിശ്വാസം സ്വീകരിച്ചവരേ, നിങ്ങളുടെ ഉത്തമ സമ്പാദ്യത്തിൽനിന്നു് ചിലവു് ചെയ്യുക."

നബിതിരുമേനി (സ) പറയുന്നു:

يا أيها الناس إن الله طيب لا يقبل إلا طيبا (مسلم)

"ജനങ്ങളേ, അല്ലാഹു പരിശുദ്ധനാകുന്നു. പരിശുദ്ധമായതേ അവൻ സ്വീകരിക്കയുള്ളു."

3) സകാത്തായി നല്കപ്പെടുന്ന സാധനങ്ങൾ മുന്തിയ തരത്തിൽപെട്ടവയായിരിക്കണം. താണതും കേടുവന്നതുമായ സാധനങ്ങൾ തിരഞ്ഞെടുത്തുകൊടുക്കുകയാണെങ്കിൽ അതു് സകാത്താവുകയില്ല; സകാത്തു് നല്കിയില്ലെന്ന ആരോപണത്തിൽനിന്നു് രക്ഷനേടൽമാത്രമായിരിക്കും.

ولا تيمموا الخبيث منه تنفقون (البقرة)

"ചിലവു്ചെയ്യാൻ നിങ്ങൾ ചീത്ത സാധനം തിരഞ്ഞുപിടിക്കരുതു്."

4) ഉപകാരങ്ങൾ എടുത്തുപറയുകയോ, സകാത്തു് സ്വീകരിച്ചവർക്കു് മനോവേദനയുണ്ടാക്കുകയോ അരുതു്. ഇങ്ങിനെ വല്ലതും ചെയ്യുകയാണെങ്കിൽ സകാത്തു് നിഷ്ഫലമായിത്തീരും.

يا أيها الذين آمنوا لا تبطلوا صدقاتكم بالمن

والأذى كالذي ينفق ماله رئاء الناس (البقرة)

"സത്യവിശ്വാസം സ്വീകരിച്ചവരേ, ജനങ്ങളെ കാണിക്കേണ്ടതിനുമാത്രം ധനം ചിലവുചെയ്യുന്നവനെപ്പോലെ ഉപകാരങ്ങൾ

എടുത്തുപറഞ്ഞും മനോവേദനയുണ്ടാക്കിയും നിങ്ങളുടെ ദാനധർമ്മങ്ങളെ നിഷ്ഫലമാക്കിക്കളയരുത്."

വലിയ ധർമ്മിഷ്ഠനും സാധുസംരക്ഷകനുമെന്ന് ജനങ്ങൾ പ്രശംസിക്കുവാൻവേണ്ടി വളരെയേറെ ദാനധർമ്മങ്ങൾ ചെയ്യുന്നവനാണ് ആദ്യം നരകത്തിൽ പ്രവേശിക്കുന്ന മൂന്നുപേരിൽ ഒരാൾ എന്ന് നബി (സ) പ്രസ്താവിച്ചിരിക്കുന്നു. (മുസ്ലിം) കർശനമായ താക്കീത് ഉൾക്കൊള്ളുന്ന മറെറാരു നബിവചനം കാണുക:

مَنْ تَصَدَّقَ يُرَائِي فَقَدْ اَشْرَكَ (مشكوة)

"കാണിക്കാൻവേണ്ടി ദാനം ചെയ്തവൻ ശിർക്ക് പ്രവർത്തിച്ചു"

സകാത്ത് മനസ്സിൻെറ ശുദ്ധീകരണത്തിന്നും സംസ്കരണത്തിന്നും പര്യാപ്തമാവണമെങ്കിൽ ദാതാവ് അനുവർത്തിക്കേണ്ട ചില ഉന്നത ധാർമ്മികനിർദ്ദേശങ്ങളാണ് ഇവ. സാധാരണ ദാനധർമ്മങ്ങളും ഇസ്ലാമിക സകാത്തും തമ്മിൽ എത്രവലിയ അന്തരമാണുള്ളതെന്ന് ചിന്തിച്ചുനോക്കുക. ഈ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്ന ഏതൊരാൾക്കും സകാത്തു നല്കുമ്പോൾ നിഷ്കൃഷ്ടമായ ആത്മപരിശോധന അനിവാര്യമാണെന്ന് ബോധ്യപ്പെടാതിരിക്കുകയില്ല. കാരണം, ഈ ഇബാദത്ത് നാനാവിധ വിപത്തുകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നു. ഈ വിഷയകമായി നിഷ്കളങ്കരായ ദൈവദാസന്മാരുടെ സ്ഥിതി ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

وَيُطْعِمُونَ الطَّعَامَ عَلَى حُبِّهِ مِسْكِينًا وَيَتِيمًا وَاَسِيرًا،

اِنَّمَا نُطْعِمُكُمْ لِوَجْهِ اللهِ لَا نُرِيدُ مِنْكُمْ جَزَاءً وَلَا شُكُورًا

(الدهر)

പ്രതിപത്തി ഉണ്ടായിരിക്കെ ആഹാരം അവർ അഗതികൾക്കും അനാഥകൾക്കും തടവുകാർക്കും നല്കുന്നു. 'അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നല്കുന്നത്. നിങ്ങളിൽ നിന്നു വല്ല പ്രതിഫലമോ, നന്ദിയോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല' (എന്ന മനസ്ഥിതിയോടെ.)

وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ أَنَّهُمْ

إِلَى رَبِّهِمْ رَاجِعُونَ (المؤمنون)

(അവർ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) വല്ലതും ദാനം ചെയ്യുമ്പോൾ, തങ്ങളുടെ നാഥങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവരാണെന്ന വിചാരത്താൽ അവരുടെ ഹൃദയങ്ങൾ ഭയപ്പെട്ടു വിറക്കും.)

അഭിമാനം പ്രകടിപ്പിക്കുക, ആഢ്യത നടിക്കുക, കീർത്തി മോഹിക്കുക, നന്ദി പ്രതീക്ഷിക്കുക; മനോവേദനപ്പെടുത്തുക തുടങ്ങിയ അനഭികാമ്യമായ യാതൊന്നും ഇവിടെ ഉണ്ടാകുന്നില്ല. പ്രത്യുത, സകാത്ത് നല്കുമ്പോൾ പിശാചിന്റെ ഗൂഢപ്രവർത്തനത്തെക്കുറിച്ചും നാളെ അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ ദാനധർമ്മങ്ങൾ വൃഥാവിലായിപ്പോകുന്നതിനെക്കുറിച്ചും സത്യവിശ്വാസിയുടെ ഹൃദയം ആശങ്കപ്പെടുകയാണ് ചെയ്യുക.

## 2. അഗതി സംരക്ഷണം.

ഇനി സകാത്തിന്റെ ഉപലക്ഷ്യങ്ങളെപ്പററി ചിന്തിക്കാം. സമുദായത്തിലെ ദരിദ്രരെ സഹായിക്കുകയും അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയുമാണ് അവയിലൊന്നു. നബി (സ) പറയുന്നു:

إِنَّ اللهَ افْتَرَضَ عَلَيْهِمْ صَدَقَةً تُؤْخَذُ مِنْ أَغْنِيَائِهِمْ فَتُرَدُّ

فِي فُقَرَائِهِمْ (مسلم)

"അല്ലാഹു അവരുടെമേൽ സകാത്ത് നിർബ്ബന്ധമാക്കിയിരിക്കുന്നു അതു ധനികരിൽനിന്നു ഈടാക്കി ദരിദ്രന്മാർക്കിടയിൽ വിതരണം ചെയ്യണം."

'സകാത്ത് നിർവ്വഹണ'ത്തെ ഉത്തമ മുസ്ലിമിൻെറ അനിവാര്യ ഗുണവും അടയാളവുമായി ഖുർആൻ എടുത്തുകാട്ടുന്നു.

وَآتَى الْمَالَ عَلَى حُبِّهِ ذَوِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينَ

وَابْنَ السَّبِيلِ وَالسَّائِلِينَ وَفِي الرِّقَابِ (البقرة)

"ധനത്തോടു ഇഷ്ടമുണ്ടായിരിക്കെ ബന്ധുക്കാർക്കും അനാഥകൾക്കും അഗതികൾക്കും യാത്രക്കാർക്കും ആവശ്യക്കാർക്കും അടിമത്ത മോചനത്തിനും അവർ അത് നല്കുന്നു"

സകാത്തിന്നു സാമ്പത്തികവും സാമൂഹ്യവുമായ ഒരു വശമുണ്ടെന്നും അതുകൂടാതെ സകാത്തിൻെറ ഇസ്ലാമിക വിഭാവനം പൂർണ്ണമാവുകയില്ലെന്നും ഈ ഖുർആൻ വചനങ്ങൾ വ്യക്തമാക്കുന്നു. ഒരാൾ പൂർണ്ണമായ ആത്മാർത്ഥതയോടെ ധനത്തിൻെറ ഒരു ഭാഗം സകാത്തായി നീക്കിവെച്ചുവെന്ന് വെക്കുക. എങ്കിൽ അവൻ മൗലികമായി ഹൃദയശുദ്ധിക്കും ആത്മസംസ്കരണത്തിന്നുമുള്ള മാർഗ്ഗം വെട്ടിത്തെളിയിച്ചു. പക്ഷെ, അത്കൊണ്ട്മാത്രം, ശരീഅത്തിൻെറ വീക്ഷണത്തിൽ, സകാത്ത് നിർവ്വഹിക്കപ്പെട്ടില്ല. സകാത്ത് നിർവ്വഹിക്കപ്പെടാതെ ഇസ്ലാമിൻെറ ഒരു അനിവാര്യസ്തംഭം നിർമ്മിതമാകുന്നില്ല. സകാത്തുനിർവ്വഹണവും അതുവഴി ഇസ്ലാമിൻെറ തൃതീയസ്തംഭത്തിൻെറ നിർമ്മാണവും സാധിതമാവാൻ, നീക്കിവെച്ച ധനം അവകാശികളെ ഏല്പിക്കേണ്ടതുണ്ട്. സകാത്തിൻെറ മുഖ്യോദ്ദേശ്യം ഹൃദയശുദ്ധിയും ആത്മസംസ്കാരവും നേടുകയാണെന്നതിൽ തർക്കമില്ല. പക്ഷെ, സകാത്ത്മുതൽ ദരിദ്രരുടെ ആവ

ശ്യത്തിന്നു ഉതകേണ്ടതും അനുപേക്ഷണീയമത്രെ. അതുകൊണ്ടാണ് സകാത്തിന്നെ, സമുദായത്തിലെ സമ്പന്നരായ വ്യക്തികളുടെ ധനത്തിൽ പാവപ്പെട്ടവക്കുള്ള അവകാശമെന്നു് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്.

وَالَّذِينَ فِي أَمْوَالِهِمْ حَقٌّ مَعْلُومٌ لِلسَّائِلِ وَالْمَحْرُومِ

“അവരുടെ ധനത്തിൽ ആവശ്യക്കാക്കും, ജീവിതമാർഗ്ഗം തടയപ്പെട്ടവക്കും നിശ്ചിതമായ അവകാശമുണ്ടു്.”

ഈ അവകംശത്തിന്നുവേണ്ടി ഇസ്ലാമികഭരണകൂടം വാളെടുക്കാൻപോലും മടിക്കുകയില്ല. അതാണ്, മുമ്പ് പ്രസ്താവിച്ചപോലെ, സിദ്ദീഖി (റ) ൻെറ മാതൃക.

സകാത്തിൻെറ ഈ ഉദ്ദേശ്യത്തിന്നു രണ്ടാം സ്ഥാനമാണ് കല്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും അതുകൊണ്ടു അതിൻെറ പ്രാധാന്യം ഒട്ടും കുറയുന്നില്ല—ഭൗതികവീക്ഷണത്തിലായാലും പാരത്രികവീക്ഷണത്തിലായാലും. ഈ കാര്യം പൂർണ്ണമായി ബോധ്യപ്പെടേണ്ടതിന്നു ഒന്നുരണ്ടു നബിവചനങ്ങൾ കാണുക:

“അയൽവാസി പട്ടിണികിടക്കുമ്പോൾ വയർനിറച്ചുണ്ണുന്നവൻ സത്യവിശ്വാസിയല്ല.” (മിശ്കാത്ത്)

“അല്ലാഹു അന്ത്യനാളിൽ പറയും: മനുഷ്യപുത്രാ, ഞാൻ നിന്നോടു അന്നം ചോദിച്ചു. നീ തന്നില്ല. മനുഷ്യൻ പറയും: അല്ലാഹുവേ, ഞാൻ നിനക്കു് അന്നം തരികയോ! നീ സർവ്വലോകപരിപാലകനല്ലേ? അല്ലാഹു പറയും: എൻെറ ഇന്ന ദാസൻ നിന്നോടു അന്നം ചോദിച്ചതു നിനക്കറിഞ്ഞുകൂടെ? പക്ഷെ, നീ അവന്നു് അന്നം കൊടുത്തില്ല.” (മുസ്ലിം)

## 3 ദീനിൻെറ സംരക്ഷണം

സകാത്തിൻെറ ദ്വിതീയോദ്ദേശ്യങ്ങളിൽ രണ്ടാമത്തേത് (ദീനിൻെറ സംരക്ഷണവും ദീനിനുവേണ്ടിയുള്ള സഹായവുമാകുന്നു.) സകാത്തിൻെറ തുക ഏതെല്ലാം വകുപ്പുകളിൽ ചിലവ് ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ (التوبة)

(ദരിദ്രർ, അഗതികൾ, സകാത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, ഹൃദയം ഇണക്കപ്പെടേണ്ടവർ, എന്നീ വിഭാഗങ്ങളിലും, അടിമത്തമോചനത്തിലും ഋണബാധിതരെ സഹായിക്കുന്നതിലും ദൈവമാർഗ്ഗത്തിലും യാത്രക്കാരെ സഹായിക്കുന്നതിലും മാത്രം ചിലവ് ചെയ്യാനുള്ളതാകുന്നു സദഖകൾ.)

“ദൈവമാർഗ്ഗത്തിൽ” എന്നതിനു ദീനിനുവേണ്ടി നടത്തപ്പെടുന്ന സംരംഭങ്ങളിൽ, വിശിഷ്യാ യുദ്ധാവശ്യങ്ങളിൽ എന്നു് വിവക്ഷ.

ദൈവമാർഗ്ഗത്തിലുള്ള സമരത്തിനു ധനം ശേഖരിക്കലും സകാത്തിൻെറ ഉദ്ദേശ്യങ്ങളിൽ പെട്ടതാണെന്നു് ഇതിൽനിന്നു ഗ്രഹിക്കാം. ഖുർആനിൽ പല സ്ഥലങ്ങളിലായി സത്യവിശ്വാസികളോട് ഇപ്രകാരം കല്പിച്ചിരിക്കുന്നത് കാണാം:

وَجَاهِدُوا بِأَمْوَالِكُمْ وَأَنْفُسِكُمْ فِي سَبِيلِ اللَّهِ (التوبة)

(നിങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും ദൈവമാർഗ്ഗത്തിൽ
സമരം ചെയ്യുക.)

സത്യവിശ്വാസികളുടെ മൗലിക ഗുണങ്ങളിൽ, 'ധനംകൊണ്ടു ദൈവമാർഗ്ഗത്തിൽ സമരം ചെയ്യുക'യെന്ന കാര്യംകൂടി അനിവാര്യമായും ഉൾപ്പെടുന്നു. ദീനിന്നുവേണ്ടി സമരംചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചിലവുകൾ സ്വയം നിർവ്വഹിക്കുകയെന്നാണ് ദൈവമാർഗ്ഗത്തിൽ ധനംകൊണ്ട് സമരം ചെയ്യുകയെന്നതിൻെറ വിവക്ഷ.

ദീനിൻെറ സംരക്ഷണവും ദീനിന്നുവേണ്ടിയുള്ള സഹായവും താണപടിയിലുള്ള ഒരു കാര്യമല്ല. തദാവശ്യാർത്ഥം ധനം ചിലവ്ചെയ്യലും നിസ്സാര സംഗതിയല്ല. സമരത്തിനു ആജ്ഞാപിച്ചുകൊണ്ട് ഖുർആൻ ഒരിടത്ത് പ്രസ്താവിക്കുന്നത് കാണുക:

وَأَنْفِقُوا فِي سَبِيلِ اللهِ وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ

(البقرة)

"അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവുചെയ്യുക. (ചിലവ്ചെയ്യാതെ) നിങ്ങളുടെ കൈകളെ സ്വയം നാശത്തിലേക്കെറിയരുത്.)

ദീനിൻെറ സംരക്ഷണത്തിനും സഹായത്തിനുംവേണ്ടി സാമ്പത്തികസജ്ജീകരണം നടത്താതിരിക്കുന്നത് നാശം വിളിച്ചുവരുത്തലാണെന്ന് ഇത് വ്യക്തമാക്കുന്നു. ഏതൊന്ന് ഇഹത്തിലെയും പരത്തിലെയും നാശത്തിൽനിന്നു രക്ഷ നേടാനുള്ള ഉപാധിയാണോ ആ കാര്യം നിസ്സാരമാണെന്നു ആർക്കെങ്കിലും പറയാമോ?

# സകാത്തിൻെറ തുക

സകാത്തിൻെറ ഉദ്ദേശ്യങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ പിന്നെ സകാത്തിൻെറ തുക എത്ര എന്ന ചോദ്യം വരുമ്പോൾ യഥാർത്ഥത്തിൽ അതിനു ഒരേ ഒരുത്തരമേയുള്ളു: സകാത്തിൻെറ മൂന്നു് ഉദ്ദേശ്യങ്ങളും നിറവേററുവാൻ എത്ര തുക നീക്കിവെക്കേണ്ടതുണ്ടോ അത്രയുമാണ് സകാത്തിൻെറ തുക. അതായത്: 1) ഹൃദയം ധനമോഹത്തിൻെറ പിടുത്തത്തിൽ നിന്നു സ്വതന്ത്രമാവുക. 2) സമൂഹത്തിൽ പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാവുക. 3) ദീനിൻെറ സംരക്ഷണച്ചിലവുകൾ സാധിക്കുക. സകാത്തിൻെറ ഈ മാനദണ്ഡം ഏതെങ്കിലും പ്രത്യേക തുക കൊണ്ടു നിജപ്പെടുത്തുക സാദ്ധ്യമല്ല. ഇതിന്റെ സ്വാഭാവിക താല്പര്യം ഒരാൾക്ക്, എത്ര നല്കാൻ കഴിയുമോ അത്രയും നല്കുക, നല്കിക്കൊണ്ടിരിക്കുക എന്നതാണ്. എന്തുകൊണ്ടെന്നാൽ ഒരു സത്യവിശ്വാസിക്ക് ഒരിക്കലും തൻെറ കർമ്മത്തെപ്പററി തൃപ്തിപ്പെട്ടുകൂടുക സാധ്യമല്ല. ശറഇൻെറ ഇന്നിന്ന ആവശ്യങ്ങൾ യഥോചിതം നിർവ്വഹിച്ചുവെന്നു സമാധാനിക്കുക അവൻെറ ഈമാനിക പ്രകൃതിക്ക് വിരുദ്ധമാണ്. അതുകൊണ്ടാണ് "ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുക" എന്നു് ഖുർആൻ മുസ്ലിംകളോട് അടിക്കടി ഉൽബോധിപ്പിക്കുന്നത്. ഈ ഉൽബോധനം നിരന്തരം ശ്രവിച്ചുകൊണ്ടിരുന്ന സഹാബികൾക്ക് എത്രവലിയ ധനത്യാഗങ്ങൾ ചെയ്താലും തൃപ്തിവരാറുണ്ടായിരുന്നില്ല. ഒടുവിൽ ഉൽക്കടമായ ഈമാനിക വികാരത്താൽ അവർ ചോദിക്കാൻ പ്രേരിതരായി: ഞങ്ങളോട് ചിലവഴിക്കേണമെന്നു് ആവശ്യപ്പെടുന്നതെന്തോ, അതിൻെറ വ്യക്തവും നിശ്ചിതവുമായ രൂപം അറിയിച്ചുതന്നാലും.

يَسْئَلُونَكَ مَاذَا يُنْفِقُونَ

(അവർ നിന്നോടു ചോദിക്കുന്നു, അവർ എന്തു ചിലവു ചെയ്യണമെന്നു.)

'നിങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും അവകാശികളുടെ അവകാശങ്ങളും നിർവ്വഹിച്ച ശേഷം അവശേഷിക്കുന്നതെന്തോ, അതു മുഴുവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവു ചെയ്യുക' എന്നു ഇതിനു മറുപടി നൽകപ്പെട്ടു

قُلِ الْعَفْوَ

(പറയുക: മിച്ചം വന്നത് ചിലവഴിക്കുക.)

ദൈവമാർഗ്ഗത്തിൽ ചിലവു ചെയ്യുക എന്നതിൻെറ ഉദ്ദിഷ്ട മാനദണ്ഡം അതാണെന്നു ഈ ഉത്തരത്തിൽ നിന്നു നല്ലപോലെ ഗ്രഹിക്കാം. വിശിഷ്യാ, സകാത്തിൻെറ രണ്ടാമത്തെ രണ്ടു പ ശങ്ങളെസംബന്ധിച്ചേടത്തോളം കാര്യം വളരെ വ്യക്തമാണ്. അതായത്, ദരിദ്രന്മാരുടെ വ്യക്തിപരമായ ആവശ്യങ്ങളും ദീനിൻെറയും സമുദായത്തിൻെറയും സാമൂഹികാവശ്യങ്ങളും പൂർത്തിയാകുന്നിടത്തോളം കാലം, ധനം ചിലവഴിക്കണമെന്ന സമ്പന്നരായ മുസ്ലിംകളോടുള്ള ആവശ്യം യഥാർത്ഥത്തിൽ നിലനില്ക്കും. അവർ വളരെയേറെ നൽകിയിട്ടുണ്ടെങ്കിലും ശരിയായ അർത്ഥത്തിൽ ഈ കർത്തവ്യത്തിൽ നിന്നു വിമുക്തരായെന്നു വരുന്നില്ല. സാധാരണ ഗതിയിൽ ദീനിൻെറയും സമുദായത്തിൻെറയും സമുദായത്തിലെ വ്യക്തികളുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു വെന്നു സമാധാനിക്കുവാൻ സാദ്ധ്യമല്ല. സമ്പന്നരായ മുസ്ലിംകളുടെ മുമ്പിൽ ദൈവമാർഗ്ഗത്തിൽ ചിലവ് ചെയ്യാനുള്ള ഈമാനികാവശ്യം എല്ലായ്പ്പോഴും നിലനില്ക്കുക, അതു നിർവ്വഹിക്കുവാൻ അവരുടെ കർത്തവ്യബോധം അടിക്കടി പ്രേരിപ്പിച്ചുകൊണ്ടിരിക്കുക, ഉദ്ദിഷ്ട മാനദണ്ഡമനുസരിച്ച് ഈ കർത്തവ്യം നിർവ്വഹിച്ചിരിക്കുന്നുവെന്ന വിചാരത്തിൽ അകപ്പെടാതിരിക്കുക ഇതാണ് അതിൻെറ അർത്ഥം. അപ്പോൾ സകാത്ത് എത്ര നൽകണം, ദൈവമാർഗ്ഗത്തിൽ എത്ര ചിലവ് ചെയ്യണം എന്ന തീരുമാനം യഥാർത്ഥത്തിൽ വ്യക്തികളുടെ ഈമാനിക ബോധത്തെ ആസ്പദിച്ചായിത്തീരുന്നു.

പക്ഷെ, ഇസ്ലാം വിഭാവനാപരമെന്നതിൽ കവിഞ്ഞു ഒരു കർമ്മദീനത്രെ. മനുഷ്യന്റെ ചിന്താകർമ്മങ്ങളുടെ ഉന്നതികളെ മാത്രമല്ല അത് വീക്ഷിക്കുന്നത്, മററു യാഥാർത്ഥ്യങ്ങളെയും കണക്കിലെടുക്കുന്നു. അതിനാൽ ഇസ്ലാം അതിന്റെ മററു അടിസ്ഥാന സ്തംഭങ്ങളെയെന്നപോലെ സകാത്തിനെയും യഥേഷ്ടം നിർവ്വഹിച്ചുകൊള്ളട്ടേയെന്നുവെച്ച് അവന്റെ ബോധത്തിന്നു വിട്ടുകൊടുത്തില്ല. പ്രത്യുത, ഈ ഇബാദത്തിന്റെ ഉന്നതോന്നതങ്ങളായ പതനങ്ങൾ വരെ ചെന്നെത്തുവാൻ നിരന്തരം പ്രേരണ നൽകുന്നതോടൊപ്പം, അതിന്റെ ഏററവും താഴ്ന്ന പതനത്തെ പരിധിയായി നിശ്ചയിച്ചു. അതാകട്ടെ, ഏത് ഉദ്ദേശ്യങ്ങൾക്ക്‌വേണ്ടി സകാത്തിനെ ദീനിന്റെ സ്തംഭമാക്കിയോ അവയെ മുമ്പിൽ വെച്ചു നോക്കുമ്പോൾ തികച്ചും അനിവാര്യവുമാണ്. ഈ പരിധി നിർണ്ണയിച്ചതു വിവിധ ആവശ്യങ്ങളെയും താല്പര്യങ്ങളെയും പരിഗണിച്ചുകൊണ്ടാകുന്നു:

1) ബുദ്ധിയിലും നിലവാരത്തിലും യോഗ്യതയിലും വിവിധ പതനങ്ങളിലുള്ളവരാണ് ദീനിന്റെ അഭിസംബോധിതർ· അവരിൽ ഭൂരിഭാഗത്തിനും ഈ പരിധിനിർണ്ണയം ആവശ്യമാണ്. എണ്ണവും തോതും നിർണ്ണയിച്ചുകൊടുത്തെങ്കിലേ അവക്ക് വിധികളനുസരിച്ച് പ്രവർത്തിക്കാനാവൂ.

2) ഈമാനിക ശക്തിയെ പരിഗണിച്ചുനോക്കുമ്പോൾ എല്ലാ സത്യവിശ്വാസികളും ഒരേ പതനത്തിലല്ല സ്ഥിതിചെയ്യുന്നതെന്നും കാണാം. അവരിൽ വ്യാഖ്യാനങ്ങളെയും സാധ്യതകളെയും കഴിയുന്നത്ര പ്രയോജനപ്പെടുത്താൻ നോക്കുന്ന ബലഹീനന്മാരുമുണ്ട്. അതിനാൽ ഏതു നിലയ്ക്കും നിർവ്വഹിക്കപ്പെടേണ്ട ദീനിന്റെ അടിസ്ഥാന കർമ്മങ്ങളുടെ ചുരുങ്ങിയ തോത് എന്താണെന്നു വിവരിച്ചുകൊടുക്കേണ്ടതാവശ്യമായിത്തീർന്നു. സത്യവിശ്വാസികളുടെ ഒടുവിലത്തെ അണിയിലെങ്കിലും സ്ഥാനമുറപ്പിക്കുവാൻ അത് അനിവാര്യവുമാണ്.

3) സകാത്ത് വ്യക്തികളുടെ ആത്മസംസ്കരണത്തിനും ഹൃദയശുദ്ധിക്കും വേണ്ടി മാത്രം നിർബ്ബന്ധമാക്കപ്പെട്ടതല്ല. അഗതിസംരക്ഷണം, മതസംരക്ഷണം എന്നിവയും അതിന്റെ ഉദ്ദേശങ്ങളിൽപ്പെടുന്നു. സകാത്തിന്റെ പ്രഥമോദ്ദേശ്യത്തെ സംബന്ധിച്ചേടത്തോളം, അതായത് ആത്മസംസ്കരണത്തെ സംബന്ധിച്ചേടത്തോളം, അത് വ്യക്തികളുടെ കർത്തവ്യബോധത്തിന്ന് വിട്ടുകൊടുക്കാമായിരുന്നു. അവർ തങ്ങളുടെ പരലോകം കെട്ടിപ്പടുക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ സകാത്ത് കൊടുക്കും. അല്ലെങ്കിൽ സകാത്ത് നല്കാതിരിക്കുന്നതിന്റെ തിക്തഫലം അനുഭവിക്കാൻ തയാറാവും. പക്ഷെ, അഗതികളുടെ ആവശ്യനിർവ്വഹണവും ദീനിന്റെ സംരക്ഷണവും സകാത്തിന്റെ ഉദ്ദേശ്യങ്ങളിൽ പെടുന്നതുകൊണ്ടും അവ രണ്ടിന്റെയും ബന്ധം ഇഹലോകത്തോടായതുകൊണ്ടും ഈ പ്രശ്നം പൂർണ്ണമായും വ്യക്തികളുടെ ബോധത്തിന്ന് വിട്ടുകൊടുക്കാവതല്ല. അല്ലാഹു നിർദ്ധനരായ തന്റെ ദാസന്മാരുടെ ഭൗതികാവശ്യങ്ങൾക്കും ദീനിന്റെ രാഷ്ട്രീയതാൽപര്യങ്ങൾക്കും നിസ്സാര പ്രാധാന്യമല്ല നല്കിയിട്ടുള്ളത്. തന്നിമിത്തം അവരുടെ കാര്യത്തിൽ ജനങ്ങളെ പ്രേരിപ്പിക്കുക മാത്രം ചെയ്തു എല്ലാം അവരുടെ അഭീഷ്ടത്തിന്ന് വിട്ടുകൊടുക്കുവാൻ അല്ലാഹു ഇഷ്ടപ്പെട്ടില്ല. അങ്ങിനെ ചെയ്യുന്നതിന്റെ ഫലം, അവർക്ക് തോന്നുമ്പോൾ തോന്നുന്നത്ര റൊട്ടിക്കഷ്ണങ്ങൾ വിശന്നവരായ പാവപ്പെട്ടവരുടെ നേരെ എറിഞ്ഞുകൊടുക്കുക, മതസംരക്ഷണത്തിന്റെ പേരിൽ അൽപം നാണയത്തുട്ടുകൾ സംഭാവന നൽകുക, വേണ്ടെന്ന് തോന്നിയാൽ ഇക്കാര്യങ്ങൾപോലും ചെയ്യാതിരിക്കുക എന്നതായിരിക്കും. ഇവ സകാത്തിന്റെ ദ്വിതീയോദ്ദേശ്യങ്ങളാണെങ്കിലും ഇസ്ലാം അവയ്ക്ക് കൽപിച്ച പ്രാധാന്യം വമ്പിച്ചതാണ്. അതിനാൽ ധാർമ്മികമെന്നതിനേക്കാൾ നിയമപരമെന്ന നിലയ്ക്ക് നിർവ്വഹിക്കപ്പെടേണ്ട ഒരു പരിധി അനിവാര്യമായും സകാത്തിന്ന് നിർണ്ണയിക്കേണ്ടതാ

8

വശ്യമായിരുന്നു. എങ്കിൽ മാത്രമേ അഗതിസംരക്ഷണത്തിനും മതസംരക്ഷണത്തിനും ചുരുങ്ങിയത് പ്രാഥമികപതനത്തിലെങ്കിലും ഒരു വ്യവസ്ഥ ഉണ്ടാവുകയുള്ളൂ.

സകാത്തിന്റെ ഈ നിയമപരവും അനിവാര്യവുമായ തോത് താഴെ പറയും വിധമാണ്:

1) കാർഷികോൽപാദനത്തിന്, ജലസേചനം ആവശ്യമായി വന്നെങ്കിൽ, അഞ്ച് ശതമാനം. ജലസേചനം ആവശ്യമായിവന്നില്ലെങ്കിൽ പത്തുശതമാനം.

2) സഞ്ചിതസംഖ്യകൾ, ആഭരണങ്ങൾ, കച്ചവടച്ചരക്കുകൾ എന്നിവയ്ക്ക് രണ്ടരശതമാനം.

3) കാട്ടുകളിൽ മേഞ്ഞുവളരുന്ന നാൽക്കാലികൾക്ക് ഏകദേശം ഒന്നരശതമാനം മുതൽ രണ്ടരശതമാനം വരെ

4) ഖനിജങ്ങൾ, നിധികൾ എന്നിവയ്ക്ക് ഇരുപത് ശതമാനം വരെ.

ഈ തോതിൽ സകാത്ത്നല്കൽ 'നിസാബ്' (സകാത്ത് നിർബ്ബന്ധമാവാനുള്ള തുക) കൈവശമുള്ള ഓരോ മുസ്ലിമിന്റെയും ധാർമ്മികകർത്തവ്യം മാത്രമല്ല, നിയമപരമായ കർത്തവ്യം കൂടിയാണ്. അതിൽ കുറവുവരുത്താൻ പാടില്ല. എന്തുകൊണ്ടെന്നാൽ, ഈ തോത് ഈ കർത്തവ്യനിർവ്വഹണത്തിന്റെ ഏററവും പ്രാഥമികമായ പരിധിയും അനിവാര്യരൂപവും മാത്രമാണ്. ഇതിലും കുറയുകയാണെങ്കിൽ, ഇസ്ലാമികസൗധത്തിന് ഒരു സ്തംഭം നഷ്ടപ്പെടുന്നു ഈ തോതിന് യാതൊരു കുറവും വരുത്താൻ പാടില്ലെന്ന് മാത്രമല്ല, സകാത്തിന്റെ ഉദ്ദേശ്യങ്ങളെ മുമ്പിൽവെച്ചു നോക്കുമ്പോൾ ഈ തോതിന്റെ പൂർണ്ണമായ നിർവ്വഹണത്തിൽപ്പോലും തൃപ്തിപ്പെടാൻ വഴിയില്ല. നിയമം നിർണ്ണയിച്ച പരിധിയിൽമാത്രം പരിമിതമാകാതെ മുന്നോട്ടുപോവുകയും സ്വമേധയാ മുന്നോട്ടുപോകാനുള്ള

ശ്രമം നിലനിർത്തുകയും ചെയ്യണമെന്നാണ് ആ ഉദ്ദേശ്യങ്ങളിലോരോന്നിന്റെയും താല്പര്യം. തദ്വാരാ, പ്രസ്തുത ആവശ്യങ്ങൾ അധികമധികം നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാമല്ലോ. നിയമം ആവശ്യപ്പെടുന്നതിനെക്കാളും മുന്നോട്ടുപോകാൻ ശ്രമം നടത്തുകയെന്നത് വ്യക്തികളുടെ ഇഷ്ടത്തിന്ന് വിട്ടുകൊടുത്തിരിക്കുന്നുവെങ്കിലും, അതോടെ നിയമത്തിന്ന് ഒരു നിലയ്ക്കും അവരുടെമേൽ അധികാരമില്ലെന്ന് അതിന്നർത്ഥമില്ല. സകാത്തിന്റെ ആദ്യത്തെ ഉദ്ദേശ്യത്തെ സംബന്ധിച്ചേടത്തോളം അത് ശരിയാണ്. തദ്വിഷയകമായി നിയമം അവരോട് കൂടുതലൊന്നും ആവശ്യപ്പെടുകയില്ല. പക്ഷെ, രണ്ടാമത്തെയും മൂന്നാമത്തെയും ഉദ്ദേശ്യങ്ങളെ സംബന്ധിച്ചേടത്തോളം സ്ഥിതി അങ്ങിനെയല്ല. അവയ്ക്ക് വേണ്ടി നിയമത്തിന്ന് കൂടുതൽ ആവശ്യപ്പെടാവുന്നതാണ്. നബി തിരുമേനി (സ) പ്രസ്താവിക്കുന്നു.

إن في المال حقا سوى الزكاة (ترمذي مشكوة)

(ധനത്തിൽ നിശ്ചിത സകാത്തിന്നു പുറമെയും (മററുള്ളവക്ക്) അവകാശമുണ്ട്)

മുസ്ലിം തന്റെ ധനത്തിന്റെ നിശ്ചിത സകാത്ത് നിർവ്വഹിച്ചു കഴിഞ്ഞാലും ദീനിന്റെ ധനപരമായ ആവശ്യങ്ങളിൽ നിന്ന് അവൻ ഒഴിവാകുന്നില്ല. പിന്നെയും അവന്റെ ധനത്തിൽ "അവകാശം" അവശേഷിക്കുന്നു. ഈ അവകാശം ആത്മസംസ്കരണം, അഗതിസംരക്ഷണം, മത സംരക്ഷണം എന്നീ ത്രിവിധോദ്ദേശ്യങ്ങൾക്കുമാവാം. അതായത്: 1) സകാത്തിന്റെ നിശ്ചിത തുക നല്കിയിട്ടുണ്ടെങ്കിലും ഹൃദയം ധനമോഹത്തിൽനിന്ന് പരിശുദ്ധമായിട്ടില്ല. 2) ഈ തോതിൽ സകാത്തിന്റെ സംഖ്യ ലഭിച്ചിട്ടും സമൂഹത്തിൽ പട്ടിണിയും ദാരിദ്ര്യവും നിലനില്ക്കുന്നു. 3) സകാത്തിന്റെ സാധാരണ നിയമമനുസരിച്ച് സംഭരിക്ക

പ്പെട്ട ധനം മതസംരക്ഷണാവശ്യങ്ങൾക്ക് മതിയാകാതെവന്നി രിക്കുന്നു. ഈ മൂന്നു് ഉദ്ദേശ്യങ്ങളുടെ കാര്യത്തിലും അവകാശം അവശേഷിക്കുമെന്നർത്ഥം. പക്ഷെ ആത്മസംസ്കരണത്തെസ്സം ബന്ധിച്ചിടത്തോളം ഈ അവകാശം നിയമപരമായിരിക്കുകയില്ല, ധാർമ്മികമായിരിക്കും. നിയമത്തിൻെറ നിർബ്ബന്ധം മൂലം ഒരാൾ തൻെറ ധനം മുഴവൻ ദരിദ്രന്മാർക്ക് നല്കിയാലും ആത്മസംസ്ക രണം സാധിക്കുകയില്ല. നിയമത്തിൻെറ സമ്മർദ്ദംകൊണ്ടല്ല, മന സ്സിൻെറ പ്രചോദനം മൂലം ചിലവഴിച്ചാലേ ആത്മസംസ്കര ണം കൈവരികയുള്ളു. രണ്ടാമത്തെയും മൂന്നാമത്തെയും ഉദ്ദേശ്യ ങ്ങൾ നിയമം വഴിയ്ക്കും സാധിക്കും. അതിനാൽ അവയെസ്സം ബന്ധിച്ചേടത്തോളം ഈ അവകാശം നിയമപരംകൂടിയായി രിക്കും. അതായത്, ജനങ്ങളുടെ ധർമ്മ ബോധം സമൂഹ ത്തിലെ പട്ടിണിയും ദാരിദ്ര്യവും ദൂരീകരിക്കുവാനും മതസംരക്ഷ ണ കർത്തവ്യം നിർവ്വഹിക്കുവാനും പര്യാപ്തമായില്ലെങ്കിൽ ഈ 'അവകാശം' ധാർമ്മികമല്ല, നിയമപരം തന്നെയായിരിക്കുമെന്ന ർത്ഥം. നബി (സ) യുടെ നിർദ്ദേശത്തിൻെറ വെളിച്ചത്തിൽ, ദരി ദ്രന്മാരുടെ ആവശ്യങ്ങൾക്കും ദീനിൻെറ താല്പര്യങ്ങൾക്കും വേണ്ടി ധനികന്മാരുടെ മേൽ സകാത്തിൻെറ നിശ്ചിത തുകക്കു് പുറമെ കൂടുതൽ ഭാരം ചുമത്താൻ ഇസ്ലാമിക ഗവർമ്മെണ്ടിനു അവകാശ മുണ്ടായിരിക്കും. ചിലപ്പോൾ ഗവർമ്മേണ്ടിൻെറ ഉത്തരവാദിത്വം കൂടിയായിരിക്കും അത്.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്: ഇസ്ലാമിക ശരീ അത്തിൽ 'ധനികൻ' എന്ന വാക്കിൻെറ വിവക്ഷ സാധാരണ വിഭാവനകളിൽനിന്നു് വ്യത്യസ്തമാണ്. സാമ്പത്തിക വർഷാവ സാനത്തിൽ $52\frac{1}{2}$ തോല വെള്ളി, നാണ്യം, അല്ലെങ്കിൽ നോട്ട് എന്നിവയുടെ രൂപത്തിൽ കൈവശം വെക്കുന്ന ആളും, അഥവാ ഇത്രയും വിലയ്ക്കുള്ള കച്ചവടച്ചരക്കുകൾ ഉടമസ്ഥതയി ലുള്ള ആളും ശരീഅത്തിൻെറ ദൃഷ്ടിയിൽ 'ധനികനാ'ണ്.

# സകാത്തിന്റെ ഘടന

സകാത്ത് എങ്ങിനെ പിരിക്കണം? എങ്ങിനെ വിനിയോഗിക്കണം? ഈ വിഷയത്തിലും ശരീഅത്തിന്ന വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. നിയമ സ്വഭാവമില്ലാത്ത 'സദഖ'കൾ നിങ്ങൾക്ക് എങ്ങിനെ വേണമെങ്കിലും പിരിക്കുകയും വിതരണം ചെയ്യുകയുമാവാം. പക്ഷെ, നിയമപരമായ സകാത്തിൽ നിങ്ങൾക്ക് ഈ സ്വാതന്ത്ര്യമില്ല. എപ്രകാരം നമസ്കാരാനുഷ്ഠാനം ജമാഅത്തോടൊപ്പമായിരിക്കേണ്ടത് ആവശ്യമാണോ അതേപ്രകാരം സകാത്തിന്നും ഒരു സാമൂഹ്യവ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയോടുകൂടി തന്നെ അതു നിർവ്വഹിക്കേണ്ടതാണ്. രാഷ്ട്രത്തിലെ സകാത്ത് മുഴുവൻ ഇസ്ലാമിക ഗവൺമെണ്ടു കലക്ടർമാർ മുഖേന ശേഖരിക്കുകയും ഗവൺമെണ്ടുതന്നെ അവകാശികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്യും. സകാത്ത് ഗവൺമെണ്ടിനെ ഏല്പിക്കാതിരിക്കാനോ, സ്വന്തം ഇഷ്ടപ്രകാരം വിതരണം ചെയ്യാനോ ആർക്കും അവകാശമില്ല. ഖുർആനിൽ സകാത്തിന്റെ തുക ചിലവഴിക്കാൻ നിർദ്ദേശിച്ച വകുപ്പുകളുടെ കൂട്ടത്തിൽ സകാത്ത് വകുപ്പിലെ ഗവൺമെണ്ട് ഉദ്യോഗസ്ഥന്മാരെ ഒരു സ്ഥിരം ഇനമായി എടുത്തുപറഞ്ഞിട്ടുണ്ട്. ഇത്, സകാത്ത് ഗവൺമെണ്ട് മുഖേന ശേഖരിച്ചു വിതരണം ചെയ്യുകയെന്നത് ദീനിന്റെ അംഗീകൃത ഖണ്ഡികയും ഇസ്ലാമിക വ്യവസ്ഥയുടെ സ്വഭാവത്തിന്റെ സുവ്യക്ത താല്പര്യവുമാണെന്ന വസ്തുതയെ സ്ഥിരീകരിക്കുന്നു. നബി (സ) യുടെയും ഖുലഫാഉർറാശിദുകളുടെയും കർമ്മമാതൃകയും ഈ യാഥാർത്ഥ്യത്തെ തെളിയിക്കുന്നു. മാത്രമല്ല, അനിവാര്യമായും അങ്ങിനെ ആവണമെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു അബൂബക്കർ സിദ്ദീഖ് (റ) ന്റെ ഭരണകാലത്ത് ചിലർ ഗവൺമെണ്ടിനെ സകാത്ത് ഏല്പിക്കാൻ വിസമ്മതിച്ചപ്പോൾ അദ്ദേഹം അവർക്കെതിരിൽ യുദ്ധം പ്രഖ്യാപിച്ചു:

وَاللهِ لَوْ مَنَعُونِي عِقَالاً كَانُوا يُؤَدُّونَهُ إِلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ لَقَاتَلْتُهُمْ عَلَى مَنْعِهِ (مسلم)

(അല്ലാഹുവാണ: നബി (സ) യെ ഏല്പിച്ചിരുന്ന ഒരൊട്ടകക്കയർപോലും അവർ എന്നെ ഏല്പിക്കുവാൻ വിസമ്മതിച്ചാൽ, അതിന്റെപേരിൽ ഞാൻ അവരോടു യുദ്ധം ചെയ്യും.) "എന്നെ ഏല്പിക്കുവാൻ വിസമ്മതിച്ചാൽ" എന്ന വാക്ക് സകാത്ത് അനിവാര്യമായും ഗവമ്മെണ്ടിനെ ഏല്പിക്കണമെന്നും "യുദ്ധംചെയ്യും" എന്ന വാക്ക്, ഈ നിയമത്തെ ലംഘിക്കൽ രാജ്യദ്രോഹപരമായ കുററമാണെന്നും അതിന്റെ ഫലം ഇഹത്തിലും പരത്തിലും നല്ലതല്ലെന്നും സ്പഷ്ടമാക്കുന്നു.

ഖുലഫാഉർറാശിദുകളുടെ കാലത്തു ചില ഗോത്രങ്ങളെ ഈ നിയമത്തിൽ നിന്നു് ഒഴിവാക്കുകയും അവരുടെ സകാത്ത് അവർ തന്നെ ദരിദ്രർക്കിടയിൽ വിതരണം നടത്തുവാൻ അനുവാദം നല്കുകയും ചെയ്ത ഉദാഹരണങ്ങളുണ്ട്. പക്ഷെ ഗവമ്മെണ്ട് അവരെ ഒഴിവാക്കിയതായിരുന്നു. അവർ സ്വയം ഒഴിവായതല്ലെന്നുള്ളതു പ്രസ്താവ്യമാണ്. ഇതും യഥാർത്ഥത്തിൽ ഗവമ്മെണ്ടുമുഖേനയുള്ള സകാത്ത് ശേഖരണത്തിന്റെയും വിതരണത്തിന്റെയും ഒരു പ്രത്യേക ക്രമമാണ്. ചില പ്രത്യേക താല്പര്യങ്ങളെയും സൗകര്യങ്ങളെയും പരിഗണിച്ചുകൊണ്ടാണ് അതു സ്വീകരിക്കപ്പെട്ടത്.

സകാത്തിനു ഇത്രയും ഉന്നതമായ ഒരു സാമൂഹ്യ ഘടനാ നല്കപ്പെടാൻ രണ്ടു കാരണങ്ങളുണ്ടെന്നു കാണാം:

ഒന്നു്, ഇസ്ലാമിന്റെ സ്വഭാവം താൽപര്യപ്പെടുന്നതു അതാണ്. അസാധാരണമാംവിധം സാമൂഹ്യതയെ ഇസ്ലാം ഇഷ്ട

പ്പെടുന്നു. ഇസ്ലാം ലോകത്തിനു പ്രദാനം ചെയ്യാൻ ഉദ്ദേശി ക്കുന്ന നേട്ടങ്ങൾ കൈവരണമെങ്കിൽ, തദനുയായികൾ സു സ്ഥിരവും സുവ്യവസ്ഥിതവുമായ ഒരു സംഘടനയായിരിക്കുക യും കഴിയുന്നേടത്തോളം എല്ലാ കാര്യങ്ങളിലും സംഘടിതത്വ വും വ്യവസ്ഥയും പാലിക്കുകയും ചെയ്തേ തീരൂ.

രണ്ട്, അഗതികളുടെ ആവശ്യങ്ങളുടെയും, ഇസ്ലാമിന്റെ പ്രതിരോധപരവും പ്രചാരണപരവുമായ താൽപര്യങ്ങളുടെയും തൃപ്തികരമായ സംരക്ഷണം ഈ രൂപത്തിലേ സാധ്യമാവൂ. മേൽ സൂചിപ്പിച്ച പ്രകാരം ധനികന്മാർ കർത്തവ്യബോധം വിസ്മരി ക്കുകയും, തങ്ങളുടെ ധനത്തിൽ ദരിദ്രർക്കുള്ള അവകാശത്തിനു നേരെ അശ്രദ്ധ കൈക്കൊള്ളുകയും ചെയ്തേക്കുമെന്ന് ശങ്കയു ള്ളതിനാൽ ഈ അവകാശത്തിനു ഗവമ്മെണ്ടിന്റെ സംരക്ഷണ മാവശ്യമാണ്. അപ്പോൾ അതു പിരിച്ചെടുക്കുവാനുള്ള ഉത്തര വാദിത്വം ഗവമ്മെണ്ടു വഹിക്കണം.

സകാത്തിന്റെ സാമൂഹ്യഘടനയുടെ താൽപര്യങ്ങൾ മു മ്പിൽവെച്ചു നോക്കിയാൽ, ഇസ്ലാമികഭരണസ്ഥാപനം നില വിലില്ലാത്ത ഘട്ടങ്ങളിൽ സകാത്തിന്റെ രൂപം എന്തായിരി ക്കുമെന്നു മനസ്സിലാക്കാം. നമസ്കാരം നിലനിർത്തുന്നതിന്റെ താൽപര്യം ഇമാമത്തിനു മുസ്ലിംകളുടെ ഖലീഫയോ, അദ്ദേഹ ത്തിന്റെ പ്രതിനിധിയോ വേണമെന്നാണ്. ജുമുഅഃ, പെരു ന്നാൾ നമസ്കാരം എന്നിവയെ വിശേഷിച്ചും. ഇങ്ങിനെ ഒരു ഇമാമില്ലാത്ത പരിതസ്ഥിതിയിൽ ഓരോരുത്തനും ഒററയ്ക്കൊ റയ്ക്ക് നമസ്കരിച്ചാൽ മതിയെന്ന് ഇതിനു അർത്ഥം കല്പി ക്കപ്പെട്ടിട്ടില്ല. പ്രത്യുത, മഹല്ലത്തുകളിലെയും ഗ്രാമങ്ങളിലെ യും മുസ്ലിംകൾ തങ്ങളുടേതായ ഒരു സാമൂഹ്യ ഘടന നില നിർത്തുകയും തങ്ങളുടെ കൂട്ടത്തിൽനിന്നു ഒരു ഇമാമിനെ തിര ഞ്ഞെടുത്തു നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുകയും

ചെയ്യണമെന്നാണ് അർത്ഥം കൽപിക്കപ്പെട്ടിട്ടുള്ളത്. സകാത്തിന്റെ കാര്യവും ഇങ്ങിനെതന്നെ. സകാത്തുകൾ ശേഖരിച്ചു വിതരണം ചെയ്യുവാൻ ഭരണസ്ഥാപനം നിലവിലില്ലെങ്കിൽ ഇസ്ലാമിന്റെ പൊതു സ്വഭാവവും മൗലിക നിർദ്ദേശങ്ങളും നിലവിലുണ്ട്. അവയുടെ താൽപര്യം, മുസ്ലിം ഗ്രാമങ്ങൾ നമസ്കാരത്തിനും ഇമാമത്തിനും പള്ളികൾക്കും വ്യവസ്ഥ ചെയ്യുന്നതുപോലെ തങ്ങളുടെ സകാത്തുകൾക്ക് ഒരു ബൈത്തുൽമാൽ സ്ഥാപിച്ച്, ഗ്രാമത്തിലെ സകാത്തുകൾ ശേഖരിക്കുവാനും അർഹരായ ആളുകൾക്ക് എത്തിച്ചുകൊടുക്കുവാനും വ്യവസ്ഥ ചെയ്യണമെന്നത്രെ. ഇസ്ലാമിന്റെ ഈ സുപ്രധാനഘടകത്തിന്റെ ഉദ്ദേശ്യം ഭരണവ്യവസ്ഥയുടെ അഭാവത്തിലും കഴിയുന്നത്ര സഫലമാവാൻ അതുവഴി സാധിക്കും. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അതൊരു സാമൂഹ്യകുറ്റമായിരിക്കും.

## 'സകാത്ത്', 'സദഖഃ', 'ഇൻഫാഖ്'

ഇസ്ലാം സകാത്തിനു വേറെ രണ്ടു പദങ്ങൾകൂടി പ്രയോഗിച്ചിട്ടുണ്ട്. ഒന്ന്, 'സദഖഃ', മറ്റൊന്ന്, 'ഇൻഫാഖുൻഫീസബീലില്ലാഹി'. സകാത്ത് എന്ന പദത്തിന്റെ ഭാഷാർത്ഥം മുമ്പു വിവരിച്ചിട്ടുണ്ട്. ഇനി മററ രണ്ടു പദങ്ങൾ മനസ്സിലാക്കുക. صِدْق ൽ നിന്നാണ് صَدَقَة യുടെ ഉൽപത്തി. സത്യസന്ധത, നിഷ്കളങ്കത എന്നെല്ലാമാണ് അതിന്റെ അർത്ഥം. സകാത്ത് നല്കുന്ന ആളുടെ ഈമാനിൽ സത്യസന്ധതയും നിഷ്കളങ്കതയുമുള്ളതുകൊണ്ടും, സകാത്ത് ഈ ഗുണങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടുമാണ് സകാത്തിന് സദഖഃ എന്നു പറയുന്നത്. അതുപ്രകാരം إنفاق في سبيل الله എന്നതിന്റെ അർത്ഥം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവു ചെയ്യുകയെന്നാണ്. സകാത്തിന്റെ ജീവൻ ദൈവപ്രീതിയാർജ്ജിക്കലാണല്ലോ. ദൈവമാർഗ്ഗത്തിൽ ചിലവ്

ചെയ്യുകയെന്നു പറയുമ്പോൾ അതിൽ സകാത്തിന്റെ ജീവനെ ക്കുറിച്ചുള്ള സൂചന അടങ്ങിയിട്ടുണ്ട്. അപ്പോൾ ഈ മൂന്നു പദ ങ്ങളും ഒരേ വസ്തുവിന്റെ മൂന്നു നാമങ്ങൾ മാത്രമല്ല, അതിന്റെ യാഥാർത്ഥ്യത്തിന്റെ വിവിധ വശങ്ങളെ പ്രകാശിപ്പിക്കുന്നവ കൂടിയാണ്.

ഒരേ അർത്ഥത്തിലും ആശയത്തിലുമാണ് ഖുർആനിൽ ഈ മൂന്നു പദങ്ങളും പ്രയുക്തമായിട്ടുള്ളത്. അല്ലാഹുവിന്റെ പ്രീതി ക്കുവേണ്ടി ചിലവാക്കുന്നതെന്തും സകാത്തും സദഖഃയും 'ഇൻഫാ ഖു്ൻഫീ സബീലില്ലാഹി'യുമാണ്. ചിലവഴിക്കുന്നത് നിയമ ബാദ്ധ്യതയുടെ പേരിലോ, ധാർമ്മിക ബാദ്ധ്യതയുടെ പേരിലോ എന്ന വ്യത്യാസമൊന്നുമില്ല. ഒന്ന് മററൊന്നിനു പ്രയോഗിക്കാൻ പാടില്ലാത്തവിധം, ഈ പദങ്ങളിൽ ഒരെണ്ണവും നിയമപരമോ ധാർമ്മികമോ, അഥവാ ഫർസോ നഫ്ലോ ആയ 'ഇൻഫാഖി' ന് പ്രത്യേകമായിട്ടുള്ളതല്ല. ഖുർആനിന്റെ ദൃഷ്ടി, പ്രശ്നത്തിന്റെ നിയമവശങ്ങളെക്കാൾ അതിന്റെ യാഥാർത്ഥ്യത്തിലും അടിസ്ഥാ നോദ്ദേശ്യത്തിലുമാണ് പതിയുന്നതെന്നതാണ് അതിനു കാരണം. എന്നാൽ ഫിഖ്ഹ് (ഇസ്ലാമിക നിയമശാസ്ത്രം) ഈ പദങ്ങൾക്കി ടയിൽ വ്യത്യാസം കല്പിച്ചിരിക്കുന്നു. ഫിഖ്ഹിന്റെ ഭാഷയിൽ ഫർസും, നിയമപരമായി നിർബ്ബന്ധവുമായ ദാനത്തിനേ സകാ ത്ത് എന്നു പറയുകയുള്ളു. അതുപോലെ, സദഖഃയും ഇൻഫാഖും സ്വയം പ്രേരിതരായി നൽകുന്ന ഐഛിക ദാനത്തിനുമാത്രം പറയുന്നതാണ്. ഫിഖ്ഹ് എന്നത് ഇസ്ലാമിക നിയമത്തിന്റെ മററൊരു പേരാണല്ലോ. അതിനാൽ ഇപ്രകാരം സാങ്കേതികമായ വ്യത്യാസം കല്പിക്കൽ അതിനു ആവശ്യവുമാണ്.

# നോമ്പ്

ഇസ്ലാമിന്റെ നാലാമത്തെ സ്തംഭം നോമ്പാകുന്നു. നോമ്പിന്റെ മത സാങ്കേതികനാമം 'സൗമ്' (صوم) അല്ലെങ്കിൽ 'സിയാമ്' (صيام) എന്നാണ്. 'വർജ്ജനം' എന്നാണതിന്റെ ഭാഷാർത്ഥം. പ്രഭാതത്തിൽ വെള്ള കീറുന്നതുമുതൽ സൂര്യബിംബം മറയുവോളം മനുഷ്യൻ അന്നപേയങ്ങളും ലൈംഗികസമ്പർക്കവും വർജ്ജിക്കുന്നതുകൊണ്ടാണ് ഈ കർമ്മത്തിന്നു 'സിയാമെ'ന്നു നാമകരണം ചെയ്തിരിക്കുന്നത്.

## സവിശേഷ ഗുണങ്ങളും പ്രാധാന്യതകളും

നോമ്പിനെപ്പററി ഖുർആനും ഖുർആനിന്റെ വാഹകനും നൽകിയ നിയമ നിർദ്ദേശങ്ങൾ പരിശോധിച്ചാൽ, അതിന്നു് ദീനിൽ പല സവിശേഷപ്രാധാന്യതകളുമുണ്ടെന്നു മനസ്സിലാകുന്നതാണ്. അവയിൽ ചിലതാകട്ടെ, മൗലിക സ്വഭാവമുള്ള

താകുന്നു; മൗലികമെന്നല്ല, അതിലുപരി സവിശേഷതരമാണ്. നോമ്പിനെ പഠിക്കുകയെന്നാൽ ആ സവിശേഷതരമായ അടിസ്ഥാന പ്രാധാന്യതകളും ഗുണഗണങ്ങളും പഠിക്കുകയെന്നർത്ഥം. ഈ ഗുണങ്ങളും പ്രാധാന്യതകളുമാണിവിടെ പ്രതിപാദിക്കുന്നത്.

## 1. നോമ്പ്: 'തഖ്‌വ'യുടെ ഉറവിടം

നോമ്പ് മനുഷ്യനിൽ ശരിയായ ഭക്തിയും ദൈവ ഭയവും (തഖ്‌വ) ഉല്പാദിപ്പിക്കുന്നുവെന്നതാണ് പ്രഥമവും പ്രധാനവുമായ സംഗതി. ഈ വിഷയകമായി കിതാബിൻെറയും സുന്നത്തിൻെറയും ബുദ്ധിയുടെയും സാക്ഷ്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നോമ്പ് നിർബ്ബന്ധമാക്കിക്കൊണ്ടുള്ള ഖുർആനിൻെറ പ്രഖ്യാപനത്തിൽ ഈ യാഥാർത്ഥ്യമാണ് വ്യക്തമാക്കിയിട്ടുള്ളത്:

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ
عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (بقرة ١٨٣)

"സത്യവിശ്വാസികളെ! നിങ്ങളുടെമേൽ നോമ്പ് നിർബ്ബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾക്കു മുൻപുള്ളവരുടെമേൽ നിർബ്ബന്ധമാക്കപ്പെട്ടതുപോലെ, നിങ്ങൾ 'തഖ്‌വ' ഉള്ളവരാകാൻ വേണ്ടി."

നബി (സ) ഇതുതന്നെ പ്രസ്താവിക്കുന്നു:

اَلصَّوْمُ جُنَّةٌ (مسلم، باب فضل الصيام)

"നോമ്പ് (ഇഹലോകത്ത് പാപങ്ങളിൽനിന്നും പരലോകത്ത് നരകത്തിൽനിന്നും കാത്തു രക്ഷിക്കുന്ന) പരിചയാണ്."

'നോമ്പ് പാപങ്ങളിൽനിന്നു കാത്തു സൂക്ഷിക്കുന്ന പരിചയാണ്'' എന്നതിൻെറ തൽപര്യവും 'നോമ്പ് മനുഷ്യനിൽ തഖ്വാഗുണം സൃഷ്ടിക്കുന്നു'വെന്നതിൻെറ താൽപര്യവും ഒന്നുതന്നെയാണ്. തുടന്നരുളംചെയ്യുന്നത് കാണുക:

فَإِذَا كَانَ يَوْمُ صَوْمِ أَحَدِكُمْ فَلَا يَرْفُثْ يَوْمَئِذٍ وَلَا يَصْخَبْ فَإِنْ سَابَّهُ أَحَدٌ أَوْ قَاتَلَهُ فَلْيَقُلْ إِنِّي صَائِمٌ إِنِّي صَائِمٌ.

"അതുകൊണ്ടു നിങ്ങളിലൊരാറം നോമ്പുനോററാൽ അവൻ അനാവശ്യം പറയരുത്; ബഹളം കൂട്ടരുത്. ആരെങ്കിലും അവനോട് അസഭ്യംപറയുകയോ കലഹിക്കുകയോ ആണെങ്കിൽ (അതിന്നൊരുമ്പെട്ടവനോടും, സ്വന്തത്തിലും) അവൻ പറയണം: "ഞാൻ നോമ്പുകാരനാണ്, ഞാൻ നോമ്പുകാരനാണ്.''

സാരമിതാണ്: അനാവശ്യംക്തിയും തെറിവാക്കും വഴക്കും വക്കാണവും മററല്ലാ ദുശ്ചെയ്തികളും വജ്ജിക്കേണ്ടത് ഒരു സത്യവിശ്വാസിയ്ക്ക് സദാ നിബ്ബന്ധമാണെങ്കിലും നോമ്പുകാരനായിരിയ്ക്കെ, പരിശുദ്ധമായ ഈ നിലപാട് അവന്നു പൂവ്വോപരി നിബ്ബന്ധമായിത്തീരുന്നു. ഈ വക വിഴ്ചകളിൽനിന്നു സംധാരണ ഗതിയിൽ അവൻ പൂണ്ണമായും സുരക്ഷിതനായി ഭവിക്കുന്നില്ലെങ്കിൽ, നന്നച്ചുരുങ്ങിയത് നോമ്പുകാലത്തെങ്കിലും അവയെ സമീപിക്കവാൻ പാടില്ല. നോമ്പ് സച്ചരിതത്തിൻെറയും ദൈവഭക്തിയുടെയും ഒരു അംഗീകൃത ഉപാധിയാണെന്ന പ്രഖ്യാപനമാണ് വാസ്തവത്തിൽ ഈ തിരുവചനം. അംഗീകൃതോപാധിയെന്നു പറഞ്ഞാൽ പോരാ, ചില നിലകളിൽ അതിൻെറ സ്വാധീനശക്തി അനുപമവും അനിതരസാധാരണവുമാണ്.

ഈ പ്രമാണ സാക്ഷ്യങ്ങൾക്കുപരി മറെറാരു തെളിവിൻെറ ആവശ്യമില്ലെന്നിരിയ്ക്കിലും കൂടുതൽ മനസ്സംതൃപ്തിക്കുവേണ്ടി ബുദ്ധിയുടെ ദൃഷ്ടികൾകൊണ്ടും ഈ യാഥാർത്ഥ്യം നിരീക്ഷിയ്ക്കുന്നത് ഉചിതമായിരിക്കും. അതായത്, നോമ്പ് തഖ്‌വയെ ഉൽപാദിപ്പിക്കുന്നതെന്തുകൊണ്ട്, ഏതുവിധത്തിൽ എന്നുകൂടി പരിശോധിയ്ക്കാം.

ആദ്യമായി തഖ്‌വ്‌യെന്താണെന്നറിഞ്ഞിരിക്കേണ്ടതുണ്ട്. എങ്കിലേ, നോമ്പിനാൽ തഖ്‌വ എങ്ങിനെ ഉണ്ടാകുന്നുവെന്നറിയാൻ പററൂ.

അല്ലാഹുവിൻെറ അപ്രീതിയിൽനിന്നു രക്ഷ പ്രാപിക്കുന്നതിനുള്ള അഗാധമായ ബോധത്തിന്നാണ് തഖ്‌വയെന്നു പറയുന്നത്. ഈ ബോധം മനുഷ്യനെ സൽക്കർമ്മങ്ങൾക്ക് പ്രേരിപ്പിയ്ക്കുകയും ദുഷ്കർമ്മങ്ങളിൽനിന്നു തടയുകയും ചെയ്യുന്നു. അല്ലെങ്കിൽ, ഒരു പ്രത്യേക തരത്തിലുള്ള മാനസികാവസ്ഥയാണ് തഖ്‌വയെന്നു പറയാം. അതുമൂലം ഒരു പ്രത്യേക തരത്തിലുള്ള കർമ്മനയം ആവിർഭവിയ്ക്കുന്നു. അല്ലാഹുവിന്നുള്ള അനുസരണത്തിൻെറയും അവൻെറ പ്രീതി സമ്പാദിക്കലിൻെറയും കർമ്മനയമാണത്. ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന ഈ അവസ്ഥാവിശേഷം കാരണമായി മനുഷ്യൻ സദാ സമയത്തും ശ്രദ്ധിച്ചുകൊണ്ടിരിയ്ക്കും, തൻെറ നാഥൻ തന്നെപ്പററി അതൃപ്തി ഭാവിച്ചേക്കരുതെന്ന്; അവന്നു അഹിതമായതൊന്നും ചെയ്തുപോകരുതെന്ന്; അവന്നു പ്രിയംകരമായ യാതൊന്നും ചെയ്യാതൊഴിഞ്ഞുപോകരുതെന്ന്.

ഒന്നാലോചിച്ചുനോക്കൂ: അല്ലാഹുവിൻെറ അതൃപ്തിയിൽനിന്നു രക്ഷപ്രാപിക്കുവാനും അവൻെറ പ്രീതി നേടുവാനുമുള്ള ഈ ആശയും പരിശ്രമവും ഫലത്തിൽ എപ്പോഴാണ് നിറവേറുക? മനുഷ്യൻ തന്നത്താൻ നിയന്ത്രിക്കുകയും ആത്മസംയമം സാധിക്കുകയും ചെയ്യുമ്പോൾതന്നെ അതെ, മനുഷ്യന്നു് തഖ്‌വ

പ്രാപിക്കുവാനുള്ള ഏക ഉപായം, സ്വദേഹത്തെ കടിഞ്ഞാണിട്ടുകയും സ്വേച്ഛകളിൽ സ്വൈരവിഹാരം ചെയ്യാൻ അതിനെ വിടാതിരിക്കുകയും ചെയ്യുക മാത്രമാണ്. ഈ ഖുർആൻ വാക്യം അത് വ്യക്തമാക്കുന്നു:

وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَى فَإِنَّ

الْجَنَّةَ هِيَ الْمَأْوَى (نازعات ٤٠، ٤١)

(തന്റെ നാഥന്റെ തിരുമുമ്പിൽ ചെന്നുനില്ക്കേണ്ടതിനെ ഭയപ്പെടുകയും സ്വദേഹത്തെ ഇച്ഛകളിൽനിന്നു തടുക്കുകയും ചെയ്യുവനാരോ, (അവന്റെ) അഭയസങ്കേതം സ്വർഗ്ഗമാണ്.)

ഇനി, നോമ്പെന്താണ് എന്നു പരിശോധിക്കുക. നോമ്പിന്റെ മൗലികവും നിയമപരവുമായ അസ്തിത്വം മൂന്നു കാര്യങ്ങളെ ആസ്പദിച്ചിരിക്കുന്നു. ഉഷഃപ്രഭാതം മുതൽ സൂര്യാസ്തമയം വരെ യാതൊന്നും ഭക്ഷിയ്ക്കാതിരിയ്ക്കുക, യാതൊന്നും കുടിക്കാതിരിയ്ക്കുക, ലൈംഗികേച്ഛ നിറവേററാതിരിയ്ക്കുക. മററുവാക്കുകളിൽ പറഞ്ഞാൽ, ആഹാരം, പാനീയം, ലൈംഗികസമ്പർക്കം എന്നീ ദേഹേച്ഛാപരമായ മൂന്നാവശ്യങ്ങളെ മുഴുവനായുപേക്ഷിക്കുക എന്നതാണ് നോമ്പ്. ശാരീരികേച്ഛകളിൽ ഈ മൂന്നെണ്ണത്തിനുള്ള സ്ഥാനം പറഞ്ഞറിയിക്കേണ്ടതില്ല. ഇത്രയ്ക്ക് സാർവ്വത്രികവും ബലിഷ്ഠവും അദമ്യവുമായ മററു ദേഹേച്ഛകളില്ല. ഒന്നാമത്, ഇവ കേവലം ഇച്ഛകൾ മാത്രമല്ല; മനുഷ്യന്റെ പ്രകൃതിപരമായ ആവശ്യങ്ങൾ കൂടിയാണ്. സ്വന്തത്തിന്റെയും സ്വവർഗ്ഗത്തിന്റെയും നിലനിൽപിന്നാശ്രയങ്ങളാണവ. സ്വന്തം ജീവിതനിലനിൽപിന്ന് അന്നപേയങ്ങളും വംശനിലനിൽപിന്ന് ലൈംഗികസംസർഗ്ഗവും ഏതു നിലക്കും അവന്നത്യന്താപേക്ഷിതമാണ്.

ഈ രണ്ടവസ്ഥ കാരണമായി ഇവയുടെ ശക്തിയും സ്വാധീനതയും അനിവാര്യമായും ദുർഗ്ഗുണീഭവിക്കുകയും അവയെ തടുക്കുക അതിമാത്രം ദുഷ്കരമായിത്തീരുകയും ചെയ്യുന്നു. പ്രബലങ്ങളായ പ്രസ്തുത മൂന്ന് ഇച്ഛകളെ കടിഞ്ഞാണിടുകയാണ് നോമ്പ് ചെയ്യുന്നത്. തുടർച്ചയായി ഒരു മാസക്കാലം ദിവസേന പന്ത്രണ്ടും പതിനാലും മണിക്കൂറുകൾ ഈ ശാരീരികാവശ്യങ്ങളെ മനുഷ്യൻ വിലങ്ങിട്ടു നിർത്തുന്നു. ദാഹകാഠിന്യത്താൽ തൊണ്ടവരണ്ടു മുള്ള് തറക്കുംപോലിരിക്കും. നാവെടുത്തു സംസാരിക്കാൻ തന്നെ വയ്യ; ശീതളപാനീയം മുന്നിലിരിപ്പുണ്ട്; അതു ചുണ്ടോടണക്കാൻ എന്തൊരു ആർത്തി! പക്ഷെ, നോമ്പ് അനുവദിക്കുന്നില്ല. അതു കൈപിടിച്ചു നിർത്തുമ്പോഴും അവൻ പരവശനായിത്തീരുന്നു. ഭക്ഷണ-ലൈംഗികേച്ഛകളുടെ സ്ഥിതിയും ഏതാണ്ടിതുതന്നെ. നീണ്ട മുപ്പതുദിവസത്തെ ഈ നിരന്തര പരിശീലനം മനുഷ്യനിൽ എന്തുമാത്രം സഹനവും സംയമനവുമാണുൽപാദിപ്പിക്കുന്നതെന്നാലോചിച്ചുനോക്കൂ! അതിപ്രബലവും അപ്രതിരോധ്യവുമായ പ്രസ്തുത ശാരീരികാഭിലാഷങ്ങളെപ്പോലും ഗണ്യമായ ഒരു കാലയളവോളം അടക്കിയൊതുക്കി നിർത്താൻ പരിശീലനം സിദ്ധിച്ച ഒരുവൻ തന്റെ മററു അഭിലാഷങ്ങളെ തുലോം എളുപ്പമായും ഫലപ്രദമായും നിയന്ത്രിച്ചു നിർത്തുമെന്നു തീർച്ചയായും പ്രതീക്ഷിക്കാവുന്നതാണ്. ഇതൊരു തുറന്ന പരമാർത്ഥമാണ്. അനിഷേധ്യമായ ഈ പരമാർത്ഥം സമ്മതിക്കുന്നതിന്റെ അർത്ഥം, നോമ്പ് മനുഷ്യനിൽ ആത്മസംയമനത്തിനും ഇച്ഛാനിയന്ത്രണത്തിനുമുള്ള പരിപൂർണ്ണശക്തി ഉല്പാദിപ്പിക്കുന്നുവെന്ന് സമ്മതിക്കുകയത്രെ. ഇങ്ങനെയുള്ള ശക്തി നേടിക്കഴിഞ്ഞ മനുഷ്യനു മതാനുഷ്ഠാനത്തിലും ദൈവനിയമാനുസരണത്തിലും ദേഹേച്ഛയുടെയും പിശാചിന്റെയും എല്ലാത്തരം എതിർപ്പുകളെയും നന്നായി നേരിടുവാൻ സാധിക്കുന്നതാണ്. ശരിയായ അർത്ഥത്തിൽ അവൻ മുത്തഖിയും ദൈവഭക്തനുമായിത്തീരുമെന്നർത്ഥം.

നോമ്പ് തഖ്‌വയ്ക്കുള്ള അസാധാരണമായ ഉപാധിയായിത്തീരാൻ മറ്റൊരു കാരണം കൂടിയുണ്ട്. നബി (സ) തിരുമേനിയുടെ ഈ വാക്കുകൾ അതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്:

لَيْسَ فِي الصِّيَامِ رِيَاءٌ (فتح البارى)

"നോമ്പിൽ 'രിയാ' (ജനങ്ങളെ കാണിക്കൽ) ഇല്ല."

ഒരു ഇബാദത്തിൽ 'രിയാ' ഇല്ലാതിരിയ്ക്കുന്നത് ആ ഇബാദത്ത് അടിമയെ അല്ലാഹുവുമായടുപ്പിയ്ക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉറപ്പാണ്. തഖ്‌വയ്ക്ക് ഇത്തരം ഇബാദത്തിനെക്കാൾ വിശ്വാസനീയമായ മറ്റു ഉറവിടമില്ല. തിരുനബി (സ) അരുൾ ചെയ്തിട്ടുള്ളതുപോലെ, 'രിയാ' ഇല്ലാതിരിക്കുക നോമ്പിന്റെ സ്ഥായിയായ ഒരു സ്വഭാവമാണെങ്കിൽ അതു തഖ്‌വയുടെ ഏറ്റവും ഫലപ്രദമായൊരുപാധിതന്നെയാണെന്നതിൽ രണ്ടു പക്ഷമുണ്ടാവുന്നതെങ്ങിനെ? മനുഷ്യനെ തഖ്‌വകൊണ്ട് സമ്പന്നനാക്കുവാൻ 'രിയാഇ'ന്നു പ്രവേശനമുള്ള ഇബാദത്തുകൾ പര്യാപ്തങ്ങളാണെങ്കിൽ പ്രസ്തുത വ്യാധിയിൽനിന്നു തികച്ചും പരിശുദ്ധമായ ഇബാദത്ത് അവനെ കൂടുതൽ തഖ്‌വാസമ്പന്നനാക്കാനുതകുന്നതാണെന്നു സ്പഷ്ടം.

എന്തുകൊണ്ടു നോമ്പിൽ 'രിയാ' ഉണ്ടായിക്കൂടാ? ഇത് നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒരു പരമാർത്ഥമാണ്. തികച്ചും നിഷേധാത്മകസ്വഭാവമുള്ള ഒരു ഇബാദത്താണ് നോമ്പെന്ന സംഗതി സുവിദിതമത്രെ. അതായത്, ചില കർമ്മങ്ങളും കാര്യങ്ങളും ചെയ്യുന്നതിനാലുണ്ടാകുന്നതല്ല അത്. (നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവപോലെ.) പ്രത്യുത, ചില കാര്യങ്ങൾ ചെയ്യാതിരിക്കുന്നതിനാലാണതുണ്ടാകുന്നത്. ഇത്തരത്തിലുള്ള ഇബാദത്ത് അന്യരുടെ കാഴ്ചയിലും കേൾവിയിലും പെടുകയില്ലെന്നത് വളരെ സ്പഷ്ടമാണ്. ഏതെങ്കിലുമൊരു ഇബാദത്ത് ആരും

കാണുകയോ കേൾക്കുകയോ ചെയ്യുന്നതിരിക്കുന്ന വിധത്തിലാണെങ്കിൽ അതിൽ 'രിയാ'ഉണ്ടും കാണിക്കലിന്നും എന്തു സാദ്ധ്യതയുണ്ടാകാനാണ്? ആകയാൽ, ലോകരെ കാണിക്കുകയെന്ന ഭയങ്കരമായ പൈശാചിക സ്വഭാവത്തിൻെറ കടന്നാക്രമണത്തിനു സാദ്ധ്യതയില്ലെന്ന സവിശേഷത 'ഇസ്ലാംകാര്യങ്ങളി'ൽ നോമ്പിന്നു മാത്രമേയുള്ളൂ.

നോമ്പിൻെറ ഈ പ്രത്യേകത പരിഗണിച്ചാവണം, പരിശുദ്ധ ഖുർആൻ വ്രതാനുഷ്ഠാനത്തിനുള്ള കല്പനയോടൊന്നിച്ചു മാത്രം لَعَلَّكُمْ تَتَّقُونَ എന്നരുളിയത് — മറെറാരു ഇബാദത്തിൻെറയും ആജ്ഞയോടൊപ്പം ഈ വാക്കുകളാവർത്തിച്ചിട്ടില്ല. എല്ലാ ഇബാദത്തുകളും മനുഷ്യന്നു നന്മയുടെ സത്തയും തഖ്‌വയുടെ പ്രകാശവും പ്രദാനം ചെയ്യുന്നു എന്നിരുന്നിട്ടും അല്ലാഹു ഇതൊരുകർമ്മത്തെ മാത്രം 'എൻേറത്" അല്ലെങ്കിൽ 'എനിക്കു വേണ്ടിയുള്ളത്' എന്നു വിശേഷിപ്പിച്ചതും, പ്രതിഫലത്തിൻെറ ത്രാസിൽ ഏററവും കനം തൂങ്ങുന്നതായി പ്രസ്താവിച്ചതും നോമ്പിൻെറ ഈ സവിശേഷതകൊണ്ടുതന്നെയാവണം:

كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِ مِائَةِ ضِعْفٍ قَالَ اللهُ تَعَالَى إِلَّا الصَّوْمَ فَإِنَّهُ لِي وَأَنَا أَجْزِي بِهِ يَدَعُ شَهْوَتَهُ وَطَعَامَهُ لِأَجْلِي (مسلم باب فضل الصيام)

(മനുഷ്യൻെറ എല്ലാ സൽക്കർമ്മങ്ങൾക്കും പത്തിരട്ടി മുതൽ എഴുനൂറിരട്ടിവരെ പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു: "പക്ഷെ, നോമ്പ് അങ്ങിനെയല്ല; കാരണം അതെന്നി

ഷ്ടമുള്ളതാണ്; ഞാനാണതിന്നു പ്രതിഫലം നല്കുന്നത്. നോമ്പുകാരൻ തൻെറ ഇച്ഛയും, അന്നപാനാവും എനിക്കുവേണ്ടി മാത്രം ഉപേക്ഷിക്കുന്നു.)

'നോമ്പ് എനിക്കുവേണ്ടിയുള്ളത്'' എന്ന പ്രഖ്യാപനം നോമ്പിൽ 'രിയാ' ഇല്ലെന്ന വസ്തുതയുടെ ഏദയസ്പൃക്കായ ഒരാഖ്യാനമാണ്.

ഇത്രയും പറഞ്ഞതിൽനിന്നു് മനസ്സിലായപോലെ, മനുഷ്യനിൽ തഖ്‌വയെന്ന ഗുണം സൃഷ്ടിക്കലാണ് നോമ്പിൻെറ ഉദ്ദേശ്യമെങ്കിൽ, ഈ തഖ്‌വ തന്നെയാണ് നോമ്പിൻെറ ഉരക്കല്ല്. ആഹാര നിഹാര മൈഥുനേച്ഛകളിൽ നിന്നകന്നു നില്ക്കലാണ് നോമ്പിൻെറ നിയമപരമായ ബാഹ്യരൂപമെങ്കിൽ, അല്ലാഹുവിൻെറ അനിഷ്ടത്തിന്നിരയാകുന്ന സർവ്വകാര്യങ്ങളിൽനിന്നും വിട്ടൊഴിഞ്ഞു നില്ക്കലാണ് അതിൻെറ കഴമ്പും കാതലും. ഒരുവൻ നോമ്പെടുത്തിട്ടു പ്രസ്തുത മൂന്നു ഇച്ഛകളെ നിയന്ത്രിക്കുക മാത്രമല്ല, തൻെറ എല്ലാ ആശാഭിലാഷങ്ങളും ദൈവനിയമത്തിൻെറ വരുതിയിലാക്കിത്തീർക്കുക കൂടിച്ചെയ്യുന്നെങ്കിൽ അവൻ ശരിയായ അർത്ഥത്തിൽ നോമ്പുകാരനാണ്. അങ്ങിനെ ചെയ്യുന്നില്ലെങ്കിലോ, അവൻെറ നോമ്പ് നോമ്പല്ല, പട്ടിണി മാത്രമാണ്! എന്തുകൊണ്ടെന്നാൽ ഭോജന മൈഥുനേച്ഛകളുടെ മാത്രം വർജ്ജനം സാക്ഷാൽ നോമ്പല്ല; സാക്ഷാൽ നോമ്പിൻെറ ബാഹ്യരൂപവും നിയമപരമായ അടയാളവും മാത്രമാണതു്. ഒരുവൻ കേവലം നിയമത്തിൻെറ ബാഹ്യാതിർത്തിവരെ ചെന്നു നില്ക്കുകയാണെങ്കിൽ, നോമ്പാകുന്ന ഭവനത്തിന്നകത്ത് കടക്കാതെ നാലുപാടും ചുററിക്കറങ്ങി തിരിച്ചുപോന്നുവെന്നാണതിൻെറ അർത്ഥം. അതാണ് നബി (സ) തിരുമേനി അരുളം ചെയ്തിരിക്കുന്നത്:

كَمْ مِنْ صَائِمٍ لَيْسَ لَهُ مِنْ صِيَامِهِ إِلَّا الظَّمَأُ (دارمی)

"എത്രയെത്ര നോമ്പുകാരുണ്ട്, തങ്ങളുടെ നോമ്പിനാൽ യാതൊ ന്നും അവക്ക് ലഭിക്കുന്നില്ല, ദാഹമല്ലാതെ."

ഈ നാമമാത്ര നോമ്പുകാർ ആരാണ്? മറ്റൊരു നബിവചനം അതു വിശദീകരിക്കുന്നു:

مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلّٰهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ (بخاری، کتاب الصوم)

"വല്ലവനും (നോമ്പുകാരനായിരിക്കെ) കള്ളവാക്കും കള്ളപ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ, അവൻ ഭക്ഷണപാനീയങ്ങൾ വർജ്ജിക്കണമെന്നു അല്ലാഹുവിന്നു യാതൊരാവശ്യവുമില്ല."

മുൻപറഞ്ഞ മൂന്നു ഇഛകൾ നിയന്ത്രിക്കുന്നതിന്റെ ഉദ്ദേശ്യം, വാസ്തവത്തിൽ എല്ലാ ദേഹേഛകളും കടിഞ്ഞാണിടലാണെന്നു ഇതുപോലുള്ള നബിസൂക്തങ്ങൾ തികച്ചും വ്യക്തമാക്കിത്തരുന്നുണ്ട്. അപ്പോൾ വല്ലവനും നോമ്പാകുന്ന അഭ്യാസവും പരിശീലനവും വഴി ശരീരത്തെ നിയന്ത്രിക്കുന്നതിൽ വിജയിക്കാതിരിക്കുകയും, നോമ്പുകാരനായിട്ടും 'നഫ്സി'ന്റെ വികൃതിത്തരങ്ങൾ മുറക്ക് തുടരുകയുമാണെങ്കിൽ, അവൻ നോമ്പിന്റെ ലക്ഷ്യം ഗ്രഹിച്ചിട്ടില്ലെന്നാണതു തെളിയിക്കുന്നത്; അഥവാ ഗ്രഹിച്ചിട്ടുണ്ടെങ്കിൽ അതുൾക്കൊണ്ടിട്ടില്ല. നോമ്പിന്റെ ലക്ഷ്യം ഗ്രഹിച്ചുൾക്കൊള്ളാത്ത മനുഷ്യൻ നോമ്പെടുത്തിട്ടും നോമ്പുകാരനല്ലാതാകുന്നതിൽ അത്ഭുതമില്ല. യഥാർത്ഥത്തിൽ അവനും നോമ്പില്ലാത്തവനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

## 2. തഖ്‌വയുടെ അനിവാര്യ ഉപാധി

മനുഷ്യനിൽ തഖ്‌വകൊണ്ടുദ്ദേശിക്കപ്പെടുന്ന ഗുണവിശേഷം ഉല്പാദിപ്പിക്കുവാൻ നോമ്പ് അനുപേക്ഷ്യമാണെന്നുള്ളതാണ് അതിൻെറ രണ്ടാമത്തെ വലിയ പ്രാധാന്യം. അതായത്, നോമ്പ് തഖ്‌വ ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല, നോമ്പില്ലാതെ ശരിയായ തഖ്‌വ ഉണ്ടാവുകതന്നെയില്ല എന്നതാണ് വാസ്തവം. തീർച്ചയായും തഖ്‌വയെ പരിപോഷിപ്പിക്കുന്ന പലകാര്യങ്ങളുമുണ്ടെന്നിരിക്കിലും നോമ്പ് അതിനു മാത്രമുള്ളതാണ്; മറെറാരു കർമ്മവും അതിൻെറ സ്ഥാനത്ത് നിൽക്കുകയില്ല. മുൻപറഞ്ഞ ആയത്തിലെ, كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ എന്ന വാക്കുകൾ ഈ വാസ്തവം പ്രകാശിപ്പിക്കുന്നുണ്ട്. ചിന്തിച്ചുനോക്കുക: മുസ്ലിംകളുടെമേൽ നോമ്പ് നിർബ്ബന്ധമാക്കപ്പെട്ടതു് അവരിൽ തഖ്‌വാ ഗുണം ഉല്പാദിപ്പിക്കുവാനാണെന്ന് മാത്രമേ ആയത്തിന്നർത്ഥമുള്ളുവെങ്കിൽ പ്രസ്തുത പദങ്ങൾ കൂട്ടിച്ചേർക്കേണ്ട യാതൊരാവശ്യവുമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ആ നിലയ്ക്ക് അതിന്ന് ചരിത്രപരമായ ഒരു സംഭവ വിവരണത്തിൽ കവിഞ്ഞ യാതൊരു പ്രാധാന്യവും ഉണ്ടായിരിക്കുന്നതല്ല. വാസ്തവമാകട്ടെ, 'ഹകീമായ ഖുർആൻ' കേവല ചരിത്രാഖ്യാനമല്ലെന്നും, അതിലുമെത്രയോ സമുന്നതമാണതെന്നും നമുക്കെല്ലാമറിയാവുന്നതാണ്. ദീനിയ്യായ എന്തെങ്കിലുമൊരു താല്പര്യവും ഉദ്ദേശവുമായി ബന്ധപ്പെട്ടുകൊണ്ടല്ലാതെ ഒരു വാക്കെങ്കിലും അതുച്ചരിക്കുകയില്ല. ആകയാൽ ദീനിയ്യായ ഉദ്ദേശ്യതാല്പര്യങ്ങൾ വെച്ചുകൊണ്ടുതന്നെയാണ് പ്രസ്തുത പദങ്ങൾ വദ്ധിപ്പിച്ചിരിക്കുന്നത്. എന്താണ് ആ ഉദ്ദേശം, ആ ദീനിമസ്‌ലഹത്ത്? മറെറാന്നുമല്ല; നോമ്പിൻെറ ആവശ്യോദ്ദേശവും അത് നിർബ്ബന്ധമാണെന്ന കാര്യവും വിവരിക്കുന്നതോടുകൂടി, തഖ്‌വയെസ്സംബന്ധിച്ചേടത്തോളം അത് എത്രമാത്രം അനിവാര്യമാണെന്നും,

തഖ്‌വയുടെ ഉദ്ദിഷ്ടപദവി പ്രാപിക്കുവാൻ അതെത്രകണ്ട് ഒഴിച്ചുകൂടാത്തതാണെന്നും, മററൊരു ഇബാദത്തും നോമ്പിനെപ്പോലെ ഈകാര്യം നിർവ്വഹിക്കുന്നില്ലെന്നും മനസ്സിലാവേണ്ടതുണ്ട്. എല്ലാ ദൈവിക ശരീഅത്തിന്നും നോമ്പ് ഒരു സ്തംഭമായിരുന്നിട്ടുണ്ടെങ്കിൽ അതിന്നു് കാരണം മററൊന്നല്ല. യാതൊരു ശരീഅത്തും അതിൽനിന്നൊഴിവായിട്ടില്ലെങ്കിൽ, അല്ലാഹുവിൻെറ ദീനുമായി, നമസ്കാരത്തിന്നും സകാത്തിന്നുമൊപ്പം, നോമ്പിന്നും ഒരു സ്വാഭാവിക ബന്ധമുണ്ടെന്നാണത് തെളിയിക്കുന്നത്. അതെ, നോമ്പിൻെറ അഭാവത്തിൽ ദീനിൻെറ സംസ്കരണപരമായ ഇബാദത്ത് വ്യവസ്ഥ ഒരു നിലക്കും സമ്പൂർണ്ണമാകുന്നതല്ല.

തഖ്‌വയുടെ ഉദ്ദിഷ്ടചൈതന്യം സംജാതമാക്കുവാൻ നോമ്പ് എന്തുകൊണ്ടാവശ്യമായി? കഴിഞ്ഞ ചർച്ചകൾ ഒന്നുകൂടി വായിച്ചാൽ ഇത് വ്യക്തമാവും. നോമ്പ് മനുഷ്യനിൽ തഖ്‌വയുണ്ടാക്കുന്നതെങ്ങിനെയെന്ന് അവിടെ വിശദീകരിച്ചിട്ടുണ്ട്. 'മനുഷ്യനിൽ ആത്മനിയന്ത്രണം സാധിക്കുവാൻ വളരെ ഫലപ്രദമായ ഉപാധിയും ഏററവും സുഗമമായ മാർഗ്ഗവും നോമ്പാണ്.' 'റിയാ'ഉന്നു' (ജനങ്ങളെ കാണിക്കൽ) തീരെ പ്രവേശനമില്ലാത്ത ഒരേയൊരു ഇബാദത്ത് നോമ്പാണ്''—ഈ രണ്ടു കാര്യങ്ങളും പ്രസ്തുത ചോദ്യത്തിനുത്തരം കാണുവാൻ വളരെയേറെ പര്യാപ്തമാണ്. ഒരു സാധാരണ മനുഷ്യനെസ്സംബന്ധിച്ചിടത്തോളം നോമ്പിൻെറ ആവശ്യകതയുടെ രഹസ്യം, മുഴുവനായല്ലെങ്കിൽ വലിയൊരളവെങ്കിലും, ഇതു വിശദീകരിക്കുന്നുണ്ട്. തൽസംബന്ധമായി മനസ്സിൻെറ മററു കുടുക്കുകൾ അടുത്ത ചർച്ചകൊണ്ട് നീങ്ങുന്നതാണ്.

## 3. തഖ്‌വയെക്കുറിച്ച ഇസ്ലാമിക സങ്കല്പത്തിൻെറ ദർപ്പണം.

നോമ്പ്, ചില പരിഗണനകളാൽ, ഇസ്ലാമിൻെറ സാക്ഷാൽ പ്രകൃതിയുടെ ഏററവും നല്ല വിശദീകരണമാണെന്നുള്ളതാ

ണ്° അതിൻെറ [illegible]ത്തെ പ്രത്യേകത. ദീനിനെ സംബന്ധി ച്ച ഖുർആനിക [illegible]ഭാവനയുടെ സവിശേഷമായ രൂപരേഖ നോമ്പാകുന്ന [illegible]യിൽ ഏറ്റവും നന്നായി തെളിഞ്ഞു കാണാവുന്നതാണ്. എന്നുവെച്ചാൽ, നോമ്പ് മനുഷ്യനെ കർമ്മ പരമായ മാത്ര[illegible] തഖിയാക്കുന്നത്; ചിന്തയിലും വീക്ഷ ണത്തിലും [illegible]മുത്ത[illegible]ക്കുന്നുണ്ട് അതു മനുഷ്യന്നു തഖ്‌വ മാ ത്രമല്ല, തഖ്‌വ [illegible] സമഗ്രവും വസ്തുനിഷ്ഠവുമായ നിർവ്വചന വും നൽകുന്നുണ്ട് [illegible]പറഞ്ഞതിൻെറ തെളിവും വിശദീകരണ വും നബി (സ) [illegible]നിയുടെ വചനങ്ങളിൽ കാണാം:

لا صام من صام الدهر (بخاری، ک[illegible] صوم) (1)

"ആയുഷ്കാലം [illegible] നോമ്പനുഷ്ഠിച്ചവൻ വാസ്തവത്തിൽ നോ മ്പനുഷ്ഠിച്ചിട്ടി[illegible]"

اياكم والوصال (مسلم، كتـ[illegible]ـيام) (2)

"[illegible]ണ്ടോ രണ്ട[illegible]മോ ദി[illegible]സം ഒന്നിച്ച (അത്താഴവും [illegible]നാനുള്ളറയു[illegible] നോ[illegible]പെടുക്കുന്നത[illegible]ന്നെ നിങ്ങളോ തീ [illegible]ര[illegible]ർജ്ജ[illegible]ണ്."

(3 ഒരു [illegible]ഴു കൂടപ്പെട്ടവർ സംഘംചേർന്ന് ഒരാളു ക[illegible] തണ[illegible] കി[illegible]യി [illegible]ബി (സ) കണ്ടു. സംഗതി അ ന്വേഷിച്ചതിൽ [illegible]ൾ നോമ്പുകാരനാണെന്നു നബിക്കുറി [illegible]ബി. [illegible] [illegible]ടുന്നു[illegible]ം ചെയ്തു:

ليس من البر الصوم في السفر (بخا[illegible]، كتاب الصوم)

"[illegible]ത്ര[illegible]ൽ (ജ[illegible] [illegible]ല്ലുരങ്ങ[illegible]സഫിച്ച) നോമ്പനുഷ്ഠിക്കുന്ന [illegible]ന്° [illegible]ണ്യമല്ല

(4) മദീനയ്ക്കുവെളിയിൽ താമസമായിരുന്ന ഒരു സഹാബി ഒരിക്കൽ നബി (സ) യെ സന്ദർശിച്ച്, സ്വദേശത്തേയ്ക്കു് തിരിച്ചുപോയി. ഒരു വർഷംകഴിഞ്ഞു അദ്ദേഹം തിരു സന്നിധിയിൽ വീണ്ടും സന്നിഹിതനായി. ഇത്തവണ അയാളുടെ ദേഹപ്രകൃതി ആകെ മാറിയിരുന്നു. സഹാബി ചോദിച്ചു:

'അല്ലാഹുവിൻെറ റസൂൽ! അങ്ങു് എന്നെ തിരിച്ചറിഞ്ഞില്ലേ?'

നബി: 'താങ്കളാരാണു്?'

സഹാബി: 'കഴിഞ്ഞവർഷം വന്ന ആൾതന്നെയാണു് ഞാൻ'

നബി: 'എന്തുകൊണ്ടാണിങ്ങനെ വല്ലാതെ രൂപഭേദം വന്നിരിയ്ക്കുന്നതു്? എത്ര നല്ല ശരീര പ്രകൃതിയായിരുന്നു താങ്കളുടേതു്?'

സഹാബി: 'തിരുമേനിയുമായി പിരിഞ്ഞതുമുതൽ ഇന്നു് വരെ രാത്രികാലത്തല്ലാതെ ഞാൻ യാതൊരാഹാരവും കഴിച്ചിട്ടില്ല.' (ആണ്ടോടാണ്ടു് തുടർച്ചയായി നോമ്പെടുത്തുവെന്നു് സാരം.)

ഇതുകേട്ടു തിരുമേനി (സ) ഇപ്രകാരം അരുൾചെയ്തു:

لِمَ عَذَّبْتَ نَفْسَكَ (ابو داود، كتاب الصيام)

"താനെന്തിനാണിങ്ങിനെ ദേഹത്തെ പീഡിപ്പിച്ചതു്?"

ഈ തിരുവചനങ്ങളുടെ ദൂരവ്യാപകങ്ങളായ താൽപര്യങ്ങൾ പരിശോധിക്കുന്നതായാൽ നോമ്പ് അതിൻെറതായ ഭാഷയിൽ മതനിഷ്ഠയുടെ വിപ്ലവാത്മകമായ ഒരു വിഭാവനയെ പ്രഖ്യാപനം ചെയ്യുന്നതായി കാണാവുന്നതാണ്. "ഏതൊന്നു എൻെറ ലക്ഷ്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ, ആ തഖ്‌വയുടെ താല്പര്യം ആത്മപീഡനമല്ല, ആത്മസംയമനമാണ്" എന്നു നോമ്പ് ശക്തിയായി പ്രഘോഷണം ചെയ്തുകൊണ്ടിരിക്കുന്നു.

അതായതു്, തഖ്‌വയുണ്ടാക്കുക മാത്രമല്ല നോമ്പ് ചെയ്യുന്നതുള്ളൂ; പൊതുവെ വളരെ അപൂർവ്വമായി മാത്രം അറിയപ്പെട്ട ഒരു പരമാർത്ഥം മനസ്സിലാക്കിത്തരിക കൂടി ചെയ്യുന്നുണ്ട്. 'തഖ്‌വ'യെന്ന പദം കേൾക്കുന്ന മാത്രയിൽ മനസ്സിലുദിക്കുന്ന സങ്കൽപം, മനുഷ്യൻ ശരീരത്തിൻെറ ആവശ്യങ്ങളെ തിരസ്കരിക്കുന്നതിൽ അധികമധികം മുന്നോട്ടുപോവുകയെന്നാണല്ലോ. ഏതൊരുവൻ എത്രകണ്ടു് ഇച്ഛയെ അടിച്ചൊതുക്കുന്നുവോ, അത്രകണ്ടു് തഖ്‌വയുടെ സമുന്നത പദവികളലങ്കരിക്കുന്നു.

وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَى

എന്നു പറഞ്ഞുകൊണ്ടു് ഖുർആൻ തന്നെയും, ദേഹേച്ഛകളിൽനിന്നകന്നു നില്ക്കാതെ ദൈവഭക്തി (തഖ്‌വ) സിദ്ധിക്കുന്നതല്ലെന്നറിയിച്ചിട്ടുള്ളതുമാണ്. പക്ഷേ, ആയത്തിൻെറ ഉദ്ദേശ്യവും താല്പര്യവും ഈ പൊതുധാരണക്കനുസൃതമല്ലെന്നാണ് തിരുമേനി (സ) യുടെ പ്രകൃത വചനങ്ങൾ പ്രഖ്യാപനം ചെയ്യുന്നതും നോമ്പ് സ്വയം തന്നെ വിളംബരപ്പെടുത്തിക്കൊണ്ടിരിക്കുന്നതും. ഇസ്ലാമിൽ തഖ്‌വയുടെ താൽപര്യം തികച്ചും ഭിന്നമായ മറെറാന്നാണ്. ഇസ്ലാം മനുഷ്യനോടാവശ്യപ്പെടുന്ന ജീവിതരീതി – അതു "ബിർറും തഖ്‌വയു" (പുണ്യവും ഭക്തിയു) മായി നിശ്ചയിച്ചിരിക്കുന്ന സംഗതി—മനുഷ്യൻ ശരീരത്തെ ധിക്കാരിയാവാതെ നോക്കുകയെന്നതാണ്; താന്തോന്നിത്തത്തിൽനിന്നു് തട്ടത്തു്, അതിനെ ശരീഅത്തു് വിധികൾക്ക് വിധേയമാക്കി നിറുത്തുകയെന്നതാണ്. അല്ലാതെ അതിനെ നിരന്തരം ക്ലേശങ്ങളേല്പിച്ചു നിർവ്വീര്യമാക്കുകയും, അതിൻെറ നൈസർഗ്ഗികാവശ്യങ്ങൾ ഉന്മൂലനം ചെയ്യുകയും വേണമെന്നല്ല. ആത്മഹനനത്തിൻേറതായ ഈ മതാനുഷ്ഠാന സങ്കല്പം മററുള്ളവരുടെ പക്കൽ എത്രതന്നെ സമുന്നതവും പരിശുദ്ധവുമാണെന്നിരിക്കിലും ഇസ്ലാമിനെസ്സംബന്ധിച്ചിടത്തോളം തീരെ അനുചിതമാണെന്നു തീർച്ച

യാണ്. യഥാർത്ഥ മതനിഷ്ഠയും ശരിയായ ജീവിതക്രമവും അതല്ല. ഇസ്ലാമിന്റെ മതസങ്കൽപമനുസരിച്ച് അത് തപസ്സല്ല, ശരീരത്തെ പീഡിപ്പിക്കലാണ്. ഈ യാഥാർത്ഥ്യത്തെയാണ് നോമ്പ് നിരന്തരം വിളംബരപ്പെടുത്തുന്നത്.

ഇനി ചില നബിവചനങ്ങൾ കൂടി ശ്രദ്ധിക്കുക. തിരുമേനി അരുൾചെയ്യുന്നു:

١) تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً

(مسلم، باب فضل السحور)

"നിങ്ങൾ അത്താഴം കഴിക്കണം; അത്താഴം കഴിക്കലിൽ വലിയ 'ബർക്കത്ത്' ഉണ്ട്."

٢) لَا يَزَالُ النَّاسُ بِخَيْرٍ مَا عَجَّلُوا الْفِطْرَ (ايضا)

"ജനങ്ങൾ നന്മയോടിരിക്കും, നോമ്പുതുറയിൽ ധൃതി കാണിക്കുന്ന കാലത്തോളം."

٣) لَا يَزَالُ الدِّينُ ظَاهِرًا مَا عَجَّلَ النَّاسُ الْفِطْرَ

(ابو داود، كتاب الصيام)

"ദീൻ വിജയിച്ചുകൊണ്ടിരിക്കും, ജനങ്ങൾ നോമ്പു തുറയിൽ ധൃതി കാണിക്കുന്ന കാലത്തോളം."

٤) قَالَ اللهُ عَزَّ وَجَلَّ أَحَبُّ عِبَادِي إِلَيَّ أَعْجَلُهُمْ فِطْرًا

(ترمذى)

"ഉന്നതനും മഹാനുമായ അല്ലാഹു പറഞ്ഞു: എന്റെ അടിമകളിൽ എനിക്കേററവും പ്രിയമുള്ളവർ വേഗം നോമ്പു തുറക്കുന്നവരാണ്."

മുൻഹദീസുകൾ സൂചിപ്പിച്ച സുപ്രധാനവും വിപ്ലവാത്മകവുമായ യാഥാർത്ഥ്യത്തെ ഈ ഹദീസുകൾ കൂടുതൽ പ്രകാശിപ്പിക്കുന്നു; അഥവാ പൂർത്തീകരിക്കുന്നു എന്നു തന്നെ പറയാം. മുൻഹദീസുകളിൽ നോമ്പിന്റെ ഫലമായ തഖ്‌വയുടെ ഉദ്ദേശ്യം ആത്മഹനനമല്ല, ആത്മനിയന്ത്രണമാണെന്നു വ്യക്തമാക്കപ്പെട്ടുവെങ്കിൽ, ഈ ഹദീസുകൾ ആത്മനിയന്ത്രണത്തെ വിശദീകരിക്കുകയാണ് ചെയ്യുന്നത്. അതായത്, ആത്മനിയന്ത്രണത്തിൽ അഭിപ്രായ നിയന്ത്രണവും അഭിരുചി നിയന്ത്രണവും പെടുന്നുണ്ടെന്നു വ്യക്തമാക്കുന്നു. എന്നു വെച്ചാൽ, ശരീരത്തെ ദൈവനിയമങ്ങൾക്കു വിധേയമാക്കുന്നതാവശ്യമായതുപോലെത്തന്നെ, ദൈവനിയമങ്ങളനുഷ്ഠിക്കുന്നതിൽ അവനവന്റെ അഭിപ്രായത്തിനും അഭിരുചിക്കും യാതൊരു സ്വാതന്ത്ര്യവും നല്കരുതെന്നുകൂടി വരുന്നു. ശരീരത്തെ അല്ലാഹുവിന്റെയും റസൂലിന്റെയും നിയമനിർദ്ദേശങ്ങളോട് വിപരീതം ചെയ്യുന്നതിൽനിന്നു വിലക്കുന്നതുകൊണ്ടു മാത്രം തഖ്‌വയുടെ സാക്ഷാൽ പദവി കരസ്ഥമാകുന്നതല്ല; ദൈവപ്രീതി തേടുന്നതിലും മതനിയമങ്ങളനുഷ്ഠിക്കുന്നതിലും സ്വന്തം അഭിപ്രായാഭിരുചികൾക്ക് യാതൊരു പ്രവേശനവും — പ്രത്യക്ഷത്തിലതു ദൈവഭക്തിക്കനുകൂലമെന്നു കണ്ടാൽപോലും — അനുവദിക്കാതിരിക്കേണ്ടതും ആവശ്യമാണ്. മനുഷ്യൻ അല്ലാഹുവിന്നു് ഇബാദത്ത് ചെയ്യുന്നത് — അനുവാദത്തിലും നിരോധത്തിലും എല്ലാംവിധത്തിലും — അല്ലാഹുവിങ്കൽനിന്നു മാർഗ്ഗനിർദ്ദേശം ലഭിച്ചതനുസരിച്ചു തന്നെ ആയിരിക്കേണ്ടതാണ്. മതനിയമങ്ങളനുഷ്ഠിക്കുന്നതിൽനിന്നു മനുഷ്യനെ തടഞ്ഞുകൊണ്ടിരിക്കുന്ന ദേഹേച്ഛകളാകുന്ന മതിൽകെട്ടുകളെ മനുഷ്യൻ തകർക്കേണ്ടിയിരിക്കുന്നതു പോലെ തന്നെ, ആ നിയമാനുഷ്ഠാന

ത്തിൻെറ സമ്പ്രദായങ്ങളും അതിരടയാളങ്ങളും നിർണ്ണയിക്കുന്നതിലും സ്വമനസ്സിൻെറ ബോധനങ്ങൾ അശേഷം ശ്രദ്ധിക്കപ്പെട്ടുകൂടാ. ഇന്ന കാര്യം ഇന്ന വിധത്തിൽ ചെയ്യണമെന്ന് അല്ലാഹുവിൻെറ റസൂൽ ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ അതേ വിധത്തിൽ തന്നെ അതു നിർവ്വഹിക്കണം. ഏതൊരു കാര്യം എത്രവരെ, ഏതു രൂപത്തിൽ വിലക്കിയിട്ടുണ്ടോ, അതു അത്രവരെ, അതേ രൂപത്തിൽ മാത്രം വർജ്ജിക്കേണ്ടതുമാണ്. ഇതാണ് — ഇതുമാത്രമാണ് — അല്ലാഹുവിനുള്ള ഇബാദത്തെന്നും തഖ്‌വയുടെ ജീവിതമെന്നും മനുഷ്യൻ ശരിക്കും ധരിച്ചിരിക്കണം. ഒരു കാര്യം മതനിയമമാണെന്നും അതു ചെയ്യൽ നന്മയും ഇബാദത്തുമാണെന്നും ഉള്ളതിൽ മനസ്സംതൃപ്തി വരുന്നതുപോലെ, അതിൻെറ പരിധിയിലും അളവിലും സ്വന്തമായി യാതൊന്നും — അനുസരണ വികാരത്തോടു കൂടിയാണെങ്കിലും — കൂട്ടിച്ചേർക്കാതിരിക്കലും നന്മയും ഇബാദത്തുമാണെന്നതിലും മനസ്സംതൃപ്തിയുണ്ടാവേണ്ടതാണ്.

ഇച്ഛാനിയന്ത്രണത്തോടൊപ്പം അഭിപ്രായനിയന്ത്രണത്തെയും അഭിരുചി നിയന്ത്രണത്തെയും നോമ്പ് തഖ്‌വയുടെ നിർവ്വചനത്തിൽ പെടുത്തിയിരിയ്ക്കുന്നതെങ്ങിനെയാണ്? ഇതിനൊരു നീണ്ട വിശദീകരണമൊന്നും വേണ്ടതില്ല. നോമ്പ് നിർബ്ബന്ധമാക്കിയതിൻെറ ആവശ്യോദ്ദേശ്യം തഖ്‌വ ലഭിക്കലാണെന്ന വസ്തുത ഒരു വശത്ത്; അത്താഴം കഴിക്കാതെ നോമ്പെടുക്കുന്നതു മൂലം വലിയൊരു 'ബക്കത്ത്' നഷ്ടപ്പെട്ടുപോകുമെന്നും നോമ്പു തുറ പിന്തിക്കുന്നത്, നന്മ നിലച്ചതിൻെറയും ദീനിൻെറ വിജയം അവസാനിച്ചതിൻെറയും അടയാളമാണെന്നുമുള്ള സംഗതി മറുവശത്ത്. ഇതു രണ്ടും കൂട്ടിവെച്ചു പരിശോധിക്കുമ്പോൾ, അത്താഴം കഴിക്കാതിരിക്കുന്നതും നോമ്പു തുറ പിന്തിയ്ക്കുന്നതും തഖ്‌വയുടെ താൽപര്യത്തിന്നു വിപരീതമാണെന്നു വ്യക്തമായി മനസ്സിലാവുന്നതാണ്. അത് രണ്ടുമാണെങ്കിൽ 'നഫ്സി'ന്നു യാതൊരു ആനുകൂല്യവും നല്കുന്ന സംഗതികളല്ലതാനും. എന്ന

ല്ല, അതിൻെറ ധിക്കാരം പോക്കുവാൻ കൂടുതൽ സഹായകവുമാണ്. ആ നിലയ്ക്ക് അവ രണ്ടും പ്രത്യക്ഷത്തിൽ നോമ്പിൻെറ ലക്ഷ്യം—തഖ്‌വ—നേടുന്നതിന്നു അനുകൂലമാണെന്നേ വരികയുള്ളു. പക്ഷെ, യാഥാർത്ഥ്യം മറിച്ചാണെന്നു് അല്ലാഹുവിൻെറ റസൂൽ അരുളിച്ചെയ്യുന്നു. ഇതെന്തുകൊണ്ട്? മറെറാന്നുകൊണ്ടുമല്ല. അത്താഴം വർജ്ജിച്ചും തുറ പിന്തിച്ചും നോമ്പെടുക്കുന്നതിൽ മനുഷ്യൻ സ്വന്തം അഭിപ്രായത്തിന്നും അഭിരുചിക്കും പങ്ക് നല്കുന്നു. എന്തുകൊണ്ടെന്നാൽ: നോമ്പിന്നു് അല്ലാഹു ഒരു ആരംഭവും അവസാനവും നിശ്ചയിച്ചുതന്നിട്ടുണ്ട്. അത്താഴം വർജ്ജിക്കുകയും നോമ്പ്തുറ പിന്തിക്കുകയും ചെയ്യുമ്പോൾ പ്രസ്തുത പരിധികരം പൂർണ്ണമായി ഹൃദയരിക്കപ്പെടുന്നില്ല. അതെ, അവ നോമ്പിൻെറ ആദ്യാവസാനങ്ങളാകുന്നത് മനസ്സിന്നത്ര പത്ഥ്യമായി തോന്നുന്നില്ല; അവയ്ക്ക് നിർണ്ണായക പ്രാധാന്യമുള്ളതായി കരുതുന്നുമില്ല. മറിച്ച്, നോമ്പിന്നു നിശ്ചയിച്ച സമയം പോരെന്നൊരു തോന്നലാണുണ്ടാകുന്നത്; അത് കുറച്ചൊന്നധികരിപ്പിക്കുന്നത് തഖ്‌വയാകുന്ന ലക്ഷ്യസാഫല്യത്തിന്നു കൂടുതൽ സഹായകമായി തോന്നുന്നു. ഇതു സ്വന്തം അഭിപ്രായാഭിരുചികൾക്ക് ഇബാദത്തിൽ പ്രവേശം നല്കലാണെന്നുള്ളതിൽ സംശയമില്ല. അത്താഴമുപേക്ഷിക്കുന്നതും, നോമ്പുതുറ പിന്തിക്കുന്നതും 'ബർക്ക'ത്തിന്നും ഭക്തിക്കും വിരുദ്ധമായിത്തീരാൻ പ്രത്യക്ഷത്തിൽ ഇയ്യൊരു സംഗതിയല്ലാതെ മറെറാരു കാരണവുമില്ല, തീർച്ചതന്നെ. അപ്പോൾ നോമ്പിൻെറ വീക്ഷണത്തിൽ തഖ്‌വയുടെ ശരിയായ അർത്ഥവും ഉദ്ദേശ്യവും കേവലം ഇഛാനിയന്ത്രണമല്ലെന്നും, അഭിപ്രായ നിയന്ത്രണവും അഭിരുചി നിയന്ത്രണവും അതിൽ പെട്ടതുതന്നെയാണെന്നും സമ്മതിക്കേണ്ടിവരുന്നതാണ്. ദേഹേഛകളിന്മേലെന്നപോലെ അഭിപ്രായാഭിരുചികളുടെ സ്വാതന്ത്ര്യത്തിന്മേലും ദൈവനിയമത്തിൻെറ പരിപൂർണ്ണനിയന്ത്രണമുണ്ടാവുകയാണ് ശരിയായ തഖ്‌വയെന്നു നോമ്പ് വ്യക്തമാക്കിത്തരുന്നു.*

---

* യഥാർത്ഥ തഖ്‌വയുടേതായ ഈ വിഭാവനവും ഉപര്യുക്ത തിരുവചനങ്ങളും സാധാരണ മനസ്സുകൾക്ക് ആശ്ചര്യകരമായിത്തോന്നാം. എ

നോമ്പിൻെറ ഇത്തരം നിസ്തുലമായ പ്രാധാന്യങ്ങൾ പരിഗണിയ്ക്കുമ്പോൾ, എന്തുകൊണ്ടാണത് ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നായതെന്നും, എന്തുകൊണ്ടാണതിൻെറ അഭാവത്തിൽ മതസൗധത്തിൻെറ നിർമ്മാണം സാധ്യമാവാത്തതെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

---

നാൽആശ്ചര്യകരമായ ഈ വസ്തുതയാണ് സത്യമതത്തെ ഇതര മതങ്ങളിൽനിന്ന് വേർതിരിച്ചു നിറുത്തുന്ന സവിശേഷത. മതത്തെക്കുറിച്ച ആ പൊതു ധാരണയെ മുമ്പിൽ വെച്ചുകൊണ്ടുതന്നെയാണ് ഇസ്ലാമിക പ്രവാചകൻ പ്രസ്തുത നിർദ്ദേശങ്ങൾ നല്കിയതും. ആ നിർദ്ദേശങ്ങൾ നല്കുമ്പോൾ അന്ത്യപ്രവാചകൻെറ മുമ്പിൽ പൂർവ്വ സമുദായങ്ങളുടെ ചരിത്രമുണ്ടായിരുന്നു; മതങ്ങൾ മാററിമറിക്കപ്പെട്ട അനുഭവമുണ്ടായിരുന്നു; തപശ്ചര്യയുടെയും സന്യാസത്തിൻെറയും തത്വശാസ്ത്രമുണ്ടായിരുന്നു. ആത്മപൂജകർ മാത്രമല്ല മതത്തെ താറുമാറാക്കുന്നതെന്നും, ശുദ്ധാത്മാക്കളുടെ അതിരുകവിച്ചിലും തീവ്രതയും മതത്തിൻെറ രൂപവും സ്വഭാവവും മാററിമറിക്കാൻ കാരണമാവുന്നുവെന്നും, ഈ അതിരുകവിച്ചിലിന് ഏററവുമധികം ഇരയാവുന്ന ആരാധന വ്രതമാണെന്നും അവിടുത്തേക്കറിയാമായിരുന്നു. വ്രതത്തിന് ജനങ്ങൾ നിരന്തര പട്ടിണിയുടേതായ ഒരു രൂപം നല്കി—അതും പട്ടിണി എത്ര നീളുന്നുവോ അത്രയും വ്രതത്തിൻെറ ലക്ഷ്യങ്ങൾ പൂർണ്ണമായി നിറവേറുമെന്ന വിശ്വാസത്തോടെ. ഈ ചിന്താഗതി പുരോഗമിച്ച് തപശ്ചര്യയും സന്യാസവുമാണ് മതനിഷ്ഠയുടെ പൂർണ്ണതയെന്ന നില വന്നു. ഈ പശ്ചാത്തലം മുമ്പിൽ വച്ചുകൊണ്ട് ജനങ്ങളെ അതേപ്പററി നന്നായി ബോധവാന്മാരാക്കേണ്ടതു് അനിവാര്യമാണെന്നു് റസൂൽ കരീം (സ) മനസ്സിലാക്കി. ഇതിന്, ദൈവികമതത്തെ എന്നും അഭിമുഖീകരിച്ചതും അതിനെ താറുമാറാക്കിയതുമായ ആപത്തുകളിൽനിന്ന് ഇസ്ലാമിനെ സുരക്ഷിതമായി നിലനിത്താനുള്ള മാർഗ്ഗം നിർദ്ദേശിക്കുകയും ശരീരപീഡനം, സന്യാസം, സുഖഭോഗ വിരക്തി ആദിയായ ആകർഷക വിഭാവനകളുടെ അഭയ സങ്കേതമാവുന്നതിൽ നിന്നു് വ്രതത്തെ കർശനമായി തടയുകയും വേണം. അതിനാൽ, താഴെ പറയുന്ന സംഗതികൾ തിരുമേനി (സ) അവക്ക് നന്നായി ബോധ്യപ്പെടുത്തിക്കൊടുത്തു: നോമ്പിന് അല്ലാഹു നിശ്ചയിച്ചു തന്ന ആരംഭവും അവസാനവും തന്നെ പ്രയോഗത്തിലും പാലിക്കപ്പെടണം. അതിൽ സ്വന്തം നിലക്ക് അല്പവും ഭേദഗതി വരു

# ചില പ്രത്യേക ഫലങ്ങൾ

നോമ്പ് മനുഷ്യനെ തഖ്‌വയുടെ യഥാൎത്ഥ ചൈതന്യം കൊണ്ടനുഗ്രഹിക്കുന്നുവെന്നറിഞ്ഞു കഴിഞ്ഞാൽ, കൂടുതലൊന്നും അറിയാനില്ലെന്നതാണ് പരമാൎത്ഥം. എന്തുകൊണ്ടെന്നാൽ, ഒരുവനിൽ തഖ്‌വയുടെ വെളിച്ചം ജ്വലിച്ചുകഴിഞ്ഞാൽ അവനിൽനിന്നു് അല്ലാഹുവും റസൂലും ആഗ്രഹിച്ചതുമാത്രമേ പ്രകട

---

ത്താൻ പാടില്ല. അല്ലാത്തപക്ഷം, 'ഞങ്ങളീ ചെയ്യുന്നത് അല്ലാഹുവിനു വേണ്ടിയാണെന്നും അത് മുഖേന, കൂടുതൽ പുണ്യം ലഭിക്കു'മെന്നുമുള്ള ശുഭാപ്തിവിശ്വാസത്തിൽ നിങ്ങളകപ്പെട്ടും. യാഥാൎത്ഥ്യം മറിച്ചായിരിക്കും താനും. എന്തുകൊണ്ടെന്നാൽ, നിങ്ങൾ ചെയ്യുന്നത് പ്രത്യക്ഷത്തിൽ പുണ്യകൎമ്മമാണെങ്കിലും, ഉദ്ദേശം പരിഗണിക്കുമ്പോൾ അത് അല്ലാഹുവിനു വേണ്ടിയുള്ളത് തന്നെയാണെങ്കിലും മതത്തിന്റെ മൗലിക സ്വഭാവവും അടിമത്തത്തിന്റെ യഥാൎത്ഥ വിഭാവനയും അതോടൊപ്പം അവശേഷിക്കുകയില്ല. അങ്ങനെ വരുന്നത് അപരിഹാൎയ്യമായ ഒരു നഷ്ടമായിരിക്കും. ദൈവിക ദീനിന്റെ പതാക വാഹകരായ സമുദായത്തിന്നു്, തങ്ങളുടെ ലക്ഷ്യത്തെയും മാൎഗ്ഗത്തെയും കുറിച്ച് വ്യക്തമായ ബോധമില്ലെങ്കിൽ അവരെങ്ങിനെ തങ്ങളുടെ കൎത്തവ്യം യഥാവിധി നിൎവ്വഹിക്കും? ദീനിന്റെ ഈ അതിപ്രധാനമായ താല്പൎയ്യം പരിഗണിക്കുമ്പോൾ പ്രത്യക്ഷത്തിൽ നിസ്സാരമെന്നു് തോന്നുന്ന അത്താഴത്തിന്റെയും നോമ്പ് തുറയുടെയും പ്രശ്നം വളരെ പ്രധാനമായ ഒരു പ്രശ്നമാണ്. യഥാൎത്ഥത്തിൽ മതത്തിന്റെ ശരിയായ വിഭാവനം നിലനിൎത്തുന്നതിന്റെ പ്രശ്നമാണിത്. അത്താഴത്തേയും നോമ്പുതുറയേയും സംബന്ധിച്ച പ്രസ്തുത നിൎദ്ദേശങ്ങൾ അനുസരിക്കുകയെന്നത് ദീനിന്റെ സാക്ഷാൽ പ്രകൃതി സുരക്ഷിതമായി നിലനിൎത്തുന്നതിനുള്ള അനിവാൎയ്യ ഉപാധിയത്രെ. ആ നിൎദ്ദേശങ്ങൾ പുറം തള്ളുകയെന്നാൽ ആ സാക്ഷാൽ പ്രകൃതി അലങ്കോലപ്പെടുത്തുവാനുള്ള വാതിൽ തുറന്നുകൊടുക്കുകയെന്നാണൎത്ഥം. ഇങ്ങനെ മതത്തിന്റെ പ്രകൃതിയും വിഭാവനയും മാറി, ഭാഗികമായെങ്കിലും അത് സന്യാസത്തിന്റെ രൂപം കൈക്കൊള്ളുന്ന പക്ഷം, ദീൻ 'വിജയ'ത്തിലും സമുദായം 'നന്മ'യിലും നിലകൊള്ളുക എന്ന പ്രശ്നമേ അവശേഷിക്കുകയില്ല.

മാവുകയുള്ളു. ദീനിന്റെ എല്ലാം അവശ്യഗുണങ്ങളും ഉൾച്ചേർന്നിട്ടുണ്ട്, തഖ്‌വയിൽ. എന്നിരുന്നാലും നോമ്പിന്ന് വളരെ പ്രകടമായ വേറെ ചില ഗുണവിശേഷങ്ങളുണ്ട്; നോമ്പിന്റെ സ്ഥാനവും മാഹാത്മ്യവും വേണ്ടുവോളം മനസ്സിലാക്കാൻ സാധിക്കുന്നതിന്ന് അവയിലേക്കും ഒന്നു കണ്ണോടിക്കുന്നതു നന്നായിരിക്കും:

1) നോമ്പ് അല്ലാഹുവിന്റെ 'ഹാകിമിയ്യത്ത്' (അധീശത്വം) എന്ന ഗുണത്തിലുള്ള വിശ്വാസത്തെ ദൃഢവിശ്വാസമാക്കി മാററുന്നു. നോക്കുക! ഇതാ, അത്താഴനേരം ആയിക്കഴിഞ്ഞു. എഴുന്നേററു അത്താഴം കഴിക്കുക. പൂർവ്വ ചക്രവാളത്തിൽ പ്രഭാതത്തിന്റെ വെള്ളിരേഖ ദൃശ്യമായി. അന്നപാനങ്ങളെല്ലാം വർജ്ജിക്കുക. ഇനി സന്ധ്യവരെ, ശുദ്ധവും രുചികരവുമായ വിഭവങ്ങളെല്ലാമുണ്ടായിരുന്നിട്ടും, വിശന്നും ദാഹിച്ചും കഴിഞ്ഞുകൊള്ളുക. ഇതാ, സൂര്യൻ അസ്തമിച്ചു. വ്രതം അവസാനിപ്പിക്കുക. വല്ലതുമൊക്കെ തിന്നുകയും കുടിക്കുകയും ചെയ്യുക. കല്പനയുടെയും അനുസരണത്തിന്റെയും, യജമാനത്വത്തിന്റെയും അടിമത്തത്തിന്റെയുമായ ഈ അസാധാരണ പ്രതിഭാസത്തിനു ശരീഅത്തിൽ മറെറാരു കർമ്മത്തിലും ഉദാഹരണം കണ്ടെത്തുക പ്രയാസം. തീർച്ചയായും അല്ലാഹു സർവ്വാധിനാഥനാണെന്ന വസ്തുതയെ ഒരു കാണപ്പെടുന്ന യാഥാർത്ഥ്യമാക്കുന്നുണ്ട് ഈ സ്ഥിതിവിശേഷമെന്നു പറയാം.

2) നോമ്പ് ഇസ്ലാമിക സമൂഹത്തിൽ ദീനാനുകമ്പയുടെയും സഹാനുഭൂതിയുടെയും അലയടി സൃഷ്ടിക്കുന്നു. അതു ധനികന്മാൎക്കു തുടർച്ചയായി ഒരു മാസക്കാലം നിർദ്ധനാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും പ്രായോഗികപരിശീലനം നല്കുന്നു. അവശതയും ഞെരുക്കവും എന്താണെന്നും, പട്ടിണിപ്പാവങ്ങളുടെ ജീവിതരീതി എന്താണെന്നും അതവരെ മുപ്പതു പ്രാവശ്യമെങ്കിലും ഉണർത്തിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രായോഗിക

പരിശീലനം അവരിൽ സ്വാഭാവികമായും, തങ്ങളുടെ അവശസഹോദരങ്ങളെ അതേ നിലക്കുപേക്ഷിക്കരുതെന്ന ബോധം വളർത്തുവാൻ പര്യാപ്തമാണ്. അങ്ങിനെ അവരിൽ ദീനാനുകമ്പയും, ദൈവമാർഗ്ഗത്തിൽ ധനം ചിലവഴിക്കാനുള്ള വികാരവും നോമ്പിനാൽ ക്രമപ്രവൃദ്ധമായി വളരുന്നു. ഇതുകൊണ്ടുതന്നെയാണ് റമസാൻ മാസത്തെക്കുറിച്ച് നബി(സ) شَهْرُ الْمُوَاسَاةِ (സഹാനുഭൂതിയുടെ മാസം) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. (മിശ്കാത്ത്, കിതാബുസ്സൗം) ഈ മാസത്തിൽ നബി(സ), "ബന്ധനസ്ഥരായ ആരെയും ബന്ധനത്തിൽ വെച്ചിരുന്നില്ല; ചോദിക്കുന്ന ആരേയും വെറുംകയ്യോടെ മടക്കിയിരുന്നില്ല."

وَإِذَا دَخَلَ شَهْرُ رَمَضَانَ أَطْلَقَ كُلَّ أَسِيرٍ وَأَعْطَى كُلَّ سَائِلٍ

(مشكوة، كتاب الصوم)

"തിരുമേനി (സ) ഏററവും വലിയ ഉദാരമതിയായിരുന്നെങ്കിലും റമസാൻമാസത്തിൽ അവിടുത്തെ ഔദാര്യം അസാധാരണവും അഭൂതപൂർവ്വവുമായിരുന്നു"വെന്നു ഇബ്നു അബ്ബാസ് (റ) റിവായത്ത് ചെയ്യുന്നു:

كَانَ النَّبِيُّ صلى الله عليه وسلم أَجْوَدَ النَّاسِ بِالْخَيْرِ وَكَانَ أَجْوَدَ مَا يَكُونُ فِي رَمَضَانَ (بخارى، كتاب الصوم)

3) നോമ്പ് സമഭാവനയെ ശക്തിപ്പെടുത്തുന്നു. ഈ മാസത്തിൽ ധനികനും ദരിദ്രനും, ഭരണാധിപനും ഭരണീയനും, നേതാവും നീതനും, എന്നുവേണ്ട സമുദായത്തിലെ എല്ലാം വ്യക്തികളും പ്രകടമാംവിധം ഒരേ അവസ്ഥയിലായിത്തീരുന്നു.

അടിമത്തത്തിൻെറ തുല്യമേഖലയിലാണ് എല്ലാവരും നില്ക്കുന്നത്. ഒരേ സർവ്വാധിനാഥനുള്ള കീഴ്‌വണക്കത്തെ, തുല്യമായ കീഴ്‌വണക്കത്തെ എല്ലാവരുടെയും മുഖങ്ങൾ പ്രഖ്യാപനം ചെയ്യുന്നു. അവരിൽനിന്ന് ഉച്ചനീചത്വഭാവങ്ങൾ ഉച്ചാടനം ചെയ്യുകയും, അന്തരീക്ഷമാസകലം യഥാൎത്ഥ സമത്വ വർണ്ണംകൊണ്ടലങ്കരിക്കുകയും ചെയ്യുന്ന ഒരു സുന്ദരസ്ഥിതിവിശേഷമാണിത്.

4) നോമ്പ് മനുഷ്യനെ സത്യമാൎഗ്ഗത്തിൽ സമരസന്നദ്ധനാക്കുന്നു. 'ജിഹാദി'ൽ അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിച്ചു കഠിനാദ്ധ്വാനം ചെയ്ത് ക്ലേശിക്കേണ്ടിവരും; ധനവും ജീവനും ബലിയൎപ്പിക്കേണ്ടിവരും. ക്ഷമാശീലനും സഹനശക്തനും കഷ്ടനഷ്ടങ്ങൾ സഹിക്കാൻ കഴിവുററ ത്യാഗസന്നദ്ധനും മാത്രമേ ഇത്ര വലിയൊരു സംരംഭത്തിന്നു ധൈര്യപ്പെട്ടിറങ്ങുകയുള്ളു. ഈ സഹനശക്തിയുണ്ടാക്കുവാനും ക്ലേശങ്ങളിൽ പരിചയം നേടുവാനും ഏററവും പററിയ ഉപാധി നോമ്പാണ് ഇക്കാരണത്താൽതന്നെയാണ്, നബി (സ) റമസാൻ മാസത്തെ شَهْرُ الصَّبْرِ (ക്ഷമയുടെ മാസം) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. (മിശ്കാത്, കിതാബുസ്സൗം) 'ക്ഷമയുടെ പാതി'യെന്നും നോമ്പിനെ നബി (സ) വിശേഷിപ്പിച്ചിരിക്കുന്നു.

5) നിർബ്ബന്ധവ്രതാനുഷ്ഠാനത്തിനു നിർദ്ദേശിച്ച സമ്പ്രദായം സമുദായത്തിൻെറ ഐക്യബോധത്തെ പ്രകാശിപ്പിക്കുകയും, മുസ്ലിംകളെല്ലാം ഒരു ലക്ഷ്യത്തിൻെറ പതാകവാഹകരാണെന്ന ബോധം ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. എല്ലാവരും ഒരേ മാസം (റമസാൻ) നോമ്പനുഷ്ഠിക്കണമെന്നാണ് കല്പന; പ്രഭാതോദയത്തിനല്പം മുമ്പ് അത്തായം കഴിക്കണമെന്നും, സൂര്യനസ്തമിച്ചാലുടൻ നോമ്പു തുറക്കണമെന്നുമാണ് നിർദ്ദേശം. എല്ലാവരും ഒരു നിശ്ചിത മാസത്തിൽ ഒന്നിച്ചു നോമ്പെടുക്കുന്നു; എത്രാ

ണ്ടാരേ സമയത്ത് അത്താഴം കഴിയ്ക്കുന്നു; ഒരേ സമയത്ത് നോമ്പ് തുറക്കുന്നു. ഒരു സംഘടനയിലെ അംഗങ്ങളിൽ, ഒരേ ലക്ഷ്യത്തിന്റെ വാഹകരും ഒരേ പ്രസ്ഥാനത്തിന്റെ സന്നദ്ധ ഭടന്മാരുമെന്ന ബോധമുളവാക്കാൻ എത്രമേൽ യുക്തവും നിസ്തുലവുമായ ഉപാധിയാണിതെന്നോർത്തു നോക്കു!

## ലക്ഷ്യ സാഫല്യത്തിന്നുള്ള ഉപാധികൾ

മറ്റെല്ലാ ആരാധനാ കർമ്മങ്ങളുടെയുമെന്നപോലെ നോമ്പിന്റെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ സഫലമാകുവാൻ ചുവടെ കൊടുത്ത ഉപാധികൾ പൂർത്തീകരിയ്ക്കപ്പെടേണ്ടതാണ്:

1) ആവശ്യമായ മുറകളും മര്യാദകളും ദീക്ഷിച്ചുകൊണ്ട് നിർവ്വഹിക്കണം; ഉദ്ദേശശുദ്ധി വേണം; അല്ലാഹു യജമാനനും താൻ അടിമയുമാണെന്ന ബോധം ഹൃദയത്തിൽ അടിയുറച്ചിരിക്കണം; യജമാനനുള്ള കീഴ്‌വണക്ക വികാരം നിറഞ്ഞൊഴുകണം; അല്ലാഹുവിന്റെ പ്രീതിയും പരലോകമോക്ഷവും മാത്രം ആശിക്കണം. ചുരുക്കത്തിൽ, റസൂൽ തിരുമേനി (സ)യുടെ വാക്കുകളിൽ, നോമ്പ് 'ഈമാനോ'ടും 'ഇഹ്തിസാബോ'ടും കൂടി അനുഷ്ഠിച്ചിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ 'ഹാകിമിയ്യത്തും' യജമാനത്വവും മനസ്സിൽ രൂഢമൂലമായിട്ടില്ലെങ്കിൽ, പരലോകത്തിലെ പ്രതിഫലം ആശിക്കപ്പെടുന്നില്ലെങ്കിൽ പിന്നെ നോമ്പ് നോമ്പല്ല; പട്ടിണി മാത്രമാണ്! ഇസ്ലാമികസൗധത്തിന്റെ ഒരു മഹാസ്തംഭം നിർമ്മിച്ചുയരുകയാണെന്നു, കാഴ്ചക്കാർക്ക് തോന്നിയേക്കാമെങ്കിലും വാസ്തവത്തിൽ നിർമ്മാണമെന്ന യാതൊന്നും അവിടെ നടക്കുന്നില്ല.

2) നിർബ്ബന്ധ നോമ്പുകൾകൊണ്ട് മതിയാക്കാതെ സുന്നത്തു നോമ്പുകളും അനുഷ്ഠിക്കണം. ഏതൊന്നിനുവേണ്ടി നോമ്പ്

നിബ്ബന്ധമാക്കപ്പെട്ടിരിക്കുന്നുവോ ആ ലക്ഷ്യം അപ്പപ്പോഴായി ഓർത്തുകൊണ്ടിരിക്കുവാനും, റമസാനു പിന്നീടുള്ള മാസങ്ങളിലും ആത്മപരിശീലനത്തിനുള്ള ഈ ഫലപ്രദമായ ഉപാധി കുറെയൊക്കെ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുവാനും ഇതാവശ്യമാണ്. സുന്നത്തുനോമ്പുകൾ എത്രയെന്നും ഏതെല്ലാം ദിവസങ്ങളിലെന്നും മററും ഹദീസ് ഗ്രന്ഥങ്ങളിൽ വേണ്ടുവോളം വിശദീകരിച്ചിട്ടുണ്ട്. ഓരോ ആൾക്കും അവനവൻെറ കഴിവും സ്ഥിതിയുമനുസരിച്ച് അവയിൽനിന്നു് സ്വയം തെരഞ്ഞെടുത്ത് അനുഷ്ഠിക്കാവുന്നതാണ്.

# ഹജ്ജ്

ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒടുവിലത്തേത് ഹജ്ജാണ്. 'ഹജ്ജ്'' എന്ന പദത്തിന്റെ ഭാഷാർത്ഥം 'സന്ദർശനത്തിനുദ്ദേശിക്കുക' യെന്നാകുന്നു. ഹജ്ജിൽ കഅബഃ സന്ദർശിക്കുകയെന്ന ഉദ്ദേശമുള്ളതിനാലാണ് പ്രസ്തുത ആരാധനയ്ക്ക് ഹജ്ജ് എന്ന് പ്രയുക്തമായിരിക്കുന്നത്.

## ഹജ്ജിന്റെ സ്ഥാനം

മക്കയിൽ പോയി വരാൻ കഴിവുള്ള, പ്രായപൂർത്തി വന്ന ഓരോ മുസ്ലിമിന്നും ജീവിതത്തിൽ ഒരു തവണ ഹജ്ജ് കർമ്മം 'ഫർസ്'' ആകുന്നു. കഴിവുണ്ടായിട്ടും ഒരാൾ ഹജ്ജ് ചെയ്യാതിരിക്കുകയാണെങ്കിൽ അതുമൂലം തന്റെ മുസ്ലീം എന്ന നിലപാടിനെ തന്നെ അയാൾ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഖുർആൻ പറയുന്നു:

وَلِلّٰهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا، وَمَنْ كَفَرَ فَإِنَّ اللّٰهَ غَنِيٌّ عَنِ الْعَالَمِينَ (آل عمران)

"ആ മന്ദിര (കഅബഃ)ത്തിൽ ചെന്നു ഹജ്ജ് ചെയ്യൽ, അവിടെ പോകാൻ കഴിവുള്ള മനുഷ്യർക്കെല്ലാം അല്ലാഹുവിനോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവനും നിഷേധമാർഗ്ഗം കൈക്കൊണ്ടാൽ (അവൻ മനസ്സിലാക്കിക്കൊള്ളട്ടെ,) അല്ലാഹു ലോകരോട് ആശ്രയമില്ലാത്തവനാണെന്നു്."

നബി (സ) അരുളം ചെയ്യുന്നു:

مَنْ لَمْ يَحْبِسْهُ مَرَضٌ أَوْ حَاجَةٌ ظَاهِرَةٌ أَوْ سُلْطَانٌ جَائِرٌ وَلَمْ يَحُجَّ فَلْيَمُتْ إِنْ شَاءَ يَهُودِيًّا أَوْ نَصْرَانِيًّا (سنن كبرى، جلد ٢ باب ١ مكان الحج)

(രോഗമോ, പ്രകടമായ തിട്ടക്കമോ, അക്രമിയായ ഭരണാധികാരിയോ തടഞ്ഞുവെക്കാത്ത ഒരാൾ ഹജ്ജ് ചെയ്തില്ലെങ്കിൽ അവൻ ജൂതനോ, ക്രിസ്ത്യനോ ആയി മരണമടഞ്ഞുകൊള്ളട്ടെ.)

ഹ: ഉമർ (റ) പറയുന്നു:

لِيَمُتْ يَهُودِيًّا أَوْ نَصْرَانِيًّا، يَقُولُهَا ثَلَاثَ مَرَّاتٍ، رَجُلٌ مَاتَ وَلَمْ يَحُجَّ وَوَجَدَ لِذٰلِكَ سَعَةً وَخُلِّيَتْ سَبِيلُهُ

(سنن كبرى)

"സാമ്പത്തിക കഴിവും സുരക്ഷിതത്വമുള്ള മാർഗ്ഗവും ഉണ്ടായിരുന്നിട്ടും ഹജ്ജ് കർമ്മം നിർവ്വഹിക്കാതെ മരിക്കുന്ന ആരും ജൂതനോ, കൃസ്ത്യനോ ആയി മരണമടഞ്ഞുകൊള്ളട്ടെ." (ഈ വാക്കുകൾ അദ്ദേഹം മൂന്നു പ്രാവശ്യം ആവർത്തിച്ചു.)

ഇതിന്നു വിപരീതമായി ഹജ്ജ് യഥാവിധി നിർവ്വഹിക്കുന്നവന്റെ പ്രതിഫലം വിവരണാതീതമാണ്. അവന്നു വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലത്തേക്കാൾ കവിഞ്ഞു യാതൊന്നും കാംക്ഷിക്കുവാനില്ല തന്നെ. നബി തിരുമേനി (സ) പ്രസ്താവിക്കുന്നു:

اَلْحَجُّ الْمَبْرُورُ لَيْسَ لَهُ جَزَاءٌ اِلَّا الْجَنَّةُ (مسلم)

"സ്വീകാര്യമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗ്ഗമല്ലാതെ മറ്റൊന്നുമല്ല."

مَنْ حَجَّ هٰذَا الْبَيْتَ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَمَا وَلَدَتْهُ اُمُّهُ (بخاری)

"ഒരാൾ ഈ മന്ദിരത്തിൽ വന്നു ഹജ്ജ് ചെയ്യുകയും അശ്ലീല വൃത്തികളിലും അധർമ്മ ചെയ്തികളിലും ഏർപ്പെടാതിരിക്കുകയും ചെയ്താൽ മാതാവ് തന്നെ പ്രസവിച്ചതുപോലെ (നിർദ്ദോഷിയായി) അയാൾ മടങ്ങുന്നതാണ്."

എന്തുകൊണ്ട് അല്ലാഹുവും റസൂലും ഹജ്ജിന്നു ഇത്ര വമ്പിച്ച പ്രാധാന്യം കല്പിച്ചു? അതു കൂടാതെ മുസ്ലിം എന്ന വാദം എന്തുകൊണ്ട് സ്വീകാര്യമല്ല? അതു എന്തുകൊണ്ട്, എങ്ങിനെ സ്വർഗ്ഗത്തിന്റെ വാഗ്ദാനമായി? ഇത് ഗ്രഹിക്കുന്നതിന്നു് ഹജ്ജ് എന്താണെന്നും, ദീനിന്റെ ആത്മാവും ഹജ്ജുമായി എന്തുബന്ധമാണുള്ളതെന്നും, ഇസ്ലാമിക മനോഭാവവും സ്വഭാവ ചര്യകളും

കെട്ടിപ്പടുക്കുന്നതിൽ അത് എന്തുമാത്രം പങ്കുവഹിക്കുന്നുവെന്നും, ഇബാദത്തിന്നായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ അവൻെറ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ അത് എങ്ങിനെ പ്രാപ്തനാക്കുന്നുവെന്നും നാം പരിശോധിക്കേണ്ടതുണ്ട്. രണ്ടു വസ്തുതകളിലൂടെ നമുക്കീ കാര്യങ്ങൾ ഗ്രഹിക്കാം. ഒന്നു, നാം ഹജ്ജ് ചെയ്യുന്ന കഅബഃ എന്താണ്, എന്തിന്നു നിർമ്മിക്കപ്പെട്ടു? ഇസ്ലാമും അതും തമ്മിലുള്ള ബന്ധമെന്ത്? രണ്ട്, ഹജ്ജിൽ എന്തൊക്കെ ചടങ്ങുകളാണ് നിർവ്വഹിക്കപ്പെടുന്നത്? അവയ്ക്ക് പിന്നിലുള്ള വിചാരവനകൾ എന്തെല്ലാമാണ്?

## കഅബഃ
## നിർമ്മാണവും നിലപാടും

ആദ്യമായി കഅബഃയുടെ നിർമ്മാണവും അതിൻെറ നിലപാടും പരിശോധിച്ചുനോക്കാം: ഉദ്ദേശം 4500 വർഷം മുമ്പ് ഹഃ ഇബ്രാഹീമും (അ) ഹഃ ഇസ്മാഈലും (അ) കൂടി നിർമ്മിച്ചതാണ് കഅബഃ.

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ

(البقرة)

"ഇബ്രാഹീമും, ഇസ്മാഈലും ദൈവമന്ദിരത്തിൻെറ അസ്തിവാരങ്ങൾ കെട്ടിയുയർത്തുന്ന സന്ദർഭം ഓർക്കുക."

കഅബഃ നിർമ്മിക്കുവാനുള്ള കല്പന നല്കിയതും സ്ഥലനിർണ്ണയം ചെയ്തതും അല്ലാഹുവാകുന്നു.

وَإِذْ بَوَّأْنَا لِإِبْرَاهِيمَ مَكَانَ الْبَيْتِ (الحج)

"ഇബ്രാഹീമിന്നു നാം ദൈവമന്ദിരത്തിൻെറ സ്ഥലം സൌകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം സ്മരിക്കുക."

കഅബാ നിർമ്മാണം പൂർത്തിയായാൽ അവിടെ ചെന്നു ഹജ്ജ് ചെയ്യൽ നിർബ്ബന്ധമാണെന്നു പ്രഖ്യാപിക്കുവാൻ ഇബ്രാഹീം (അ) മിനോട് അല്ലാഹു കൽപിച്ചു:

وَأَذِّنْ فِي النَّاسِ بِالْحَجِّ (الحج)

"ഹജ്ജ് കർമ്മത്തെക്കുറിച്ച് മനുഷ്യർക്കിടയിൽ വിളംബരം ചെയ്യുക."

ആ ഭവനത്തിൻെറ ഉദ്ദേശ്യത്തെയും നിലപാടിനെയും വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പ്രഖ്യാപിച്ചു:

وَإِذْ جَعَلْنَا الْبَيْتَ مَثَابَةً لِلنَّاسِ وَأَمْنًا وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى (البقرة).

"ആ മന്ദിരത്തെ (കഅബയെ) നാം ജനങ്ങൾക്ക് സമ്മേളന കേന്ദ്രവും അഭയ സങ്കേതവുമാക്കിയ സന്ദർഭം ഓർക്കുക. (എന്നിട്ട് നാം കൽപിച്ചു:) ഇബ്രാഹീം നിന്ന സ്ഥാനത്തെ നിങ്ങൾ നമസ്കാരസ്ഥലമായി സ്വീകരിക്കുക."

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِلْعَالَمِينَ (آل عمران)

"ജനങ്ങൾക്ക് (ആരാധനാ കേന്ദ്രമായി) സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ മന്ദിരം മക്കയിലുള്ളത് തന്നെയാണ്. അതു അനുഗ്രഹീതവും മാനവലോകത്തിന്നു മാർഗ്ഗദർശന (കേന്ദ്ര)വുമാകുന്നു."

وَإِذْ بَوَّأْنَا لِإِبْرَاهِيمَ مَكَانَ الْبَيْتِ أَلَّا تُشْرِكْ بِي شَيْئًا وَطَهِّرْ بَيْتِيَ لِلطَّائِفِينَ وَالْقَائِمِينَ وَالرُّكَّعِ السُّجُودِ (الحج)

"ഇബ്രാഹീമിന്നു് നാം കഅബയുടെ സ്ഥലം സൗകര്യപ്പെടുത്തി ക്കൊടുത്ത സന്ദർഭം ഓക്കുക. (അപ്പോഠം അദ്ദേഹത്തോടു നാം കല്പിച്ചു:) യാതൊന്നിനെയും എനിക്കു് പങ്കാളിയാക്കരുതു്. പ്രദക്ഷിണംചെയ്യുന്നവക്കും, നിന്നും തലകുനിച്ചും സാഷ്ടാംഗം ചെയ്തും ആരാധിക്കുന്നവക്കും വേണ്ടി എന്റെ മന്ദിരത്തെ (ശിക്കിന്റെ സങ്കലനത്തിൽ നിന്നു്) പരിശുദ്ധമാക്കി വെക്കുക."

ഇത്രയും പ്രസ്താവിച്ചതിന്റെ പൊരുഠം ഇതാണു്: കഅബഃ പുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കേന്ദ്രമാണു്; സന്മാഗ്ഗത്തിന്റെ ഉറവിടമാണു്; അല്ലാഹുവിനെ ആരാധിക്കുന്നവരുടെ സമ്മേളന കേന്ദ്രമാണു്; നമസ്കാരം നിർവ്വഹിക്കപ്പെടാനുള്ള സാക്ഷാൽ സ്ഥലമാണു്; * കലപ്പില്ലാത്ത തൌഹീദിന്റെ ആസ്ഥാനമാണു്. ഈ ഗുണങ്ങഠം അന്യോന്യം അഗാധമായ ബന്ധം പുലത്തുന്നുവെന്നു് മനസ്സിലാക്കാൻ പ്രയാസമില്ല. ഒന്നുകൂടി വ്യക്തമാക്കിപ്പറഞ്ഞാൽ ഒരു സമഗ്ര ഗുണത്തിന്റെ വിവിധ വശങ്ങളാണിവ. ഏതൊന്നു തൗഹീദിന്റെ സാക്ഷാൽ കേന്ദ്രമാണോ, അതു തന്നെയായിരിക്കും നമസ്കാരത്തിന്റെ സാ

---

* എവിടെവെച്ചു നമസ്കരിക്കുന്നതായാലും മുഖം കഅബയുടെ നേരെ തിരിക്കണമെന്നു് നിഷ്കഷിച്ചതിന്റെ കാരണം ഇതാണു്. നമസ്കാരത്തിന്റെ യഥാത്ഥ സ്ഥാനമായ കഅബയിൽവെച്ചു് അതു് നിവ്വഹിക്കപ്പെടാൻ കഴിഞ്ഞില്ലെങ്കിലും മുഖമെങ്കിലും ആ ഭാഗത്തേക്കു് ആയിരിക്കുമല്ലോ. സാക്ഷാൽ മസ്ജിദ് കഅബയാണു്. ലോകത്തിലെ മററു മസ്ജിദുകൾക്കു് അതിന്റെ പ്രാതിനിധ്യമുണ്ടെന്നു മാത്രം.

ക്ഷാൽ സ്ഥലവും. ഏതൊന്ന് തൗഹീദിൻെറയും നമസ്കാരത്തിൻെറയും കേന്ദ്രമാണോ, അതു സന്മാർഗ്ഗത്തിൻെറയും അനുഗ്രഹത്തിൻെറയും പുണ്യത്തിൻെറയും വിളനിലവുമായിരിക്കും.

വിശ്വാസപരമായി തൗഹീദും കർമ്മപരമായി നമസ്കാരവും ദീനിൻെറ മുഴുവൻ കാതലാണ്. അപ്പോൾ കഅബഃ തൗഹീദിൻെറയും നമസ്കാരത്തിൻെറയും കേന്ദ്രമാണെന്നതിൻെറ അർത്ഥം അതു ദീനിൻെറ മുഴുവൻ കേന്ദ്രമാണെന്നാകുന്നു. അല്ലാഹു കഅബയെ "തൻെറ മന്ദിരം" (بيتي) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിൻെറ സ്പഷ്ടമായ വിവക്ഷയും കഅബ അല്ലാഹുവിൻെറ ദീനിൻെറ മന്ദിരം, അഥവാ കേന്ദ്രമെന്നുതന്നെ.

ഹ: ഇബ്രാഹീം (അ) നിർമ്മിച്ച കഅബ എങ്ങിനെ അല്ലാഹുവിൻെറ ദീനിൻെറ മന്ദിരവും ഇസ്ലാമിൻെറ കേന്ദ്രവുമായിത്തീർന്നു? കഅബാനിർമ്മാണത്തിൻെറപശ്ചാത്തലവും അതിൻെറ നിർമ്മാണോദ്ദേശത്തിലേക്കുള്ള പ്രഥമ കാൽവെപ്പും പരിശോധിച്ചാൽ നമുക്കത് മനസ്സിലാക്കാം.

## കഅബാ നിർമ്മാണത്തിൻെറ പശ്ചാത്തലം

സ്വജനതയുടെ മർദ്ദനങ്ങൾ നിമിത്തം നാടും വീടും ഉപേക്ഷിച്ചു പലായനം ചെയ്യാൻ നിർബ്ബന്ധിതനായ ഇബ്രാഹിം നബി (അ) വിവിധ നാടുകളിൽ ഇസ്ലാമിക പ്രബോധനം ചെയ്തുകൊണ്ട് മക്കയിലെ ശൂന്യമായ താഴ്വരയിലെത്തി. അവിടെ വെച്ചാണ് തൻെറ ഓമന പുത്രനെ അല്ലാഹുവിനുവേണ്ടി ബലിയറുക്കണമെന്ന വിഖ്യാതമായ സ്വപ്നമുണ്ടായത്. സ്വപ്നവാർത്ത ഓമന പുത്രൻെറ മുമ്പിൽവെച്ചപ്പോൾ സുഭഗനായ ആ ബാലൻെറ ധീരമായ മറുപടി ഇതായിരുന്നു: "വന്ദ്യപിതാവേ, അല്ലാഹുവിൻെറ ആജ്ഞ നിർവ്വിശങ്കം നടപ്പിൽ വരുത്തിയാലും.

എന്നെ ക്ഷമാവലംബിയും സംതൃപ്തനുമായി അങ്ങേയ്ക്ക് കാണാം.” പിതാവ് പുത്രനെ നിലത്ത് കിടത്തി, കഴുത്തിൽ കഠാരിവച്ചു. കഠാരി കണ്ഠനാളത്തിൽ ആഞ്ഞിറങ്ങിയില്ല, അപ്പോഴതാ ഒരശരീരി: “ഓ ഇബ്രാഹീം, താങ്കൾ സ്വപ്നത്തെ സാക്ഷാത്ക്കരിച്ചിരിക്കുന്നു. മഹത്തായ ഒരു ബലിക്ക് പകരം നാം ഇസ്മാഈലിനെ മോചിപ്പിച്ചിരിക്കുന്നു.” ഹ: ഇബ്രാഹീമി (അ)ൻെറ മുഴുജീവിതവും മാതൃകാപരമായ പരീക്ഷണങ്ങൾകൊണ്ട് നിറഞ്ഞതാണ്. പുത്രബലി ആ പരീക്ഷണപരമ്പരയുടെ ഒടുവിലത്തെ കണ്ണിയായിരുന്നു. തീവ്രമായ ഈ പരീക്ഷണവും വിജയപൂർവ്വം തരണം ചെയ്തതോടെ പ്രതിഫലത്തിൻെറ ഘട്ടമാരംഭിച്ചു. ഇബ്രാഹീം നബി (അ)യെ അല്ലാഹു സന്തോഷവാർത്ത അറിയിച്ചു:

اِنِّي جَاعِلُكَ لِلنَّاسِ اِمَامًا (البقرة)

“ഇബ്രാഹീം, ഞാൻ താങ്കളെ മാനവരാശിയുടെ നേതാവായി നിശ്ചയിക്കുന്നു.”

ഇബ്രാഹീംനബി(അ)യെ മനുഷ്യ സമുദായത്തിൻെറ നേതാവായി അവരോധിക്കുകയെന്ന നടപടി ഉപര്യുക്തമായ പ്രഖ്യാപനത്തോടും കഅബ നിർമ്മിക്കുവാനുള്ള കല്പനയോടും കൂടിയാണ് ആരംഭിച്ചത്.

രണ്ടു കാര്യങ്ങൾ ഈ പശ്ചാത്തലത്തിൽ പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. ഒന്നു, ബലി സംഭവം മർവാ എന്ന സ്ഥലത്തുവച്ച് നടന്നു. ഇവിടെനിന്നു കഅബ: ശരിക്കും കാണാം. രണ്ടു, സ്വപ്നാനന്തരം പിതാവും പുത്രനും മനസ്സംതൃപ്തിയോടും അർപ്പണമനോഭാവത്തോടും കൂടി കല്പന പാലിക്കാൻ ദൃഢപ്രതിജ്ഞരായതിനെ അല്ലാഹു ‘ഇസ്ലാം’ എന്ന പദം കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു.

فَلَمَّا أَسْلَمَا وَتَلَّهُ لِلْجَبِينِ (الصافات)

"അവർ ഇരുവരും അനുസരണം കാണിക്കുകയും ഇബ്രാഹീം ഇസ്മാഈലിനെ ചരിച്ച് കിടത്തുകയും ചെയ്തപ്പോൾ........"

കഅ്ബാ നിർമ്മാണം ആരംഭിച്ചപ്പോൾ അതിൻെറ ഉദ്ദേശ പൂർത്തീകരണം സംബന്ധിച്ച് അതിൻെറ വിശുദ്ധരായ ശില്പികൾ അല്ലാഹുവിൻെറ സന്നിധിയിൽ പ്രാർത്ഥിച്ചു:

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ، رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَا أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا إِنَّكَ أَنتَ التَّوَّابُ الرَّحِيمُ (البقرة)

"ഞങ്ങളുടെ നാഥാ, നീ ഞങ്ങളിൽനിന്നു് (ഈ കർമ്മം) സ്വീകരിക്കേണമേ! നീ മാത്രമാണ് (പ്രാർത്ഥനകൾ) കേൾക്കുന്നവൻ; അഗാധജ്ഞൻ. ഞങ്ങളുടെ നാഥാ, ഞങ്ങളെ ഇരുവരെയും നിന്നോട് അനുസരണമുള്ളവരാക്കിത്തീർക്കുകയും, ഞങ്ങളുടെ സന്തതികളിൽനിന്നു നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ (എഴുന്നേല്പിക്കുകയും ചെയ്യേണമേ!) ഞങ്ങളുടെ ആരാധനാ മാർഗ്ഗങ്ങളെ നീ ഞങ്ങൾക്ക് കാണിച്ചുതരികയും, ഞങ്ങളുടെ കുററങ്ങൾ പൊറുത്ത് കടാക്ഷിയ്ക്കുകയും ചെയ്യേണമേ! നീ മാത്രമാണ് പാപങ്ങൾ പൊറുക്കുന്നവൻ; കരുണ ചെയ്യുന്നവൻ."

ഇബ്രാഹീം നബി (അ) യുടെയും ഇസ്മാഈൽ നബി(അ) യുടെയും സന്താനപരമ്പരകളിൽ പെട്ട ഒരു വിഭാഗമാണ്

കഅബാ നിർമ്മാണത്തിൻെറ ലക്ഷ്യം സാക്ഷാത്കരിക്കുകയെന്ന് ഇതിൽനിന്നു വ്യക്തമായി. ഈ വിഭാഗത്തെ ഏതൊരു ഗുണവിശേഷത്തോടെ ആവിർഭവിപ്പിക്കുവാൻ ഹ: ഇബ്രാഹീം (അ) പ്രാർത്ഥിച്ചുവോ, അതിന്നു പ്രയുക്തമായ പദം 'മുസ്ലിം' എന്നുതന്നെ.

കഅബാ നിർമ്മാണം പൂർത്തിയായപ്പോൾ ഹ: ഇബ്രാഹീം (അ) പുത്രൻ ഇസ്മാഈലി (അ) നെയും പത്നി ഹാജറ (റ) യേയും കൂട്ടി ബന്ധുമിത്രാദികളുടെ അടുക്കലേക്ക് മടങ്ങിപ്പോവുകയോ ജനവാസമുള്ള വല്ല പ്രദേശത്തിലും സ്ഥിരവാസമുറപ്പിക്കുകയോ അല്ല ചെയ്തത്. പ്രത്യുത, ശൂന്യമായ ആ മരുഭൂമിയിൽ കഅബയുടെ സമീപത്തു തന്നെ പുത്രനെയും പത്നിയെയും താമസിപ്പിക്കുകയാണ് ചെയ്തത്. താൻ പ്രാർത്ഥിച്ച അനുസരണമുള്ള സമുദായം എഴുന്നേല്പിയ്ക്കപ്പെട്ടമ്പോൾ അത് കഅബയുടെ സമീപത്തായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. ഇബ്രാഹീം നബി (അ) യുടെ വാക്കുകളെ ഖുർആൻ ഉദ്ധരിക്കുന്നു:

رَبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلٰوةَ (ابراهيم)

"നാഥാ, ഞാൻ എൻെറ സന്തതികളിൽ ചിലരെ ഫലശൂന്യമായ ഒരു തഴ്വരയിൽ, നിൻെറ പവിത്ര മന്ദിരത്തിനു സമീപം പാർപ്പിച്ചിരിക്കുന്നു. നാഥാ, അവർ നമസ്കാരം നിലനിർത്തുവാൻ വേണ്ടിയാണ് (അവിടെ തന്നെ പാർപ്പിച്ചത്)"

അല്ലാഹുവിന്നു അടിമപ്പെടുക, അവൻെറ ദീനിനെ പിൻപറ്റുക, അതിൻെറ സന്ദേശവാഹകരായി മാറുക എന്നാണ്"

‘‘നമസ്കാരം നിലനിർത്തുക’’യെന്നതിന്റെ ഉദ്ദേശം. കർമ്മപരമായി നമസ്കാരമാണ് ദീനിന്റെ കാതലെന്നു പ്രസ്താവിച്ചുവല്ലോ. അപ്പോൾ നമസ്കാരത്തിന്റെ ‘ഇഖാമത്ത്’ ദീനിന്റെ ‘ഇഖാമത്തി’ന്നു ഉത്തരവാദപ്പെടുന്നു. അതിനാൽ നമസ്കാരത്തെ നിലനിർത്തുകയെന്നാൽ ദീനിനെ മുഴുവൻ നിലനിർത്തുകയെന്നാണർത്ഥം.

‘അനുസരണമുള്ള സമുദായം’ എങ്ങിനെ നിലവിൽ വരും? അഥവാ അല്ലാഹുവിനെ അനുസരിക്കുന്ന രീതിയെ സംബന്ധിച്ചുള്ള ജ്ഞാനം എങ്ങിനെ സിദ്ധിക്കും? അതിന്നായി ഹ: ഇബ്രാഹീ(അ)മും ഹ: ഇസ്മാഈലും (അ) പ്രാർത്ഥിച്ചു:

رَبَّنَا وَابْعَثْ فِيهِمْ رَسُولاً مِنْهُمْ يَتْلُوا عَلَيْهِمْ آيَاتِكَ
وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ (البقرة)

(ഞങ്ങളുടെ നാഥാ, അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കൊടുക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനെ അവരിൽനിന്നു തന്നെ അവർക്കിടയിൽ നീ നിയോഗിക്കേണമേ!)

ഇബ്രാഹീം നബി(അ) യുടെ മേലുദ്ധരിക്കപ്പെട്ട രണ്ടു പ്രാർത്ഥനകളും ഇസ്ലാമിക പ്രവാചകനായ മുഹമ്മദുനബി(സ) യും അനുയായികളും വഴി സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ഈ വിഭാഗത്തിന്റെ പേർ ‘മുസ്ലിംസമുദായം’ (أُمَّةً مُسْلِمَةً) എന്നായി. ഇബ്രാഹീം നബി (അ) തന്റെ പ്രാർത്ഥനയിൽ ഈ പേരും പദവും തന്നെയാണ് പ്രയോഗിച്ചിരുന്നത്. മററു വാക്കു

കളിൽ പറഞ്ഞാൽ, ഇബ്രാഹീംനബി (അ) യാണ് 'മുസ്ലിം' എന്ന് നാമകരണം ചെയ്തത്.

هُوَ سَمَّاكُمُ الْمُسْلِمِينَ (الحج)

"അദ്ദേഹം (ഇബ്രാഹീം) ആണ് നിങ്ങളെ മുസ്ലീംകൾ എന്ന് അഭിധാനം ചെയ്തത്."

കഅബാ നിർമ്മാണവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളെ ത്രയും മുമ്പിൽവെച്ചു നോക്കുകയാണെങ്കിൽ കഅബ: ഇസ്ലാമിൻെറ കേന്ദ്രമാണെന്നു പകൽ വെളിച്ചം പോലെ വ്യക്തമാകും.

## ഹജ്ജിലെ ചടങ്ങുകൾ

ഇനി നമുക്ക് ഹജ്ജിൽ നിർവ്വഹിക്കപ്പെടുന്ന ചടങ്ങുകളെ ഒന്നവലോകനം ചെയ്യാം: മക്കയിൽനിന്ന് കുറെ അകലെ ഒരു നിശ്ചിത സ്ഥലത്തെത്തിയാൽ ഹജ്ജ് യാത്രക്കാരൻ നിയമപ്രകാരം ഹജ്ജിന്ന് 'നിയ്യത്ത്' ചെയ്യുന്നു. അതിനാണ് 'ഇഹ്റാം' എന്നു പറയുന്നത്. 'ഇഹ്റാമി'ന്നു മുമ്പ് കുളിയോ, 'വുസു'വോ നിർവ്വഹിക്കുന്നു. പിന്നീട് സാധാരണ വസ്ത്രങ്ങൾ മാററി പകരം ഒരു അരയുടുപ്പും തട്ടവും മാത്രം ധരിക്കുന്നു. ശേഷം രണ്ടു റകഅത്ത് നമസ്കരിക്കുന്നു. നമസ്കാരാനന്തരം 'ഇഹ്റാമി'ൽ പ്രവേശിച്ചുവെന്നതിൻെറ പ്രഖ്യാപനമെന്നോണം ഉച്ചത്തിൽ ഇങ്ങിനെ പറയുന്നു:

لَبَّيْكَ اللّٰهُمَّ لَبَّيْكَ ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ.

"ഞാൻ ഹാജരായിരിക്കുന്നു. അല്ലാഹുവേ, ഞാനിതാ ഹാജരായിരിക്കുന്നു. ഞാൻ ഹാജരായിരിക്കുന്നു. നിനക്കൊരു പങ്കാളിയില്ല. ഞാനിതാ ഹാജരായിരിക്കുന്നു. സ്തുതി നിനക്കാണ്. അനുഗ്രഹം നിന്റേതാണ്, രാജാധിപത്യവും നിന്റേതു മാത്രം. നിനക്ക് ഒരു പങ്കാളിയില്ല."

ഈ 'തൽബിയത്തോ'ടെ അവൻ ഇഹ്റാമിൽ പ്രവേശിക്കുന്നു. ഇനി അവൻ നിരന്തരം 'ലബ്ബൈക്' എന്നു ചൊല്ലിക്കൊണ്ടിരിക്കും. ഓരോ നമസ്കാരത്തിനു ശേഷവും, കുന്നുകളും കയറിയിറങ്ങുമ്പോഴും, ഖാഫിലകളുമായി കണ്ടുമുട്ടുമ്പോഴും, പ്രഭാത വേളകളിൽ ഉണരുമ്പോഴും ഈ വചനങ്ങൾ നാവിൽനിന്ന് നിർഗ്ഗളിച്ചുകൊണ്ടിരിക്കും.

ഇഹ്റാമിനു ശേഷം ആഡംബരാലങ്കാര വസ്തുക്കളൊന്നും അനുവദനീയമല്ല. സാധാരണ വസ്ത്രങ്ങൾ മാററി പകരം ധരിക്കുന്ന രണ്ടു വസ്ത്രങ്ങൾ—അരയുടുപ്പും തട്ടവും—തുന്നിയതോ സുഗന്ധമുള്ള വർണ്ണം പിടിപ്പിച്ചതോ ആവരുത്. തൊപ്പിയോ, തലപ്പാവോ മററാ കൊണ്ട് തല മറയ്ക്കരുത്. മുഖം മറയ്ക്കാനും പാടില്ല. മുടി വെട്ടിക്കുകയോ, നഖം മുറിക്കുകയോ അരുത്. സുഗന്ധ വസ്തുക്കൾ പെരുമാററരുത്. കുളിക്കുമ്പോൾ സോപ്പും മററും ഉപയോഗിക്കരുത്. സംഭോഗം മാത്രമല്ല, ലൈംഗിക വിഷയങ്ങൾ സംസാരിക്കുന്നതു പോലും പാടില്ല. അതേപ്രകാരം വേട്ടയാടുകയോ വേട്ടമൃഗത്തെ മറെറാരാൾക്ക് കാണിച്ചുകൊടുക്കുകയോ ചെയ്തുകൂടാ.

ഈ നിലയിൽ മക്കയുടെ നേരെ നീങ്ങുന്നു. മക്കയിലെത്തി കഅബ ഗോചരമാകുമ്പോൾ اَللهُ اَكْبَرْ لَا إِلٰهَ إِلَّا الله (അല്ലാഹു ഏററവും മഹാനാകുന്നു. അല്ലാഹു അല്ലാതെ ദൈവമില്ല.) എന്നു ഉച്ചത്തിൽ പറയുന്നു. കഅബയെ സമീപിക്കുന്നു. കഅബ

യുടെ വാതിലിന്നരികെ പ്രതിഷ്ഠാപിക്കപ്പെട്ട ഹജറൽ അസ്‌വദിനെ തൊട്ടു ചുംബിക്കുന്നു. അനന്തരം ഏഴു തവണ കഅബയെ പ്രദക്ഷിണം ചെയ്യുന്നു. തവാഫിനു ശേഷം 'മഖാമു ഇബ്രാഹീമി'ലോ, കഅബയുടെ മറേറതെങ്കിലും ഭാഗത്തോ വെച്ച് രണ്ടു റകഅത്ത് നമസ്കരിക്കുന്നു. പിന്നീടു സഫയിൽ കയറുന്നു. സഫയിൽ കയറി കഅബയുടെ നേരെ നോക്കി اَللّٰهُ اَكْبَر لَا اِلٰهَ اِلَّا اللّٰه എന്നു പറയുന്നു. നബി (സ) യുടെ മേൽ സലാത്ത് ചൊല്ലുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിന്നീട് മർവയുടെ ഭാഗത്തേക്ക് 'സഅ്‌യ്' (ഓട്ടം) നടത്തുന്നു. മർവയിൽ കയറി അൽപം മുമ്പ് സഫായിൽവെച്ചു ചെയ്തതുപോലെ, തക്ബീറും തഹ്‌ലീലും സലാത്തും ദുആയും ചെയ്യുന്നു; ഇങ്ങിനെ സഫായുടെയും മർവയുടെയും ഇടയിൽ ഏഴുപ്രാവശ്യം 'സഅ്‌യ്' നടത്തുന്നു. 'സഅ്‌യി'ൽനിന്നു വിരമിച്ചാൽ മക്കയിൽ താമസിക്കുകയും സൗകര്യമനുസരിച്ചു തവാഫ് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ദുൽഹജ്ജ് ഏഴാം ദിവസം എല്ലാവരും മസ്ജിദുൽ ഹറാമിൽ സമ്മേളിക്കുകയും ഹജ്ജിൻെറ നിയമങ്ങളെയും ചടങ്ങുകളെയും അതിലടങ്ങിയ യുക്തികളെയും അനുഗ്രഹങ്ങളെയും പുരസ്കരിച്ച് ഇമാം അവരോടു പ്രസംഗിക്കുകയും ചെയ്യുന്നു. എട്ടാം ദിവസം പ്രഭാതത്തോടെ എല്ലാവരും മക്കയിൽ നിന്നു മൂന്നു നാഴിക അകലെയുള്ള മിനായിലേക്ക് പുറപ്പെടുന്നു. അടുത്ത ദിവസം പ്രഭാതം വരെ മിനായിൽ തന്നെ തങ്ങുന്നു. പിന്നീട് മക്കയിൽ നിന്നു പന്ത്രണ്ട് നാഴിക അകലെയുള്ള അറഫാത്ത് മൈതാനിയിലേക്ക് പുറപ്പെടുന്നു. സൂര്യൻ ഉച്ചതിരിയുന്നതോടെ അത്യാവശ്യകാര്യങ്ങളെക്കുറിച്ച് ഇമാം സദസ്സിനോടു പ്രസംഗിക്കുന്നു. അതിനുശേഷം സുഹ്‌റും അസറും 'ജംഅ്' ചെയ്തു സുഹ്‌റിൻെറ സമയത്ത് നമസ്കരിക്കുന്നു. നമസ്കാരത്തിൽനിന്നു്

വിരമിച്ചാൽ പ്രാർത്ഥനകളിലും തൽബിയത്തിലും മുഴുകുന്നു. പിന്നെയും ഇമാം പ്രസംഗിക്കുന്നു. സൂര്യാസ്തമനത്തോടെ മുസ്ദലിഫയിലേക്കു തിരിക്കുകയും അവിടെ രാപ്പാർക്കുകയും ചെയ്യുന്നു. മഗ്‌രിബും ഇശായും 'ജംഅ്' ചെയ്തു നമസ്കരിക്കുന്നു. പത്താംദിവസം പുലർച്ചക്ക് മിനായിൽ ചെന്നു 'ജംറത്തുൽ അഖബാ'യിൽ കല്ലെറിയുന്നു. തക്ബീറോടുകൂടിയാണ് ഓരോ ഏറും. 'ജംറ'യിൽ കല്ലെറിയുന്നതോടെ 'തൽബിയത്ത്' അവസാനിക്കുന്നു. കല്ലേറിനു ശേഷം ബലി നടത്തി, തല മുണ്ഡനം ചെയ്തു 'ഇഹ്റാമി'ൽ നിന്നു വിരമിക്കുന്നു. അനന്തരം ഏഴു പ്രാവശ്യം കഅബയെ പ്രദക്ഷിണം ചെയ്യുന്നു. അതിനുശേഷം വീണ്ടും മിനായിലേക്കു പോവുകയും, അവിടെ രണ്ടോ മൂന്നോ ദിവസം പാർക്കുകയും 'ദിക്ർ ദുആക'ളിലും 'ഇസ്തിഗ്ഫാറി'ലും വ്യാപൃതരാവുകയും ചെയ്യുന്നു. ഓരോ ദിവസവും മൂന്ന് 'ജംറ'കളിലും (ജംറത്തുൽ അഖബ, ജംറത്തുൽ ഊല, ജംറത്തുൽ വുസ്താ) ഏഴു പ്രാവശ്യം വീതം തക്ബീറോടുകൂടി കല്ലെറിയുന്നു. തദനന്തരം കഅബയിൽ ചെന്ന് 'ത്വവാഫുൽ വിദാഅ്' നിർവ്വഹിക്കുന്നു. കഅബയുടെ വാതിലിന്റെയും ഹജറുൽ അസ്‌വദിന്റെയും ഇടയിലുള്ള 'മുൽത്തസിമി'നെ മുഖത്തോടും മാറോടുമണക്കുന്നു. കഅബയുടെ മൂടുപടം പിടിച്ച് അകമഴിഞ്ഞു പ്രാർത്ഥിക്കുന്നു; പശ്ചാത്താപ പാരവശ്യത്താൽ വീറുകൊള്ളുന്നു. ആ അവസ്ഥയിൽ, സ്നേഹമയവും ദുഃഖ നിർഭരവുമായ കണ്ണുകളോടെ ആ ദൈവിക ഭവനത്തെ നോക്കിക്കൊണ്ട് വിടവാങ്ങുന്നു.

ഹജ്ജിലെ ആരാധനാ ചടങ്ങുകളുടെ സംക്ഷിപ്ത വിവരണമാണിത്. ഇവയിൽ മിക്കവയുടെയും ഉദ്ദേശം ഏതാണ്ടൊക്കെ സ്വയം വ്യക്തമാണ്. ചിലതിനു ചില പശ്ചാത്തലങ്ങളുണ്ട്. അവയിൽ മനസ്സിരുത്തിയെങ്കിൽ മാത്രമേ അവയുടെ യുക്തി സുഗ്രാഹ്യമാവുകയുള്ളു. അതുകൊണ്ട് അവ സംക്ഷിപ്തമായി വിവരിക്കാം.

(1) കഅബ:—കഅബയെപ്പററിയുള്ള അത്യാവശ്യ കാര്യങ്ങൾ മുമ്പ് വിവരിച്ചിട്ടുണ്ട്.

(2) സഫ, മർവ:—ഇവയെപ്പററി ഖുർആൻ പറയുന്നു:

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ (البقرة)

"തീർച്ചയായും സഫയും മർവയും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽ പെട്ടതാകുന്നു.

"അല്ലാഹുവിൻെറ ചിഹ്നങ്ങൾ" എന്നാൽ അല്ലാഹുവിൻെറ അടിമത്തത്തിൻെറ ചിഹ്നങ്ങൾ എന്നു സാരം. ഉദാ: ഇബ്രാഹീം (അ) തൻെറ ഓമനപുത്രൻ ഇസ്മാഈലി (അ) നെ ദൈവപ്രീതിക്ക് വേണ്ടി ബലികൊടുക്കാൻ തുനിഞ്ഞ സ്ഥലമാണ് മർവ. അതു കാണുന്ന മാത്രയിൽ മുഅ്മിനിൻെറ ഹൃദയത്തിൽ ഇബ്രാഹീമും (അ) ഇസ്മാഈലും (അ) വരിച്ച മഹൽ ത്യാഗത്തിൻെറ സ്മരണ തെളിഞ്ഞുവരികയും അവർ കാണിച്ചുതന്ന "അടിമത്ത"ത്തിൻെറയും "ഇസ്ലാമി"ൻെറയും യാഥാർത്ഥ വിഭാവനം സുദൃഢമാവുകയും ചെയ്യും.

(3) 'ജംറ'കൾ:-മിനായിൽ നിന്നു അല്പമകലെ സ്ഥിതി ചെയ്യുന്ന മൂന്നുസ്ഥലങ്ങളാണ് ഇവ. കഅബയെ തകർക്കാൻ പുറപ്പെട്ടുവന്ന അബ്സീനിയയിലെ ക്രൈസ്തവ ഭരണാധിപനായ അബ്രഹത്തിൻെറ പട്ടാളം ആ അതിർത്തികളിൽവെച്ചാണ് നശിപ്പിക്കപ്പെട്ടത്.

## ഹജ്ജും അടിമത്ത വികാരങ്ങളും

ഹജ്ജിലെ ചടങ്ങുകൾ സൂക്ഷ്മമായി വീക്ഷിച്ചാൽ അവയോരോന്നിലും അല്ലാഹുവിനുള്ള അടിമത്ത വിഭാവനം തെളിഞ്ഞുനില്ക്കുന്നത് കാണാം.

(1) ഇഹ്റാമിൻെറ വസ്ത്രം വസ്ത്രമല്ല, വിനയത്തിൻെറയും അപ്പണത്തിൻെറയും ദൈവാശ്രിതത്വത്തിൻെറയും പ്രകടമായ ചിഹ്നമാണ്. ഒരു ഭിക്ഷു തൻെറ ഭിക്ഷാപാത്രവുമായി ഉദാരൻെറ അടുക്കലേക്കും, ഒരു യോദ്ധാവ് ആയുധങ്ങളേന്തി, പട്ടാളവേഷമണിഞ്ഞു പടക്കളത്തിലേക്കും അടിവെച്ചടിവെച്ചു നീങ്ങുമ്പോൾ അവരുടെ മനസ്സിലുള്ള വികാരങ്ങളും ഉദ്ദേശങ്ങളും മനസ്സിലാക്കുവാൻ വാക്കുകൾ വേണ്ട; രൂപഭാവങ്ങൾതന്നെ എല്ലാം വ്യക്തമാക്കും. തികച്ചും ഇതേപോലെ, കഅബയെ ലക്ഷ്യംവച്ചു പുറപ്പെടുന്ന ഒരു തീത്ഥാടകൻെറ ഭാവം നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നു: 'താൻ ദൈവാനുഗ്രഹത്തിൻെറ യാചകനാണ്. അല്ലാഹുവിൻെറ തൃപ്തിയല്ലാതെ മറെറാന്നും തനിക്ക് ആവശ്യമില്ല. ഭൗതികമായ എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച് അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയിൽമാത്രം താൻ മുഴുകിയിരിക്കുന്നു. അവൻെറ മാഗ്ഗത്തിൽ സവ്വസ്വവും ബലികഴിക്കാൻ താൻ സന്നദ്ധനാണ്; അല്ലാഹുവിൻെറ ആശ്രിതനും 'കഫൻ' തോളിലേന്തിയ പടയാളിയുമാണ്'.

ലോകത്തിലെ വിവിധ ജനവിഭാഗങ്ങളിൽപെട്ട ആളുകൾ തങ്ങളുടെ ദേശീയ വസ്ത്രം അഴിച്ചുമാററി, ഒരേതരം വേഷം ധരിച്ചു, ഒരേ മുദ്രാവാക്യം മുഴക്കുന്നു. ഇസ്ലാമിക സമത്വത്തെയും ഇസ്ലാമിക സാഹോദയ്യ ബന്ധത്തെയും സമ്പൂർണ്ണ രൂപത്തിൽ വിളംബരപ്പെടുത്തുന്ന ഏററവും പ്രതീകാത്മകമായ ദൃശ്യമാണിത്.

2) നാനാ ഭാഗത്തുനിന്നും 'ലബ്ബൈക്' എന്ന ശബ്ദമുയരുമ്പോൾ, അതു ഇബ്രാഹീം നബി (അ) ജനങ്ങളോട് ചെയ്ത ആഹ്വാനത്തിൻെറ കൂട്ടായ ഉത്തരമാണെന്ന പ്രതീതി ഉളവാക്കുന്നു. ഇബ്രാഹീം നബി (അ) യുടെ ആഹ്വാനം ഹജ്ജിൻെറ ബാഹ്യചടങ്ങുകൾ മാത്രം നിവ്വഹിക്കുവാനുള്ളതായിരുന്നില്ല; ജീവിതം മുഴുവനും ഇസ്ലാമികാദർശത്തിൽ വാത്തെടുക്കുവാനുള്ളതായിരുന്നു. പ്രസ്തുത ആഹ്വാനത്തിൻെറ ഉത്തരമായ 'ലബ്ബൈക്'

ചില മുദ്രാവാക്യങ്ങൾ മുഴക്കൽ മാത്രമല്ല, സ്വജീവിതത്തെ യജമാനനും രക്ഷിതാവുമായ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പണം ചെയ്യുവാനുള്ള ഉല്ക്കടമായ അഭിലാഷത്തിന്റെ ബഹിഃപ്രകടനമാണ്.

3) കഅബ ദൃഷ്ടിയിൽ പെടുന്ന മാത്രയിൽ കഅബാ നിർമ്മാണവുമായി ബന്ധപ്പെട്ട സംഭവങ്ങളെല്ലാം അവന്റെ ഹൃദയ ദർപ്പണത്തിൽ പ്രതിബിംബിക്കുന്നു. ഏതൊരു സമുദായത്തെ ഉയിർത്തെഴുന്നേല്പിക്കുവാൻ ഇബ്രാഹീം നബി (അ) പ്രാർത്ഥിച്ചുവോ ആ 'ഉമ്മത്ത് മുസ്ലിമഃ'യിലെ ഒരംഗമാണ് താനെന്ന ബോധം അവന്റെ മനസ്സിൽ സംജാതമാവുന്നു.

4) 'ഹജറൽ അസ്‌വദി'ന്റെ സ്പർശനവും ചുംബനവുംവഴി അവൻ അല്ലാഹുവിനോടുള്ള പ്രതിജ്ഞ പുതുക്കുന്നു. സ്വയം അല്ലാഹുവിന്നു അടിയറവെക്കുന്നു. തന്റെ യജമാനനും രക്ഷിതാവുമായ അല്ലാഹുവിന്റെ ദർബാറിന്റെ പടിവാതില്ക്കൽ ചുംബനമർപ്പിക്കുന്നു.

5) അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സ്വയം അർപ്പിക്കുവാനുള്ള തള്ളിക്കേറുന്ന വികാരാവേശത്തിന്റെ പ്രകടനമല്ലാതെ മറെറന്താണ് തവാഫ്? മുഅ്മിനായ മനുഷ്യൻ കഅബക്ക് ചുററും പ്രദക്ഷിണം നടത്തിക്കൊണ്ടിരിക്കുമ്പോൾ "വിളക്കും പാററയും" എന്ന കാവ്യഭാവനയെ അതൊരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നു. തന്റെ നാഥന്റെ ആസ്ഥാനത്തിങ്കൽ ആത്മാർപ്പണത്തിന്റെ പ്രതീകമായി അവൻ മാറുന്നു. ആത്മീയ ലഹരിയിൽ നിമഗ്നനായ അടിമ തന്നെത്താൻ വിസ്മരിച്ചു ദൈവത്തെ പ്രാപിക്കുവാൻ വെമ്പൽ കൊള്ളുന്നു.

തവാഫിന്ന് മറെറാരു വശം കൂടിയുണ്ട്. കറുത്തവനും വെളുത്തവനും, അറബിയും അനറബിയും, ആര്യനും അനാര്യനുമെന്നുവേണ്ട, ലോകത്തിലെ എല്ലാ വംശക്കാരും വർണ്ണക്കാരും

ഭാഷക്കാരും ദേശക്കാരും ലക്ഷക്കണക്കിൽ സമ്മേളിക്കുകയും ഒരേതരം വസ്ത്രം ധരിച്ചു, ഒരേ വികാരത്തോടെ കഅബയെ പ്രദക്ഷിണം വെക്കുകയും ചെയ്യുന്നു. കോരിത്തരിപ്പിക്കുന്ന ഈ ദൃശ്യം അല്ലാഹു ഏകനാണെന്നപോലെ അവന്റെ ദീൻ ഏകമാണെന്നും അതിൽ വിശ്വസിക്കുന്നവർ, ബാഹ്യമായി എത്രതന്നെ ഭിന്നതകളുണ്ടെങ്കിലും, ആദർശപരമായി ഒന്നാണെന്നും എല്ലാവരും ഒരേ കേന്ദ്രത്തോടു ബന്ധപ്പെട്ടവരും ഒരേ അസ്തിത്വത്തോടു കൂറുപുലർത്തുന്നവരുമാണെന്നും പ്രഖ്യാപിക്കുന്നു.

6) തങ്ങളുടെ മാർഗ്ഗം ഇബ്രാഹീം നബി (അ) യുടെയും ഇസ്മാഈൽ നബി (അ) യുടെയും മാർഗ്ഗമാണെന്നും ആ മാർഗ്ഗത്തിലൂടെ ലക്ഷ്യത്തിലേക്ക് ത്വരിതഗമനം ചെയ്യുന്നതിൽ ഒരിക്കലും തങ്ങളുടെ പാദങ്ങൾ തളരുകയില്ലെന്നുമുള്ള ദൃഢനിശ്ചയത്തിന്റെ പ്രകടനമാണ് സഫയുടെയും മർവയുടെയും ഇടയിലുള്ള ഓട്ടം. മർവയിലെ 'ബലിപീഠ'ത്തിലേക്കുള്ള തുടരെത്തുടരെയുള്ള ഓട്ടം, തങ്ങളുടെ ജീവിതത്തിന്റെ അന്ത്യം ഇത്തരം ഒരു ബലിപീഠത്തിൽ വെച്ചായിരിക്കുമെന്നതിന്റെ നിശ്ശബ്ദമായ പ്രഖ്യാപനമത്രെ.

7) ദുൽഹജ്ജ് ഏഴുമുതൽ പത്തുവരെ ഒരു ഇമാമിന്റെ നേതൃത്വത്തിൽ ഹാജിമാർ എല്ലാ കർമ്മങ്ങളും കൂട്ടായി നിർവ്വഹിക്കുന്നു. "ഇന്നു" എല്ലാവരും മസ്ജിദുൽ ഹറാമിൽ സമ്മേളിക്കുന്നു. നാളെ മിനായിൽ ഒരുമിക്കുന്നു. അടുത്ത ദിവസം അറഫാത്തിൽ താവളമടിക്കുന്നു. രാത്രി മുസ്ദലിഫയിൽ കഴിച്ചുകൂട്ടുന്നു. പ്രഭാതത്തോടെ വീണ്ടും മിനായിലെത്തുന്നു. ഇതിനിടയിൽ ഇമാമിന്റെ പ്രസംഗം ശ്രവിക്കുന്നു. 'ലബ്ബൈക്ക' എന്നു ഉച്ചത്തിൽ ചൊല്ലുന്നു. നമസ്കാരം 'ജംഅ്' ചെയ്തു നിർവ്വഹിക്കുന്നു. ഇതെല്ലാം തന്നെ പട്ടാളച്ചിട്ടയോടുകൂടിയ ഒരു ജീവിതത്തിന്റെ ചിത്രം വരച്ചുകാട്ടുന്നു. സമുദ്രംപോലെ പരന്നു കിടക്കുന്ന ലക്ഷോപലക്ഷം ദൈവദാസന്മാരുടെ വ്യൂഹം 'കഫൻ' തോളിലേന്തിയ ഒരു വൻപട്ടാളത്തെപ്പോലെ കാണപ്പെ

ട്ടന്നു. 'ഉമ്മത്ത് മുസ്ലിമ'യെ വിഭാവനം ചെയ്യുമ്പോൾ പട്ടാളച്ചിട്ടയോടുകൂടിയ ജീവിതത്തിൻെറയും വ്യവസ്ഥാപിതമായ സംഘടനയുടെയും വിഭാവനം അനിവാര്യമാണെന്നും അവരുടെ മുഴുകഴിവുകളും അല്ലാഹുവിൻെറ അടിമത്തത്തിന്നും അവൻെറ ദീനിൻെറ സേവനത്തിന്നും 'ഇഖാമത്തി'ന്നും ഉള്ളതാണെന്നും ഈ അവസ്ഥ വിളിച്ചോതുന്നു.

8) 'ജംറ'കളിലെ കല്ലേറ്, അബ്രഹത്തിൻെറ അക്രമാസക്തരായ പട്ടാളക്കാരുടെ വിനാശത്തെ ഓർമ്മിപ്പിക്കുന്നു. തക്ബീറോടുകൂടിയുള്ള ഓരോ ഏറും അല്ലാഹുവിൻെറ ദീനിനെ തകർക്കാൻ മുന്നോട്ടുവരുന്ന ശക്തികളെ നേരിട്ടു പരാജയപ്പെടുത്തുമെന്നതിൻെറ സൂചനയാണ്.

9) ഇസ്മാഈലി (അ)ൻെറ ബലിക്കു പ്രായശ്ചിത്തമെന്നോണം അല്ലാഹു കൽപിച്ചതാണ് മൃഗബലി. അതിനാൽ അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള മൃഗബലിക്ക് ആത്മബലിയുമായി സാദൃശ്യമുണ്ട്. 'ഞങ്ങളുടെ ജീവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമർപ്പിതമാണ്. അവൻ കൽപിക്കുന്ന ഏത് നിമിഷത്തിലും അതിനെ ആഹുതിചെയ്യാൻ ഞങ്ങൾ സന്നദ്ധരാണ്'' എന്ന പ്രഖ്യാപനമാണ് മൃഗബലിയിലൂടെ നടത്തപ്പെടുന്നത്. അല്ലാതെ, സ്വന്തം നിലക്കു മൃഗബലി ദീനല്ല, തഖ്‌വയുമല്ല.

لَنْ يَنَالَ اللّٰهَ لُحُومُهَا وَلَا دِمَاؤُهَا وَلٰكِنْ يَنَالُهُ

التَّقْوٰى مِنْكُمْ

"ബലിമൃഗത്തിൻെറ മാംസമോ, രക്തമോ അല്ലാഹുവിൻെറയടുക്കൽ എത്തുകയില്ല, മറിച്ചു നിങ്ങളുടെ 'തഖ്‌വ'യാണ് അവങ്കൽ എത്തുന്നത്.''

ഹജ്ജ് ചടങ്ങുകളുടെ പിന്നിൽ ദൈവാടിമത്തത്തിൻെറ എല്ലാ വികാരങ്ങളും കുടികൊള്ളുന്നുണ്ട് —വിശിഷ്യ ജിഹാദിൻെറ വികാരം. ജിഹാദ് അടിമത്തത്തിൻെറ പരിപൂർണ്ണതയെ കുറിക്കുന്നു. ചിന്താപരമായും കർമ്മപരമായും ഹജ്ജ് മുഴുവൻ ജിഹാദിൻെറ പരിശീലനമാണ്. സ്ത്രീകളായ തങ്ങളേയും ജിഹാദിന്നു അനുവദിക്കണമെന്നു ഹ: ആയിശ (റ) ആവശ്യപ്പെട്ടപ്പോൾ നബി (സ) പറഞ്ഞതിങ്ങനെയാണ്:

لَكُنَّ أَفْضَلُ الْجِهَادِ حَجٌّ مَبْرُورٌ (بخارى)

"സ്ത്രീകളായ നിങ്ങൾക്ക് ഏററവും മഹത്തരമായ ജിഹാദ് വീഴ്ചകൾ പററാത്ത ഹജ്ജാണ്."

## ഹജ്ജിൻെറ സമഗ്രതാഭാവം

മറെറാരു വശത്തിൽ കൂടി ഹജ്ജിൻെറ ചടങ്ങുകളെ വീക്ഷിക്കുകയാണെങ്കിൽ എല്ലാ ഇബാദത്തുകളുടെയും ചൈതന്യം അതിൽ കലർന്നിട്ടുണ്ടെന്നു കാണാം.

ഹജ്ജ് നമസ്കാരമാണ്. എന്തുകൊണ്ടെന്നാൽ, നമസ്കാരത്തിൻെറ മർമ്മം ദൈവസ്മരണയാണല്ലോ. ഹജ്ജ് ഉടനീളം ദൈവസ്മരണയെ ഉണർത്തുന്ന കർമ്മങ്ങളാൽ നിബിഡമാണ്. അതുകൊണ്ടു ഹജ്ജ് നമസ്കാരമാണെന്നു പറയാം.

ഹജ്ജ് സകാത്താണ്. ബലിമൃഗത്തിൻെറ മാംസം ദരിദ്രന്മാർക്ക് ദാനം ചെയ്യുവാൻ കൽപ്പിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിൻെറ തൃപ്തിയെ കാംക്ഷിച്ചു ധനം ചെലവഴിച്ചാലേ ഹജ്ജ് നിർവ്വഹിക്കാൻ കഴിയൂ. സകാത്തും അങ്ങിനെതന്നെ. അല്ലാഹുവിൻെറ തൃപ്തിയെ ഉദ്ദേശിച്ചുകൊണ്ടാണ് അവിടെയും ധനം ചിലവഴിക്കപ്പെടുന്നത്.

ഹജ്ജ് നോമ്പാണ്. നോമ്പുകാലത്ത് പകൽ സമയങ്ങളിൽ മാത്രമേ സംഭോഗം നിരോധിക്കപ്പെട്ടിട്ടുള്ളു. ഹജ്ജിൽ രാത്രികാലങ്ങളിലും അതു പാടില്ല. അന്നപാനീയങ്ങൾ നോമ്പിലെന്നപോലെ ഹജ്ജിൽ നിരോധിക്കപ്പെട്ടിട്ടില്ല. എങ്കിലും ആഡംബരങ്ങളുടെ നിരോധവും മററു പല നിബന്ധനകളും നോമ്പിലെ അന്നപാനീയ നിരോധത്തിന്റെ സ്ഥാനത്തു് നില്ക്കുന്നു. ശരീരേച്ഛകളെ നിയന്ത്രിക്കുവാനുള്ള ആത്മസംയമനം നോമ്പുമൂലം കൈവരുന്നതുപോലെ ഹജ്ജ് മൂലവും കൈവരുന്നു. ഹജ്ജ് തൌഹീദിന്റെ അഭ്യസ്തപകനാണ്. എന്തു കൊണ്ടെന്നാൽ, കഅബ തൌഹീദിന്റെ കേന്ദ്രമത്രെ. കഅബയുടെ പിന്നിലുള്ള ചരിത്രസംഭവങ്ങളെല്ലാം തൌഹീദിനെ അനുസ്മരിപ്പിക്കുന്നവയാണ്. മാത്രമല്ല, "ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്" എന്ന നിരന്തര നാദം, ഹജറൽ അസ്‌വദിന്റെ ചുംബനം, തവാഫ്, സഅ്‌യ്, മൃഗബലി തുടങ്ങി ഹജ്ജിന്റെ മുഴുകർമ്മങ്ങളും തൌഹീദിന്റെ വികാരങ്ങളുദ്ദീപിപ്പിക്കാൻ എത്രയും സഹായകങ്ങളാണ്.

പരലോകത്തെയും രക്ഷാശിക്ഷയെയും ഹജ്ജ് അനുസ്മരിപ്പിക്കുന്നുണ്ടു്. നന്മയുടെ ഫലം നന്മയും തിന്മയുടെ ഫലം തിന്മയുമായിരിക്കുമെന്നും അല്ലാഹുവിന്റെ ഈ നിയമത്തിന്നു് മാററമില്ലെന്നും അബ്രഹത്തിന്റെയും സൈന്യത്തിന്റെയും പരിണാമത്തിൽനിന്നു് ഗ്രഹിക്കുവാൻ കഴിയുന്നു.

ഇവയ്ക്കെല്ലാം പുറമെ ഹജ്ജ് ഈമാനിക ഗുണങ്ങളുടെ—ദൈവസ്നേഹം, ക്ഷമ, സംതൃപ്തി, ദൈവാശ്രിതത്വം, അർപ്പണം, ഐഹികവിരക്തി, സഹാനുഭൂതി, മാനുഷിക സമത്വം എന്നിവയുടെ—മഹത്തായ പാഠങ്ങൾ നല്കുന്നു.

ഹജ്ജിനെസ്സംബന്ധിച്ച അവശ്യവിവരണമാണ് മേൽ കുറിച്ചത്. ഇതെല്ലാം ഗ്രഹിച്ചുകൊണ്ടുതന്നെ ഒരാൾ ഹജ്ജിനെ

വിഗണിക്കുന്നുവെങ്കിൽ അയാൾക്ക് ദീനീജീവിതവുമായി ബന്ധമുണ്ടെന്നു് കരുതിക്കൂടാ. ഈമാനിക മനശ്ശാസ്ത്രവുമായി ഈ അവഗണനക്ക് യാതൊരു പൊരുത്തവുമില്ല. കഴിവുള്ളതോടൊപ്പം ഒരു മുസ്ലിം ദീനിന്റെയും ഈമാനിന്റെയും കേന്ദ്രമായ കഅ്ബയിലേക്ക് ആകൃഷ്ടിക്കപ്പെട്ടില്ലെങ്കിൽ അവന്റെ ഇസ്ലാം തൂണില്ലാത്ത മേൽപുരയായി അവശേഷിക്കും. നേരെമറിച്ച്, മഹത്തായ ഈ കർമ്മം യഥാവിധി നിർവ്വഹിച്ച ഒരാൾക്ക് തന്റെ ദീനിനെ സുശക്തമായ തൂണിന്മേൽ ഉറപ്പിച്ചുനിർത്തി എന്നു് സമാധാനിക്കാം.

## ഒരു പൊതു വീക്ഷണം

ഇസ്ലാമിന്റെ അടിസ്ഥാനകർമ്മങ്ങൾ, അവയുടെ യഥാർത്ഥ്യം, ലക്ഷ്യം, അവയിലടങ്ങിയ യുക്തി ഇതാണ് മേൽ പ്രതിപാദിച്ചത്. അവയെ ആഴത്തിൽ വീക്ഷിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യമാവും, പ്രസ്തുത കർമ്മങ്ങൾ കേവലം ചില സുകൃതങ്ങളോ ആരാധനകളോ അല്ലെന്നു്. പ്രത്യുത, സുകൃതത്തിന്റെയും ആരാധനയുടെയും ഉറവിടങ്ങളാണവ. അവയിലോരോന്നും മനുഷ്യനിൽ അടിമത്ത ബോധം ഉദ്ദീപിപ്പിക്കുകയും ആ ബോധത്തെ പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ആ കർമ്മങ്ങളെല്ലാം കൂടി സത്യവിശ്വാസിക്ക്, ഇസ്ലാമിനെസംബന്ധിച്ച് പൂർണ്ണ സംതൃപ്തിയടയുന്ന ഒരു മനസ്സും, ദീനിന്റെ വിധികളെക്കുറിച്ച് ശ്രദ്ധാലുവായ ഒരു ഹൃദയവും, ദൈവപ്രീതിക്കുവേണ്ടിയുള്ള അന്വേഷണത്തിൽ മുഴുകിയ ഒരാത്മാവും പ്രദാനം ചെയ്യുന്നു. അങ്ങനെ അവൻ അല്ലാഹുവിനെ അനുസരിക്കാൻ സർവ്വഥാ സന്നദ്ധനായിത്തീരുന്നു. ദൈവസമക്ഷത്തിൽനിന്നു് എന്തൊരു ആജ്ഞ വന്നാലും അത് പ്രാവർത്തികമാക്കാൻ വെമ്പൽകൊള്ളുന്നു. അവന്റെ ഹൃദയമാകുന്ന നിലം മതനിർദ്ദേശങ്ങളുടെ വല്ലി

വിത്തുമിട്ടാൽ വേഗം അങ്കുരമെടുത്ത് തഴച്ചുവളരാൻ മാത്രം പാകമായിത്തീരുന്നു. ഇതുകൊണ്ട് തന്നെയാണ് അവയെ ഇസ്ലാമിൻെറ സ്തംഭങ്ങൾ എന്നു് പറയപ്പെടുന്നത്. ദീനിൻെറ ബാക്കി ഭാഗങ്ങൾക്ക് അവലംബമാണവയെന്നർത്ഥം. ഇസ്ലാമിക പ്രവാചകൻ ആ കർമ്മങ്ങൾക്ക് നല്കിയ വിശേഷണം ഏററവും അന്വർത്ഥമായിട്ടുണ്ട്.

# ജീവിത വ്യവസ്ഥ

ഇസ്ലാമിന്റെ വിശ്വാസപരവും കർമ്മപരവുമായ അടിസ്ഥാനങ്ങൾ നാം ഗ്രഹിച്ചു. ഇനി അതിന്റെ പൂർണ്ണരൂപം മനസ്സിലാക്കുക.

വൃക്ഷത്തിൽ ഇലകളും പൂക്കളും ഫലങ്ങളും പ്രത്യക്ഷപ്പെടുന്നത് അതിന്റെ ബീജത്തിന്നനുസൃതമായാണ്. അതുതന്നെയാണ് മതാദ്ധ്യാപനങ്ങളുടെ സ്വഭാവവും. അതായത്, മതത്തിന്റെ അടിസ്ഥാന വിഭാവനത്തിന്നനുസാരമായിരിക്കും അതിന്റെ അദ്ധ്യാപനങ്ങൾ. മറെറാരു ഭാഷയിൽ, മതത്തിന്റെ അദ്ധ്യാപനങ്ങൾ അതിന്റെ അടിസ്ഥാന വിഭാവനത്തിന്റെ പ്രതിച്ഛായയായിരിക്കും. അതിനാൽ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ പൂർണ്ണരൂപം മനസ്സിലാക്കുന്നതിന്ന ആദ്യമായി ഇസ്ലാമിന്റെ മതവിഭാവനം ഗ്രഹിക്കേണ്ടതാണ്.

## മതം: വ്യത്യസ്ത വിഭാവനകൾ

മതത്തെപ്പററി മൂന്നു്തരം വിഭാവനകളാണ് കാണപ്പെടുന്നത്.

1) മനുഷ്യനെസംബന്ധിച്ചേടത്തോളം ഇഹലോകം ഒരു കാരാഗൃഹമാണ്. ആത്മാവ് ശരീരമാകുന്ന പഞ്ജരത്തിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. മനുഷ്യനിൽ കാണപ്പെടുന്ന ഭൗതികാഭിലാഷങ്ങൾ ആ പഞ്ജരത്തിന്റെ അഴികളത്രെ. ആ കാരാഗൃഹത്തിന്റെ ഭിത്തികൾ സ്വകരങ്ങൾകൊണ്ടു് തല്ലിത്തകർക്കുകയും ശരീരമാകുന്ന പഞ്ജരത്തിൽനിന്നു് ആത്മാവിനെ സ്വതന്ത്രമാക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ മുക്തിപ്രാപിക്കുന്നു. അവൻ ലോകപരിത്യാഗം ചെയ്യുകയും, ജനവാസ പ്രദേശങ്ങളിൽനിന്നു് മാറിയകന്നു് വിജനമായ ഏതെങ്കിലും കോണിൽ, ഇഛാഭിലാഷങ്ങളെ നിഗ്രഹിച്ച് ദൈവധ്യാനത്തിൽ നിരതനാവുകയും വേണം. എങ്കിൽ മാത്രമേ ദിവ്യദർശനത്തിനും ദൈവപ്രാപ്തിക്കും മുമ്പിൽ ആത്മാവിനു വിഘാതമായി നില്ക്കുന്ന തിരശ്ശീലനീങ്ങുകയുള്ളു. അതിനാൽ തപസ്സുകൾചെയ്തു് ഇഹലോകമാകുന്ന മായാജാലത്തിൽ നിന്നു പുറത്തുകടക്കുകയാണ് മനുഷ്യന്റെ കർത്തവ്യം.

മതത്തിന്റെയും ദൈവഭക്തിയുടെയും ഉപര്യുക്ത വിഭാവനത്തിന്നു 'സന്യാസ'മെന്നും 'യോഗ'മെന്നും പറയുന്നു.

2) ലോകപരിത്യാഗവും ശരീരപീഡനവും ആവശ്യമില്ല. ഐഹിക വ്യവഹാരങ്ങളിലേർപ്പെട്ടും, ന്യായമായ പരിധിവരെ നൈസർഗ്ഗികാഭിലാഷങ്ങൾ പൂർത്തീകരിച്ചും ദൈവത്തെ ആരാധിക്കുകയാണ് വേണ്ടത്. വ്യക്തിജീവിതത്തിൽ മതത്തിന്റെ നിശ്ചിത നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടണം. ബാക്കി ജീവിതത്തിൽ മനുഷ്യൻ സ്വതന്ത്രനാണ്. കാരണം, മതവും ആരാധനയും വ്യക്തിയുടെ കാര്യമാണ്; സമൂഹത്തിന്റെ കാര്യമല്ല. മററു ഭാഷയിൽ, മനുഷ്യനും ദൈവവും തമ്മിലുള്ള

സ്വകാര്യ എടപാടാണ് മതം. മനുഷ്യന്റെ സാമൂഹ്യ പ്രശ്നങ്ങളും വ്യവഹാരങ്ങളുമായി മതത്തിന്ന് വേഴ്ചയില്ല; ഉണ്ടാവേണ്ടതുമില്ല. ആ വക കാര്യങ്ങളിൽ ഉചിതമെന്ന് തോന്നുന്ന ഏത് മാർഗ്ഗവും ഏത് ജീവിത വ്യവസ്ഥയും സ്വീകരിക്കുവാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. ദൈവവും മതവും അതിൽ ഇടപെടുകയില്ല.

3) ലോകപരിത്യാഗവും ശരീരപീഡനവും തെററാണെന്ന പോലെ, മതത്തെ മനുഷ്യന്റെ സ്വകാര്യജീവിതത്തിന്റെ മാത്രം പ്രശ്നമായി കരുതുന്നതും തെററാണ്. ആരാധനാലയത്തിലെന്ന പോലെ ഭവനം, കൃഷിയിടം, അങ്ങാടി, സാമ്പത്തിക രാഷ്ട്രീയ രംഗങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും മതത്തിന്നു നിയമങ്ങളുണ്ട്. അവിടങ്ങളിലെല്ലാം മനുഷ്യനു ദൈവാടിമത്തത്തിന്റേതായ ചുമതലകൾ നിർവ്വഹിക്കാനുണ്ട്. അവിടെ നിന്നൊന്നും മനുഷ്യൻ ഓടിയകലേണ്ടതില്ല; ഇഷ്ടമുള്ളതെന്തും അവന്ന് ചെയ്യാവതുമല്ല. ദൈവത്തിനു ദാസവൃത്തി ചെയ്യുവാൻ നല്കപ്പെട്ടതാണ് മനുഷ്യന്റെ സമസ്തകഴിവുകളും. അവയെ നിഗ്രഹിക്കുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടുള്ളതല്ല. മത നിഷ്ഠയും ദൈവഭക്തിയുമെന്നാൽ വ്യഷ്ടിഗതവും സമഷ്ടിഗതവുമായ ജീവിതത്തിൽ മനുഷ്യൻ ദൈവത്തിന്റെ വിധിവിലക്കുകളും ഹിതാഹിതങ്ങളും അനുസരിക്കുക എന്നതാണ്. അവൻ ദേവാലയത്തിൽ ദൈവത്തെ ആരാധിക്കുന്നുവെങ്കിൽ പുറത്തും അവന്റെ ആജ്ഞകൾ പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. മനുഷ്യന്റെ ഐഹിക ജീവിത വ്യവസ്ഥ മുഴുവനായും അവന്റെ നാഥന്റെ അഭീഷ്ടമനുസരിച്ചുള്ളതാവണം.

## ഇസ്‌ലാം സന്യാസമല്ല

ഈ മൂന്നു വിഭാവനകളിൽ ആദ്യത്തെ വിഭാവനയെടുക്കാം. ഇസ്ലാം തീർച്ചയായും ആ വിഭാവന പ്രകാരമുള്ള ഒരു മതമല്ല. ആ വിഭാവനയെ പ്രഥമവീക്ഷണത്തിൽതന്നെ തള്ളാൻ പ്രേരി

പ്പിക്കുന്നതാണ് ഇസ്ലാമിലെ ഓരോ കാര്യവും. നാം മുമ്പ് വിവരിച്ച ഇസ്ലാമിൻെറ വിശ്വാസപരവും കർമ്മപരവുമായ അടിസ്ഥാനങ്ങൾ വിശേഷിച്ചും. പ്രസ്തുത അടിസ്ഥാനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു:

ഒന്നു്, ഇസ്ലാമിൽ ദൈവം പരമ പ്രാപ്യമായ ഒരു ലക്ഷ്യം മാത്രമല്ല; മനുഷ്യൻെറ സാക്ഷാൽ വിധികർത്താവും നിയമവിധാതാവുംകൂടിയാണ്. ദൈവം മനുഷ്യൻെറ കേവലമൊരു ലക്ഷ്യമെന്നതിൽ കവിഞ്ഞൊന്നുമല്ലാതിരിക്കുമ്പോൾ മാത്രമാണ്, ലോകപരിത്യാഗവും ആത്മപീഡനവും ധ്യാനവും തപസ്സും വഴി ഈശ്വരസാക്ഷാല്ക്കാരം സാധിക്കുകയെന്ന സിദ്ധാന്തം ശരിയാവുക. പക്ഷെ, ദൈവം മനുഷ്യൻെറ വിധികർത്താവും നിയമനിർമ്മാതാവുമാണ് എന്നു് വരുമ്പോൾ അവന്നു് ചില നിയമങ്ങളും നിരോധങ്ങളും ഉണ്ടാവണമെന്നും മനുഷ്യൻ അവ പാലിക്കണമെന്നും അനിവാര്യമായും വന്നുചേരുന്നു. അതിനാൽ ദൈവധ്യാനത്തിലും ദൈവാരാധനയിലും മുഴുകുക മാത്രമല്ല, ജീവിതരംഗത്തിറങ്ങി, ദൈവത്തിൻെറ വിധിവിലക്കുകൾ പാലിച്ച് അനുസരണമുള്ള പ്രജയാണെന്നു് തെളിയിക്കുകയാണ് മനുഷ്യൻെറ കർത്തവ്യം.

രണ്ടു്, ഇസ്ലാം അധിഷ്ഠിതമായ പഞ്ചസ്തംഭങ്ങളിൽ മിക്കതും—നമസ്കാരം, സാകത്ത്, ഹജ്ജ്—യഥാവിധി നിർവ്വഹിക്കുവാൻ ഏതോ വിധത്തിലുള്ള ഒരു സാമൂഹ്യത അവശ്യം ആവശ്യമാണ്. ഏകാന്തതയുടെ മുക്കുമൂലകളിൽ സാമൂഹ്യത സാധ്യമല്ലല്ലോ. ഇസ്ലാമിൻെറ കർമ്മപരമായ അടിത്തറകൾ പോലും സ്ഥാപിക്കാൻ സാധിക്കാതെ വരുന്നേടത്ത് ഇസ്ലാമികസൗധം എങ്ങിനെ പടുത്തുയർത്താൻ സാധിക്കും?

മൂന്നു, ഇസ്ലാമിൻെറ ഈ സ്തംഭങ്ങൾ ആരാധനകളായിരിക്കെ തന്നെ ദീനിൻെറ ഒട്ടുവളരെ സാമൂഹ്യമൂല്യങ്ങളും സാമൂ

ദായിക താല്പര്യങ്ങളും അവയിൽ അന്തർലീനമായിട്ടുണ്ടെന്നു് കാണാം. അവ വെവ്വേറെ നിർവ്വഹിക്കുന്നതിനു പകരം സാമൂഹ്യമായി നിർവ്വഹിക്കണമെന്നു് നിർദ്ദേശിക്കപ്പെട്ടതിൻെറ രഹസ്യം അതാണ്. ഇസ്ലാമിൻെറ കർമ്മപരമായ അടിസ്ഥാനങ്ങളിൽനിന്നു് പ്രകടമാവുന്ന. മതത്തിൻെറയും ദൈവഭക്തിയുടെയും പ്രകൃതി ഏകാന്തവാസത്തിൻെറയും ആത്മപീഡനത്തിൻെറയും സമ്പ്രദായവുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നില്ല എന്നാണിതിന്നർത്ഥം. മാത്രമല്ല, സാമൂഹ്യാന്തരീക്ഷത്തിൽ നിന്നു് വിട്ടുമാറി, നോമ്പ് നമസ്കാരാദി കർമ്മങ്ങൾ വ്യക്തിപരമായി അനുഷ്ഠിക്കുകയാണെങ്കിൽ പ്രസ്തുത ആരാധനകൾകൊണ്ടു് ശരീഅത്ത് ഉദ്ദേശിക്കുന്ന ഫലങ്ങൾ ലഭിക്കുന്നതുമല്ല.

നാല്, ആ അഞ്ചുകാര്യങ്ങളെയും ഇസ്ലാമിൻെറ സ്തംഭങ്ങൾ എന്നാണ്, പൂർണ്ണ ഇസ്ലാം എന്നല്ല പറഞ്ഞിരിക്കുന്നത്. ഇസ്ലാം ആ അഞ്ചുകാര്യങ്ങളുടെ മാത്രം സമാഹാരമല്ലെന്നും, മററു പല കാര്യങ്ങൾകൂടി ഉൾക്കൊള്ളുന്നുവെന്നും ഇത് വ്യക്തമാക്കുന്നു. ആ സ്തംഭങ്ങൾക്ക് അനിതരമായ സ്ഥാനവും പ്രാധാന്യവുമുണ്ടെന്നത് ശരി. പക്ഷെ, സ്തംഭങ്ങളെയും ഭിത്തികളെയും മാത്രം നാം കെട്ടിടമെന്നു് വിളിക്കാറില്ല. കെട്ടിടമെന്ന പേരർഹിക്കണമെങ്കിൽ സ്തംഭങ്ങൾക്കും ഭിത്തികൾക്കും മീതെ മേൽപ്പുരകൂടി ഉണ്ടായിരിക്കണം. അതിനാൽ ഇസ്ലാമിന്നും ഒരു മേൽപ്പുര ഉണ്ടായിരിക്കണം. ആ അഞ്ചുകാര്യങ്ങൾ അതിന്നു സ്തംഭമായിരിക്കയും വേണം. അപ്പോൾ മാത്രമേ അതൊരു കെട്ടിടമാകയുള്ളൂ. ഇസ്ലാമിൻെറ മേൽപ്പുര പഞ്ചകർമ്മങ്ങൾക്ക് പുറമെയുള്ള അതിൻെറ അദ്ധ്യാപനങ്ങളാണെന്നു് സ്പഷ്ടമാണ്. എന്നാൽ അവയിൽ ഒട്ടേറെ അദ്ധ്യാപനങ്ങൾ പ്രശ്ന ബഹുലമായ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടവയും ഏകാന്തജീവിതത്തിൽ തീരെ പ്രായോഗികമാക്കാൻ കഴിയാത്തവയുമാണ്. ഏകാ

ന്തജീവിതത്തിൽ നമസ്കാരം, നോമ്പ് തുടങ്ങിയ അടിസ്ഥാന കർമ്മങ്ങളാം നിർവ്വഹിക്കുവാൻ സാധ്യമാണെന്നു് വാദത്തിനു് വേണ്ടി സമ്മതിച്ചാലും ശരിയായ അർത്ഥത്തിൽ അതു് ഇസ്ലാമിനെ പിൻപററലാകുന്നില്ല. കാരണം ആ നാലഞ്ചുകാര്യങ്ങളുടെ ബാധ്യത നിറവേററുന്നതും പൂർണ്ണ ഇസ്ലാമിൻെറ ബാധ്യത നിറവേററുന്നതും തമ്മിൽ അന്തരമുണ്ട്. ഇസ്ലാം ആ അഞ്ചുകാര്യങ്ങളിൽ മാത്രം പരിമിതമായിരുന്നെങ്കിൽ അവയുടെ നിർവ്വഹണം ഇസ്ലാമിൻെറ ബാധ്യത പൂർണ്ണമായി നിറവേററലാണെന്നു് സമ്മതിക്കാമായിരുന്നു. പക്ഷെ, അങ്ങിനെ വാദിക്കാൻ യാതൊരു പഴുതുമില്ലെന്നു് സ്പഷ്ടമാണ്.

ഇസ്ലാമിൻെറ വിശ്വാസപരവും കർമ്മപരവുമായ അടിസ്ഥാനങ്ങളിൽ അന്തർലീനമായ ഈ വസ്തുതകൾ ഇസ്ലാമിനു സന്യാസത്തോടോ, സന്യാസത്തിനു ഇസ്ലാമിനോടോ യാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാക്കുന്നു.

ഇനി ഖുർആനും ഹദീസും സന്യാസത്തെപ്പററി എന്തു പറയുന്നുവെന്നു പരിശോധിക്കാം. നബി (സ) പറയുന്നു:

لَا رَهْبَانِيَّةَ فِي الْإِسْلَامِ (نيل الاوطار جلد ٦ كتاب النكاح)

(ഇസ്ലാമിൽ സന്യാസമില്ല.)

ഹ: ഉസ്മാനുബ്നു മസ്ഊൻ (റ) നൈസർഗ്ഗികമായ ലൈംഗിക വികാരം നശിപ്പിക്കുന്നതിനു വൃഷണം ഉടക്കുവാൻ അനുവാദം ആവശ്യപ്പെട്ടപ്പോൾ നബി (സ) അതിനെ എതിർത്തു കൊണ്ടു പറഞ്ഞു:

إِنَّ اللّٰهَ اَبْدَلَنَا بِالرَّهْبَانِيَّةِ الْحَنِيفِيَّةَ السَّمْحَةَ

(نيل الاوطار ج ٣)

(സന്യാസത്തിനു പകരം സുഗമവും സരളവുമായ ഇബ്രാഹീമീ മതത്തെ അല്ലാഹു നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു)

സന്യാസത്തെ മതമെന്നും ഭക്തിയുടെ പാരമ്യമെന്നും ധരിച്ചുവശായ ക്രൈസ്തവ പുരോഹിതന്മാരെ അധിക്ഷേപിച്ചുകൊണ്ടു ഖുർആൻ പറയുന്നു:

وَرَهْبَانِيَّةً ابْتَدَعُوهَا مَا كَتَبْنَاهَا عَلَيْهِمْ (الحديد)

(അവർ സന്യാസത്തിന്റെ സ്വയംകൃത മാർഗ്ഗമവലംബിച്ചു. നാം അവരോടതു് കല്പിച്ചിട്ടില്ല.)

ഇസ്ലാം മാത്രമല്ല, ദൈവത്താൽ നിയുക്തമായ ഒരു മതവും സന്യാസം ഉപദേശിച്ചിട്ടില്ലെന്നു് ഈ ഖുർആൻ വാക്യം സ്പഷ്ടമാക്കുന്നു. സന്യാസത്തെ ഭക്തിമാർഗ്ഗമായി സ്വീകരിച്ചവർ സ്വയം കെട്ടിച്ചമച്ചതാണതു്. ദൈവിക മതങ്ങളിൽ അതിനു യാതൊരു സ്ഥാനവുമില്ല. ദൈവിക മതത്തിന്റെ അന്തസ്സത്തയുമായി ഒരു വിധത്തിലും അതു് പൊരുത്തപ്പെടുന്നുമില്ല.

ദീനിന്റെ അന്തസ്സത്തയും അടിസ്ഥാനപരമായ വിശ്വാസ കർമ്മങ്ങളുമെന്നപോലെ അതിന്റെ ശാഖോപശാഖകളായ അദ്ധ്യാപനങ്ങളും സന്യാസ ചിന്താഗതിയെ നിശ്ശേഷം തിരസ്കരിക്കുന്നു. ബ്രഹ്മചര്യം, ഷണ്ഡീകരണം, നിരന്തരമായ വ്രതാനുഷ്ഠാനം, രാത്രി കാലങ്ങളിൽ പോലും അന്നപാനീയങ്ങൾ കഴിക്കാതെ വ്രതമനുഷ്ഠിക്കൽ, സംസാര ശക്തി നശിപ്പിക്കൽ, ശരീരത്തിനു വിശ്രമം നല്കാതെ, ഭാര്യയോടും കുടുംബത്തോടുമുള്ള കടപ്പാടുകൾ നിറവേററാതെ ഉറക്കമൊഴിച്ച് ആരാധന നടത്തൽ മുതലായ സന്യാസപരമായ ആചാരങ്ങളെ നബി (സ) കർശനമായി വിരോധിച്ചിട്ടുണ്ടു്.

## വ്യക്തിജീവിതത്തിൽ പരിമിതമല്ല

മതത്തെപ്പററിയുള്ള രണ്ടാമത്തെ വിഭാവനവും ഇസ്ലാമുമായി പൊരുത്തപ്പെടുന്നില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള സ്വകാര്യ ഏടപാടാണ് മതമെന്ന സങ്കല്പത്തെ ഇസ്ലാം അംഗീകരിക്കുന്നില്ല. എങ്കിൽ അതിൻെറ അദ്ധ്യാപനങ്ങൾ കേവലം വ്യക്തിജീവിതത്തിൽ പരിമിതമാവേണ്ടതായിരുന്നു. ഏതാനും പള്ളികാര്യങ്ങൾ പറയുക, നോമ്പ് നമസ്കാരാദി കർമ്മങ്ങൾ കല്പിക്കുക, ചില ധാർമ്മികോപദേശങ്ങളും സാമൂഹ്യ സാംസർഗ്ഗിക നിർദ്ദേശങ്ങളും നൽകുക, പിന്നെ മൗനം പൂണ്ടിരിക്കുക— ഇത്ര മാത്രമേ ചെയ്യുമായിരുന്നുള്ളു. പക്ഷെ, യാഥാർത്ഥ്യം മറിച്ചാണെന്നു് ഖുർആനിൻെറയും സുന്നത്തിൻെറയും ഓരോ പേജും സാക്ഷ്യം വഹിക്കുന്നു. പള്ളികളിലും സ്വകാര്യ ജീവിത തുറകളിലും പരിമിതമല്ല ഇസ്ലാം. പ്രത്യുത, വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലും, രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിലും, നാഗരിക വേദികളിലും, ഭരണ മണ്ഡലങ്ങളിലും എന്നുവേണ്ട, ജീവിതത്തിൻെറ നാനാ തുറകളിലും ഇസ്ലാമിന്നു നിയമങ്ങളും നിരോധങ്ങളുമുണ്ട്. ഇതിലേതെങ്കിലുമൊന്നിനെ പററി അതു 'ദീനിൽ കൂട്ടതലാ'ണെന്നു് പറയാവതല്ല. വ്യഭിചാരിയ്ക്കു് 'നൂറടി' ശിക്ഷ നൽകണമെന്നു് ഖുർആൻ വിധിക്കുന്നു. പോലീസിനോടും കോടതിയോടും ഭരണകൂടത്തോടും ബന്ധപ്പെട്ട ഒരു നിയമമാണ് ഇതെന്നും, അതിനാൽ അതൊരു സാമൂഹ്യ പ്രശ്നമാണെന്നും മനസ്സിലാക്കാം. ഈ ക്രിമിനൽ നിയമത്തെ 'അല്ലാഹുവിൻെറ ദീൻ' എന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്.

وَلَا تَأْخُذْكُمْ بِهِمَا رَأْفَةٌ فِي دِينِ اللهِ (النور)

"അല്ലാഹുവിൻെറ ദീൻ നടപ്പാക്കുന്നതിൽ അവർ ഇരുവരോടും നിങ്ങൾ ദാക്ഷിണ്യം കാണിക്കരുത്."

അപ്പോൾ, വ്യഭിചാരികളെ ചാട്ടവാർകൊണ്ട് പ്രഹരിക്കണമെന്ന നിർദ്ദേശം ഖുർആനിൻെറ ദൃഷ്ടിയിൽ അല്ലാഹുവിന്റെ ദീനാണെന്നും, അതിന്നു പുറത്തുള്ള ഒരു കാര്യമല്ലെന്നും വ്യക്തമായി. മറെറാരുദാഹരണം കാണുക:

കൊല്ലത്തിൽ നാലു പവിത്ര മാസങ്ങളുണ്ട്. ആ മാസങ്ങളിൽ യുദ്ധം ചെയ്യരുതെന്നു് ഖുർആൻ കല്പിക്കുന്നു. യുദ്ധ നിയമങ്ങളിൽ പെട്ടതാണ് ഈ കൽപനയെന്നു് സ്പഷ്ടം. യുദ്ധമാകട്ടെ, സാമൂഹ്യജീവിതത്തിൻെറ ഏററവും ഒടുവിലത്തെ പ്രശ്നങ്ങളിൽ പെട്ടതുമാണ്. ഈ നിയമത്തെയും ഖുർആൻ 'ദീനുൽ ഖയ്യിം' (നേരായ ദീൻ) എന്നു വിശേഷിപ്പിക്കുന്നു:

مِنْهَا أَرْبَعَةٌ حُرُمٌ ذَٰلِكَ الدِّينُ الْقَيِّمُ (التوبة)

"അവയിൽ നാലെണ്ണം (യുദ്ധം നിരോധിക്കപ്പെട്ട) പവിത്ര മാസങ്ങളാകുന്നു. അതത്രെ നേരായ ദീൻ."

പ്രസ്തുത നാലുമാസങ്ങളുടെ പവിത്രത പാലിക്കണമെന്നും യുദ്ധം അഴിച്ചുവിട്ട് അത് നശിപ്പിക്കരുതെന്നുമുള്ള നിർദ്ദേശം ദീനിൻെറ ഒരു ഭാഗമാണെന്നും ദീനിൽ നിന്നു് വേറിട്ട യാതൊന്നുമല്ലെന്നും താൽപര്യം.

ഖുർആനിൻെറ സാമൂഹ്യ നിയമങ്ങളെ മാത്രമല്ല, ഇതര മതങ്ങളിലെയും സമുദായങ്ങളിലെയും സാമൂഹ്യ നിയമങ്ങളെയും ഖുർആൻ 'ദീൻ' എന്നു് വിശേഷിപ്പിക്കുന്നു. യൂസുഫ് നബി (അ) തൻെറ സഹോദരനെ തടഞ്ഞു വെച്ച സംഭവത്തെപ്പററി ഖുർആൻ പറയുന്നു:

مَا كَانَ لِيَأْخُذَ أَخَاهُ فِي دِينِ الْمَلِكِ (يوسف)

"ഈജിപ്തിലെ രാജാവിന്റെ 'ദീന്'നുസരിച്ച് അദ്ദേഹത്തിനു തന്റെ സഹോദരനെ തടഞ്ഞുവെക്കാൻ അധികാരമില്ല."

'ഈജിപ്തിലെ രാജാവിന്റെ ദീൻ' എന്നതുകൊണ്ടു വിവക്ഷ. അവിടത്തെ ഭരണ നിയമവും ക്രിമിനൽ നിയമവുമെന്നു് സ്പഷ്ടം.

അല്ലാഹുവിന്റെയും നബി (സ) യുടെയും എല്ലാ ആജ്ഞകളും മതത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണെന്നു് വ്യക്തമാകുവാൻ ഇത്രയും ഉദാഹരണങ്ങൾ മതി.

'ഇസ്ലാം' എന്ന പദത്തിന്റെ വിവക്ഷ 'നിരുപാധികമായ ദൈവാനുസരണം' എന്നാണെങ്കിൽ ദൈവത്തിന്റെ ഏതെങ്കിലും കല്പനയെ അനുസരിക്കാതിരിക്കാൻ എങ്ങനെ സാധിക്കും? അതുപോലെ അല്ലാഹുവിന്റെ നിയമങ്ങളിൽ ചിലതു് അവൻ അവതരിപ്പിച്ച ദീനിൽ പെട്ടതല്ലെന്നും, അവ അനുസരിക്കുവാൻ ദീൻ കല്പിക്കുന്നില്ലെന്നും കരുതുവാൻ എങ്ങനെ സാധിക്കും?

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് രണ്ടു കാര്യങ്ങൾ സ്പഷ്ടമാകുന്നു. ഒന്നു്, പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും മനുഷ്യന്റെ വ്യക്തിപരവും സാമൂഹ്യവുമായ എല്ലാ പ്രശ്നങ്ങളെയും സംബന്ധിച്ച നിയമങ്ങളുണ്ടു്. രണ്ടു്, ആ നിയമങ്ങളോരോന്നും മതത്തിന്റെ അവിഭാജ്യഘടകമാണു്. ഈ രണ്ടു യാഥാർത്ഥ്യങ്ങളും മുമ്പിലിരിക്കെ ഇസ്ലാം സ്വകാര്യ ജീവിതത്തിൽ പരിമിതമാണെന്നും സാമൂഹ്യപ്രശ്നങ്ങളുമായി അതിന്നു് യാതൊരു ബന്ധവുമില്ലെന്നും ചിന്തിക്കാനോ പറയാനോ സാധിക്കുന്നതെങ്ങിനെ?

## ഇസ്ലാം ഒരു സമ്പൂർണ്ണ വ്യവസ്ഥ

ഇപ്പോൾ രാത്രിയല്ലെന്നു് സ്ഥിരപ്പെടുന്നതോടെ അനിവാര്യമായും പകലാണെന്നു സമ്മതിക്കേണ്ടിവരുന്നു. അതേപോലെ

ഇസ്ലാം സന്യാസത്തെ ശരിവെക്കുന്നില്ലെന്നും സ്വകാര്യ ജീവിതത്തിൽ പരിമിതമല്ലെന്നും സ്ഥിരീകരിക്കപ്പെടുന്നതോടെ അതൊരു പരിപൂർണ്ണ ജീവിതവ്യവസ്ഥയാണെന്നത് സ്വയം വ്യക്തമാണ്. വായുമണ്ഡലം ഭൂഗോളത്തെയെന്നപോലെ മാനവ ജീവിതത്തിന്റെ വിശ്വാസപരവും ചിന്താപരവും കർമ്മപരവും സദാചാരപരവുമായ സമസ്തശാഖകളെയും അത് ചൂഴ്ന്നുനിൽക്കുന്നു. ഈ വാദത്തിന്നുള്ള വ്യക്തമായ തെളിവുകൾ മുമ്പിൽ വരുന്നതിന്ന് ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ ഒരു സാമാന്യചിത്രം ഇവിടെ വരച്ചു കാണിക്കാം. അതിന്നു മുമ്പ് ചില അടിസ്ഥാന കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.

ഒന്ന്, ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ സമസ്തശാഖകളും ഒരേ കേന്ദ്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അവയിൽ ഉടനീളം ഒരേ ചൈതന്യമാണ് കളിയാടുന്നത്. ഈ ഗ്രന്ഥത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ വിവരിച്ച ആ അടിസ്ഥാന വിശ്വാസങ്ങളാണ് ഈ കേന്ദ്രവും ചൈതന്യവും. വിശിഷ്യാ, അല്ലാഹു നമ്മുടെ പരമമായ ആരാധ്യനും സാക്ഷാൽ വിധികർത്താവും യഥാർത്ഥ നിയമ നിർമ്മാതാവുമെന്ന ദൃഢവിശ്വാസം. ഈ അടിസ്ഥാന വിശ്വാസത്തിൽ നിന്നാണ് ഇസ്ലാമിക ജീവിത വ്യവസ്ഥ മുഴുവൻ ഉയിരെടുക്കുന്നത്. അതുകൊണ്ട് ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ ഏതെങ്കിലും ഒരുവശത്തെ വിലയിരുത്താനാഗ്രഹിക്കുന്നവർ അതിന്റെ ബാഹ്യരൂപം മാത്രം വീക്ഷിച്ചാൽ പോരാ, ആ അടിസ്ഥാനത്തോടുകൂടി വീക്ഷിക്കേണ്ടതാണ്.

രണ്ട്, ഇസ്ലാമികവ്യവസ്ഥയുടെ പ്രയോഗവല്ക്കരണം, അല്ലാഹുവിലും അവന്റെ ഗുണവിശേഷങ്ങളിലും അന്ത്യദിനത്തിലും അന്ത്യപ്രവാചകരിലും ദൃഢവും ആത്മാർത്ഥവുമായ വിശ്വാസം പുലർത്തുന്ന, ശരിയായ അർത്ഥത്തിൽ ഇസ്ലാമിനെ പിൻപറ്റുന്ന ഒരു മുസ്ലിം സൊസൈററിയെ ആശ്രയിച്ച് സ്ഥിതി

ചെയ്യുന്നു. ഇത്തരം ഒരു സമൂഹവുമായി ബന്ധപ്പെട്ടുതന്നെ വേണം ഇസ്ലാമിക വ്യവസ്ഥയുടെ മഹത്വം നിർണ്ണയിക്കുക. ആയുധം എത്ര മേത്തരമായാലും ആയോധനകലയിൽ നിപുണനായ ഒരാളുടെ കയ്യിൽ മാത്രമേ അതുശോഭിക്കൂ. അത് പോലെ ഒരു യഥാർത്ഥമുസ്ലിം സമൂഹത്തിൻെറ വിഭാവനം കൂടാതെ ഇസ്ലാമിക വ്യവസ്ഥയുടെ പ്രായോഗിക മഹത്വവും പ്രാധാന്യവും വേണ്ടവണ്ണം ഗ്രഹിക്കാനാവുകയില്ല.

മൂന്ന്, ഒരു യന്ത്രത്തിൻെറ ഘടകങ്ങൾ എന്നപോലെ, ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ വിവിധ ശാഖകൾ അന്യോന്യം അഭേദ്യമായി ബന്ധപ്പെട്ടു സ്ഥിതിചെയ്യുന്നു. സൈദ്ധാന്തികാപഗ്രഥനത്തിനു അവയെ വിഭജിക്കാമെങ്കിലും പ്രായോഗിക രംഗത്ത് അന്യോന്യം വേർതിരിച്ചു നിർത്തുക പ്രായേണ അസാദ്ധ്യമാണ്. അവയെല്ലാം ഒററഘടകമാണ്, പ്രായോഗികത്തിൽ. വ്യവസ്ഥ മുഴുവൻ ഒന്നായി കറങ്ങിക്കൊണ്ടിരുന്നാലല്ലാതെ ഒരു ഘടകത്തിന്നും സ്വന്തം മഹത്വം പ്രകടിപ്പിക്കുവാൻ കഴിയുകയില്ല. ഒരു ഘടകത്തിൻെറ ഗുണം മനസ്സിലാക്കുവാൻ മററു ഘടകങ്ങൾ മുമ്പിലുണ്ടായിരിക്കണം.

ഇനി നമുക്ക ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ വിശദീകരണത്തിലേക്ക് കടക്കാം.

## ആത്മീയവ്യവസ്ഥ

ഇസ്ലാമിക വ്യവസ്ഥയിൽ മുഖ്യവും കേന്ദ്ര പ്രാധാന്യമർഹിക്കുന്നതുമായ ഘടകം മനുഷ്യൻെറ ആഭ്യന്തരവശത്തെ ബാധിക്കുന്ന ഭാഗമാണ്. സാമാന്യമായി അതിനെ ഇസ്ലാമിൻെറ ആത്മീയ വ്യവസ്ഥ എന്നു പറയാം. മനുഷ്യാത്മാവ് ദേഹേച്ഛയുടെ അടിമത്തത്തിൽനിന്നും ഭൗതികപൂജയിൽനിന്നും സ്വതന്ത്രവും പരിശുദ്ധവുമാവുകയും ദൈവസ്നേഹത്തിൻെറയും ദൈവ

ഭക്തിയുടെയും ദൈവഹിതാനുസരണത്തിൻെറയും വികാര വായ്പിനാൽ ധന്യമാവുകയുമാണ് ഇസ്ലാമിൻെറ ആത്മീയവ്യവസ്ഥയുടെ ലക്ഷ്യം. മനുഷ്യൻ തൻെറ നാഥന്ന് തൃപ്തികരമായതെന്തും തൃപ്തിപ്പെടുക. അവന്ന് അനിഷ്ടകരമായതെല്ലാം പരിത്യജിക്കുക, ദൈവത്തെ തൻെറ കണ്ണുകൊണ്ടു കാണുന്നു എന്ന ഭാവേന ആരാധിക്കുകയും അവൻെറ കല്പനകൾ സ്വജീവിതത്തിൽ പാലിക്കുകയും ചെയ്യുക. അവൻെറ രാജസിംഹാസനത്തിൻെറ മുമ്പിൽ നിന്നാലെന്നപോലെ അവന്നു് അനിഷ്ടകരമായ കാര്യങ്ങളിൽനിന്ന് അകന്നു നില്ക്കുക. ദാഹവിവശനായ ഒരാൾ തണുത്ത വെള്ളത്തിനു വേണ്ടിയെന്നപോലെ അല്ലാഹുവിൻെറ പ്രീതിയാർജ്ജിക്കുവാൻ സാവേശം മുന്നേറുക. സർവ്വോപരി ദൈവമാർഗ്ഗത്തിൽ ധനവും ജീവനും ബലികഴിക്കാൻ സദാ സന്നദ്ധനായിരിക്കുക. ഇതൊക്കെയാണ് ആത്മീയ പരിശുദ്ധിയുടെ ഉദ്ദിഷ്ട മാനദണ്ഡം. ആത്മീയോല്ക്കർഷത്തിൻെറ ഈ ഉന്നത സോപാനത്തിന്ന് ഇസ്ലാമിൻെറ ഭാഷയിൽ 'ഇഹ്സാൻ' എന്നു പറയുന്നു. ആത്മാവിൽ പരിശുദ്ധിയുടെയും ദൈവപ്രേമത്തിൻെറയും ഈ അവസ്ഥ സംജാതമാക്കുന്നതിന്ന് ഇസ്ലാം നിർദ്ദേശിക്കുന്ന മൗലികോപാധികളത്രെ ഇസ്ലാമിൻെറ സ്തംഭങ്ങൾ' എന്നറിയപ്പെടുന്ന അഞ്ചു കാര്യങ്ങൾ. "അടിസ്ഥാന കർമ്മങ്ങൾ" എന്ന അദ്ധ്യായത്തിൽ അവ വിവരിച്ചിട്ടുണ്ട്. അതിനാൽ ഇവിടെ അതാവർത്തിക്കേണ്ടതില്ല.

## ധാർമ്മിക വ്യവസ്ഥ

ഒരാളുടെ ആത്മാവ് ശുദ്ധമോ അശുദ്ധമോ എന്നു് മനസ്സിലാക്കാനുള്ള പ്രഥമോപാധി അവൻെറ സ്വഭാവ ഗുണങ്ങളാകുന്നു. അന്തരംഗം എങ്ങിനെയോ അങ്ങിനെയുള്ള സ്വഭാവമാണ് പുറത്ത് പ്രകടമാവുക. ഇക്കാരണത്താലാണ്, മനുഷ്യൻെറ സ്വഭാവത്തെ അവൻെറ മനുഷ്യത്വത്തിൻെറ കണ്ണാടിയായി പൊതുവെ മനസ്സിലാക്കിവരുന്നത്. ആ നിലക്ക് ആത്മീയ

വ്യവസ്ഥക്ക് ശേഷം, സ്വാഭാവികക്രമമനുസരിച്ച് ധാർമ്മികവ്യവസ്ഥയാണ് മുന്നിട്ടു നിൽക്കേണ്ടത്. ദീനിന്റെ വിധിയും ഇതുതന്നെയെന്നു മനസ്സിലാകുന്നു. (സദാചാരത്തിന്നു വമ്പിച്ച പ്രാധാന്യമാണത് കല്പിച്ചിരിക്കുന്നത്.) ഒരു വിധത്തിൽ ദീനിന്റെ സാരാംശം തന്നെ അതാണെന്നുപോലും പറയാവുന്നതാണ്. നബി (സ) അരുളിച്ചെയ്തത് കാണുക:

بُعِثْتُ لِأُتَمِّمَ حُسْنَ الْأَخْلَاقِ (موطا)

"ഉൽകൃഷ്ട സ്വഭാവങ്ങളുടെ പൂർത്തീകരണത്തിന്നുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്."

اَلْبِرُّ حُسْنُ الْخُلُقِ (مسلم)

"സത്സ്വഭാവമാണ് നന്മ."

ഇതേ കാരണത്താലാണ്, സദാചാര വിഷയകമായി ഇസ്ലാം വളരെ വിസ്തരിച്ചും കൽനമായും നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. ആകയാൽ ഇസ്ലാമിക വ്യവസ്ഥയുടെ ഈ വശം, ഇതര വശങ്ങൾക്ക് മുമ്പായി പരിശോധിക്കുന്നത് സംഗതമായിരിക്കും.

ആദ്യമായി, ഇസ്ലാമിക ധാർമ്മികതയുടെ നിലപാട് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇസ്ലാമിൽ സൽസ്വഭാവവും ദുസ്വഭാവവും, ധർമ്മവും അധർമ്മവും നിർണ്ണിതമാണോ? ആണെങ്കിൽ എന്നെന്നേക്കുമായി നിർണ്ണിതമാണോ? അഥവാ കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്നതാണോ? ഇസ്ലാമിൽ സത്സ്വഭാവവും ദുസ്വഭാവവും തീരുമാനിക്കാൻ നിർണ്ണിതമായ ഒരു 'അതോറിട്ടി' ഉണ്ട് എന്നാണ് മറുപടി. അല്ലാഹുവും റസൂലുമാണ് ഈ അതോറിട്ടി. സത്സ്വഭാവമെന്നു അല്ലാഹുവും റസൂലും പ്രഖ്യാപിച്ചിട്ടുള്ളത് സൽസ്വഭാവമാണ്; അല്ലാഹുവും റസൂലും ദുസ്വഭാ

വമെന്നു് പറഞ്ഞതു് ദുസ്സ്വഭാവവും. അതുകൊണ്ടു് ഇസ്ലാമിൽ സ
ത്സ്വഭാവത്തിന്റെയും ദുസ്സ്വഭാവത്തിന്റെയും പ്രശ്നം തീരുമാനി
ക്കപ്പെട്ട പ്രശ്നമാണു്; മനുഷ്യന്റെ ബുദ്ധിയെയോ അനുഭവങ്ങ
ളെയോ ആശ്രയിച്ചിരിക്കുന്നതല്ല. പൊതുവെ നോക്കുമ്പോൾ
എല്ലാ സമൂഹത്തിലും സുവിദിതങ്ങളായ ചില ധാർമ്മിക ഗുണ
ങ്ങൾ എല്ലാ കാലത്തും നടപ്പിലിരുന്നതായി കാണാവുന്നതാണു്.
അതായത്, ഇസ്ലാമിന്റെ പ്രത്യേക കാര്യങ്ങളൊന്നുമല്ല. അതിന്റെ
പേരിൽ ഇസ്ലാമിക സദാചാരവും സുപരിചിതമായ പൊതു സദാ
ചാരവും ഒന്നാണെന്നു കരുതുന്നതു് വലിയ അബദ്ധമായിരിക്കും.
ഇസ്ലാം ഒരു കർമ്മനയത്തെ സദാചാരമെന്നോ ദുരാചാരമെന്നോ
തീരുമാനിച്ചിട്ടുള്ളതു് ജനങ്ങൾ അങ്ങിനെ പറഞ്ഞും മനസ്സിലാ
ക്കിയും വന്നതുകൊണ്ടല്ല; ബുദ്ധിയും അനുഭവവും അപ്രകാരം നി
ർണ്ണയിച്ചതുകൊണ്ടുമല്ല. പ്രത്യുത, സ്വന്തം തത്വങ്ങളനുസരിച്ചാണു്
ഇസ്ലാം അങ്ങിനെ തീരുമാനം ചെയ്തിട്ടുള്ളതു്. ഇക്കാരണത്താൽ,
സർവ്വസമ്മതങ്ങളായ സ്വഭാവഗുണങ്ങൾ പലതും ഇസ്ലാമികസദാ
ചാരത്തിൽ പെടുന്നുണ്ടെങ്കിലും ഒട്ടുവളരെ കാര്യങ്ങൾ അങ്ങി
നെയല്ലാതെയും ഇസ്ലാമിൽ കാണാവുന്നതാണു്. ഇസ്ലാമിൽ
നന്മയും സത്സ്വഭാവവും ആയിട്ടുള്ള പലതും മററുള്ളവർ അ
ങ്ങിനെ അംഗീകരിക്കുന്നില്ല; അതേപ്രകാരം ഇസ്ലാം തിന്മയെ
ന്നും ദുസ്സ്വഭാവമെന്നും പറയുന്ന ചിലകാര്യങ്ങൾക്കു വളരെയാ
ളുകൾ നന്മയുടെ സ്ഥാനം നൽകുന്നുമുണ്ടു്. ധാർമ്മികതയുടെ
കാര്യത്തിൽ ഇസ്ലാമിന്നു് തനതായ ഒരു മാനദണ്ഡവും സ്വത
ന്ത്രമായ ഒരു വ്യവസ്ഥയും ഉണ്ടെന്നതിന്നു് വ്യക്തമായ ദൃഷ്ടാ
ന്തമാണിതു്. സത്സ്വഭാവവും ദുസ്സ്വഭാവവും ധർമ്മവും അധർമ്മ
വും സംബന്ധിച്ച എല്ലാ തീരുമാനവും ശരീഅത്തു് അതിന്റേ
തായ തത്വവും പ്രകൃതിയുമനുസരിച്ചാണു്, ചെയ്യുന്നതു്.
ചുരുക്കത്തിൽ, ഇസ്ലാമിക സദാചാരത്തിന്നു് സ്വതന്ത്രമായ ഒര
ടിസ്ഥാനമുണ്ടു്. അതു് ഇസ്ലാമിന്റെ മൗലിക സിദ്ധാന്തങ്ങളു
ടെ പ്രത്യക്ഷ ഫലം മാത്രമാണു്; അതുകൊണ്ടുതന്നെ, സ്ഥി

രവും മാററമില്ലാത്തതും. കാലത്തിൻെറ ആവശ്യങ്ങളെ ച്ചൊല്ലി അതിൻെറ ഒരു ശകലം തൽസ്ഥാനത്ത് നിന്നു നീക്കം ചെയ്യപ്പെടാവതല്ല. (സത്യവും വിശ്വസ്തതയും എല്ലാ പരിതസ്ഥിതിയിലും ഉത്തമ മാനുഷിക ഗുണങ്ങളായിത്തന്നെ നിലകൊള്ളും.) നീതിപാലനം, നഷ്ടം നേരിടുന്ന സന്ദർഭത്തിലും, അത്യന്താപേക്ഷിതമാണ്. വാഗ്ദത്തലംഘനം, ശത്രുവിനോടു പോലും, പാടുള്ളതല്ല. ഈ വക സ്വഭാവഗുണങ്ങൾ എല്ലാ പരിതസ്ഥിതിയിലും അതതിൻെറ സ്ഥാനങ്ങളിൽ ഉറച്ചു നിലകൊള്ളുന്നതാണ്. അതെ, ഇസ്ലാമിക ധാർമ്മികമൂല്യങ്ങൾ ഒരവസ്ഥയിലും മാറുന്നതല്ല.

ഇതാണ് ഇസ്ലാമിക ധാർമ്മികതയുടെ നിലപാട്. ഇത് മനസ്സിൽ വെച്ചുകൊണ്ട് ഇസ്ലാമിക ധാർമ്മികത എന്തെന്നു നമുക്കിനി പരിശോധിക്കുക. ആദ്യമായി മനുഷ്യൻെറ പൊതു ജീവിതവുമായി ബന്ധപ്പെട്ടതും അടിസ്ഥാന സ്വഭാവത്തിലുള്ളതുമായ ധാർമ്മികതയെടുക്കാം.

അല്ലാഹു പറയുന്നു:

أَحْسِنْ كَمَا أَحْسَنَ اللهُ إِلَيْكَ (قصص)

“(ജനങ്ങൾക്ക്) നന്മ ചെയ്യുക, അല്ലാഹു നിനക്ക് നന്മ ചെയ്തതു പോലെ.”

......وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ
(آل عمران)

“കോപം വിഴുങ്ങുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്യുന്നവരുമായ (ഭക്തന്മാർക്ക്)........”

إِنَّ اللهَ لَا يُحِبُّ كُلَّ خَوَّانٍ كَفُورٍ (حج)

"യാതൊരു നന്ദികെട്ട വഞ്ചകനെയും അല്ലാഹു ഇഷ്ടപ്പെടു ന്നില്ല."

وَلَا تُبَذِّرْ تَبْذِيرًا (بنى اسرائيل)

"ദുർവ്യയം ചെയ്യരുത്."

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِى الْأَرْضِ مَرَحًا اِنَّ
اللهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ (لقمان)

"ജനങ്ങളിൽനിന്നു മുഖം തിരിച്ചുകളയരുത്. ഭൂമിയിൽ അഹങ്കാരത്തോടെ നടക്കരുത്. യാതൊരു പൊങ്ങച്ചക്കാരനായ ദുരഭിമാനിയെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല."

وَيْلٌ لِكُلِّ هُمَزَةٍ لُمَزَةٍ (همزة)

"എല്ലാ ഏഷണിക്കാർക്കും പരദൂഷകർക്കും നാശം."

നബി (സ) തിരുമേനി അരുൾചെയ്തു:

"സത്യം പുണ്യത്തിലേക്കും പുണ്യം സ്വർഗ്ഗത്തിലേക്കും നയിക്കുന്നു........അസത്യം പാപത്തിലേക്കും പാപം നരകത്തിലേക്കും വഴികാട്ടുന്നു." (മുസ്ലീം, ബുഖാരി)

"റിയാഅ് (കപട നാട്യം) അൽപമായാലും ശിർക്കാണ്." (മിശ്കാത്ത്)

"അക്രമം അരുത്; അക്രമം അന്ത്യദിനത്തിലെ അന്ധകാരമാണ്." (മുസ്ലീം)

"നാലു കാര്യങ്ങളും ഒരുവനിൽ ഉണ്ടായാൽ അവൻ തനി കപട വിശ്വാസിയായി. അവയിലേതെങ്കിലുമൊന്നുണ്ടായാൽ കാപ

ടുത്തിൻെറ ഒരു സ്വഭാവം അവനിലുണ്ടായി: "വിശ്വസി ച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ് പറയുക, വാഗ്ദാ നം ചെയ്താൽ ലംഘിക്കുക, പിണങ്ങിയാൽ ചീത്ത പറയുക." (മുസ്ലിം)

"സൗമ്യതയും പ്രസന്നത്വയും കൈക്കൊള്ളുക; രൂക്ഷതയും പാരു ഷ്യവും വർജ്ജിക്കുക.". (മുസ്ലിം)

"പരദൂഷണം ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന തല്ല." (മുസ്ലിം)

"ജനങ്ങളോട് കരുണ കാണിക്കാത്തവന്ന് അല്ലാഹു കരുണ ചെയ്യുന്നതല്ല. (ബുഖാരി)

"വഞ്ചകനും പിശുക്കനും നന്മ എടുത്തു പറയുന്നവനും സ്വർഗ്ഗ ത്തിൽ പോകുന്നതല്ല." (തിർമദി)

ഇസ്ലാമിൻെറ പൊതുവും മൗലികവുമായ ഈ ധാർമ്മികാ ദ്ധ്യാപനങ്ങൾക്കു ശേഷം ജീവിതത്തിൻെറ പ്രത്യേക മേഖലക ളെ മുന്നിൽ വച്ചു് അത് നൽകിയിട്ടുള്ള സദാചാര ശിക്ഷ ണങ്ങളിലേക്കു കടക്കാം.

മനുഷ്യജീവിതത്തിൻെറ പ്രഥമ മേഖല ഗാർഹിക ജീവിത മാണ്. അവിടെ ഭർത്താവും ഭാര്യയും സന്തതികളും സദാ സഹ വസിക്കുന്നു. ഓരോ വ്യക്തിക്കും തൻെറ ഭാര്യാസന്തതിക ളോട് നൈസർഗ്ഗികമായിത്തന്നെ അഗാധമായ സ്നേഹമുണ്ടാ യിരിക്കും. അതുകൊണ്ട് അവരുമായി അവൻ ത്യാഗത്തോടും അർപ്പണ മനസ്ഥിതിയോടുമാണ് വർത്തിക്കുക. ഇത് പ്രകൃ തിയുടെ ഒരാവശ്യം മാത്രമല്ല, മതപരമായ ഒരു ബാദ്ധ്യതകൂടി യാണെന്നു് ഇസ്ലാം ചൂണ്ടിക്കാട്ടുന്നു. അല്ലാഹു ആജ്ഞാപിക്കുന്നു:

وَعَاشِرُوهُنَّ بِالْمَعْرُوفِ (نساء)

“സ്ത്രീകളുമായി നല്ല നിലയിൽ സഹവർത്തിക്കുക.” നബി (സ) പറയുന്നു:

خِيَارُكُمْ خِيَارُكُمْ لِنِسَائِكُمْ ترمذى

“നിങ്ങളിലേററവും നല്ലവർ നിങ്ങളുടെ സ്ത്രീകളുടെ കാര്യത്തിൽ നല്ലവരാകുന്നു.”

اِسْتَوْصُوا بِالنِّسَاءِ خَيْرًا (بخارى، مسلم)

“സ്ത്രീകളുടെ കാര്യത്തിൽ നന്മകൊണ്ടുള്ള ഉപദേശം സ്വീകരിക്കുക.”

ഗാർഹിക ജീവിതത്തിന്നപ്പുറം കുടുംബജീവിതത്തിന്റെ മേഖലയാണ് വരുന്നത്. അവിടെ മാതാപിതാക്കൾ, സഹോദരീ സഹോദരന്മാർ മുതലായ അടുത്ത ബന്ധുക്കളുമായി ഇടപെടേണ്ടിവരുന്നു. മാതാപിതാക്കളോട് എങ്ങിനെയുള്ള പെരുമാററമാണ് കല്പിച്ചിട്ടുള്ളതെന്നു് മനസ്സിലാക്കുവാൻ ഒററസ്സംഗതി മതിയാകുന്നതാണ്. അല്ലാഹു അവന്നു് അടിമവൃത്തി ചെയ്യുവാനുള്ള കല്പനയോടു ചേർത്താണ് അവരോടുള്ള സൽപെരുമാററത്തെസ്സംബന്ധിച്ച് കല്പന നൽകിയിരിക്കുന്നത്.

وَاعْبُدُوا اللهَ وَلَا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ

إِحْسَانًا (نساء)

“അല്ലാഹുവിനെ ആരാധിക്കുക അവനോടു് യാതൊന്നും പങ്കു് ചേർക്കരുത്. മാതാപിതാക്കളോടു നന്മയിൽ വർത്തിക്കുക”

വീണ്ടും പറയുന്നു:

وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنَ الرَّحْمَةِ وَقُلْ رَبِّ ارْحَمْهُمَا

كَمَا رَبَّيَانِي صَغِيرًا (بنى إسرائيل)

"അവക്കുവേണ്ടി കാരുണ്യപൂർവ്വം താഴ്മയുടെ ചിറക് വിരിച്ചു കൊടുക്കുക. 'നാഥാ! ചെറുപ്പത്തിൽ എന്നെ അവർ വളർത്തിയതുപോലെ അവർ ഇരുവക്കും കരുണ ചെയ്യേണമേ' എന്നു പ്രാത്ഥിക്കുക."

ഈ വിഷയകമായി വന്ന നബിവചനങ്ങളിൽ ചിലതു മാത്രം:

"നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ സ്വർഗ്ഗമാണ്, നരകവുമാണ്." (ഇബ്നുമാജ:)

"മാതാപിതാക്കളുടെമേൽ സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും ദൃഷ്ടിപതിക്കുന്ന ഉത്തമ സന്താനങ്ങൾക്ക് അല്ലാഹു അങ്ങിനെയുള്ള ഓരോ നോട്ടത്തിനും പകരമായി സ്വീകാര്യമായ ഒരു ഹജ്ജിൻെറ പ്രതിഫലം നല്കുന്നതാണ്."

(ബൈഹഖി)

മാതാപിതാക്കൾ കാഫിർ—ഇസ്ലാമിൻെറബദ്ധവൈരിയായ കാഫിർ—ആണെങ്കിൽപോലും അവരോടുള്ള പൊതുസേവനബാദ്ധ്യത അതേപടി നിലനിൽക്കുന്നുണ്ട്. അതു നിറവേററുക നിർബ്ബന്ധമാണ്.

وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا

"ഇഹലോകത്തു് അവരുമായി നല്ലനിലയിൽ വർത്തിക്കുക."

മററു കുടുംബാംഗങ്ങളുടെ കാര്യത്തിലും ഖുർആൻ സൽപെരുമാററത്തെസ്സംബന്ധിച്ച് പൊതുവും സമഗ്രവുമായ നിർദ്ദേശം നൽകിട്ടുണ്ട്. സൂറത്തുന്നിസാഇലെ പ്രകൃതവചനത്തിൽ وبالوالدين احسانا എന്നതിന്റെ ഉടനെ وبذي القربى എന്നും പറഞ്ഞിരിക്കുന്നു. മാതാപിതാക്കളോട് അവരുടെ സ്ഥാനത്തിന്നനുസരിച്ച് പെരുമാറേണ്ടതുപോലെ മററു ബന്ധുക്കളോടും കുടുംബാംഗങ്ങളോടും അവരവരുടെ നിലപാടിന്നു ചേർന്നവിധം വർത്തിക്കണമെന്നാണിതിന്നർത്ഥം. അവരിൽ അടുത്ത ബന്ധുക്കൾക്ക് അടുപ്പത്തിന്നനുസരിച്ച് കൂടുതൽ അവകാശങ്ങളുണ്ടായിരിക്കും.

........ أمك ثم أباك ثم أدناك أدناك (بخاري)

(നിന്റെ മാതാവിനോട് പിന്നെ പിതാവിനോട് പിന്നെ അടുത്തവരോട് അടുത്തവരോട്....) ആ നിലയിൽ അവരോടു പെരുമാറുവാൻ സത്യവിശ്വാസി കടപ്പെട്ടിരിക്കുന്നു.

കുടുംബാംഗങ്ങളോടുള്ള സൽപെരുമാററത്തിന്നു സാങ്കേതിക ഭാഷയിൽ 'സ്വിലത്തുർറഹം' എന്നു പറയുന്നു. (രക്തബന്ധങ്ങളെ ചേർക്കുകയും പരിഗണിക്കുകയും ചെയ്യുകയെന്നാണിതിന്റെ അർത്ഥം,) 'സ്വിലത്തുർറഹ്മി'നെ ഖുർആൻ മനുഷ്യത്വത്തിന്റെയും മതാനുഷ്ഠാനത്തിന്റെയും മൂലശിലയായി എടുത്തു പറഞ്ഞിരിക്കുന്നു. അതു സംബന്ധമായി അടിക്കടി താക്കീതു ചെയ്തിട്ടുമുണ്ട്. ചാർച്ചയെ ചേർക്കൽ സത്യവിശ്വാസത്തിന്റെ അനിവാര്യതാല്പര്യങ്ങളിൽ പെട്ടതാണെന്നു നബി (സ) അരുളിച്ചെയ്തിരിക്കുന്നു:

مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيَصِلْ رَحِمَهُ

(بخاري)

"വല്ലവനും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ ചാർച്ചയെ ചേർക്കട്ടെ."

لَا يَدْخُلُ الْجَنَّةَ قَاطِعٌ (بخاري)

"കുടുംബ ബന്ധം മുറിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല."

ഇതു കഴിഞ്ഞാൽ അയൽക്കാരുടെയും മഹല്ലത്തിൻെറയും മേഖല വരുന്നു. അയൽവാസികളോട് ഒരു മുസൽമാൻ എങ്ങിനെ വർത്തിക്കണം? രണ്ടു നബിവചനങ്ങൾ മാത്രം മതി അതു വ്യക്തമാക്കുവാൻ. തിരുനബി (സ) അരുളുന്നു:

مَا زَالَ جِبْرِيلُ يُوصِينِي بِالْجَارِ حَتَّى ظَنَنْتُ أَنَّهُ سَيُوَرِّثُهُ (بخاري)

"അയൽവാസികളെസ്സംബന്ധിച്ച് ജിബ്രീൽ എന്നോട് വസ്യത്ത് ചെയ്തുകൊണ്ടേയിരുന്നു; അവക്ക് അനന്തിരസ്വത്തിൽ അവകാശം നിശ്ചയിച്ചേക്കുമെന്നു വരെ എനിക്കു തോന്നിപ്പോയി."

لَا يَدْخُلُ الْجَنَّةَ مَنْ لَا يَأْمَنُ جَارُهُ بَوَائِقَهُ (مسلم)

"ഒരുത്തൻെറ അയൽവാസി അവൻെറ ദ്രോഹങ്ങളെക്കുറിച്ചു നിർഭയനാകുന്നില്ലെങ്കിൽ അങ്ങിനെയുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല."

ഇനിയങ്ങോട്ട്, സാമൂഹ്യ ജീവിതത്തിൻെറ വലുതും വ്യാപകവുമായ മേഖലയാണ്. അവിടെ മനുഷ്യനു പലതരക്കാരായ ജനങ്ങളുമായിടപഴകേണ്ടതായുണ്ട്. അവരുമായവൻ അനുവർത്തിക്കേണ്ടുന്ന നയം മൗലികമായി വിശുദ്ധ ഖുർആൻെറ ഈ വാക്യങ്ങൾ നിർണ്ണയിച്ചിരിക്കുന്നു:

......وَبِالْوَالِدَيْنِ اِحْسَانًا وَبِذِى الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْبِ وَابْنِ السَّبِيْلِ وَمَا مَلَكَتْ اَيْمَانُكُمْ (نساء)

"മാതാപിതാക്കൾക്ക് നന്മ ചെയ്യുക; അടുത്ത കുടുംബങ്ങൾക്കും അനാഥകൾക്കും അഗതികൾക്കും അടുത്ത ബന്ധമുള്ള അയൽവാസിക്കും അകന്ന അയൽവാസിക്കും (നിങ്ങളോടു) സഹവസിക്കുന്നവനും വഴിയാത്രക്കാരനും അടിമകൾക്കും നന്മ ചെയ്യുക."

മാനുഷിക ബന്ധങ്ങളടിസ്ഥാനമാക്കിയുണ്ടാകാവുന്ന ഓരോ ജനവിഭാഗത്തെയും പ്രകൃതവചനം പേരെണ്ണി പറഞ്ഞിരിക്കുന്നു. എന്നിട്ട്, അവരെല്ലാവരോടും ഒരു മുസൽമാൻെറ നയം അനിവാര്യമായും നന്മയുടെയും ഗുണകാംക്ഷയുടെയും നയമായിരിക്കണമെന്നു പൊതുനിർദ്ദേശം നല്കുകയും ചെയ്തിരിക്കുന്നു.

സാമൂഹ്യജീവിതത്തിൻെറ ഈ പൊതുമേഖലക്കപ്പുറം ഭരണമേഖലയാണ് വരുന്നത്. ഇസ്ലാമിക സമുദായത്തിൽ ഓരോ ഓരോ വ്യക്തിക്കും രാഷ്ട്രീയമായും ഭരണപരമായും ഒരു നിർണ്ണിത നിലപാടുണ്ട്. അയാൾ ഭരണാധിപനോ ഭരണീയനോ ആയിരിക്കാം; നേതാവോ നീതനോ ആയിരിക്കാം. നേതാവും ഭരണാധിപനുമാണെങ്കിൽ അനുയായികളോടും ഭരണീയരോടും അനുവർത്തിക്കേണ്ട നയമെന്തെന്നു ഈ നബിവചനം വ്യക്തമാക്കുന്നു:

مَا مِنْ اَمِيْرٍ يَلِىْ اُمُوْرَ الْمُسْلِمِيْنَ ثُمَّ لَا يَجْهَدُ لَهُمْ وَلَا يَنْصَحُ لَهُمْ اِلَّا لَمْ يَدْخُلْ مَعَهُمُ الْجَنَّةَ (مسلم)

"മുസ്ലിംകളുടെ കാര്യങ്ങൾ ഏറെറടുത്തിട്ട് അവക്കുവേണ്ടി ക്ലേശങ്ങൾ സഹിക്കുകയും ഗുണകാംക്ഷകാണിക്കുകയും ചെയ്യിട്ടില്ലാത്ത ഒരു അമീറും അവരോടുകൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല."

അഥവാ, അയാൾ ഭരണീയനാണെങ്കിൽ തൻെറ ഭരണാധിപനുമായനുവർത്തിക്കേണ്ടുന്ന നയം ഈ നബിവചനംകൊണ്ട് നിർണ്ണിതമായിരിക്കുന്നു:

اَلدِّيْنُ النَّصِيْحَةُ قُلْنَا لِمَنْ؟ قَالَ لِلّٰهِ وَلِرَسُوْلِهِ وَلِأَئِمَّةِ الْمُسْلِمِيْنَ وَعَامَّتِهِمْ (مسلم)

"നബി പറഞ്ഞു: 'ദീൻ ഗുണകാംക്ഷയാണ്.' ഞങ്ങൾ ചോദിച്ചു: 'ആക്ക്?' തിരുമേനി പറഞ്ഞു: അല്ലാഹുവിന്ന്, അവൻെറ റസൂലിന്ന്, മുസ്ലിംകളുടെ കൈകാര്യകർത്താക്കൾക്ക്, എല്ലാ മുസ്ലിംകൾക്കും."

അതായത്, ഭരണീയരോട് ഭരണാധിപന്മാരുടെ നയവും ഭരണാധിപന്മാരോട് ഭരണീയരുടെ നയവും ഗുണകാംക്ഷയുടെയും സൗമനസ്യത്തിൻെറയും നയമായിരിക്കേണ്ടതാണ്. ഇതും മതബോധത്തിൻെറ, ദൈവഭക്തിയുടെ താല്പര്യങ്ങളിൽപെട്ടതു തന്നെ.

(ഒരു മുസൽമാൻെറ ജീവിതത്തിൻെറ ഏററവും ഒടുവിലത്തെ മേഖല മുസ്ലിം സമൂഹത്തിന്നു പുറത്തുള്ള ജനങ്ങളുമായി ബന്ധപ്പെട്ടതാണ്.) അമുസ്ലിംകളുമായുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട ഈ മേഖലയിൽ മുസൽമാൻ അവലംബിക്കേണ്ട ധാർമ്മികനയത്തിൻെറ മൗലിക തത്വങ്ങൾ ഈ സൂക്തത്തിലടങ്ങിയിരിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ
وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلَّا تَعْدِلُوا اعْدِلُوا هُوَ أَقْرَبُ
لِلتَّقْوَى (مائدة)

"സത്യവിശ്വാസികളെ, നിങ്ങൾ നീതിയുടെ സാക്ഷികളായിക്കൊണ്ട്, അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരാകുവിൻ. ഒരു ജനതയോടുള്ള ശത്രുത നീതി ചെയ്യാതിരിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നീതി ചെയ്യുക; അതാണ് ഭക്തിയുമായി ഏററവും അടുത്തത്."

ഇതത്രെ, ഇസ്ലാം മനുഷ്യന്റെ ധാർമ്മികജീവിതത്തെ സംവിധാനം ചെയ്യുന്ന മൗലികരേഖകൾ. മുസൽമാന്റെ ജീവിതം സുസ്ഥിരമായ ധാർമ്മികതയുടെ അസ്തിവാരങ്ങളിൽ പണിയുയർത്തപ്പെട്ടിരിക്കുന്നുവെന്നു ഇത് പരിശോധിക്കുന്ന ഏവർക്കും മനസ്സിലാക്കാവുന്നതാണ്.

## കുടുംബ വ്യവസ്ഥ

ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ മൗലിക പ്രാധാന്യമുള്ള രണ്ടു വശങ്ങൾ വിവരിച്ചു. ഇനി, മാനവജീവിതത്തിന്റെ നാഗരിക ഘടനയുടെ ഓരോ വശവും വിശകലനം ചെയ്തു, അതെപ്പററി ഇസ്ലാമിന്റെ ആജ്ഞാനിർദ്ദേശങ്ങളെന്തെന്നു പരിശോധിക്കാം.

ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തിൽനിന്നാണ് മനുഷ്യ നാഗരികതയുടെ അടിത്തറ രൂപം കൊള്ളുന്നത്. ആ രണ്ടു മനുഷ്യർ ചേർന്നുണ്ടാകുന്ന ചെറിയ സാമൂഹ്യവൃത്തം നാഗരിക ജീവിതത്തിന്റെ ആദ്യത്തെ കണ്ണിയാണ്. ഈ സാമൂഹ്യ

മേഖലയെ കുടുംബജീവിതമെന്നും, അതിൽ പാലിക്കേണ്ട ചട്ടങ്ങളെ കുടുംബവ്യവസ്ഥയെന്നും പറയുന്നു. ഇസ്ലാമിലെ ഗാർഹിക വ്യവസ്ഥയുടെ സുപ്രധാന വശങ്ങൾ താഴെ വിവരിക്കുന്നു:

സ്ത്രീയും പുരുഷനും തമ്മിലുള്ള ഈ സുസ്ഥിരബന്ധം ഒരു ഉറന്ന ഉടമ്പടി മുഖേന സ്ഥാപിതമാവുന്നു. 'ശരീഅത്തി'ന്റെ ഭാഷയിൽ ഇതിന്നു 'നികാഹ്' (വിവാഹം) എന്നു പേർ. ഇരുവരുടെയും സംതൃപ്തിയോടെ, പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് നടത്തപ്പെടുന്ന ഒരു പവിത്ര ബന്ധമാണ് വിവാഹം. വിവാഹം കൂടാതെയുള്ള സ്ത്രീപുരുഷബന്ധം നീചതരവും കഠിനശിക്ഷാർഹവുമായ കുററമാണ്. പ്രകൃതിപരമായ ഒരാവശ്യമെന്നപോലെ, മതപരമായ ആവശ്യംകൂടിയാണ് വിവാഹം. നബി (സ) പറയുന്നു:

...... أَتَزَوَّجُ النِّسَاءَ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي

(بخاري)

"ഞാൻ സ്ത്രീകളെ വിവാഹം ചെയ്യുന്നു. എന്റെ മാർഗ്ഗം അവഗണിച്ചു നടക്കുന്നവൻ എന്റെ അനുയായിയല്ല."

പ്രകൃതിപരവും മതപരവുമായ ഈ ആവശ്യത്തിൽ നിന്നു് ഒഴിഞ്ഞുനില്ക്കുന്നത് ഇസ്ലാമിക ധർമ്മമല്ല.

رَدَّ رَسُولُ اللهِ صلى الله عليه وسلم عَلَى عُثْمَانَ بْنِ مَظْعُونٍ

التَّبَتُّلَ (بخاري)

"റസൂൽ (സ) ഉസ്മാനുബ്നു മള്ഊനിന്നു് ബ്രഹ്മചര്യം നിഷേധിക്കുകയുണ്ടായി."

വൈവാഹിക ബന്ധത്തെ ഖുർആൻ ബലിഷ്ഠമായ ഉടമ്പടി (مِيثَاقًا غَلِيظًا) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ഉടമ്പടി മുഖേന എന്നന്നേക്കുമായി ഇരുവരും കനത്ത ബാധ്യതകൾ സ്വയം ഏറ്റെടുക്കുന്നു. പുരുഷൻ ഈ ബന്ധത്താലുണ്ടാകുന്ന ചെറിയ സാമൂഹ്യഘടനയുടെ മേലധികാരിയാണ്; സ്ത്രീ അവൻെറ നിർദ്ദേശാനുസാരം ഗൃഹഭരണം നോക്കിനടത്തുന്നു.

الرِّجَالُ قَوَّامُونَ عَلَى النِّسَاءِ (نساء)

"പുരുഷന്മാർ സ്ത്രീകളുടെ മേൽനോട്ടം വഹിക്കുന്നവരാണ്."

കുടുംബ ജീവിതത്തിൽ പുരുഷൻെറ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമെന്നു് നോക്കാം.

1. ഭാര്യയുടെയും സന്താനങ്ങളുടെയും ഭക്ഷണം, വസ്ത്രം, പാർപ്പിടം ആദിയായ ജീവിതാവശ്യങ്ങൾ സജ്ജീകരിച്ചു കൊടുക്കുക; ഓരോരുത്തരും അവരവരുടെ സാമ്പത്തികസ്ഥിതിയനുസരിച്ചു് ഈ ചുമതല നിർവ്വഹിക്കേണ്ടതാണ്:

لِيُنْفِقْ ذُو سَعَةٍ مِنْ سَعَتِهِ وَمَنْ قُدِرَ عَلَيْهِ رِزْقُهُ فَلْيُنْفِقْ

مِمَّا آتَاهُ اللَّهُ (طلاق)

"സാമ്പത്തികശേഷിയുള്ളവൻ അവൻെറ കഴിവിൽനിന്നു് ചിലവിന്നു് കൊടുക്കട്ടെ. ആഹാര വിഷയത്തിൽ കഴിവു കുറഞ്ഞവൻ അല്ലാഹു അവന്നു് നൽകിയതിൽനിന്നു് ചിലവ് ചെയ്യട്ടെ."

ഇതു് കേവലം ധാർമ്മിക സ്വഭാവത്തിലുള്ള ഒരുത്തരവാദിത്വമല്ല, നിയമ പ്രാധാന്യമുള്ളതാണ്. വല്ലവനും അതിൽ വീഴ്ചവരുത്തിയാൽ ഗവൺമെണ്ടു് അവനെ കർത്തവ്യനിർവ്വഹണത്തിന്നു് നിർബ്ബന്ധിക്കുമെന്നർത്ഥം.

2. ഭാര്യയുടെയും സന്തതികളുടെയും മതപരമായ വിദ്യാഭ്യാസ പരിശീലനത്തിൽ ശ്രദ്ധിക്കുക; അതിന്നു വേണ്ട ഏർപ്പാടു് ചെയ്യുക.

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا (تحريم)

"വിശ്വസിച്ചവരെ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നരകത്തിൽനിന്നു് രക്ഷിക്കുക."

ഇങ്ങിനെ, പുരുഷന്റെ മേൽ ഇരട്ട ഉത്തരവാദിത്വമാണർപ്പിതമായിരിക്കുന്നതു്. അതായതു്, അവൻ ഒരേ സമയത്തു് ഭാര്യാസന്തതികളുടെ ലൗകികാവശ്യങ്ങളും പാരത്രിക മോക്ഷവും ശ്രദ്ധിക്കേണ്ടതാണ് ഇക്കാര്യത്തിൽ അവൻ ഗവൺമെണ്ടിലും ദൈവസന്നിധിയിലും ഉത്തരം ബോധിപ്പിക്കേണ്ടതുണ്ടു്:

........ وَالرَّجُلُ رَاعٍ فِي أَهْلِهِ وَمَسْئُولٌ عَنْ رَعِيَّتِهِ

(بخارى، مسلم)

"പുരുഷൻ തന്റെ കുടുംബത്തിന്റെ ഭരണാധിപനാണ്, അവൻ തന്റെ ഭരണീയരെസ്സംബന്ധിച്ച് ചോദ്യംചെയ്യപ്പെടും."

1) വീട്ടിന്റെ ആഭ്യന്തര ഭരണം നിയന്ത്രിക്കുക:

وَالْمَرْأَةُ رَاعِيَةٌ عَلَى بَيْتِ زَوْجِهَا (بخارى، مسلم)

"സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിന്റെ നായകിയാണ്."

2) ഭർത്താവിനെ അനുസരിക്കുക; പാതിവ്രത്യം പൂർണ്ണമായി പരിരക്ഷിക്കുക:

فَالصَّالِحَاتُ قَانِتَاتٌ حَافِظَاتٌ لِلْغَيْبِ (نساء)

"അനുസരണ ശീലകളും ഭർത്താവിന്റെ അഭാവത്തിൽ (അയാളുടെ താല്പര്യങ്ങൾ) സൂക്ഷിക്കുന്നവരുമാണ് ഉത്തമ സ്ത്രീകൾ."

അപ്രകാരം തന്നെ മാതാപിതാക്കളെ അനുസരിക്കലും അവർക്ക് സേവനം ചെയ്യലും സന്താനങ്ങളുടെ കർത്തവ്യമാണ്. (മാതാപിതാക്കളോടുള്ള ധിക്കാരവും നന്ദികേടും പൊറുക്കപ്പെടാത്ത പാതകമാകുന്നു.)

كُلُّ الذُّنُوبِ يَغْفِرُ اللهُ مِنْهَا مَاشَاءَ إِلَّا عُقُوقَ الْوَالِدَيْنِ

(مشكوة)

"മാതാപിതാക്കളോടുള്ള ധിക്കാരമൊഴിച്ച് അല്ലാഹു ഉദ്ദേശിക്കുന്ന എല്ലാം പാപങ്ങളും അവൻ പൊറുത്തുതരും."

വിവാഹം മതപരമായ ഒരാവശ്യമാണെന്നു് പ്രസ്താവിച്ചിട്ടുള്ളതുപോലെ, വിവാഹത്തിൽ വന്നുചേരുന്ന ബാധ്യതകളെ "അല്ലാഹുവിന്റെ പരിധികൾ" എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ആ പരിധികൾ പരിപൂർണ്ണമായി പാലിക്കണമെന്നു ഭാര്യാഭർത്താക്കന്മാരോട് ശക്തിയായി ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു.

تِلْكَ حُدُودُ اللهِ فَلَا تَعْتَدُوهَا

"അവ അല്ലാഹുവിൻെറ നിയമ പരിധികളാണ്. നിങ്ങൾ അത് അതിലംഘിക്കരുത്."

മാന്യരും ഉത്തരവാദിത്വബോധമുള്ളവരുമായ എല്ലാം മനുഷ്യരും ഈ പരിധികൾ യഥാവിധി പാലിച്ചുപോരുമെന്നുതന്നെയാണ് പ്രതീക്ഷിക്കേണ്ടത്. എന്നാൽ നിർഭാഗ്യത്തിന്ന് ആ സ്ഥിതി തുടരാൻ കഴിയാതെ വരികയും, ഭാര്യാഭർത്താക്കൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയും, യോജിപ്പിന്നു തീരെ സാദ്ധ്യത കാണാതിരിക്കുകയും ചെയ്യുന്നപക്ഷം ഗത്യന്തരമില്ലാതെ പുരുഷനു "തലാഖ്" വഴിക്കും സ്ത്രീയ്ക്കു് 'ഖുൽഅ്' മുഖേനയും വിവാഹബന്ധം അവസാനിപ്പിക്കുവാൻ അനുവാദമുണ്ട്.

فَإِنْ خِفْتُمْ أَلَّا يُقِيمَا حُدُودَ اللَّهِ فَلَا جُنَاحَ عَلَيْهِمَا فِيمَا افْتَدَتْ بِهِ (البقرة)

"ഭാര്യാഭർത്താക്കൾക്ക് അല്ലാഹുവിൻെറ പരിധികൾ പാലിക്കുവാൻ സാധിക്കുകയില്ലെന്നു നിങ്ങൾ ഭയപ്പെടുന്നപക്ഷം, അവൾ വല്ലതും നൽകി വിവാഹമോചനം നേടുന്നതിൽ ഇരുവൎക്കും യാതൊരു കുററവുമില്ല."

സ്ഥിതി കുഴപ്പത്തിലേക്ക് നീങ്ങുമ്പോൾ സംഗതിയിൽ ഇടപെട്ട്, വിവാഹബന്ധം വേർപെടുത്തുവാൻ ഗവൎമ്മെണ്ടിന്നും അവകാശമുണ്ട്. എന്തുകൊണ്ടെന്നാൽ വൈവാഹികബന്ധം എത്രമേൽ പവിത്രമാണെങ്കിലും ദൈവിക നിയമങ്ങളുടെ പവിത്രതയാണ് വലുത്. അതിനാൽ വിവാഹബന്ധത്തിൻെറ നിലനില്പിന്നുവേണ്ടി അല്ലാഹുവിൻെറ നിയമം ലംഘിക്കപ്പെടുന്നത് ഒട്ടും തന്നെ യുക്തമോ ബുദ്ധിപൂൎവ്വകമോ അല്ല.

# സാമൂഹ്യ വ്യവസ്ഥ

ഇസ്ലാമിൻെറ സാമൂഹ്യ നിയമങ്ങൾ വിവരിക്കുന്നതിന്നു് മുമ്പ് സമൂഹത്തെപ്പററി അതിൻെറ അടിസ്ഥാന വിഭാവനമെന്തെന്നു് പരിശോധിക്കാം.

എണ്ണമററ വ്യക്തികളടങ്ങിയതാണല്ലോ സമൂഹം. ആ വ്യക്തികളെല്ലാം (ഒരേ മാതാപിതാക്കളുടെ സന്തതികളാണെന്നു ഇസ്ലാം സിദ്ധാന്തിക്കുന്നു.)

خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ

"ഒററ ശരീരത്തിൽനിന്നു് അവൻ നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നു"

ജന്മനാ അവർ സമന്മാരാണ്. അവർക്കിടയിൽ ഉച്ചനീചത്വമില്ല. കുബേരനെന്നോ കുചേലനെന്നോ; കറുത്തവനെന്നോ വെളുത്തവനെന്നോ, അറബിയെന്നോ അനറബിയെന്നോ, ആര്യനെന്നോ അനാര്യനെന്നോ, പാശ്ചാത്യനെന്നോ പൗരസ്ത്യനെന്നോ യാതൊരു വിവേചനവുമില്ല. വംശം, ദേശം, ഭാഷ, വർണ്ണം ആദിയായവയുടെ അടിസ്ഥാനത്തിൽ യാതൊരു ഭിന്നതയുമില്ല. എല്ലാവരും ദൈവത്തിൻെറ തുല്യസൃഷ്ടികളാണ്. വ്യത്യാസം ദൈവിക മതത്തിൻെറ അടിസ്ഥാനത്തിൽ മാത്രം അതിനാൽ ലോകത്ത് രണ്ടു വിഭാഗങ്ങൾ മാത്രമാണുള്ളത്: ദൈവിക മതത്തിൽ വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും. ദൈവിക മതത്തെ അംഗീകരിക്കുന്നവരെ മുസ്ലീം സമൂഹമെന്നും അംഗീകരിക്കാത്തവരെ അമുസ്ലീം സമൂഹമെന്നും വിളിക്കുന്നു. രണ്ടു സമൂഹങ്ങളുടെയും ജീവിത വീക്ഷണങ്ങളും അടിസ്ഥാനതത്വങ്ങളും തമ്മിൽ വമ്പിച്ച അന്തരമുണ്ട്. അടിസ്ഥാനങ്ങൾ വ്യത്യസ്തമാവുമ്പോൾ ജീവിതത്തിൻെറ രൂപങ്ങളും ഭിന്നമായി

രിക്കും. തൽഫലമായി ജീവിതത്തിൻെറ മർമ്മ പ്രധാനമായ എടപാടുകളിൽ അവർ തമ്മിൽ ധാരണ സാദ്ധ്യമല്ല. ഉദാഹരണമായി നാഗരിക ജീവിതത്തിൻെറ മൂലശിലയായ വിവാഹബന്ധം മുസ്ലിമും അമുസ്ലിമും തമ്മിൽ നിലനില്ക്കുന്നില്ല. അതു പോലെ അന്യോന്യം പിന്തുടർച്ചാവകാശവും സിദ്ധിക്കുന്നില്ല.

മതത്തിൻെറയും വിശ്വാസത്തിൻെറയും അടിസ്ഥാനത്തിൽ ഇസ്ലാമികമെന്നും അനിസ്ലാമികമെന്നും രണ്ടു് ഭിന്ന സമൂഹങ്ങൾ നിലവിൽ വരുമ്പോൾ സ്വാഭാവികമായും ഓരോ സമൂഹത്തെയും പററി ഇസ്ലാം അതിൻെറ അനുയായികൾക്ക് നൽകുന്ന നിയമനിർദ്ദേശങ്ങളും ഭിന്നമായിരിക്കും. അമുസ്ലിം സമൂഹത്തെ സംബന്ധിച്ചേടത്തോളം അതിലെ വ്യക്തികളോടു് സത്യം, നീതി, വിശ്വസ്തത, ദയ, കാരുണ്യം, വാഗ്ദത്തപാലനം മുതലായ പൊതു മാനുഷിക—ധാർമ്മിക മുറകൾ കണിശമായും പാലിക്കണമെന്നാണ് മൊത്തത്തിൽ ഇസ്ലാം അനുശാസിക്കുന്നത്. മുസ്ലിം സമൂഹത്തെസ്സംബന്ധിച്ചേടത്തോളം ഇസ്ലാം സ്പഷ്ടവും വിശദവുമായ നിയമ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്. അവയെ 'ഇസ്ലാമിലെ സാമൂഹ്യ വ്യവസ്ഥ' എന്നു് വിളിക്കുന്നു. അവയുടെ രത്നച്ചുരുക്കം ഇതാണ്:

1. വ്യക്തികൾ തമ്മിലുള്ള ബന്ധം, വിഭാഗീയതയ്ക്കും ഛിദ്രതക്കും പരസ്പര മാത്സര്യത്തിന്നും പകരം സാഹോദര്യം, സഹാനുഭൂതി, ഒരുമ, പരസ്പര സഹായസഹകരണ മനോഭാവം, നിസ്വാർത്ഥത എന്നീ ഉൽകൃഷ്ട ഗുണങ്ങളിൽ അധിഷ്ഠിതമായിരിക്കണം.

ഖുർആൻ പറയുന്നു:

إِنَّمَا الْمُؤْمِنُونَ إِخْوَةٌ (الحجرات)

"സത്യവിശ്വാസികൾ സഹോദരന്മാരാകുന്നു."

സാഹോദര്യം പ്രയോഗത്തിൽ പ്രകടമാകേണ്ടതെങ്ങിനെ യെന്നു് ഖുർആൻ വ്യക്തമാക്കുന്നു

يُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ (الحشر)

"ദാരിദ്ര്യമുണ്ടെങ്കിലും അവർ സ്വന്തത്തേക്കാൾ മററുള്ളവർക്കു് മുൻഗണനനൽകുന്നു."

لَا يَسْخَرْ قَوْمٌ مِنْ قَوْمٍ ...... وَلَا نِسَاءٌ مِنْ نِسَاءٍ ...... وَلَا تَلْمِزُوا أَنْفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ ...... اجْتَنِبُوا كَثِيرًا مِنَ الظَّنِّ ...... وَلَا تَجَسَّسُوا وَلَا يَغْتَبْ بَعْضُكُمْ بَعْضًا (الحجرات)

"ഒരു വിഭാഗം മററൊരു വിഭാഗത്തെയും ........ സ്ത്രീകൾ മററു സ്ത്രീകളെയും പരിഹസിക്കരുതു് ....... പരസ്പരം കുററപ്പെടുത്തുകയും ദുഷ്പേരുകൾ വിളിക്കുകയും ചെയ്യരുതു് ........ ഊഹങ്ങളിൽനിന്നധികവും അകന്നു് നില്ക്കുക. രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കുകയും പരസ്പരം പരദൂഷണം പറയുകയും ചെയ്യരുതു്."

നബി (സ) പറയുന്നു:

"സത്യവിശ്വാസികൾ ഒരു കെട്ടിടം പോലെയാണു്. ഒന്നു് മറെറാന്നിനു് താങ്ങായി നില്ക്കുന്നു." (ബുഖാരി)

"സ്നേഹം, ദയ, വാത്സല്യം എന്നീ ഗുണങ്ങളിൽ സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണു്. ഒരവയവം രോഗബാധിതമായാൽ ശരീരം മുഴുവൻ ജ്വരവും നിദ്രാഭംഗവും കൊണ്ടു ക്ലേശിക്കുന്നു." (ബുഖാരി)

"അസൂയ അരുത്. ലേലത്തിൽ വില വർദ്ധിപ്പിക്കാൻ വില കയററി വിളിക്കരുത്. പകവെക്കരുത്. ബന്ധം മുറിക്കരുത്. മറെറാരാളുടെ കച്ചവടത്തിന്നിടയിൽ കയറി കച്ചവടം ചെയ്യരുത്. മറിച്ച്, അല്ലാഹുവിൻെറ അടിമകളായി സാഹോദര്യത്തോടെ വർത്തിക്കുക. ഒരുവൻ മറെറാരുവനെ അക്രമിക്കുകയോ, അവനെ നിസ്സഹായാവസ്ഥയിൽ ഉപേക്ഷിക്കുകയോ, നിസ്സാരനായി ഗണിക്കുകയോ ചെയ്യരുത്. മുസ്ലിംകളുടെ രക്തം പാവനമാണ്. ധനം പാവനമാണ്. മാനം പാവനമാണ്. അത് സംരക്ഷിക്കാൻ ഓരോ മുസ്ലിമും ബാധ്യസ്ഥനാണ്." (മുസ്ലിം)

"മുസ്ലിമിന് മുസ്ലിമിനോട് ആറ് ബാധ്യതകളുണ്ട്: കണ്ടുമുട്ടിയാൽ സലാം പറയുക. സഹായമർത്ഥിച്ചാൽ സഹായിക്കുക. ഉപദേശമാരാഞ്ഞാൽ ഉപദേശം നല്കുക. തുമ്മിയാൽ പ്രാർത്ഥിക്ക. രോഗബാധിതനായാൽ സന്ദർശിക്കുക. മരിച്ചാൽ ശവസംസ്കാരത്തിൽ പങ്കെടുക്കുക." (മുസ്ലിം)

"ഒരു മുസ്ലിം മറെറാരു മുസ്ലിമിനോട് മൂന്നു ദിവസത്തിൽ കൂടുതൽ പിണങ്ങുവാൻ പാടില്ല." (ബുഖാരി)

"ഒരാൾ വിവാഹാലോചന നടത്തുന്നതിന്നിടയിൽ മറെറാരാൾ വിവാഹാലോചന നടത്തരുത്." (ബുഖാരി)

"പരസ്പരബന്ധം നശിപ്പിക്കുന്ന കാര്യങ്ങൾ സൂക്ഷിക്കുക. അവ ദീൻ തന്നെ നശിപ്പിച്ചേക്കും." (തിർമുദി)

ഇസ്ലാമിക സമൂഹത്തിൽ വ്യക്തികൾ തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തിൻെറ സ്വഭാവമാണ് മുകളിൽ വിവരിച്ചത്. മുസ്ലിംകൾ പരസ്പരമുള്ള ഈ സാഹോദര്യ ബന്ധത്തിന്നും സ്നേഹത്തിനും, തെററിദ്ധാരണകൊണ്ടോ മറേറാ വല്ല ഉലച്ചിലും തട്ടിയാൽ അതു നന്നാക്കേണ്ടത് മററുള്ളവരുടെ ചുമതലയാണ്.

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ (الحجرات)

"സത്യവിശ്വാസികൾ സഹോദരന്മാരാകുന്നു. (അതിൽ വല്ല തകരാറും സംഭവിച്ചാൽ) നിങ്ങളുടെ രണ്ടു സഹോദരന്മാരുടെ മിടയിലുള്ള ബന്ധം നന്നാക്കുക."

നബി (സ) പറയുന്നു:

أَلَا أُخْبِرُكُمْ بِأَفْضَلَ مِنْ دَرَجَةِ الصِّيَامِ وَالصَّدَقَةِ وَالصَّلٰوةِ؟

قُلْنَا بَلٰى قَالَ إِصْلَاحُ ذَاتِ الْبَيْنِ (ترمذى)

(നമസ്കാരം, നോമ്പ്, സദഖഃ എന്നിവയെക്കാൾ ശ്രേഷ്ഠതരമാ യകാര്യം ഞാൻ പറയട്ടെ ........ പരസ്പര ബന്ധം നന്നാക്കുക യാണത്.)

2. സമൂഹത്തിൽ നന്മയും ദൈവവിചാരവും വളർത്തുവാൻ സഹകരിച്ചു പ്രവർത്തിക്കുകയും അന്യോന്യം പ്രേരണ ചെലുത്തി ക്കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

تَعَاوَنُوا عَلَى الْبِرِّ وَالتَّقْوٰى (المائدة)

"നന്മയിലും ദൈവഭക്തിയിലും പരസ്പരം സഹായിക്കുക."

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ يَأْمُرُونَ

بِالْمَعْرُوفِ (التوبة)

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം

കൈകാര്യകർത്താക്കളാണ്. അവർ പരസ്പരം നന്മ ഉപദേശിക്കുന്നു.''

3. സമൂഹത്തിൽ തിന്മ വളരാൻ അനുവദിക്കാതിരിക്കുകയും ചീത്തകാര്യങ്ങളിൽ അന്യോന്യം സഹായമോ പ്രോത്സാഹനമോ നൽകാതിരിക്കുകയും വേണം.

وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ (المائدة)

''പാപത്തിലും അതിക്രമത്തിലും സഹകരിക്കരുത്''

مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ

''തിന്മകണ്ടാൽ കൈകൊണ്ടു തടയുക.''

തിന്മ തടയുകയെന്നത് സമൂഹത്തിന്നു ചെയ്യുന്ന സേവനവും ഗുണകാംക്ഷയുമെന്നപോലെ തിന്മ പ്രവർത്തിക്കുവാനൊരുമ്പെട്ട വ്യക്തിക്ക് ചെയ്യുന്ന സേവനവും ഗുണകാംക്ഷയും കൂടിയാണ്. ഒരിക്കൽ നബി (സ)പറഞ്ഞു;

''മർദ്ദിതനായാലും മർദ്ദകനായാലും തന്റെ സഹോദരനെ സഹായിക്കുക'' സഹാബികൾ ചോദിച്ചു. ''മർദ്ദിതനെ സഹായിക്കണമെന്നത് ഞങ്ങൾ മനസ്സിലാക്കുന്നു. മർദ്ദകനെ സഹായിക്കുന്നതെങ്ങിനെയാണ്? നബി പറഞ്ഞു:

''അവനെ അക്രമത്തിൽനിന്നു് തടയുക. അതാണ് അവനുള്ള സഹായം.'' (ബുഖാരി)

4. സമൂഹത്തിൽ ലൈംഗികാരാജകത്വം പടന്ന് പിടിച്ചേക്കാവുന്ന എല്ലാം മാർഗ്ഗങ്ങളും തടയേണ്ടതാണ്. അതിന്നു ബഹുമുഖ മാർഗ്ഗങ്ങൾ ഇസ്ലാം നിർദ്ദേശിക്കുന്നു:

i) വ്യഭിചാരികൾക്കെതിരിൽ സമൂഹത്തിൽ ശക്തിയായ വികാരങ്ങൾ സൃഷ്ടിക്കുക. വൈവാഹിക ബന്ധത്തിനു അവരെ അനർഹരായി ഗണിക്കുക.

اَلزَّانِي لَا يَنْكِحُ اِلَّا زَانِيَةً اَوْ مُشْرِكَةً وَالزَّانِيَةُ لَا يَنْكِحُهَا اِلَّا زَانٍ اَوْ مُشْرِكٌ (النور)

"വ്യഭിചാരി വ്യഭിചാരിണിയെയോ ബഹുദൈവ വിശ്വാസിനിയേയൊ മാത്രമേ വിവാഹം ചെയ്യാവൂ. വ്യഭിചാരിണിയെ വിവാഹം ചെയ്യുന്നത് വ്യഭിചാരിയോ ബഹുദൈവ വിശ്വാസിയോ മാത്രമായിരിക്കും."

ii) വ്യഭിചാര കുററവാളികളെ എറിഞ്ഞു കൊല്ലുകയോ ചാട്ടവാർ കൊണ്ടു' നൂറു്തവണ അടിക്കുകയോ ചെയ്യണമെന്ന് കഠിനവും നടുക്കമുളവാക്കുന്നതുമായ ശിക്ഷ നിശ്ചയിച്ചിരിക്കുന്നു. എല്ലാവക്കും പാഠമായിരിക്കുവാൻ പ്രസ്തുത ശിക്ഷ പരസ്യമായി നൽകണമെന്നും അതിൽ ദയകാണിക്കരുതെന്നും അനുശാസിച്ചിരിക്കുന്നു.

وَلَا تَاْخُذْكُمْ بِهِمَا رَاْفَةٌ ...... وَلْيَشْهَدْ عَذَابَهُمَا طَائِفَةٌ مِنَ الْمُؤْمِنِينَ (النور)

"വ്യഭിചാര കുററവാളികളോട്ട് ദയകാണിക്കരുത്,............ഒരു വിഭാഗം സത്യവിശ്വാസികൾ അവരുടെ ശിക്ഷക്ക് ദൃക്സാക്ഷികളാകട്ടെ."

iii) സ്ത്രീകളുടെ പ്രവർത്തനരംഗം, സാധാരണഗതിയിൽ, വീട്ടിൽ പരിമിതമാണ്. അനാവശ്യമായി പുറത്തിറങ്ങി സഞ്ചരിക്കാൻ അവരെ അനുവദിച്ചുകൂടാ.

وَقَرْنَ فِي بُيُوتِكُنَّ (الاحزاب)

"നിങ്ങളുടെ വീടുകളിൽ അടങ്ങിയൊതുങ്ങി കഴിയുക."

iv) സ്വതന്ത്രമായ സ്ത്രീപുരുഷ സമ്പർക്കം നിരോധിച്ചു. ഏററവും അടുത്ത ബന്ധുക്കളല്ലാത്ത പുരുഷന്മാരുടെ മുമ്പിൽ സ്ത്രീകൾ പർദ്ദയില്ലാതെ പ്രത്യക്ഷപ്പെടാൻ പാടില്ല.

وَيُدْنِينَ عَلَيْهِنَّ مِنْ جَلَابِيبِهِنَّ

"അവർ അവരുടെ തട്ടങ്ങൾ താഴ്ത്തിയിടട്ടെ."

സുഗന്ധദ്രവ്യം പൂശി, കിലുക്കമുണ്ടാകുന്ന ആഭരണങ്ങൾ ധരിച്ച് സഞ്ചരിക്കുന്നതും (ആവശ്യമില്ലാതെ അന്യപുരുഷന്മാരുമായി സംസാരിക്കുന്നതും വിരോധിച്ചിരിക്കുന്നു.) അന്യപുരുഷന്മാരുമായി സംസാരിക്കേണ്ടിവന്നാൽ സംസാരത്തിൽ ആകർഷകത്വമോ കീഴൊതുങ്ങുന്ന ഭാവമോ പ്രകടമാക്കരുത്. ഗൗരവവും തൻേറടവും സ്ഫുരിക്കണം. അതേയവസരത്തിൽ മര്യാദയുടെ അതിരുകൾ ലംഘിക്കുകയുമരുത്.

فَلَا تَخْضَعْنَ بِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ

(الاحزاب)

"നിങ്ങൾ കൊഞ്ചി സംസാരിക്കരുത്. ഹൃദയത്തിൽ രോഗം ബാധിച്ചവനു് നിങ്ങളുടെ നേരെ മോഹം ജനിച്ചേക്കും."

v) സൗന്ദര്യം വെളിപ്പെടുത്തുന്ന വിധത്തിൽ വസ്ത്രധാരണം ചെയ്യരുത്. നേരിയ വസ്ത്രം ധരിച്ച് ശരീര കാന്തി പ്രദർശി

പ്പിച്ച്, കൊഞ്ചിക്കുഴഞ്ഞു നടക്കുന്ന സ്ത്രീകളെപ്പററി നബി (സ) പറയുന്നു:

نِسَاءٌ كَاسِيَاتٌ عَارِيَاتٌ مَائِلَاتٌ مُمِيلَاتٌ رُؤُسُهُنَّ
كَأَسْنِمَةِ الْبُخْتِ الْمَائِلَةِ لَا يَدْخُلْنَ الْجَنَّةَ وَلَا يَجِدْنَ رِيحَهَا
(مسلم)

(വസ്ത്രം ധരിക്കുകയും എന്നാൽ നഗ്നരാവുകയും അങ്ങുമിങ്ങും ചായുന്ന ഒട്ടകത്തിന്റെ പൂഞ്ഞ പോലെ ചാഞ്ചാടി നടക്കുകയും അന്യപുരുഷന്മാരെ ആകർഷിക്കുകയും ചെയ്യുന്ന സ്ത്രീകൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അതിന്റെ സുഗന്ധം പോലും ആസ്വദിക്കുകയില്ല.)

vi) നിർല്ലജ്ജത പാടില്ല. അത് ഈമാനിന്റെ അപൂർണ്ണതയെ കുറിക്കുന്നു.

اَلْحَيَاءُ شُعْبَةٌ مِنَ الْإِيمَانِ (بخارى)

(ലജ്ജ ഈമാനിന്റെ ഒരു ശാഖയാണ്.)

vii) സ്ത്രീപുരുഷന്മാർ അന്യോന്യം നോക്കരുത്. സമീപത്തുകൂടി നടന്നുപോകുമ്പോൾ ദൃഷ്ടികൾ താഴ്ത്തണം.

قُلْ لِلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ
........ وَقُلْ لِلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ
فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا (النور)

"സത്യവിശ്വാസികളോട് കണ്ണുകൾ താഴ്ത്തുവാനും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുവാനും ആജ്ഞാപിക്കുക....സത്യവിശ്വാസിനികളോടും കണ്ണുകൾ താഴ്ത്തുവാനും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുവാനും സ്വയം പ്രത്യക്ഷപ്പെട്ട ഭാഗമൊഴികെ സൌന്ദര്യം വെളിപ്പെടുത്താതിരിക്കുവാനും ആജ്ഞാപിക്കുക."

viii) അന്യഗൃഹങ്ങളിൽ അനുവാദമില്ലാതെ കടന്നു ചെല്ലരുത്.

يَا اَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ

حَتَّى تَسْتَأْنِسُوا وَتُسَلِّمُوا عَلَى اَهْلِهَا (النور)

"സത്യവിശ്വാസികളേ! അന്യ ഗൃഹങ്ങളിൽ വീട്ടുകാരുടെ സമ്മതമില്ലാതെയോ സലാം പറയാതെയോ പ്രവേശിക്കരുത്."

ix) അശ്ലീലങ്ങൾ പ്രചരിപ്പിക്കുകയോ പരസ്യമായി അശ്ലീലം സംസാരിക്കുകയോ ചെയ്യരുത്. അതു സമൂഹത്തെ ദുഷിപ്പിക്കും; തിന്മകളുടെ നേരെയുള്ള മനോഭാവത്തെ മാററിക്കളയും.

اِنَّ الَّذِينَ يُحِبُّونَ اَنْ تَشِيعَ الْفَاحِشَةُ فِى الَّذِينَ آمَنُوا

لَهُمْ عَذَابٌ اَلِيمٌ فِى الدُّنْيَا وَالْآخِرَةِ (النور)

"സത്യവിശ്വാസികൾക്കിടയിൽ അശ്ലീലവും ദുഷ്കൃത്യവും പ്രചരിച്ചു കാണാൻ ആഗ്രഹിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനിപ്പിക്കുന്ന ശിക്ഷയുണ്ട്."

كُلُّ اُمَّتِى مُعَافًى اِلَّا الْمُجَاهِرِينَ

(അശ്ലീലങ്ങൾ പരസ്യമാക്കുന്നവർ ഒഴിച്ച് എന്റെ സമുദായത്തിൽ എല്ലാവരുടെയും പാപങ്ങൾ പൊറുക്കപ്പെടും)

X) വിവാഹം നിയമമാക്കി. യുവാക്കൾ അവിവാഹിതരായി കഴിയരുതെന്നു് നിഷ്കർഷിക്കപ്പെട്ടു.

مَنِ اسْتَطَاعَ مِنْكُمُ الْبَاءَةَ فَلْيَتَزَوَّجْ فَإِنَّهُ أَغَضُّ لِلْبَصَرِ
وَأَحْصَنُ لِلْفَرْجِ (مشكوة)

(ചിലവ് നടത്താൻ കഴിവുള്ളവർ വിവാഹം ചെയ്യട്ടെ. കണ്ണുകളെയും ഗുഹ്യസ്ഥാനങ്ങളെയും രക്ഷിക്കുവാൻ അതാണ് ഏററവും നല്ലമാർഗ്ഗം.)

പെൺകുട്ടികൾക്ക് പ്രായം തികയുകയും അനുയോജ്യനായ വരനെ ലഭിക്കുകയും ചെയ്താൽ ഉടനെ വിവാഹം ചെയ്തുകൊടുക്കണം.

إِذَا خَطَبَ إِلَيْكُمْ مَنْ تَرْضَوْنَ دِينَهُ وَخُلُقَهُ فَزَوِّجُوهُ
إِلَّا تَفْعَلُوهُ تَكُنْ فِتْنَةٌ فِي الْأَرْضِ وَفَسَادٌ عَرِيضٌ (ترمذى)

"ദീനും സ്വഭാവവും തൃപ്തികരമായ ഒരാൾ നിങ്ങളുടെ പെൺകുട്ടിക്ക് വരനായി വന്നാൽ അയാൾക്ക് വിവാഹം ചെയ്തുകൊടുക്കുക. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ വലിയ കുഴപ്പവും വിനാശവും സംഭവിക്കും.,,

വിവാഹം ഇസ്ലാമിൽ സങ്കീർണ്ണമായ ഒരു പ്രശ്നമല്ല. അടുത്ത ചില ബന്ധുക്കൾ തമ്മിലൊഴികെ മററെല്ലായവരുമായി വിവാഹ ബന്ധം പാടുണ്ട്. ഉച്ചനീചത്വമോ സാമ്പത്തികാസമത്വമോ പരിഗണനീയമല്ല. നബി (സ) പറയുന്നു.

"വിവാഹത്തിൽ ജനങ്ങൾ തറവാടും സമ്പത്തും സൗന്ദര്യവുമാ ണ് നോക്കുന്നത്. നിങ്ങൾ ദീനും സ്വഭാവവുമാണ് പരിഗണിക്കേണ്ടത്."

വിവാഹ മൂല്യത്തിൽ പരമാവധി ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. മതപുരോഹിതന്റേയോ ഭരണാധിപന്റേയോ സാന്നിദ്ധ്യമില്ലാതെ, രണ്ടു സാക്ഷികളുടെ മുമ്പിൽ ഉഭയസമ്മതത്തോടെ അത്യന്തം ലളിതമായി ഈ ചടങ്ങ് നിർവ്വഹിക്കാം.

xi) സദാചാരപരമോ സാമൂഹ്യമോ ആയ താല്പര്യങ്ങളെ മുൻനിർത്തി, നീതിപൂർവ്വം പെരുമാറണമെന്ന ഉപാധിയോടെ നാല് ഭാര്യമാർ വരെ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി അനാഥക്കുട്ടിയെ സംരക്ഷിക്കേണ്ട ഒരാൾ ആ കർത്തവ്യം ശരിക്ക് നിർവ്വഹിക്കുവാൻ കഴിയുന്നതിനു് കുട്ടിയുടെ മാതാവിനെ വിവാഹം ചെയ്യുക; ലൈംഗിക സംതൃപ്തിക്ക് ഒരു ഭാര്യ മതിയാകാതെ വരിക.

فَانْكِحُوا مَا طَابَ لَكُمْ مِنَ النِّسَاءِ مَثْنَى وَثُلَاثَ
وَرُبَاعَ (النساء)

"നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ സ്ത്രീകളെ വിവാഹം ചെയ്യുക."

xii) വിധവകൾക്ക് പുനർ വിവാഹം നടത്താം. അടിമകളിൽ കൊള്ളാവുന്നവരെയും വിവാഹം ചെയ്തുകൊടുക്കണം.

وَأَنْكِحُوا الْأَيَامَى مِنْكُمْ وَالصَّالِحِينَ مِنْ عِبَادِكُمْ وَإِمَائِكُمْ
(النور)

"അനാഥകളെയും അടിമകളായ സ്ത്രീപുരുഷന്മാരിൽ നല്ലവരെയും വിവാഹം ചെയ്തുകൊടുക്കുക."

സമൂഹത്തിൽ ലൈംഗികാസക്തിയുള്ളവർ അവിവാഹിതരായി കഴിയുന്നത് മൂലം ലൈംഗികാരാജകത്വമുണ്ടായേക്കുമെന്നു കരുതിയാണ് ഈ കല്പന.

5. മൃദുലവികാരങ്ങൾ ഇളക്കിവിടുന്നതും ബുദ്ധിശക്തി മരവിപ്പിക്കുന്നതുമായ കാര്യങ്ങളുമായി ബന്ധപ്പെടാതിരിക്കുക. നൃത്തം, സംഗീതം, മദ്യപാനം മുതലായവ അക്കാരണത്താൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

6. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയിൽ മിതത്വം പാലിക്കണം. ഒന്നിലും ദുർവ്യയം അരുത്.

وَالَّذِينَ إِذَا أَنْفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا وَكَانَ بَيْنَ
ذٰلِكَ قَوَامًا (الفرقان)

"ചിലവഴിക്കുമ്പോൾ അവർ ദുർവ്യയം ചെയ്യുകയില്ല. ലുബ്ധത കാണിക്കുകയുമില്ല. മദ്ധ്യനിലയാണ് സ്വീകരിക്കുക.,,

ഐശ്വര്യം അല്ലാഹുവിന്റെ അനുഗ്രഹമാണ്. അത് മിതമായ നിലക്ക് പ്രകടിപ്പിക്കുന്നതിനെ അല്ലാഹു ഇഷ്ടപ്പെന്നു.

إِنَّ اللهَ يُحِبُّ أَنْ يَرَى أَثَرَ نِعْمَتِهِ عَلَى عَبْدِهِ (مسلم)

"തന്റെ ദാസന്ന് ചെയ്ത അനുഗ്രഹം അവന്റെ മേൽ കാണാൻ അല്ലാഹു ആഗ്രഹിക്കുന്നു."

മറുഭാഗത്ത് അഹങ്കാരത്തെയും വസ്ത്രങ്ങൾ താഴ്ത്തി വലിച്ച് നടക്കുന്നതിനെയും ഇസ്ലാം വെറുക്കുന്നു.

وَمَنْ جَرَّ ثَوْبَهُ خُيَلَاءَ لَمْ يَنْظُرِ اللهُ اِلَيْهِ يَوْمَ الْقِيٰمَةِ (مشكوة)

"അഹങ്കാര പൂർവ്വം വസ്ത്രം വലിച്ചിഴച്ചു് നടക്കുന്നവനെ അല്ലാഹു അന്ത്യനാളിൽ കടാക്ഷിക്കുകയില്ല."

വസ്ത്രത്തിലും ഭക്ഷണത്തിലും ഉപയോഗവസ്തുക്കളിലും കവിഞ്ഞ ആഡംബരം പാടില്ല.

نَهَانَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ اَنْ نَشْرَبَ فِى آنِيَةِ الْفِضَّةِ وَالذَّهَبِ وَاَنْ نَأْكُلَ فِيهَا وَعَنْ لُبْسِ الْحَرِيرِ وَالدِّيبَاجِ وَاَنْ نَجْلِسَ عَلَيْهِ (مشكوة)

"സ്വർണ്ണപ്പാത്രങ്ങളിലും വെള്ളിപ്പാത്രങ്ങളിലും ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതും, പട്ടുവസ്ത്രങ്ങൾ ധരിക്കുന്നതും അവയുടെമേൽ ഇരിക്കുന്നതും നബി (സ) വിരോധിച്ചിരിക്കുന്നു."

ആവശ്യത്തിലേറെ ഉപകരണങ്ങൾ ശേഖരിച്ചുവെച്ചുകൂടാ.

فِرَاشٌ لِلرَّجُلِ وَفِرَاشٌ لِامْرَاَتِهِ وَثَالِثٌ لِلضَّيْفِ وَالرَّابِعُ لِلشَّيْطَانِ (مسلم)

(പുരുഷനു് ഒരു വിരിപ്പു്, മറ്റൊന്നു് അവന്റെ ഭാര്യക്കു്, മൂന്നാമത്തേതു് അതിഥിക്കു്, നാലാമത്തേതു് പിശാചിന്നു്)

വൻകിട മണിമാളികകൾ പണിയുന്നതു് അഭികാമ്യമല്ല.

اَلنَّفَقَةُ كُلُّهَا فِى سَبِيلِ اللهِ اِلَّا الْبِنَاءَ فَلَا خَيْرَ فِيهِ (ترمذى)

"എല്ലാം വ്യയവും അല്ലാഹുവിൻെറ മാർഗ്ഗത്തിലാണ്. (അനാവശ്യമായ) കെട്ടിട നിർമ്മാണച്ചെലവ് ഒഴികെ. കാരണം അതിൽ ഗുണമില്ല)"

ആഡംബരം കരണീയമല്ല. അതു അലസതയും ഭീരുതാവുമുണ്ടാക്കും. ഇവ രണ്ടും മുസ്ലിംകൾക്ക് ചേർന്നതല്ല.

إِيَّاكَ وَالتَّنَعُّمَ فَإِنَّ عِبَادَ اللهِ لَيْسُوا بِالْمُتَنَعِّمِينَ (مشكوة)

(സുഖലോലുപത കൈവെടിയുക. അല്ലാഹുവിൻെറ ദാസന്മാർ സുഖലോലുപരല്ല)

7 സ്ത്രീപുരുഷന്മാരുടെ പ്രകൃത്യായുള്ള കഴിവുകളും കർമ്മമണ്ഡലങ്ങളും വ്യത്യസ്തമാണെന്നപോലെ അവരുടെ വേഷവിധാനങ്ങളും വ്യത്യസ്തമായിരിക്കണം.

لَعَنَ اللهُ الْمُتَشَبِّهِينَ مِنَ الرِّجَالِ بِالنِّسَاءِ وَالْمُتَشَبِّهَاتِ

مِنَ النِّسَاءِ بِالرِّجَالِ (بخارى)

(സ്ത്രീവേഷം സ്വീകരിക്കുന്ന പുരുഷന്മാരെയും പുരുഷവേഷം സ്വീകരിക്കുന്ന സ്ത്രീകളെയും അല്ലാഹു ശപിച്ചിരിക്കുന്നു)

8 ക്ഷമ, സഹനം, അവധാനത, ഗൗരവം എന്നീ ഗുണങ്ങൾ സ്വായത്തമാക്കണം. ഉററ ബന്ധുവിൻെറ മരണംപോലെ ദുഃഖകരമായ സന്ദർഭങ്ങളിൽ പോലും ക്ഷമയും തൻേറടവും കൈവിടരുത്. ഒരു ഹദീസിൽ ഇങ്ങനെ കാണാം.

........ وَلَا تَخْمِشْ وَجْهًا وَلَا تَدْعُو وَيْلًا وَلَا تَشُقَّ جَيْبًا وَلَا

تَنْشُرْ شَعْرًا (ابو داود)

(മുഖം മാന്തിക്കീറാതിരിക്കാനും ഉച്ചത്തിൽ വിലപിക്കാതിരിക്കാനും കുപ്പായം പിച്ചിച്ചീന്താതിരിക്കാനും വിലാപകാവ്യങ്ങൾ പ്രചരിപ്പിക്കാതിരിക്കാനും ഞങ്ങൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു)

ദുഃഖത്തിലെന്നപോലെ സന്തോഷത്തിലും ആത്മനിയന്ത്രണം കൈവിട്ടുകൂടാത്തതാകുന്നു.

وَلَا تَفْرَحُوا بِمَا آتَاكُمْ (الحديد)

"കൈവന്ന അനുഗ്രഹത്തിൽ അതിരുകവിഞ്ഞാഹ്ലാദിക്കരുത്"

എല്ലാം കാര്യങ്ങളിലും ഉത്തമ സമ്പ്രദായം സ്വീകരിക്കണം.

لَا تَأْكُلُوا بِالشِّمَالِ (مسلم)

(ഇടതുകൈകൊണ്ട് ഭക്ഷണം കഴിക്കരുത്.)

........ لَا يَسْتَنْجِي بِالْيَمِينِ (بخارى)

"....വലതുകൈകൊണ്ട് ഗുഹ്യാവയവങ്ങൾ ശുദ്ധീകരിക്കരുത്"

لَا يَمْشِ أَحَدُكُمْ فِي نَعْلٍ وَاحِدَةٍ (مسلم)

"ഒരു കാലിൽ ചെരിപ്പ് ധരിച്ചു നടക്കരുത്.,,

إِنَّ رَسُولَ اللَّهِ صلى الله عليه وسلم نَهَى عَنِ الْقَزَعِ (بخارى)

"തല ഭാഗികമായി മുണ്ഡനം ചെയ്യുന്നത് നബി(സ)വിരോധിച്ചിരിക്കുന്നു."

9) ഇഹത്തിലും പരത്തിലും പ്രയോജനമില്ലാത്ത പ്രവൃത്തികൾ ചെയ്യരുത്. അനാവശ്യ പ്രവൃത്തികളിൽ ഏർപ്പെടാ

തിരിക്കുകയെന്നത് സത്യവിശ്വാസികളുടെ അടിസ്ഥാന ഗുണമാണ്.

وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ (المؤمنون)

"അനാവശ്യകാര്യങ്ങളിൽ നിന്നു് അവർ പിന്തിരിഞ്ഞുകളയും"

مِنْ حُسْنِ اِسْلَامِ الْمَرْءِ تَرْكُهُ مَا لَا يَعْنِيهِ (ترمذى)

"അനാവശ്യകാര്യങ്ങൾ ഉപേക്ഷിക്കുന്നുവെന്നത് ഒരാൾ നല്ല മുസ്ലിമാണെന്നതിന്നു് തെളിവാണ്."

10) അമുസ്ലീം സൊസൈററിയുടെ പ്രത്യേകതയായി കണക്കാക്കപ്പെടുന്നതും മുസ്ലീംകളുടെ നാഗരീകാസ്തിത്വത്തിന്നും മതസ്വഭാവത്തിന്നും നിരക്കാത്തതുമായ സമ്പ്രദായങ്ങൾ സ്വീകരിക്കാതിരിക്കുക. ഉദാ:—

i) അമുസ്ലീംകളുടെയോ ഗുണ്ടകളുടെയോ പ്രത്യേക വേഷങ്ങൾ അനുകരിക്കരുത്.

مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ (ابو داود)

"ഒരു സമുദായത്തോടു് സാദൃശ്യം സ്വീകരിക്കുന്നവൻ ആ സമുദായത്തിൽപെട്ടവനാണ്."

ii) താടിയും മീശയും വളർത്തുന്നതിൽ അവിശ്വാസികളിൽ നിന്നു് വ്യത്യസ്ത നിലപാടു് സ്വീകരിക്കുക.

خَالِفُوا الْمُشْرِكِينَ أَوْفُوا اللِّحَى وَاحْفُوا الشَّوَارِبَ (بخارى)

"ബഹുദൈവവിശ്വാസികളിൽനിന്നു് വിഭിന്നരാവുക. താടി വളർത്തുകയും മീശവെട്ടുകയും ചെയ്യുക."

iii) ജൂത ക്രിസ്ത്യാനികളിൽനിന്നും താടി മീശയിൽ വ്യത്യസ്തരാവുക.

إِنَّ الْيَهُودَ وَالنَّصَارَى لَا يَصْبِغُونَ فَخَالِفُوهُمْ (بخارى)

(ജൂതരും ക്രിസ്ത്യാനികളും താടി, ചായം പിടിപ്പിക്കാതെ വളർത്തുന്നു. നിങ്ങൾ അവരിൽനിന്ന് വിഭിന്നരാവുക)

ചുരുക്കത്തിൽ ഇസ്ലാമിക സമൂഹത്തിന്റെ ഋജുവും ഏകവർണ്ണവുമായ സ്വഭാവ സവിശേഷത സദാ മികച്ചു കാണപ്പെടണം. ഈ സവിശേഷതകൾ പുലർത്തുന്നതിൽ സഹിഷ്ണതയുടെ പ്രശ്നമില്ല. ഇസ്ലാമും അനിസ്ലാമും തമ്മിൽ നിസ്സാരമായ വേഴ്ച പോലും പ്രകടമാകുന്ന സഹിഷ്ണത അംഗീകരിക്കപ്പെടുകയില്ല. കറുപ്പും വെളുപ്പും രണ്ടാണെന്ന് ഇസ്ലാം കരുതുന്നു. അത് രണ്ടും ഒന്നാണെന്ന് ഇസ്ലാം അംഗീകരിക്കുകയില്ല. അത്തരം സഹിഷ്ണത ഇസ്ലാമിൽ സ്വീകാര്യമല്ല.

## സാമ്പത്തിക വ്യവസ്ഥ

ഇസ്ലാമിക ദൃഷ്ടിയിൽ പരലോക വിജയമാണ് മനുഷ്യന്റെ യഥാർത്ഥ ജീവിതലക്ഷ്യം. പരലോക ജീവിതത്തിന്ന് ഐഹിക ജീവിതത്തെക്കാൾ പ്രാധാന്യം നൽകുന്നുവെന്നതാണ് മുസ്ലിമിന്റെ പ്രത്യേകത. പക്ഷേ, ഐഹിക ജീവിതത്തെയും അതിന്റെ പ്രശ്നങ്ങളെയും ഇസ്ലാം അവഗണിക്കുന്നുവെന്ന് ഇതിന്നർത്ഥമില്ല. ഇസ്ലാമിക വീക്ഷണത്തിൽ ഭൂമിയിൽ മനുഷ്യന്റെ സ്ഥാനം, ജീവിതലക്ഷ്യം, ആത്മീയ വളർച്ചയെയും ദൈവഭക്തിയെയും പററി ഇസ്ലാം നൽകുന്ന വിഭാവനം, അതിന്നായി നിർദ്ദേശിക്കുന്ന മാർഗ്ഗം ഇതെല്ലാം കണക്കിലെടുക്കുന്നപക്ഷം മനുഷ്യന്റെ ഭൗതികാവശ്യങ്ങൾക്ക് യാതൊരു പ്രാധാന്യവും ഇസ്ലാം നൽകുന്നില്ലെന്ന തെററിദ്ധാരണക്ക് ഒരവകാശവുമില്ല. ഇസ്ലാമിനെ കുറിച്ചു

കടുത്ത അജ്ഞത മാത്രമാണത്. 'മുസ്ലിമും' 'മുഅ്മിനും' എന്നു പറഞ്ഞാൽ കേവലം ആത്മാവിന്റെ പേരല്ല, ആത്മാവും ശരീരവും കൂടിയതിന്റെ പേരാണ്. മുസ്ലിമിന്ന് വ്യക്തിപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുവാനും ദൈവപ്രീതി സമ്പാദിക്കുവാനും ശാരീരികമായ നിലനിൽപും ശക്തിയും ആവശ്യമാണ്. അതിന്നാകട്ടെ, ഭൗതികോപാധികൾ കൂടാതെ കഴിയുകയില്ല. ആ ഭൗതികോപാധികളെസ്സംബന്ധിച്ച നിയമ പരിധികൾക്ക് 'ഇസ്ലാമിലെ സാമ്പത്തികവ്യവസ്ഥ' എന്നു പറയുന്നു.

ജീവിതായോധന മാർഗ്ഗം കണ്ടെത്താനും സ്വാശ്രയത്വം പുലർത്താനും ഇസ്ലാം നിർബ്ബന്ധ പൂർവ്വമായ പ്രേരണ നൽകുന്നു.

طَلَبُ كَسْبِ الْحَلَالِ فَرِيضَةٌ بَعْدَ الْفَرِيضَةِ (بيهقى)

"നിർബ്ബന്ധ ആരാധനകൾ കഴിച്ചാൽ പിന്നെ നിർബ്ബന്ധമായിട്ടുള്ളത് ഹലാലായ ധന സമ്പാദനമാണ്."

ജീവിതോപയോഗ സാമഗ്രികളെ ഖുർആൻ مَالُ اللهِ (അല്ലാഹുവിന്റെ ധനം) എന്നും طَيِّبَاتٌ (പരിശുദ്ധ വസ്തുക്കൾ) എന്നും نِعْمَةُ اللهِ ، فَضْلُ اللهِ (അല്ലാഹുവിന്റെ അനുഗ്രഹം) എന്നും വിശേഷിപ്പിക്കുന്നു. സമ്പത്തിനു ഇസ്ലാം നല്കുന്ന പ്രാധാന്യമാണല്ലോ ഇതെല്ലാം സൂചിപ്പിക്കുന്നത്.

ഇസ്ലാം ജീവിതത്തിന്റെ ഭൗതികാവശ്യങ്ങൾക്ക് പ്രാധാന്യം നല്കുന്നുവെന്നു മാത്രമല്ല, ജീവിത മത്സരത്തിൽ ഒരു വ്യക്തിക്കും അവ നിഷേധിക്കപ്പെടാതിരിക്കാൻ വേണ്ട പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. അവ നാലുവിധമാണ്:

(1) ഓരോ വ്യക്തിയും സ്വയം ജീവിതമാർഗ്ഗം കണ്ടെത്താൻ അത്യദ്ധ്വാനം ചെയ്യണമെന്ന പ്രേരണയും നിർദ്ദേശവും.

(2) ആവശ്യമായ ചില ഉപാധികളോടെ സമ്പാദിക്കുവാനും വിനിയോഗിക്കുവാനുമുള്ള സ്വാതന്ത്ര്യം.

(3) ദരിദ്രരുടെ ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുവാൻ ധനികരുടെ മേൽ ചുമത്തപ്പെടുന്ന ധാർമ്മിക നിർദ്ദേശങ്ങൾ.

(4) ദരിദ്രരുടെ കാര്യത്തിൽ ധനികരുടെ മേൽ ചുമത്തപ്പെടുന്ന നിയമപരമായ ചുമതലകൾ.

ഈ നാലുമാർഗ്ഗങ്ങൾ സംക്ഷിപ്തമായിവിവരിക്കാം:

## I സ്വാശ്രയത്തിന്നുള്ള പ്രേരണ

(1) സ്വന്തമായ ഒരു ജീവിതമാർഗ്ഗം കണ്ടെത്താൻ അത്യദ്ധ്വാനം ചെയ്യേണ്ടത് ഓരോരുത്തരുടെയും മതപരമായ കർത്തവ്യമാണ്.

طَلَبُ كَسْبِ الْحَلَالِ فَرِيضَةٌ ......

(ഹലാലായ സമ്പാദനമാർഗ്ഗം കണ്ടെത്തൽ നിർബ്ബന്ധമാണ്.)

അന്യർക്ക് ഭാരമാകാതെ സ്വന്തം കൈകൾകൊണ്ട് അദ്ധ്വാനിച്ച് ആഹരിക്കണം.

مَا أَكَلَ أَحَدٌ طَعَامًا قَطُّ خَيْرًا مِنْ أَنْ يَأْكُلَ مِنْ عَمَلِ
يَدَيْهِ (بخاری)

(സ്വന്തം കൈകൾകൊണ്ട് അദ്ധ്വാനിച്ചുണ്ടാക്കിയതിനേക്കാൾ നല്ല ആഹാരം ആരും ഭക്ഷിച്ചിട്ടില്ല)

2) ഭിക്ഷാടനം ആക്ഷേപാർഹമാണ്. നിർബ്ബന്ധിത പരി തസ്ഥിതിയിലല്ലാതെ യാചിക്കുവാൻ പാടുള്ളതല്ല.

...... فما سواهن من المسئلة يا قبيصة سحت يأكلها

صاحبها سحتا (مسلم)

(മേൽപറഞ്ഞവയൊഴിച്ച് എല്ലാം യാചനയും, കുബൈസേ, നി ഷിദ്ധമാണ്. നിഷിദ്ധമായ നിലയിലാണ് അവൻ അതു ഭക്ഷിക്കുന്നത്.)

## II സമ്പാദിക്കാനും വിനിയോഗിക്കാനും സ്വാതന്ത്ര്യം

1) സാമ്പത്തിക മത്സരത്തിൽ എല്ലാവക്കും തുല്യാവസരവും സമാവകാശവും ഉണ്ടായിരിക്കും. വാണിജ്യം, വ്യവസായം, ഉദ്യോഗം മുതലായ ധനസമ്പാദനമാർഗ്ഗങ്ങളിൽ കുത്തക അനു വദിക്കപ്പെടുകയില്ല. ഓരോരുത്തക്കും സ്വന്തം അഭിരുചിയും യോഗ്യതയുമനുസരിച്ച് ഹലാലായ സമ്പാദന മാർഗ്ഗങ്ങൾ സ്വീ കരിക്കാൻ സ്വാതന്ത്ര്യമുണ്ട്. ഭൂമിയിലെ വിഭവങ്ങൾ എല്ലാവ ക്കുമുള്ളതാണ്.

خلق لكم ما في الأرض جميعا (البقرة)

(ഭൂമിയിലുള്ള എല്ലാം അല്ലാഹു നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചിരി ക്കുന്നു.)

2) ഉല്പാദിപ്പിക്കുന്നതിലും ഉപയോഗ്യമാക്കുന്നതിലും മനു ഷ്യ പ്രയത്നത്തിന് പ്രവേശനമില്ലാത്ത ഭൂമിയിലെയും അന്തരീ ക്ഷത്തിലെയും എല്ലാവസ്തുക്കളും, ആവശ്യാനുസരണം എല്ലാവ ക്കും ഉപയോഗപ്പെടുത്താം.

اَلْمُسْلِمُونَ شُرَكَاءُ فِي ثَلَاثٍ فِي الْمَاءِ وَالْكَلَأِ وَالنَّارِ

(വെള്ളം, പുല്ല്, തീ എന്നീ മൂന്നു വസ്തുക്കളിൽ മുസ്‌ലിംകൾ പങ്കാളികളാണ്.)

ഇതൊരു താത്വിക നിർദ്ദേശം മാത്രമാണ്. പ്രകൃതിവസ്തുക്കളിലുള്ള പൊതു അവകാശം ഈ മൂന്നിൽ പരിമിതമല്ലെന്നും ആരുടെയും അദ്ധ്വാനത്തിനു പ്രവേശനമില്ലാത്ത എല്ലാം അതിൽ പെടുമെന്നും മററു ചില ഹദീസുകൾ വ്യക്തമാക്കുന്നു. പൊതു അവകാശമുള്ള പ്രകൃതി വസ്തുക്കൾ കുത്തകയാക്കിവെച്ച ഒരാളെ, അല്ലാഹു പരലോകത്തിൽ വിചാരണചെയ്യുന്നചിത്രം വരച്ചുകാണിച്ചുകൊണ്ടു നബി (സ) പറയുന്നു:

........ فَيَقُولُ اللهُ الْيَوْمَ أَمْنَعُكَ فَضْلِي كَمَا مَنَعْتَ فَضْلَ مَا لَمْ تَعْمَلْ يَدَاكَ.

(അല്ലാഹു അവനോടു് പറയും. നീ അദ്ധ്വാനിച്ചിട്ടില്ലാത്തതിന്റെ മിച്ചം മററുള്ളവക്ക് തടഞ്ഞതുപോലെ ഇന്നു് എന്റെ അനുഗ്രഹം ഞാൻ നിനക്ക് തടയുന്നു.)

നദികളിലെയും തടാകങ്ങളിലെയും ഉറവിടങ്ങളിലെയും വെള്ളം, കാട്ടിലെ മരങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ, സ്വയം മുളച്ചുണ്ടാകുന്ന വൃക്ഷങ്ങളിലെ കായ്കനികൾ, പറവകൾ, മത്സ്യങ്ങൾ, മരുജന്തുക്കൾ, പൊതു ഖനികൾ, ഉപ്പുനിക്ഷേപങ്ങൾ മുതലായവ പൊതു ഉപയോഗത്തിനു 'വഖ്ഫ്' ആയിരിക്കണം. തരിശു ഭൂമിയുടെ കാര്യത്തിലും ഇതു് തന്നെ നിയമം. ആർക്കും അതു് ഉഴുതു മറിച്ച് കൃഷിയോഗ്യമാക്കാം.

عَادِيُّ الْأَرْضِ لِلّٰهِ وَلِرَسُولِهِ ثُمَّ هِيَ لَكُمْ مِنِّي

(തരിശ്ശു ഭൂമി അല്ലാഹുവിന്നും അവൻെറ റസൂലിന്നുമുള്ളതാണ
പിന്നെ ഞാൻ വഴി നിങ്ങൾക്കുള്ളതാണ്.)

3) തരിശ്ശുഭൂമിയിൽ ഒരാൾ സ്വന്തം കഴിവും അദ്ധ്വാന
ഉപയോഗിച്ച് കൃഷിയോഗ്യമാക്കുന്നതത്രയും അയാളുടെതാണ
അതു മററാരാൾക്കും കയ്യേറാനോ സ്വാധീനപ്പെടുത്താനോ പ
ള്ളതല്ല.

مَنْ أَحْيَا أَرْضًا مَيْتَةً فَهِيَ لَهُ

(തരിശ്ശുഭൂമി കൃഷിയോഗ്യമാക്കിയവന്നുള്ളതാണ്.)

4) ഇപ്രകാരം അധീനമാക്കിയ ഭൂമി മൂന്ന് കൊല്ലത്തിൽ
റെ കൃഷി ചെയ്യാതെ ഉപയോഗ ശൂന്യമായി വിട്ടുകളയുവ
പാടില്ല. അങ്ങിനെ ചെയ്യുകയാണെങ്കിൽ അയാൾക്ക്
തിൻെറ ഉടമാവകാശം നഷ്ടപ്പെടും. അത് മററാരാൾക്ക്
ധീനപ്പെടുത്തി കൃഷി ചെയ്യാവുന്നതാണ്.

لَيْسَ لِمُحْتَجِرٍ حَقٌّ بَعْدَ ثَلَاثِ سِنِينَ

(ഭൂമി ഉപയോഗശൂന്യമാക്കുന്നവന്നു മൂന്ന് കൊല്ലത്തിന്നു ശേ
അവകാശമില്ല.)

5) ധനത്തെ കൂടുതൽ ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗമാ
ഉപയോഗപ്പെടുത്താൻ സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് വാണിജ
വ്യവസായം മുതലായവയെ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നു.

6) ധനത്തെ കൂടുതൽ ധനം സമ്പാദിക്കുവാനുള്ള മാർ
മായി ഉപയോഗപ്പെടുത്താനുള്ള സ്വാതന്ത്ര്യം നിരുപാധികമ
ധാർമ്മികവും നിയമപരവുമായ നിയന്ത്രണങ്ങൾ അതിന്മേൽ
മത്തപ്പെട്ടിട്ടുണ്ട്.

i) ഇടപാടുകളിൽ സത്യസന്ധതയും വിശ്വാസ്തതയും പുലർത്തുക, ചരക്കിന്റെ ദൂഷ്യങ്ങൾ മറച്ചുവെക്കുന്നതും മറുപക്ഷത്തെ വഞ്ചിക്കുന്നതും കടുത്ത കുററമാണ്.

مَنْ غَشَّ فَلَيْسَ مِنِّى (مسلم)

(വഞ്ചിക്കുന്നവൻ എന്റെ അനുയായിയല്ല.)

ii) ചരക്കിന്ന് മാർക്കററ് ഉണ്ടാക്കുവാൻ കള്ളപ്രചാരവേലയും കള്ളസത്യവും ചെയ്യരുത്.

ثَلَاثَةٌ لَا يُكَلِّمُهُمُ اللهُ يَوْمَ الْقِيَامَةِ وَلَا يَنْظُرُ إِلَيْهِمْ ........

وَالْمُنَفِّقُ سِلْعَتَهُ بِالْحَلْفِ الْكَاذِبِ (مسلم)

(അന്ത്യദിനത്തിൽ അല്ലാഹു മൂന്നു കൂട്ടരോട് സംസാരിക്കുകയോ അവരെ കടാക്ഷിക്കുകയോ ചെയ്യുകയില്ല. അവരിൽ ഒരാൾ കള്ളസത്യം ചെയ്ത് ചരക്ക് വിററഴിക്കുന്നവനാണ്.)

iii) എല്ലാം തരത്തിൽ പെട്ട പലിശ ഇടപാടുകളും നിരോധിക്കപ്പെട്ടിരിക്കുന്നു. പലിശ വാങ്ങുന്നതു പോലെ കൊടുക്കുന്നതും നിഷിദ്ധമാണ്.

أَحَلَّ اللهُ الْبَيْعَ وَحَرَّمَ الرِّبٰو (البقرة)

(അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു.)

പലിശയെ ഇസ്ലാമിനോടും ഇസ്ലാമിക രാഷ്ട്രത്തോടുമുള്ള യുദ്ധപ്രഖ്യാപനത്തിന് തുല്യമായ ക്രിമിനൽ കുററമായാണ് ഗണിക്കപ്പെടുന്നത്. അവരോട് ഇസ്ലാം പ്രതിയുദ്ധം പ്രഖ്യാപിക്കുന്നു

فَأْذَنُوا بِحَرْبٍ مِنَ اللهِ وَرَسُولِهِ (البقرة)

(അല്ലാഹുവിൽനിന്നും അവന്റെ ദൂതരിൽനിന്നും യുദ്ധപ്രഖ്യാപനം പ്രതീക്ഷിച്ചുകൊള്ളുക.)

iv) ഒരു കക്ഷിയുടെ ലാഭം സുനിശ്ചിതവും മറുകക്ഷിയുടേതു് സംശയാസ്പദവുമായ ഏടപാടുകൾ പാടുള്ളതല്ല. ഇത്തരം എല്ലാ ക്രയവിക്രയങ്ങളും പലിശയിടപാടുകളുടെ നിർവ്വചനത്തിൽ പെടുന്നു.

v) ചൂതുകളി നിഷിദ്ധമാണു്.

إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنْصَابُ وَالْأَزْلَامُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ

(മദ്യവും ചൂതാട്ടവും പുണ്യശിലാ നാട്ടുകളും പ്രശ്നം വെയ്ക്കാനുള്ള ഉപകരണങ്ങളും, നീചതരവും പൈശാചികവൃത്തിയുമത്രെ. അതുകൊണ്ടു് അവ ഉപേക്ഷിക്കുക.)

പൊതുവെ അറിയപ്പെടുന്ന ചൂതാട്ടം മാത്രമല്ല, ചൂതാട്ടത്തിന്റെ സ്വഭാവത്തോടുകൂടിയ സാട്ട, ലോട്ടറി, ലൈഫ് ഇൻഷൂറൻസ് മുതലായവയും നിഷിദ്ധമാണു്.

vi) ഉപയോഗം നിഷിദ്ധമായ മദ്യം, രക്തം, പന്നി, ശവം എന്നിവയുടെ കച്ചവടവും നിഷിദ്ധമാണു്.

إِنَّ اللهَ وَرَسُولَهُ حَرَّمَ بَيْعَ الْخَمْرِ وَالْمَيْتَةِ وَالْخِنْزِيرِ وَالْأَصْنَامِ

(بخاری)

(മദ്യം, ശവം, പന്നി, വിഗ്രഹങ്ങൾ എന്നിവയുടെ ക്രയവിക്രയം അല്ലാഹുവും റസൂലും നിരോധിച്ചിരിക്കുന്നു.)

അവയിൽനിന്നുള്ള വരുമാനവും നിഷിദ്ധമാണ്.

إِنَّ اللهَ إِذَا حَرَّمَ عَلَى قَوْمٍ أَكْلَ شَيْءٍ حَرَّمَ عَلَيْهِمْ ثَمَنَهُ

(شرح مسلم للنووي ص ٢٢)

(അല്ലാഹു ഒരു വസ്തു ഭക്ഷിക്കുന്നത് നിഷിദ്ധമാക്കിയാൽ അതിന്റെ വിലയും നിഷിദ്ധമാണ്.)

vii) വില വർദ്ധിപ്പിക്കാൻ അവശ്യസാധനങ്ങൾ പൂഴ്ത്തിവെക്കുന്നത് കടുത്ത പാതകമാകുന്നു.

اَلْمُحْتَكِرُ مَلْعُونٌ (بيهقى)

(പൂഴ്ത്തിവെക്കുന്നവൻ ശപിക്കപ്പെട്ടവനാണ്.)

ചരക്കുകൾ കമ്പോളത്തിൽ എത്തുന്നതിനു മുമ്പായി വഴിയിൽ ചെന്ന് കച്ചവടം ചെയ്യാൻ പാടില്ല:

لَا تَلَقَّوُا الْجَلَبَ (مسلم)

നഗരവാസി, ചരക്കുകൾ കമ്പോളത്തിൽ വിററഴിക്കാൻ കൊണ്ടുവരുന്ന ഗ്രാമവാസിയുടെ മദ്ധ്യവർത്തിയാകുവാനോ അവന്റെ ചരക്കുകൾ കൂടുതൽ വിലയ്ക്ക് വില്ലുവാൻ തന്റെയടുക്കൽ സൂക്ഷിക്കുവാനോ പാടില്ല:

لَا يَبِيعُ حَاضِرٌ لِبَادٍ (مسلم)

viii) സ്വാധീനത്തിൽ ഇല്ലാത്ത ചരക്കുകളുടെ ക്രയ വിക്രയം പാടില്ല. അതു ക്രമേണ സാട്ടയുടെ രൂപം പ്രാപിക്കുന്നതിനും വിലക്കയററത്തിനും കാരണമായേക്കും.

لَا تَبِعْ مَا لَيْسَ عِنْدَكَ (ابو داود)

ix) ജനങ്ങൾക്ക് ഭൗതികമായ നഷ്ടം വരുത്തിവെക്കുന്ന ധനസമ്പാദനമാർഗ്ഗങ്ങളെന്നപോലെ ധാർമ്മികമായ അധഃപതനത്തിലേക്ക് നയിക്കുന്ന ധനാഗമമാർഗ്ഗങ്ങളും നിരോധിക്കപ്പെട്ടിരിക്കുന്നു. ലഹരിപദാർത്ഥങ്ങൾ, ഫോട്ടോ, നൃത്തം, അശ്ലീലസാഹിത്യങ്ങൾ, അശ്ലീലസിനിമകൾ തുടങ്ങിയവ സമ്പാദനമാർഗ്ഗങ്ങളായി സ്വീകരിക്കാൻ പാടുള്ളതല്ല.

x) ആവശ്യമായ എല്ലാവശങ്ങളും വ്യക്തമാകാത്തതും തർക്കത്തിന്ന് കാരണമാകുന്നതുമായ ഇടപാടുകൾ നിരോധിക്കപ്പെട്ടിരിക്കുന്നു.

نَهَى رَسُولُ اللَّهِ صلى الله عليه وسلم عَنْ بَيْعِ الْحَصَاةِ وَعَنْ بَيْعِ الْغَرَرِ (مسلم)

7) മേൽ പ്രസ്താവിക്കപ്പെട്ട നിയന്ത്രണങ്ങളോടെ സമ്പാദിക്കപ്പെടുന്ന ധനം വ്യക്തിയുടെ സ്വകാര്യമുതലായി കണക്കാക്കപ്പെടും. അതു ചിലവഴിക്കാൻ അയാൾക്കു സ്വാതന്ത്ര്യവുമുണ്ട്. ആ സ്വാതന്ത്ര്യം ധാർമ്മികവും നിയമപരവുമായ ചില നിയന്ത്രണങ്ങൾക്ക് വിധേയമാണെന്നു് മാത്രം. നിയന്ത്രണങ്ങൾ ലംഘിക്കുവാൻ ഗവർമ്മെണ്ട് അനുവദിക്കുകയില്ല. ഗവർമ്മെണ്ടിന്റെ പിടിയിൽനിന്ന് രക്ഷപ്പെട്ടാലും അല്ലാഹുവിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുകയില്ല. ഈ നിയന്ത്രണത്തിന്റെ ചില വശങ്ങൾ 'സാമൂഹ്യജീവിതം' എന്ന ശീർഷകത്തിൽ നാം വിവരിച്ചു. മററു വശങ്ങൾ അടുത്ത പേജുകളിൽ വിവരിക്കാം.

# III ധനികരുടെ ധാർമ്മിക ചുമതലകൾ

ധനസമ്പാദനത്തിനു തുല്യാവകാശവും തുല്യാവസരവുമുണ്ടെങ്കിലും ബുദ്ധിപരവും ശാരീരികവുമായ കഴിവുകളിൽ പ്രകൃത്യായുള്ള അന്തരം കാരണമായി എല്ലാവരും അതിൽ ഒരുപോലെ വിജയിച്ചെന്നു് വരില്ല. സാഹചര്യങ്ങളും എല്ലാവർക്കും തുല്യമായി ലഭിക്കാറില്ല. തന്മൂലം ചിലർ ലക്ഷപ്രഭുക്കളാവുമ്പോൾ മററു ചിലർ ഒരു നേരത്തെ ആഹാരത്തിനു വഴികാണാതെ ഉഴലുന്നു. ഈ സ്ഥിതിവിശേഷം ഉണ്ടാവരുതെന്നു് ഇസ്ലാം നിഷ്കർഷിക്കുന്നു.

അതിനാൽ ഉള്ളവർ ഇല്ലാത്തവരുടെ ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ ധാർമ്മികമായി ബാധ്യസ്ഥരാണു്. "സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ കുടുംബം" (اَلْخَلْقُ عِيَالُ الله) എന്ന നിലക്കാണു് ഇസ്ലാം ഗണിക്കുന്നതു്. നമ്മുടെ കുടുംബം പട്ടിണിയും പഞ്ഞവുമായി കഴിയുന്നതു് നാം ഇഷ്ടപ്പെടുകയില്ലെങ്കിൽ അല്ലാഹുവിന്റെ കുടുംബം അങ്ങിനെ കഴിയുന്നതു് അവൻ ഇഷ്ടപ്പെടുമോ? അതുകൊണ്ടു് ജീവിതായോധനരംഗത്തു് പരാജയപ്പെട്ടവരുടെ ജീവിതാവശ്യങ്ങൾ, അതിൽ വിജയം വരിച്ചവർ നിർവ്വഹിച്ചുകൊടുക്കണമെന്നു് ഇസ്ലാം ശക്തിയായി ആജ്ഞാപിക്കുന്നു; അവർക്കു് ഭക്ഷണവും വസ്ത്രവും നല്കുകയെന്ന ചുമതല ധനികവിഭാഗത്തിന്റെയും ഗവൺമെന്റിന്റെയും മേൽ ചുമത്തുന്നു. അല്ലാഹു ഭൂമുഖത്തു് സജ്ജീകരിച്ചു് വച്ച ആഹാര വിഭവങ്ങൾ യഥാർത്ഥത്തിൽ എല്ലാവർക്കുമുള്ളതാണു്. സാമ്പത്തിക മത്സരത്തിൽ ചിലർക്കു് പററുന്ന പരാജയങ്ങൾ അവരെ അതിനു് അനർഹരാക്കുന്നില്ല. മററു ചിലർക്കു് ലഭിക്കുന്ന കവിഞ്ഞ വിജയം അവരെ അതിന്നു് നിരുപാധികം അർഹരാക്കുന്നുമില്ല. യഥാർത്ഥത്തിൽ ഈ മിച്ച സമ്പാദ്യം അവരുടെ അടുക്കൽ അമാനത്തായി വരുന്ന മററുള്ളവരുടെ അവകാശമാണു്. അവർ

അതിൻെറ സൂക്ഷിപ്പുകാർ മാത്രമാണ്. അതിൻെറ അവകാശികൾക്ക് അത് എത്തിച്ചുകൊടുക്കാൻ അവർ ബാധ്യസ്ഥരാണ്.

وَفِي أَمْوَالِهِمْ حَقٌّ لِلسَّائِلِ وَالْمَحْرُومِ (الذاريات)

(അവരുടെ ധനത്തിൽ യാചകൎക്കും ജീവിതമാർഗ്ഗം തടയപ്പെട്ടവൎക്കും അവകാശമുണ്ട്.)

സമൂഹത്തിലെ ദരിദ്രരുടെ അവശതകൾ പരിഹരിക്കാൻ ധനികൎക്ക് നല്കപ്പെട്ട ധാൎമ്മിക നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

1) പുണ്യം സമ്പാദിക്കുവാൻ കൂടുതൽ പ്രിയംകരമായ സമ്പാദ്യം ചിലവഴിക്കണം.

لَنْ تَنَالُوا الْبِرَّ حَتَّى تُنْفِقُوا مِمَّا تُحِبُّونَ (آل عمران)

(നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്നു ചിലവ് ചെയ്യാതെ നിങ്ങൾക്ക് പുണ്യം ലഭിക്കുകയില്ല.)

2) അയൽവാസികളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തണം.

لَيْسَ الْمُؤْمِنُ بِالَّذِي يَشْبَعُ وَجَارُهُ جَائِعٌ إِلَى جَنْبِهِ

(مشكوة)

(അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർ നിറച്ചു ഭക്ഷിക്കുന്നവൻ സത്യവിശ്വാസിയല്ല.)

3) സമ്പന്നത ഒരു പരീക്ഷണമാണ്. വളരെ മോശപ്പെട്ട പരിണാമത്തിന് അത് കാരണമായിത്തീരുന്നു. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിർലോഭം ചിലവു ചെയ്യുന്നവൻ മാത്രമേ

ഈ ദുരന്തത്തിൽ നിന്നും രക്ഷ പ്രാപിക്കയുള്ളൂ. നബി (സ) ഒരിക്കൽ പറഞ്ഞു: "അവരാണ് വമ്പിച്ച നഷ്ടത്തിലകപ്പെട്ട വർ." സഹാബികൾ ചോദിച്ചു: "നബിയേ, ആരാണ് അവർ?" നബി (സ) പറഞ്ഞു: "ധനം കുന്നുകൂട്ടി വെക്കുന്നവരാണവർ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം കയ്യയച്ച് ചിലവഴിക്കുന്നവർ മാത്രമേ ഈ നഷ്ടത്തിൽനിന്നും രക്ഷപ്പെടുകയുള്ളൂ. അത്തരക്കാർ അധികമുണ്ടാവുകയില്ല." (ബുഖാരി)

## IV ധനികരുടെ നിയമപരമായ ചുമതലകൾ

അവശരുടെ 'അവകാശ'ത്തിന്റെ പ്രാധാന്യം മുമ്പിൽ വെച്ച് പ്രസ്തുത ധാർമ്മിക നിർദ്ദേശങ്ങളോടൊപ്പം ധനികരുടെ മേൽ നിയമപരമായ ചില ഉത്തരവാദിത്തങ്ങൾ കൂടി ഇസ്ലാം ചുമത്തിയിട്ടുണ്ട്.

1, വർഷം തോറും ധനത്തിൽ ഒരു നിശ്ചിത ഭാഗം നിയമപരമായ അവകാശം എന്ന നിലക്ക് ദരിദ്രർക്ക് നൽകുക. ഈ നിർബ്ബന്ധ ദാനത്തിന് സകാത്ത് എന്നു പറയുന്നു. ഒരു സാമൂഹ്യ ഘടകം ഇത് വ്യക്തികളിൽനിന്നും പിരിച്ചെടുത്ത് വിതരണം ചെയ്യാനുള്ള വ്യവസ്ഥ ഏർപ്പെടുത്തും. സകാത്ത് നിർവ്വഹിക്കാതിരിക്കാൻ വ്യക്തികൾക്ക് സ്വാതന്ത്ര്യമില്ല. സകാത്ത് നിഷേധിക്കുന്നപക്ഷം പരലോകം നഷ്ടപ്പെടുമെന്ന് മാത്രമല്ല, ഗവമ്മെണ്ടിന്റെ കർശനമായ നിയമ നടപടികൾ നേരിടേണ്ടതായും വരും.

2) സകാത്ത് വഴി പിരിച്ചെടുക്കുന്ന സംഖ്യ ദരിദ്രർക്ക് വിതരണം ചെയ്യുവാനും മററു പൊതു ആവശ്യങ്ങൾ നിർവ്വഹിക്കുവാനും മതിയാകാതെ വരികയാണെങ്കിൽ ഗവമ്മെണ്ട് ധനികരുടെ മേൽ കൂടുതൽ നികുതി ചുമത്തും.

3) ഒരാൾ മരിച്ചാൽ അയാളുടെ സ്വത്ത് അടുത്ത ബന്ധുക്കൾക്കിടയിൽ വിഭജിക്കപ്പെടുന്നു. അടുത്ത ബന്ധുക്കൾ ഇല്ലാത്തപക്ഷം അകന്ന ബന്ധുക്കൾക്ക് നല്കപ്പെടും. (ഈ ആവശ്യാർത്ഥം ശരീഅത്തിൽ വിശദമായ പിന്തുടർച്ചാവകാശ നിയമമുണ്ട്.)

ഈ നിയമങ്ങൾ ധനം സമൂഹത്തിൽ ഏതാനും ചിലരുടെ കൈകളിൽ മാത്രം കെട്ടിക്കിടക്കുന്നതിനെ തടയുകയും അത് സമ്പന്നരിൽനിന്ന് ദരിദ്രരിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. കാലക്രമത്തിൽ ദാരിദ്ര്യത്തെ അത് വിപാടനം ചെയ്യും. ധനത്തിൻെറ ശരിയായ കറക്കവും നീതിപൂർവ്വമായ വിതരണവുമാണ് ഏത് സമൂഹത്തിലും സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗം.

# രാഷ്ട്രീയ വ്യവസ്ഥ

ഇസ്ലാമിക രാഷ്ട്രീയ വ്യവസ്ഥ അതിപ്രധാനമായ രണ്ട് യാഥാർത്ഥ്യങ്ങളിലധിഷ്ഠിതമാണ്.

ഒന്ന്, അല്ലാഹു മനുഷ്യരുടെ സ്രഷ്ടാവും നിയന്താവുമെന്നപോലെ വിധികർത്താവുമത്രെ.

രണ്ട്, മനുഷ്യൻ അല്ലാഹുവിൻെറ സൃഷ്ടിയും ആശ്രിതനുമെന്നപോലെ അവൻെറ ദാസനും ഭൂമിയിൽ അവൻെറ പ്രതിനിധിയുമാണ്.

ഈ രണ്ട് മൗലിക യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കി ഇസ്ലാം രൂപം കൊടുക്കുന്ന രാഷ്ട്രീയ വ്യവസ്ഥയുടെ പ്രധാന തത്വങ്ങൾ താഴെ പറയുന്നവയാണ്.

(1) അധീശാധികാരവും വിധികർതൃത്വാവകാശവും അല്ലാഹുവിന് മാത്രമാണ്. അതിൽ വല്ല വ്യക്തിക്കോ, വംശത്തി

നോ, വിഭാഗത്തിനോ, മാനവരാശിക്ക് മുഴുവനോ അണുത്തൂക്കം പങ്കില്ല. മനുഷ്യർ ജന്മനാ അവന്റെ പ്രജകളാണ്.

إِنِ الْحُكْمُ إِلَّا لِلَّهِ أَمَرَ أَلَّا تَعْبُدُوا إِلَّا إِيَّاهُ (يوسف)

(വിധി അല്ലാഹുവിന് മാത്രമാണ്. അവനെയല്ലാതെ മററാരെയും അനുസരിക്കാതിരിക്കാൻ അവൻ ആജ്ഞാപിച്ചിരിക്കുന്നു.)

(2) യഥാർത്ഥ നിയമ നിർമ്മാതാവ് അല്ലാഹു മാത്രമാണ്. അവൻ കല്പിച്ച നിയമവും ഭരണഘടനയുമാണ് മനുഷ്യജീവിതത്തിന്റെ നിയമവും ഭരണഘടനയും. ഏതെങ്കിലും വ്യക്തിക്കോ, സമൂഹത്തിനോ, തങ്ങൾക്ക് വേണ്ടിയോ, മററുള്ളവക്ക് വേണ്ടിയോ നിയമവും ഭരണഘടനയും നിർമ്മിക്കാൻ അധികാരമില്ല.

(3) പ്രവാചകൻ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയും അവന്റെ നിയമാഭീഷ്ടങ്ങളുടെ വ്യാഖ്യാതാവുമാണ്. അതിനാൽ അദ്ദേഹത്തിന്റെ സ്ഥാനം ദൈവത്തിനു കീഴിലുള്ള നിയമനിർമ്മാതാവിന്റേത് തന്നെ. അതുകൊണ്ട് യഥാർത്ഥ നിയമകർത്താവിന്റെ നിയമങ്ങൾ പോലെ പ്രവാചകന്റെ നിയമങ്ങളും അനുസരിക്കൽ നിർബ്ബന്ധമാണ്.

مَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا (الحشر)

(പ്രവാചകൻ നിങ്ങളോടാജ്ഞാപിച്ചത് കൈക്കൊള്ളുകയും വിരോധിച്ചത് വിട്ടുകളയുകയും ചെയ്യുക.)

പ്രവാചകാനുസരണവും ദൈവാനുസരണവും ഒന്നുതന്നെ.

مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (النساء)

(പ്രവാചകനെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു.)

(4) അല്ലാഹുവും നബി (സ) യും നൽകിയ നിയമങ്ങൾ പ്രത്യക്ഷരം പാലിക്കുവാനും ജീവിതത്തിൻെറ എല്ലാ തുറകളിലും അവ നടപ്പിൽ വരുത്തുവാനും സാധിക്കുന്നതിന് ഒരു സാമൂഹ്യ ഘടനയും ഭരണ സ്ഥാപനവും ആവശ്യമാണ്.

اَلإِجْمَاعِ عَلَى أَنَّ نَصْبَ الإِمَامِ وَاجِبٌ (شرح العقائد)

(ഇമാമിനെ നിശ്ചയിക്കൽ നിർബ്ബന്ധമാണെന്ന ഇജ്മാഅ്)

ശരീഅത്തിൻെറ ഭാഷയിൽ ഈ ഭരണ സ്ഥാപനത്തെ 'ഖിലാഫത്ത്'' എന്നും 'ഇമാമത്ത്'' എന്നും 'ഇമാറത്ത്'' എന്നും വിവിധ പേരുകളിൽ വിളിക്കുന്നു. ഈ ഭരണ സ്ഥാപനം നടത്തുന്ന വ്യക്തി 'ഖലീഫ' 'ഇമാം' 'അമീർ' എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു.

(5) ഇസ്ലാമിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും ഒരു ഇസ്ലാമിക രാഷ്ട്രത്തിൽ പൗരത്വത്തിന്നു് അവകാശമുണ്ട്. ആ രാഷ്ട്രത്തിൽ ജനിച്ച വ്യക്തികൾക്ക് മാത്രമേ അവിടെ പൗരാവകാശമുള്ളു എന്നില്ല. ലോകത്തിൻെറ ഏതുഭാഗത്തു ജനിച്ച മുസ്ലിമായാലും ഇസ്ലാമിക രാഷ്ട്രത്തിൽ പ്രവേശിക്കുന്നതോടെ അവിടത്തെ പൗരനായിത്തീരുന്നു.

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ (التوبة)

(സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം രക്ഷാധികാരികളാകുന്നു.)

(6) ഇസ്ലാമിനെ അംഗീകരിക്കാതെ ഇസ്ലാമിക രാഷ്ട്രത്തിൽ നിവസിക്കുന്നവർ യഥാർത്ഥ പൗരന്മാരല്ല, രണ്ടാംതരം പൗരത്വമേ

അവക്ക് ഉണ്ടായിരിക്കയുള്ളു. അവക്ക് 'ദിമ്മി'കൾ എന്നും പറയും. ഇസ്ലാമിക രാഷ്ട്രം അവരുടെ ജീവനും സ്വത്തും മാനവും സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടത് കൊണ്ടാണ് ആ പേർ സിദ്ധിച്ചത്. 'ദിമ്മി'കളുടെ അവകാശങ്ങൾ ഖലീഫയുടെ ഇഷ്ടാനിഷ്ടങ്ങളിൽ അധിഷ്ഠിതമല്ല. അവ അല്ലാഹുവും റസൂലും നിശ്ചയിച്ചവയാണ്. അതിൽ കൈകടത്താൻ രാഷ്ട്രത്തിനും അധികാരമില്ല.

(7) ദൈവിക നിയമങ്ങളനുസരിച്ച് ഭരണം നടത്തുക. ജനങ്ങളിൽ നീതിന്യായം നടപ്പാക്കുക; അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക. രാജ്യത്തെയും ജനങ്ങളെയും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുക. സർവ്വോപരി ഇസ്ലാമിന്റെ അവതരണത്തിന്റെയും അന്ത്യപ്രവാചകന്റെ ആഗമനത്തിന്റെയും മുസ്ലിം സമുദായത്തിന്റെ ആവിർഭാവത്തിന്റെയും ഉദ്ദേശലക്ഷ്യങ്ങൾ നിറവേററുക. ഇതെല്ലാമാണ് ഇസ്ലാമിക രാഷ്ട്രത്തിന്റെ ഖലീഫയുടെ ഉത്തരവാദിത്തങ്ങൾ. അവ നിർവ്വഹിക്കുന്നതിൽ അദ്ദേഹം അല്ലാഹുവിന്റെ മുമ്പിലും ജനങ്ങളുടെ മുമ്പിലും ഉത്തരവാദപ്പെട്ടവനാണ്.

(8) ഖിലാഫത്തിന്റെ ഭാരിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഖലീഫയെ സഹായിക്കുവാൻ ഒരു കൂടിയാലോചനാ സമിതി ഉണ്ടായിരിക്കും. സമിതിയുടെ ഉപദേശമനുസരിച്ചായിരിക്കും ഖലീഫ ഭരണം നടത്തുക. പ്രധാന വിഷയങ്ങളിൽ അനുയായികളുമായി കൂടിയാലോചന നടത്തണമെന്ന് നബി (സ)യോട് ഖുർആൻ കല്പിക്കുന്നു.

وَشَاوِرْهُمْ فِي الْأَمْرِ (آل عمران)

(കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുക.)

(9) ഭാരിച്ച ഈ ചുമതല നിർവ്വഹിക്കുവാൻ യോഗ്യനെന്നു ഇസ്ലാമിക സൊസൈററി കരുതുന്ന വ്യക്തി ഖലീഫയായി തെരഞ്ഞെടുക്കപ്പെടുന്നു. ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഖലീഫയുടെ തെററുകൾ ഖിലാഫത്തിൻെറ അടിസ്ഥാനം തന്നെ തകർക്കുന്നതരത്തിലാണെങ്കിൽ ഒട്ടും ഇടംകൊടുക്കാതെ അദ്ദേഹത്തെ പുറംതള്ളേണ്ടത് സമൂഹത്തിന്റെ കർത്തവ്യമാണ്.

(10) ഖലീഫയുടെ തിരഞ്ഞെടുപ്പിനു ഒരു പ്രത്യേക മാർഗ്ഗം ശരീഅത്ത് നിർദ്ദേശിച്ചിട്ടില്ല. തെരഞ്ഞെടുപ്പിൻെറ ഉദ്ദേശം വ്യക്തമാക്കുന്നതോടൊപ്പം തിരഞ്ഞെടുപ്പിനെപ്പററി അടിസ്ഥാനപരമായ ഒരു നിർദ്ദേശം നല്കുക മാത്രമേ ശരീഅത്ത് ചെയ്യുന്നുള്ളു. അറിവിലും ദൈവഭക്തിയിലും ചിന്താപരവും ബുദ്ധിപരവുമായ കഴിവുകളിലും പ്രാപ്തിയിലും പൊതുവെ സമുദായത്തിൽ മുന്നിട്ടു നില്ക്കുകയും ജനവിശ്വാസവും ആദരവും സമാർജ്ജിക്കുകയും ചെയ്ത വ്യക്തി മാത്രമേ ഖിലാഫത്ത് സ്ഥാനത്ത് അവരോധിക്കപ്പെടാവൂ എന്നതാണ് തെരഞ്ഞെടുപ്പിൻെറ ഉദ്ദേശം. വിജ്ഞാനം, വിവേകം, മതനിഷ്ഠ, തീരുമാനശക്തി എന്നീഗുണങ്ങളുള്ള സമുദായത്തിലെ 'ഉലുൽഅംറ്'' അഥവാ കൈകാര്യ കർത്താക്കളും നേതാക്കളും ഖലീഫയെ തെരഞ്ഞെടുക്കുകയും അതു ബഹുജനങ്ങൾ അംഗീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് തെരഞ്ഞെടുപ്പിനെസംബന്ധിച്ച അടിസ്ഥാന നിർദ്ദേശം. തെരഞ്ഞെടുപ്പിൻെറ ഉദ്ദേശം ലബ്ധമാക്കുന്നതിൽ വീഴ്ചകളും അപാകതകളും സംഭവിക്കാതിരിക്കുവാൻ വേണ്ടിയാണ് ഈ അടിസ്ഥാനനിർദ്ദേശം നല്കപ്പെട്ടിട്ടുള്ളത്. ഈ ഉദ്ദേശം നിറവേററുന്നതും അടിസ്ഥാന നിർദ്ദേശത്തിന്നനുസൃതവുമായ ഏത് തെരഞ്ഞെടുപ്പ് സമ്പ്രദായവും ഇസ്ലാമികമായിരിക്കും.

(11) ഖിലാഫത്ത് പദവി (മററു ഗവൎമ്മെണ്ടു ഉദ്യോഗങ്ങളും) ആഗ്രഹിക്കുകയോ സ്ഥാനാൎത്ഥിയാകുകയോ ചെയ്യുന്ന വ്യക്തികൾക്കു നല്കപ്പെടുകയില്ല.

انا والله لا نولى على هذا العمل احدا سئله ولا احدا حرص عليه (بخارى)

(അൎത്ഥിക്കുകയോ ആശിക്കുകയോ ചെയ്യുന്ന ആൎക്കും നാം ഈ ജോലി ഏല്പിച്ചുകൊടുക്കുകയില്ല)

ഇസ്ലാമിൽ ഭരണാധികാരപദവി ഒരു 'അവകാശ'മല്ല, മറിച്ച് ഒരു 'ഉത്തരവാദിത്വ'വും 'അനാമത്തു'മാണ്. അതിനെപ്പററി അല്ലാഹുവിനോട് ഉത്തരം ബോധിപ്പിക്കേണ്ടിവരും.

انها امانة وانها يوم القيامة خزى وندامة الا من اخذها بحقها وادى الذى عليه فيها (مسلم)

(ഖിലാഫത്ത് ഒരു അനാമത്താണ്. അൎഹതയോടെ കയ്യേല്ക്കുകയും അതിന്റെ ബാദ്ധ്യതകൾ നിറവേററുകയും ചെയ്ത ആളൊഴികെ മററുള്ളവൎക്ക് അതു അന്ത്യനാളിൽ ഖേദത്തിനും നിന്ദ്യതയ്ക്കും ഇടവരുത്തും)

അതിനാൽ ഖിലാഫത്ത് സ്ഥാനം കൊതിക്കുകയും ആവശ്യപ്പെടുകയും ചെയ്യുകവഴി ഭാരിച്ച ഉത്തരവാദിത്വം സ്വയം ഏററെടുത്തു അല്ലാഹുവിന്റെ മുമ്പിൽ കൈകെട്ടി നില്ക്കുവാനും ആയിരക്കണക്കിലും ലക്ഷക്കണക്കിലും കോടിക്കണക്കിലുമുള്ള ദൈവസൃഷ്ടികളുടെ അവകാശങ്ങളെപ്പററി ഉത്തരം ബോധി

പ്പിക്കവാനും ബോധവാനായ ഒരു സത്യവിശ്വാസിയും ധൈര്യപ്പെടുകയില്ല. നബിതിരുമേനി (സ) പറയുന്നു.

تجدون خيار الناس في هذا الشأن اشدهم له كراهية

(مسلم)

(ഖിലാഫത്ത് കാര്യത്തിൽ ഏററവും വൈമനസ്യമുള്ളവരാരോ അവരാണ് അതിന്നു ഏററവും ഉത്തമർ)

ഒരു പദവിക്ക് വേണ്ടി സ്വയം മുന്നോട്ടു വരുന്നവർ അതിൻെറ ഗൗരവത്തെയും ഉത്തരവാദിത്വത്തേയും കുറിച്ച് ബോധവാന്മാരല്ലെന്നും അത്തരക്കാർക്ക് അത് യഥായോഗ്യം നിർവ്വഹിക്കാൻ സാദ്ധ്യമല്ലെന്നും സ്പഷ്ടമാണ്.

(12) തെരഞ്ഞെടുക്കപ്പെടുന്ന ഖലീഫയെ അംഗീകരിക്കാതിരിക്കാൻ ഒരാൾക്കും അവകാശമില്ല. ഖലീഫയെ അംഗീകരിക്കാതിരിക്കുകയെന്നാൽ ഇസ്ലാമികമാർഗ്ഗം കൈവെടിഞ്ഞു അനിസ്ലാമികമാർഗ്ഗം സ്വീകരിക്കുകയെന്നാണർത്ഥം.

من مات وليس في عنقه بيعة مات ميتة جاهلية (مسلم)

(ഒരാൾ ഖലീഫയെ അംഗീകരിക്കാത്ത നിലയിൽ മരിച്ചാൽ അയാൾ അനിസ്ലാമികമാർഗ്ഗത്തിൽ മരിച്ചു)

ഖലീഫയെ അംഗീകരിക്കാതിരിക്കുകയെന്നാൽ അതു ഒരു വ്യക്തിയോടുള്ള നിഷേധമല്ല, ഇസ്ലാമികരാഷ്ട്രത്തോടുള്ള നിഷേധവും ധിക്കാരവുമാണ്.

(13) ഖലീഫയെ അനുസരിക്കാൻ മതപരമായി എല്ലാവരും ബാദ്ധ്യസ്ഥരാണ്.

أطيعوا الله وأطيعوا الرسول وأولي الأمر منكم

(അല്ലാഹുവിനെയും റസൂലിനെയും നിങ്ങളിൽനിന്നു് (തെരഞ്ഞെടുക്കപ്പെട്ട) ഭരണാധികാരികളെയും അനുസരിക്കുക.)

ഖലീഫയോടുള്ള അനുസരണക്കേടു് അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുസരണക്കേടിനു തുല്യമാണു്.

من يعص الأمير فقد عصاني (مسلم)

(ഭരണാധികാരിയോടു് വിപരീതം പ്രവർത്തിക്കുന്നവൻ എന്നോടു് വിപരീതം പ്രവർത്തിക്കുന്നവനാണു്.)

പക്ഷേ, ഈ അനുസരണം സോപാധികമാണു്.

فإن أمر بمعصية فلا سمع ولا طاعة (مسلم)

(ഖലീഫ തെററു കല്പിച്ചാൽ അനുസരണമില്ല.)

അനുസരണത്തിനു പുറമെ ഖലീഫയോടു് ഹൃദയംഗമമായ ഗുണകാംക്ഷയും ഉണ്ടായിരിക്കണം.

الدين النصيحة قلنا لمن؟ قال لله ولرسوله ولأئمة المسلمين

(مسلم)

(അല്ലാഹുവിനോടും റസൂലിനോടും മുസ്ലിം ഭരണനേതാക്കളോടുമുള്ള ഗുണകാംക്ഷയാണു് ദീൻ.)

(14) ഖലീഫയെയും ഖലീഫയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെയും ജനങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കണം. അവരിൽ തെററു് കാണുമ്പോൾ അതു് ചൂണ്ടിക്കാണിക്കേണ്ടതും വ്യതി

ചലിക്കുമ്പോൾ അവരെ നേരായ വഴിക്ക് തിരിച്ചുവിടേണ്ടതും ജനങ്ങളുടെ കർത്തവ്യമാണ്. ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ഉടനെ ഹ: അബൂബക്കർ (റ) ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

إِنْ زِغْتُ فَقَوِّمُونِي (طبرى)

(ഞാൻ വഴിപിഴച്ചാൽ നിങ്ങൾ എന്നെ നേർവഴിക്ക് തിരിച്ചുവിടണം.)

(15) ഇസ്ലാമിക ശരീഅത്തിൽ സ്പഷ്ടമായ നിയമങ്ങൾ ഇല്ലാത്ത പ്രശ്നങ്ങളിൽ നിയമനിർമ്മാണം നടത്തുവാൻ ഭരണകൂടത്തിന് അവകാശമുണ്ട്. ഖലീഫയും കൂടിയാലോചനാസമതിയുമായിരിക്കും നിയമനിർമ്മാണം ചെയ്യുക.

(16) മുസ്ലിമെന്നോ അമുസ്ലിമെന്നോ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാരുടെയും ജീവനും സ്വത്തും മാനവും സംരക്ഷിക്കേണ്ടത് ഇസ്ലാമിക ഭരണകൂടത്തിന്റെ കർത്തവ്യമാണ്. ഇസ്ലാമിക രാഷ്ട്രത്തിൽ ഓരോ വ്യക്തിക്കും ആരാധനാ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവുമുണ്ടായിരിക്കും. എന്നാൽ രാജ്യത്ത് രാജ്യദ്രോഹവും കുഴപ്പവും പ്രക്ഷോഭവും കുത്തിയിളക്കുന്ന വിധത്തിൽ അഭിപ്രായ സ്വാതന്ത്ര്യം അതിരുകവിയാൻ അനുവദിക്കപ്പെടുകയില്ല. ധാർമ്മികാധഃപതനത്തിലേക്ക് നയിക്കുന്ന പ്രവർത്തികളും തടയപ്പെടുന്നതാണ്. കുററം തെളിയിക്കാതെ ഒരാളുടെയും പൗരസ്വാതന്ത്ര്യവും തടയപ്പെടുകയില്ല.

(17) ഇസ്ലാമിക രാഷ്ട്രത്തിന്റെ സ്ഥാപനോദ്ദേശവും ഗവൺമെണ്ടിന്റെ കർത്തവ്യവും, വിപുലവും ഉൽകൃഷ്ടവുമാണ്. താഴെ പറയുന്ന ഖുർആൻ വാക്യങ്ങൾ അവ വ്യക്തമാക്കുന്നു.

لَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنْزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ لِيَقُومَ النَّاسُ بِالْقِسْطِ وَأَنْزَلْنَا الْحَدِيدَ (الحديد)

“സ്പഷ്ടമായ ദൃഷ്ടാന്തങ്ങളോടുകൂടി നമ്മുടെ പ്രവാചകന്മാരെ നാം അയച്ചു. ജനങ്ങൾ നീതി പുലർത്തുവാൻവേണ്ടി അവരോടൊപ്പം ഗ്രന്ഥവും നീതിന്യായ മാനദണ്ഡവും അവതരിപ്പിച്ചു. ഇരുമ്പും ഇറക്കി.”

يَا دَاوُدُ إِنَّا جَعَلْنَاكَ خَلِيفَةً فِي الْأَرْضِ فَاحْكُمْ بَيْنَ النَّاسِ بِالْحَقِّ (ص)

“ദാവൂദ്, ഭൂമിയിൽ നിന്നെ നാം പ്രതിനിധിയാക്കി. അതിനാൽ ജനങ്ങൾക്കിടയിൽ നീ സത്യംകൊണ്ടു വിധിക്കുക.”

الَّذِينَ إِنْ مَكَّنَّاهُمْ فِي الْأَرْضِ أَقَامُوا الصَّلَوٰةَ وَآتَوُا الزَّكَوٰةَ وَأَمَرُوا بِالْمَعْرُوفِ وَنَهَوْا عَنِ الْمُنْكَرِ (الحج)

“ഭൂമിയിൽ നാം അവർക്ക് അധികാരം നല്കിയാൽ അവർ നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും.”

ആദ്യത്തെ രണ്ട് വാക്യങ്ങൾ ഇസ്ലാമിക രാഷ്ട്രത്തിന്റെ പൊതുലക്ഷ്യത്തെ വ്യക്തമാക്കുന്നു. ജനങ്ങളിൽ നീതി നടപ്പാ

ക്കുക എന്നതാണ് ആ പൊതുലക്ഷ്യം. തത്വത്തിൽ എല്ലാ ഭരണകൂടങ്ങളും നിലവിൽ വരുന്നത് ഈ ലക്ഷ്യത്തിനു വേണ്ടിയാണ്. മൂന്നാമത്തെ വാക്യം ഈ പൊതു ലക്ഷ്യത്തിൽ ചില പ്രത്യേക കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നു. അതായത് നമസ്കാരം നിലനിർത്തുക, സകാത്ത് നല്കുക, നന്മ കൽപിക്കുക, തിന്മ വിരോധിക്കുക മുതലായവയും ഇസ്ലാമിക ഗവമെന്റിന്റെ ചുമതലയാണെന്നു് അത് കുറിക്കുന്നു. ഇസ്ലാമിക രാഷ്ട്രമല്ലാത്ത മറെറാരു രാഷ്ട്രവും തത്വത്തിൽപോലും ഈ ഉദ്ദേശങ്ങൾക്കായി നിലകൊള്ളുന്നില്ല. ദീൻ പരിപൂർണ്ണമായി നടപ്പിൽ വരുത്താനും അതിന്റെ അനുഗ്രഹങ്ങളുടെ വലയം വികസിപ്പിക്കുവാനും സമൂഹത്തെ ഇസ്ലാമിക സമൂഹമായി നിലനിർത്താനും വേണ്ടി നിരന്തര ശ്രമത്തിലേർപ്പെടാനുള്ള ആഹ്വാനം അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നു് കാണാം.

# നിയമ വ്യവസ്ഥ

ഇസ്ലാമിക നിയമ വ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ താഴെ വിവരിക്കുന്നു:

(1) ഇസ്ലാമിക നിയമങ്ങളുടെ ഉറവിടം ഖുർആനും സുന്നത്തുമത്രെ. അവ രണ്ടിലുമുള്ള വ്യക്തമായ നിയമങ്ങൾ ഖണ്ഡിതവും മാററമില്ലാത്തതും എല്ലാ കാലത്തും നിർബ്ബന്ധമായി അനുസരിക്കപ്പെടേണ്ടതുമാണ്. അതിൽ നിസ്സാരമായ ഒരു ഭേദഗതിപോലും വരുത്താൻ പാടില്ല. ഭരണ നടത്തിപ്പിൽ രാഷ്ട്രത്തലവന്നോ നീതിന്യായ രംഗങ്ങളിൽ ന്യായാധിപന്നോ അതിൽനിന്നു് അണുഅളവു് വ്യതിചലിച്ചു കൂടാ. അതു ഇസ്ലാമിൽനിന്നുള്ള വ്യതിയാനമായി കണക്കാക്കപ്പെടും.

وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ فَأُولَٰئِكَ هُمُ الْكَافِرُونَ (المائدة)

"അല്ലാഹു അവതരിപ്പിച്ച നിയമമനുസരിച്ച് വിധിക്കാത്തവരാരോ അവരത്രെ സത്യനിഷേധികൾ."

(2) ഖുർആനിലും സുന്നത്തിലും വ്യക്തമായ നിയമങ്ങൾ ഇല്ലാത്ത പ്രശ്നങ്ങളിൽ കാലാനുസൃതമായി നിയമ നിർമ്മാണം ചെയ്യാവുന്നതാണ്. വിജ്ഞാനം, ദൈവഭയം, മതപരമായ ഉൾക്കാഴ്ച, നിയമ വൈദഗ്ധ്യം, കാലത്തിന്റെ ആവശ്യങ്ങളെപ്പററിയുള്ള അഗാധമായ ജ്ഞാനം എന്നീ ഗുണങ്ങളുള്ള യോഗ്യരായ ആളുകളാണ് നിയമ നിർമ്മാണം ചെയ്യുക. ഖുർആനിന്റെയും സുന്നത്തിന്റെയും സ്പഷ്ടമായ നിയമങ്ങളും ദീനിന്റെ പൊതു സ്വഭാവവും ശരീഅത്തിന്റെ ഉദ്ദേശങ്ങളും മുമ്പിൽവെച്ചുകൊണ്ടായിരിക്കും ഈ നിയമ നിർമ്മാണം.

മേൽപ്രസ്താവിച്ച രൂപത്തിൽ നിയമങ്ങൾ നിർമ്മിക്കുന്നതിനു 'ഖിയാസ്' എന്നുപറയും. ഖിയാസീ നിയമങ്ങൾ ശരീഅത്തിലെ മററു നിയമങ്ങൾപോലെ ഖണ്ഡിതവും അഭിപ്രായവ്യത്യാസത്തിന് പഴുതില്ലാത്തതുമായിരിക്കുകയില്ല. മറിച്ച്, അവയിൽ അഭിപ്രായവ്യത്യാസമുണ്ടാവാം; മാററം വരുത്തേണ്ടതായും വരാം. മനുഷ്യന്റെ ബുദ്ധിയും വിചിന്തനവുമാണ് ഈ നിയമ നിർമ്മാണത്തിൽ പ്രവർത്തിക്കുന്നത്. അതിനാൽ അഭിപ്രായ വ്യത്യാസം സ്വാഭാവികമാണ്. പുതുതായി നിയമനിർമ്മാണം നടത്തുമ്പോൾ ന്യായാധികരണ (ഖിയാസ്) ത്തിലും നിരീക്ഷണ (ഇജ്തിഹാദ്) ത്തിലും കാലസ്ഥിതികളും കാലഘട്ടത്തിന്റെ ആവശ്യങ്ങളും മുമ്പിൽവെക്കുന്നു. അവയാണെങ്കിൽ പരിവർത്തനാത്മകവുമാണ്. അതുകൊണ്ട് ഖിയാസീ നിയമങ്ങളിൽ മാററം വരുത്തേണ്ടി വരും. എന്നാൽ സമുദായത്തിലെ എല്ലാപണ്ഡിതന്മാരും മുജ്തഹിദുകളും ഏകോപിച്ച ഖിയാസീനിയമത്തിൽ അഭിപ്രായ വ്യത്യാസത്തിനു പഴുതില്ല. ശരീഅത്തിലെ ശാശ്വതനിയമങ്ങളുടെ സ്ഥാനമാണ് അതിനുള്ളത്. ഈ അഭിപ്രായൈക്യത്തിന് 'ഇജ്മാഅ്' എന്നു പറയുന്നു.

അതിനാൽ ഇസ്ലാമിക നിയമങ്ങളുടെ ഉല്പത്തികൾ നാലാകുന്നു: ഖുർആൻ, സുന്നത്ത്, ഖിയാസ്, ഇജ്മാഅ്.

(3) നിയമനിർമ്മാണ ഘടകം (ലജിസ്ലേററീവ്) ഭരണനിർവ്വഹണ ഘടക (എക്സിക്യൂട്ടീവ്) ത്തിൽ നിന്ന് തികച്ചും സ്വതന്ത്രമായിരിക്കും. നിയമനിർമ്മാണത്തിൽ ഭരണ നിർവ്വാഹകസമിതിക്ക് യാതൊരു സ്വാധീനവുമില്ല. കിതാബിൻെറയും സുന്നത്തിന്റെയും താല്പര്യങ്ങൾ കഴിയുന്നത്ര പ്രതിഫലിപ്പിക്കുക മാത്രമാണ് നിയമനിർമ്മാതാക്കളുടെ മുമ്പിലുള്ള പ്രശ്നം. നിയമനിർമ്മാണമെന്നാൽ നബി (സ) യുടെ മുമ്പിൽ ഇന്ന പ്രശ്നം വരികയാണെങ്കിൽ നമ്മുടെ നിഗമനത്തിൽ അതിൻെറ തീരുമാനം ഇന്നതായിരിക്കുമെന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ്.

(4) നിയമനിർമ്മാണ ഘടകമെന്നപോലെ ജൂഡീഷ്യറിയും (നീതിനിർവ്വഹണഘടകം) എക്സിക്യൂട്ടീവിൽ നിന്ന് സ്വതന്ത്രമായിരിക്കും. ജഡ്ജിമാരെ നേരിട്ടോ അല്ലാതെയോ ഗവൺമെൻറാണ് നിയമിക്കുന്നതെങ്കിലും നീതിന്യായാസനത്തിൽ ജഡ്ജി ഗവൺമെൻറിൻെറയല്ല, അല്ലാഹുവിൻെറയും റസൂലിൻെറയും പ്രതിനിധിയാണ്. വിധിന്യായങ്ങളിൽ ശരീഅത്ത് നിയമങ്ങളെയല്ലാതെ മററൊന്നും ന്യായാധിപന്ന് പരിഗണിക്കേണ്ടതില്ല.

(5) നിയമം അലംഘനീയമാണ്. ആരും നിയമത്തിന്നതീതനല്ല. ധനികനെന്നോ ദരിദ്രനെന്നോ സാധാരണക്കാരനെന്നോ പ്രത്യേകക്കാരനെന്നോ യാതൊരു വ്യത്യാസവും നിയമത്തിൻെറമുമ്പിലില്ല. രാഷ്ട്രത്തലവനായ ഖലീഫപോലും ഒരു സാധാരണക്കാരനെപ്പോലെ നിയമത്തിനും കോടതിക്കും വിധേയനാണ്. ഏതെങ്കിലും കേസ്സിൽ ഖലീഫ അന്യായക്കാരനോ പ്രതിയോ ആവുകയാണെങ്കിൽ മററ അന്യായക്കാരെയും പ്രതികളെയും പോലെ കോടതിയിൽ ഹാജരാകേണ്ടി വരും. വല്ല കേസ്സിലും കോടതിയുടെ മുമ്പിൽ അദ്ദേഹം കുററവാളിയാവുന്ന പക്ഷം നിയമം നല്കുന്ന ശിക്ഷ അനുഭവിക്കേണ്ടതായും വരും. നിയമവാഴ്ചയുടെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടാൻ അർഹമായ വാക്കുകളാണ് നബി (സ) ഈ വിഷയകമായി പ്രസ്താവിച്ചത്:

وايم الله لو ان فاطمة بنت محمد سرقت لقطعت يدها

(بخاري)

(അല്ലാഹുവിനെക്കൊണ്ടു സത്യം. മുഹമ്മദിൻെറ മകരം ഫാത്തിമയാണ് മോഷ്ടിച്ചതെങ്കിൽ ഞാൻ അവളുടെ കരം ഛേദിക്കുക തന്നെ ചെയ്യും.)

ഖുർആനിലും സുന്നത്തിലും നിശ്ചയിക്കപ്പെട്ട ശിക്ഷകരം നടപ്പാക്കുന്നതിൽ ഖലീഫക്ക് പോലും നീക്കുപോക്കുകരം വരുത്താൻ അധികാരമില്ല. മോഷണക്കുററം തെളിയിക്കപ്പെട്ടാൽ കരം ഛേദിക്കപ്പെടുകതന്നെ ചെയ്യും. വ്യഭിചാരിയെ എറിഞ്ഞു കൊല്ലുകയോ, ചാട്ടവാർകൊണ്ട് നൂറു തവണ അടിക്കുകയോ ചെയ്യും. വ്യഭിചാരക്കുററാരോപണം നടത്തുന്നവർ അത് തെളിയിച്ചില്ലെങ്കിൽ എൺപതടി ഏല്ക്കേണ്ടി വരും. വധിക്കപ്പെട്ടവൻെറ അനന്തരാവകാശികരം മാപ്പുകൊടുത്തില്ലെങ്കിൽ ഘാതകന്നു് വധശിക്ഷ അനുഭവിക്കുകയല്ലാതെ മററു പോംവഴിയില്ല. ഇവിടെ ദയാഹരജി സ്വീകരിക്കുവാൻ ഗവർണ്ണർക്കോ പ്രസിഡണ്ടിനോ അധികാരമില്ല.

(6) ഇസ്ലാമിക സൊസൈററിയിലും സാധാരണ പരിതഃസ്ഥിതിയിലും മാത്രമേ ക്രിമിനൽ നിയമങ്ങരം നടപ്പിൽ വരുത്തുകയുള്ളു. ഇസ്ലാമികമല്ലാത്ത സൊസൈററിയിലും കുററങ്ങരംക്ക് പ്രേരിപ്പിക്കുമാറുള്ള അസാധാരണ പരിതഃസ്ഥിതിയിലും ശിക്ഷാനടപടികരം സ്വീകരിക്കപ്പെടുകയില്ല. ക്ഷാമകാലത്ത് ഹ: ഉമർ (റ) മോഷണക്കുററത്തിൻെറ ശിക്ഷ ഇളവ് ചെയ്തത് ഇതിനു് ഉദാഹരണമാണ്.

(7) നീതി എല്ലാവർക്കും സൗജന്യമായി ലഭിക്കും. കോർട്ട് ഫീ തുടങ്ങിയ യാതൊന്നും വസൂൽ ചെയ്യപ്പെടുകയില്ല.

# ഇസ്ലാമും രാഷ്ട്രവും

രാഷ്ട്രം മതത്തിന്റെ ഒരു ഭാഗമാണോ? രാഷ്ട്രീയ വ്യവസ്ഥിതി ഇസ്ലാമിക വ്യവസ്ഥയുടെ ഒരു ഭാഗമാണെങ്കിൽ അതെങ്ങനെയുള്ള ഭാഗമാണ്? അതിന്നു ഇസ്ലാമിലുള്ള പ്രാധാന്യമെന്ത്? എത്രത്തോളം? എന്തുകൊണ്ട്? ഇത്യാദി കാര്യങ്ങൾ വ്യക്തമാവേണ്ടത് സന്ദർഭത്തിന്റെ ഒരാവശ്യമാണ്. രാഷ്ട്രത്തിന്നു മനുഷ്യ ജീവിതത്തിൽ അസാമാന്യമായ പ്രാധാന്യമാണുള്ളത്. വിശേഷിച്ചും ആധുനിക കാലത്ത് രാഷ്ട്രത്തിന്റെ സ്വാധീനം വമ്പിച്ചതാണ്. ഏററവും സ്വകാര്യമായ പ്രശ്നങ്ങളും വ്യവഹാരങ്ങളും കൂടി രാഷ്ട്രത്തിന്റെ കൈകടത്തലിൽനിന്നൊഴിവല്ല. അതിനാൽ സ്വാഭാവികമായും ജീവിതത്തിന്റെ നിർമ്മാണത്തിലും സംഹാരത്തിലും രാഷ്ട്രത്തിന്നു വലുതായ പങ്കുണ്ട്. സകല തത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും മിഴിച്ചുനില്ക്കെ ഭരണവും ഭരണകൂടവും സമൂഹത്തെ അതിന്റെ ഭാഗത്തേക്ക് വലിച്ചുകൊണ്ടുപോവുന്നത് കണ്ണുള്ള ഏവർക്കും കാണാവുന്നതാണ്. മറുവശത്താകട്ടെ, മതവുമായി യാതൊരു ബന്ധവുമില്ലെന്ന് രാഷ്ട്രം ശഠിക്കുന്നു. അതിന്റെ ഔചിത്യത്തിന്നല്ല, അനിവാര്യതക്ക് തന്നെ കണ്ണിരുട്ടാക്കുന്ന, വിചിത്രമായ "തെളിവുകൾ" അണിനിരത്തിവെക്കുന്നു: ദൈവ സാമീപ്യത്തിന്നുള്ള മാർഗ്ഗമാണ് മതം. അത്യുന്നതവും അത്യന്തം പരിപാവനവുമാണത്. ജീവിത ബഹളങ്ങളിലേക്കതിനെ വലിച്ചിഴക്കുന്നത് അതിന്റെ മാഹാത്മ്യത്തിന്നും പവിത്രതക്കും കളങ്കം ചാർത്തലാണ്. പരിശുദ്ധമായതിനെ പരിശുദ്ധിയുടെ ഇടങ്ങളിൽ, പരിശുദ്ധമായ കാര്യങ്ങൾക്ക് മാത്രമായി നിലകൊള്ളാനനുവദിക്കണം. ഇങ്ങനെ പോകുന്നു മതത്തിന്നെതിരെ രാഷ്ട്രത്തിന്റെ വാദമുഖങ്ങൾ. രാഷ്ട്രത്തിന്റെയും രാഷ്ട്രീയ ചിന്തകരുടെയും ഈ വാദഗതി ലോകത്തെതാണ്ട് സുസമ്മതമായിത്തീർന്നിട്ടുണ്ടിന്ന്. അതിനാൽ മതത്തിന്ന് രാഷ്ട്രത്തോട് പരിഗണനീയമായ വല്ല ബന്ധവുമു

ണ്ടെന്നു് സമ്മതിപ്പാൻ പൊതുവെ ജനങ്ങളിന്നു് തെയ്യാറില്ല. എന്നിട്ടുവേണ്ടേ അതിനപ്പുറത്തേക്കു് ചിന്തിക്കാൻ?

ഇക്കാര്യങ്ങളെല്ലാം നമുക്കവഗണിച്ചു വിട്ടേക്കാമായിരുന്നു, ഇസ്ലാമിന്റെ അനുയായികളെ സംബന്ധിച്ചേടത്തോളമെങ്കിലും അതൊരു ചിന്താവിഷയമായിരുന്നില്ലെങ്കിൽ. എന്നാൽ യാഥാർത്ഥ്യമോ? നാമമാത്ര മുസ്ലിംകൾ മാത്രമല്ല, സാക്ഷാൽ ഇസ്ലാമിന്റെ അനുയായികളായി നിലകൊള്ളുന്നവരും അന്യരുടെയല്ല, സ്വന്തം ദൃഷ്ടിയിലൂടെ തന്നെ ഇസ്ലാമിനെ നോക്കിക്കാണുന്നവരുമായ വിഭാഗമുണ്ടല്ലോ, അവരുടെ നിലയെന്തു്? രാഷ്ട്രവും ഭരണകൂടവുമായി ഇസ്ലാമിന്റെ ബന്ധം ഏററവും കൂടിയാൽ രണ്ടാം പടിയിലുള്ളതാണെന്നത്രെ അവരിലധികപേരുടെയും വാദം. രാഷ്ട്രത്തിൽ മതത്തിനു് മൗലികപ്രധാനമായ ഒരു സ്ഥാനവുമില്ല. ഭരണം ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം അനിവാര്യമല്ല; ആവശ്യം പോലുമല്ല. അതിന്റെ സ്ഥാപനത്തിനുവേണ്ടിയുള്ള ശ്രമം ഇസ്ലാമിന്റെ അനുയായികൾക്കു് മതപരമായ ഒരു കർത്തവ്യമല്ല. ഇസ്ലാമിനുള്ള നിഷ്കപടമായ അനുസരണത്തിന്റെ ഫലമായി അല്ലാഹു സത്യവിശ്വാസികൾക്കു് കനിഞ്ഞേകുന്ന ഒരു സമ്മാനത്തിന്റെ നിലപാടു് മാത്രമേ അതിനുള്ളു. ഒററ വാക്കിൽ പറഞ്ഞാൽ ഭരണം, അഥവാ ആവശ്യമാണെങ്കിൽ തന്നെ അതു് ഇസ്ലാമിനല്ല ഇസ്ലാമിന്റെ അനുയായികൾക്കാണു്! ഇതാണു് അവരുടെ വാദഗതി.

ഇക്കാരണങ്ങളാൽ രാഷ്ട്രത്തോടു് ഇസ്ലാമിന്റെ ബന്ധമെന്തു് എന്ന ചോദ്യം സർവ്വപ്രധാനമായിത്തീർന്നിരിക്കുന്നു. അതായതു് രാഷ്ട്രം ഇസ്ലാമിന്റെ ഒരു ഭാഗമാണെങ്കിൽ അതു് എത്തരത്തിലുള്ള, എത്ര പ്രാധാന്യമർഹിക്കുന്ന ഭാഗമാണു്? ഇതൊരു സ്വതന്ത്ര വിഷയമായെടുത്തു് വ്യക്തവും യുക്തവുമായ ഉത്തരം കണ്ടെത്തേണ്ടതാവശ്യമാണു്. അല്ലാത്തപക്ഷം ഇസ്ലാമിനെക്കുറിച്ചുള്ള വിഭാവന തന്നെ അവ്യക്തവും അബദ്ധവുമായിത്തീരാനിടയുണ്ടു്.

## അല്ലാഹുവിലുള്ള വിശ്വാസവും രാഷ്ട്രവിഭാവനയും

മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കാൻ ആദ്യമായി അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളെക്കുറിച്ച് പരിചിന്തിക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ ഇസ്ലാമിലെ സമസ്ത വിഭാവനകളുടെയും ശരീഅത്തിന്റെ സകലമാന നിയമങ്ങളുടെയും ഉറവിടം ആ ഗുണവിശേഷങ്ങളത്രെ. അതിനാൽ രാഷ്ട്രവും ഇസ്ലാമും തമ്മിലുള്ള ബന്ധം നിർണ്ണയിച്ചുതരാനുള്ള അവകാശവും അവയ്ക്കു തന്നെ.

അല്ലാഹുവിന്റെ അടിസ്ഥാന ഗുണവിശേഷങ്ങളിൽ ഒന്നു് പരമാധികാരമത്രെ. തദ്വിഷയകമായി ഖുർആൻ പറയുന്നതു് കാണുക:

قُلْ أَعُوذُ بِرَبِّ النَّاسِ، مَلِكِ النَّاسِ، إِلٰهِ النَّاسِ (الناس)

(നബീ) പറയുക: മനുഷ്യരുടെ നാഥനോടു്; മനുഷ്യരുടെ രാജാവിനോടു്; മനുഷ്യരുടെ ദൈവത്തോടു് ഞാനഭയം തേടുന്നു.)

أَلَا لَهُ الْخَلْقُ وَالْأَمْرُ (الاعراف)

(അറിയുക! സൃഷ്ടിയും ശാസനയും അവന്നു് മാത്രം അവകാശപ്പെട്ടതാണു്.)

إِنِ الْحُكْمُ إِلَّا لِلّٰهِ (يوسف)

(അല്ലാഹുവിന്നു് മാത്രം അവകാശപ്പെട്ടതാണു് വിധി.)

അല്ലാഹു മനുഷ്യരുടെ നാഥനും ദൈവവും മാത്രമല്ല, പരമാധികാരിയും നിയമദാതാവും ഭരണകർത്താവും കൂടിയാണെന്നു് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. അതായതു്, മനുഷ്യരുടെ

നാഥനും ദൈവവുമായ അല്ലാഹുവിൻെറ 'റബൂബിയ്യ'ത്തിലും 'ഉലൂഹിയ്യത്തി'ലും അധീശത്വം, നിയമനിർമ്മാണം, ഭരണാധികാരം എന്നിവ കൂടി ഉൾപ്പെട്ടിരിക്കുന്നു എന്നർത്ഥം. മനുഷ്യൻെറ യഥാർത്ഥ ശാസനാധികാരിയും വിധികർത്താവും പരമാധികാരിയും നിയമ നിർമ്മാതാവും അല്ലാഹു മാത്രമായിരിക്കുക എന്നതാണ് അതിൻെറ വ്യക്തമായ താല്പര്യം. ഇതവൻെറ സുസമ്മതവും മൗലികപ്രധാനവുമായ ഗുണങ്ങളിലൊന്നത്രെ. അല്ലാഹുവിൻെറ ഈ ഗുണത്തിൽ ദൃഢവിശ്വാസമില്ലാത്തവനെക്കുറിച്ച് ദൈവ വിശ്വാസിയെന്ന് പറയാവതല്ല.

മനുഷ്യൻെറ സാക്ഷാൽ ഭരണാധികാരിയും അധീശാധിപതിയും നിയമ നിർമ്മാതാവും അല്ലാഹുവാണെന്നത് ഒരു സുസമ്മത യാഥാർത്ഥ്യമാണെന്നംഗീകരിക്കുന്ന പക്ഷം, രാഷ്ട്രീയ ജീവിതത്തിൻെറ നിർമ്മാണം അല്ലാഹുവിൻെറ മാത്രം പരമാധികാരത്തിലധിഷ്ഠിതമായിരിക്കണം എന്നതത്രെ, മറ്റൊരു ഭാഷയിൽ, അതിൻെറ ശരിയായ വിവക്ഷ. പരമാധികാരത്തിൻെറ പ്രശ്നമാണ് രാഷ്ട്രമീമാംസയിൽ മൗലികപ്രധാനമായ വശം. ആ പ്രശ്നത്തിനുള്ള ശരിയായ പരിഹാരം അല്ലാഹുവിൻെറ 'ഹാകിമിയ്യത്ത്' (അധീശത്വം) എന്ന ഗുണത്തിൽ അടങ്ങിയിരിക്കുന്നു.

## ശരീഅത്ത് നിയമങ്ങളും ഭരണവകുപ്പും

ഇസ്ലാമും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കുന്നതിന്ന് അല്ലാഹുവിൻെറ ഗുണങ്ങളെ കഴിച്ചാൽ ശരീഅത്ത്നിയമങ്ങളെയാണ് അവലംബിക്കേണ്ടത്. രാഷ്ട്രത്തിൻെറ മൗലിക പ്രശ്നങ്ങളെ ശരീഅത്ത് കയ്യാളുന്നുണ്ടോ എന്നു നോക്കാം. ഒരു സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയുടെ ആവശ്യമെന്ത്? പരമാധികാരം ആർക്ക്? മനുഷ്യൻെറ സാക്ഷാൽ നിലപാടെന്ത്? പൗരന്മാരുടെ അവകാശങ്ങൾ ഏവ? ഭരണകൂടത്തിൻെറ അധികാര സീമകൾ എന്തെല്ലാം? നിയമ നിർമ്മാണാധികാരം ആർക്ക്?

നിയമത്തിൻെറ തന്നെ സ്വഭാവമെന്ത്? ഇത്യാദി പ്രശ്നങ്ങളാണല്ലൊ രാഷ്ട്രമീമാംസയിലെ സുപ്രധാന വിഷയങ്ങൾ. ദൈവിക ഗ്രന്ഥവും പ്രവാചക ചര്യയും (കിതാബും സുന്നത്തും) തദ്വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ടോ, ഇല്ലേ? പ്രസ്തുത വിഷയങ്ങളിൽ അവ അവശ്യ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ, ഇല്ലേ? ഇതാണ് നമുക്ക് പരിശോധിക്കാനുള്ളത്. മറുപടി വ്യക്തമാണ്. രാഷ്ട്രം കൈകാര്യം ചെയ്യുന്ന ഓരോരോ വിഷയങ്ങളും ഇസ്ലാം കയ്യാളിയിട്ടുണ്ട്. അവക്കെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഒരു സമ്പൂർണ്ണ രാഷ്ട്രീയ വ്യവസ്ഥിതി ഇസ്ലാമിനുണ്ട്. ഇസ്ലാമികാദ്ധ്യാപനങ്ങളെക്കുറിച്ച ഒരു വിഹഗ വീക്ഷണം മതി അത് മനസ്സിലാക്കാൻ.

## മതനിയമങ്ങളും ഭരണാധികാരവും

ഒരു രാഷ്ട്രീയ വ്യവസ്ഥിതിയുടെയും പരമാധികാര ഭരണകൂടത്തിൻെറയും അഭാവത്തിൽ പ്രയോഗവല്ക്കരിക്കാൻ കഴിയാത്തവയാണ് ഇസ്ലാമിക ശരീഅത്തിലെ നിയമ നിർദ്ദേശങ്ങളിൽ പലതുമെന്നു കാണാം. ചില ഉദാഹരണങ്ങൾ നോക്കുക

1) കൊലപാതകത്തിന്നു് പ്രതികാര നടപടിയെടുക്കാൻ ഇസ്ലാം നിർദ്ദേശിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الْقِصَاصُ فِي الْقَتْلَى (بقرة)

(സത്യവിശ്വാസികളേ! വധിക്കപ്പെട്ടവരുടെ കാര്യത്തിൽ പ്രതികാരനടപടിയെടുക്കൽ നിങ്ങൾക്ക് നിർബ്ബന്ധമാക്കിയിരിക്കുന്നു.)

2) മോഷ്ടാവിനെ കരച്ഛേദം ചെയ്യാൻ ശരീഅത്ത് ആജ്ഞാപിക്കുന്നു.

السارق والسارقة فاقطعوا ايديهما (مائدة)

(മോഷണം ചെയ്ത സ്ത്രീയുടേയും പുരുഷൻെറയും കൈ മുറിക്കുക.)

3) വ്യഭിചാരത്തിൻെറ ശിക്ഷയെക്കുറിച്ച് ഖുർആൻ പറയുന്നു:

الزانية والزاني فاجلدوا كل واحد منهما مئة جلدة (نور)

(വ്യഭിചാരിയേയും വ്യഭിചാരിണിയേയും നൂറടി വീതം അടിക്കുക.)

4) വ്യഭിചാരത്തെക്കുറിച്ച് വ്യാജാരോപണം നടത്തുന്നവനെ എൺപതടി അടിക്കണമെന്ന് ഇസ്ലാം നിർദ്ദേശിക്കുന്നു:

والذين يرمون المحصنات ثم لم ياتوا باربعة
شهداء فاجلدوهم ثمانين جلدة

(പതിവ്രതകളെക്കുറിച്ച് അപവാദമുന്നയിക്കുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ എമ്പതടി അടിക്കുക.)

5) ഇസ്ലാമിൻെറ ശത്രുക്കളുമായി യുദ്ധം ചെയ്യണം; കഫ്റിനെ ഗളഹസ്തം ചെയ്യണം:

قَاتِلُوهُمْ حَتَّى لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ كُلُّهُ لِلَّهِ (البقرة)

(മർദ്ദനം ഇല്ലാതാവുകയും ദീൻ മുഴുവൻ അല്ലാഹുവിന്നായിത്തീരുകയും ചെയ്യുവോളം അവരോട് സമരം ചെയ്യുക.)

ഇത്തരം നിയമങ്ങൾ ശരീഅത്തിൽ വേറെയും ധാരാളം കാണാം. ഭരണകൂടത്തിന്റെ അഭാവത്തിൽ കേവലം ഭാഗികമോ അപൂർണ്ണമോ ആയി മാത്രമേ അവ പ്രവർത്തിപഥത്തിൽ വരുത്താനാവുകയുള്ളു. പൂർണ്ണമായും, ഉദ്ദിഷ്ടരൂപത്തിലും അവ നടപ്പിൽ വരുത്തേണമെങ്കിൽ ഒരു രാഷ്ട്രവും പരമാധികാരമുള്ള ഭരണകൂടവും കൂടിയേ കഴിയൂ.

ഉദാഹരണമായി:

1) നിഷിദ്ധത്തെ ശക്തിയുപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യണം.

مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ

(നിങ്ങളിലൊരാൾ വല്ല തിന്മയും കണ്ടാൽ ശക്തിയുപയോഗിച്ച് അതിനെ തടയട്ടെ.—ബുഖാരി)

2) നീതിയും നെറിയും സംസ്ഥാപിക്കണം.

كُونُوا قَوَّامِينَ بِالْقِسْطِ شُهَدَاءَ لِلَّهِ (نساء)

(നീതി നിലനിർത്തുന്നവരും അല്ലാഹുവിന്ന് സാക്ഷികളും ആയിത്തീരുക.)

3) ദൈവേതര നീതിന്യായക്കോടതികൾ മുസ്ലിംകൾക്ക് കേസ്സ് സമർപ്പിക്കാൻ പാററിയതല്ല.

....... يُرِيدُونَ اَنْ يَتَحَاكَمُوا اِلَى الطَّاغُوتِ وَقَدْ اُمِرُوا اَنْ يَكْفُرُوا بِهِ (نساء)

(താഗൂത്തി (ദൈവേതര ശക്തി)നോട് അന്യായം ബോധിപ്പിക്കാൻ അവരാഗ്രഹിക്കുന്നു—അതിനെ നിഷേധിക്കാൻ അവർ ആജ്ഞാപിക്കപ്പെട്ടിരിക്കെ.)

4) ദൈവികനിയമങ്ങൾകൊണ്ട് വിധി കല്പിക്കണം.

فَاحْكُمْ بَيْنَهُمْ بِمَا اَنْزَلَ اللهُ (مائدة)

(അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ വിധിക്കുക.)

5) ലോകത്തിനു മുമ്പിൽ സത്യസാക്ഷ്യ നിർവ്വഹണമത്രെ മുസ്‌ലിമിൻെറ അസ്തിത്വ ലക്ഷ്യം.

لِتَكُونُوا شُهَدَاءَ عَلَى النَّاسِ (بقرة)

(നിങ്ങൾ ജനങ്ങളുടെ മേൽ സാക്ഷികളായിരിക്കാൻ വേണ്ടി)

ദീനിലെ ഇതര നിയമങ്ങളെപ്പോലെതന്നെ ഈ നിയമങ്ങളും അനുസരിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരാണ്. കാരണം, മററുള്ളവയെപ്പോലെ ശരീഅത്തിൻെറ ഭാഗങ്ങൾ തന്നെയാണിവയും. ഈ നിയമങ്ങൾ പ്രവർത്തിപഥത്തിൽ വരുത്തേണ്ടത് ഇസ്ലാമിൻെറയും ഈമാനിൻെറയും താല്പര്യമത്രെ. ദൈവിക നിയമങ്ങളിൽ ഇഷ്ടമുള്ളത് സ്വീകരിക്കാനും ഇഷ്ടമില്ലാത്തത് തിരസ്കരിക്കുവാനും അല്ലാഹു ആർക്കും അനുവാദം നൽകിയിട്ടില്ല. അല്ലാഹു അവതരിപ്പിച്ച എല്ലാം നിയമങ്ങളും അതേപടി സ്വീകരിക്കണമെന്നാണ് അവൻെറ അനുശാസനം.

اِتَّبِعُوا مَا اُنْزِلَ اِلَيْكُمْ مِنْ رَبِّكُمْ (اعراف)

(നിങ്ങറംക്ക് നിങ്ങളുടെ നാഥങ്കൽ നിന്നു് എന്തൊന്നു് അവതരിച്ചു കിട്ടിയോ അതുപ്പടി പിന്തുടരുക)

ഇതിന്നു് വിപരീതമായി ദൈവിക നിയമങ്ങളിൽ സ്വേച്ഛാനുസൃതം വ്യത്യാസം കല്പിച്ചു് തോന്നിയവിധം സ്വീകരിക്കുകയും തിരസ്കരിക്കുകയുമാണെങ്കിൽ സത്യവിശ്വാസത്തിന്റെയല്ല സത്യനിഷേധത്തിൻെറ മാർഗ്ഗമാണതു്. ജൂതന്മാരുടെമേൽ അല്ലാഹ്വ ചുമത്തിയ ചാർജ്ജ്ഷീററ് നമ്മുടെ മുമ്പിലുണ്ടു്. ഇത്തരം കർമ്മരീതി കാരണമാണ് അവർ ആ ചാർജ്ജിന്നിരയായതു്.

اَفَتُؤْمِنُونَ بِبَعْضِ الْكِتَابِ وَتَكْفُرُونَ بِبَعْضٍ (بقرة)

(നിങ്ങറം ഗ്രന്ഥത്തിൽനിന്നു് കുറെ ഭാഗം വിശ്വസിക്കുകയും കുറെഭാഗം അവിശ്വസിക്കുകയുമാണോ?)

## രാഷ്ട്രം ഇസ്ലാമിൻെറ അനിവാര്യ ഘടകം

ഉപര്യുക്ത വിഷയങ്ങറം മുമ്പിൽവെച്ചു് ചിന്തിക്കുന്നപക്ഷം ഇസ്ലാമും രാഷ്ട്രവും തമ്മിലുള്ള ബന്ധമെന്തു് എന്ന ചോദ്യത്തിന്നു് തൃപ്തികരമായ ഉത്തരം ലഭിക്കുന്നതാണ്:

അല്ലാഹ്വവിൻെറ മൗലിക ഗുണവിശേഷങ്ങളിലൊന്നാണ് അധീശാധികാരം. രാഷ്ട്രീയ ജീവിതത്തിൻെറ സംസ്ഥാപനം അവൻെറ പരമാധികാരത്തിലധിഷ്ഠിതമായിരിക്കണമെതു് ആ ഗുണത്തിൻെറ തന്നെ വ്യക്തമായ താല്പര്യമാണ്. അതിനാൽ രാഷ്ട്രീയ ജീവിതത്തെ ഒരു നിലക്കും മതത്തിൻെറപരിധിയിൽനിന്നു പുറത്തു നിർത്താവതല്ല. പുറത്തു് നിർത്തുന്നതായാൽ അല്ലാഹ്വ

വിന്റെ അധീശത്വത്തിൽ വിശ്വാസമുണ്ടെന്നവാദം നിരർത്ഥകമായിത്തീരുന്നതാണ്.

ശരീഅത്തിന്റെ ഒരു ഭാഗം രാഷ്ട്രീയ നിയമങ്ങളാണെങ്കിൽ, ഇസ്ലാമിന്നു് ഒരു സമ്പൂർണ്ണ രാഷ്ട്രീയ വ്യവസ്ഥതന്നെയുണ്ടെങ്കിൽ അത് തന്നെ വിളിച്ചോതുന്നുണ്ട്, രാഷ്ട്രത്തെ കൂടാതെ ഇസ്ലാമിന്റെ പൂർണ്ണവും യഥാർത്ഥവുമായ വിഭാവനം സാദ്ധ്യമല്ലെന്നു്. ശരീരത്തിന്റെ ഒരു പ്രധാനഅംഗം –തലയോ, കാലോ, കയ്യോ– ഇല്ലാതെ ഒരു പൂർണ്ണ ശരീരം വിഭാവനം ചെയ്യുക അസാദ്ധ്യമായ പോലെ.

ഭരണാധികാരമില്ലെങ്കിൽ ഇസ്ലാമിലെ നിരവധി നിയമങ്ങൾ വൃഥാവിലാവും; തന്നേസ്സൃതമായ പ്രവർത്തനം അസാദ്ധ്യമാവും അതേയവസരം ശരീഅത്തിന്റെ ഏതെങ്കിലുമൊരു ഭാഗം ഉപേക്ഷിക്കുന്നത് കുഫ്റാണ്താനും. ഇങ്ങനെ വരുമ്പോൾ രാഷ്ട്രം ഇസ്ലാമിന്റെ ഏററവും അനിവാര്യമായ ഘടകമാണെന്നത് വ്യക്തം. കാരണം, സ്വന്തം നിലക്കുള്ള അതിന്റെ പ്രാധാന്യമിരിക്കട്ടെ, ശരീഅത്തിന്റെ ഇതര വശങ്ങൾ തന്നെ അതിനെ ആസ്പദിച്ചാണ് നിലകൊള്ളുന്നത്.

ഈ വശങ്ങളെല്ലാം വെച്ചുനോക്കുമ്പോൾ ഹ:ഉമറി (റ)ന്റെ പ്രസ്താവന ഏററവും വ്യക്തമായ ഒരു യാഥാർത്ഥ്യത്തെ തുറന്നു കാട്ടുന്നു. അദ്ദേഹം പറഞ്ഞു:

لَا إِسْلَامَ إِلَّا بِالْجَمَاعَةِ وَلَا جَمَاعَةَ إِلَّا بِالْإِمَارَةِ

(جامع بيان العلم)

(സംഘടന കൂടാതെ ഇസ്ലാമില്ല; നേതൃത്വമില്ലാതെ സംഘടനയുമില്ല.)

ഒരു പ്രസിദ്ധ താബിഅ് പറയുന്നത് നോക്കുക:

مَثَلُ الْإِسْلَامِ وَالسُّلْطَانِ وَالنَّاسِ مَثَلُ الْفُسْطَاطِ وَالْعَمُودِ وَالْأَوْتَادِ فَالْفُسْطَاطُ الْإِسْلَامُ وَالْعَمُودُ السُّلْطَانُ وَالْأَوْتَادُ النَّاسُ وَلَا يَصْلُحُ بَعْضُهَا إِلَّا بِبَعْضٍ (العقد الفريد)

(ഒരു തമ്പും അതിൻെറ തൂണും കുററികളും പോലെയാണ് ഇസ്ലാമും അധികാരവും ജനതയും തമ്മിലുള്ള ബന്ധം. തമ്പാണ് ഇസ്ലാം, തൂൺ അധികാരം, കുററികളോ, ജനതയും. അവയിലൊന്നും മറെറാന്നില്ലാതെ ശരിപ്പെടുകയില്ല.)

ചുരുക്കത്തിൽ രാഷ്ട്രത്തെയും ഭരണകൂടത്തെയും ഒഴിച്ചു നിർത്തികൊണ്ട് ഇസ്‌ലാമിനെ വിഭാവനം ചെയ്യുന്നതായാൽ ദൈവം നിർദ്ദേശിച്ചതും ഖുർആൻ വിവരിച്ചതും പ്രവാചകൻ പ്രവർത്തിപഥത്തിൽ വരുത്തിക്കാണിച്ചതുമായ ഇസ്‌ലാമായിരിക്കയില്ല അത്. ഇസ്‌ലാമിനെ അതിൻെറ ശരിയായ രൂപത്തിൽ കാണണമെങ്കിൽ പരമാധികാരമുള്ള ഭരണപീഠത്തിൽ ഇരുത്തി നോക്കണം.

ഇപ്പോഠം വിഷയത്തിൻെറ വിപ്ലവപരമായ ഒരു വശം കൂടി നമ്മുടെ മുമ്പിൽ വരുന്നു. അതായത്, ഇസ്‌ലാം രാഷ്ട്രീയാധികാരത്തെ ഭൗതിക കാര്യമായിട്ടല്ല മത കാര്യമായാണ്, അനാവശ്യവും അനിഷ്ടകരവുമായല്ല, അനിവാര്യവും അഭികാമ്യവുമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഇസ്‌ലാം രാഷ്ട്രത്തെ വെടിയുകയല്ല, തേടുകയാണ് ചെയ്യുന്നത്. കാരണം, അധികാരമില്ലാത്തേടത്തോളം ഇസ്‌ലാമിന്ന് അതിൻെറ അസ്തിത്വ ലക്ഷ്യം നേടുക സാധ്യമേയല്ല.

# ഇസ്ലാമിക ഭരണം, മുസ്ലിം ഭരണം

ഇവിടെ "ഇസ്ലാമിക ഭരണ"വും "മുസ്ലിം ഭരണ"വും തമ്മിലുള്ള സൂക്ഷ്മമായ അന്തരം നന്നായി ഗ്രഹിച്ചിരിക്കേണ്ടതുണ്ട്.

അധികാരം സ്വയം കരസ്ഥമാക്കുകയും എന്നിട്ടു സ്വന്തം അധീനത്തിൽ വെക്കുകയും ചെയ്യാൻ തക്കവിധം, ഇസ്ലാം ജീവനും ശരീരവുമുള്ള ഒരു സൃഷ്ടിയൊന്നുമല്ല. ഇസ്ലാമിന്റെ അനുയായികളാണ് അധികാരലബ്ധിക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ ചെയ്യുന്നതും അധികാരം കിട്ടിക്കഴിഞ്ഞാൽ അത് സ്വകരങ്ങളിൽ സൂക്ഷിക്കുന്നതും. അതിനാൽ ഭരണാധികാരം കയ്യടക്കി വെക്കുന്നവരും അതിന്നായി നിരന്തരം പരിശ്രമിക്കുന്നവരും ഇസ്ലാമിന്റെ യഥാർത്ഥ അനുയായികൾ തന്നെയായിരിക്കും. എന്നാൽ മുസ്ലിംകൾക്ക് ആവശ്യമായ അധികാരവും ഇസ്ലാമിന്ന് വാസ്തവത്തിൽ ആവശ്യമായ അധികാരവും തമ്മിൽ വമ്പിച്ച അന്തരമുണ്ട്. ആദ്യത്തേതിന്നു "മുസ്ലിം ഭരണം" എന്നും രണ്ടാമത്തേതിന്നു "ഇസ്ലാമികഭരണം" എന്നും പേരിടാം. അല്ലാഹുവിന്റെ അടുക്കൽ ആദ്യത്തേത് ദുനിയാവാണെങ്കിൽ രണ്ടാമത്തേത് ദീനാകുന്നു. അത് തിന്മയാണെങ്കിൽ ഇത് നന്മയാണ്. അത് ലോകത്തിന്റെ സംഹാര ഹേതുകമാണെങ്കിൽ ഇത് നിർമ്മാണഹേതുകമത്രെ. ഇയ്യടിസ്ഥാനത്തിലാണ് ഒരു വശത്ത് ഖുർആൻ സത്യവിശ്വാസികളെ ഇപ്രകാരം പരിചയപ്പെടുത്തിയത്:

(قصص) لا يريدون علوا في الارض ولا فسادا

(അവർ ഭൂമിയിൽ ഔന്നത്യവും കുഴപ്പവും ആഗ്രഹിക്കുകയില്ല.)

മറുവശത്ത് അവരെത്തന്നെ അഭിമുഖീകരിച്ചുകൊണ്ടു പറയുന്നു:

وَأَنْتُمُ الْأَعْلَوْنَ إِنْ كُنْتُمْ مُؤْمِنِينَ (آل عمران)

(നിങ്ങളാണ് ഉന്നതന്മാർ—നിങ്ങൾ വിശ്വാസികളാണെങ്കിൽ.)

ഔന്നത്യത്തിന്നു വേണ്ടിയുള്ള ഔന്നത്യം ധിക്കാരവും സ്വേച്ഛാപ്രമത്തതയുമാണ്. അത് ലോകത്തെ നാശങ്ങൾകൊണ്ടു നിറക്കുന്നു. സത്യവിശ്വാസിക്കു അതെപ്പററി ചിന്തിക്കുകപോലും അസാദ്ധ്യമാണ്. എന്നാൽ ഇസ്ലാമിന്നു് വേണ്ടിയുള്ള പ്രതാപവും പ്രഭാവവും ആദ്യന്തം നന്മയും കാരുണ്യവുമത്രെ. സത്യവിശ്വാസി ഹൃദയംഗമമായി അതാഗ്രഹിക്കുന്നു. ഈ രണ്ടുതരം അധികാരങ്ങളും തമ്മിൽ മൌലികമായ അന്തരമുണ്ടെന്നതിൽ സന്ദേഹമില്ല. മൌലിക വിഭാവനകളിൽ തന്നെ അവ ഭിന്നമാണ്. ഫലങ്ങളും പരിണതികളും വച്ച് നോക്കുമ്പോഴും രണ്ടും തമ്മിൽ അജഗജാന്തരമുണ്ട്. ഒററനോട്ടത്തിൽ രണ്ടും 'അധികാര'മാണ്. 'ഇസ്ലാമിൻെറ ആൾക്കാരു'ടെ കരങ്ങളിലുംതന്നെ. പക്ഷെ, ഒന്നിന്നു് പവിത്രമായ ഒരു നാമത്തിൻെറയും ഭാരിച്ച ഉത്തരവാദിത്വത്തിൻെറയും നിലപാടാണുള്ളത്. മറേറതിന്നാവട്ടെ, സ്വാകാര്യോടമവകാശത്തിൻെറയും സ്വാതന്ത്ര്യാധികാരത്തിൻെറയും നിലപാടും. ഉപരിപ്ലവ വീക്ഷകർ ബാഹ്യരൂപം മാത്രം നോക്കി വഞ്ചിതരാവുന്നു. പക്ഷെ സൂക്ഷ്മദൃക്കുകൾക്ക് വമ്പിച്ചതും മൌലികവുമായ ആ അന്തരം കാണാതിരിക്കാൻ നിവ്വാഹമില്ല. രാജാളിയും കഴുകനും ഒരേ അന്തരീക്ഷത്തിലാണ് പറക്കുന്നതെങ്കിലും രണ്ടിൻെറയും ലോകം വ്യത്യസ്തമാണെന്നു് അവക്തമ ബോദ്ധ്യമുണ്ടാവും.

## പ്രവാചക മിഷ്യനും ഭരണാധികാരവും

മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെയും സ്വഭാവത്തെയും അതിൻെറ പ്രാധാന്യത്തെയും ആവശ്യകതയെയും സംബ

ന്ധിച്ച മുൻ വിവരങ്ങൾ ഒരു വലിയ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നുണ്ട്. അതായത് പ്രവാചകന്മാർ ഏതൊരു ദൗത്യനിർവ്വഹണത്തിന്നു് നിയുക്തരായോ, അതിന്റെ അന്തിമ കർമ്മരൂപം മതാധിഷ്ഠിതമായ ഒരു ഭരണകൂടത്തിന്റെ സംസ്ഥാപനമായിരുന്നു. ഭരണാധികാരത്തിന്റെ അഭാവത്തിൽ എപ്രകാരം ഇന്നത്തെ 'ഇസ്ലാം' ഇസ്ലാമാകുന്നില്ലയോ, എപ്രകാരം ദീനും ശരീഅത്തുമനുസരിച്ചുള്ള പ്രവർത്തനം അസാദ്ധ്യമായിത്തീരുന്നുവോ അതേപ്രകാരം മുമ്പുള്ള പ്രവാചകന്മാരുടെ കാലത്തും അസാദ്ധ്യമായിരുന്നു. അതിനാൽ സമൂഹത്തിന്റെ അധികാരക്കടിഞ്ഞാൺ കരസ്ഥമാക്കാൻ ദത്തശ്രദ്ധമായിരുന്നു ഇസ്ലാം എക്കാലത്തും. പരിതസ്ഥിതി അനുകൂലമല്ലാതിരുന്നതിനാൽ പല പ്രവാചകന്മാർക്കും തങ്ങളുടെ പ്രബോധന പരിശ്രമങ്ങളുടെ ഫലങ്ങൾ പൂർണ്ണതയുടെ സോപാനത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അത് മറെറാരു കാര്യമാണ്. എന്നാൽ ഒരു പ്രബോധനത്തിന്നു് ഫലത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണത കൈവരാതിരിക്കുകയെന്നതും, പൂർണ്ണതയെന്ന ഒന്നു് ഇല്ലാതിരിക്കുകയെന്നതും രണ്ടാണെന്ന കാര്യം വ്യക്തമാണ്. പ്രവാചകന്മാരുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. അവരിലധികം പേർക്കും രാഷ്ട്രീയ വ്യവസ്ഥിതി സ്ഥാപിക്കാനൊത്തില്ല എന്ന കാര്യം അതിൽനിന്നു വ്യക്തമാണ്. പക്ഷെ അവരതിന്നു് ഉദ്ദേശിച്ചിട്ടേ ഉണ്ടായിരുന്നില്ല എന്ന സങ്കല്പത്തിന്നു് ഒരു തെളിവുമില്ല. لَا حَاكِمَ إِلَّا اللّٰه (അല്ലാഹു അല്ലാതെ ഒരു അധിശാധിപതിയില്ല.) എന്നായിരുന്നില്ല, لا إله إلا الله (അല്ലാഹു അല്ലാതെ ഒരു ദൈവമില്ല.) എന്നായിരുന്നു ഓരോ നബിയുടെയും മുദ്രാവാക്യം എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ 'ലാഇലാഹ ഇല്ലല്ലാഹു'വിന്റെ അർത്ഥവ്യാപ്തിയിൽ "ലാ ഹാക്കിമ ഇല്ലല്ലാഹ്" ഉൾപ്പെട്ടിരുന്നുവെന്നത് അനിഷേധ്യമാണ്. ഉലൂഹിയ്യത്തിന്റെ അവിഭാജ്യ ഘടകമാണ് 'ഹാകി

മിയ്യത്ത്". 'അല്ലാഹുവിനെ കൂടാതെ ഒരു ദൈവമില്ല' എന്നു പറഞ്ഞാൽ 'അല്ലാഹുവിനെ കൂടാതെ ഒരു അധിശാധിപതിയില്ല' എന്നുകൂടി അർത്ഥമാണ്. "ഇലാഹി"നെ കേവലം "ഹാകിം" എന്നു് മനസ്സിലാക്കുന്നതു് തെററു തന്നെ. എന്നാൽ അതിലും വലിയ തെററാണ് "ഇലാഹി"ൻെറ അർത്ഥത്തിൽ "ഹാകിമിയ്യത്തി"ൻെറ വിഭാവനമില്ല എന്നു ധരിക്കുന്നതു്. "ജനങ്ങളെ! അല്ലാഹുവിൻെറ ഭരണം സ്ഥാപിക്കുക; അവനെ കൂടാതെ നിങ്ങൾക്കൊരു ഭരണകർത്താവുമില്ല." എന്ന വാക്കുകളിലല്ല പ്രവാചകന്മാർ തങ്ങളുടെ പ്രബോധനം അവതരിപ്പിച്ചതെന്നുള്ളതു ശരിതന്നെ. പ്രത്യുത, اعبدوا الله مالكم من اله غيره (അല്ലാഹുവിന്നു് ഇബാദത്ത് ചെയ്യുക; അവനല്ലാതെ നിങ്ങൾക്കൊരു ദൈവവുമില്ല) എന്നായിരുന്നു ഓരോ പ്രവാചകൻെറയും ദൌത്യം. എന്നാൽ ഈ വാക്യങ്ങളിൽ ആദ്യം പറഞ്ഞ ആശയംകൂടി, അതിൻെറ പൂർണ്ണ പ്രാധാന്യത്തോടെ ഉൾക്കൊണ്ടിട്ടില്ല എന്നു് വല്ലവർക്കും പറയാൻ കഴിയുമോ? 'ഇബാദത്തി'ന്നു് ആരാധന എന്ന ഒരർത്ഥം മാത്രമേയുള്ളവെങ്കിൽ ഒരു പക്ഷെ അങ്ങിനെ വിചാരിക്കാമായിരുന്നു. എന്നാൽ യാഥാർത്ഥ്യം അങ്ങിനെയല്ല. ഇബാദത്തിൻെറ അർത്ഥത്തിൽ ആരാധനയും അനുസരണവും പെട്ടിട്ടുണ്ടു്. അപ്പോൾ ജീവിതത്തിൻെറ വ്യത്യസ്ത മേഖലകളെ ബാധിക്കുന്ന മതവിധികളെ—അവയുടെ അവസാനത്തെ കണ്ണിയാണ് രാഷ്ട്രീയവും ഭരണപരവുമായ നിയമങ്ങൾ—അനുസരിക്കൽ ഇബാദത്തിൽ നിന്നു് പുറത്തു പോവുന്നതെങ്ങിനെ? പ്രസ്തുത നിയമങ്ങളെ അനുസരിക്കലും ഇബാദത്താണെങ്കിൽ അതിൻെറ അർത്ഥം പ്രവാചകരുടെ മൗലിക പ്രബോധനത്തിൽ തന്നെ ഭരണ നിയമങ്ങളനുസരിക്കലും അന്തർഭവിച്ചിട്ടുണ്ടെന്നാണ്.

ഇവിടെ ഒരു ചോദ്യമുത്ഭവിച്ചേക്കാം: ഖുർആൻ പരിചയപ്പെടുത്തിയിട്ടുള്ള പ്രവാചകന്മാരുടെ പ്രബോധനങ്ങൾ മിക്കതിലും രാഷ്ട്രീയ നിയമങ്ങൾ തീരെ സ്പർശിച്ചതായി കാണുന്നില്ല. വിശ്വാസ കാര്യങ്ങൾ, ധാർമ്മിക മുറകൾ, ഏക ദൈവത്തിനുള്ള ആരാധന എന്നിവയെ സംബന്ധിച്ച അദ്ധ്യാപനങ്ങളാണ് അതിൽ കാണപ്പെടുന്നത്. അതിനാൽ اُعْبُدُوا اللهَ എന്ന വാക്യംകൊള്ളുന്ന യഥാർത്ഥ ഇബാദത്ത് ആരാധിക്കുകയെന്ന അർത്ഥത്തിൽ പരിമിതമാണ് എന്നു മനസ്സിലാക്കണം. പ്രവാചകന്മാർ "ലാഇലാഹ ഇല്ലല്ലാഹ്" എന്നും "ഉഅ്ബുദുല്ലാഹ്" എന്നും പ്രഖ്യാപിച്ചിട്ട്, ആ 'തൗഹീദി'നും ആ 'ഇബാദത്തി'നും തങ്ങളുടെ കർമ്മങ്ങളും പ്രബോധനാപരമായ ഭാഷണങ്ങളും പ്രവർത്തനങ്ങളും മുഖേന ഒരു വിശദീകരണം നല്കിയിട്ടുണ്ടെങ്കിൽ അത് തന്നെയാവണമല്ലോ, ആ സാങ്കേതിക പദങ്ങളുടെ യാഥാർത്ഥ്യവും വിവക്ഷയും. അതിന്റെ അർത്ഥപരിധിയിൽ രാഷ്ട്രീയനിയമങ്ങളുടെ അനുസരണവുമുൾപ്പെടുന്നുവെങ്കിൽ പ്രവാചകന്മാരുടെ ജിഹ്വകൾ വഴി അതേപ്പറ്റി ഏതെങ്കിലും വിധത്തിലുള്ള ഒരു പരാമർശം വരാതിരിക്കുമോ? അവർ അനുയായികൾക്ക് ഭരണപരമായ ശാസനങ്ങൾ നൽകിയില്ലെങ്കിൽ പോകട്ടെ, ചുരുങ്ങിയത് ഒരിസ്ലാമികരാഷ്ട്രത്തിന്റെ സംസ്ഥാപനമാണ് തങ്ങളുടെ അന്തിമ ലക്ഷ്യമെന്നെങ്കിലും വ്യക്തമാക്കേണ്ടതല്ലേ? രാഷ്ട്രം, ഓരോ പ്രവാചകന്റെയും പ്രബോധനത്തിന്റെ ഒരു ഭാഗമായിരുന്നെങ്കിൽ മതത്തിൽ രാഷ്ട്രത്തിനുള്ള സ്ഥാനം സുവ്യക്തമാവുന്ന രൂപത്തിൽ اعبدوا الله എന്നതിനെ എന്തുകൊണ്ടവർ വിശദീകരിച്ചില്ല?

സുസമ്മതമായ രണ്ടു യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച അജ്ഞതയിൽനിന്നാണ് ഈ ചോദ്യമുത്ഭവിച്ചത്.

ഒന്നാമതായി, ശരീഅത്തിന്റെ യാതൊരു ഭാഗവും അതിന്റെ സ്വാഭാവികമായ സന്ദർഭവും കർമ്മപരമായ ആവശ്യവും നേരിടുന്നതിന്ന് മുമ്പായി അവതരിക്കാറില്ല. പരിതോവസ്ഥകൾ ആവശ്യപ്പെടുകയും പ്രായോഗികമാക്കാനുള്ള പശ്ചാത്തലം സംജാതമാവുകയും ചെയ്യുമ്പോഴാണ് അല്ലാഹു അതത് ജീവിത വശങ്ങളെക്കുറിച്ച നിയമനിർദ്ദേശങ്ങൾ നല്കുക. 'തശ്രീഉ'ന്റെ, ദൈവിക നിയമ നിർമ്മാണത്തിന്റെ ഒരു ശാശ്വത തത്വമത്രെ ഇത്. അതിന്റെ ആവശ്യകതയും നന്മയും എത്രയും വ്യക്തവുമാണ്.

രണ്ടാമതായി, ഉപരിസൂചിത തത്വമനുസരിച്ച് ശരീഅത്തിന്റെ ഏതെങ്കിലുമൊരു ഭാഗം വൈകിക്കിട്ടുന്നതുകൊണ്ട് മതത്തിൽ അതിന്ന് രണ്ടാം സ്ഥാനമേയുള്ളുവെന്നർത്ഥമാകുന്നില്ല. അപ്പോലെ പ്രസ്തുത തത്വത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തിന്റെ ചില പ്രശ്നങ്ങളിൽ മത നിർദ്ദേശങ്ങൾ അവതരിക്കാനിടവന്നില്ലെങ്കിൽ, അതിന്ന യാതൊരു പ്രാധാന്യവുമില്ലെന്നോ അത് ശരീഅത്തിന്റെ ഭാഗമല്ലെന്നോ വരുന്നുമില്ല.

ചില ഉദാഹരണങ്ങളിലൂടെ ഈ തത്വങ്ങൾ വ്യക്തമാക്കാം:

ജിഹാദിനെ "ഇസ്ലാമിന്റെ ശിഖരം" (ذروة سنامه) എന്നും "സർവ്വോൽകൃഷ്ട കർമ്മം" (أفضل الأعمال) എന്നും നബി (സ) തിരുമേനി വിശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ഹിജ്റ രണ്ടാമത്തെ കൊല്ലം വരെ ഈ "സർവ്വോൽകൃഷ്ട കർമ്മത്തി"ന്നു കല്പനയുണ്ടായിരുന്നില്ലെന്ന് മാത്രമല്ല, അത് നിരോധം കൂടിയായിരുന്നുവെന്ന് നാം ഓർക്കണം. എന്തുകൊണ്ടാണിത്? ജിഹാദിന്റെ അനിവാര്യമായ ഉപാധികളും പരിതോവസ്ഥകളും ഒത്തുചേരുന്നതിന്ന് മുമ്പ് അതുണ്ടാവുക അസാദ്ധ്യമായതുകൊണ്ടുതന്നെ. ഇതേ പ്രകാരം പലിശ നീചതരമായ പാപങ്ങളിലൊന്നാണ്. ആ ധിക്കാരം പ്രവർത്തിക്കുന്നവനെതിരിൽ അല്ലാഹുവും റസൂലും സമരം

حَرْبٍ مِّنَ اللهِ وَرَسُولِهِ പ്രഖ്യാപിക്കുമെന്നു ഖുർആൻ പറയുന്നു. പരലോകത്ത് സത്യനിഷേധികളുടേതിനോട് തുല്യമായ ശിക്ഷക്ക് കാരണമാകുന്ന പാപമെന്നുകൂടി പലിശയെപ്പററി പറഞ്ഞിരിക്കുന്നു. എന്നിട്ടും ഏററവും ഒടുവിൽ (ഹിജ്റ 9ാം വർഷത്തിൽ) ആണ് അത് ഹറാമാക്കിയത്. അന്നോളം അത് ഹലാലായിത്തന്നെ നിലകൊണ്ടു. പലിശ നിരോധ നിയമം പ്രാവർത്തികമാക്കാൻ പററിയ ഒരവസ്ഥയായിരുന്നില്ല; അതിനു മുമ്പ് സമൂഹത്തിൻേറത്. ആ പശ്ചാത്തലത്തിൽ പ്രസ്തുത നിയമം അവതരിക്കുന്ന പക്ഷം സാമ്പത്തിക വ്യവസ്ഥിതി ആകപ്പാടെ താറുമാറാവും. അക്കാരണത്താലായിരുന്നു പലിശ നിരോധാജ്ഞ അത്രയും പിന്തിച്ചത്. മദ്യപാന പ്രശ്നം സംബന്ധിച്ച നിലപാടും ഇതു തന്നെ. "പാപങ്ങളുടെ അമ്മ"യായിരിക്കുന്ന മദ്യപാനത്തെ മാഇദാ സൂറത്ത് അവതരിക്കുന്ന കാലം വരെ നിരോധിക്കുകയുണ്ടായില്ല. പരിതഃസ്ഥിതി അനുകൂലമാവാത്തതിനാൽ തന്നെ. മുകളിൽ പ്രസ്താവിച്ച രണ്ടു മൗലികതത്വങ്ങളും വ്യക്തമാക്കാൻ ഇത്രയും ഉദാഹരണങ്ങളും മതിയല്ലോ.

സുസമ്മതവും അടിസ്ഥാനപരവുമായ ഈ രണ്ടു യാഥാർത്ഥ്യങ്ങളെ മുമ്പിൽ വെച്ചു നോക്കുന്നപക്ഷം പ്രശ്നത്തിൻെറ എല്ലാ കെട്ടിക്കുടുക്കുകളും സ്വയം അഴിയുന്നതാണ്. അല്ലാഹു ചില പ്രവാചകന്മാർക്ക് ഭരണനിയമങ്ങളും അവതരിപ്പിക്കുകയോ, അവരോടും അനുയായികളോടും രാഷ്ട്രീയ വ്യവസ്ഥിതി സ്ഥാപിക്കാൻ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ അതിനു അടിസ്ഥാനപരമായ പ്രാധാന്യമില്ലാത്തതോ, അത് തങ്ങളുടെ ശരീഅത്തിൻെറ അനിവാര്യ ഘടകമാവാത്തതോ അല്ല അതിനു് കാരണം. പിന്നെയോ, രാഷ്ട്രത്തെയും ഭരണത്തെയും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ട പരിതഃസ്ഥിതികൾ സംജാതമായിരുന്നില്ല എന്നത് മാത്രമാകുന്നു. രാഷ്ട്രവും ഭരണ വ്യവസ്ഥി

തിയും സംസ്ഥാപിതമാവുന്നതിന്നു് ചില ഉപാധികൾ അനിവാര്യമാണെന്നു് ഏവൎക്കുമറിയാം. ഉദാഹരണമായി, ഒരു പൌരസഞ്ചയം, സംഘടിത ക്രമം, ഐക്യം, സ്വതന്ത്രമായ അന്തരീക്ഷം ഇതെല്ലാം രാഷ്ട്രീയ വ്യവസ്ഥിതിയുടെയും, ഭരണകൂടത്തിന്റെയും സ്ഥാപനത്തിന്നു് അവശ്യം ആവശ്യമാണു്. ഏതെങ്കിലുമൊരു പ്രവാചകന്റെ പ്രബോധനം മേൽപറഞ്ഞ കാര്യങ്ങളെല്ലാം ഒത്തുചേരുന്ന ഘട്ടംവരെ പുരോഗമിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിന്നും അനുയായികൾക്കും എന്തിന്നു് രാഷ്ട്രീയ നിയമങ്ങൾ അവതരിപ്പിക്കണം? ശരീഅത്താകുന്ന സൗധത്തിൽ ഉപരിഘടനയുടെ നിലപാടാണു് പ്രസ്തുത നിയമങ്ങൾക്കുള്ളതു്. അടിത്തറ പണിതു് അതിന്മേൽ ഭിത്തികൾ പടുത്തുയർത്തി, ആ ഭിത്തികളിന്മേൽ മച്ചു് പണിയുന്നതിന്നു് ഉത്തരം വയ്ക്കാത്തകാലത്തോളം ഉപരിഘടനയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കാൻ ന്യായമില്ല. അതിന്നു് പ്രായോഗികമായ ഒരു ശ്രമം നടത്താനും നിർവ്വാഹമില്ല. ഈ പ്രവൃത്തികൾ ചെയ്യുന്നതിന്നുമുമ്പു്, ഉപരിഘടനയെക്കുറിച്ചു് യാതൊരു നിർദ്ദേശവും നല്കിയില്ലെങ്കിൽ, തൽസംബന്ധമായി യാതൊരു ശ്രമവും ചെയ്തിട്ടില്ലെങ്കിൽ അതിന്റെ അർത്ഥം നിർമ്മാണത്തിലിരിക്കുന്ന സൗധത്തിന്റെ പ്ലാനിൽ ഉപരിഘടനയില്ലെന്നല്ല. ഭ്രാന്തനു് പോലും അങ്ങനെ ഊഹിക്കുകവയ്യ. അതെപ്പറ്റി, വല്ലതും പറയുന്നതിന്നോ ചെയ്യുന്നതിന്നോ ഉള്ള ഘട്ടം വരാതിരുന്നതിനാൽ അതുണ്ടായില്ല എന്നും അതിന്റെ ഘട്ടമെത്തിയിരുന്നുവെങ്കിൽ അനിവാര്യമായും അതുണ്ടാവുമെന്നും മാത്രമേ പറയാനാകുള്ളു. പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ അവസ്ഥയും ഇതുതന്നെ. പ്രതികൂല പരിതസ്ഥിതികൾ കാരണം രാഷ്ട്രീയ വ്യവസ്ഥിതിയുടെ സ്ഥാപനത്തിന്നനിവാര്യമായ സാഹചര്യത്തിൽ പ്രവേശിക്കുന്നതിന്നുമുമ്പുനിലച്ചുപോയ പ്രബോധനങ്ങളുടെ അദ്ധ്യാപനങ്ങളിൽ സ്വാഭാവികമായും രാഷ്ട്രീയവും ഭരണപരവുമായ നിയമനിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയുണ്ടായില്ല. അതിനാൽ അവരുടെ

അനുയായികളെ സംബന്ധിച്ചേടത്തോളം اعبدوا الله എന്നതിന്റെ കമ്മപരമായ താല്പര്യത്തിൽ ദൈവിക ഭരണസ്ഥാപനം ഉൾപ്പെട്ടിട്ടുമില്ല. അതിന്റെ അർത്ഥം ഭരണസംസ്ഥാപനം പ്രസ്തുത നിർദ്ദേശത്തിന്റെ വരുതിയിൽ വരാൻ അർഹമായിരുന്നില്ല എന്നല്ല. തീർച്ചയായും അർഹമായിരുന്നു. പരിതസ്ഥിതികളുടെ സമ്മർദ്ദം അതിന്ന് വിഘാതം സൃഷ്ടിച്ചതുകൊണ്ട് ആ നിർദ്ദേശം വന്നില്ലെന്നു മാത്രം. ഭരണ ഘട്ടത്തെ പ്രാപിച്ച പ്രബോധനങ്ങളെ സംബന്ധിച്ചേടത്തോളം ഭരണ നിയമങ്ങൾ നല്കുന്നതിൽ ഒരു നിമിഷവും അമാന്തം വരുത്തിയിട്ടില്ല. അങ്ങിനെ വരുമ്പോൾ രാഷ്ട്രീയ വ്യവസ്ഥയുടെ സംസ്ഥാപനവും ഭരണ നിർദ്ദേശങ്ങളുടെ പ്രയോഗവല്ക്കരണവും ദീനിന്റെ ഇതര ഭാഗങ്ങളുടെ അത്ര പ്രാധാന്യത്തോടെ തന്നെ, "ഉഅ്ബുദുല്ലാഹ" യുടെ കമ്മപരമായ താല്പര്യത്തിൽ പെടുന്നു. അതിനാൽ അല്ലാഹുവിന്നുള്ള അടിമത്ത കർത്തവ്യം നിറവേററുന്നതിന്ന്, ഇതര ശരീഅത്ത് നിയമങ്ങൾ പ്രാവർത്തികമാക്കുന്നത് അനിവാര്യമായപോലെ ദൈവിക ഭരണ സംസ്ഥാപനവും രാഷ്ട്രീയ നിയമങ്ങളുടെ പ്രയോഗവല്ക്കരണവും അനിവാര്യമത്രെ.

## ഇസ്ലാമിക പ്രബോധനവും ഭരണാധികാരവും

രാഷ്ട്രസ്ഥാപനത്തിന്നനിവാര്യമായ സാഹചര്യം പ്രാപിച്ച പ്രബോധനങ്ങളിലൊന്നായിരുന്നു മുഹമ്മദീയ പ്രബോധനം എന്ന കാര്യം സുവിദിതമാണ്. അതിനാൽ ഇസ്ലാമിക ശരീഅത്തിൽ രാഷ്ട്രീയ നിയമങ്ങളും, ഭരണസംബന്ധവും നേതൃത്വസംബന്ധവുമായ വിധികളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രവാചക പുംഗവൻ രാഷ്ട്രീയാധികാരം കരസ്ഥമാക്കി ഒരു വ്യവസ്ഥാപിത ഭരണ വ്യവസ്ഥിതി സ്ഥാപിച്ചുവെന്നു മാത്രമല്ല, ജീവിതകാലത്ത് അവിടുന്നുതന്നെ അതിന്റെ നായകനായിത്തീരുകയും ചെയ്തു. അവിടുത്തെ വിയോഗാനന്തരം ഉത്തമ

ശിഷ്യന്മാർ ആ ഭാണ്ഡക്കൂടത്തെ തങ്ങളുടെ മതപരമായ മഹാകർത്ത വ്യമെന്ന മനസ്സിലാക്കി നിലനിർത്തുകയും അതിന്നു നേതൃത്വം നല്കുകയുമുണ്ടായി. അതിനാൽ, ചുരുങ്ങിയത് ഇസ്ലാമിനെ സംബന്ധിച്ചേടത്തോളമെങ്കിലും രാഷ്ട്ര സ്ഥാപനം اَعِدُّوا لَهُمْ എന്ന ആജ്ഞയുടെ വരുതിക്ക് പുറത്തല്ലെന്നും രാഷ്ട്രം മതത്തിന്റെ ഭാഗമാണെന്നും വിശ്വസിക്കാതെ ഗത്യന്തരമില്ല. 'സമ്പൂർണ്ണ മതം' എന്ന സവിശേഷാഭിധാനത്തിന്നു് ഇസ്ലാമിനെ അർഹമാക്കിയ കാരണങ്ങളിലൊന്നു് അതത്രെ. ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി (റ) ശരീഅത്തുകളുടെ പദവികൾ വിവരിച്ചുകൊണ്ടെഴുതുന്നതു കാണുക:

اِعْلَمْ اَنَّ اَتَمَّ الشَّرَائِعِ وَاَكْمَلَ النَّوَامِيسِ هُوَ الشَّرْعُ الَّذِي يُؤْمَرُ فِيهِ بِالْجِهَادِ (حجة الله البالغة)

(അറിയുക: ഏററവും പരിപൂർണ്ണമായ നിയമസംഹിതയും ഏററവും സമ്പൂർണ്ണമായ തത്വസംഹിതയും ജിഹാദിന്നു ആജ്ഞ നല്കിയ ശരീഅത്തത്രെ) രാഷ്ട്രവും ഭരണവുമുള്ള ശരീഅത്ത് എന്നാണ് ഇതിന്റെ അർത്ഥം. എന്തുകൊണ്ടെന്നാൽ ഒരു വ്യവസ്ഥാപിത ഭരണത്തിന്നു കീഴിലല്ലാതെ ജിഹാദ് സാദ്ധ്യമല്ല.

ജിഹാദിനെപ്പററി അനുശാസിക്കുക മാത്രമല്ല ഇസ്ലാമിക ശരീഅത്ത് ചെയ്യുള്ളു. പ്രത്യുത ജിഹാദിനെ സത്യവിശ്വാസത്തിന്റെ മാനദണ്ഡമാക്കുക കൂടി ചെയ്തിരിക്കുന്നു. ഇസ്ലാമിക ശരീഅത്ത് ശാശ്വതമായപോലെ ജിഹാദും ശാശ്വതമാണ്. ഇസ്ലാമിനെക്കുറിച്ച വിഭാവനയിൽനിന്നു് രാഷ്ട്രത്തെയും ഭരണത്തെയും ജിഹാദിനെയും കുറിച്ച വിഭാവന ഒരു നിലക്കും വേർപെടുത്തുക സാദ്ധ്യമല്ലെന്നതിന്നു അനിഷേധ്യമായ തെളിവാണിത്.

ഇതൊഴിച്ചു നിർത്തുന്നപക്ഷം اَكْمَلْتُ لَكُمْ دِينَكُمْ എന്ന സവിശേഷ സ്ഥാനത്തിന്നു് അർഹമല്ലാത്ത, അപൂർണ്ണമായ ഒരു മതമായിരിക്കും ഇസ്ലാം.

# ശരീഅത്തും ഇബാദത്തും

## ഇബാദത്തിന്റെ സ്ഥാനം

ദൈവത്തിനുള്ള അടിമത്തത്തിന്റെ മറെറാരു പേരാണ് മതം. ദൈവത്തെ ആരാധിക്കുവാനുള്ള ശരിയായ മാർഗ്ഗം മനുഷ്യുക്ക് വിവരിച്ചുകൊടുക്കുകയാണ് മതത്തിന്റെ ഉദ്ദേശം. ദൈവത്തിനുള്ള അടിമത്തവും ആരാധനയും ആത്മാവിന്ന് പരിശുദ്ധിയും ഉല്ക്കർഷവും പ്രദാനം ചെയ്യുകയും ദൈവാനുഗ്രഹത്തിന്നും ദൈവപ്രീതിക്കും മനുഷ്യനെ പാത്രീഭൂതനാക്കുകയും ചെയ്യുന്നു. ഇതാണ് മതത്തിന്റെ വിഭാവനം. ഇതിനെ നിഷേധിക്കുക എളുപ്പമല്ല. എല്ലാ പ്രവാചകന്മാരുടേയും പ്രബോധനം ഇതായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു:

...أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ - النحل

(അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യുകയും താഗൂത്തിനെ വിട്ടകലുകയും ചെയ്യുക.)

അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)യുടെ പ്രബോധനവും ഇതിൽനിന്ന് വ്യത്യസ്തമായിരുന്നില്ല. ഖുർആൻ പറയുന്നു:

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمْ - البقرة

(മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിന്ന് ഇബാദത്ത് ചെയ്യുക.)

മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം തന്നെ ഇബാദത്താണെന്ന് ഖുർആൻ സ്പഷ്ടമാക്കുന്നു:

(مَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ - الذاريات

"എനിക്ക് ഇബാദത്ത് ചെയ്യുവാനല്ലാതെ മനുഷ്യവർഗ്ഗത്തെയും ജിന്ന്‌വർഗ്ഗത്തെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.")

മനുഷ്യസൃഷ്ടിയുടെയും പ്രവാചകന്മാരുടെ ആഗമനത്തിന്റെയും ഉദ്ദേശം 'ഇബാദത്താ'ണ്. മനുഷ്യസൃഷ്ടിയുടെ ഉദ്ദേശമേതോ അതിനെ ഓർമ്മപ്പെടുത്തുകയും പ്രബോധിക്കുകയുമാണ് പ്രവാചകരുടെ ആഗമന ലക്ഷ്യമെന്ന് സാരം.

## ഇബാദത്തിന്റെ വിവക്ഷ

ഇബാദത്തിന്റെ സ്ഥാനവും പ്രാധാന്യവും നാം ഗ്രഹിച്ചു. അതുപോലെ ഇസ്ലാം ഒരു പൂർണ്ണ ജീവിത വ്യവസ്ഥയാണെന്നും വിശ്വാസ കാര്യങ്ങൾതൊട്ട് അന്താരാഷ്ട്രീയകാര്യങ്ങൾ വരെ ഉൾക്കൊള്ളുന്നുവെന്നും നാം മനസ്സിലാക്കിയിട്ടുണ്ട്. അപ്പോൾ ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നു. ഈ ജീവിത വ്യവസ്ഥയുടെ മുഴുഘടകങ്ങളെയും പൂർണ്ണമായി പിൻപറ്റുന്നതിന്നോ അതല്ല, ഏതെങ്കിലും ചില ഘടകങ്ങളെ മാത്രം പിൻപറ്റുന്നതിന്നോ ഏതിന്നാണ് 'ഇബാദത്ത്' എന്ന് പറയു

ക? 'ഇബാദത്തി'ന്റെ വിവക്ഷ ആരാധനയിൽ പരിമിത മാണെന്നു് പൊതുവെ കരുതപ്പെടുന്നതുകൊണ്ടാണു് ഈ ചോദ്യം ഉത്ഭവിക്കുന്നത്.

വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണിത്. അതിന്റെ ഉത്തരം എന്തുതന്നെയായാലും ശരീഅത്തു് നിയമങ്ങളെ പിന്തുടരുന്ന വിഷയത്തിൽ അത് വലിയ സ്വാധീനം ചെലുത്തും. 'ഇബാദത്തി'ന്റെ വിവക്ഷ ആരാധനയിൽ പരിമിതമാണെങ്കിൽ വിശ്വാസങ്ങളെയും ആരാധനയെയും സംബന്ധിച്ച ഘടകങ്ങളെ പിന്തുടരുന്നത്, ശരീഅത്തിലെ മററു ഘടകങ്ങളെ അപേക്ഷിച്ച ഭക്ത്യാദരത്തോടും വികാരവായ്പോടും കൂടിയായിരിക്കും. പൂർണ്ണ ഇസ്ലാമിക ശരീഅത്തിനെ പിന്തുടരുക എന്നതാണു് 'ഇബാദത്തെ'ങ്കിൽ അതിന്റെ ഓരോ ഘടകത്തെയും തുല്യമായ ഭക്തിയോടും താല്പര്യത്തോടും ശ്രദ്ധയോടുംകൂടിയായിരിക്കും പിന്തുടരുക. ഇസ്ലാമിനെ ശരിയാംവണ്ണം പിൻപററുന്നതിനു്, ഇവ രണ്ടിൽ ഏതാണു് ഇബാദത്തിന്റെ ശരിയായ വിവക്ഷയെന്നു് മനസ്സിലാക്കേണ്ടതാവശ്യമാണ്. അല്ലാത്ത പക്ഷം ഇസ്ലാമിക ശരീഅത്തിന്റെ വിവിധ ഘടകങ്ങൾ പിന്തുടരുന്നതിൽ സന്തുലിതത്വം നിലനിർത്തുവാൻ മനുഷ്യനു് കഴിയുകയില്ല. ഇബാദത്തു് എന്നു് താൻ കരുതുന്ന കാര്യത്തിൽ മുഴുശ്രദ്ധയും പതിപ്പിക്കുകയും ഇബാദത്തെന്നു് മനസ്സിലാക്കാത്തവയെ അവഗണിക്കുകയും ചെയ്യും.

ഖുർആനിലും സുന്നത്തിലും ഇബാദത്തിന്റെ വിവക്ഷ എന്തു്? അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടു്? ഇത് ഗ്രഹിക്കുവാൻ ഈ വിഷയത്തിൽ ആധികാരിക പ്രാധാന്യമർഹിക്കുന്ന മററു അവലംബങ്ങളും നമുക്ക പരിശോധിക്കേണ്ടതുണ്ടു്. അതിപ്രധാനമായ ഒരു ദീനീ പ്രശ്നമാകയാൽ അതർഹിക്കുന്ന പ്രാധാന്യത്തോടെ തന്നെ നമുക്ക പരിശോധന നടത്താം.

## ഭാഷാപരമായ നിഗമനത്തിൻെറ വെളിച്ചത്തിൽ

ആദ്യമായി ഭാഷാൎത്ഥങ്ങരം ഗ്രഹിക്കുവാനുള്ള ശബ്ദകോശങ്ങരം പരിശോധിക്കാം. ഇബാദത്ത് എന്ന പദത്തിൻെറ ശബ്ദാൎത്ഥം വിവരിച്ചുകൊണ്ടു് ഭാഷാകാരന്മാർ എഴുതുന്നു.

اَلْعِبَادَةُ: غَايَةُ التَّذَلُّلِ (مفردات راغب)

"ഇബാദത്ത് എന്നാൽ അങ്ങേയററത്തെ കീഴ്വണക്കം എന്നൎത്ഥം."

اَلْعِبَادَةُ: الطَّاعَةُ (لسان العرب)

"ഇബാദത്ത് എന്നാൽ അനുസരണം എന്നൎത്ഥം"

عَبَدَ اللهَ عِبَادَةً: تَأَلَّهَ لَهُ (لسان العرب)

"അല്ലാഹുവിനു 'ഇബാദത്ത്' ചെയ്തു എന്നാൽ അവനെ ആരാധിച്ചു എന്നൎത്ഥം"

അതുപോലെ അടിമക്കു് عبد എന്നും ചവുട്ടിപതംവന്ന പാതക്കു് معبد طريق എന്നും പറയുന്നു. (ലിസാനുൽ അറബ്)

പ്രത്യക്ഷത്തിൽ ഇബാദത്തിൽ ഈ മൂന്നൎത്ഥങ്ങളും ഭിന്നങ്ങളാണെന്നു് തോന്നാം. യഥാൎത്ഥത്തിൽ അങ്ങനെയല്ല. അവ മൂന്നും തമ്മിൽ അഗാധമായ ബന്ധമുണ്ടു്. ഇബാദത്തിൻെറ മൗലിക വിവക്ഷ ആദ്യം വിവരിച്ചപോലെ 'അങ്ങേയററത്തെ കീഴ്വണക്കം', 'വിനയം', 'താഴ്മ' എന്നും മററുമാണു്. 'അങ്ങേയററത്തെ കീഴ്വണക്കം' അനിവാൎയ്യമായും 'അനുസരണ'ത്തിൻെറ രൂപം സ്വീകരിക്കുന്നുവെന്നു് സ്പഷ്ടം. അതിനാൽ ഇബാ

ദത്തിനു് 'അനുസരണം' എന്ന അർത്ഥകല്പനയും സ്ഥാനത്ത് തന്നെ. മനുഷ്യൻ ഒരു ശക്തിക്ക് തന്നത്താൻ അർപ്പിക്കുകയും കീഴ്‌വണങ്ങുകയും അനുഗ്രഹൗദാര്യങ്ങളുടെ ആരാധ്യസ്ഥാനം കല്പിക്കുകയും ചെയ്യുന്നുവെങ്കിൽ ആ അർപ്പണവും കീഴ്‌വണക്കവും, കൃതജ്ഞതയുടെയും ഉപകാരസ്മരണയുടെയും വികാരങ്ങളിൽനിന്നു് വിമുക്തമായിരിക്കുകയില്ല. കൃതജ്ഞതാവികാരം മുററിനില്ക്കുന്ന ആ കീഴ്‌വണക്കം അനിവാര്യമായും ആരാധനയുടെ രൂപം സ്വീകരിക്കുന്നു. അതിനാൽ ഇബാദത്തിനു് 'ആരാധന' എന്ന അർത്ഥവുമുണ്ടു്.

ഭാഷാപരമായ ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഇബാദത്തിന്റെ ഇസ്ലാമിക വിഭാവനം എളുപ്പത്തിൽ മനസ്സിലാക്കാം. ഇബാദത്തിന്റെ മൗലിക വിവക്ഷ അങ്ങേയററത്തെ കീഴ്‌വണക്കം എന്നാവുമ്പോൾ അല്ലാഹുവിനുള്ള ഇബാദത്തിന്റെ സാരാംശവും അതാണെന്നു് സ്പഷ്ടമാണ്. അല്ലാഹു മനുഷ്യന്റെ സാക്ഷാൽ വിധികർത്താവും അനുഗ്രഹദാതാവുമാകയാൽ അങ്ങേയററത്തെ ഈ കീഴ്‌വണക്കം കേവലം കീഴ്‌വണക്കമായി അവശേഷിക്കുമെന്നും, അനുസരണത്തിന്റെയും ആരാധനയുടെയും രൂപം സ്വീകരിക്കയില്ലെന്നും വിശ്വസിക്കുന്നത് യുക്തിപൂർവ്വമായിരിക്കയില്ല. 'അഗ്നി ജ്വലിച്ചുകൊണ്ടിരിക്കുന്നു; പക്ഷെ, ചൂടു് ബഹിർഗ്ഗമിക്കുന്നില്ല' എന്നതുപോലെ അസംഭാവ്യമാണത്. ചുരുക്കത്തിൽ അല്ലാഹുവിനോടുള്ള മനുഷ്യന്റെ കീഴ്‌വണക്കത്തിന്റെ സ്വഭാവം ആവശ്യപ്പെടുന്നത് ഇബാദത്തിൽ ഈ മൂന്നു കാര്യങ്ങളും അടങ്ങിയിരിക്കണം എന്നാണ്. അതായത്, അങ്ങേയററത്തെ കീഴ്‌വണക്കവും അനുസരണവും ആരാധനയും.

## ദീനിന്റെ സുസമ്മത യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ

ഇത്രയും പറഞ്ഞത് ഭാഷാപരമായ നിഗമനത്തിന്റെ വെളിച്ചത്തിലാണ്. ഇനി ദീനിന്റെ മൗലികവും സുസമ്മതവുമായ

യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഇബാദത്തിന്റെ വിവക്ഷയെന്തെന്നു് നോക്കാം.

മാനവ സമുദായത്തിന്റെ മാർഗ്ഗദർശനമാണു് പ്രവാചകന്മാരുടെ ആഗമനോദ്ദേശമെന്നതു് സർവ്വവിദിതമായ യാഥാർത്ഥ്യമാണു്. പ്രവാചകന്മാർ ആദ്യമായി ജനങ്ങളുടെ മുമ്പിൽവെച്ച പ്രബോധനം 'അല്ലാഹുവിനു ഇബാദത്തു് ചെയ്യുവിൻ' എന്നായിരുന്നു. അതു് അങ്ങനെ ആയില്ലെങ്കിലേ അത്ഭുതമുള്ളു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു് അല്ലാഹുവിനു് ഇബാദത്തു് ചെയ്യുവാൻ വേണ്ടിയാണെങ്കിൽ പ്രവാചകന്മാരെ നിയോഗിച്ചയച്ച ദൗത്യം അതിൽനിന്നു് അൽപമെങ്കിലും വ്യത്യാസപ്പെട്ടുകൂടല്ലോ.

ഏകദൈവത്തിനു 'ഇബാദത്ത്' ചെയ്യാൻ ഉദ്ബോധിപ്പിക്കലും മനുഷ്യനെ ദൈവത്തിന്റെ 'ആബിദ്'ക്കലുമാണു് പ്രവാചകന്മാരുടെ ദൗത്യം. പ്രവാചകന്മാരെന്ന നിലക്കു് അവർ പഠിപ്പിച്ചതും പ്രവർത്തിച്ചതുമെല്ലാം ഇബാദത്താണെന്നാണു് അതിന്റെ അർത്ഥം. ഇബാദത്തല്ലാത്ത യാതൊന്നും പറയുവാനോ പ്രവർത്തിക്കുവാനോ പ്രവാചകന്മാർക്കു് അവകാശമില്ല. നിശ്ചയിക്കപ്പെട്ട ഡ്യൂട്ടിയുമായി ബന്ധമില്ലാത്ത പ്രവൃത്തികൾ ചെയ്യുകയെന്നതു് ഒരു സാധാരണ മനുഷ്യനെ സംബന്ധിച്ചേടത്തോളം തന്നെ അനുചിതമാണു്. അപ്പോൾ പ്രവാചകന്മാർ തങ്ങൾ നിയോഗിക്കപ്പെട്ട ദൗത്യവുമായി ബന്ധമില്ലാത്ത വല്ലതും പ്രവർത്തിക്കുമെന്നു് കരുതാൻ നിർവ്വാഹമില്ല. പ്രവാചകൻ അടിമുടി അനുസരണമാണു്. അദ്ദേഹത്തിന്റെ ശ്രദ്ധ എപ്പോഴും തന്നെ ഭരമേൽപിച്ച കർത്തവ്യത്തിൽ മാത്രമായിരിക്കും. അല്ലാഹു കല്പിച്ചതല്ലാതെ സ്വന്തമായി ഒരക്ഷരംപോലും പ്രവാചകന്മാർ ഉരിയാടുകയില്ല, ആകയാൽ മതത്തിന്റെ മൗലിക വിശ്വാസങ്ങൾ തൊട്ടു് നാഗരികവും സാമൂഹ്യവുമായ ശാഖാപരമായ കാര്യങ്ങൾവരെ പ്രവാചകന്മാർ പഠിപ്പിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ഇബാദത്താണെന്നു് സമ്മതിക്കേണ്ടിവരും. അല്ലാ

ഹുവിനെ ആരാധിക്കണമെന്ന് കൽപിക്കുന്ന നിയമങ്ങൾ അനു സരിക്കുന്നത് ഇബാദത്തായപോലെ വ്യക്തിപരവും സാമൂഹ്യവുമായ നിയമങ്ങൾ പിന്തുടരുന്നതും 'ഇബാദത്ത്' തന്നെ. മററു വാക്കുകളിൽ, ദീനിനെയും ശരീഅത്തിനെയും പൂർണ്ണമായി പിൻ പററലാണ്, ഏതൊരു ഇബാദത്തിനുവേണ്ടി മനുഷ്യനെ സൃഷ്ടിക്കുകയും പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തുവോ ആ ഇബാദത്ത്. ആ നിയമ സംഹിതയിൽ നിന്നു് എത്രത്തോളം നിയമങ്ങൾ മനുഷ്യൻ അനുസരിക്കുന്നുവോ അത്രയും അവൻെറ 'ഇബാദത്ത്' പൂർണ്ണത പ്രാപിക്കുന്നു. എത്രത്തോളം അനുസരിക്കാതിരിക്കുന്നുവോ അത്രയും അവൻെറ 'ഇബാദത്ത്' അപൂർണ്ണമായി കലാശിക്കുന്നു.

ഇനി നമുക്ക് മറെറാരുവിധത്തിൽ ചിന്തിക്കാം. ഖുർആൻ മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം കേവലം അല്ലാഹുവിനുള്ള ഇബാദത്താണെന്നു് തീർത്തുപറയുന്നപോലെതന്നെ മനുഷ്യൻ ജന്മനാ അല്ലാഹുവിൻെറ അടിമമാത്രമാണെന്നും അത് വ്യക്തമാക്കിയിട്ടുണ്ട്. സർവ്വസമ്മതമായ യാഥാർത്ഥ്യമെന്ന നിലയിൽ, ഖുർആൻ അത് ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു. മനുഷ്യൻെറ നിലപാട്ട് ആദ്യമായും അവസാനമായും അടിമയുടേതാണെന്നും അതിന്നപ്പുറം അവന്നൊരു നിലപാടുമില്ലെന്നും ഖുർആൻ എത്രയോ ഇടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടു്. അടിമയുടെ ജീവിതത്തെപ്പററി ചിന്തിച്ചുനോക്കുക: ഒരാൾ അടിമയെ വാങ്ങിയാൽ ഇരുപത്തിനാലു് മണിക്കൂറും അവൻ അയാളുടെ അടിമ തന്നെ. യജമാനൻെറ ആജ്ഞയനുസരിച്ച് ചെയ്യുന്നതെല്ലാം അടിമവൃത്തിയുമാണ്. അതേയവസരത്തിൽ അയാൾ അവൻെറ യഥാർത്ഥ ഉടമസ്ഥനല്ല. അവൻെറ കർമ്മശക്തിയെയല്ലാതെ പൂർണ്ണമായ അസ്തിത്വത്തെ അയാൾ വിലക്ക് വാങ്ങുന്നില്ല. എന്നാൽ മനുഷ്യനും ദൈവവും തമ്മിലുള്ള അടിമ-യജ

മാനബന്ധം ഇതിൽനിന്ന് ഭിന്നമാണ്. മനുഷ്യൻ ജന്മനാ തന്നെ പൂർണ്ണമായും അല്ലാഹുവിന്റെ അടിമയാണ്. അല്ലാഹു അവന്റെ ഓരോ അവയവത്തിന്റെയും ഉടമസ്ഥനാണ്. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം അവൻ ജന്മനാ അടിമമാത്രമല്ല, പ്രതിജ്ഞാ ബദ്ധനായ അടിമ കൂടിയാണ്. ഖുർആൻ പറയുന്നു:

إِنَّ اللهَ اشْتَرَى مِنَ الْمُؤْمِنِينَ أَنْفُسَهُمْ وَأَمْوَالَهُمْ بِأَنَّ لَهُمُ الْجَنَّةَ

— التوبة

“അല്ലാഹു സത്യവിശ്വാസികളിൽ നിന്ന് അവരുടെ ശരീരങ്ങളും ധനവും സ്വർഗ്ഗം പകരം നല്കുമെന്ന വാഗ്ദത്തത്തിന്മേൽ വിലക്ക് വാങ്ങിയിരിക്കുന്നു; നിശ്ചയം.”

അതിനാൽ ഒരു മുസ്ലിം കർമ്മശക്തിമാത്രം അല്ലാഹുവിന്നടിയറവെച്ച അടിമയല്ല; സർവ്വസ്വം അടിയറവെച്ച അടിമയാണ്. അവൻ അല്ലാഹുവിനാൽ സൃഷ്ടിക്കപ്പെട്ടവനും അവനാൽ വിലക്ക് വാങ്ങപ്പെട്ടവനുമാണ്. സർവ്വസ്വം വിററുകഴിഞ്ഞ അടിമ തന്റെ യജമാനന്റെ ആജ്ഞയനുസരിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ ചിലത് അവന്റെ അടിമത്തനിലപാടിൽ നിന്ന് വ്യത്യസ്തവും അതുമായി ബന്ധമില്ലാത്തതുമാവുന്നതെങ്ങനെ? അവന്ന് അടിമത്തത്തിന്റേതല്ലാത്ത മററൊരു നിലപാടുമില്ലെങ്കിൽ അവന്റെ ഓരോ പ്രവൃത്തിയും ‘അബ്ദിയ്യത്തും’ ‘ഇബാദത്തും’ ആയിരിക്കും. അവന്റെ തീനും കുടിയും ഉറക്കവും ഉണർവ്വും യജമാനന്റെ ആജ്ഞകൾക്ക് അനുസൃതമാണെങ്കിൽ, അതെല്ലാം നിസ്സംശയം ‘ഇബാദത്ത്’ ആകുന്നു.

## ഖുർആനിലെ പ്രയോഗങ്ങളുടെ വെളിച്ചത്തിൽ

ഇനി ‘ഇബാദത്ത്’ എന്ന പദം ഖുർആനിൽ ഏതെല്ലാം അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്ന് നോക്കാം. ഖുർആൻ പ്രയോഗിച്ചിട്ടുള്ള അർത്ഥങ്ങളെല്ലാം അതിന്റെ സാക്ഷാൽ അർത്ഥമാ

ണെന്നും അവയെ സംബന്ധിച്ച പഠനം നമ്മെ ഏതു് തീരുമാനത്തിലെത്തിച്ചാലും അതു ഈ വിഷയത്തിൽ അന്തിമമല്ലാണെന്നും ആദ്യമായി നാം മനസ്സിലാക്കണം.

പരിശുദ്ധഖുർആനിൽ ഈ പദം വിവിധ ക്രിയാരൂപങ്ങളിലായി ഒട്ടേറെ സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടു്. തെരഞ്ഞെടുക്കപ്പെട്ട ഏതാനും വാക്യങ്ങൾമാത്രം പരിശോധിക്കാം.

(1) مَا تَعْبُدُونَ مِنْ دُونِهِ إِلَّا أَسْمَاءً سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ (يوسف)

"അല്ലാഹുവിനെവിട്ട നിങ്ങൾ 'ഇബാദത്ത്' ചെയ്യുന്നവ, നിങ്ങളും നിങ്ങളുടെ പിതാക്കളും പടച്ചുണ്ടാക്കിയ (അയഥാർത്ഥമായ) ചില നാമങ്ങൾ മാത്രമാണു്."

قَالُوا نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَاكِفِينَ (الشعراء)

"അവർ പറഞ്ഞു: ഞങ്ങൾ വിഗ്രഹങ്ങൾക്കു് 'ഇബാദത്ത്' ചെയ്യുന്നു. അവയുടെ മുമ്പിൽ ഞങ്ങൾ ധ്യാനനിരതരായി ഇരിക്കുകയും ചെയ്യുന്നു."

ഏതെങ്കിലും വസ്തുവിനെ ആരാധിക്കൽ ഇബാദത്താണെന്നു് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. മുശ്രിക്കുകൾ ബിംബങ്ങളോടു് എന്തനുവർത്തിച്ചുവോ അതിനെയാണു് ഈ വാക്യങ്ങളിൽ 'ഇബാദത്ത്' എന്നു് പറഞ്ഞിട്ടുള്ളതു്. ആരാധനയും പൂജയും എന്ന ബന്ധമാണു് ബഹുദൈവ വിശ്വാസികൾക്കു് ബിംബങ്ങളുമായി ഉണ്ടായിരുന്നതെന്നു് സ്പഷ്ടമാണു്.

وَالَّذِينَ اجْتَنَبُوا الطَّاغُوتَ اَنْ يَعْبُدُوهَا وَاَنَابُوا (2)

اِلَى اللهِ لَهُمُ الْبُشْرَى (الزمر)

"താഗൂത്തിന്നു 'ഇബാദത്ത്'' ചെയ്യുന്നതിൽനിന്നു് അകന്നു് നി
ല്ക്കുകയും അല്ലാഹുവിങ്കലേക്കു് മടങ്ങുകയും ചെയ്യുന്നവർക്കു്
ശുഭവാർത്തയുണ്ടു്."

......مَنْ لَعَنَهُ اللهُ وَغَضِبَ عَلَيْهِ وَجَعَلَ مِنْهُمُ الْقِرَدَةَ وَالْخَنَازِيرَ

وَعَبَدَ الطَّاغُوتَ (المائدة)

"അല്ലാഹു ശപിക്കുകയും കോപിക്കുകയും പന്നികളും കുരങ്ങുക
ളുമായി മാററുകയും താഗൂത്തിന്നു 'ഇബാദത്ത്'' ചെയ്യുകയും
ചെയ്തവർ."

നിരുപാധികം അനുസരിക്കപ്പെടേണ്ടവനെന്ന വിശ്വാസത്തോടും ഇച്ഛയോടും ആരുടെയെങ്കിലും കല്പനകൾ പ്രകാരം നടക്കുകയാണെങ്കിൽ അതു അവന്നു് 'ഇബാദത്ത്'' ചെയ്യലാണെന്നു് ഈ വാകൃങ്ങളിൽനിന്നു് ഗ്രഹിക്കാം. കാരണം 'താഗൂത്തി'ന്റെ അനുയായികൾ താഗൂത്തിനോടനുവർത്തിച്ച കർമ്മരീതിയെ ഈ വാകൃങ്ങളിൽ 'ഇബാദത്ത്'' എന്നു് വിശേഷിപ്പിച്ചിട്ടുണ്ടു്. 'താഗൂത്ത്'' എന്നതിന്റെ ശബ്ദാർത്ഥം 'പരിധി ലംഘിക്കുന്നവൻ' 'പരമ ധിക്കാരി' എന്നെല്ലാമാണ്. ഖുർആനിന്റെ ഭാഷയിൽ 'താഗൂത്ത്'' എന്നാൽ അല്ലാഹുവിന്റെ അടിമത്തത്തിന്റെ പരിധിയിൽനിന്നു് പുറത്ത് പോവുകയോ പുറത്ത് പോകാൻ കാരണമാവുകയോ ചെയ്യുന്ന എല്ലാമാണ്. ഈ അടിസ്ഥാനത്തിൽ പിശാചും വിഗ്രഹങ്ങളും 'താഗൂത്തു'കളാണെന്നപോലെ അല്ലാഹുവിന്റെ നിയമങ്ങളെ പുറന്തള്ളുകയും

സ്വന്തം അഭിപ്രായങ്ങൾക്കും അഭീഷ്ടങ്ങൾക്കുമൊത്ത് നിയമനിർമ്മാണം നടത്തുകയും ചെയ്യുന്ന ഭരണാധികാരികളും സമുദായനേതാക്കളും മതപുരോഹിതന്മാരും താഗൂത്തുകൾതന്നെയാണ്. ഇക്കൂട്ടരെ അവരുടെ അനുയായികൾ അഭിവന്ദ്യരും നിരുപാധികം നിയമങ്ങൾ നിർമ്മിക്കുവാൻ അർഹരുമാണെന്ന് വിശ്വസിക്കുകയും ഹൃദയംഗമമായി അനുസരിക്കുകയും ചെയ്യുന്നു. ഈ കർമ്മരീതിയെ ഖുർആൻ താഗൂത്തിന്റെ ഇബാദത്ത് എന്നു വിശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ ഖുർആന്റെ ദൃഷ്ടിയിൽ ഉദ്ദേശത്തോടും തൃപ്തിയോടും, നിരുപാധികമായ അനുസരണത്തിന്ന് അർഹനാണെന്ന വിശ്വാസത്തോടുംകൂടി ആരെയെങ്കിലും അനുസരിക്കൽ ഇബാദത്താണെന്ന് വ്യക്തം.

(3) ......فَقَالُوا أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا
عَابِدُونَ (المؤمنون)

“അപ്പോൾ അവർ (ഫിർഔൻ പ്രഭൃതികൾ) പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള രണ്ട് വ്യക്തികളുടെ വാക്കുകൾ ഞങ്ങൾ വിശ്വസിക്കുകയോ—അതും അവരുടെ സമുദായം ഞങ്ങളുടെ ‘ആബിദ്’കളായിരിക്കുമ്പോൾ!”

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدْتَ بَنِي إِسْرَائِيلَ (الشعراء)

“ഇസ്രാഈൽ സന്തതികളെ ‘അബ്ദ്’കളാക്കിവെച്ചു എന്നതാണ് നീ എന്നോടു എടുത്ത് പറയുന്ന അനുഗ്രഹം.”

ഉപര്യുക്ത വാക്യങ്ങളിൽനിന്ന് ഒരു കാര്യം സുതരാം വ്യക്തമാണ്:

ഉദ്ദേശവും തൃപ്തിയും, നിരുപാധികം അനുസരിക്കപ്പെടാൻ അർഹനാണെന്ന വിശ്വാസവും ഉണ്ടായാൽ മാത്രമല്ല, അനുസരണം ഇബാദത്താവുക. ഇഷ്ടത്തിന്നെതിരായിട്ടെങ്കിലും ഉദ്ദേശത്തോടും ബോധത്തോടും, ചോദ്യം കൂടാതെയുമുള്ള അനുസരണവും ഇബാദത്താണ്. ബനൂഇസ്രാഈലിന്റെ അടിമത്തത്തെ ഖിബ്ത്തികൾക്കുള്ള ഇബാദത്ത് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഇസ്രാഈല്യർക്ക് തങ്ങളുടെ ശോചനീയമായ അടിമത്തത്തിന്നെതിരിൽ ശബ്ദമുയർത്താൻ സാധിച്ചിരുന്നില്ലെങ്കിലും അവർ അതിനെ ഹൃദയപൂർവ്വം വെറുത്തിരുന്നു. അധികാരശക്തിയുടെ പ്രഭാവവും തങ്ങളുടെ നിസ്സഹായതയും കാരണമായി അവർക്ക് നിശ്ശബ്ദരായി ഫിർഔന്റെ അടിമത്തത്തിന്റെ നുകം വഹിക്കേണ്ടിവന്നു. ഇതിൽനിന്നു് പരമാധികാരം അവകാശപ്പെടുന്ന ഒരു ശക്തിയെ ഇഷ്ടത്തിനു വിരുദ്ധമായിട്ടാണെങ്കിലും ബോധത്തോടും ചോദ്യം ചെയ്യാതെയും അനുസരിക്കൽ 'ഇബാദത്താ'ണെന്നു് സ്പഷ്ടമാകുന്നു.

(4) أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَنْ لَا تَعْبُدُوا الشَّيْطَانَ إِنَّهُ
لَكُمْ عَدُوٌّ مُبِينٌ (يس)

"ആദം സന്തതികളെ, പിശാചിനു ഇബാദത്ത് ചെയ്യരുതെന്നു് നാം നിങ്ങളെ താക്കീത് ചെയ്തിട്ടില്ലേ? അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ് തീർച്ച"

يَا أَبَتِ لَا تَعْبُدِ الشَّيْطَانَ (مريم)

"വന്ദ്യ പിതാവേ, പിശാചിനു ഇബാദത്ത് ചെയ്യരുത്."

ഇബാദത്തിന്റെ മറെറാരു രൂപംകൂടി ഈ വാക്യങ്ങളിൽനിന്നു് വ്യക്തമാവുന്നു. അതായത്, ബോധപൂർവ്വമല്ലാതെയുള്ള

പൂൎണ്ണമായ അനുസരണവും ഇബാദത്ത്തന്നെ. പിശാച് ഇഷ്ടപ്പെടുന്ന വിശ്വാസങ്ങൾ വെച്ചു പുലൎത്തുകയും പ്രവൃത്തികൾ ചെയ്കയും ചെയ്യുന്നവരാരും തന്നെ പ്രത്യക്ഷത്തിൽ അവന്ന് സാഷ്ടാംഗം ചെയ്യുന്നില്ല, അവനോട് പ്രാൎത്ഥിക്കുന്നില്ല, അവനെ യജമാനനും മാൎഗ്ഗദൎശകനുമായി കരുതുന്നില്ല, അവനോട് ഭക്ത്യാദരം പ്രകടിപ്പിക്കുന്നില്ല. മറിച്ച് എല്ലാവരും പിശാചിനെ തിന്മയുടെ മൂൎത്തീഭാവം എന്ന് തന്നെയാണ് വിശ്വസിക്കുന്നത്. വെറുപ്പും ശാപവുമല്ലാതെ മറ്റൊന്നും അവർ പിശാചിനുവേണ്ടി കരുതിവെച്ചിട്ടുമില്ല. എന്നിട്ടും ഖുർആൻ അവർ പിശാചിനു ഇബാദത്ത് ചെയ്യുന്നവരാണെന്നു പറയുന്നു. അനുസരിക്കണമെന്ന ഉദ്ദേശമില്ലാതെയും തങ്ങളുടെ വിശ്വാസകൎമ്മങ്ങൾ മറ്റൊരാളുടെ നിയമങ്ങൾക്കും ഇച്ഛക്കും അനുസൃതമാണെന്ന ബോധമില്ലാതെയും അനുസരിക്കുന്നത് പോലും ഇബാദത്താണെന്ന് ഇതിൽനിന്നു് ഗ്രഹിക്കാം.

ഖുർആനിലെ ഈ നാലു പ്രയോഗങ്ങളിൽ ചിലത് ആലങ്കാരിക പ്രയോഗ (مجاز) മാണെന്ന് ചിലർ വാദിച്ചേക്കാം. ഖുർആനിൽ നിന്നോ പ്രബലമായ ഹദീസിൽ നിന്നോ നിഘണ്ടുവിൽ നിന്നോ തെളിവുകൾ ഉദ്ധരിക്കാൻ കഴിയാത്ത ഒരു വാദമാണത്. ഇബാദത്ത് എന്ന പദം പ്രയോഗിച്ചിട്ടുള്ള നിരവധി ഖുർആൻ വാക്യങ്ങളിൽ ഒന്നിൽനിന്നെങ്കിലും ഇബാദത്ത് എന്നാൽ ആരാധന മാത്രമാണെന്നും ആരാധനാ കൎമ്മങ്ങൾക്കൊഴിച്ച് മറ്റൊന്നിനും ഇബാദത്തെന്ന് പറയുകയില്ലെന്നും തെളിയിക്കാൻ കഴിയണം. ഖുർആനിൽ അങ്ങനെ ഒരു വാക്യം കണ്ടെത്തുക അസാദ്ധ്യമാണ്. ആരാധന എന്ന അൎത്ഥത്തിൽ ഇബാദത്ത് എന്ന പദം ഒട്ടേറെ വാക്യങ്ങളിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, 'ഇബാദത്തി'ന്റെ അൎത്ഥം ആരാധന എന്ന് മാത്രമാണെന്ന് പറയുന്നതും 'ഇബാദത്തി'ന്ന് ആരാധന എന്നും അൎത്ഥമുണ്ട് എന്നു പറയുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.

ഇബാദത്ത് എന്ന പദത്തിന്റെ ഭാഷാപരമായ ഗവേഷണം മുമ്പിൽവെച്ചു നോക്കിയാൽ, ഖുർആൻ വാക്യങ്ങളിൽനിന്നു മനസ്സിലാകുന്നതുപോലെ ഇബാദത്തിന്റെ പ്രസ്തുത നാലു് രൂപങ്ങളും പരസ്പരം ബന്ധമില്ലാത്ത ചില അർത്ഥങ്ങളല്ലെന്നും സമഗ്രമായ ഒരു വിവക്ഷയുടെ നാലുവശങ്ങളാണെന്നും ഗ്രഹിക്കാം. ആരാധന ഇബാദത്താണ്. ബോധപൂർവ്വമോ അല്ലാത്തതോ ആയ അനുസരണവും ഇബാദത്താണ്. പക്ഷേ, രണ്ടിലൊന്നും സ്വന്തം നിലക്ക് പൂർണ്ണമായ ഇബാദത്തല്ല. അങ്ങിനെയാണെങ്കിൽ മറേറതിനെ ഇബാദത്ത് എന്നു പറയുവാൻ സാധ്യതയില്ല. എന്നാൽ, ഖുർആൻ ആരാധനക്ക് ഇബാദത്ത് എന്നു് പറഞ്ഞിട്ടുണ്ടെങ്കിൽ അനുസരണത്തിന്റെ മേൽ പ്രസ്താവിച്ച മൂന്നു രൂപങ്ങൾക്കും ഇബാദത്ത് എന്നുതന്നെ പറഞ്ഞതായി കാണാം. ഖുർആനിന്റെ ദൃഷ്ടിയിൽ ഇബാദത്തിന്റെ വിവക്ഷ ആരാധനയും അനുസരണവും കൂടിയാൽ മാത്രമേ പൂർണ്ണമാവുകയുള്ളുവെന്നാണ് അത് വ്യക്തമാക്കുന്നത്.

ഗവേഷണ വിശകലനങ്ങളുടെ മൂന്നു വശങ്ങളും—ഭാഷാപരമായ നിഗമനം, മതപരമായ സുവിദിത യാഥാർത്ഥ്യങ്ങൾ, ഖുർആനിലെ പ്രയോഗങ്ങൾ-എല്ലാം നാം വിവരിച്ചു. അവ മൂന്നും 'ഇബാദത്ത്' ആരാധനയും അനുസരണവും പൂർണ്ണമായി ഉൾക്കൊള്ളുന്ന ഒരു സാങ്കേതിക പദമാണെന്നും ശരീഅത്ത് നിയമങ്ങളുടെ വിസ്തൃതിയോളം തന്നെ ഇബാദത്തിന്റെ വിവക്ഷയും വിസ്തൃതമാണെന്നും സ്പഷ്ടമാക്കുന്നു.

## ഖുർആനിലെ നിർദ്ദിഷ്ട ഇബാദത്ത്

അല്ലാഹു മനുഷ്യസൃഷ്ടിയുടെ ഉദ്ദേശമായി പ്രഖ്യാപിക്കുകയും പ്രവാചകന്മാർ അടിക്കടി ഉൽബോധിപ്പിക്കുകയും ചെയ്ത ഇബാദത്ത് ഭാഗികമോ അപൂർണ്ണമോ അല്ല; സമ്പൂർണ്ണവും സമഗ്രവുമാണ്. അത് കേവലം ആരാധനയിൽ മാത്രമോ അനുസ

രംഗത്തിൽ മാത്രമോ പരിമിതമല്ലെന്ന് ഖുർആൻ സംശയരഹിതമായി തെളിയിക്കുന്നു. ബുദ്ധിയുടെ വിധിയും അതുതന്നെ. മനുഷ്യന്റെ സ്രഷ്ടാവും ഉടമസ്ഥനും അന്നദാതാവും വിധികർത്താവും ആരാധ്യനുമായ അല്ലാഹു എല്ലാ ഇബാദത്തുകൾക്കും അവകാശപ്പെട്ടവനായിരിക്കണമെന്ന് ബുദ്ധി ആവശ്യപ്പെടുന്നു. ഖുർആൻ അതിന്റെ അനുയായികളോട് അല്ലാഹുവിനെ ആരാധിക്കുവാനും അനുസരിക്കുവാനും തുല്യനിലക്കാണ് കല്പിക്കുന്നത്. അല്ലാഹുവിനുമാത്രം സാഷ്ടാംഗം ചെയ്യുവാനും അവനോടുമാത്രം പ്രാർത്ഥിക്കുവാനും അവന്റെ മാത്രം പരിശുദ്ധിയെ വാഴ്ത്തുവാനും അവനെമാത്രം മഹത്വപ്പെടുത്താനും സഹായത്തിനു വിളിക്കുവാനും അവന്റെ മുമ്പിൽ മാത്രം കൃതജ്ഞത കാണിക്കാനും കല്പിക്കുന്ന അതേ രീതിയിൽതന്നെ ഖുർആൻ, നിരുപാധികം അനുസരിക്കപ്പെടേണ്ടവനും യഥാർത്ഥ വിധികർത്താവും സ്വതന്ത്രനിയമനിർമ്മാതാവുമായി അല്ലാഹുവെ മാത്രം അംഗീകരിക്കുവാനും, അവന്റെ മാത്രം നിയമങ്ങൾ അനുസരിക്കുവാനും അവൻ ഹലാലാക്കിയതിനെ മാത്രം ഹലാലും അവൻ ഹറാമാക്കിയതിനെ മാത്രം ഹറാമുമായി സ്വീകരിക്കുവാനും കല്പിക്കുന്നു. അതുകൊണ്ട് മനുഷ്യസൃഷ്ടിയുടെ ഉദ്ദേശവും പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ശീർഷകവുമായ ഇബാദത്തിന്റെ വിവക്ഷ ആരാധനയും അനുസരണവും ഉൾക്കൊള്ളുന്നതും സമഗ്രവുമാണ്.

ഈ വിഷയകമായി മറെറാരുവശംകൂടി ചിന്തിക്കുക. ഒരിടത്ത് ഖുർആൻ മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം ഇങ്ങനെ വിവരിക്കുന്നു:

خَلَقَ الْمَوْتَ وَالْحَيٰوةَ لِيَبْلُوَكُمْ اَيُّكُمْ اَحْسَنُ عَمَلًا (الملك)

“നിങ്ങളിൽ അത്യുത്തമകർമ്മം അനുഷ്ഠിക്കുന്നവൻ ആരെന്ന് പരീക്ഷിക്കുവാൻവേണ്ടി ജീവിതമരണങ്ങൾ സൃഷ്ടിച്ചു”

മററൊരിടത്ത് പറയുന്നു.

وَاِذْ قَالَ رَبُّكَ لِلْمَلَائِكَةِ اِنِّي جَاعِلٌ فِي الْاَرْضِ خَلِيفَةً
(البقرة)

"നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം: ഭൂമിയിൽ ഞാൻ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു."

മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം വിവരിക്കുവാൻ 'ഇബാദത്ത്' എന്ന പദം പ്രയോഗിച്ചത്പോലെ 'അത്യുത്തമകർമ്മം' 'പ്രാതിനിധ്യം' എന്നീ പദങ്ങളും സ്വീകരിച്ചിട്ടുണ്ടെന്ന് സ്പഷ്ടമായി. പദങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും ഉദ്ദേശം ഒന്ന്തന്നെ. അതായത് അല്ലാഹുവിന്നുള്ള ഇബാദത്തും സൽകർമ്മവും പ്രാതിനിധ്യവും ഒരേ ആശയം കുറിക്കുന്ന വിവിധ ശബ്ദങ്ങളാണ്. അതുകൊണ്ട് ഇബാദത്തിന് അത്യുത്തമകർമ്മം, ദൈവ പ്രാതിനിധ്യം എന്നിവയുടെ വിഭാവനകളുമായി യോജിക്കാത്ത വിവക്ഷ ഉണ്ടാവുക സാധ്യമല്ല. ഇബാദത്തിന്റെ വിവക്ഷയിൽ 'അത്യുത്തമ കർമ്മ'ത്തിന്റെയും 'പ്രാതിനിധ്യത്തി'ന്റെയും ചൈതന്യം ഉണ്ടായിരിക്കയും വേണം. എന്തുകൊണ്ടെന്നാൽ പ്രസ്തുത മൂന്നു ശബ്ദങ്ങളും ഒരേ ആശയം—മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശം—വിവരിക്കാൻ വേണ്ടിയാണ് പ്രയോഗിച്ചിട്ടുള്ളത്. അപ്പോൾ അവ തമ്മിൽ വിവക്ഷയിലും വിഭാവനയിലും പൊരുത്തം ഉണ്ടായിരിക്കുക അനിവാര്യമത്രെ. അത്യുത്തമകർമ്മം എന്നാൽ ആരാധനയോ, അനുസരണമോ മാത്രമല്ലെന്ന് സ്പഷ്ടം. അതുപോലെ തന്നെ പ്രാതിനിധ്യവും. ബാഹ്യവിവക്ഷയിൽ ആരാധനയേക്കാൾ അനുസരണത്തിന്നാണ് 'പ്രാതിനിധ്യ'ത്തോടു അടുപ്പം. എങ്കിലും ആരാധന 'പ്രാതിനിധ്യ'ത്തിന്റെ വിവക്ഷയിൽ നിന്നും പുറത്തല്ല. അതിനാൽ മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം വിവരിക്കാനുപയോഗിച്ച ഈ രണ്ടു പ്രയോഗങ്ങൾ

വച്ചുനോക്കുമ്പോഴും ഇബാദത്തിന്റെ വിവക്ഷയിൽ ആരാധനയും അനുസരണവും ഉൾപ്പെടുമെന്നും ശരീഅത്തിന്റെ ഒരു ശാഖയും അതിൽനിന്നു് പുറത്തല്ലെന്നുമുള്ള യാഥാർത്ഥ്യം കൂടുതൽ സ്പഷ്ടമാവുന്നു.

സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാർ ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നു. يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمْ എന്ന ആയത്തിലെ 'ഇബാദത്തി'ന്റെ വിവക്ഷയെന്താണെന്നു് ഒരാൾ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ (റ) യോടു ചോദിച്ചു. അതിനു് അദ്ദേഹം നല്കിയ മറുപടി ഇപ്രകാരമാണു്:

"അല്ലാഹു ഇഷ്ടപ്പെടുന്നതും അവന്റെ പ്രീതിക്കു് കാരണമാവുന്നതുമായ, ബാഹ്യവും ആന്തരികവുമായ എല്ലാ വാക്കുകളും കർമ്മങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്ര സംജ്ഞയാണു് ഇബാദത്തു്. ഉദാ: നമസ്കാരം, സകാത്തു്, നോമ്പു്, ഹജ്ജു്, സത്യസന്ധത, വിശ്വസ്തത, ചാർച്ചയെ ചേർക്കൽ, മാതാപിതാക്കളെ അനുസരിക്കൽ, വാഗ്ദത്തപാലനം, നന്മ കല്പിക്കൽ, തിന്മ വിരോധിക്കൽ, ദൈവമാർഗ്ഗത്തിൽ ജിഹാദു് ചെയ്യൽ, അയൽവാസികളോടും അനാഥകളോടും ദരിദ്രരോടും അടിമകളോടും ഉടമസ്ഥതയിലുള്ള മൃഗങ്ങളോടുപോലും നല്ലനിലയിൽ പെരുമാറൽ, പ്രാർത്ഥന, ദൈവസ്മരണ, ഖുർആൻ പാരായണം മുതലായ എല്ലാ സദ്വൃത്തികളും ഇബാദത്തിന്റെ ഭാഗങ്ങളാണു്. അപ്രകാരം തന്നെ അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം, ദൈവാനുഗ്രഹത്തെപ്പററിയുള്ള ആശ, ദൈവശിക്ഷയെപ്പററിയുള്ള ഭയം, ദൈവത്തിങ്കലേക്കുള്ള മടക്കം, നിഷ്കളങ്കത, സഹനം, കൃതജ്ഞത, അർപ്പണം മുതലായ സകല സൽഗുണങ്ങളും ഇബാദത്തിൽ പെടുന്നു." (അൽ ഉബൂദിയ്യത്തു്)

അദ്ദേഹം തുടർന്നു് എഴുതുന്നു:

“ഈ ‘നസ്സ്’കളിൽനിന്നു് ദൈവാടിമത്തം ഏതൊരു സൃഷ്ടിയുടെയും മഹത്വത്തിന്റെയും സൌഭാഗ്യത്തിന്റെയും പരമോന്നത സ്ഥാനമെന്നു് വ്യക്തമാകുന്നത്പോലെ ദീൻ അതിന്റെ എല്ലാം ഘടകങ്ങളോടുംകൂടി ഇബാദത്താണെന്നും സ്പഷ്ടമാകുന്നു. ഖുർആനിൽ പലയിടങ്ങളിലും വ്യക്തമാക്കിയപോലെ എല്ലാ പ്രവാചകന്മാരും അല്ലാഹുവിന്റെ ദീൻ പഠിപ്പിക്കുവാൻ വേണ്ടിയാണു് ആഗതരായതു്. അവരെല്ലാം തങ്ങളുടെ ജനതയെ അഭിമുഖീകരിച്ചുകൊണ്ടു് പ്രഖ്യാപിച്ചതു് فاعبدوه (അവനു് ഇബാദത്തു് ചെയ്യുവിൻ) എന്നായിരുന്നു. ഇതിൽനിന്നു്, ‘ദീനും’ ‘ഇബാദത്തും’ ഒരേ ആശയത്തെ കുറിക്കുന്ന രണ്ടു ഉപയോഗങ്ങളാണെന്നു മനസ്സിലാക്കാം.”

ഈ വിശദീകരണങ്ങളിൽനിന്നെല്ലാം ദീനിനെ പൂർണ്ണമായി പിൻപററലാണു് ഇബാദത്തു് എന്നു് സംശയരഹിതമായി തെളിയുന്നു. ദീനിന്റെ ഏതെങ്കിലും വശം – അതു് ആരാധനയുടെ ഇനത്തിൽ പെട്ടതാവട്ടെ, അനുസരണത്തിന്റെ ഇനത്തിൽ പെട്ടതാവട്ടെ – ഇബാദത്തല്ലെന്നു് പറയുവാൻ നിർവ്വാഹമില്ല. ശരീഅത്തിന്റെ ഓരോ നിയമവും പ്രയോഗവല്ക്കരിച്ചാൽ മാത്രമേ ഇബാദത്തിന്റെ കടമ നിറവേററപ്പെടുകയുള്ളു. മനുഷ്യശരീരം വിവിധ അസ്തിത്വങ്ങളായി വിഭജിക്കാൻ കഴിയാത്ത ഒരു ഏകത്വമാണെന്നപോലെ വിഭജന സാധ്യമല്ലാത്ത ഒരു ഏകകമാണു് ഇബാദത്തു്.

## ഇസ്ലാമിക സ്തംഭങ്ങളുടെ സവിശേഷപ്രാധാന്യം

മനുഷ്യ ശരീരം ഒരു ഏകത്വമായിരിക്കെ തന്നെ ഹൃദയം, മസ്തിഷ്കം, കൈകാലുകൾ, കണ്ണു്, മൂക്കു്, ചെവി എന്നിങ്ങനെ വിവിധ അവയവങ്ങൾ അതുൾക്കൊള്ളുന്നു. ഈ അവയവങ്ങൾക്കു് തുല്യപ്രാധാന്യമല്ല ഉള്ളതു്. അതുപോലെ ഇബാദത്തിനും അനേകം ശാഖകളുണ്ടു്. അവയുടെ പ്രാധാന്യവും സ്ഥാനവും

ഒരുപോലെയല്ല. ചില ശാഖകൾക്ക് മററു ചില ശാഖകളെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യമുണ്ട്; ഹൃദയം, മസ്തിഷ്കം തുടങ്ങിയ മുഖ്യാവയവങ്ങൾക്ക് മനുഷ്യ ശരീരത്തിലെ മററു അവയവങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യമുള്ളത് പോലെ. ഇബാദത്തിൻെറ ഈ സുപ്രധാന ഘടകങ്ങൾ ഇസ്ലാമിൻെറ സ്തംഭങ്ങൾ എന്നറിയപ്പെടുന്ന നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവയാണ്. അവയ്ക്ക് എന്തുകൊണ്ട് ഈ സവിശേഷതയും പ്രാധാന്യവും ഉണ്ടായെന്ന് നമുക്ക് പരിശോധിക്കാം.

1) ഈ കർമ്മങ്ങളുടെ ബന്ധം ആരാധ്യനോട് നേരിട്ടാണ്. അവ നിർവ്വഹിക്കുമ്പോൾ ഒരു ഭാഗത്ത് മനുഷ്യനും മറുഭാഗത്ത് അല്ലാഹുവും മാത്രമാണ്. മററു കർമ്മങ്ങളുടെ നില ഇതല്ല. അവയും അല്ലാഹുവിൻെറ തൃപ്തിക്ക് വേണ്ടി, അവൻെറ ആജ്ഞ പ്രകാരമാണ് നിർവ്വഹിക്കുന്നതെങ്കിലും ഇടയ്ക്ക് മറെറാരാൾ ഇല്ലാതെ സാദ്ധ്യമല്ല. ഒരാൾ നമസ്കാരം നിർവ്വഹിക്കുമ്പോൾ അവൻെറ ബന്ധം അല്ലാഹുവിനോട് നേരിട്ടാണ്. എന്നാൽ ന്യായാസനത്തിലിരുന്ന് ശരീഅത്ത് നിയമമനുസരിച്ച് വിധി നടത്തുമ്പോൾ ഇടയ്ക്ക് മററാരുമില്ലാതെ അവൻ അല്ലാഹുവിനോട് ബന്ധപ്പെടുന്നില്ല. ഒരു ഭാഗത്ത് അവൻെറ മനസ്സ് ശരീഅത്ത് വിധികൾ നടപ്പിൽവരുത്തുന്നതിലും അതുവഴി ദൈവപ്രീതി സമ്പാദിക്കുന്നതിലും വ്യാപൃതമായിരിക്കുമ്പോൾ മറുഭാഗത്ത് അവൻ കുറേ മനുഷ്യരുമായി ഇടപെടുകയും ചെയ്യുന്നു. അവൻ്റെ നാവ്, ചെവി, കണ്ണുകൾ എന്നിവയുടെ ബന്ധം അവരോട് മാത്രമാണ്.

2) പ്രസ്തുത കർമ്മങ്ങളുടെ രൂപങ്ങൾ ഇബാദത്തിൻെറ വിഭാവനത്തോട് പ്രത്യേകം ബന്ധപ്പെട്ടതാണ്. അതായത്, അവ നിർവ്വഹിക്കപ്പെടുന്ന രൂപങ്ങൾക്ക് തന്നെ ഇബാദത്തിൻെറ പ്രത്യേക ഛായയുണ്ട്. പ്രഥമ ദൃഷ്ടിയിൽതന്നെ അവ ഇബാദത്താണെന്ന വിചാരം മനസ്സിൽ അങ്കുരിക്കുന്നു.

ഇബാദത്തല്ലാത്ത മററന്തെങ്കിലുമാണെന്ന നേരിയ സംശയത്തിന്നുപോലും അവയുടെ രൂപങ്ങാം വഴിവെക്കുന്നില്ല. എന്നാൽ മററു കർമ്മങ്ങളുടെ ബാഹ്യരൂപങ്ങാംക്കാകട്ടെ പ്രത്യക്ഷത്തിൽ ഇബാദത്തിൻെറ ഛായ കാണുകയില്ല. അവ കാണുമ്പോാം അപൂർവ്വമായേ ഇബാദത്താണെന്ന ബോധം ഉണ്ടാകുകയുള്ളു.

3) മനുഷ്യനിൽ അടിമത്ത ബോധവും അടിമത്ത ചൈതന്യവും ഉളവാക്കാൻ മററു കർമ്മങ്ങാംക്കില്ലാത്ത കഴിവു് ഈ നിർബ്ബന്ധ കർമ്മങ്ങാംക്കുണ്ടു്. ഹൃദയശുദ്ധി കൈവരുത്തുക, അടിമത്തബോധം സജീവമാക്കുക, അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുക മുതലായവ പൊതുവെ എല്ലാം കർമ്മങ്ങളുടേയും പ്രത്യേകതയാണെങ്കിലും ഈ ഗുണങ്ങാം നേടുന്നതിൽ പ്രഥമസ്ഥാനം അവയ്ക്കാണെന്നതിൽ പക്ഷാന്തരമില്ല. ഈ പ്രത്യേക ഇബാദത്തുകാം കൂടാതെ സമ്പൂർണ്ണ ഇബാദത്തിൻെറ ബാദ്ധ്യതകാം നിറവേററുവാനുള്ള പ്രചോദനം ലഭിക്കുകയില്ലന്നതാണ് മറെറാരു സവിശേഷത. നിശ്ചിത നിയമങ്ങളോടും ചിട്ടകളോടുംകൂടി അവയെ വ്യക്തിപരമായ കർത്തവ്യമായി(ഫർസ് ഐൻ) നിശ്ചയിക്കുവാൻ കാരണവും മറെറാന്നല്ല. സാക്ഷാൽ ഇബാദത്തിൻെറ സമസ്തശാഖകളും നിർവ്വഹിക്കുവാൻ പ്രാപ്തമാക്കുന്ന ശക്തിയുടെ ഉറവിടം എല്ലാവക്കും ലഭ്യമാകണമല്ലോ. ചുരുക്കത്തിൽ ഈ കർമ്മങ്ങാം ഇബാദത്തിൻെറ ചില ഘടകങ്ങളാണെങ്കിലും മററു ഘടകങ്ങളെല്ലാം അവയെ ആസ്പദിച്ചിരിക്കുന്നു.

ഈ സവിശേഷതകളെ മുമ്പിൽവെച്ചു ചിന്തിച്ചാൽ പ്രസ്തുത കർമ്മങ്ങാംക്ക് ഇബാദത്ത് എന്ന സാങ്കേതിക ശബ്ദവുമായി സവിശേഷ ബന്ധമുണ്ടെന്നു് കാണാം. ഇബാദത്ത് എന്നു കോംക്കുന്ന മാത്രയിൽ മനസ്സ് അവയുടെ നേരെ തിരിയുവാനും, ആ നാലു കർമ്മങ്ങളുടെ സവിശേഷ പ്രാധാന്യം വ്യക്തമാകുമാറു്

പൊതുവെ അവക്ക് ഇബാദത്ത് എന്നു പേരു നല്കുവാനും ഇബാദത്ത് എന്ന പദം പ്രയോഗിച്ച് അവ മാത്രം ഉദ്ദേശിക്കപ്പെട്ടുവാനും ഈ പ്രത്യേകബന്ധം കാരണമായി. ഇതൊരു തെററായ സമ്പ്രദായമാണെന്നു പറഞ്ഞു കൂടാ. നാമത്തെയും നടപ്പിനെയും സംബന്ധിച്ചേടത്തോളം സുപരിചിതമായ ഒന്നാണിത്. ദൈവീക മതങ്ങളെല്ലാം 'ഇസ്ലാം' ആണെങ്കിലും ഒടുവിലത്തെ മതം മാത്രമേ ആ പേരിൽ അറിയപ്പെടുന്നുള്ളു. അതുപോലെ ശരീഅത്തിന്റെ ഓരോ നിയമം പിൻപററുന്നതും ഇബാദത്താണെങ്കിലും നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത് എന്നിവയുടെ പ്രത്യേകതകൾ കാരണം പലപ്പോഴും അവയെ മാത്രം ഇബാദത്ത് എന്നു പറയുന്നു. ഇബാദത്തുകളുടെ കൂട്ടത്തിൽ അവയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കുകയാണ് അതിന്റെ ഉദ്ദേശ്യം. ഇബാദത്ത് അവ മാത്രമാണെന്നും ദീനിലെ മററു കാര്യങ്ങളൊന്നും ഇബാദത്തല്ലെന്നും അതിനു് അർത്ഥമില്ല.

## തെററിദ്ധാരണയും കാരണങ്ങളും

ഖുർആനിന്റെയും ബുദ്ധിയുടെയും സൂക്ഷ്മദൃക്കുകളായ പണ്ഡിതന്മാരുടെ ഗവേഷണത്തിന്റെയും അടിസ്ഥാനത്തിൽ ഇബാദത്തിന്റെ യഥാർത്ഥവും സമഗ്രവുമായ വിവക്ഷ നാം ഗ്രഹിച്ചു. ഇബാദത്ത് എന്നാൽ ആരാധന മാത്രമാണെന്നും നമസ്കാരം, നോമ്പ് തുടങ്ങിയ ചില കാര്യങ്ങളൊഴിച്ചാൽ മറെറാന്നും ഇബാദത്തല്ലെന്നും പൊതുവെ ഒരു ധാരണയുണ്ട്. ശരീഅത്തിന്റെ പല ശാഖകളിൽ ഒരു ശാഖ മാത്രം ഇബാദത്താണെന്നും മററു ശാഖകളൊന്നും ഇബാദത്തിൽ പെടുന്നില്ലെന്നുമുള്ള ഈ തെററിദ്ധാരണ പാമര ജനങ്ങളെ മാത്രമല്ല, പണ്ഡിതവിഭാഗത്തെയും പിടികൂടിയിരിക്കുന്നുവെന്നതാണ് വാസ്തവം. ദൂരവ്യാപകമായ ഫലങ്ങളാണ് ഈ തെററിദ്ധാരണ മൂലം ഉളവായിട്ടുള്ളത്. അതിനാൽ അതിനെ അവഗണിക്കാൻ പാടില്ല.

ഇത്രയേറെ തെളിവുകളുണ്ടായിട്ടും ഈ തെററിദ്ധാരണ ജനമദ്ധ്യെ എങ്ങിനെ കടന്നുകൂടിയെന്നും അതിൻെറ കാരണങ്ങൾ എന്തെല്ലാമാണെന്നും നാം അറിഞ്ഞിരിക്കണം.

ചിന്താപരം എന്നതിനേക്കാൾ മനശ്ശാസ്ത്രപരമാണ് ഈ തെററിദ്ധാരണകളുടെ കാരണങ്ങളെന്ന നിഗമനത്തിലാണ് അന്ത്യ വിശകലനത്തിൽ നാം എത്തിച്ചേരുന്നത്. മനശ്ശാസ്ത്രപരമായ ആ കാരണങ്ങൾ രണ്ടാണ്:

ഒന്നു്, ഇസ്ലാമല്ലാത്ത എല്ലാ മതങ്ങളിലും ഇബാദത്തിന് പരിമിതമായ അർത്ഥകല്പനയാണുള്ളത്. ആ മതങ്ങളിൽ ഇബാദത്തും ആരാധനയും പര്യായ ശബ്ദങ്ങളാണ്. ആരാധനാലയങ്ങളിൽനിന്നു് പുറത്തേക്ക് കഴുത്തു നീട്ടുന്നതു പോലും മതനിഷ്ഠകളും ഈശ്വര ഭക്തിക്കും വിരുദ്ധമാണെന്നു വിശ്വസിക്കുന്ന എത്രയോ മതങ്ങളുണ്ടു്. കിഴക്കും പടിഞ്ഞാറും ഒരുപോലെ വ്യാപിച്ചു കിടക്കുന്ന ഈ മതവിഭാവനത്തിനു് സ്വാഭാവികമായും അസാധാരണമായ സ്വാധീനശക്തിയുണ്ടു്. അത് തെററാണെന്നു് വിശ്വസിക്കേണ്ട ഹൃദയങ്ങളിൽപോലും അത് സ്വാധീനം ചെലുത്തിക്കളഞ്ഞു. മുസ്ലിംകൾ ചിന്താപരമായി അധഃപതിക്കുകയും ഇതര ചിന്താഗതികളുടെ ആക്രമണത്തെ ചെറുത്തു നില്ക്കുവാനുള്ള ശക്തി അവക്ക് നഷ്ടപ്പെടുകയും ചെയ്ത കാലത്താണ് ഈ തെററായ ചിന്താഗതി അവരിൽ കടന്നുകൂടിയത്. ഇസ്ലാമിക ചരിത്രത്തിൽ തന്നെ ഇതുപോലെ അനേകം ഉദാഹരണങ്ങളുണ്ടു്. ഇസ്ലാം ചിന്താപരവും കർമ്മപരവുമായ രംഗങ്ങളിൽ മുൻപന്തിയിൽ നില്ക്കുകയും മുന്നോട്ടു കുതിക്കുവാനുള്ള ശക്തി അതിൽ നിലനില്ക്കുകയും ചെയ്തിരുന്ന കാലത്ത് അനിസ്ലാമിക ചിന്താഗതികൾക്ക് സ്വന്തം മണ്ണു പോലും ഇടുങ്ങിയതായിരുന്നു. ഈ സ്ഥിതി മാറുകയും മുസ്ലിംകൾ ചിന്താപരമായി ക്ഷയിക്കുകയും ചെയ്തപ്പോൾ അന്യ ചിന്താഗതികൾ അവ

ക്കിടയിൽ കടന്നുകൂടാൻ തുടങ്ങി. പല അനിസ്ലാമിക ചിന്താഗതികളും ഇസ്ലാമിന്റെ വേഷത്തിൽ മുസ്ലിംകൾ കൊണ്ടുനടക്കാൻ തുടങ്ങി. ഒടുവിൽ ദീനിന്റെ അതി പ്രധാനമായ സാങ്കേതിക ശബ്ദങ്ങളുടെ അർത്ഥപരമായ പവിത്രതപോലും കളങ്കപ്പെടുന്നേടത്തോളം സ്ഥിതി എത്തി. ശബ്ദങ്ങൾ അല്ലാഹുവിൽനിന്നും റസൂലിൽനിന്നും ലഭിച്ചവ തന്നെ. പക്ഷെ അവയുടെ അർത്ഥവും ഉദ്ദേശവും അമ്പേ മാറിയിരിക്കുന്നു! ഇബാദത്ത് എന്ന സാങ്കേതിക ശബ്ദത്തിനും ഈ ദുർവ്വിധി നേരിടേണ്ടിവന്നു. ചിന്താപരമായി അധഃപതിച്ച കാലത്ത് ഇബാദത്തിനെക്കുറിച്ച് ഇതര മതസ്ഥരിൽ പ്രചാരത്തിലുണ്ടായിരുന്ന സങ്കുചിത വിഭാവനം മുസ്ലിംകളിൽ കടന്നുകൂടുകയും തലമുറകളിലൂടെ അതു വേരുറച്ചുപോവുകയും ചെയ്തു.

രണ്ട്, നമസ്കാരം, നോമ്പ് തുടങ്ങിയ ഇബാദത്തുകളുടെ മുകളിൽവിവരിച്ച സവിശേഷതകളാണ് തെറ്റിദ്ധാരണക്ക് വഴിവെച്ച മറ്റൊരു കാരണം. ഇബാദത്തിന്റെ ഈ ഘടകങ്ങൾ അത്യന്തം ആകർഷകമാകയാൽ സാധാരണ മനുഷ്യനെ സംബന്ധിച്ചേടത്തോളം അവയും മററു ഘടകങ്ങൾക്കുമിടയിൽ വീക്ഷണപരമായ സന്തുലിതത്വം നിലനിർത്തിപ്പോരാൻ പ്രയാസമാണെന്നു കാണാം. ഇബാദത്തിന്റെ ചില ഘടകങ്ങൾ ആന്തരികവും ബാഹ്യവുമായ ചില സവിശേഷതകൾ അടങ്ങിയതും, ആരാധകനും ആരാധ്യനും തമ്മിൽ നേരിട്ടു ബന്ധം പുലർത്തുന്നതും, അടിമത്തബോധവും ഈമാനിക ചൈതന്യവും ഉത്തേജിപ്പിക്കുന്നതിൽ അനന്യസാധാരണവും അടിതൊട്ട് മുടിവരെ ഇബാദത്തിന്റെ പ്രത്യക്ഷരായ കലർന്നുമാകയാൽ അവ മാത്രമാണ് ഇബാദ

ത്തെന്നു് ചിലർ തെററിദ്ധരിച്ചുപോയി. ഇബാദത്തിനെക്കുറിച്ചുള്ള ഇസ്ലാമിൻെറ സമഗ്രമായ വിഭാവനം ഗ്രഹിച്ചിട്ടില്ലാത്ത ആളുകളാം അങ്ങനെ തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ മനശ്ശാസ്ത്രപരമായി അതിൽ യാതൊരു അത്ഭുതത്തിനും അവകാശമില്ല.

ഈ രണ്ടു് കാരണങ്ങളാണു് ഇബാദത്തിനെക്കുറിച്ച തെററിദ്ധാരണക്കു് ജന്മം നൽകിയതു്. അല്ലാതെ, യഥാർത്ഥത്തിൽ ഇബാദത്തിന്റെ പരിമിത വിഭാവനത്തിനു് ബുദ്ധിപരമോ പ്രമാണപരമോ ആയ യാതൊരു തെളിവുമില്ലതന്നെ.

# ഇസ്‌ലാമും ഇതരമതങ്ങളും

## സർവ്വമത സത്യവാദം

ഇന്നു് മതരംഗത്തു് പ്രചാരത്തിലിരിക്കുന്ന ഒരു സിദ്ധാന്തമാണു് സർവ്വമതസത്യവാദം. എല്ലാം മതങ്ങളും സത്യമാണു്. എല്ലാം ദൈവസാമീപ്യത്തിനും പാരത്രിക മോക്ഷത്തിനുമുള്ള തുല്യമാർഗ്ഗങ്ങളാണു്. ഇതാണു് സർവ്വമതസത്യവാദത്തിന്റെ പൊരുൾ. ആരാധനയുടെ മാർഗ്ഗം എന്തുതന്നെയാവട്ടെ, ആരാധന ദൈവത്തിനു മാത്രമാകയാൽ എല്ലാം തുല്യപ്രധാനമായിരിക്കേണ്ടതാണു്. ആത്മാവിന്നാണു് ശരീരത്തിന്നല്ല പ്രാധാന്യം. അതിനാൽ ആരാധകർ ആരാധനക്കു് ഏതു് മാർഗ്ഗം സ്വീകരിക്കുന്നുവെന്നതല്ല, ആരെ ആരാധിക്കുന്നു, ആരെ ധ്യാനിക്കുന്നു, ആരുടെ ദർശനത്തിനു കൊതിക്കുന്നു, ആരുടെ പ്രീതി ആഗ്രഹിക്കുന്നു എന്നതാണു് പ്രധാനം. ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും ജൂതനും പാഴ്സിയും ബൌദ്ധനും താന്താങ്ങളുടെ നിലപാടിൽ

ദൈവത്തെ ആരാധിക്കുന്നു. ദൈവമാണ് എല്ലാവരുടെയും ആരാധനയുടെ ഉന്നം. ഈ ആരാധനയുടെ ബാഹ്യരൂപങ്ങൾ എത്രതന്നെ വ്യത്യസ്തമാണെങ്കിലും എല്ലാവരുടെയും ആരാധന ദൈവത്തിന്നു് മാത്രമാണ്. എല്ലാവരും ദൈവാന്വേഷികളുമാണ്. അതിനാൽ എല്ലാവരും സത്യത്തിലാണ്. ഇതൊക്കെയാണ് ഈ സിദ്ധാന്തത്തിന്നു് ഉന്നയിക്കപ്പെടുന്ന തെളിവുകൾ.

ഈ സിദ്ധാന്തം എല്ലാ മതങ്ങളുടെയും നിലപാട് നിർണ്ണയിക്കുന്നു. കൂട്ടത്തിൽ ഇസ്ലാമിൻെറ നിലപാടും നിർണ്ണയിക്കുന്നു. അതായത് അത് സത്യമതമാണ്. പക്ഷെ അതു മാത്രമല്ല സത്യമതം. മററു മതങ്ങളും അതുപോലെ സത്യമാണ്. ഇസ്ലാം ഈ നിലപാട് സമ്മതിക്കുമോ? വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണിത്. ഇസ്ലാമിൻെറ അടിസ്ഥാന നിലപാടിനെ തന്നെ ബാധിക്കുന്ന ചോദ്യം. അതുകൊണ്ടു ഈ സിദ്ധാന്തത്തെ സംബന്ധിച്ച ഇസ്ലാമിൻെറ വിധി വ്യക്തമാവാത്ത കാലത്തോളം ഇസ്ലാമിനെ ശരിയായ നിലയിൽ മനസ്സിലാക്കുക പ്രയാസമായിരിക്കും. മതത്തിൻെറ ലക്ഷ്യത്തെയും പ്രവാചകന്മാരുടെ ചരിത്രത്തെയും കുറിച്ച ഖുർആനിൻെറ വിവരണം ഈ സിദ്ധാന്തത്തെ നിഷേധിക്കുന്നില്ലെന്നും നേരെമറിച്ചു് ഒരു വിധത്തിൽ അതിനെ പിന്താങ്ങുകയാണ് ചെയ്യുന്നതെന്നും വാദിക്കപ്പെടുന്ന ഇക്കാലത്ത് ഈ സിദ്ധാന്തത്തെപ്പററി ഇസ്ലാമിൻെറ വിധി എന്താണെന്നു് അറിഞ്ഞിരിക്കേണ്ടത് എന്നത്തെക്കാളും കൂടുതൽ ആവശ്യമായിരിക്കുന്നു. അല്ലാഹു എല്ലാ സമുദായങ്ങളിലും പ്രവാചകന്മാരെ അയച്ചിട്ടുണ്ടെന്നും എല്ലാ പ്രവാചകന്മാരുടെയും മതം അല്ലാഹു അവതരിപ്പിച്ചതാണെന്നും സത്തയിൽ എല്ലാ മതങ്ങളും 'ഇസ്ലാം' ആണെന്നും ഖുർആൻ പറയുന്നു. അതുകൊണ്ടു് ഏതു് മതത്തെയും ഏതു് പ്രവാചകനേയും പിൻപററിയാലും അത് ദൈവാരാധനയും, അതിനാൽ, മോക്ഷ

ദായകവുമാണെന്നും എല്ലാവരും ഖുർആനും ഇസ്ലാമും തന്നെ സ്വീകരിച്ചുകൊള്ളണമെന്നില്ലെന്നും ഈ വാദഗതിക്കാർ സമർത്ഥിക്കുന്നു.

## മുഹമ്മദീയ പ്രവാചകത്വത്തിൻെറ സവിശേഷ നിലപാട്

അടിസ്ഥാനപരമായി നോക്കിയാൽ ഈ പ്രശ്നം പ്രവാചകത്വത്തിൻെറ ഒരു ഭാഗമാണ്. അതിനാൽ ഈ വിഷയകമായി ഇസ്ലാമിൻെറ വിധി മുഹമ്മദീയ പ്രവാചകത്വത്തിൻെറ നിലപാടിൽ അധിഷ്ഠിതമായിരിക്കും. ഇസ്ലാമിൻെറ ദൃഷ്ടിയിൽ മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വത്തിൻെറ നിലപാട് പൂർവ്വ പ്രവാചകന്മാരുടേത് പോലെയാണെങ്കിൽ ഈ സിദ്ധാന്തത്തെസ്സംബന്ധിച്ച ഇസ്ലാമിൻെറ തീരുമാനം അതിന്നനുകൂലമായിരിക്കും. അല്ലെങ്കിൽ അതിന്ന് വിപരീതവും. അതിനാൽ, മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വത്തിൻെറ നിലപാടെന്ത്? ഇതര പ്രവാചകത്വങ്ങളുടെ അതേ നിലപാടാണോ അതോ, വ്യത്യാസം വല്ലതുമുണ്ടോ? ഇതാണ് നമുക്ക് ആദ്യമായി പരിശോധിക്കാനുള്ളത്. വ്യത്യാസമുണ്ടെന്നാണ് ഖുർആനും ഹദീസും വ്യക്തമാക്കുന്നത്. മററു പ്രവാചകത്വങ്ങളെ അപേക്ഷിച്ച് മുഹമ്മദീയ പ്രവാചകത്വത്തിന്ന് ചില സവിശേഷതകളുണ്ട്:

1) മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വം സാർവ്വലൗകികമാണ്. ഒരു പ്രത്യേക സമുദായത്തിന്നോ ഒരു പ്രത്യേക രാജ്യത്തിന്നോ വേണ്ടിയല്ല മുഴു ലോകത്തേക്കും മുഴുവൻ മനുഷ്യർക്കും വേണ്ടിയാണ് അവിടുന്ന് പ്രവാചകനായി അയക്കപ്പെട്ടത്. ഖുർആൻ പറയുന്നു:

وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ (السبأ)

"അഖില മനുഷ്യർക്കും സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി നാം നിന്നെ അയച്ചിരിക്കുന്നു. പക്ഷെ, അധികമാളുകളും അത് ഗ്രഹിക്കുന്നില്ല."

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللهِ إِلَيْكُمْ جَمِيعًا (الاعراف)

"പറയുക, മനുഷ്യരെ, നിങ്ങൾക്കെല്ലാവർക്കും വേണ്ടി അല്ലാഹു അയച്ച പ്രവാചകനാകുന്നു ഞാൻ."

മുഹമ്മദീയ പ്രവാചകത്വത്തിൻെറ മാത്രം സവിശേഷതയാണിത്. മുൻ പ്രവാചകന്മാരിൽ ഒരാൾക്കും ഈ നിലപാടുണ്ടായിട്ടില്ല. അവരിൽ ഒരാളും മുഴുലോകത്തേക്കും മുഴുവൻ മനുഷ്യർക്കുംവേണ്ടി നിയോഗിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു രാജ്യത്തിന്നോ സമുദായത്തിന്നോ മാത്രം ദൈവിക ദൗത്യം എത്തിച്ചുകൊടുക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു അവർ. ചില പ്രവാചകന്മാരുടെ പ്രബോധന പ്രവർത്തനങ്ങൾ അല്പം വികസിച്ചിട്ടുണ്ടെങ്കിൽ അതു പരിസര പ്രദേശങ്ങൾക്ക് അപ്പുറം കടന്നിരുന്നില്ല.

നബി (സ) പ്രസ്താവിക്കുന്നു:

كَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً وَبُعِثْتُ إِلَى النَّاسِ عَامَّةً

(بخاری مسلم)

(എനിക്കു മുമ്പ് പ്രവാചകന്മാർ സ്വന്തം സമുദായങ്ങളിലേക്ക് മാത്രമാണ് നിയോഗിക്കപ്പെട്ടിരുന്നത്. ഞാനാവട്ടെ എല്ലാം മനുഷ്യർക്കും വേണ്ടി നിയോഗിക്കപ്പെട്ടു.)

2) മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വം സാർവ്വലൗകികമെന്നപോലെ സാർവ്വകാലികവുമാണ്. പ്രവാചകത്വ

ത്തിന്റെയും 'വഹ്‌യി' ന്റെയും പരമ്പര മുഹമ്മദ് നബി (സ)യുടെ ആഗമനത്തോടെ അവസാനിച്ചു. ഇനി അന്ത്യനാളം വരെ ഒരു പുതിയ പ്രവാചകൻ ആഗതനാവുകയില്ല.

ഖുർആൻ പറയുന്നു:

وَلَٰكِنْ رَسُولَ اللَّهِ وَخَاتَمَ النَّبِيِّينَ

"പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അന്ത്യനുമാകുന്നു."

«خَاتَم» എന്ന വാക്കിനു 'മുദ്ര' എന്നർത്ഥം. ഒരു കവറോ രേഖയോ മുദ്രണം ചെയ്യപ്പെട്ടാൽ പിന്നീട് അതിൽ വല്ലതും കടത്തുവാനോ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. അങ്ങിനെ ചെയ്യുവാനുള്ള പ്രായോഗിക സാദ്ധ്യത തന്നെ ഇല്ലെന്നു പറയുന്നതാവും കൂടുതൽ ശരി. 'പ്രവാചകന്മാരുടെ മുദ്ര' എന്ന പ്രയോഗത്തിന്റെ അർത്ഥം മുഹമ്മദ് നബി (സ)യുടെ ആഗമനത്തോടെ പ്രവാചക പരമ്പര അവസാനിച്ചുവെന്നും അന്ത്യ പ്രവാചകൻ എന്നെന്നേക്കുമായി അയക്കപ്പെട്ടുവെന്നുമാണ്. സ്വന്തം വാക്കുകളിലൂടെയും നബി (സ) ഈ വസ്തുത ആവർത്തിച്ച് വിളംബരം ചെയ്തിട്ടുണ്ട്.

........خُتِمَ بِيَ الْبُنْيَانُ وَخُتِمَ بِيَ الرُّسُلُ (بخاری مسلم)

(ഞാൻ വഴി പ്രവാചകത്വമാകുന്ന കെട്ടിടം മുഴുമിക്കപ്പെട്ടു. പ്രവാചകന്മാരുടെ പരമ്പരയും ഞാൻ വഴി സമാപിക്കപ്പെട്ടു)

إِنَّهُ لَا نَبِيَّ بَعْدِي (مسلم وبخاری)

(എനിക്കു ശേഷം ഒരു പ്രവാചകനും വരികയില്ല.)

ഇതിന്നെതിരിൽ മററു പ്രവാചകന്മാരുടെ നിലപാട് വിശദീകരിക്കേണ്ട ആവശ്യം തന്നെയില്ല. അവരിൽ ഒരാളും അന്ത്യപ്രവാചകനായി അയക്കപ്പെട്ടിട്ടില്ല. അവരുടെ പ്രവാചകത്വം ഒരു നിശ്ചിത പ്രദേശത്തേക്കെന്നപോലെ ഒരു നിശ്ചിത കാലത്തേക്കും പരിമിതമായിരുന്നു.

3) മുഹമ്മദ് നബി (സ) കൊണ്ടുവന്ന ദീനും ശരീഅത്തും സമ്പൂർണ്ണമാണ്. മററു പ്രവാചകന്മാരുടെ മതങ്ങൾക്കും ശരീഅത്തുകൾക്കും ഈ പ്രത്യേകതയില്ല. എല്ലാം ദൈവിക മതങ്ങളാണെങ്കിലും ഒന്നിനെങ്കിലും സമ്പൂർണ്ണമെന്ന് അല്ലാഹ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ മുഹമ്മദ് നബി (സ) വഴി അയക്കപ്പെട്ട മതം സമ്പൂർണ്ണമാണെന്ന് അല്ലാഹ പ്രഖ്യാപിക്കുന്നു:

اليوم اكملت لكم دينكم واتممت عليكم نعمتي (المائدة)

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തിയാക്കിത്തന്നു. എൻെറ അനുഗ്രഹവും നിങ്ങൾക്ക് പൂർണ്ണമാക്കി."

അങ്ങനെ 'പൂർണ്ണ മതം' എന്ന ബഹുമതി അല്ലാഹ ഇസ്ലാമിനു മാത്രമെ നല്കിയിട്ടുള്ളു. മററു മതങ്ങളെല്ലാം അപൂർണ്ണങ്ങളാണെന്നോ, അവയുടെ അനുയായികളെ അവ പൂർണ്ണമായി മാർഗ്ഗദർശനം ചെയ്തിരുന്നില്ലെന്നോ ഇതിനു അർത്ഥമില്ല. മറിച്ച് ആ മതങ്ങൾ അയക്കപ്പെട്ട സമുദായങ്ങളുടെയും രാജ്യങ്ങളുടെയും കാലഘട്ടങ്ങളുടെയും സംസ്കരണത്തെയും മാർഗ്ഗദർശനത്തെയും സംബന്ധിച്ചേടത്തോളം അവ തികച്ചും പര്യാപ്തമായിരുന്നു. പക്ഷെ, ആ മതങ്ങളിലോരോന്നും ചില പ്രത്യേക സമുദായങ്ങൾക്കും രാജ്യങ്ങൾക്കും കാലഘട്ടങ്ങൾക്കുമുള്ളതാകയാൽ സ്വാഭാവികമായും അവയുടെ നിയമങ്ങൾക്കും അദ്ധ്യാപനങ്ങൾക്കും സാർവ്വലൗകികവും സാർവ്വകാലികവുമായ സ്വഭാവമുണ്ടായിരുന്നില്ല. അവയുടെ സംബോധനയുടെ പരിധി പരിമിതമായി

രുന്നതുപോലെ അദ്ധ്യാപനങ്ങളും പരിമിതമായിരുന്നു. എല്ലാ കാലത്തേക്കും എല്ലാ ജനതകൾക്കുമായി ഒരു പ്രവാചകനെ അയക്കുവാൻ അല്ലാഹു തീരുമാനിച്ചപ്പോൾ ആ പ്രവാചകൻ കൊണ്ടുവരുന്ന മതം സാർവ്വജനീനവും സാർവ്വകാലികവും സാർവ്വദേശീയവും സകലവിധ മാനുഷികപ്രശ്നങ്ങൾക്കും പരിഹാരം ഉൾക്കൊള്ളുന്നതുമായിരിക്കണം എന്നതു ആ തീരുമാനത്തിന്റെ അനിവാര്യതാല്പര്യമായിരുന്നു: ഈ യാഥാർത്ഥ്യമാണ് ഉപര്യുക്തവാക്യം വ്യക്തമാക്കുന്നത്. ആദമി (അ) ന്റെ കാലം മുതൽ അവതരിച്ചുതുടങ്ങിയ മതം മാനവ വർഗ്ഗത്തിന്റെ ചിന്താപരവും നാഗരികവുമായ വളർച്ചയോടൊപ്പം വിസ്തൃതിയും വികാസവും കൈക്കൊള്ളുകയും ഒടുവിൽ പൂർണ്ണത പ്രാപിക്കുകയും ചെയ്തുവെന്നു് സാരം.

4) മുഹമ്മദ് നബി (സ) ക്കു് അവതരിച്ച വേദഗ്രന്ഥം (ഖുർആൻ) അക്ഷരംപ്രതി സുരക്ഷിതമാണ്. അന്ത്യനാൾവരെ അത് സുരക്ഷിതമായി നിലനില്ക്കുകയും ചെയ്യും.

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ (الحجر)

“നിശ്ചയമായും നാം ഖുർആൻ അവതരിപ്പിച്ചു. നാം തന്നെ അതു കാത്തു സൂക്ഷിക്കുകയും ചെയ്യും.”

ഖുർആൻ ഇന്നു്വരെ, യാതൊരു വ്യത്യാസവും കൂടാതെ സുരക്ഷിതമായി നിലകൊള്ളുന്നുവെന്നതിനു ചരിത്രം സാക്ഷിയാണ്. മനപ്പാഠവും നിത്യപാരായണവും മാത്രമല്ല, നാഗരിക സ്ഥിതിഗതികളും ഭാവിയിൽ അതു സുരക്ഷിതമായി തന്നെ നിലകൊള്ളുമെന്ന് നമുക്ക് ഉറപ്പുനല്കുന്നു.

സജീവവും പദസംപുഷ്ടവും ബൃഹത്തുമായ ഒരു ഭാഷയിലാണ് ഈ ഗ്രന്ഥം അവതരിച്ചത്. കോടിക്കണക്കിന്നു് ജന

ങ്ങൾ അതു സംസാരിക്കുന്നു. ലോകത്തിന്റെ കോണുകളിൽ അസംഖ്യമാളുകൾ ആ ഭാഷ മനസ്സിലാക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ഈ ഗുണങ്ങളുള്ള മറെറാരു വേദഗ്രന്ഥവും ലോകത്ത് ഇന്നു് നിലവിലില്ല. ആധുനികലോകത്ത് സജീവമായി കരുതപ്പെടുന്ന ഒരു ഭാഷയിലും പ്രവാചകൻ കൊണ്ടുവന്ന അതേ പദങ്ങളും പ്രയോഗങ്ങളും നിലനിർത്തിക്കൊണ്ടു ഒരു വേദഗ്രന്ഥവും നിലവിലില്ലെന്നു് ഉറപ്പിച്ചുപറയാം. ചില ഗ്രന്ഥങ്ങൾ പററെ നശിച്ചുപോയിട്ടുണ്ടെങ്കിൽ മററു ചിലത് ഏററിയക്കുറം മാററം വരുത്തപ്പെട്ട നിലയിലാണുള്ളത്. ചരിത്രാതീതകാലത്തെ കഥപോകട്ടെ ചരിത്രകാലഘട്ടങ്ങളിൽ അവതരിച്ച ഗ്രന്ഥങ്ങൾ പോലും സാക്ഷാൽ രൂപത്തിൽ നിലവിലില്ലെന്നതാണ് പരമാർത്ഥം.

يُحَرِّفُونَ الْكَلِمَ عَنْ مَوَاضِعِهِ وَنَسُوا حَظًّا مِمَّا ذُكِّرُوا بِهِ (المائدة)

“അവർ വാചകങ്ങളെ സന്ദർഭങ്ങളിൽനിന്നു് (അടർത്തിയെടുത്തു) മാററം വരുത്തുന്നു. പ്രബോധിക്കപ്പെട്ട ഒട്ടേറെ കാര്യങ്ങൾ അവർ വിസ്മൃതകോടിയിൽ തള്ളുകയും ചെയ്തിരിക്കുന്നു” ഇതാണ് പൂർവ്വവേദങ്ങളുടെ അവസ്ഥ.

## സവിശേഷ നിലപാടിന്റെ സ്വാഭാവിക താല്പര്യങ്ങൾ

ഈ സവിശേഷതകളുണ്ടായിട്ടും മുഹമ്മദ് നബി (സ) യുടെ നുബുവ്വത്തിന്റെ സ്ഥാനവും ഇതര പ്രവാചകന്മാരുടെ നുബുവ്വത്തിന്റെ സ്ഥാനവും ഒന്ന് തന്നെയാണോ? ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്ലാമിനു യാതൊരു പ്രത്യേകതയുമില്ലേ? ഉണ്ടെന്നാണ് ഖുർആനിന്റെയും സുന്നത്തിന്റെയും ബുദ്ധിയുടെയും നീതിയുടെയും വിധി. മുഹമ്മദീയ പ്രവാചകത്വത്തിന്റെ സവിശേഷ

നിലപാടിന്നു് ചില താല്പര്യങ്ങളുണ്ടെന്നതാണ് ശരി. അവ എന്തെല്ലാമാണെന്നു് പരിശോധിക്കാം.

## 1. ഇസ്ലാമിനെ പിൻപററൽ അനിവാര്യം

മുഹമ്മദീയ പ്രവാചകത്വത്തിൻെറ സവിശേഷ നിലപാടിൻെറ ഒന്നാമത്തെ അനിവാര്യ താല്പര്യം പൂർവ്വിക മതങ്ങളെല്ലാം കാലാഹരണപ്പെട്ടു കഴിഞ്ഞുവെന്നും ഇനി അല്ലാഹുവിന്നു് സ്വീകാര്യമായ മതം ഇസ്ലാം മാത്രമാണെന്നുമാകുന്നു. അതിനാൽ കാലദേശ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളും അതിൽ വിശ്വസിക്കുകയും അതിനെ പിൻപററുകയും ചെയ്യേണ്ടതു് ആവശ്യമാണ്. ഇസ്ലാം അഖില ലോകത്തിൻെറ മതവും മുഹമ്മദു നബി (സ) അഖില ലോക പ്രവാചകനുമാകയാൽ മററെല്ലാ മതങ്ങളുടെയും പ്രവാചകന്മാരുടെയും കാലാവധി അവസാനിച്ചിരിക്കുന്നു. പ്രവാചകന്മാരെ അല്ലാഹു അയക്കുന്നതു് ജനങ്ങൾ അവരിൽ വിശ്വസിക്കുവാനും അവരെ നിരുപാധികം പിൻപററുവാനും വേണ്ടിയാണ്. ഇതൊരു സുസമ്മത യാഥാർത്ഥ്യമത്രെ!

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ

“അല്ലാഹുവിൻെറ അനുമതിയോടെ അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ ഒരു പ്രവാചകനേയും നാം അയച്ചിട്ടില്ല.”

മുഹമ്മദ് നബി (സ) മാനവകുലത്തിന്നാകമാനം അന്ത്യപ്രവാചകനായി നിയോഗിക്കപ്പെട്ടു എന്ന യാഥാർത്ഥ്യം അന്ത്യനാൾവരെയുള്ള എല്ലാ മനുഷ്യരും അദ്ദേഹത്തെ അംഗീകരിക്കുകയും അദ്ദേഹം കൊണ്ടുവന്ന മതം പിൻപററുകയും വേണമെന്നു് താല്പര്യപ്പെടുന്നു. ആരെങ്കിലും മുഹമ്മദ് നബി (സ)യെ അംഗീകരിക്കാതിരിക്കുകയും ഇസ്ലാമിനെ പിൻപററാതിരിക്കുക

യുമാണെങ്കിൽ അതു അദ്ദേഹത്തോടുള്ള ധിക്കാരമായല്ല, അദ്ദേഹത്തെ മാനവ സമുദായത്തിന്നു മാർഗ്ഗദർശകനായി നിയോഗിച്ച അല്ലാഹുവിനോടുള്ള ധിക്കാരമായാണു് ഗണിക്കപ്പെടുക.

ഇതിനെല്ലാം പുറമെ ഖുർആൻ ഒഴിച്ചുള്ള മറെറാരു വേദഗ്രന്ഥവും സാക്ഷാൽ രൂപത്തിൽ നിലവിലില്ലെന്നും എന്തിനേറെ ആ ഗ്രന്ഥങ്ങൾ അവതരിച്ച ഭാഷപോലും നശിച്ചുപോയെന്നുമുള്ള ചരിത്ര സത്യം ആ ഗ്രന്ഥങ്ങളും ശരീഅത്തുകളും കാലഹരണപ്പെട്ടിരിക്കുന്നുവെന്ന യഥാർത്ഥ്യമാണു് വിളിച്ചോതുന്നതു്. ആ സ്ഥിതിക്കു് പൂർവ്വ ഗ്രന്ഥങ്ങളെയും ശരീഅത്തുകളെയും എങ്ങനെ പിൻപററുവാൻ സാധിക്കും?

ഇത്രയും പ്രസ്താവിച്ചതു് ബുദ്ധിയുടെയും യുക്തിയുടെയും വെളിച്ചത്തിലാണു്. ഇനി ഇസ്ലാമിന്റെ വിധി പരിശോധിക്കാം.

إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ (آل عمران)

“നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ (സ്വീകാര്യമായ) ദീൻ ഇസ്ലാം (മാത്ര) മാകുന്നു.”

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ (آل عمران)

“ഇസ്ലാമല്ലാത്ത മററു വല്ല ദീനും അവലംബിക്കുകയാണെങ്കിൽ ഒരിക്കലും (അല്ലാഹുവിങ്കൽ) അതു് സ്വീകാര്യമായിരിക്കയില്ല”

ഈ രണ്ടു് ഖുർആൻ വാക്യങ്ങളും സ്വയം പ്രകാശിതങ്ങളാണു്. ‘അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്ലാം മാത്രമാണു്’ എന്ന ആദ്യ വാക്യം സംഗതി വ്യക്തമാക്കാൻ പര്യാപ്തമാണു്. രണ്ടാമത്തെ വാക്യം അതേ ആശയത്തെ ഒന്നുകൂടി

പ്രകാശിപ്പിക്കുന്നു. അതായത്, ഇസ്ലാമല്ലാത്ത മററൊരു മതവും അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമല്ല. ഇസ്ലാമിനെ വിട്ട് വല്ല ശരീഅത്തും പിന്തുടരുകയാണെങ്കിൽ അല്ലാഹുവിന്നുള്ള അടിമത്തമായി അതംഗീകരിക്കപ്പെടുകയില്ല.

ഉപര്യുക്ത വാക്യങ്ങളിൽ 'ഇസ്ലാം' എന്നതിന്റെ വിവക്ഷ മുഹമ്മദ് നബി (സ) കൊണ്ടുവന്ന ഇസ്ലാം മാത്രമല്ലെന്നും പൊതുവിൽ എല്ലാം പ്രവാചകന്മാരും പ്രബോധിച്ച ഇസ്ലാമാണെന്നും വാദിക്കുന്നതിലർത്ഥമില്ല. കാരണം പ്രസ്തുത ഖുർആൻ വാക്യങ്ങളിൽ വെറും 'ഇസ്ലാം' എന്നല്ല, 'അൽ ഇസ്ലാം' എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. അറബി ഭാഷാ നിയമപ്രകാരം 'അൽ ഇസ്ലാം' എന്നു പറഞ്ഞാൽ അതിന്റെ വിവക്ഷ ഭാഷാർത്ഥത്തിലുള്ള ഇസ്ലാമല്ല, സാങ്കേതികാർത്ഥപ്രകാരമുള്ള ഇസ്ലാമാണ്.

ഈ വ്യാഖ്യാനത്തോട് ആരെങ്കിലും വിയോജിപ്പുണ്ടെങ്കിൽ അത് മേൽ വിവരിച്ച കാര്യങ്ങളെ ഒരു വിധത്തിലും ബാധിക്കുകയില്ല. ഏത് വിവക്ഷപ്രകാരവും ആയത്തുകളുടെ താല്പര്യം, അല്ലാഹുവിങ്കൽ സത്യവും സ്വീകാര്യവുമായ ദീൻ (അടിമത്ത മാർഗ്ഗം) അവനെ പൂർണ്ണമായി അനുസരിക്കുകയും സർവ്വസ്വവും അവന്നു് ഏല്പിക്കുകയും ചെയ്യുക എന്നതാണ്. ലോകപ്രവാചകൻ എന്ന നിലക്ക് മുഹമ്മദ് നബി (സ) യുടെ ആഗമനത്തിനു ശേഷം അല്ലാഹുവിനെ പൂർണ്ണമായി അനുസരിക്കുവാനും സർവ്വസ്വവും അവന്നു് സമർപ്പിക്കാനും അദ്ദേഹത്തെ പിൻപററുകയല്ലാതെ മററൊരു മാർഗ്ഗവുമില്ലെന്നു് സ്പഷ്ടമാണ്. മുഹമ്മദ് നബി (സ) യുടെ ദൌത്യം സാർവ്വജനീനവും സാർവ്വകാലികവുമാണെന്നു് ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ആരെങ്കിലും മുഹമ്മദ് നബി (സ) യിൽ വിശ്വസിക്കാതിരിക്കുകയും വിശ്വസിച്ചിട്ടും പിൻപററാതിരിക്കുകയുമാണെങ്കിൽ അത് അല്ലാഹുവിനോടുള്ള അനുസരണമാകുന്നില്ല. സ്വേഛയുടെ അനുസരണം മാത്രമാണ്. അല്ലാഹുവിനോടുള്ള പരസ്യമായ ധിക്കാരവും.

നബി (സ) യുടെ ജീവിതത്തിലും ഇതിന്ന നിഷേധിക്കാനാവാത്ത തെളിവുകളുണ്ട്. എല്ലാമതങ്ങളും സത്യവും എല്ലാ പ്രവാചകന്മാരെയും പിൻപററൽ തുല്യവുമാണെങ്കിൽ നബി(സ) ജൂതന്മാരെയും ക്രിസ്ത്യാനികളെയും ഇസ്ലാമിലേക്ക് ക്ഷണിക്കുമായിരുന്നില്ല. അവരും വേദക്കാരും പ്രവാചകന്മാരുടെ അനുയായികളും തന്നെയാണല്ലോ. ക്ഷണിക്കുകയാണെങ്കിൽ തന്നെ അതിന്ന നിർബ്ബന്ധ സ്വഭാവമുണ്ടാകുമായിരുന്നില്ല. ഒരു ഉപദേശമെന്ന നിലയ്ക്ക്, 'എന്റെ നുബുവ്വത്ത് അംഗീകരിക്കുവാനും ഞാൻ കൊണ്ടുവന്ന ഖുർആൻ പിൻപററുവാനും ഞാൻ കല്പിക്കുന്നില്ല; തൗറാത്തിനെയും ഇഞ്ചീലിനെയും ആത്മാർത്ഥതയോടെ പിൻപററിയാൽ മതി' എന്നുമാത്രമേ പറയുമായിരുന്നുള്ളു. എന്നാൽ സംഭവിച്ചത് അങ്ങിനെയല്ല. മറിച്ച് നബി (സ) ബഹുദൈവ വിശ്വാസികളെ ഇസ്ലാമിലേക്ക് ക്ഷണിച്ചത് പോലെ തന്നെ വേദക്കാരെയും ക്ഷണിച്ചു. ബഹുദൈവ വിശ്വാസികളെപ്പോലെ അവക്കും തന്നെ പിൻപററൽ നിർബ്ബന്ധമാണെന്ന് പ്രഖ്യാപിച്ചു. ഖുർആൻ പറയുന്നു.

يَا أَيُّهَا الَّذِينَ أُوتُوا الْكِتَابَ آمِنُوا بِمَا نَزَّلْنَا مُصَدِّقًا لِمَا مَعَكُمْ مِنْ قَبْلِ أَنْ نَطْمِسَ وُجُوهًا فَنَرُدَّهَا عَلَى أَدْبَارِهَا أَوْ نَلْعَنَهُمْ (النساء)

"വേദഗ്രന്ഥം നല്കപ്പെട്ടവരേ, നാം ചില മുഖങ്ങളെ അലങ്കോലപ്പെടുത്തി പൃഷ്ഠഭാഗത്തേക്ക് തിരിച്ചുകളയുകയോ അവരെ ശാപത്തിന്നു പാത്രമാക്കുകയോ ചെയ്യുന്നതിന്ന് മുമ്പ്, നിങ്ങളുടെ പക്കലുള്ള ഗ്രന്ഥത്തെ (അതിലെ പ്രവചനങ്ങളെ) യഥാർത്ഥവല്ക്കരിച്ചുകൊണ്ടു നാം അവതരിപ്പിച്ച ഗ്രന്ഥത്തിൽ നിങ്ങൾ വിശ്വസിക്കുക."

ഇസ്ലാമിൽ വിശ്വസിക്കാത്ത പൂർവ്വവേദക്കാർ ഇസ്ലാമിൽ വിശ്വസിക്കാത്ത ബഹുദൈവവിശ്വാസികളെപ്പോലെ കാഫിറുകളും നരകശിക്ഷക്ക് പാത്രീഭൂതരുമാണ്. ഖുർആൻ ഒരു പടി കൂടി മുന്നോട്ടുകടന്നു അവരെ തനി നിഷേധികൾ എന്നു് വിശേഷിപ്പിക്കുന്നു.

إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ
اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ
أَنْ يَتَّخِذُوا بَيْنَ ذَٰلِكَ سَبِيلًا، أُولَٰئِكَ هُمُ الْكَافِرُونَ حَقًّا
وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُهِينًا (النساء)

"അല്ലാഹുവിനെയും അവൻെറ ദൂതന്മാരെയും നിഷേധിക്കുകയും അല്ലാഹുവിൻെറയും അവൻെറ ദൂതന്മാരുടെയും ഇടയിൽ വ്യത്യാസം കല്പിക്കുവാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുന്നുവെന്നു് പറയുകയും അങ്ങനെ രണ്ടിനും (ഈമാനിനും കുഫ്റിനും) മദ്ധ്യേ ഒരു മാർഗ്ഗം സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവർ–അവരത്രെ തനി സത്യനിഷേധികൾ. സത്യനിഷേധികൾക്ക് നാം ഹീനമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്."

ഖുർആൻ വേദക്കാരെ 'തനി സത്യനിഷേധികൾ' എന്നു് വിശേഷിപ്പിച്ചതു്, അവർ ഇതര പ്രവാചകന്മാരിൽ വിശ്വസിക്കുമ്പോൾ മുഹമ്മദ് നബി (സ) യെ നിഷേധിക്കുന്നുവെന്നതു് കൊണ്ടാണ്. മുഹമ്മദ് നബി (സ) യും ഇതര പ്രവാചകന്മാരെപ്പോലെ അല്ലാഹുവിൻെറ പ്രവാചകനായിരിക്കെ. 'സത്യവിശ്വാ

സത്തിൻെറയും സത്യനിഷേധത്തിൻെറയും മദ്ധ്യേ മാർഗ്ഗം സ്വീകരിക്കുക'എന്നു്പറഞ്ഞതു്, അവർ ഒരു ഭാഗത്തു് മററു പ്രവാചകന്മാരിൽ വിശ്വസിക്കുകവഴി അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ താല്പര്യം നിറവേററുമ്പോൾ മറുഭാഗത്തു് മുഹമ്മദ്നബി (സ)യെ നിഷേധിക്കുകവഴി അല്ലാഹുവിൻെറ വിധികർത്തൃത്വത്തെയും ആരാധ്യസ്ഥാനത്തെയും ചോദ്യം ചെയ്യുന്നുവെന്നതു് കൊണ്ടാണു്. ഈ നിലപാടിനെക്കുറിച്ചു് തന്നെയാണു് 'അല്ലാഹുവിനെയും അവൻെറ ദൂതന്മാരെയും നിഷേധിക്കുക' എന്നു് പറഞ്ഞിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ അല്ലാഹുവിൻെറ ഒരു ദൂതനെ അംഗീകരിക്കുകയും മറെറാരുദൂതനെ തിരസ്കരിക്കുകയും ചെയ്യുക എന്നതു് യഥാർത്ഥത്തിൽ അല്ലാഹുവിനെ അനുസരിക്കലുമല്ല പ്രവാചകനെ അംഗീകരിക്കലുമല്ല. സ്വന്തം അഭീഷ്ടത്തെ അനുസരിക്കൽ മാത്രമാണു്. ഖുർആൻ മറെറാരിടത്തു് പറയുന്നു.

وَاِذَا قِيلَ لَهُمْ آمِنُوا بِمَا اَنْزَلَ اللهُ قَالُوا نُؤْمِنُ بِمَا اُنْزِلَ
عَلَيْنَا وَيَكْفُرُونَ بِمَا وَرَاءَهُ (البقرة)

"അല്ലാഹു അവതരിപ്പിച്ചതിൽ വിശ്വസിക്കുക എന്നു് അവരോടു് പറയുമ്പോൾ ഞങ്ങൾക്കു് അവതരിപ്പിക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നുവെന്നു് അവർ പറയുന്നു. അതിനു് അപ്പുറമുള്ളതു് അവർ നിഷേധിക്കുന്നു."

വേദക്കാർ നൽകിയ മറുപടി ശ്രദ്ധിക്കുക. സർവ്വമത സത്യവാദത്തിൻെറ തത്വങ്ങൾ അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നു കാണാം. ഞങ്ങളുടെ പക്കലും ദൈവിക ഗ്രന്ഥമുണ്ടായിരിക്കുമ്പോൾ ഞങ്ങൾ അതിൽ വിശ്വസിക്കുകയും അതിനെ പിൻപററുകയും ചെയ്താൽ പോരേ? മററു മതം സ്വീകരിക്കേണ്ട ആവശ്യമുണ്ടോ?

രണ്ടും സത്യമല്ലേ? എന്നാൽ അല്ലാഹു അവരുടെ ഈ ന്യായവാദം ശരിയല്ലെന്നു് സമർത്ഥിക്കുക മാത്രമല്ല, അതു് സ്പഷ്ടമായ കുഫ്റാണെന്നും ഈ വാദഗതിക്കാർ സാക്ഷാൽ സത്യനിഷേധികളാണെന്നും വിധിക്കുന്നു.

ചുരുക്കത്തിൽ വേദക്കാരുടെ ഇസ്ലാം നിഷേധത്തെയും ബഹുദൈവ വിശ്വാസികളുടെ ഇസ്ലാം നിഷേധത്തെയും അല്ലാഹു തുല്യനിലക്കാണു് വീക്ഷിക്കുന്നതു്. ഫലങ്ങളും ഇരു കൂട്ടരുടെയും ഒരുപോലെയാണു് ചൂണ്ടിക്കാണിക്കുന്നതു്. വേദക്കാരെ സംബന്ധിച്ചേടത്തോളം മററുള്ളവരെപ്പോലെ തന്നെ ഇസ്ലാമിനെ പിൻപററാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. നബി (സ) പറയുന്നു:

لَوْ كَانَ مُوسَى حَيًّا مَا وَسِعَهُ إِلَّا اتِّبَاعِي (مشكوة)

(മൂസാ (അ) ഇന്നു് ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹത്തിനു് എന്നെ പിൻപററുകയല്ലാതെ ഗത്യന്തരമില്ല)

ഈ നബിവചനത്തിൻെറ പൊരുൾ വിശദീകരണം കൂടാതെ തന്നെ സ്പഷ്ടമാണു്. ഇതര പ്രവാചകന്മാർ ജീവിച്ചിരിപ്പുണ്ടെങ്കിൽ സ്വന്തം ശരീഅത്തുകൾ പിൻപററുവാൻ അവക്കു് നിർവ്വാഹമില്ലെന്നും മുഹമ്മദു് നബി (സ) യെ പിൻപററുക മാത്രമേ ഗത്യന്തരമുള്ളുവെന്നും ഇതു് വ്യക്തമാക്കുന്നു. പ്രവാചകന്മാരുടെ സ്ഥിതിപോലും ഇതാണെങ്കിൽ സാധാരണക്കാരുടെ കാര്യം പറയേണ്ടതുണ്ടോ? മുഹമ്മദു് നബി (സ) കൊണ്ടുവന്ന ദീൻ നിലവിലിരിക്കെ മററു വല്ല ദീനും പിന്തുടരാൻ അവക്കു് എന്തവകാശം?

## 2. ഇസ്ലാം മോക്ഷത്തിനുള്ള ഉപാധി

മുഹമ്മദീയ പ്രവാചകത്വത്തിന്റെ സവിശേഷതകളുടെ രണ്ടാമത്തെ താല്പര്യം പരലോക മോക്ഷം ഇസ്ലാമിൽ നിലകൊള്ളുന്നുവെന്നാണ്. ഇസ്ലാമിനെ പിൻപററൽ എല്ലാ മനുഷ്യർക്കും നിർബ്ബന്ധമാണെന്നും മറെറാരു മതവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നും വരുമ്പോൾ ഇസ്ലാം മാത്രമാണ് മോക്ഷത്തിനുള്ള ഉപാധി എന്നത്രെ അതിന്റെ അർത്ഥം. അല്ലാഹു സ്വയം ദുർബ്ബലപ്പെടുത്തിയതും അസ്വീകാര്യവുമായ മതങ്ങളെ പിൻപററുന്നത് കൊണ്ട് പാരലോകത്ത് യാതൊരു ഗുണവും സിദ്ധിക്കുകയില്ല. മറിച്ച് അതിന്റെ തിക്തഫലം അവർ അനുഭവിക്കേണ്ടിവരികയും ചെയ്യും.

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ

"ഇസ്ലാമല്ലാത്ത വല്ല മതവും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ അതു (അല്ലാഹുവിങ്കൽ) സ്വീകാര്യമല്ല. അവൻ പരലോകത്ത് പരാജിതരുടെ കൂട്ടത്തിലാണ്."

ഈ സംഗതി തിരുനബി (സ) ഇപ്രകാരം വിശദീകരിക്കുന്നു:

وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لَا يَسْمَعُ بِي أَحَدٌ مِنْ هَذِهِ الْأُمَّةِ يَهُودِيٌّ وَلَا نَصْرَانِيٌّ ثُمَّ يَمُوتُ وَلَمْ يُؤْمِنْ بِالَّذِي أُرْسِلْتُ بِهِ إِلَّا كَانَ مِنْ أَصْحَابِ النَّارِ (مسلم)

(മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സത്യം, ഈ സമുദായത്തിലെ ജൂതനാകട്ടെ, ക്രിസ്ത്യാനിയാകട്ടെ ഏതെങ്കിലും ഒരു വ്യക്തി എന്നെപ്പററി കേൾക്കുകയും എന്നിട്ട് എന്നിൽ വിശ്വസിക്കാതെ മരണമടയുകയുമാണെങ്കിൽ അവൻ നരകവാസിയായിത്തീരും.)

ഈ തിരുവചനത്തിൽ യഹൂദികളെയും ക്രിസ്ത്യാനികളെയും മാത്രമേ പേരെടുത്തുപറഞ്ഞിട്ടുള്ളുവെങ്കിലും യഥാർത്ഥത്തിൽ അതു എല്ലാവർക്കും ബാധകമാണ്. ലോകത്തിലെ ഒരു സമുദായവും ഒരു ജനതയും ഒരു വർഗ്ഗവും ഇതിൽനിന്നൊഴിവല്ല. أحد من هذه الأمة എന്ന വാക്കിന്റെ യഥാർത്ഥ വിവക്ഷയതാണ്. هذه الأمة (ഈ സമുദായം) എന്നാൽ നബി (സ) ഏതൊരു സമുദായത്തിലേക്ക് പ്രബോധകനായി അയക്കപ്പെട്ടുവോ ആ സമുദായമാണ് അതുകൊണ്ടു മനുഷ്യ സമുദായം ആകമാനമാണ് ഉദ്ദേശിക്കപ്പെടുന്നത്. അതിനാൽ മുഹമ്മദ് നബി (സ) യുടെ കാലത്ത് ജീവിക്കുകയോ, ശേഷം ജനിക്കുകയോ ചെയ്യുന്ന ഓരോ മനുഷ്യനും അദ്ദേഹത്തിൽ വിശ്വസിക്കുകയും ഇസ്ലാമിനെ പിൻപററുകയും ചെയ്യുക എന്നത് മോക്ഷത്തിനുള്ള ഉപാധിയാണെന്ന കാര്യത്തിൽ യാതൊരു സന്ദേഹത്തിന്നും ഈ നബിവചനം വഴിവെക്കുന്നില്ല. ഈ ദൈവിക നിയമത്തിന്റെ പരിധിയിൽ ജൂതരെയും ക്രിസ്ത്യാനികളെയും പോലെ ഇതര സമുദായങ്ങളും ഉൾപ്പെടുന്നു. ഇതര സമുദായങ്ങളെ സംബന്ധിച്ചേടത്തോളം പ്രശ്നം കൂടുതൽ ഗൗരവമർഹിക്കുന്നുവെന്നു് കാണാം. വേദക്കാരെന്നും പൂർവ്വപ്രവാചകന്മാരുടെ അനുയായികളെന്നും ഖുർആൻ ജൂത-ക്രിസ്ത്യാനികളെസംബന്ധിച്ച് മാത്രമേ പറഞ്ഞിട്ടുള്ളു. മററാരു സമുദായത്തെക്കുറിച്ചും ഖുർആൻ അങ്ങനെ പറഞ്ഞിട്ടില്ല. മുഹമ്മദ് നബി (സ) യെ പിൻപററൽ വേദക്കാരായ ജൂതക്രിസ്ത്യാനികൾക്ക്പോലും മോക്ഷത്തിനുള്ള ഉപാധിയായി കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ വേദക്കാരല്ലാത്ത ഇതര സമുദായങ്ങളുടെ മോക്ഷത്തിനു ഒരുവിധത്തിലും അതു ഒഴിച്ചുകൂടാത്തതാണെന്നു കാണാം.

ചുരുക്കത്തിൽ ഇസ്ലാമിനെ പിൻപററൽ പാരത്രികമോക്ഷത്തിന്ന് ഒഴിച്ചുകൂടാത്ത ഉപാധിയാണെന്ന് ഇസ്ലാം സമത്ഥിക്കുന്നു. എന്ന വാക്ക് വ്യക്തമാക്കുന്നപോലെ ഇസ്ലാമിൻെറ സന്ദേശം എത്താത്ത ആളുകാം മാത്രമാണ് ഇതിന്നു അപവാദം. അവർ നിരപരാധികളായിരിക്കും. ദൗത്യം എത്തിയിട്ടില്ലാത്തവരുടെ മേൽ അതിനെ പിൻപററുവാനുള്ള ബാധ്യത ചുമത്തുന്നതും അതിന്നു അവരെ ചോദ്യംചെയ്തു ശിക്ഷിക്കുന്നതും നീതിക്ക് നിരക്കുന്നതല്ല. എന്നാൽ ഇസ്ലാമിന്റെ സന്ദേശം ഗ്രഹിച്ചിട്ടും അതു സ്വീകരിക്കുന്നില്ലെങ്കിൽ അവരെ ചോദ്യം ചെയ്യുന്നതും ശിക്ഷിക്കുന്നതും അനീതിയല്ല. കാരണം ഏററവും വലിയ പ്രാപഞ്ചിക സത്യത്തെയാണ് അവർ നിഷേധിക്കുന്നത്. അല്ലാഹുവിൻെറ വിധികർത്തൃത്വത്തിൻെറയും അധീശാധികാരത്തിൻെറയും നിഷേധമാണത്. അവരെ ശിക്ഷിക്കുന്നത് നീതിക്ക് വിരുദ്ധമാണെന്നു ബുദ്ധിയുള്ളവരാരും വാദിക്കുകയില്ല. ഒരു ഭരണാധികാരിയും തൻെറ നിയമങ്ങാം ജനങ്ങളുടെ ഇഷ്ടത്തിന്നു വിട്ടുകൊടുക്കുകയില്ല. ഒന്നുകിൽ നിലവിലുള്ള ഗവർണ്ണർമാരെയും നിയമങ്ങളെയും സ്വീകരിക്കാം, അല്ലെങ്കിൽ റിട്ടയർ ചെയ്ത ഗവർണ്ണർമാരെയും ദുർബ്ബലപ്പെടുത്തപ്പെട്ട നിയമങ്ങളെയും സ്വീകരിക്കാം ഇങ്ങനെ അവക്ക് സ്വാതന്ത്ര്യം നല്കുകയില്ല. മനുഷ്യനിർമ്മിതമായ നിയമങ്ങളുടെപോലും സ്ഥിതി ഇതാണെങ്കിൽ ഭരണാധികാരികളുടെ ഭരണാധികാരിയും പ്രപഞ്ച നിയന്താവുമായ അല്ലാഹുവിൻെറ നിയമങ്ങളുടെ കാര്യത്തിൽ ഈ സ്വാതന്ത്ര്യം തീരെ ഉണ്ടാവുകയില്ലെന്നു ബുദ്ധിമാന്മാക്ക് ഊഹിക്കാം. അതിനാൽ കാലാവധി കഴിഞ്ഞ പ്രവാചകന്മാരെയും കാലഹരണപ്പെട്ട ശരീഅത്തുകളെയും മാത്രമേ പിൻപററുകയുള്ളുവെന്നു ശാഠ്യം പിടിക്കുന്നവരെ അല്ലാഹു തൻെറ കൂറുള്ള അടിമകളായി അംഗീകരിക്കുമോ? പ്രാബല്യത്തിലുള്ള ശാശ്വതമായ തൻെറ ശരീഅത്തിനെയും പ്രവാചകനെയും നിഷേധിച്ചതിന്ന് അവരെ ശിക്ഷിക്കാതിരിക്കുമോ? മനുഷ്യർ തന്നെ അനുസരിക്കുവാനും ആരാധിക്കുവാനും അല്ലാഹു ഒരു പ്രവാചകനെ നിയോഗിക്കുക. അവർ അതേ ആവശ്യാത്ഥം മററൊരാളെ മാർഗ്ഗദർശകനായി തെരഞ്ഞെടുക്കുക. ഇതെങ്ങനെ നീതീകരിക്കപ്പെടാനാണ്?

# മുസ്‌ലിം സമുദായത്തിൻെറ ഉത്തരവാദിത്വങ്ങൾ

## ഇസ്ലാമിൻെറ സവിശേഷതകളുടെ താല്പര്യം

ഇസ്ലാമിനെ സാമാന്യമായി പരിചയപ്പെടുന്ന കൂട്ടത്തിൽ ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്ലാമിൻെറ സവിശേഷതകൾ നാം ഗ്രഹിച്ചു. (1) എല്ലാം നിലക്കും സമ്പൂർണ്ണമായ ഏക മതം ഇസ്ലാമാണ്. (2) അത് മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. (3) അവസാനത്തെ മതമാണ്. (4) ഇസ്ലാമിനെ പിൻപററൽ മോക്ഷത്തിനുള്ള ഉപാധിയാണ്.

ഇസ്ലാമിൻെറ ഈ സവിശേഷനിലപാടിന് ഒരു സവിശേഷ താല്പര്യമുണ്ടാവണമെന്നാണ് ബുദ്ധി ആവശ്യപ്പെടുന്നത്. അതായത് ലോകത്തിൻെറ ഓരോരോ കോണിലും ഓരോരോ

സമുദായത്തിനും ഓരോരോ വ്യക്തികൾക്കും ഇസ്ലാമിൻെറ സന്ദേശം എത്തണം, നിരന്തരം എത്തിക്കൊണ്ടിരിക്കണം. അല്ലാത്ത പക്ഷം ലോകം ഇസ്ലാമിനെക്കുറിച്ചറിയുകയില്ല. അറിയാൻ തന്നെ സാധിക്കാത്തവർ എങ്ങനെ അതിൽ വിശ്വസിക്കും? എല്ലാവരും അതിൽ വിശ്വസിക്കൽ നിർബ്ബന്ധമാണുതാനും. വിശ്വസിക്കാത്തവർ പരലോകത്ത് ഹതഭാഗ്യവാന്മാരായിത്തീരുകയും ചെയ്യും. ജനങ്ങൾക്ക് അവരുടെ നാഥൻ അയച്ചുകൊടുത്ത നിയമസംഹിത ഒരു രഹസ്യമായി അവശേഷിക്കുകയും അജ്ഞതയിൽ അവരെ പിടികൂടുകയും ചെയ്യുക എന്നത് ഒരിക്കലും നീതീകരിക്കത്തക്കതല്ല. അതുകൊണ്ട് ഇസ്ലാമിനെ പിന്തുടരേണ്ടത് മനുഷ്യവർഗ്ഗത്തിൻെറ ബാദ്ധ്യതയാണെങ്കിൽ അതറിയാനുള്ള അവകാശം അവർക്കുമുണ്ട്. അല്ലാത്ത പക്ഷം അത് ഇസ്ലാമിനോടു ചെയ്യുന്ന അക്രമമാണ്. കാരണം, തന്മൂലം വലിയൊരളവോളം ഇസ്ലാം നിരുപയോഗമായിത്തീരുന്നു. മനുഷ്യവർഗ്ഗത്തോടുള്ള അക്രമവുമാണത്. എന്തുകൊണ്ടെന്നാൽ തന്മൂലം അവരുടെ ഭാഗധേയത്തിന്നവലംബമായ ആ അനുഗ്രഹം അനിവാര്യമായും അവർക്ക് നിഷേധിക്കപ്പെടുന്നു. പ്രവാചകൻ ലോകത്തുണ്ടായിരുന്ന കാലത്ത് മനുഷ്യവർഗ്ഗത്തിൻെറ ഈ 'അവകാശം' മുറപ്രകാരം നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകനു ശേഷവും ലോകാവസാനംവരെ ആ അവകാശം നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. പക്ഷെ തദാവശ്യാർത്ഥം ഇനി ഒരു പ്രവാചകൻ വരികയില്ല.

അപ്പോൾ, ഇസ്ലാമിൻെറ സവിശേഷ നിലപാടിൻെറ ഈ അനിവാര്യ താല്പര്യം അഥവാ മുഹമ്മദ് (സ) ക്ക് ശേഷമുള്ള ഇസ്ലാമിക പ്രബോധന ബാദ്ധ്യത നിഷേധിക്കപ്പെടാവതല്ലെങ്കിൽ അനിവാര്യമായും അത് പൂർത്തീകരിക്കപ്പെടേണ്ടതുണ്ട്. അതെങ്ങനെ പൂർത്തീകരിക്കപ്പെടും? പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണിത്. ഇതിന്നു ഒരു പ്രായോഗിക പരിഹാരം ആവശ്യമാണ്. എന്തെങ്കിലുമൊരു പരിഹാരമായാൽ പോരാ, ഇസ്ലാമിൻെറ

ഭാഷയിൽ കൂടി തന്നെയുള്ള പരിഹാരമായിരിക്കയും വേണം. ഇസ്ലാം ദൈവത്താൽ അയക്കപ്പെട്ട സാർവ്വലൗകികവും സാർവ്വകാലികവുമായ ഒരു മതമാണെങ്കിൽ ഈ പ്രശ്നത്തിന്നു് ശാശ്വതമായ പരിഹാരം അതു നൽകുമെന്നു് തീർച്ചയാണ്.

## മുസ്ലിം സമുദായത്തിൻെറ ഉത്തരവാദിത്വം

ഖുർആനിലേക്ക് കണ്ണോടിച്ചാൽ ഈ പ്രശ്നത്തിൻെറ പരിഹാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതായി കാണാം. പ്രശ്നം എത്ര ഗൗരവാഹമാണോ അത്രയും ഗൗരവപൂർവ്വമാണ് പരിഹാരം നിർദ്ദേശിച്ചിട്ടുള്ളത്.

ഖുർആൻ പ്രസ്താവിക്കുന്നു:

وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا (البقرة)

"അപ്രകാരം നിങ്ങളെ നാം ഉത്തമ സമുദായമാക്കി. നിങ്ങൾ മനുഷ്യൎക്കു് (ദീനിൻെറ സാക്ഷികളും പ്രവാചകൻ നിങ്ങൾക്കു് സാക്ഷിയും ആയിരിക്കുവാൻ വേണ്ടിയാണതു്."

ഈ ഖുർആൻ വാക്യത്തിൻെറ വെളിച്ചത്തിൽ ആ പരിഹാരത്തിൻെറ പ്രായോഗിക രൂപം ഇതായിരിക്കും:

(1) നബി (സ)യുടെ ജീവിതകാലത്ത് ഇസ്ലാമിൻെറ സന്ദേശം മനുഷ്യൎക്കു് എത്തിച്ചുകൊടുക്കുകയെന്ന കർത്തവ്യം അവിടുന്നു നിർവ്വഹിച്ചതുപോലെ നബി (സ)യുടെ ശേഷം പ്രബോധന കർത്തവ്യം അവിടുത്തെ അനുയായികളുടെമേൽ അർപ്പിതമായിരിക്കുന്നു. അവർ ഈ ലോകത്ത് നിലനിൽക്കുന്ന കാലത്തോളം അതവരുടെ ഉത്തരവാദിത്വമാണ്.

(2) ഇസ്ലാമിൻെറ സന്ദേശം ഇതര ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയെന്നാൽ കേവലം സാമാന്യനിലക്കുള്ള പ്രബോധനവും പ്രചരണവുമല്ല, 'സാക്ഷ്യം' എന്നു വിശേഷിപ്പിക്കത്തക്ക പ്രബോധനവും പ്രചരണവുമാകുന്നു.

(3) 'ഇസ്ലാമിൻെറ സാക്ഷ്യ'ത്തിന്നു നിർണ്ണിതമായ ഒരു വിവക്ഷയുണ്ട്. അല്ലാഹുവിൻെറ പ്രവാചകൻ തൻെറ കർമ്മജീവിതത്തിലൂടെ അത് കാണിച്ചുതന്നിരിക്കുന്നു. അതായത് തിരുമേനി (സ) തൻെറ ജനതക്ക് എപ്രകാരം ഇസ്ലാമിനെ എത്തിച്ചുകൊടുത്തുവോ അതേ പ്രകാരം മുസ്ലിംകൾ സർവ്വ കഴിവുമുപയോഗിച്ച് ഇതര ജനതകൾക്ക് ഇസ്ലാമിനെ എത്തിച്ചു ച്ചു കൊടുക്കണം.

പൂർവ്വ സമുദായങ്ങൾക്ക് അവരവരുടെ മതത്തെ പിൻപററുകയെന്ന ഉത്തരവാദിത്വം മാത്രമാണുണ്ടായിരുന്നത്. മുസ്ലിം സമുദായത്തിനു ആ കർത്തവ്യത്തോടൊപ്പം ലോകത്തിനു മുമ്പിൽ ഇസ്ലാമിനു സാക്ഷ്യം വഹിക്കുകയെന്ന ഉത്തരവാദിത്തം കൂടിയുണ്ട്. തിരുമേനിക്കു ശേഷം സത്യസാക്ഷ്യം ശരിയാംവണ്ണം നിർവ്വഹിക്കുവാൻ പോരുന്ന സുദൃഢമായ വിശ്വാസവും മാതൃകാപരമായ കർമ്മരീതിയും പുലർത്തുന്ന ഒരു സംഘത്തെ അവിടുന്ന് കെട്ടിപ്പടുക്കുക. തങ്ങൾക്ക് ശേഷം ഈ കർത്തവ്യം നിർവ്വഹിക്കുവാൻ അവർ മറെറാരു സംഘത്തെ വാർത്തെടുക്കുക. അങ്ങനെ ഈ പ്രക്രിയ അവസാനം വരെ നിലനില്ക്കുക—ഇതാണ് സാർവ്വലൗകികമായ ഇസ്ലാമിക പ്രബോധനത്തിൻെറ നിലനില്പിന്നു അല്ലാഹു നിശ്ചയിച്ച മാർഗ്ഗം. അറബികൾ കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് പ്രവേശിക്കുകയും നബി (സ) യുടെ കീഴിൽ സഹാബികളുടെ സുശിക്ഷിതരായ ഒരു പവിത്ര വിഭാഗം നിലവിൽ വരികയും ചെയ്തതോടെ അവിടുത്തെ ഉത്തരവാദിത്വം പൂർത്തിയായി. അതോടെ അവിടുത്തെ മടക്കിവിളിക്കുകയും ചെയ്തു. പിന്നീട് ബാഹ്യലോകത്തിനു ഇസ്ലാമിൻെറ

ദൗത്യം എത്തിച്ചുകൊണ്ടിരുന്നത് 'ജനങ്ങളുടെ സാക്ഷികളായി നിശ്ചയിക്കപ്പെട്ട മുസ്ലിം സമുദായമാണ്. അതിനാൽ നബി (സ) യുടെ കാലശേഷം മാനവലോകത്തിന്റെ മുമ്പിൽ സത്യത്തിനു സാക്ഷ്യംവഹിക്കുകയെന്നത് മുസ്ലിം സമുദായത്തിന്റെ ഉത്തരവാദിത്വമാണ്. ചുരുക്കത്തിൽ മുസ്ലിംകൾ തങ്ങളുടെ പ്രവാചകന്റെ പ്രതിനിധികളാണ്. ഒരു സമുദായമെന്ന നിലക്ക് അവരുടെ ജീവിത്തിന്റെ സന്ദേശം നബി (സ)യുടെ ജീവിതത്തിന്റെ സന്ദേശമാണ്.

അതിഗൗരവാവഹമായ ഒരു ഉത്തരവാദിത്വമാണിത്. മുസ്ലിം സമുദായത്തിന്റെ ആവിർഭാവത്തിന്റെ ഉദ്ദേശം തന്നെ ആ ഉത്തരവാദിത്വത്തിന്റെ നിർവ്വഹണമാകുന്നു. "മനുഷ്യർക്കു (സത്യമതത്തിന്റെ) സാക്ഷികളാകുവാൻ നാം നിങ്ങളെ ഉത്തമ സമുദായമാക്കിയിരിക്കുന്നു" എന്ന ഖുർആൻ വാക്യം മുസ്ലിം സമുദായത്തിന്റെ യഥാർത്ഥനില വ്യക്തമാക്കുന്നു. മറെറാരിടത്ത് ഖുർആൻ പറയുന്നു:

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ (آل عمران)

"നിങ്ങൾ മനുഷ്യസമുദായത്തിനുവേണ്ടി എഴുന്നേല്പിക്കപ്പെട്ട ഉത്തമ സമുദായമാണ്."

മുസ്ലിംകൾ ഇതര സമുദായങ്ങളെപ്പോലെ ഒരു സമുദായമല്ലെന്നും മാനവകുലത്തിന്റെ മാർഗ്ഗദർശകരും രക്ഷകരുമാണെന്നും ഈ ഖുർആൻ വാക്യം സ്പഷ്ടമാക്കുന്നു. ഇതാണ് അവരുടെ ആവിർഭാവത്തിന്റെ ആദ്യത്തേയും ഒടുവിലത്തെയും ലക്ഷ്യം. ഒരു വസ്തു അതിന്റെ അസ്തിത്വലക്ഷ്യം നിറവേററുന്നേടത്തോളം മാത്രമേ അത് നിലയും വിലയും അർഹിക്കുന്നുള്ളു. ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ അതിന്റെ പ്രാധാന്യം മുഴുവൻ നഷ്ടപ്പെടുന്നു. മുസ്ലിം സമുദായത്തിന്റെ സ്ഥാനവും

പ്രാധാന്യവും സത്യസാക്ഷ്യനിർവ്വഹണത്തിൽ അധിഷ്ഠിതമാണ്. ലോകത്തിന്റെ മുമ്പിൽ സത്യത്തിന്റെ സാക്ഷികളായിരിക്കുന്ന കാലത്തോളം മാത്രമേ 'ഉത്തമസമുദായം' എന്ന സ്ഥാനത്തിനു അവർ അർഹരാവുകയുള്ളു. അല്ലാത്തപക്ഷം ഈ ബഹുമതി അവർക്ക് നഷ്ടപ്പെടുമെന്നു മാത്രമല്ല, 'മുസ്ലിം സമുദായം' എന്ന സാക്ഷാൽ നാമത്തിനുപോലും അവർ അർഹരല്ലാതായിത്തീരും. കാരണം മുമ്പ് വിവരിച്ചപോലെ 'മുസ്ലിം' എന്നതു കേവലനാമമല്ല, ഒരു വിശേഷണ നാമമാണ്. ഇതര സമുദായങ്ങളെ അപേക്ഷിച്ച് ഇരട്ടിച്ച ഉത്തരവാദിത്വമുള്ളതുകൊണ്ടാണ് അവർക്ക് ആ സവിശേഷ നാമം സിദ്ധിച്ചത്. സൂറ: ഹജ്ജിലെ ഈ വാക്യങ്ങൾ ശ്രദ്ധിക്കുക:

هُوَ اجْتَبَاكُمْ وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ مِلَّةَ أَبِيكُمْ

إِبْرَاهِيمَ هُوَ سَمَّاكُمُ الْمُسْلِمِينَ مِنْ قَبْلُ وَفِي هَذَا لِيَكُونَ الرَّسُولُ

شَهِيدًا عَلَيْكُمْ وَتَكُونُوا شُهَدَاءَ عَلَى النَّاسِ (الحج)

“അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾക്ക് ദീനിൽ യാതൊരു ക്ലേശവും അവൻ ഉണ്ടാക്കിവെച്ചിട്ടില്ല. നിങ്ങളുടെ പിതാവ് ഇബ്രാഹീമിന്റെ മാർഗ്ഗം അവലംബിക്കുക. അവൻ മുമ്പ്തന്നെ നിങ്ങൾക്ക് മുസ്ലിം എന്ന പേരു് നൽകി; ഈ പ്രത്യേകത വച്ചുകൊണ്ടു്'. പ്രവാചകൻ നിങ്ങൾക്ക് (സത്യദീനിന്റെ) സാക്ഷിയാകാനും നിങ്ങൾ മനുഷ്യർക്ക് സാക്ഷിയാകുവാനും വേണ്ടി.”

ഈ ഖുർആൻ വാക്യത്തിൽ മുസ്ലിം സമുദായത്തിന്റെ പ്രത്യേക പദവിയും പ്രത്യേകഉത്തരവാദിത്വങ്ങളും വേണ്ടത്ര വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആദ്യമായി اجتباكم എന്ന പദം ശ്രദ്ധിക്കുക.

اصطفاء എന്ന പദത്തിൻെറ അർത്ഥവും ഉദ്ദേശവും തന്നെയാണ് اجتباء നമുക്കുള്ളത്. അതായത് ഉത്തമമായതിനെ തിരഞ്ഞെടുക്കുക. ഖുർആനിൽ ആ പദം പ്രവാചകന്മാരെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചാണ് പൊതുവെ പ്രയോഗിച്ചിട്ടുള്ളത്. പ്രവാചകത്വ പദവിയ്ക്കു് ഉപയോഗിക്കപ്പെടുന്ന ഒരു പദം ഒരു സമുദായത്തിനുവേണ്ടി ഉപയോഗിക്കുകയെന്നത് ആ സമുദായത്തിൻെറ പ്രവാചക സമാനമായ പദവിയ്ക്കു് സ്പഷ്ടമായ ദൃഷ്ടാന്തമാണ്. ഇനി هُوَ سَمَّاكُمُ الْمُسْلِمِينَ مِنْ قَبْلُ എന്ന വാക്ക് പരിശോധിക്കുക. 'മുസ്ലിം' എന്നത് ഈ സമുദായത്തിനു മാത്രം നല്കപ്പെട്ട പേരാണെന്നും അതു എത്രയോ മുമ്പുതന്നെ നൽകപ്പെട്ടിട്ടുണ്ടെന്നും ഇത് വ്യക്തമാക്കുന്നു. ഇത് ഈ സമുദായത്തിൻെറ പ്രത്യേക പദവിക്കുള്ള മറെറാരു തെളിവാണ്. അന്ത്യപ്രവാചകൻെറ ആഗമനത്തെപ്പററി അനേക സംവത്സരങ്ങൾക്ക് മുമ്പ് തന്നെ ശുഭവാർത്ത അറിയിക്കപ്പെടുകയും അതിൻെറ പുലർച്ചയെ ദീർഘകാലം ജനങ്ങൾ ഉററുനോക്കുകയും ചെയ്തിരുന്നപോലെ, മുസ്ലിം സമുദായം നിലവിൽ വരുന്നതിനു എത്രയോ മുമ്പു തന്നെ അവരുടെ പേരും പ്രവൃത്തിയും ഗുണങ്ങളും വെളിപ്പെടുത്തപ്പെട്ടിരുന്നുവെന്നു് ആ വാക്യം സൂചിപ്പിക്കുന്നു. ഈ ശുഭവാർത്ത മുസ്ലീം സമുദായത്തിൻെറ അനന്യസാധാരണമായ പദവിയെയാണ് കുറിക്കുന്നത്. കാരണം ഏതെങ്കിലും വ്യക്തിയുടെയോ സമുദായത്തിൻെറയോ ആവിർഭാവത്തെപ്പററി സുവിശേഷമറിയിക്കപ്പെടുന്നത് അവരിൽ എന്തെങ്കിലും സവിശേഷതകളുള്ളതുകൊണ്ടാണ്. ഇനി മൂന്നാമത്തെ وفي هذا എന്ന വാക്ക് എടുക്കുക. ഈ ഉന്നതസ്ഥാനം നൽകി ആദരിക്കപ്പെട്ട സമുദായത്തിൻെറ ലക്ഷ്യത്തെയാണ് അത് സൂചിപ്പിക്കുന്നത്. ഈ പദവി അവർക്ക് വെറുതെയങ്ങ് നൽകപ്പെട്ടതല്ലെന്നും اجتباء

(തിരഞ്ഞെടുക്കൽ)ന്റെ അടിസ്ഥാനത്തിൽ നല്കപ്പെട്ടതാണെന്നും സാരം. ഇത് മുസ്ലിം സമുദായത്തിന്റെ ഗൗരവാവഹമായ ഉത്തരവാദിത്വങ്ങളെക്കൂടി കുറിക്കുന്നു. ഈ സമുദായത്തിന്ന് ഈ പേര് നല്കിയിട്ടുള്ളത് അവരുടെ പ്രവർത്തനവും പേരിന്നൊത്തതന്നെയിരിക്കേണ്ടതിന്നാണെന്നർത്ഥം. لِيَكُونَ الرَّسُولُ شَهِيدًا عَلَيْكُمْ وَتَكُونُوا شُهَدَاءَ عَلَى النَّاسِ എന്ന വാക്കുകൾ മുസ്ലിം സമുദായത്തെ തിരഞ്ഞെടുത്തത് എന്ത് ഉദ്ദേശത്തിന്നാണെന്നും ആ ഉദ്ദേശം എങ്ങിനെ നിറവേററാമെന്നും വ്യക്തമാക്കുന്നു.

ചുരുക്കത്തിൽ, ഉപര്യുക്ത സൂക്തത്തിൽ മുസ്ലിം സമുദായത്തിന്റെ നാമവും സ്ഥാനവും വ്യക്തമാക്കിയിട്ടുള്ളതുപോലെ, ആ നാമത്തിന്നും ആ സ്ഥാനത്തിന്നുമുള്ള കാരണം അവരെ ഭരമേല്പിച്ചിട്ടുള്ള കർത്തവ്യമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആ കർത്തവ്യം അവർ നിർവ്വഹിക്കുന്നേടത്തോളം അവർ 'മുസ്ലിം സമുദായ'മാണ്. അതവർ നിർവ്വഹിക്കുന്നില്ലെങ്കിൽ പാരമ്പര്യമായി അവക്ക് ആ പേരങ്ങനെ നില നില്ക്കുന്നുവെന്നല്ലാതെ യാഥാർത്ഥ്യത്തിൽ അതവക്ക് നഷ്ടപ്പെട്ടിരിക്കും.

ഉപര്യുക്ത ഖുർആൻ വാക്യങ്ങളിൽനിന്ന് സ്പഷ്ടമായതുപോലെ 'സത്യമതത്തിന്റെ സാക്ഷ്യ'മാണ് മുസ്ലിം സമുദായത്തിന്റെ ആവിർഭാവത്തിന്റെ സാക്ഷാൽ ലക്ഷ്യമെങ്കിൽ അവർ അതിന്നു അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടിവരുമെന്ന് തീർച്ചയാണ്. ഒരു മുസ്ലിമിന്ന് തന്റെ വ്യക്തിപരമായ ചുമതലകളെപ്പററി അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടി വരുന്നത്പോലെ മുസ്ലിം സമുദായത്തിന്ന് മുഴുവൻ തങ്ങളുടെ കൂട്ടായ ചുമതലകളെപ്പററി ഉത്തരം ബോധിപ്പിക്കേണ്ടിവരും. ഈ ഉത്തരം ബോധിപ്പിക്കൽ നിസ്സാരമൊന്നുമല്ലെന്നു് കൂടി മനസ്സിലാക്കണം. പ്രവാചകന്മാരെ

അവരുടെ പ്രവാചകത്വനിലപാടിന്നനുസൃതമായി ചോദ്യം ചെയ്യുന്നത് പോലെയായിരിക്കും മുസ്ലീം സമുദായത്തെയും ചോദ്യം ചെയ്യുക. കാരണം, അവർ പ്രവാചകന്മാരല്ലെങ്കിലും പ്രവാചകത്വത്തിന്റെ കർത്തവ്യം ഭരമേല്പിക്കപ്പെട്ടവരാണ് തദ്വിഷയകമായി ഖുർആൻ പറയുന്നത് കാണുക:

فلنسئلن الذين ارسل اليهم ولنسئلن المرسلين (الاعراف)

"തീർച്ചയായും പ്രവാചകന്മാരോടും പ്രവാചകന്മാരെ ആരുടെ അടുക്കലേക്ക് അയച്ചുവോ അവരോടും നാം ചോദിക്കും."

ജനങ്ങളോട് അവരുടെ കർത്തവ്യങ്ങളെക്കുറിച്ചും പ്രവാചകന്മാരുടെ പ്രബോധനത്തിന് അവർ നൽകിയ മറുപടിയെക്കുറിച്ചും ചോദിക്കപ്പെടുന്നപോലെ പ്രവാചകന്മാരോട് അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ എന്തെല്ലാം പ്രവർത്തിച്ചുവെന്നും അതിന്റെ ഫലം എന്തായിരുന്നുവെന്നും ചോദിക്കപ്പെടും. മുസ്ലീം സമുദായത്തിന്റെ ഉത്തരവാദിത്വങ്ങൾ പ്രവാചകന്മാരുടേതിന്നു തുല്യമാണെങ്കിൽ അവരോടുള്ള ചോദ്യവും പ്രവാചകന്മാരോടുള്ളതിന്നു തുല്യമായിരിക്കുമെന്ന് ഇതിൽനിന്നു ഗ്രഹിക്കാം. നമ്മുടെ അടിമകളുടെ മുമ്പിൽ നമ്മുടെ ദീനിന്ന് നിങ്ങളെങ്ങനെ സാക്ഷ്യം വഹിച്ചു, അവർ അതിന്ന് എന്തു മറുപടി നല്കി എന്നു മുസ്ലീംകളോട് ചോദിക്കപ്പെടും. ഈ കർത്തവ്യ നിർവ്വഹണത്തിൽ മുസ്ലീം സമുദായം വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കുക എത്ര പ്രയാസകരമായിരിക്കുമെന്നു ചിന്തിക്കുക. നിർഭാഗ്യവശാൽ സത്യസാക്ഷ്യം വേണ്ടവണ്ണം നിർവ്വഹിച്ചിട്ടില്ലെന്നതിന്നു പുറമെ സത്യം മറച്ചുവച്ചുവെന്ന കുററം കൂടി ചുമത്തപ്പെടുകയാണെങ്കിൽ സ്ഥിതി എന്തായിരിക്കും? ഖുർആൻ ആ കുററത്തിന്റെ ഗൗരവത്തെപ്പററി താക്കീത് ചെയ്യുന്നു:

وَمَنْ أَظْلَمُ مِمَّنْ كَتَمَ شَهَادَةً عِنْدَهُ مِنَ اللَّهِ (البقرة)

"അല്ലാഹുവിങ്കൽനിന്നുള്ള സാക്ഷ്യം തന്റെ പക്കൽ മറച്ചുവെക്കുന്നവനെക്കാൾ വലിയ ദ്രോഹി മററാരാണ്?"

## സത്യസാക്ഷ്യം എന്നാൽ എന്ത്?

ഇസ്ലാമിന്റെ സാക്ഷ്യം എന്നാൽ എന്ത്? അതിന്റെ പ്രായോഗിക രൂപമെന്ത്? ഈ സന്ദർഭത്തിൽ ഉത്ഭവിക്കുന്ന പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ഇസ്ലാമിനെ ശരിയാം വണ്ണം ഗ്രഹിക്കുന്നതിനുതന്നെ ഈ ചോദ്യത്തിന്റെ ഉത്തരം കാണേണ്ടതുണ്ട്.

ഇസ്ലാം നിർണ്ണിതമായ ഒരു മതമാണെന്നും അതുപോലെ അതിന്റെ സാക്ഷ്യത്തിന്റെ വിവക്ഷയും പ്രായോഗിക രൂപവും നിർണ്ണിതമാണെന്നും നബി (സ) യുടെ ജീവിതമാണ് അവ നിർണ്ണയിക്കുന്നതെന്നും മൊത്തത്തിൽ നാം ഗ്രഹിച്ചു. സുപ്രധാനമായ ഈ വിഷയം അല്പം വിശദീകരണത്തോടെ മനസ്സിലാക്കേണ്ടതുണ്ട്.

ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ചോ കാര്യത്തെക്കുറിച്ചോ ഒരാൾ ദൃഢമായി അറിയുന്ന വിവരം അതേപടി മററുള്ളവരോട് പറയുന്നതിന്നാണ് പൊതുവെ 'സാക്ഷ്യ'മെന്നു പറയുന്നത്. ഇതനുസരിച്ച് സത്യദീനിന്റെ സാക്ഷ്യം എന്നാൽ ജനങ്ങൾക്ക് ഇസ്ലാമിനെ അതിന്റെ സാക്ഷാൽ രൂപത്തിൽ വ്യക്തമാക്കിക്കൊടുക്കുക എന്നാണ്. ഖുർആനിന്റെ സാങ്കേതിക വിവക്ഷയും അടിസ്ഥാനപരമായി ഇതു തന്നെയാണെങ്കിലും അതു കൂടുതൽ വിശാലവും ഉന്നതവുമാണ്. നബി (സ) യുടെ മാതൃകയുടെ വെളിച്ചത്തിൽ നമുക്ക് അതു പരിശോധിക്കാം.

വാക്കുകൊണ്ടുള്ളത്, പ്രവൃത്തികൊണ്ടുള്ളത് ഇങ്ങനെ 'സത്യസാക്ഷ്യ'ത്തിനു രണ്ടു വശങ്ങളുണ്ട്.

## 1) വാക്ക്കൊണ്ടുള്ള സാക്ഷ്യം

ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാസങ്ങൾ തൊട്ട് ശാഖാപരമായ നിയമങ്ങൾ വരെ അനുയുക്തമായ ഭാഷയിൽ അമുസ്ലിംകളുടെ മുമ്പിൽ സമപ്പിക്കുക എന്നാണ് വാക്ക്മുഖേനയുള്ള സാക്ഷ്യംകൊണ്ടു വിവക്ഷിക്കപ്പെടുന്നത്. ഒരു തുറന്ന ഗ്രന്ഥം പോലെ സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ ദീൻ അവരുടെ മുമ്പിൽ സമർപ്പിക്കപ്പെടണം. അതിനു ശേഷം ഇസ്ലാം സത്യവും അവരുടെ മാഗ്ഗങ്ങൾ അസത്യവുമാണെന്നു് കണ്ടെത്തുന്നതിന്നു് ന്യായമായ പ്രതിബന്ധങ്ങളൊന്നും അവശേഷിക്കരുത്.

വാഗ്രൂപേണയുള്ള സാക്ഷ്യം ഫലപ്രദമായി നിർവ്വഹിക്കുവാൻ ചില പ്രധാന കാര്യങ്ങൾ മനസ്സിരുത്തേണ്ടതുണ്ട്.

ഒന്നാമതായി, ഇസ്ലാമിൻെറ മൗലിക തത്വങ്ങൾ സത്യമാണെന്നു് തെളിയിക്കുവാൻ ശാസ്ത്രീയവും യുക്തിപൂർവ്വകവുമായ തെളിവുകൾ ശേഖരിക്കുക. തൗഹീദ് (ഏകദൈവത്വം) രിസാലത്ത് (പ്രവാചകത്വം) ആഖിറത്ത് (പരലോകം) എന്നിവ സ്ഥാപിക്കുവാൻ ഖുർആൻ എത്ര ശക്തവും പ്രബലവും സമഗ്രവുമായ രൂപത്തിൽ, തെളിവുകൾക്ക്മേൽ തെളിവുകൾ ഉന്നയിച്ചിരുന്നുവോ അവ അവലംബിക്കുക. അപ്രകാരം ജീവിതത്തിൻെറ വിവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള ഇസ്ലാമിൻെറ നിയമങ്ങൾ വിശദീകരിക്കുകയും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവയ്ക്കുള്ള മികവ് പ്രകടമാക്കുകയും, ഐഹിക ജീവിതത്തിൻെറ സുസ്ഥിതിക്ക് തന്നെ അവ പിൻപററാതെ നിർവ്വാഹമില്ലെന്നു് തെളിയിക്കുകയും ചെയ്യുക.

രണ്ടാമതായി ഇതര മതങ്ങളെയും സിദ്ധാന്തങ്ങളെയും അവധാനപൂർണ്ണമായും യുക്തിയുക്തമായും വിമർശിക്കുക. ഇതിന്നു്

സ്വാഭാവികമായും ഒന്നാമതായി അമുസ്ലിം ലോകം പിന്തുടരുന്നതും ഇക്കാലത്തെ മതങ്ങളുടെയും സംസ്കാരങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനമായി നിലകൊള്ളുന്നതുമായ ചിന്താഗതികളെയും സിദ്ധാന്തങ്ങളെയും കുറിച്ച് അവഗാഹം നേടിയിരിക്കണം. ആ സിദ്ധാന്തങ്ങൾക്ക് പിൻബലമായി വർത്തിക്കുന്ന തെളിവുകളെന്തെല്ലാമെന്നു് നന്നായി മനസ്സിലാക്കുകയും വേണം. അതിൽപ്പിന്നെ അവ യുക്തിക്കും പ്രകൃതിക്കും വിരുദ്ധമാണെന്നു് സമർത്ഥിക്കണം. അതോടൊപ്പം മാനവ സമുദായത്തിനു ഹാനികരമായ അവയുടെ ഫലങ്ങൾ ഓരോന്നായി എടുത്തു കാണിക്കുകയും മനുഷ്യ മനഃസ്സാക്ഷിയെ അവയ്ക്കെതിരിൽ തട്ടിയുണർത്തുകയും ചെയ്യണം.

അനിസ്ലാമിനെക്കുറിച്ച യുക്തിയുക്തമായ ഈ ഖണ്ഡനം ഇസ്ലാമിക പ്രബോധനമാർഗ്ഗത്തിൽ ഏററവും അനിവാര്യമായ ഒന്നാണ്. അത് കൂടാതെ ഈ കർത്തവ്യം ശരിയാംവണ്ണം നിർവ്വഹിക്കുക സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, ഇസ്ലാമിക പ്രബോധനം ഒരു പുതിയ കെട്ടിടം പടുത്തുയർത്തുന്നതുപോലെയാണ്. കെട്ടിട നിർമ്മാണത്തിനു ആദ്യമായി നിലം കീറി അടിത്തറ സ്ഥാപിക്കണം. പിന്നെ അതിന്മേൽ ചുമർ കെട്ടിപ്പടുക്കണം. അതേപോലെ നിങ്ങൾ ഇസ്ലാമിനെ വേരുറപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഹൃദയമസ്തിഷ്കങ്ങളിൽ അതിൻെറ വേരുകൾ കടന്നുചെല്ലാനുള്ള ഇടമുണ്ടാക്കണം, ആ ഹൃദയമസ്തിഷ്കങ്ങളിൽ തലമുറ തലമുറകളായി ആഴത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള തെററായ വിശ്വാസങ്ങളും ചിന്താഗതികളും കടപുഴക്കി എറിയാത്തേടത്തോളം അത് നിങ്ങൾക്ക് സാധ്യമല്ല. ഒരു പാത്രത്തിൽ വല്ലതും നിറക്കണമെങ്കിൽ അത് കാലിയായിരിക്കണം. അപ്രകാരം തന്നെ ഇതര മതങ്ങളുടെയും 'ഇസ'ങ്ങളുടെയും സ്വാധീനതയെ ഹൃദയത്തിൽനിന്നു് പാടെ ഇല്ലായ്മ ചെയ്യുന്നെങ്കിലേ അവിടെ ഇസ്ലാമിനെ കുടിയിരുത്താനാവുകയുള്ളൂ. വിശുദ്ധ ഖുർആനിന്റെ

പ്രബോധന രീതി നോക്കുക: ഏകദൈവത്വത്തിന്നും പ്രവാചകത്വത്തിന്നും പരലോകത്തിന്നുമുള്ള തെളിവുകൾ നല്കി മതിയാക്കുകയല്ല ഖുർആൻ ചെയ്തതു്. പ്രത്യുത, ബഹുദൈവത്വം, ഈശ്വര നിഷേധം, പ്രവാചകത്വ നിഷേധം, പരലോക നിഷേധം എന്നീ സിദ്ധാന്തങ്ങളെയും ചിന്താഗതികളെയും ശക്തിയുക്തം ഖണ്ഡിക്കുകയും ചെയ്തു. സത്യനിഷേധത്തിന്റെ സമസ്ത രൂപങ്ങളെയും ഓരോന്നോരോന്നായി ഖുർആൻ തോണ്ടിയെടുത്തു, അവ ഏതായ മസ്തിഷ്കങ്ങളിൽ കടന്നു കൂടുന്ന മാർഗ്ഗങ്ങളോരോന്നും കണക്കിലെടുത്തു, അത്തരം ചിന്താഗതികൾ ന്യായീകരിക്കാൻ ജനങ്ങൾ ഉന്നയിക്കുന്ന എല്ലാ വാദമുഖങ്ങളും ശ്രദ്ധിച്ചു, അനന്തരം തെററായ ആ സിദ്ധാന്തങ്ങളെയും ചിന്താഗതികളെയും ഓരോന്നായി ഖണ്ഡിക്കുകയും അവയുടെ പൊള്ളത്തരം തുറന്നുകാട്ടുകയും ചെയ്തു. അപ്പോഴാണ് കഅബയിലെ മുന്നൂററവുപതു് വിഗ്രഹങ്ങൾ നിലം പരിശായതു്. تبين الرشد من الغي (സത്യം അസത്യത്തിൽ നിന്നു് വ്യതിരിക്തമായി) എന്ന അവസ്ഥ സംജാതമായതു്.

മൂന്നാമതായി, ഇസ്ലാം സത്യവും അനിസ്ലാം അസത്യവുമാണെന്നു് സ്ഥാപിക്കുകയെന്ന കൃത്യം ഹൃദയാവർജ്ജകവും പുതുമയാർന്നതുമായ രീതിയിലായിരിക്കണം. മനുഷ്യന്നു് പരിചിതമായ ഭാഷയിലും അഭിനവ മസ്തിഷ്കങ്ങളെ വശീകരിക്കുന്ന രീതിയിലും സിദ്ധാന്ത സമർത്ഥനങ്ങൾക്കും ചർച്ചകൾക്കും ശാസ്ത്രം അംഗീകരിച്ച മാർഗ്ഗേണയും ആയിരിക്കണം. ഇസ്ലാമിക പ്രബോധനമെന്നതു് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. കാരണം, ഇസ്ലാം സത്യവും അനിസ്ലാം അസത്യവുമാണെന്നു് സ്ഥാപിക്കുന്നതു് വെറും ഒരു വാദപ്രതിവാദത്തിന്നു് വേണ്ടിയല്ല. ഇസ്ലാമിന്റെ യഥാർത്ഥ രൂപം ജനങ്ങളെ ഗ്രഹിപ്പിക്കുവാനും അതിലേക്കു് അവരെ ആകർഷിക്കുവാനും വേണ്ടി

യാണ്. ഹൃദയങ്ങളിലേക്ക് കടന്നുചെല്ലാത്ത പ്രബോധനം പ്രബോധനമല്ല. ശ്രോതാവിനു് ഗ്രഹിക്കാനാവാത്ത വിശദീകരണം വിശദീകരണവുമല്ല. അതിനാൽ അഭിസംബോധിതന്റെ മനസ്സും അഭിരുചിയും ചിന്താഗതിയും കണക്കിലെടുത്തുകൊണ്ടായിരിക്കണം പ്രബോധനം നടത്തേണ്ടതു്. അങ്ങിനെ നമ്മുടെ പ്രബോധനവും സമർത്ഥന രീതിയും ശാസ്ത്രീയവും യുക്തിപൂർവ്വവുമാണെന്നു് അയാൾക്ക് ബോദ്ധ്യപ്പെടുകയും വേണം.

വിശുദ്ധ ഖുർആൻ അതിന്റെ ദൗത്യം അറബികളുടെ മുമ്പിൽ വെക്കുമ്പോൾ അവർക്ക് പരിചിതമായ ഭാഷാ ശൈലിയും പ്രതിപാദന സമ്പ്രദായവും സമർത്ഥന രീതിയും കണക്കിലെടുത്തിട്ടുള്ളതായി കാണാം. ഖുർആൻ ഒരു ഭാഗത്ത് സ്പഷ്ടമായ ഭാഷയും ആകർഷകമായ ശൈലിയും അവലംബിച്ചു. അർത്ഥസംപുഷ്ടവും ആശയഗംഭീരവുമായ ചെറുവാക്യങ്ങൾ പ്രയോഗിച്ചു. മിന്നൽ പിണരെന്നോണമുള്ള സംബോധന രീതി സ്വീകരിച്ചു. കാരണം അതെല്ലാം അറബികൾക്ക് വളരെ അഭികാമ്യമായിരുന്നു. മറുഭാഗത്ത് യുക്തിബന്ധുരമായ തത്വങ്ങളും പ്രാപഞ്ചികവും മാനുഷികവുമായ ഒട്ടേറെ ദൃഷ്ടാന്തങ്ങളും നിരത്തിവെച്ചു. കാരണം പ്രാപഞ്ചിക രഹസ്യങ്ങളെ സംബന്ധിച്ച പ്രതിപാദനവും പ്രപഞ്ചത്തിലെ ചേതോഹരമായ കാഴ്ചകളെ കുറിച്ച വിവരണവും അറബി ഹൃദയത്തെ ഹഠാദാകർഷിക്കുവാൻ പര്യാപ്തമായിരുന്നു. സത്യപ്രബോധനത്തെസ്സംബന്ധിച്ചു് അല്ലാഹു തന്റെ പ്രവാചകൻ മുഖേന ഇപ്രകാരം മാർഗ്ഗദർശനം നൽകുകയുണ്ടായി.

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُم

بِالَّتِي هِيَ أَحْسَنُ

"നിൻെറ നാഥൻെറ പന്ഥാവിലേക്ക് യുക്തി ദീക്ഷയോടും സദുപദേശ മാർഗ്ഗേണയും ക്ഷണിക്കുക. (ആവശ്യം വരുമ്പോൾ, ഏററവും ഉചിതമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക."

നാലാമതായി, പ്രബോധന പ്രചാരണങ്ങളുടെപിന്നിൽ സാമുദായികമായ അഹങ്കാരമോ, മത്സരബുദ്ധിയോ, വാദപ്രതിവാദ മനഃസ്ഥിതിയോ വെച്ചു പുലർത്തരുത്. നാവിൽനിന്നും ഹൃദയത്തിൽനിന്നും എന്തുതന്നെ പുറത്ത് വരുന്നതും നിഷ്കളങ്കതയോടും ഭക്തിയോടുംകൂടിയായിരിക്കണം. തന്റെ ഉത്തരവാദിത്വബോധത്തേയും മനുഷ്യരോടുള്ള സ്നേഹത്തേയും ഗുണകാംക്ഷയേയും അടിസ്ഥാനപ്പെടുത്തിയുമായിരിക്കണം. അല്ലാഹുവിൻെറ അടിമകൾ വഴികേടിൽ അകപ്പെട്ടുപോയതിൽ ഹൃദയം അങ്ങേയററം മനോമ്പരപ്പെട്ടതിൻെറ ഫലമായിരിക്കണം. ഇസ്ലാമിൻെറ പ്രബോധകർ നമ്മിൽനിന്നു് യാതൊന്നും ആഗ്രഹിക്കുന്നില്ലെന്നും മറിച്ച് ദൈവാനുഗ്രഹങ്ങളുടെ അക്ഷയഭണ്ഡാകാരം നമുക്ക് ദാനംചെയ്യുകയാണെന്നും ജനങ്ങൾക്കനുഭവപ്പെടണം. ജനങ്ങളുടെ അപഥസഞ്ചാരത്തിൽ നബിയ്ക്കുണ്ടായിരുന്ന മനോവേദനയെ ഖുർആൻ വരച്ചുകാട്ടുന്നു:

فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰ آثَارِهِمْ إِن لَّمْ يُؤْمِنُوا بِهَٰذَا الْحَدِيثِ أَسَفًا (الكهف)

"അവർ ഈ വൃത്താന്തത്തിൽ വിശ്വസിച്ചില്ലെങ്കിൽ ദുഃഖാതിരേകത്താൽ നീ നിന്നെത്തന്നെ നശിപ്പിച്ചുകളഞ്ഞേക്കുമോ എന്നു് തോന്നുന്നു."

## 2) കർമ്മസാക്ഷ്യം

ഇസ്ലാമിൻെറ ഏതൊരു ചിത്രം വാഗ്രൂപേണ പ്രബോധകൻ വരച്ചുകാണിക്കുന്നുവോ അതു സ്വന്തം ജീവിതത്തിൽ പകർ

ത്തികാണിക്കുക എന്നതാണ് കർമ്മസാക്ഷ്യത്തിന്റെ വിവക്ഷ. സമുദായത്തിലെ വ്യക്തികൾ വ്യക്തിപരമായും സമുദായം സാമൂഹ്യമായും ഇസ്ലാമിന്റെ പ്രായോഗികവക്താക്കളായിരിക്കണം. ഏക ദൈവത്വത്തിലും പ്രവാചകത്വത്തിലും പരലോകത്തിലുമുള്ള അടിയുറച്ച വിശ്വാസം അവരുടെ ഓരോ ചലനത്തിലും പ്രകടമാവണം. അവരുടെ സ്വഭാവവും നടത്തവും ഇസ്ലാമിക ശിക്ഷണങ്ങൾക്കനുരൂപമായിരിക്കണം. അവരുടെ ഇടപാടുകളും ക്രയവിക്രയങ്ങളും ഖുർആനിന്റെയും സുന്നത്തിന്റെയും നിയമങ്ങൾക്കനുസൃതമായിരിക്കണം. അവരുടെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ മുഴു വ്യവസ്ഥയും ആ വ്യവസ്ഥയുടെ ഓരോ വകുപ്പും ഇസ്ലാമിക തത്വങ്ങളിലും ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിലും അധിഷ്ഠിതമായിരിക്കണം. അതുവഴി ഇസ്ലാം വാർത്തെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഒരു മാതൃകാചിത്രം ലോകത്തിനു കാണ്മാൻ കഴിയണം.

വാഗ്രൂപേണയുള്ള സാക്ഷ്യത്തേക്കാൾ എന്തുകൊണ്ടും പ്രധാനവും മുൻഗണനയർഹിക്കുന്നതുമാണ് കർമ്മരൂപേണയുള്ള സാക്ഷ്യം. ഒന്നാമതായി, ഒരു വ്യക്തിയോ ഒരു സമുദായമോ സ്വന്തം ജീവിതത്തിൽ മതത്തെ പിന്തുടരാതെ മററുള്ളവരെ അതിലേക്ക് ക്ഷണിക്കുന്നത് ഒരു വിധത്തിലും ഭൂഷണമല്ല. ആ പ്രബോധനം ജനങ്ങളിൽ യാതൊരു സ്വാധീനവും ചെലുത്തുകയില്ല. രണ്ടാമതായി, ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും കർമ്മപരമായ തെളിവുകൾ നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും. ബുദ്ധിപരവും ശാസ്ത്രീയവുമായ തെളിവുകൾ ചുരുക്കം ചിലർക്ക് മാത്രമേ ഗ്രഹിക്കാനാവൂ.

ഇവ്വിഷയകമായി നബി (സ)യുടെ മാതൃക എന്തെന്നു് പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല. സ്വയം

ഈമാനിന്റെ മൂർത്തിമൽഭാവവും ഇസ്ലാമിന്റെ പ്രതീകവുമായ തിന്നു ശേഷമാണ് നബി (സ) ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാൻ തുടങ്ങിയത്. അല്ലാഹുവിന്റെ ആജ്ഞകളുടെ മുമ്പിൽ ആദ്യമായി സ്വയം തലകുനിച്ചതിന്നു ശേഷം മാത്രമേ അവിടുന്ന് മററുള്ളവരെ ഉപദേശിച്ചിരുന്നുള്ളു.

ഇതാണ് സത്യസാക്ഷ്യത്തിന്റെ വിവക്ഷയും മാതൃകാ രൂപവും. മുസ്ലിം സമുദായത്തിന്റെ പരിശ്രമങ്ങൾ എത്രകണ്ട് ഈ മാതൃകയോട് അടുക്കുന്നുവോ അത്രയും ഈ കർത്തവ്യ നിർവ്വഹണത്തിൽ അവർ വിജയ ശ്രീലാളിതരാവും. ഈ മാതൃകയിൽനിന്ന് അവരുടെ പരിശ്രമങ്ങൾ അകലുന്നതിന്നനുസരിച്ച് അവർ പരാജയത്തോട് അടുക്കുകയും ചെയ്യും.

## പ്രതിബന്ധങ്ങളും നിവാരണമാർഗ്ഗങ്ങളും

നന്മതിന്മകളുടെ ഗേഹമാണല്ലോ ഈ ലോകം. നന്മയ്ക്കും തിന്മയ്ക്കും ഇവിടെ പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. അതിന്റെ ഫലമെന്നോണം നന്മയുടെയും തിന്മയുടെയും ശക്തികൾ സദാ ഏററുമുട്ടുകയും ഒന്നു മറെറാന്നിനെ കീഴ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അതിനാൽ സ്വാഭാവികമെന്നോണം തിന്മയുടെ ശക്തികൾ ഇസ്ലാമിന്റെ മാർഗ്ഗം തടസ്സപ്പെടുത്താൻ ശ്രമിക്കും. ഇസ്ലാമിന്റെ സാക്ഷ്യം സ്വീകരിക്കുകയില്ലെന്നു മാത്രമല്ല, അതു പൊറുപ്പിക്കുവാൻ പോലും ആ ശക്തികൾ കൂട്ടാക്കുകയില്ല. ഏതു പ്രബോധനത്തിന്റെയും ചരിത്രം അതാണ് പഠിപ്പിക്കുന്നത്. ഇന്നത്തെ അനുഭവവും അതുതന്നെ. 'മുസ്ലിം സമുദായം' ഈ തടസ്സങ്ങളുടെ നേരെ എന്തു നയം സ്വീകരിക്കണമെന്ന ചോദ്യം ഇവിടെ ഉടലെടുക്കുന്നു. തടസ്സങ്ങൾ എന്തുതന്നെയായാലും അതു തട്ടിനീക്കാൻ ശ്രമിക്കണമെന്നും ഒരു പരിതസ്ഥിതിയിലും അവയ്ക്ക് കീഴടങ്ങരുതെന്നും ഇസ്ലാം കല്പിക്കുന്നു. ഈ യത്നത്തിനാണ് ഇസ്ലാമിന്റെ ഭാഷയിൽ الجهاد في سبيل الله (ദൈവമാ

ഗ്ഗത്തിലുള്ള സമരം) എന്നു് പറയുന്നതു്. 'ജിഹാദ്' എന്ന പദത്തിന്റെ ശബ്ദാത്ഥം ഏതെങ്കിലും കായ്യത്തിൽ മുഴുശ്രമവും വിനിയോഗിക്കുക എന്നാണു്. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ് എന്നാൽ അല്ലാഹുവിന്റെ തൃപ്തിയെ മാത്രം ലക്ഷ്യമാക്കി അവന്റെ ദീനിന്റെ സാക്ഷ്യം നിർവ്വഹിക്കുവാൻ സർവ്വ കഴിവുകളും വിനിയോഗിക്കുക എന്നാണു്.

ലക്ഷ്യത്തിനു വേണ്ടിയുള്ള ത്യാഗപരിശ്രമങ്ങൾ സാഹചയ്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതിനാൽ പരിതസ്ഥിതിയ്ക്കനുസരിച്ചുള്ള പ്രവർത്തനമാർഗ്ഗമാണു് സ്വീകരിക്കപ്പെടുക. ഇതു് അവസര പൂജയല്ല, സാക്ഷാൽ ആദശ്സ്നേഹം തന്നെയാണു്. എന്തുകൊണ്ടെന്നാൽ പ്രവർത്തനങ്ങൾ പ്രവത്തനങ്ങൾക്കു് വേണ്ടിയല്ല, ലക്ഷ്യത്തിനു വേണ്ടിയാണല്ലോ. പരിതസ്ഥിതികൾ കണക്കിലെടുത്തുകൊണ്ടു രൂപം കൊടുത്ത പ്രവർത്തനമാഗ്ഗം ലക്ഷ്യം കൈവരിക്കുന്നതിനു സഹായകമല്ല. അല്ലാത്ത പക്ഷം എന്തുതന്നെ ത്യാഗപരിശ്രമങ്ങൾ നടത്തിയാലും അതു് പ്രയോജകീഭവിക്കുകയില്ല. അതു് ബുദ്ധിയല്ല. ആദശ്സ്നേഹമെന്നാൽ ബുദ്ധിപൂവ്വകമല്ലാത്ത കായ്യം ചെയ്യുക എന്നത്ഥമില്ലല്ലോ. അതിനാൽ ദൈവമാഗ്ഗത്തിലുള്ള സമരത്തിന്റെ രൂപവും സമയവും നിണ്ണയിക്കേണ്ടതു് പരിതസ്ഥിതികളത്രെ. ഇസ്ലാം വിഭിന്ന പരിതസ്ഥിതികൾക്കു് വേണ്ടി സ്വീകരിച്ച വിഭിന്ന മാഗ്ഗങ്ങൾ മൂന്നാണു്. (1) ആഭ്യന്തര ജിഹാദ്. (2) ചിന്താപരവും പ്രബോധനപരവുമായ ജിഹാദ്. (3) സായുധ ജിഹാദ്.

ഏതെല്ലാം പരിതസ്ഥിതിയിൽ ജിഹാദിന്റെ ഏതെല്ലാം രൂപങ്ങൾ സ്വീകരിക്കണം? അതിന്റെ പ്രായോഗിക രൂപം എന്തായിരിക്കണം? ഖുആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കാം.

## 1) ആഭ്യന്തര ജിഹാദ്

ഇസ്ലാമികസമൂഹത്തിൽ തിന്മകൾ തലപൊക്കുന്നതിനെ തടയുകയും അതിന്നെതിരിൽ സമരം ചെയ്യുകയുമാണ് ആഭ്യന്തര ജിഹാദിന്റെ ഉദ്ദേശം. ആഭ്യന്തരമായ തിന്മകൾ ഇസ്ലാമിന്റെ സാക്ഷ്യത്തിന്റെ മാർഗ്ഗത്തിൽ തടസ്സമായി നില്ക്കുകയും അതിനെ അസാധ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. നബി (സ) പ്രസ്താവിക്കുന്നു.

مَا مِنْ نَبِيٍّ بَعَثَهُ اللهُ فِي أُمَّتِهِ قَبْلِي إِلَّا كَانَ لَهُ فِي أُمَّتِهِ حَوَارِيُّونَ
وَأَصْحَابٌ يَأْخُذُونَ بِسُنَّتِهِ وَيَقْتَدُونَ بِأَمْرِهِ ثُمَّ إِنَّهَا تَخْلُفُ
مِنْ بَعْدِهِمْ خُلُوفٌ يَقُولُونَ مَا لَا يَفْعَلُونَ وَيَفْعَلُونَ
مَا لَا يُؤْمَرُونَ فَمَنْ جَاهَدَهُمْ بِيَدِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ
بِلِسَانِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِقَلْبِهِ فَهُوَ مُؤْمِنٌ وَلَيْسَ
وَرَاءَ ذَلِكَ مِنَ الْإِيمَانِ حَبَّةُ خَرْدَلٍ (مسلم)

(എനിക്ക് മുമ്പ് അല്ലാഹു അയച്ച ഓരോ പ്രവാചകനും അദ്ദേഹത്തിന്റെ സമുദായത്തിൽ അദ്ദേഹത്തിന്റെ മാർഗ്ഗത്തെ പിൻപററുകയും ആജ്ഞകൾ അനുസരിക്കുകയും ചെയ്യുന്ന അനുയായികളും കൂട്ടുകാരുമുണ്ടായിട്ടുണ്ട്. പിന്നീട് അവർക്കു ശേഷം, പറയുന്നത് പ്രവർത്തിക്കാത്തവരും കല്പിക്കപ്പെടാത്തത് പ്രവർത്തിക്കുന്നവരുമായ പിൻതലമുറകൾ ഉടലെടുക്കുന്നു. അവരോട് കൈകൊണ്ട് ജിഹാദ് ചെയ്യുന്നവൻ സ

ത്യവിശ്വാസിയാണ്; നാവുകൊണ്ട് ജിഹാദ് ചെയ്യുന്നവൻ സത്യവിശ്വാസിയാണ്; ഹൃദയംകൊണ്ട് ജിഹാദ് ചെയ്യുന്നവൻ സത്യവിശ്വാസിയാണ്. അതിനപ്പുറം ഒരണുമണിത്തൂക്കം പോലും ഈമാനിന്റെ പദവിയില്ല.)

ഇതൊരു സ്ഥിതിവിവരണം മാത്രമല്ലെന്നും അതിൽ നിർദ്ദേശവും കൽപനയും അടങ്ങിയിട്ടുണ്ടെന്നും സ്പഷ്ടം. ഭാവിയിൽ ഈ സ്ഥിതിവിശേഷം ഉണ്ടാവുകയാണെങ്കിൽ അതിനെ എങ്ങനെ നേരിടണമെന്ന് മുസ്ലിംകളെ പഠിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശം. ഈ ഹദീസിൽനിന്ന് രണ്ട് കാര്യങ്ങൾ സ്പഷ്ടമാകുന്നു:

(1) മുസ്ലിം സമുദായത്തിൽ തലപൊക്കുന്ന തിന്മകളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമം "ജിഹാദാണ്."

(2) ഈ ജിഹാദിന്റെ പ്രായോഗിക രൂപങ്ങളും ഓരോന്നിന്റെയും ഈമാനിക പദവിയും നിർണ്ണിതമാണ്. അവ:

ഒന്ന്, തിന്മകൾക്കെതിരായി അനുയോജ്യമായ വിധത്തിൽ ബലം പ്രയോഗിക്കുക. ഇതാണ് ജിഹാദിന്റെ ഏററവും ശ്രേഷ്ഠമായ രൂപം.

രണ്ട്, ബലം പ്രയോഗിക്കാൻ സാധ്യമല്ലെങ്കിൽ നാവിന്റെ ശക്തി ഉപയോഗപ്പെടുത്തണം. തിന്മയെ പരസ്യമായി എതിർക്കുകയും തിന്മയുടെ ശക്തികളെ അപലപിക്കുകയും ചെയ്യണം. ചുററുപാടിന്നനുസരിച്ച് ഉപദേശങ്ങൾ നൽകിയും ദൈവസ്മരണയുണ്ടാക്കിയും ദൈവകോപത്തെപ്പററി താക്കീത് ചെയ്തും തിന്മയിൽനിന്ന് അകററാൻ ശ്രമിക്കണം.

മൂന്ന്, നാവുകൊണ്ട് എതിർക്കാൻ കഴിയാത്ത പരിതഃസ്ഥിതിയിൽ മനസ്സുകൊണ്ടെങ്കിലും അതിനെ വെറുക്കുകയും

തിന്മ അവസാനിച്ചുകാണുവാൻ ആഗ്രഹിക്കുകയും അതിന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും വേണം.

മുസ്ലിം സമൂഹത്തെ തിന്മയിൽനിന്ന് ശുദ്ധീകരിക്കാനുള്ള മൂന്ന് പ്രായോഗിക മാർഗ്ഗങ്ങളാണിവ. അവയിൽ ഓരോന്നും ജിഹാദാണ്. എന്തുകൊണ്ടെന്നാൽ സത്യം സംസ്ഥാപിക്കുവാനും ഇസ്ലാമിൻെറ സാക്ഷ്യം നിർവ്വഹിക്കാനുമുള്ള ശ്രമങ്ങളുടെ ഒരു ഭാഗമാണിത്. സത്യത്തിന്നുവേണ്ടിയുള്ള പരിശ്രമത്തിന്നാണ് ജിഹാദ് എന്നു പറയുന്നത്. തിന്മകളെ തടയാനുള്ള ഈ ശ്രമങ്ങളെ ജിഹാദ് എന്ന് വിശേഷിപ്പിച്ചത്പോലെ മററു ചില നബിവചനങ്ങളിൽ 'തിന്മയെ മാററുക' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഉദാ:

مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ
فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الْإِيمَانِ (مسلم)

(നിങ്ങളിൽ ഒരാൾ തിന്മ കണ്ടാൽ അത് അവൻെറ കൈകൾകൊണ്ടു മാററട്ടെ. അതു സാധ്യമല്ലെങ്കിൽ നാവുകൊണ്ട്; അതും സാധ്യമല്ലെങ്കിൽ ഹൃദയംകൊണ്ടെങ്കിലും (അതിനെ വെറുക്കുകയും അത് മാറുവാൻ ആഗ്രഹിക്കുകയും ചെയ്യട്ടെ.) ഇത് ഈമാനിൻെറ ഏററവും താഴ്ന്ന പടിയാണ്.)

ഇതേ ശ്രമങ്ങളെപ്പററി 'തിന്മയെ നിരോധിക്കൽ' എന്നും പറഞ്ഞിട്ടുണ്ട്. ഖുർആൻ പറയുന്നു:

وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنْكَرِ (لقمان)

“നന്മ കല്പിക്കുക, തിന്മ വിരോധിക്കുക.”

നബി (സ) പറയുന്നു:

اِئْتَمِرُوا بِالْمَعْرُوفِ وَتَنَاهَوْا عَنِ الْمُنْكَرِ (ترمذى)

'അന്യോന്യം നന്മ ഉപദേശിക്കുകയും തിന്മ വിലക്കുകയും ചെയ്യുക'

മുസ്ലിം സമൂഹത്തിലെ ദുഷിച്ച വ്യക്തികളോട് ജിഹാദ് ചെയ്യൽ, അവരിൽ കാണപ്പെടുന്ന തിന്മയെ മാററൽ, അവരെ തിന്മ പ്രവർത്തിക്കുന്നതിൽനിന്നു് തടയൽ എല്ലാം ഒരേ അർത്ഥത്തിലുള്ള വിവിധ വാക്കുകളാണെന്നും അവയിൽ ഏതു് പ്രയോഗിച്ചാലും ഉദ്ദേശം ഒന്നുതന്നെയാണെന്നും ഈ ഉദ്ധരണികളിൽ നിന്നു് മനസ്സിലാകുന്നു.

ജിഹാദ് മുസ്ലിം സമുദായത്തിന്റെ സാമൂഹ്യ കർത്തവ്യമാണെന്നു് ഈ നബിവചനങ്ങൾ നമ്മെ മനസ്സിലാക്കുന്നു. വ്യക്തിയാവട്ടെ, രാഷ്ട്രമാവട്ടെ ഈ കർത്തവ്യത്തിൽനിന്നു് ഒഴിവില്ല. താന്താങ്ങളുടെ നിലപാടിൽ എല്ലാവരും ഈ മഹത്തായ ഉത്തരവാദിത്വത്തിൽ ഭാഗഭാക്കുകളാണ്. വ്യക്തികളെപ്പററി ഖുർആൻ പറയുന്നു:

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ اَوْلِيَاءُ بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ (التوبة)

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം കൂട്ടുകാരാണ്. അവർ പരസ്പരം നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു."

നന്മ കൽപിക്കലും തിന്മ വിരോധിക്കലും മുസ്‌ലിംകളുടെ ഒരിക്കലും വിട്ടുപിരിയാത്ത ഗുണങ്ങളാണ്. അതു് ഈമാനിന്റെ

പ്രകൃതിയും ഇസ്ലാമിൻെറ സവിശേഷതയുമാണ്. മുസ്ലിംകൾ എവിടെയുണ്ടോ അവിടെ ഈ ഗുണങ്ങളുമുണ്ടായിരിക്കണം.

ഇസ്ലാമിക രാഷ്ട്രത്തെപ്പററി ഖുർആൻ പറയുന്നു:

اَلَّذِينَ اِنْ مَكَّنَّاهُمْ فِى الْاَرْضِ اَقَامُوا الصَّلٰوةَ وَآتَوُا الزَّكٰوةَ

وَاَمَرُوا بِالْمَعْرُوفِ وَنَهَوْا عَنِ الْمُنْكَرِ (اَلْحَج)

"നാം അവക്ക് ഭൂമിയിൽ അധികാരം നല്കിയാൽ അവർ നമസ്കാരം നിലനിർത്തുകയും സകാത്ത് നല്കുകയും നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും."

വ്യക്തികളെന്നപോലെ തന്നെ ഇസ്ലാമിക രാഷ്ട്രവും തിന്മയെ പൊറുപ്പിക്കരുത്. തിന്മയെ നിർമ്മാജ്ജനം ചെയ്യുകയെന്നത് ഇസ്ലാമിക ഭരണകൂടത്തിൻെറ മൗലികപ്രധാനമായ കർത്തവ്യങ്ങളിൽ പെട്ടതാണ്.

## 2) ചിന്താപരവും പ്രബോധനപരവുമായ ജിഹാദ്

അമുസ്ലിം വൃത്തങ്ങൾ ഇസ്ലാമിന്നെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങൾക്കും സംശയങ്ങൾക്കും, അവർ കൊണ്ടുവരുന്ന തെളിവുകൾക്കും യുക്തിയുക്തമായി മറുപടി നല്കുക. ഇസ്ലാമിൻെറ മുഖത്തെ തെല്ലെങ്കിലും ആവരണം ചെയ്യുമാറുള്ള ഒരാരോപണമോ, സന്ദേഹമോ, തെളിവോ അവശേഷിക്കാതിരിക്കുക. ഇതാണ് ചിന്താപരവും പ്രബോധനപരവുമായ ജിഹാദ് കൊണ്ടുള്ള വിവക്ഷ. നബി(സ)യുടെ മക്കാജീവിതം ഈ ജിഹാദിൻെറ ഘട്ടമായിരുന്നു. ഖുർആൻ കല്പിക്കുന്നു:

فَلَا تُطِعِ الْكَافِرِينَ وَجَاهِدْهُمْ بِهِ جِهَادًا كَبِيرًا

"താങ്കാം സത്യനിഷേധികാംക്ക് വഴങ്ങരുത്. ഖുർആൻ മുഖേന അവരോട് ശക്തിയായി ജിഹാദ് ചെയ്യുക."

സത്യനിഷേധികളുടെ ന്യായങ്ങളെ ഖണ്ഡിക്കുവാനും അവരുടെ വാദങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടുവാനും ഖുർആൻ ഉന്നയിക്കുന്ന തെളിവുകാം ഉപയോഗപ്പെടുത്തുകയും, ന്യായമെന്ന് തോന്നുന്ന യാതൊരു തെളിവും അവശേഷിക്കാത്ത വിധം അവരെ തെളിവുകാം കൊണ്ടു നേരിടുകയും ചെയ്യുക എന്നതാണ് ഖുർആൻ മുഖേന ജിഹാദ് ചെയ്യുക എന്നതിൻെറ താല്പര്യം. നബി (സ) ഈ ജിഹാദിനെ നാവുകൊണ്ടുള്ള ജിഹാദ് എന്നു വിശേഷിപ്പിക്കുന്നു.

جَاهِدُوا الْمُشْرِكِينَ بِأَمْوَالِكُمْ وَأَنْفُسِكُمْ وَأَلْسِنَتِكُمْ

(ابو داود)

(ബഹുദൈവ വിശ്വാസികളോട് ധനം കൊണ്ടും ശരീരംകൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്യുക)

പ്രബോധനപരവും ചിന്താപരവുമായ ജിഹാദ്, ബുദ്ധിയുടെയും രേഖകളിലൂടെയുള്ള സമർത്ഥനത്തിൻെറയും സമരമാണ്. ദൈവിക ശാസ്ത്രമാകട്ടെ, പ്രകൃതിശാസ്ത്രമാകട്ടെ, സംസ്കാര നാഗരിക രംഗത്താകട്ടെ, രാഷ്ട്രീയ സമ്പത്തികമണ്ഡലത്തിലാവട്ടെ, സയൻസാകട്ടെ, തത്വശാസ്ത്രമാകട്ടെ, ഇസ്ലാമിന്നെതിരിലുള്ള എല്ലാം ചിന്താ സമർത്ഥനങ്ങളുടെയും കോട്ട, തകർത്തു തരിപ്പണമാക്കുന്നതു വരെ ഈ സമരം തുടരണം. അറബികാം ഉന്നയിച്ച ഓരോ വാദവും ഓരോ തെളിവും ഖുർആൻ എങ്ങനെ

നിഷ്പ്രഭമാക്കിയെന്നു് വിവരിക്കേണ്ടതില്ല. ഈ വിഷയകമായി അല്ലാഹുവിൻെറ നിർണ്ണായകമായ ചില വാക്യങ്ങൾ കാണുക:

وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا

(الفرقان)

"അവർ കൊണ്ടുവരുന്ന ഏതു് ഉദാഹരണത്തിനും പകരം നാം നിനക്കു് സത്യവും ഏററവും സ്പഷ്ടവുമായ തെളിവും നല്കുക തന്നെ ചെയ്യും."

ചർച്ചക്കും വിവാദങ്ങൾക്കും ഏററവും നല്ല മാർഗ്ഗം സ്വീകരിക്കണമെന്ന അടിസ്ഥാനപരമായ നിർദ്ദേശം വഴി, ചിന്താപരവും പ്രബോധനപരവുമായ സമരം നടത്തേണ്ട രീതി ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ഒരു മാർഗ്ഗത്തിൻെറ നന്മയും തിന്മയും നിലകൊള്ളുന്നതു് ഏതൊരു ലക്ഷ്യത്തെ മുൻനിർത്തി ആ മാർഗ്ഗം തിരഞ്ഞെടുത്തിരിക്കുന്നുവോ ആ ലക്ഷ്യം സഫലമാകുവാൻ അതെത്രമാത്രം സഹായകമായി എന്നതിനെ ആസ്പദിച്ചാണു്. അതിനാൽ ഇസ്ലാമിനുവേണ്ടി സംവാദം നടത്താനുള്ള ശരിയും ഖുർആനികവുമായ മാർഗ്ഗം, പ്രബോധിതനെ ഇസ്ലാമിലേക്കടുപ്പിക്കുകയും ഇസ്ലാമിൻെറ സത്യത അവൻെറ ബുദ്ധികൊണ്ടംഗീകരിപ്പിക്കുകയും അവൻെറ ഹൃദയം ഇസ്ലാമിൻെറ നേരെ തുറക്കപ്പെടുകയും ചെയ്യാൻ സഹായകമായ മാർഗ്ഗമത്രെ. അതു് സാധ്യമാവണമെങ്കിൽ ഇസ്ലാമിൻെറ പേരിൽ പറയപ്പെടുന്ന വാക്കുകൾ ഒന്നാമതായി ബുദ്ധിയെ ആകർഷിക്കുന്നതും രണ്ടാമതായി, സംബോധിതരുടെ മനഃശാസ്ത്രം പരിഗണിച്ചുകൊണ്ടുള്ളതും മൂന്നാമതായി, തികഞ്ഞ ആത്മാർത്ഥതയോടുകൂടിയതും ആയിരിക്കണം.

പ്രബോധനപരമായ ജിഹാദിന്ന് ചിന്താപരമായ സമരം കൂടാതെ ഒരു ഉപഭാഗം കൂടിയുണ്ട്. ഉപഭാഗമാണെങ്കിലും അതിന്നു അതിമാത്രം പ്രാധാന്യമുണ്ട്. അതുകൂടാതെ ജിഹാദ് ഒരിക്കലും വിജയകരമാവുകയില്ല. അതത്രെ ക്ഷമയും സ്ഥിരചിത്തതയും. ഇസ്ലാമിക പ്രബോധനം മാന്യതയോടെയാണ് അതിന്റെ പ്രവർത്തകർ നിർവ്വഹിക്കുക. പക്ഷെ, പൊതുവെ മാന്യതക്ക് മാന്യതകൊണ്ടു മറുപടി നല്കപ്പെടാറില്ല. നിഷിദ്ധത്തിന്റെ കൊടിവാഹകരിൽ, സത്യപ്രബോധകരുടെ വാക്കുകൾ ക്ഷമയോടും നിഷ്പക്ഷതയോടുംകൂടി കേൾക്കുകയോ, വാക്കിന്നു വാക്കും തെളിവിന്നു തെളിവും നൽകി മിണ്ടാതിരിക്കുകയോ ചെയ്യുന്ന സത്യസ്നേഹികളും വിശാലമനസ്കരുമായ ആളുകൾ ഏറെ കാണപ്പെടുകയില്ല. ദുരഭിമാനവും ക്ഷോഭവും അവരുടെ മനസ്സിന്റെ സന്തുലിതാവസ്ഥ താറുമാറാക്കുകയും തൽഫലമായി ശകാരങ്ങൾക്കും പരിഹാസത്തിന്നും ചിലപ്പോൾ ദേഹോപദ്രവത്തിന്നും അവർ മുതിരുകയും ചെയ്തെന്ന് വരാം. അങ്ങേയററത്തെ സമാധാന വാഞ്ഛയോടും ഗുണകാംക്ഷയോടും ആത്മാർത്ഥതയോടുംകൂടി പ്രബോധനം നടത്തിയ നബി(സ)യുടെ അനുയായികൾക്ക്പോലും ഈ സ്ഥിതിവിശേഷം നേരിടേണ്ടി വന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യം വിശുദ്ധ ഖുർആൻ അവരെ കാലേക്കൂട്ടി ഓർമ്മപ്പെടുത്തി.

وَلَتَسْمَعُنَّ مِنَ الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَمِنَ الَّذِينَ
أَشْرَكُوا أَذًى كَثِيرًا وَإِنْ تَصْبِرُوا وَتَتَّقُوا فَإِنَّ ذَٰلِكَ مِنْ
عَزْمِ الْأُمُورِ (آل عمران)

"നിങ്ങൾക്ക്മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും ഉപദ്രവകരമായ വാക്കുകൾ

നീങ്ങൾക്ക് കേൾക്കേണ്ടിവരും. തത്സമയം നീങ്ങൾ സഹനത്തിൻെറയും ദൈവഭക്തിയുടെയും മാർഗ്ഗം അവലംബിക്കുകയാണെങ്കിൽ അതത്രെ സുദൃഢമായകാര്യം.''

ഇസ്‌ലാമിക പ്രബോധന മാർഗ്ഗത്തിൽ ഗുണകാംക്ഷക്ക് പകരം ഉപദ്രവവും മധുരവാക്കുകൾക്ക് പകരം ശകാരങ്ങളും തെളിവുകൾക്ക് പകരം കല്ലേറും സർവ്വസാധാരണമാണ്. നാവനക്കുന്നതുപോലും വിലക്കപ്പെട്ടുവെന്ന് വരാം. പക്ഷെ സത്യസാക്ഷ്യത്തിൻെറ മാർഗ്ഗത്തിൽ യാതൊരു ഭീഷണിക്കും എതിർപ്പിന്നും വഴങ്ങാതെ, ആരുടെയും അപ്രീതിയെ ഭയപ്പെടാതെ, ചുററുപാടിൻെറ സമ്മർദ്ദങ്ങൾക്ക് കീഴ്പെടാതെ, യാതൊരു വിട്ടുവീഴ്ചക്കും സന്ധിക്കും തയാറാവാതെ സാവേശം മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകതന്നെ വേണം. ഈദൃശ ചുററുപാടിൽ നബി (സ)യോട് അല്ലാഹുവിൻെറ ആജ്ഞ നോക്കുക:

فَاصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ الْجَاهِلِينَ (الحجر)

''നബീ, താങ്കളോട് കൽപിക്കപ്പെടുന്നത് തുറന്നു പ്രഖ്യാപിക്കുക: അവിവേകികളെ അവഗണിക്കുക.''

എതിർപ്പുകളുടെ കൊടുങ്കാററിന്നിടയിൽ പ്രബോധന സംരംഭവുമായി മുന്നോട്ട് നീങ്ങുമ്പോഴാണ് ജിഹാദ് എന്ന വാക്ക് പൂർണ്ണമായും അന്വർത്ഥമാകുന്നത്.

## 3) സായുധ ജിഹാദ്

ഇസ്ലാമിന്റെ പ്രചാരണം തടസ്സപ്പെടുത്തുന്ന ശക്തികളോട്, അവർ പിന്തിരിയുന്നത് വരെ യുദ്ധം ചെയ്യുകയെന്നാണ് സായുധ ജിഹാദിൻെറ വിവക്ഷ. ജിഹാദിൻെറ ഒടുവിലത്തെ രൂപ

മാണിത്. അതിൻെറ മറെറാരു പേർ قتال എന്നാണ്. ഇത് ജിഹാദിൻെറ ഏററവും ശ്രമകരവും ക്ലേശപൂർണ്ണവുമായ രൂപമാണ്. അത് ഇസ്ലാമിൻെറ നിലനില്പിന്നു ഒഴിച്ചുകൂടാത്തതാകുന്നു. യുദ്ധത്തെക്കുറിച്ചു ഖുർആനിൻെറ ഒന്നാമത്തെ ആജ്ഞ കാണുക:

كُتِبَ عَلَيْكُمُ الْقِتَالُ وَهُوَ كُرْهٌ لَكُمْ وَعَسَى أَنْ تَكْرَهُوا شَيْئًا وَهُوَ خَيْرٌ لَكُمْ (البقرة)

“നിങ്ങൾ വെറുക്കുന്നുവെങ്കിലും യുദ്ധം നിങ്ങൾക്ക് നിർബ്ബന്ധമാക്കപ്പെട്ടിരിക്കുന്നു. ഒരു പക്ഷെ, നിങ്ങൾ വെറുക്കുന്ന കാര്യം നിങ്ങൾക്ക് ഗുണമായി ഭവിച്ചേക്കാം.”

ഈ യുദ്ധം ഇസ്ലാമിന്നും മുസ്ലിംകൾക്കും ഗുണകരമാകുന്നതെങ്ങിനെ? യുദ്ധത്തിൻെറ ലക്ഷ്യം വിവരിച്ച ഖുർആൻ വാക്യങ്ങളിൽ അതു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

وَقَاتِلُوهُمْ حَتَّى لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ لِلَّهِ (البقرة)

“കുഴപ്പം ഇല്ലാതാവുകയും അനുസരണം അല്ലാഹുവിന്ന് (മാത്രം) ആവുകയും ചെയ്യുന്നത് വരെ അവരോടു യുദ്ധം ചെയ്യുക.”

അല്ലാഹുവിൻെറ നിയമങ്ങൾക്കനുസൃതമായി ജീവിതം നയിക്കുവാനുള്ള മാർഗ്ഗം സുഗമമാക്കുന്നതിന്ന് വേണ്ടിയും ‘ഫിത്ന’ അവസാനിപ്പിക്കുന്നതിന്നു വേണ്ടിയുമാണ് യുദ്ധം നിയമമാക്കപ്പെട്ടത്. ‘ഫിത്ന’ എന്നത് ഖുർആനിൻെറ ഒരു സാങ്കേതിക പ്രയോഗമാണ്. ഇസ്ലാമിനെ പിൻപററുവാനും യഥാർത്ഥ ദൈവത്തിൻെറ അടിമത്തം സ്വീകരിക്കുവാനുള്ള അവകാശത്തെയും

സ്വാതന്ത്ര്യത്തെയും തടസ്സപ്പെടുത്തുക എന്നാണ് അതിൻെറ വിവക്ഷ. കൊലപാതകത്തെക്കാൾ വലിയ അക്രമമായാണ് ഖുർആൻ ഇതിനെ കണക്കാക്കുന്നത്. ഒരാളെ കൊലപ്പെടുത്തുന്നതുകൊണ്ട് കവിഞ്ഞാൽ അല്പകാലത്തെ അയാളുടെ ജീവിതത്തെയും അതിലെ നേട്ടങ്ങളെയും നഷ്ടപ്പെടുത്തുക മാത്രമെ ചെയ്യുന്നുള്ളു. ഒരാളെ ദൈവാരാധനയിൽ നിന്നും ദൈവത്തിന്റെ അടിമത്തത്തിൽനിന്നും തടയുകയെന്നാൽ അയാളുടെ ശാശ്വതമായ പാരത്രിക വിജയത്തെ തന്നെ നഷ്ടപ്പെടുത്തുകയെന്നാണർത്ഥം. രണ്ടും വലിയ തെററുകൾ തന്നെ എന്നതിൽ പക്ഷാന്തരമില്ല. പക്ഷെ ഒരു താരതമ്യ വിശകലനത്തിൽ രണ്ടാമത്തെ തെററാണ് ഏററവും ഗൗരവമർഹിക്കുന്നതെന്ന് ആരും സമ്മതിക്കും. ഖുർആൻ പറയുന്നു:

وَالْفِتْنَةُ أَشَدُّ مِنَ الْقَتْلِ (البقرة)

"മർദ്ദനം വധത്തേക്കാൾ ഭയങ്കരമാണ്."

ഇതിൽ രണ്ടഭിപ്രായത്തിന് വകയില്ല. എങ്കിൽ സ്വന്തം ജീവൻ കൊടുത്തും എതിരാളികളുടെ ജീവൻ എടുത്തും ഇസ്ലാമിന്റെ മാർഗ്ഗത്തിലുള്ള ശാക്തിക തടസ്സങ്ങൾ നീക്കുന്നത് ഏററവും ഉത്തമമായിരിക്കുമെന്നതിൽ അഭിപ്രായവ്യത്യാസത്തിന്നവകാശമില്ല.

സായുധജിഹാദിൻെറ ആവശ്യകതയിലേക്ക് ഖുർആൻ വെളിച്ചം വീശുന്നു:

وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُمْ بِبَعْضٍ لَهُدِّمَتْ صَوَامِعُ وَبِيَعٌ
وَصَلَوَاتٌ وَمَسَاجِدُ يُذْكَرُ فِيهَا اسْمُ اللَّهِ كَثِيرًا وَلَيَنْصُرَنَّ
اللَّهُ مَنْ يَنْصُرُهُ (الحج)

"അല്ലാഹു മനുഷ്യരിൽ ഒരു വിഭാഗത്തെ മറുവിഭാഗത്തെക്കൊണ്ട് പ്രതിരോധിച്ചിരുന്നില്ലെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന (ക്രിസ്തീയ) മഠങ്ങളും ചർച്ചുകളും (ജൂത) ദേവാലയങ്ങളും (മുസ്ലിം) പള്ളികളും തകർക്കപ്പെട്ടേനെ. നിശ്ചയമായും അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കും."

മതത്തിനുവേണ്ടി വാളെടുത്തില്ലെങ്കിൽ, കുഴപ്പത്തിന്റെ വേരറുത്തില്ലെങ്കിൽ മതം തന്നെ നശിപ്പിക്കപ്പെടുമെന്നും നാശകാരികൾ ദൈവനാമമുച്ചരിക്കുവാൻപോലും അനുവദിക്കുകയില്ലെന്നും മതത്തിന്റെ ചിഹ്നങ്ങൾ തുടച്ചുനീക്കപ്പെടുമെന്നും ഈ വാക്യം നമ്മെ മനസ്സിലാക്കുന്നു. അതിനാൽ മതത്തിന്റെ സംരക്ഷണത്തിനും നിലനില്പിനുംവേണ്ടി സായുധ ജിഹാദ് ഒഴിച്ചുകൂടാത്തതാണ്.

## സായുധജിഹാദിന്റെ ഇനങ്ങൾ

ഇസ്ലാമിക പ്രബോധനത്തിന്റെ മുമ്പിലുള്ള തടസ്സങ്ങൾ ഒരേ തരത്തിലുള്ളവയല്ല. അതിനാൽ ആ തടസ്സങ്ങൾ ദൂരീകരിക്കുവാനുള്ള ജിഹാദും ഒരേ തരത്തിലല്ല. അൽപം ആഴത്തിൽ പരിശോധിച്ചാൽ അടിസ്ഥാനപരമായി ഇസ്‌ലാമിന്റെ മുമ്പിലുള്ള തടസ്സങ്ങൾ രണ്ടുതരത്തിലുള്ളവയാണെന്ന് കാണാം:

1. ഇസ്ലാം സ്വീകരിച്ചവരുമായി ബന്ധപ്പെട്ടതാണ് ഒരു തടസ്സം. ഇസ്ലാം സ്വീകരിച്ചവർ ആ 'കുററത്തിനു'മർദ്ദിക്കപ്പെടുകയും അവരെ ഇസ്ലാമിൽനിന്നു് പിന്തിരിപ്പിക്കുവാൻ ബലപ്രയോഗം നടത്തപ്പെടുകയും ചെയ്യുക.

2) അമുസ്ലിംകളുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ തടസ്സം. അതായത്, അമുസ്ലിംകൾക്ക് ഇസ്ലാമിന്റെ പ്രബോധനം എത്തിച്ചുകൊടുക്കുന്ന മാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കുക.

അല്ലെങ്കിൽ ഇസ്ലാമിനെ അടുത്തുപരിചയിക്കുവാൻ സാഹചര്യം ലഭിക്കാതിരിക്കുമാറു് ഇതര സാമൂഹ്യ വ്യവസ്ഥ അവരുടെമേൽ അടിച്ചേല്പിയ്ക്കപ്പെടുക.

തടസ്സങ്ങൾ രണ്ടു തരത്തിലാകുമ്പോൾ സ്വാഭാവികമായും അവ ദൂരീകരിക്കുവാനുള്ള ജിഹാദും രണ്ടു തരത്തിലായിരിക്കുമല്ലോ. അവ ഓരോന്നും പരിശോധിക്കാം:

1) ആദ്യത്തെ തടസ്സം ഏററവും കഠിനവും അസഹനീയവുമെന്നു് മാത്രമല്ല അങ്ങേയററം ആക്രമണപരവുമാണു്. അതിനാൽ അതിന്നെതിരിൽ സ്വീകരിയ്ക്കപ്പെടുന്ന യുദ്ധ നടപടികൾ പ്രതിരോധപരമായിരിക്കും. അതിനെ പ്രതിരോധ സമരമെന്നു് വിളിക്കാം: ആദ്യമായി പ്രതിരോധ ജിഹാദിന്നാണു് മുസ്ലിംകൾ ആജ്ഞാപ്യ്ക്കപ്പെട്ടതു്. കാരണം ആ തരത്തിൽ പെട്ട തടസ്സങ്ങളാണു് ആദ്യം അനുഭവപ്പെട്ടതു്. ഖുർആൻ പറയുന്നു:

أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا وَإِنَّ اللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ
الَّذِينَ أُخْرِجُوا مِنْ دِيَارِهِمْ بِغَيْرِ حَقٍّ إِلَّا أَنْ يَقُولُوا رَبُّنَا اللَّهُ

(الحج)

"യുദ്ധം ചെയ്യപ്പെടുന്നവക്കു്, അവർ അക്രമിക്കപ്പെട്ടിരിക്കുന്നുവെന്ന കാരണത്താൽ, (പ്രതിരോധ യുദ്ധത്തിന്നു) അനുവാദം നൽകപ്പെട്ടിരിക്കുന്നു. നിശ്ചയമായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാണു്. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണു്'' എന്നു് പറഞ്ഞ ഏകകാരണത്താൽ അന്യായമായി അവർ അവരുടെ ഭവനങ്ങളിൽനിന്നു് ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു.''

ഈ ഖുർആൻ വാക്യം നബി (സ)യുടെയും അനുയായികളുടെയും മദീനാ ജീവിതത്തിന്റെ ആദ്യഘട്ടത്തിലാണു് അ

വതരിച്ചത്. ഖുറൈശികളുടെ അക്രമങ്ങളും മർദ്ദനങ്ങളും കാരണത്താലാണ് അവർക്കെതിരിൽ വാളെടുക്കുവാൻ അനുവാദം നൽകപ്പെട്ടതെന്നു് ഇതിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഖുറൈശികളുടെ ആക്രമണ നിലപാടും അവരുമായി യുദ്ധാവസ്ഥയും നിലവിലുള്ള കാലത്തോളം ഇത് ആവർത്തിക്കപ്പെട്ടു. അതിനാൽ അതുവരെയുള്ള എല്ലാ സായുധ യുദ്ധങ്ങളും പ്രതിരോധ സ്വഭാവമുള്ളതായിരുന്നു.

2) രണ്ടാമത്തെ ഇനത്തിൽ പെട്ട തടസ്സത്തിനെതിരിലുള്ള ജിഹാദിനെപ്പററി അല്പം വിസ്തരിച്ചു് മനസ്സിലാക്കേണ്ടതുണ്ടു്. 'ഇസ്ലാം'മിൻെറ നിലപാടിനെയും 'മുസ്ലിം സമുദായ'ത്തിൻെറ ജീവിത കർത്തവ്യത്തെയും കുറിച്ചു് മുൻ അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ചതാണല്ലോ. ഇസ്ലാം മാനവസമുദായത്തിനാകമാനമുള്ളതാണ്. അത് മാത്രമാണ് സത്യവും മോക്ഷത്തിനുള്ള നിദാനവും. മററുള്ളതെല്ലാം നിഷിദ്ധമോ, അല്ലാഹുവിൻെറ അടുക്കൽ അസ്വീകാര്യമോ ആണ്. ഈ യഥാർത്ഥ്യം ലോകത്തുടനീളം പ്രചരിപ്പിക്കേണ്ടതും അതിനു സാക്ഷ്യം വഹിക്കേണ്ടതും, മാനവകുലത്തെ സത്യമതത്തിലേക്ക് ആകൃഷ്ടിക്കുകവഴി ഐഹിക ദുരിതങ്ങളിൽനിന്നും പാരത്രിക ശിക്ഷയിൽനിന്നും അവരെ രക്ഷിക്കേണ്ടതും മുസ്ലിം സമുദായത്തിൻെറ ഉത്തരവാദിത്വമാണ്. മുസ്ലിംകൾ സ്വന്തം വലയത്തിൽ ഒതുങ്ങിയിരുന്നാൽ പോരെന്നും ലോകത്തിൻെറ എല്ലാ കോണിലും അല്ലാഹുവിൻെറ ദീൻ പ്രചരിപ്പിക്കുവാൻ സകല തടസ്സങ്ങളും തട്ടിനീക്കി മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കണമെന്നുമാണ് ഇതിൻെറ താല്പര്യം. ഇസ്ലാമിനു നേരെ ഹൃദയം തുറക്കാത്തവരെ അതിനു നിർബ്ബന്ധിക്കരുത്. അതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. പക്ഷെ, മററുള്ളവരുടെ ഹൃദയ മസ്തിഷ്കങ്ങളുടെ കാവല്ക്കാരായിരിക്കുവാനോ ജനങ്ങൾക്ക് ഇസ്ലാമിനെ ഗ്രഹിക്കാൻ സാധ്യമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുവാനോ അവരെ അനുവദിച്ചുകൂടാ.

അസത്യത്തിന്റെ കൈകളിൽനിന്നു് മനുഷ്യന്റെ സാമൂഹ്യ
ജീവിത വ്യവസ്ഥയുടെ കടിഞ്ഞാൺ പിടിച്ചുപറക്കുന്നതു വരെ
ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം സ്വാതന്ത്ര്യമായ ചുറ്റുപാട്
ലഭിക്കുകയില്ലെന്നു് സ്പഷ്ടമാണ്. നിലവിലുള്ള സാമൂഹ്യ വ്യ
വസ്ഥ ജനങ്ങളുടെ ചിന്താരീതിയെ സ്വാധീനിക്കുകയും ഇത
ര ചിന്താധാരകളെ ശ്രദ്ധിക്കാൻ ജനങ്ങൾക്കവസരം നല്കാതി
രിക്കുകയും ചെയ്യുന്നു. അതിനാൽ അനിസ്ലാമിക വ്യവസ്ഥ നട
മാടുന്ന സമൂഹത്തിൽ പ്രായോഗികമായും മനശ്ശാസ്ത്രപരമായും
ഇസ്ലാമിനു നേരെ പൊതുജന ശ്രദ്ധയുടെ കിളിവാതിൽ എന്നും
അടഞ്ഞു കിടക്കും. ഇസ്ലാമിന്റെ മുമ്പിലുള്ള മാർഗ്ഗതടസ്സം എന്നു
പറയാവുന്ന ഒരവസ്ഥയാണിത്. നന്നച്ചുരുങ്ങിയത് ഇസ്ലാം
അങ്ങിനെയാണ് പറയുന്നതും ധരിക്കുന്നതും. ഇസ്ലാമിന്റെ
മുൻചൊന്ന നിലപാട് മുമ്പിൽ വച്ചു ചിന്തിക്കുന്ന ഏതൊ
രാളും സമ്മതിപ്പാൻ നിർബ്ബന്ധിതനാവും, ഇസ്ലാം അങ്ങി
നെതന്നെയാണ് പറയേണ്ടതും ധരിക്കേണ്ടതുമെന്നു്. ഇതര
രാഷ്ട്രീയ വ്യവസ്ഥ ഇസ്ലാമിന്റെ മാർഗ്ഗത്തിലുള്ള തടസ്സ
മാണെങ്കിൽ, ലോകത്തിലെവിടെയും അനിസ്ലാമിക വ്യ
വസ്ഥ നിലനില്ക്കുവാനുള്ള അവകാശം ഇസ്ലാം അംഗീകരിക്കു
ന്നില്ലെന്നും രാഷ്ട്രീയാധികാരം സ്വന്തം കയ്യിൽ—മുസ്ലിംകളുടെ
യല്ല, ഇസ്ലാമിന്റെ കയ്യിൽ—ആയിരിക്കണമെന്നാണ് അതാഗ്ര
ഹിക്കുന്നതെന്നും ആ അധികാരം നിഷേധിക്കപ്പെടുമ്പോൾ ബല
പ്രയോഗം നടത്തുമെന്നുമാണ് അതിന്റെ പൊരുൾ. ഒരു കാല
യളവ്‌വരെ പ്രതിരോധ യുദ്ധത്തിനു പ്രേരിപ്പിച്ചുകൊണ്ടിരുന്ന
ഖുർആൻ പിന്നീട് അവസാനത്തെ ഉന്നം വ്യക്തമാക്കിക്കൊ
ണ്ടു് പറയുകയുണ്ടായി:

هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى
الدِّينِ كُلِّهِ وَلَوْ كَرِهَ الْمُشْرِكُونَ (التوبة)

“ബഹുദൈവ വിശ്വാസികൾ ഇഷ്ടപ്പെട്ടില്ലെങ്കിലും എല്ലാ മതങ്ങളെയും അതിജയിക്കുവാൻ, തന്റെ ദൂതനെ സന്മാർഗ്ഗവും സത്യമതവുമായി അയച്ചവൻ അവനാകുന്നു.”

‘എല്ലാ മതങ്ങളെയും അതിജയിക്കുക’യെന്നാൽ സൈദ്ധാന്തികവും രാഷ്ട്രീയവുമായ അതിജയമാണ് ഉദ്ദേശം. അതുകൊണ്ടാണ് ഈ പ്രഖ്യാപനത്തോടൊപ്പം അല്ലാഹു ഇപ്രകാരം കല്പിച്ചത്:

وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً (التوبة)

“നിങ്ങൾ ബഹുദൈവ വിശ്വാസികളോട് ഒന്നടങ്കം യുദ്ധം ചെയ്യുക; അവർ നിങ്ങളോട് ഒന്നടങ്കം യുദ്ധം ചെയ്യുന്നതു പോലെ.”

ഈ ജിഹാദ് നിരന്തരമായി തുടരും. അന്ത്യനാളോടടുക്കുമ്പോൾ മാത്രമെ അതു നിലക്കുകയുള്ളു. നബി (സ) പ്രസ്താവിക്കുന്നു:

اَلْجِهَادُ مَاضٍ مُذْ بَعَثَنِيَ اللهُ اِلَى اَنْ يُقَاتِلَ آخِرُ اُمَّتِي الدَّجَّالَ
لاَ يُبْطِلُهُ جَوْرُ جَائِرٍ وَلاَ عَدْلُ عَادِلٍ (ابوداود)

(ജിഹാദ് എന്റെ കാലം മുതൽ എന്റെ സമുദായത്തിലെ അവസാനത്തെ ആൾ ദജ്ജാലുമായി യുദ്ധം ചെയ്യുന്നതുവരെ തുടരും. ഏത് അക്രമകാരിയുടെ അക്രമമോ ഏത് നീതിമാന്റെ നീതിയോ അതിനെ ദുർബ്ബലപ്പെടുത്തുകയില്ല.)

നബി (സ) തന്റെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിലും ഖുലഫാഉർറാശിദുകൾ അവരുടെ ഭരണകാലത്തും അനറബി

ഭരണകർത്താക്കൾക്ക് ഇസ്ലാമിക പ്രബോധനം എത്തിച്ചതും അതു നിരസിച്ചതിനെ തുടർന്ന് ശക്തി പ്രയോഗിച്ച് അവരെ കീഴ്പെടുത്തിയതും ഇതേ കർത്തവ്യത്തെ മുൻനിറുത്തിയും ഇതേ ലക്ഷ്യത്തിനുവേണ്ടിയുമായിരുന്നു.

ഈ ജിഹാദിനു് പ്രതിരോധ സ്വഭാവമല്ല, മുന്നേററ സ്വഭാവമാണുള്ളതു്. അതുകൊണ്ടു് ഇതിനെ 'ആക്രമണപരമായ ജിഹാദ്'' എന്നു വിശേഷിപ്പിക്കാം. ഈ ജിഹാദിനെപ്പററി രണ്ടു കാര്യങ്ങൾ മനസ്സിരുത്തേണ്ടതുണ്ടു്.

ഒന്നു്, ഈ ജിഹാദിന്റെ ഉദ്ദേശം ജനങ്ങളെ നിർബ്ബന്ധപൂർവ്വം ഇസ്ലാം സ്വീകരിപ്പിക്കുകയല്ല, ഇസ്ലാം മനുഷ്യന്റെ ഹൃദയവുമായി ബന്ധപ്പെട്ടതാണു്. നിർബ്ബന്ധം വഴി ഹൃദയം ഒരു വിശ്വാസവും സ്വീകരിക്കുകയില്ല. ഇസ്ലാമും അങ്ങനെതന്നെ. മനുഷ്യരിൽ ഒരൊററ ദുർമ്മാർഗ്ഗിയും ധിക്കാരിയും ഉണ്ടാവരുതെന്നു് അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ എല്ലാവരെയും മുസ്ലിംകളായി ജനിപ്പിക്കുമായിരുന്നു, അല്ലെങ്കിൽ ജനിച്ച ശേഷം നിർബ്ബന്ധിച്ചു് മുസ്ലിമാക്കുമായിരുന്നു.

لو يشاء الله لهدى الناس جميعا (الرعد)

"അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ എല്ലാ മനുഷ്യരെയും അവൻ സന്മാർഗ്ഗത്തിലേക്കു് നയിക്കുമായിരുന്നു.'' ആ കൃത്യം ഒരു പ്രവാചകനെയോ സമുദായത്തെയോ വഹിപ്പിക്കുമായിരുന്നില്ല. മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം മുമ്പിൽ വെച്ചുനോക്കുമ്പോൾ നിർബ്ബന്ധപൂർവ്വം ഇസ്ലാം സ്വീകരിപ്പിക്കുന്നതു് ശരിയല്ല. അതുകൊണ്ടു് അങ്ങിനെ ചെയ്യരുതെന്നു് ഖുർആൻ പ്രഖ്യാപിക്കുന്നു

لَا إِكْرَاهَ فِي الدِّينِ

"മതത്തിൽ നിർബ്ബന്ധം ചെലുത്തലില്ല."

ഇസ്ലാം സ്വീകരണത്തിന്ന് ആൎക്കും ഒരവസ്ഥയിലും ഒരു നിലക്കുള്ള ബലാല്ക്കാരവും പ്രയോഗിക്കാവതല്ലെന്ന് ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു. അക്കാൎയ്യത്തിൽ മനുഷ്യരെല്ലാം സ്വതന്ത്രരാണ്. ഇഷ്ടമുണ്ടെങ്കിൽ ഇസ്ലാം സ്വീകരിക്കാം; ഇല്ലെങ്കിൽ തിരസ്കരിക്കാം.

രണ്ട്, ഈ ജിഹാദിന്നു പിന്നിൽ ഒരു ജനതയെ യജമാനന്മാരും മററൊരു ജനതയെ അടിമകളുമാക്കുകയെന്ന ഉദ്ദേശമില്ല. കൊളോണിയലിസം, സാമ്രാജ്യത്വം എന്നെല്ലാം പറയുന്നതുമായി അതിന്നു വിദൂരബന്ധംപോലുമില്ല. പ്രാപഞ്ചിക വ്യവസ്ഥ നിലകൊള്ളുന്നതും മനുഷ്യൻെറ ഇഹപര ജീവിത സൗഭാഗ്യത്തിന്ന് ആധാരവുമായ ചില മൗലിക സത്യങ്ങളുടെ കേവലം രാഷ്ട്രീയ മേൽക്കോയ്മ അംഗീകരിപ്പിക്കുക മാത്രമാണ് അതിൻെറ ഉദ്ദേശം. മററുള്ളവരെക്കൊണ്ട് ഈ മൗലികസത്യങ്ങളുടെ രാഷ്ട്രീയ മേൽക്കോയ്മ അംഗീകരിപ്പിക്കുന്നവരാകട്ടെ, മററാരേക്കാളും മുമ്പ് ആ മേൽക്കോയ്മ അംഗീകരിച്ചവരാണ്. ഒരു മഹാ ശക്തിയുടെ യജമാനത്വം അംഗീകരിക്കുകയും സ്വയം അവൻെറ പൂൎണ്ണ അടിമകളെന്ന നിലപാട് പുലൎത്തുകയും ചെയ്യുന്നവർ മററുള്ളവരെ തങ്ങളുടെ അടിമകളാക്കുമെന്ന് കരുതാമോ? മററുള്ളവരെക്കൊണ്ട് ഈ സോപാധികമായ രാഷ്ട്രീയ മേല്ക്കോയ്മ അംഗീകരിപ്പിക്കുന്നതു തന്നെ തങ്ങളുടെ താല്പൎയ്യത്തിന്നു വേണ്ടിയല്ലെന്നും അതംഗീകരിക്കുന്നവരുടെ ഗുണത്തിന്നു വേണ്ടിയാണെന്നും ഓൎക്കേണ്ടതുണ്ട്. അവരിൽനിന്ന് വല്ലതും നേടുവാനല്ല അവൎക്ക് വല്ലതും നല്കുവാനാണ് ഇവർ ആഗ്രഹിക്കുന്നത്. ഇസ്ലാമിൻെറ രാഷ്ട്രീയ മേല്ക്കോയ്മ അംഗീകരിപ്പിക്കുക വഴി അവരുടെ ഇഹപര സൗഭാഗ്യങ്ങൾക്ക് നിദാനമായ സത്യത്തെ അടുത്തുനിന്ന് വീക്ഷിക്കുവാനും ഗ്രഹിക്കുവാനും അവ

ക്ക് അവസരം നല്കുകയാണ് ചെയ്യുന്നത്. ഈ രാഷ്ട്രീയ മേൽക്കോയ്മയെ അഭിമാനത്തിന്റെയും അന്തസ്സിന്റെയും പ്രശ്നമായി അവർ കരുതുമെന്നതിൽ സംശയമില്ല. പക്ഷെ അത് തെററായ അഭിമാനമായതുകൊണ്ടും അവരുടെ തന്നെ നന്മക്ക് വിരുദ്ധമാകകൊണ്ടും തീരെ പരിഗണനാർഹമല്ല.

## സായുധ ജിഹാദിന്റെ ഉപാധികൾ

പ്രതിരോധപരമാകട്ടെ ആക്രമണപരമാകട്ടെ, സായുധജിഹാദ് ചില പ്രത്യേക സാഹചര്യങ്ങളിൽ, ചില ഉപാധികളോടെ മാത്രമേ നടത്താൻ പാടുള്ളൂ. അല്ലാത്ത പക്ഷം ആ ജിഹാദ് പ്രതിഫലമർഹിക്കയില്ലെന്നു മാത്രമല്ല, അല്ലാഹുവിന്റെ അതൃപ്തിക്ക് കാരണമാവുകയും ചെയ്യും. സായുധജിഹാദിന്റെ ഉപാധികൾ താഴെ വിവരിക്കുന്നു:

1) ജിഹാദ് ചെയ്യുന്ന മുസ്ലിംകൾ സ്വതന്ത്രരും സ്വയം നിർണ്ണയാവകാശമുള്ളവരും സ്വന്തമായ ഒരു സാമൂഹ്യവ്യവസ്ഥ നിലവിലുള്ളവരും ഒരു അമീറിന്റെയോ ഖലീഫയുടെയോ നേതൃത്വം സ്വീകരിച്ചിട്ടുള്ളവരുമായിരിക്കണം. ഇത്തരമൊരു സ്വതന്ത്ര സാമൂഹ്യഘടനയില്ലാതെ സമരത്തിന്നു മുന്നിട്ടിറങ്ങാവതല്ല. പ്രതിരോധയുദ്ധമാകട്ടെ മുന്നേററ യുദ്ധമാകട്ടെ, ഒരു സ്വതന്ത്ര ചുററുപാടിലും അധികാരമുള്ള ഒരു അമീറിന്റെ നേതൃത്വത്തിലും മാത്രമേ സാധ്യമാവൂ * മക്കയിലെ പ്രതികൂ

---

* രാഷ്ട്രീയമായി സ്വതന്ത്രരും സ്വയം നിർണ്ണയാവകാശമുള്ളവരുമല്ലാത്ത ഏതെങ്കിലും രാഷ്ട്രത്തിലെ മുസ്ലിംകൾ മർദ്ദിക്കപ്പെടുകയാണെങ്കിൽ പ്രതിരോധ നടപടികൾ പാടില്ലെന്നു ഇതിന്നർത്ഥമില്ല. അക്രമികളെ ചെറുക്കൽ പുണ്യമുള്ള കാര്യമാണ്. ആത്മരക്ഷക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ ഒരു മുസ്ലിം വധിക്കപ്പെടുകയാണെങ്കിൽ അവന്നു രക്തസാക്ഷികളുടെ പദവിയാണുള്ളത്.

مَنْ قُتِلَ دُونَ مَالِهِ فَهُوَ شَهِيدٌ وَمَنْ قُتِلَ دُونَ أَهْلِهِ أَوْ دُونَ
دَمِهِ أَوْ دُونَ دِينِهِ فَهُوَ شَهِيدٌ (ابوداود)

ല സാഹചര്യത്തിൽ ഖുറൈശികളുടെ മർദ്ദനങ്ങൾ മൂർദ്ധന്യ ദശ പ്രാപിച്ചിട്ടും പ്രതിരോധത്തിനു പോലും തിരുമേനിക്ക് അനുവാദം നല്കപ്പെട്ടില്ല. മദീനയിലെ സ്വതന്ത്രമായ രാഷ്ട്രീയ ചുററുപാടിൽ നബി (സ) യുടെ നേതൃത്വത്തിൽ ഒരു ഇസ്ലാമിക രാഷ്ട്രം നിലവിൽ വന്നതിനു ശേഷം മാത്രമേ ആ അനുവാദം നല്കപ്പെട്ടുള്ളു. പ്രബോധനം സായുധ ജിഹാദിൻെറ ഘട്ടത്തിൽ പ്രവേശിച്ച എല്ലാ പ്രവാചകന്മാരുടെയും സ്ഥിതി ഇതു തന്നെയായിരുന്നു.

ഈ ഉപാധി പൂർത്തിയാകുന്നതു വരെ ദീനിൻെറ പേരിൽ ഏല്ക്കേണ്ടിവരുന്ന മർദ്ദനങ്ങൾ ക്ഷമയോടും സഹനത്തോടും തരണം ചെയ്യലാണ് യഥാർത്ഥ ജിഹാദ്.

2) എതിരാളികളോട് ഏററുമുട്ടാൻ ആവശ്യമായ ശക്തി കൈവരിക്കണം. ശരീരത്തിനെ പിൻപററുന്ന വിഷയത്തിൽ ഖുർആൻ പഠിപ്പിക്കുന്ന ഒരു പൊതു തത്വം ഇതാണ്:

لَا تُكَلَّفُ نَفْسٌ إِلَّا وُسْعَهَا (البقرة)

‘ഒരാളും അവൻെറ കഴിവിൽ കവിഞ്ഞ ചുമതല ഏല്പിക്കപ്പെടുകയില്ല’’

ഈ തത്വമനുസരിച്ചാണ് ഖുർആൻ ഇങ്ങനെ നിർദ്ദേശിക്കുന്നത്:

---

(ഒരാൾ തൻെറ ധനത്തിൻെറ പേരിൽ വധിക്കപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. ഒരാൾ തൻെറ കുടുംബത്തിന്നോ, ജീവന്നോ, ദീനിന്നോ വേണ്ടി വധിക്കപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്.) പക്ഷേ ഇവിടെ വിവരിക്കുന്ന സാങ്കേതിക ജിഹാദും യുദ്ധവും ഒന്നും, സ്വന്തം ജീവനും സ്വത്തും സംരക്ഷിക്കുവാൻ അക്രമികളോട് ഏററു മുട്ടുന്നത് മറെറാന്നുമാണെന്നത് വ്യക്തമാണ്. — ഗ്ര: ക:

فَاتَّقُوا اللهَ مَا اسْتَطَعْتُمْ (التغابن)

"നിങ്ങളുടെ കഴിവനുസരിച്ച് അല്ലാഹുവിനെ സൂക്ഷിക്കുക"

ആകയാൽ യുദ്ധത്തിനാവശ്യമായ ശക്തി കൈവരുന്നതു വരെ മുസ്ലിംകൾക്ക് സായുധ ജിഹാദ് ചെയ്യാൻ ബാദ്ധ്യത യില്ല.

3) ഈ സമരവും യുദ്ധവും പൂർണ്ണമായും അല്ലാഹുവിന്റെ ദീനിന്ന വേണ്ടിയും അവന്റെ വാക്യം ഉയർത്തുന്നതിനുവേണ്ടി യുമായിരിക്കണം. തിന്മയും അക്രമവും അവസാനിപ്പിക്കലും നന്മയും നീതിയും സ്ഥാപിക്കലുമായിരിക്കണം അതിന്റെ ലക്ഷ്യം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയായിരിക്കണം ജിഹാദിന്റെ പരമ ലക്ഷ്യം. ഇതൊന്നുമല്ലാത്ത മറെറാരു ഉദ്ദേശവും ഈ യുദ്ധത്തിന്ന പിന്നിൽ ഉണ്ടായിരിക്കരുത്. ഒരിക്കൽ ഒരാൾ നബി (സ) യോടു ചോദിച്ചു: "നബിയേ, ഒരാൾ യുദ്ധ മുതലിനുവേണ്ടിയും മറെറാരാൾ കുടുംബപരവും ഗോത്രപരവുമായ അന്തസ്സിന്ന വേണ്ടിയും പൊരുതുന്നു. ഇവരിൽ ആരാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതുന്നത്" നബി (സ) പറഞ്ഞു:

مَنْ قَاتَلَ لِتَكُونَ كَلِمَةُ اللهِ هِيَ الْعُلْيَا فَهُوَ فِي سَبِيلِ اللهِ

(بخاری و مسلم)

(അല്ലാഹുവിന്റെ വാക്യം ഉയർത്തുവാൻ പൊരുതുന്നവനാരോ അവനാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതുന്നവൻ)

മറെറാരവസരത്തിൽ നബി (സ) യോടു് ഒരാൾ ചോദിച്ചു: "ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു. അതോ

ടൊപ്പം ഐഹികമായ ലാഭചിന്തയും അയാളുടെ മനസ്സിലുണ്ട്. അയാളെപ്പററി അങ്ങ് എന്തു പറയുന്നു?"

നബി (സ) പറഞ്ഞു: "അവനു പ്രതിഫലമില്ല."

(അബൂദാവൂദ്)

താത്വികമായി നബി (സ) പ്രസ്താവിക്കുന്നു:

لَيْسَ مِنَّا مَنْ قَاتَلَ عَصَبِيَّةً وَلَيْسَ مِنَّا مَنْ مَاتَ عَلَى عَصَبِيَّةٍ

(ابو داود)

(കുടുംബ പക്ഷപാതത്തിനു വേണ്ടി പൊരുതുകയും അതിനുവേണ്ടി മരിക്കുകയും ചെയ്യുന്നവൻ നമ്മുടെ അനുയായിയല്ല)

ആദ്യത്തെ രണ്ടു് ഉപാധികളുടെ ആവശ്യകത തികച്ചും വ്യക്തമാണ്. മൂന്നാമത്തെ ഉപാധി മനസ്സിലാകണമെങ്കിൽ അല്പം ചിന്തിക്കേണ്ടതുണ്ട്. മുകളിൽ വിശദീകരിച്ച പ്രകാരം നന്മയും ദൈവഭക്തിയും നിലനിത്തുവാനും തിന്മയും കുഴപ്പവും അവസാനിപ്പിക്കുവാനും വേണ്ടിയാണ് ഇസ്ലാം യുദ്ധത്തിന്ന് ആജ്ഞ നല്കിയത്. സ്വാത്ഥതാല്പര്യങ്ങളാം വെച്ചുപുലത്തുകയും അതിനുവേണ്ടി യുദ്ധം നടത്തുകയും ചെയ്യുന്നവക്ക് നന്മയും ദൈവഭക്തിയും നിലവിൽ വരുത്താൻ കഴിയുമോ? അവർ ഒരു തിന്മയുടെ സ്ഥാനത്ത് മറെറാരു തിന്മ സ്ഥാപിക്കുകയാണ് ചെയ്യുക. അത് ഇസ്ലാമിനു ഗുണകരമല്ല. അങ്ങേയററം ഹാനികരമാണ്. അവർ തിന്മയുടെ ഈ കളി ഇസ്ലാമിൻെറ പരിശുദ്ധ നാമത്തിലാണ് കളിക്കുന്നതെന്നു്മാത്രം. അത് അല്ലാഹുവിൻെറ അടിമകളെ അവൻെറ ദീനിൽനിന്നു് അകററുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ.

## ജിഹാദിൻെറ പ്രാധാന്യം

ജിഹാദ് ഇസ്ലാമിൻെറ നിലനില്പിന്നാധാരവും ഈമാനിൻെറ സ്വാഭാവിക താൽപര്യവുമാകയാൽ ഇസ്ലാമിൽ അതിന്നുള്ള പ്രാധാന്യം അതുല്യമത്രെ. സത്യവിശ്വാസികളുടെ മൗലിക ഗുണങ്ങൾ വിവരിക്കുന്നേടത്തെല്ലാം ഖുർആൻ ജിഹാദിനെക്കുറിച്ചു എടുത്തുപറയുന്നതായി കാണാം. ഒരിടത്തു പറയുന്നു:

وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ وَالَّذِينَ
آوَوْا وَنَصَرُوا أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا (الانفال)

"വിശ്വസിക്കുകയും ഹിജ്റ (പലായനം) പോവുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുകയും ചെയ്തവരും അവർക്ക് അഭയവും സഹായവും നല്കിയവരുമത്രെ യഥാർത്ഥ സത്യവിശ്വാസികൾ."

മറെറാരിടത്തു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَىٰ تِجَارَةٍ تُنجِيكُم مِّنْ عَذَابٍ
أَلِيمٍ، تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ
بِأَمْوَالِكُمْ وَأَنفُسِكُمْ (الصف)

"സത്യവിശ്വാസികളെ, വേദനാജനകമായ ശിക്ഷയിൽനിന്നു് രക്ഷ നല്കുന്ന ഒരു കച്ചവടത്തെപ്പററി നിങ്ങളെ അറിയിക്കട്ടെ. അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങളുടെ ധനംകൊണ്ടും ശരീരംകൊണ്ടും ജിഹാദ് ചെയ്യുകയുമാണ് അത്."

ദീനിൻെറയും ഈമാനിൻെറയും പൂർണ്ണതയും പാരത്രിക ശിക്ഷയിൽനിന്നുള്ള വിമുക്തിയും ജിഹാദിനെ കൂടാതെ സങ്കൽപിക്കുക സാധ്യമല്ലെന്നർത്ഥം.

ഈ ഖുർആൻ വാക്യങ്ങളിൽ സായുധ ജിഹാദിനെയാണ് സ്പർശിച്ചിട്ടുള്ളതെങ്കിലും താത്വികമായി ജിഹാദിൻെറ മററു വകുപ്പുകളും പെടും. അതാത് സന്ദർഭമനുസരിച്ച് ജിഹാദിൻെറ ഏത് രൂപവും ഏത് വകുപ്പും ഈമാനിൻെറ മാനദണ്ഡമാണ്. ഇനി ഓരോന്നെടുത്ത് പരിശോധിക്കാം:

## ആഭ്യന്തര ജിഹാദ്

ആദ്യമായി ആഭ്യന്തര ജിഹാദിനെ എടുക്കാം. ഖുർആൻ ഇതിനെ സത്യവിശ്വാസത്തിൻെറയും കാപട്യത്തിൻെറയും ഇടക്കുള്ള അതിർത്തിരേഖയായി കണക്കാക്കുന്നു. ഈമാനിൻെറ അടയാളമെന്നാണ് റസൂൽ (സ) ഇതിനെ വിശേഷിപ്പിക്കുന്നത്. നന്മ പ്രചരിപ്പിക്കുവാനും തിന്മ തടയുവാനുമുള്ള വികാരം അലതല്ലാത്ത ഹൃദയത്തിൽ സത്യവിശ്വാസത്തിൻെറ പ്രകാശമുണ്ടായിരിക്കുകയില്ലെന്നും, മറിച്ച് കാപട്യത്തിൻെറ അന്ധകാരം കുമിഞ്ഞു കൂടുമെന്നും ഖുർആനും സുന്നത്തും നമ്മെ മനസ്സിലാക്കുന്നു. ഒരു സത്യവിശ്വാസിക്ക് ഒരിക്കലും തിന്മയെ പൊറുപ്പിക്കുക സാധ്യമല്ല. തിന്മയെ കൈകൊണ്ടും നാവുകൊണ്ടും തടയാൻ സാധിച്ചില്ലെങ്കിൽ ഹൃദയംകൊണ്ട് അതിനെ വെറുക്കുകയെങ്കിലും വേണം. ഈമാനിൻെറ ഏററവും താണ പടിയാണിത്. ഈ ഹൃദയംപോലുമില്ലാത്ത ഒരാൾ അല്ലാഹുവിൻെറയും റസൂലിൻെറയുമടുക്കൽ സത്യവിശ്വാസിയായി അംഗീകരിക്കപ്പെടുകയില്ല.

ഈ ജിഹാദിനു ഈമാനുമായി പ്രകൃത്യായുള്ള ബന്ധം അഗാധമാണ്. സമുദായങ്ങളുടെ ജയാപജയങ്ങളുടെ മാനദണ്ഡമാ

യി അതു കണക്കാക്കപ്പെടുന്നു. നല്ല ആളുകൾ സ്വന്തം നന്മയിൽ മാത്രം ശ്രദ്ധിക്കുകയും ചുററുപാടുമുള്ള തിന്മയുടെ പ്രളയത്തിനു നേരെ കണ്ണടക്കുകയുമാണെങ്കിൽ അത്തരമൊരു സമുദായത്തിനു ലോകത്ത് യാതൊരു നിലയും വിലയും അവശേഷിക്കുകയില്ല. കാട്ടുതീയിൽപെട്ട ഉണങ്ങിയ പുൽക്കൊടികൾ പോലെ ആ സമുദായം നശിച്ചു പോകും. നാശത്തിൻെറ കാട്ടു തീ പടൎന്നുപിടിക്കുമ്പോൾ ദുർജ്ജനങ്ങൾ മാത്രമല്ല, തിന്മയെക്കുറിച്ച് മൗനം ദീക്ഷിക്കുന്ന 'സജ്ജനങ്ങളു'മുൾപ്പെടെ സമുദായമൊന്നായി നശിച്ചു നാമാവശേഷമാകും. തിന്മയുടെ പ്രളയത്തിലും തങ്ങളുടെ കർത്തവ്യം വിസ്മരിക്കാതെ അതിനെതിരിൽ ശബ്ദമുയർത്തുകയും കഴിയുന്നത്ര ജനങ്ങളെ അതിൽനിന്നു തടയാൻ പരിശ്രമിക്കുകയും ചെയ്തവർ മാത്രമായിരിക്കും ആ സാർവ്വത്രിക നാശത്തിൽനിന്നു രക്ഷപ്പെടുക. പൂർവ്വിക സമുദായങ്ങളുടെ ചരിത്രം ഈ ദൈവിക നിയമത്തെ വിളിച്ചോതുന്നു. മുസ്ലിംകൾ പാഠം പഠിക്കുവാൻ വേണ്ടി ഖുർആൻ ആ ചരിത്രം അവലോകനം ചെയ്തുകൊണ്ടു പറയുന്നു:

فَلَوْلَا كَانَ مِنَ الْقُرُونِ مِنْ قَبْلِكُمْ أُولُوا بَقِيَّةٍ يَنْهَوْنَ عَنِ

الْفَسَادِ فِي الْأَرْضِ إِلَّا قَلِيلًا مِمَّنْ أَنْجَيْنَا مِنْهُمْ (هود)

"നാം രക്ഷപ്പെടുത്തിയ ഏതാനും ചിലരൊഴിച്ച് മുൻ കഴിഞ്ഞ സമുദായങ്ങളിൽ പെട്ട നല്ല ജനങ്ങൾ എന്തുകൊണ്ട് ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നതിനെ വിരോധിച്ചില്ല."

അല്ലാഹുവിൻെറ ഈ രക്ഷാ ശിക്ഷാ നിയമങ്ങളെക്കുറിച്ച് നബി (സ) മുസ്ലിംകളെ താക്കീത് ചെയ്യുന്നു.

وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُونَ بِالْمَعْرُوفِ وَتَنْهَوُنَ عَنِ الْمُنْكَرِ أَوْلَيُوشِكَنَّ اللهُ أَنْ يَبْعَثَ عَلَيْكُمْ عِقَابًا مِنْهُ ثُمَّ تَدْعُونَهُ فَلَا يُسْتَجَابُ لَكُمْ (ترمذى)

(എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സത്യം. നിങ്ങൾ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തുകൊണ്ടിരിക്കണം. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളെ ശിക്ഷക്ക് പാത്രീഭൂതരാക്കിയേക്കാം. അന്നേരം നിങ്ങൾ അവനോട് പ്രാർത്ഥിക്കും. പക്ഷെ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല.)

ഇതും ഇതുപോലുള്ള പ്രവാചക നിർദ്ദേശങ്ങളും യഥാർത്ഥത്തിൽ താഴെ കൊടുക്കുന്ന ദൈവിക ശാസനയുടെ വിശദീകരണമാണ്.

وَاتَّقُوا فِتْنَةً لَا تُصِيبَنَّ الَّذِينَ ظَلَمُوا مِنْكُمْ خَاصَّةً وَاعْلَمُوا أَنَّ اللهَ شَدِيدُ الْعِقَابِ (الانفال)

"നിങ്ങൾ നാശത്തെ സൂക്ഷിക്കുക. അതു നിങ്ങളിൽ അക്രമം പ്രവർത്തിച്ചവരെ മാത്രമല്ല പിടികൂടുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനെന്നും അറിഞ്ഞുകൊള്ളുക."

ഇസ്രായീൽ സമുദായത്തിൽ 'ആഭ്യന്തരമായ ജിഹാദി'നെ സംബന്ധിച്ച ബോധം മിക്കവാറും അസ്തമിക്കുകയും തിന്മകൾ കാട്ടുചെടികൾ പോലെ വളർന്നു പന്തലിക്കുകയും സമൂഹത്തെ

തിന്മയിൽനിന്നു് വിമുക്തമാക്കാൻ പറയത്തക്ക പ്രവർത്തനങ്ങൾ നടക്കാതിരിക്കുകയും ചെയ്ത കാലത്താണു് അല്ലാഹുവിൻെറ കഠിന ശാപത്തിന്നു അവർ പാത്രീഭൂതരായതു്.

لُعِنَ الَّذِينَ كَفَرُوا مِنْ بَنِي إِسْرَائِيلَ عَلَى لِسَانِ دَاوُدَ وَعِيسَى
ابْنِ مَرْيَمَ ذَلِكَ بِمَا عَصَوْا وَكَانُوا يَعْتَدُونَ، كَانُوا لَا
يَتَنَاهَوْنَ عَنْ مُنْكَرٍ فَعَلُوهُ لَبِئْسَ مَا كَانُوا يَعْمَلُونَ

(المائدة)

"ഇസ്രാഈൽ സന്തതികളിൽ പെട്ട സത്യനിഷേധികൾ ദാവൂദിൻെറയും മർയമിൻെറ പുത്രൻ ഈസയുടെയും നാവാൽ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേടും അധിക്രമവും പ്രവർത്തിച്ചതാണു് അതിന്നു കാരണം. അവരിൽ നടമാടിയിരുന്ന തിന്മയെ അവർ പരസ്പരം നിരോധിച്ചിരുന്നില്ല. നിശ്ചയമായും വളരെ ദുഷിച്ചതായിരുന്നു അവരുടെ പ്രവൃത്തികൾ."

ജിഹാദിൻെറ ഈ ഇനം സത്യസാക്ഷ്യത്തിൻെറ നിർമ്മാണാത്മക വശത്തിൽ കൂടി നോക്കിയാലും വലിയ പ്രാധാന്യമർഹിക്കുന്നു. ഒരുനിലക്കു് ഏററവും പ്രധാനമതാണു്. ബാഹ്യലോകത്തിന്നു മുമ്പിൽ ഇസ്ലാമിന്നു സാക്ഷ്യം വഹിക്കുന്നതിലുള്ള വിജയം സാക്ഷ്യം വഹിക്കുന്നവരുടെ സമൂഹം സ്വന്തം പ്രവൃത്തിയിലൂടെ ആ സാക്ഷ്യത്തിൽ എത്രകണ്ടു് ഭാഗഭാക്കുകളാവുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഒരു ഭാഗത്തു് ഇസ്ലാമിൻെറ സത്യത സ്ഥാപിച്ചുകൊണ്ടിരിക്കുമ്പോൾ മറു ഭാഗത്തു് ഇസ്ലാമിൻെറ അനുയായികൾ സത്യനിഷേധത്തോടും കാപട്യത്തോടും തങ്ങളുടെ കർമ്മപരമായ മമത പ്രകടമാക്കുക

യാണെങ്കിൽ ലോകം ഈ സാക്ഷ്യത്തിന്ന വല്ല വിലയും കല്പിക്കുമോ? അങ്ങനെ വരുമ്പോൾ മുസ്ലീം സമുദായികരുടെ അഭിമാനത്തിന്റെയും ഔന്നത്യ ബോധത്തിന്റെയും പ്രകടനമായി മാത്രമേ ലോകം അതിനെ കണക്കാക്കുകയുള്ളൂ. അങ്ങനെ മനസ്സിലാക്കുന്നതിൽ വലിയൊരളവോളം അവർ നിരപരാധരുമായിരിക്കും. അതിനാൽ മുസ്ലീം സമുദായം സ്വന്തം തിന്മകളുടെ നേരെ ഉയരിപ്പിടിച്ച വാളായിത്തീരാത്ത കാലത്തോളം മററുള്ളവരുടെ മുമ്പിൽ ഇസ്ലാമിന്റെ സന്ദേശവുമായി പ്രത്യക്ഷപ്പെടാൻ അവക്ക് അർഹതയില്ല.

## പ്രബോധനപരവും ചിന്താപരവുമായ ജിഹാദ്

ഇനി പ്രബോധനപരവും ചിന്താപരവുമായ ജിഹാദിന്റെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിക്കാം. ഒരു സമുദായമെന്ന നിലക്ക് മുസ്ലിംകളുടെ നിലനിൽപിന്റെ ഉദ്ദേശം ഇസ്ലാമിന്റെ സാക്ഷ്യമാണെങ്കിൽ ഈ ജിഹാദ് അതിന്റെ ആവശ്യകതകൊണ്ടും വൈപുല്യംകൊണ്ടും വമ്പിച്ച പ്രാധാന്യമർഹിക്കുന്നു. അതിന്റെ ആവശ്യകത വളരെ വ്യക്തമാണ്. ഇസ്ലാമിനെ അതർഹിക്കുന്ന വിധത്തിൽ മററുള്ളവരുടെ മുമ്പിൽ സമർപ്പിക്കാത്ത കാലത്തോളം അതിന്റെ സാക്ഷ്യം നിർവ്വഹിക്കുക സാദ്ധ്യമല്ലതന്നെ. അതിനാൽ തെളിവുകൾ നിരത്തിവെച്ചുകൊണ്ട് ഇസ്ലാമിനെ ജനതാമദ്ധ്യേ നന്നായി അവതരിപ്പിക്കുകയും അവരുടെ സന്ദേഹങ്ങൾ ഒന്നൊന്നായി നീക്കിക്കൊടുക്കുകയും ചെയ്യുക അനിവാര്യമത്രെ. ഈ ജിഹാദിന്റെ വ്യാപ്തിയും അവ്യക്തമല്ല. 'ഇസ്ലാം' ഒന്നാണെങ്കിൽ 'അനിസ്ലാം' അനേകമാണ്. ഇസ്ലാമിന്റെ സാമാന്യമായ പരിചയപ്പെടുത്തലും ആചാരപരമായ തബ്ലീഗും ഒരു പ്രസംഗംകൊണ്ടു സാധിച്ചേക്കാം. പക്ഷെ 'ഇസ്ലാമിന്റെ സാക്ഷ്യം' എന്നു പറയുന്നത് അതിൽനിന്നു തികച്ചും വ്യത്യസ്തമാ

ണ്. (ഒന്നാമതായി 'സാക്ഷ്യം' എന്ന ശബ്ദം തന്നെ ആചാര പരമായ തബ്‌ലീഗിനെക്കാൾ വളരെ വിപുലമായ അർത്ഥം കുറിക്കുന്നു.) രണ്ടാമതായി, വ്യത്യസ്ത ചിന്താഗതിക്കാരും ആദർശക്കാരും വിശ്വാസക്കാരും മതക്കാരുമായ ജനവിഭാഗങ്ങളുടെ മുമ്പിലാണ് ഈ സാക്ഷ്യം നിർവ്വഹിക്കേണ്ടത്. ഇക്കാലത്ത് ഈ കർത്തവ്യം നിറവേററാൻ എത്ര വിശാലമായ രംഗങ്ങളിൽ പൊരുതേണ്ടി വരും? എത്ര വൈവിധ്യമാർന്ന ആയുധങ്ങൾ ഉപയോഗിക്കേണ്ടിവരും? എത്ര ദുർഘടമായ യുദ്ധരംഗങ്ങൾ അഭിമുഖീകരിക്കേണ്ടി വരും? സായുധ ജിഹാദ് പ്രത്യേക സാഹചര്യങ്ങളിലും ഒട്ടേറെ ഉപാധികളോടും കൂടി മാത്രമേ നിർവ്വഹിക്കേണ്ടതുള്ളു. എന്നാൽ ചിന്താപരവും പ്രബോധനപരവുമായ ജിഹാദിനാകട്ടെ കാലത്തിൻെറയോ സാഹചര്യത്തിൻെറയോ യാതൊരു ഉപാധിയുമില്ല. എല്ലാ കാലത്തും എല്ലാ സ്ഥലത്തും നിർവ്വഹിക്കേണ്ട കർത്തവ്യമാണത്. സായുധ ജിഹാദിനുള്ള സാഹചര്യങ്ങളും ഉപാധികളും കൈവരുന്നത് വരെ സത്യപ്രബോധനത്തിൻെറ സമസ്ത സംരംഭങ്ങളും ഈ ജിഹാദിന്മേലാണ് നിലകൊള്ളുന്നത്. ഒട്ടേറെ പ്രവാചകന്മാരുടെ ചരിത്രം, അവരുടെ നുബുവ്വത്തിൻെറ കാലഘട്ടം മുഴുവൻ ഈ ജിഹാദിൽ പരിമിതമായിരുന്നുവെന്നും സായുധ ജിഹാദിൻെറ ഘട്ടം തന്നെ അവർക്ക് ഉണ്ടായിട്ടില്ലെന്നും ചൂണ്ടിക്കാണിക്കുന്നു. സായുധ ജിഹാദ് ഒഴിച്ചുകൂടാത്ത ചില നിർബ്ബന്ധിതാവസ്ഥകളുടെ പരിണത ഫലം മാത്രമാണ്. മതപ്രബോധനത്തിൻെറയും സത്യസാക്ഷ്യത്തിൻെറയും യഥാർത്ഥ ഉദ്ദേശം ജനങ്ങളിൽ സത്യവിശ്വാസവും ദൈവബോധവും സംജാതമാക്കുകയത്രെ. സദുപദേശങ്ങളും യുക്തമായ തെളിവുകളും കൊണ്ടു മാത്രമേ ജനഹൃദയങ്ങളിൽ ദൈവ വിശ്വാസവും ദൈവ ഭക്തിയും ജനിപ്പിക്കാനാവൂ. ആയുധംകൊണ്ട് ഒരിക്കലും അവ ഉണ്ടാവുകയില്ല. സദുപദേശത്തിൻെറയും യുക്തിപൂർവ്വമായ പ്രബോധനത്തിൻെറയും മുമ്പിലുള്ള തടസ്സങ്ങൾ നീക്കുന്നതിനു വേണ്ടി മാത്രമാണ് ആയുധമെടുക്കുന്നത്.

ഈ ജിഹാദ് തന്നെ "സഹായി"ക്കലാണെന്നും അത് ചെയ്യുന്നവർ "തൻെറ സഹായിക"ളാണെന്നും അല്ലാഹു വി ശേഷിപ്പിക്കുന്നതിൽനിന്നു് അത് എത്രകണ്ട് പ്രാധാന്യമർഹി ക്കുന്നുവെന്നു് നമുക്ക് ഊഹിക്കാം.

يَا أَيُّهَا الَّذِينَ آمَنُوا كُونُوا أَنْصَارَ اللهِ كَمَا قَالَ عِيسَى بْنُ مَرْيَمَ لِلْحَوَارِيِّينَ مَنْ أَنْصَارِي إِلَى اللهِ قَالَ الْحَوَارِيُّونَ نَحْنُ أَنْصَارُ اللهِ (الصف)

"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിൻെറ സഹായിക ളാവുക. മർയമിൻെറ പുത്രൻ ഈസാ അല്ലാഹുവിനു വേണ്ടി എന്നെ സഹായിക്കുന്നവർ ആരെന്നു് ഹവാരികളോട് ചോ ദിച്ചപ്പോൾ ഹവാരികൾ "ഞങ്ങൾ അല്ലാഹുവിൻെറ സഹാ യികളാണ്" എന്നു് പറഞ്ഞതുപോലെ."

ഈസാനബി (അ) യുടെ പ്രബോധനം സായുധ ജിഹാദി ൻെറ ഘട്ടത്തിൽ പ്രവേശിച്ചിരുന്നില്ലെന്നും അത് ചിന്താപരവും പ്രബോധനപരവുമായ ജിഹാദിൽ പരിമിതമായിരുന്നുവെന്നും സുവിദിതമാണ്. എന്നിട്ടും അദ്ദേഹത്തിൻെറ അനുയായിക ളെ 'അല്ലാഹുവിൻെറ സഹായികൾ' എന്നു് വിശേഷിപ്പിച്ച ഈ മഹത്തായ അഭിധാനത്തിനു് അവർ അർഹരായത് അവർ അല്ലാഹുവിൻെറ ദീൻ ഇതരക്ക് എത്തിച്ചുകൊടുക്കുകയെന്ന കർത്തവ്യം നിർവ്വഹിച്ചുവെന്നതുകൊണ്ടു മാത്രമാണ്. അല്ലാഹു വിൻെറ ദീൻ സർവ്വ കഴിവും പ്രയോഗിച്ച് പ്രചാരം ചെയ്യുക യും പ്രതികൂല സാഹചര്യത്തിൽ പോലും സത്യത്തിൻെറ സന്ദേ ശം മുഴക്കുകയും ആ മാർഗ്ഗത്തിൽ ഏത് ത്യാഗത്തിനും തയാറെ ടുക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾക്ക് മാത്രമേ 'അല്ലാ

ഹുവിന്റെ സഹായികൾ’ എന്ന ബഹുമതി സിദ്ധിക്കുകയുള്ളു. ഈസാ (അ) തന്റെ അനുയായികളോട് ‘എന്നെ സഹായിക്കുന്നവർ ആര്?’ എന്നു ചോദിച്ചത് ഇസ്രാഈല്യർ അദ്ദേഹത്തെ അവസാനമായി നിഷേധിക്കുകയും അദ്ദേഹത്തിനെതിരിലുള്ള മറ്റന നടപടികൾ ശക്തി പ്രാപിക്കുകയും ചെയ്ത കാലഘട്ടത്തിലായിരുന്നുവെന്നു സൂറ: ആലു ഇംറാനിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

فَلَمَّا أَحَسَّ عِيسَىٰ مِنْهُمُ الْكُفْرَ قَالَ مَنْ أَنصَارِي إِلَى اللَّهِ قَالَ الْحَوَارِيُّونَ نَحْنُ أَنصَارُ اللَّهِ آمَنَّا بِاللَّهِ وَاشْهَدْ بِأَنَّا مُسْلِمُونَ

(آل عمران)

“(തന്റെ ദൗത്യം അവസാനമായി) അവർ നിഷേധിക്കുന്നുവെന്ന് ബോധ്യപ്പെട്ടപ്പോൾ ഈസാ (അ) ചോദിച്ചു: അല്ലാഹുവിനു വേണ്ടി എന്നെ സഹായിക്കുന്നവർ ആര്? ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവനെ അനുസരിക്കുന്നവരാണെന്നു അങ്ങ് സാക്ഷ്യം വഹിച്ചാലും.”

മതപ്രബോധനം കഠിനമായ എതിർപ്പിന്റെ ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോഴും അടിപതറാതെ ആ കർത്തവ്യം നിർവ്വഹിക്കുന്നവർക്കാണ് ‘അല്ലാഹുവിന്റെ സഹായികൾ’ എന്ന സ്ഥാനം നല്കപ്പെടുകയെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. ഇവ്വിധം ത്യാഗപൂർണ്ണമായ പ്രബോധന സംരംഭങ്ങൾ മാത്രമേ ശരിയായ അർത്ഥത്തിലുള്ള ‘സമര’വും ദൈവമതത്തിന്റെ ’സഹായ’വുമാവുകയുള്ളുവെന്നതാണ് അതിനു കാരണം.

## സായുധ ജിഹാദ്

ഇനി സായുധ ജിഹാദിൻെറ പ്രാധാന്യത്തെപററി ചിന്തിക്കാം. ഖുർആനിലും ഹദീസുകളിലും ഇതെപ്പററി വന്ന നിരവധി പ്രസ്താവനകളിൽ നിന്നു നമസ്കാരമൊഴിച്ച് മററൊരു കർമ്മവും അല്ലാഹുവിങ്കൽ അത്രയേറെ പ്രിയംകരമായിട്ടില്ലെന്നു് മനസ്സിലാക്കാം. ചിന്താപരവും പ്രബോധനപരവുമായ ജിഹാദ് ചെയ്യുന്നവർക്ക് 'അല്ലാഹുവിൻെറ സഹായികൾ' എന്ന ബഹുമതി നല്കപ്പെട്ടുവെങ്കിൽ അല്ലാഹുവിൻെറ ദീനിനുവേണ്ടി ജീവത്യാഗത്തിനുപോലും സന്നദ്ധരായി രംഗത്തിറങ്ങുന്നവർക്ക് എന്തു് ബഹുമതിയായിരിക്കും നൽകപ്പെടുകയെന്നു് ഊഹിക്കാവുന്നതേയുള്ളു. ആദ്യ വിഭാഗത്തെക്കുറിച്ച് 'തൻെറ സഹായികൾ' എന്നു് പറയുമ്പോൾ രണ്ടാമത്തെ വിഭാഗത്തെക്കുറിച്ച് 'തൻെറ സ്നേഹപാത്രങ്ങൾ' എന്നാണ് അല്ലാഹു പറയുന്നത്.

إِنَّ اللَّهَ يُحِبُّ الَّذِينَ يُقَاتِلُونَ فِي سَبِيلِهِ صَفًّا كَأَنَّهُم بُنْيَانٌ
مَّرْصُوصٌ (الصف)

"കെട്ടുറപ്പുള്ള ഒരു മതിൽ ഭിത്തിപോലെ ഒററക്കെട്ടായി അണി നിരന്നു് തൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു; നിശ്ചയം."

ചില നബി വചനങ്ങളിലൂടെ ഈ ഖുർആൻ വാക്യത്തിൻെറ വിശദീകരണം മനസ്സിലാക്കാം.

"ഒരു രാപ്പകലത്തെ അതിർത്തി കാവൽ ഒരു മാസക്കാലത്തെ തുടർച്ചയായ നോമ്പിനേക്കാളും നമസ്കാരത്തേക്കാളും ശ്രേഷ്ഠതരമാണ്." (മുസ്ലിം)

"ഒരാറം മരിക്കുന്നതോടെ അയാളുടെ സല്ക്കർമ്മങ്ങറം നില ക്കുന്നു. എന്നാൽ അല്ലാഹുവിൻെറ മാഗ്ഗത്തിൽ ജിഹാദി നുവേണ്ടി പുറപ്പെട്ടവൻെറ സ്ഥിതി അതല്ല. അവൻെറ സൽക്കമ്മം അന്ത്യനാറംവരെ പെരുകികൊണ്ടിരിക്കും."
(തിർമിദി)

"മുഹമ്മദിൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവ നെക്കൊണ്ട് സത്യം. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാ ദ് ചെയ്യുന്നതിനുവേണ്ടി ഒരു പ്രഭാതത്തിലും ഒരു പ്രദോഷ ത്തിലും നടത്തുന്ന യാത്ര ലോകത്തിലെ സവ്വത്തെക്കാളും മഹത്തായതാണ്. ദൈവമാർഗ്ഗത്തിൽ ശത്രുക്കളുമായി ഏററു മുട്ടുന്നത് വീട്ടിലിരുന്ന് എഴുപത് വഷക്കാലം നമസ്കരിക്കു ന്നതിനേക്കാൽ ഉത്തമമാണ്." (തിർമുദി)

"നിരന്തരം അക്ഷീണം നോമ്പനുഷ്ടിക്കുകയും നമസ്കരിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുന്നവനെപ്പോലെ ണ്, ദൈവമാഗ്ഗത്തിൽ ജിഹാദിനു പുറപ്പെട്ട ഒരാറം, തിരിച്ചു വരുന്നതു വരെ." (ബുഖാരി, മുസ്ലിം)

ദൈവമാഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവരെ സഹായിക്കുന്ന തും യുദ്ധ സന്നാഹങ്ങളിൽ ഭാഗഭാക്കാവുന്നതും കൂടി വലിയ പദവിയും പ്രതിഫലവുമർഹിക്കുന്നു. നബി (സ) പറയുന്നു:

"അല്ലാഹുവിൻെറ മാഗ്ഗത്തിൽ ജിഹാദ്ചെയ്യുന്നവനെ സാ മഗ്രികറം നൽകി സഹായിക്കുന്നവൻ സ്വയം ജിഹാദ് ചെയ്ത വനെപ്പോലെയാണ്. ഒരു മുജാഹിദിൻെറ അഭാവത്തിൽ അവ ൻെറ കുടുംബത്തെ പരിരക്ഷിക്കുന്നവൻ സ്വയം ജിഹാദിൽ പങ്കെടുത്തവനെപ്പോലെയാണ്." (ബുഖാരി, മുസ്ലിം)

"ഒരു അസ്ത്രത്തിൻെറ പേരിൽ അല്ലാഹു മൂന്നു പേരെ സ്വഗ്ഗത്തിൽ പ്രവേശിപ്പിക്കും. ഒന്ന്, അല്ലാഹുവിങ്കൽനിന്നുള്ള

പ്രതിഫലേച്ഛയോടെ അത് നിർമ്മിക്കുന്നവൻ. രണ്ട്, അത് ശത്രുവിനു നേരെ പ്രയോഗിക്കുന്നവൻ. മൂന്ന്, ആ അസ്ത്രം അവന് എത്തിച്ചുകൊടുക്കുന്നവൻ.'' (അബൂദാവൂദ്)

ജിഹാദിനു വേണ്ടി ആയുധം നിർമ്മിക്കുകയും അത് യോദ്ധാക്കൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവർ പോലും ഇത്രയേറെ പ്രതിഫലമർഹിക്കുന്നുവെങ്കിൽ സർവ്വസ്വവുമുപേക്ഷിച്ച് ജിഹാദിന്നു പുറപ്പെടുകയും അക്ഷീണമായി പൊരുതി മുറിവേല്ക്കുകയും ഒടുവിൽ ജീവൻ പോലും ബലികഴിക്കുകയും ചെയ്യുന്ന സാക്ഷാൽ മുജാഹിദിന്റെ പ്രതിഫലം എത്ര മഹത്തരമായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. ഖുർആൻ പറയുന്നു:

ولا تحسبن الذين قتلوا في سبيل الله امواتا بل احياء

عند ربهم يرزقون، فرحين بما آتاهم الله من فضله ........

يستبشرون بنعمة من الله وفضل وان الله لا يضيع اجر المؤمنين

(آل عمران)

“അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവർ മരിച്ചവരെന്ന് നിങ്ങൾ വിചാരിക്കരുത്. അവർ ജീവിച്ചിരിപ്പുള്ളവരും അവരുടെ നാഥങ്കൽ ആഹാരം ലഭിക്കുന്നവരും അല്ലാഹു പ്രദാനം ചെയ്ത അനുഗ്രഹത്തിൽ സന്തുഷ്ടരുമാണ്.........അല്ലാഹുവിന്റെ അനുഗ്രഹത്തിലും ഔദാര്യത്തിലും സത്യവിശ്വാസികളുടെ പ്രതിഫലം അവൻ പാഴാക്കുകയില്ലെന്നതിലും അവർ കൃതാർത്ഥരാണ്.''

ഈ വിധം സന്തോഷദായകമായ വാക്കുകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതി വീരമൃത്യു വരിച്ചവരെപ്പററി മാത്ര

ദമ ഖുർആൻ പ്രയോഗിച്ചിട്ടുള്ള ഖുർആനിന്റെ ഈ പ്രഖ്യാപനം ജിഹാദിന്റെയും മുജാഹിദുകളുടെയും അനിതരമായ സ്ഥാനപദവികളെ സൂചിപ്പിക്കുന്നു. നബി (സ) മററാരു ഭാഷയിൽ ആ സ്ഥാനപദവികളെ വിവരിക്കുന്നു:

مَا أَحَدٌ يَدْخُلُ الْجَنَّةَ يُحِبُّ أَنْ يَرْجِعَ إِلَى الدُّنْيَا وَلَهُ مَا

عَلَى الْأَرْضِ مِنْ شَيْءٍ إِلَّا الشَّهِيدُ يَتَمَنَّى أَنْ يَرْجِعَ إِلَى الدُّنْيَا

فَيُقْتَلَ عَشْرَ مَرَّاتٍ لِمَا يَرَى مِنَ الْكَرَامَةِ (مسلم، بخارى)

“രക്തസാക്ഷിയൊഴികെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന മററാരും, ഭൂമിയിലുള്ളതെല്ലാം അയാൾക്ക് സ്വന്തമായി ലഭിച്ചാലും, ഭൂമിയിലേക്കു തിരിച്ചു വരാൻ ആഗ്രഹിക്കുകയില്ല. എന്നാൽ രക്തസാക്ഷിയാവട്ടെ താൻ കാണുന്ന ബഹുമതിയുടെ പേരിൽ ഭൂമിയിലേക്കു മടങ്ങാനും പത്തുതവണ രക്തസാക്ഷിത്വം വരിക്കാനും ആഗ്രഹിക്കും” (ബുഖാരി, മുസ്ലിം)

ഇതെല്ലാം പരലോകത്തിലെ പ്രത്യേക പദവികളുടെ കാര്യമാണ്. എന്നാൽ ഈ ലോകത്തും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കുന്നവർക്ക് ഇതര മുസ്ലിംകളിൽ നിന്ന് വ്യത്യസ്തമായ സ്ഥാനം നൽകപ്പെട്ടിട്ടുണ്ട്. സാധാരണ ഗതിയിൽ മരണമടഞ്ഞവരെ കുളിപ്പിക്കുകയും മുമ്പ് ധരിച്ച വസ്ത്രങ്ങൾ മാററി ശുദ്ധ വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ രക്തസാക്ഷികളെ കുളിപ്പിക്കുകയോ കഫൻ ധരിപ്പിക്കുകയോ ചെയ്യാതെ രക്തം പുരണ്ട വസ്ത്രങ്ങളിൽ തന്നെ സംസ്കരിക്കണമെന്നാണ് വിധി. ഹ: ഇബ്നു അബ്ബാസ് (റ) പറയുന്നു.

امر رسول الله صلى الله عليه وسلم بقتلى احد ان ينزع عنهم الحديد والجلود وان يدفنوا بدمائهم وثيابهم (ابو داود)

(ഉഹദ് യുദ്ധത്തിൽ വധിക്കപ്പെട്ടവരെ ആയുധങ്ങളും പടയങ്കികളും അഴിച്ചെടുത്ത് അവരുടെ വസ്ത്രത്തോടും രക്തത്തോടും മറചെയ്യാൻ നബി (സ) കല്പിച്ചു.)

ചില രിവായത്തുകളിൽനിന്നു് മനസ്സിലാകുന്നതുപോലെ രക്തസാക്ഷികളുടെ രക്തം അശുദ്ധമല്ല, തികച്ചും പരിശുദ്ധമാണ്. "അല്ലാഹുവിൻെറ അടുക്കൽ ശുഹദാക്കളുടെ രക്തത്തിൻെറ വണ്ണം കുങ്കുമത്തിൻേറതും, മണം കസ്തൂരിയുടേതുമാണ്."

ചുരുക്കത്തിൽ ഖുർആനിൻെറയും സുന്നത്തിൻെറയും ദൃഷ്ടിയിൽ ദൈവമാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കുന്നവരുടെ പദവി അനിതരവും അസൂയാർഹവുമത്രെ. ഈ വസ്തുത രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു: ഒന്നു്, സായുധ ജിഹാദ് ജിഹാദിൻെറ ഏററവും ഉൽകൃഷ്ടമായ ഇനമാണ്. രണ്ടു്, അത് ഏററവും വലിയ പുണ്യ കർമ്മവും ഇബാദത്തും ദൈവ ഭക്തിയുമാണ്.

നബി (സ) യോട് ഒരാൾ ചോദിച്ചു: "ഏററവും ശ്രേഷ്ഠമായ ജിഹാദ് ഏതാണ്?" നബി (സ) പറഞ്ഞു:

من جاهد المشركين بماله ونفسه (ابو داود)

"മുശ്‌രിക്കുകളോട് ധനം കൊണ്ടും ശരീരം കൊണ്ടും ജിഹാദ് ചെയ്യുന്നവനാണ് (ഏററവും ശ്രേഷ്ഠമായ ജിഹാദ് ചെയ്യുന്നത്.) (അബൂദാവൂദ്)

ഏററവും ശ്രേഷ്ഠനായ വ്യക്തി ആർ? എന്നു ചോദിച്ചതിനു നബി (സ) പറഞ്ഞു:

مؤمن يجاهد بنفسه وماله في سبيل الله (بخاری، مسلم)

"ദൈവമാർഗ്ഗത്തിൽ ശരീരം കൊണ്ടും ധനം കൊണ്ടും ജിഹാദ് ചെയ്യുന്ന സത്യവിശ്വാസി" (ബുഖാരി, മുസ്ലീം)

ദൈവമാർഗ്ഗത്തിൽ ധനംകൊണ്ടും ദേഹം കൊണ്ടും ജിഹാദ് ചെയ്യുന്നവൻ ഏററവും ശ്രേഷ്ഠനാണ്. മററു വാക്കുകളിൽ, ധനംകൊണ്ടും ദേഹം കൊണ്ടും ദൈവമാർഗ്ഗത്തിൽ ജിഹാദ് ചെയ്യൽ ഏററവും ശ്രേഷ്ഠമായ പുണ്യകർമ്മമാണ്.

ശ്രേഷ്ഠമായ കർമ്മം ശ്രേഷ്ഠമായ പ്രതിഫലമർഹിക്കുന്നു. മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങളും തിരുവചനങ്ങളും അതു സ്പഷ്ടമാക്കുന്നു. നബി (സ) പറയുന്നത് കാണുക.

"രണ്ടു കണ്ണുകളെ നരകാഗ്നി സ്പർശിക്കുകയില്ല. ഒന്ന്, അല്ലാഹുവിനെ ഭയപ്പെട്ട് കണ്ണുനീർ വാർത്ത കണ്ണ്. മറെറാന്ന് ദൈവമാർഗ്ഗത്തിൽ കാവൽ നിന്ന് ഉറക്കമൊഴിച്ച കണ്ണ്." (തിർമിദി)

"ദൈവമാർഗ്ഗത്തിൽ പുരണ്ട പൊടിയും നരകത്തിലെ പുകയും ഒരിടത്ത് ഒരുമിച്ചു കൂടുകയില്ല." (തിർമിദി)

"ഒട്ടകത്തെ കറക്കുന്ന അത്ര സമയമെങ്കിലും ദൈവമാർഗ്ഗത്തിൽ ജിഹാദ് ചെയ്തവന് സ്വർഗ്ഗം ഉറച്ചതു തന്നെ." (തുർമുദി)

ഹുനൈൻയുദ്ധവേളയിൽ ഹ: അനസുബ്നുഅബീമർസദ് എന്ന സഹാബി ഒരു താഴ്‌വരയിൽ രാത്രി പാറാവ് നടത്തി. രാവിലെ പാറാവു കഴിഞ്ഞു തിരിച്ചു വന്നപ്പോൾ നബി (സ) പറഞ്ഞു:

قد اوجبت فلا عليك الا تعمل بعدها (ابو داود)

(സ്വർഗ്ഗം ഉറപ്പായി. ഇനി നിങ്ങൾ ഒന്നും പ്രവർത്തിച്ചില്ലെങ്കി ലും ദോഷമില്ല.)

ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെപ്പററി നബി (സ) ഒരിക്കൽ ഹ: ഉമറി (റ) നോടു പറഞ്ഞു:

وَمَا يُدْرِيكَ لَعَلَّ اللّٰهَ اطَّلَعَ عَلَى أَهْلِ بَدْرٍ فَقَالَ اعْمَلُوا مَا شِئْتُمْ فَقَدْ غَفَرْتُ لَكُمْ (بخارى)

"നിനക്കു് എന്തറിയാം; ഒരു പക്ഷെ അല്ലാഹു ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെ നോക്കി, 'നിങ്ങൾ ഇഷ്ടമുള്ളതു് പ്രവർത്തിച്ചുകൊള്ളുക. ഞാൻ നിങ്ങൾക്കു പൊറുത്തുതന്നിരിക്കുന്നു' വെന്നു പറഞ്ഞിട്ടുണ്ടെങ്കിലോ?" (ബുഖാരി, മുസ്ലിം)

അല്ലാഹുവിൻെറ ദൃഷ്ടിയിൽ സായുധ ജിഹാദിനുള്ള ഈ സ്ഥാനത്തെയും പദവിയേയും പററി ഒട്ടും അത്ഭുതപ്പെടാനില്ല. മുസ്ലിമിൻെറ ജീവിത ലക്ഷ്യം അല്ലാഹുവിനു അടിമവൃത്തി ചെയ്യലും, മുസ്ലിം സമുദായത്തിൻെറ ആവിർഭാവോദ്ദേശം ലോകത്തിൻെറ മുമ്പിൽ സത്യത്തിനു സാക്ഷ്യംവഹിക്കലുമാണെങ്കിൽ ജീവൻ ബലിയർപ്പിച്ചുകൊണ്ടുള്ള അടിമ വൃത്തിയേക്കാൾ വലിയ അടിമവൃത്തിയും സത്യസാക്ഷ്യവും വേറെയുണ്ടോ? അല്ലാഹുവിനുള്ള ഏററവും വലിയ അടിമത്തവും സത്യത്തിനുള്ള ഏററവും ഉന്നതമായ സാക്ഷ്യവുമാണതെന്നതിൽ സന്ദേഹമില്ല. മുസ്ലിംകളുടെ ജീവിത ലക്ഷ്യ നിർവ്വഹണത്തിന്റെ ഏററവും ഉൽകൃഷ്ടമായ രൂപമാണിതു്. ഈ ജിഹാദിൽ ജീവൻ ബലിയർപ്പിക്കുമ്പോൾ അല്ലാഹുവിൻെറ അടിമത്തത്തിൻെറയും ലോകത്തിൻെറ മുമ്പിലുള്ള സത്യസാക്ഷ്യത്തിൻെറയും ഏററവും ഉന്നതമായ പദവി മനുഷ്യൻ സമാർജ്ജിക്കുന്നു. ലക്ഷ്യ നിർവ്വഹണത്തിനു

വേണ്ടി ജീവൻ ബലിയർപ്പിക്കുകയെന്നാൽ അതിനോടുള്ള അവസാനത്തെ ബാദ്ധ്യതയും നിറവേററുകയെന്നാണർത്ഥം. ലക്ഷ്യത്തിനു വേണ്ടി ജീവാർപ്പണം ചെയ്യുന്നവർ മാത്രമാണ് അതിൻെറ യഥാർത്ഥ സേവകരും യഥാർത്ഥ കൊടിവാഹകരും. അതുകൊണ്ടാണ് വാക്കുകളും കർമ്മങ്ങളുംകൊണ്ടു മതത്തിനു സാക്ഷ്യം വഹിക്കുന്ന ഓരോ മുസ്ലിമും ദീനിൻെറ 'ശഹീദ്' (സാക്ഷി) ആണെങ്കിലും ദീനിനു വേണ്ടിയുള്ള ജിഹാദിൽ വീരമൃത്യു വരിച്ചവർക്ക് മാത്രം ആ പദവി നൽകപ്പെട്ടത്. ദീനിൻെറ സാക്ഷ്യം നിർവ്വഹിക്കുന്നതിൽ അവസാനത്തെ തുള്ളി രക്തം പോലും ചിന്തിയവർ അവരാണ്. അതിനാൽ ശരിയായ അർത്ഥത്തിൽ 'ശഹീദ്' എന്ന സ്ഥാനം അവർ മാത്രമെ അർഹിക്കുന്നുള്ളു.

ദൈവമാർഗ്ഗത്തിലുള്ള ജീവാർപ്പണം ഒരാളുടെ വിശ്വാസത്തിൻെറയും മതനിഷ്ഠയുടെയും പരമോന്നത സ്ഥാനമാണെന്നു് ഉപര്യുക്ത വിവരണങ്ങളിൽനിന്നു് മനസ്സിലാക്കാം. അല്ലാഹുവിൻെറ തൃപ്തിയെ മാത്രം ഉദ്ദേശിച്ച് ജിഹാദിൽ വീരമൃത്യു വരിക്കുന്ന മനുഷ്യൻ ഇസ്ലാമിൽ സാദ്ധ്യമായ അവസാനത്തെ പദവി കൂടി കരസ്ഥമാക്കുന്നു. അതുവരെ നന്മയിലും ദൈവഭക്തിയിലും ഊന്നിക്കൊണ്ടുള്ള ജീവിതമാണ് നയിച്ചിട്ടുള്ളതെങ്കിൽ രക്തസാക്ഷിത്വം വഴി അവൻ നേടുന്ന പദവിക്കപ്പുറം പ്രവാചകന്മാരുടെ പദവിയല്ലാതെ മറെറാന്നുമില്ല. ഹ: ഉത്ബത്ബ്നു അബ്ദിസ്സലമി നിവേദനം ചെയ്യുന്നു.

قَالَ رَسُولُ اللهِ صلى الله عليه وسلم اَلْقَتْلَى ثَلَاثَةٌ: مُؤْمِنٌ

جَاهَدَ بِنَفْسِهِ وَمَالِهِ فِى سَبِيلِ اللهِ فَإِذَا لَقِىَ الْعَدُوَّ قَاتَلَ

حتى يقتل قال النبي صلى الله عليه وسلم فيه فذلك الشهيد
الممتحن في خيمة الله تحت عرشه لا يفضله النبيون الا
بدرجة النبوة الخ - دارى

(റസൂലുല്ലാഹി (സ) പറഞ്ഞു: യുദ്ധത്തിൽ വധിക്കപ്പെടുന്നവർ മൂന്നു തരക്കാരാണ്: ഒന്നു്, ധനം കൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്ന സത്യവിശ്വാസി. അയാൾ ശത്രുക്കളെ കണ്ടുമുട്ടിയാൽ യുദ്ധം ചെയ്യുകയും ഒടുവിൽ വധിക്കപ്പെടുകയും ചെയ്യുന്നു. അവനെപ്പററി തിരുമേനി പറഞ്ഞു: "അവനാണ് ശുദ്ധ രക്തസാക്ഷി." അല്ലാഹുവിൻെറ സിംഹാസനത്തിൻെറ ചുവട്ടിലുള്ള കൂടാരത്തിൽ അവൻ പാർക്കും. പ്രവാചകന്മാർക്ക്, അവനെക്കാൾ കൂടുതലായി, പ്രവാചകത്വപദവി മാത്രമേ ഉണ്ടായിരിക്കയുള്ളൂ.)

സായുധ ജിഹാദിൻെറ മതപരമായ പ്രാധാന്യത്തിൻെറ മറെറാരു വശം കൂടി ഗ്രഹിക്കേണ്ടതുണ്ട്. മതപരവും സാമുദായികവുമായ താൽപര്യങ്ങളെ സംബന്ധിച്ചേടത്തോളം സായുധ ജിഹാദിനു് എല്ലാ പരിതസ്ഥിതികളിലും തുല്യ പ്രാധാന്യമല്ല ഉള്ളതെന്നു് ഖുർആൻെറ പ്രസ്താവനകളിൽനിന്നു് മനസ്സിലാക്കാം. ചിലപ്പോൾ സായുധ ജിഹാദ് ഒരു ശ്രേഷ്ഠതയുടെയും നിശ്ചയദാർഢ്യത്തിൻെറയും കൃത്യമാണ്. ചിലപ്പോൾ മതത്തിൻെറ അനിവാര്യ താല്പര്യവും ഈമാനിൻെറ അവശ്യലക്ഷണവുമാണ്. ശത്രുക്കൾക്കെതിരിൽ സാർവ്വത്രികമായ സൈനിക ശേഖരണം ആവശ്യമില്ലാതിരിക്കുകയും എന്നാൽ കുറച്ചുപേർ തദാവശ്യാർത്ഥം മുന്നോട്ടു വരികയും ചെയ്യുമ്പോൾ ഈ സൈനിക സേവനം ഒരു ശ്രേഷ്ഠതയായിരിക്കും. സൈനിക

KOTTAYAM PUBLIC LIBRARY
KOTTAYAM

സേവനമനുഷ്ഠിക്കുന്നവർക്ക് മഹത്തായ പ്രതിഫലം ലഭിക്കുമെങ്കിലും അതിൽ പങ്കെടുക്കാത്തവർ ആക്ഷേപാർഹരായിരിക്കയില്ല. ഈ രണ്ടു വിഭാഗത്തെപ്പററി ഖുർആൻ പറയുന്നത് ഇപ്രകാരമാണ്.

فَضَّلَ اللهُ الْمُجَاهِدِينَ بِأَمْوَالِهِمْ وَأَنْفُسِهِمْ عَلَى الْقَاعِدِينَ دَرَجَةً
وَكُلًّا وَعَدَ اللهُ الْحُسْنَى (النساء)

"ധനംകൊണ്ടും ദേഹംകൊണ്ടും ജിഹാദ് ചെയ്യുന്നവർക്ക്, വീട്ടിൽ ഇരിക്കുന്നവരെക്കാൾ അല്ലാഹു ഒരു പടി ശ്രേഷ്ഠത നല്കിയിരിക്കുന്നു. (എങ്കിലും) എല്ലാവരോടും അല്ലാഹു നല്ല പ്രതിഫലമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്."

എന്നാൽ സ്ഥിതി ഇതിൽനിന്നു് വ്യത്യസ്തമാവുകയും മുസ്ലിംകളുടെ അമീർ പൊതുവായ സൈനിക സേവനത്തിനു കല്പന പുറപ്പെടുവിക്കുകയും ചെയ്താൽ അതൊരു ശ്രേഷ്ഠത മാത്രമായിരിക്കയില്ല, മതത്തിൻെറ ഒഴിച്ചുകൂടാത്ത താല്പര്യവും ഈമാനിൻെറ മാനദണ്ഡവുമായിരിക്കും. നബി (സ) യുടെ കാലത്ത് പൊതു പ്രഖ്യാപനത്തിനു ശേഷം ജിഹാദിനു പുറപ്പെടുന്ന കാര്യത്തിൽ അമാന്തം കാണിച്ചവരെ ഖുർആൻ താക്കീതു ചെയ്യുന്നു.

يَا أَيُّهَا الَّذِينَ آمَنُوا مَا لَكُمْ إِذَا قِيلَ لَكُمُ انْفِرُوا فِي سَبِيلِ
اللهِ اثَّاقَلْتُمْ إِلَى الْأَرْضِ أَرَضِيتُمْ بِالْحَيَاةِ الدُّنْيَا مِنَ الْآخِرَةِ .
......إِلَّا تَنْفِرُوا يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا
غَيْرَكُمْ (التوبة)

"സത്യവിശ്വാസികളെ നിങ്ങൾക്കെന്തുപററി? അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (ജിഹാദിന്ന) പുറപ്പെടുക എന്നു കല്പിക്കപ്പെടുമ്പോൾ നിങ്ങൾ ഭൂമിയിലേക്ക് ഭാരം തൂങ്ങുന്നു. പരലോകത്തിന്നു പകരം നിങ്ങൾ ഐഹിക ജീവിതംകൊണ്ട് തൃപ്തിപ്പെടുന്നുവോ?...............നിങ്ങൾ (ജിഹാദിന്നു) പുറപ്പെടുന്നില്ലെങ്കിൽ അവൻ നിങ്ങളെ വേദനാജനകമായി ശിക്ഷിക്കുകയും നിങ്ങൾക്ക് പകരം മറെറാരു വിഭാഗത്തെ കൊണ്ടുവരികയും ചെയ്യും."

ഒഴികഴിവുകൾ പറഞ്ഞ് യുദ്ധത്തിൽനിന്നു വിട്ടുനില്ക്കാൻ ആഗ്രഹിക്കുന്നവരെപ്പററി ഖുർആൻ പറയുന്നു:

لَا يَسْتَأْذِنُكَ الَّذِينَ يُؤْمِنُونَ بِاللهِ وَالْيَوْمِ الْآخِرِ أَنْ يُجَاهِدُوا بِأَمْوَالِهِمْ وَأَنْفُسِهِمْ وَاللهُ عَلِيمٌ بِالْمُتَّقِينَ. إِنَّمَا يَسْتَأْذِنُكَ الَّذِينَ لَا يُؤْمِنُونَ بِاللهِ وَالْيَوْمِ الْآخِرِ الخ - التوبه

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ തങ്ങളുടെ ധനംകൊണ്ടും ശരീരം കൊണ്ടും ജിഹാദ് ചെയ്യുന്നതിൽ നിന്നു് ഒഴിവാകുവാൻ നിന്നോട് ആവശ്യപ്പെടുകയില്ല. ഭയഭക്തരെപ്പററി ഏററവും അറിവുള്ളവനാണ് അല്ലാഹു. അങ്ങനെ ആവശ്യപ്പെടുന്നത് അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വാസമില്ലാത്തവർ മാത്രമാണ്."

സന്ദിഗ്ദ്ധ ഘട്ടത്തിൽ ജിഹാദിൽ നിന്നു് ഒഴിഞ്ഞുമാറൽ ഈമാനിന്നു കടകവിരുദ്ധമായ പ്രവൃത്തിയാണെന്നും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുവാനുള്ള ആവേശം എപ്പോഴും ഉണ്ടായിരിക്കേണ്ടത് ഈമാനിൻെറ അനിവാര്യ താല്പ

രുമാണെന്നും ഈ ഖുർആൻ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സായുധ ജിഹാദിന്റെ അവസരം എപ്പോൾ വരുമെന്നതും അതിന്റെ ഉപാധികൾ എപ്പോൾ പൂർത്തിയാകുമെന്നതും പ്രശ്നമല്ല. സത്യവിശ്വാസിയുടെ കർമ്മം ഈ അവസരവും ഉപാധികളും കരഗതമാവാൻ കാത്തിരിക്കുമെങ്കിലും അവന്റെ വികാരം അത് കാത്തിരിക്കുകയില്ല. അവന്റെ മനസ്സ് സദാ യുദ്ധത്തിനു ഒരുങ്ങിയിരിക്കും. ആവശ്യം അവനെ മാടിവിളിക്കുകയും ഉപാധികൾ കൈവരികയും ചെയ്യുമ്പോൾ അവനു അടങ്ങിയിരിക്കുക സാധ്യമല്ല. നബി (സ) പറയുന്നു:

مَنْ مَاتَ وَلَمْ يَغْزُ وَلَمْ يُحَدِّثْ بِهِ نَفْسَهُ مَاتَ عَلَى

شُعْبَةٍ مِنْ نِفَاقٍ – مسلم

"ദീനിനു വേണ്ടി യുദ്ധം ചെയ്യുകയോ മനസ്സിൽ അതു വിചാരിക്കുകയോ ചെയ്യാതെ ഒരാൾ മരിച്ചാൽ കാപട്യത്തിന്റെ അംശത്തോടുകൂടിയാണ് അയാൾ മരണമടയുന്നത്."

ഇതിന്റെ കാരണം വ്യക്തമാണ്: ഇതര ജനങ്ങളെപ്പോലെ, തോന്നും വിധം ജീവിക്കുവാൻ വേണ്ടിയല്ല ഒരു പ്രത്യേക കർത്തവ്യം നിർവ്വഹിക്കുവാൻ വേണ്ടിയാണ് മുസ്ലിംകൾ എഴുന്നേൽപിക്കപ്പെട്ടിട്ടുള്ളത്. അതിപ്രധാനമായ ഈ കർത്തവ്യം നിർവ്വഹിക്കുവാൻ സർവ്വസ്വവും അർപ്പിക്കേണ്ടി വരും. സ്വജീവനെപ്പോലും ബലികഴിക്കാൻ സന്നദ്ധരായ വ്യക്തിക്ക് മാത്രമേ ആ കർത്തവ്യം നിർവ്വഹിക്കാനാവൂ. ഹൃദയങ്ങളിൽ ആത്മാർപ്പണത്തിന്റെ അമൂല്യമായ ആവേശ വികാരങ്ങൾ അലതല്ലുന്ന ഈദൃശ വ്യക്തികളുടെ സമൂഹമാണ് യഥാർത്ഥ മുസ്ലിം സമുദായം. വ്യക്തികൾ ഈ വികാരമുൾക്കൊള്ളുന്നില്ലെങ്കിൽ

മുസ്ലീം സമുദായമെന്ന പേരിനു അവർ അഹ്ലല്ല. അവർ ഭരമേല്പിക്കപ്പെട്ട ജോലി നിർവ്വഹിക്കുവാൻ അവൎക്ക് സാധ്യവുമല്ല. മുസ്ലീം സമുദായത്തിലെ വ്യക്തികൾ എന്ന നിലക്ക് അനുവർത്തിക്കേണ്ട നയം സ്വീകരിക്കാൻ കൂട്ടാക്കാത്തവരെ ഖുർആൻ താക്കീതു ചെയ്യുന്നു.

يَا أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللهِ لَا يَخَافُونَ لَوْمَةَ لَائِمٍ

(المائدة)

"സത്യവിശ്വാസികളെ, നിങ്ങളിൽ ആരെങ്കിലും തന്റെ ദീനിൽനിന്നു് പിന്തിരിയാൻ ഉദ്ദേശിക്കുന്നുവെങ്കിൽ (അവൻ പിന്തിരിഞ്ഞുകൊള്ളട്ടെ. അന്നേരം) അല്ലാഹു, താൻ സ്നേഹിക്കുകയും തന്നെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെ കൊണ്ടുവരും. അവർ സത്യവിശ്വാസികളോട് സൗമ്യതയോടും സത്യനിഷേധികളോട് പരുഷമായും വർത്തിക്കും. ആരുടെ ആക്ഷേപത്തെയും ഭയപ്പെടാതെ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യും."

അല്ലാഹുവിന്റെ ദീനിനു സേവനം ചെയ്യാൻ തെരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിനു് ചില ഗുണങ്ങളുണ്ടായിരിക്കണമെന്നാണ് ഈ ഖുർആൻ വാക്യം വ്യക്തമാക്കുന്നത്. ആ ഗുണങ്ങളിലൊന്നു് ദൈവമാർഗ്ഗത്തിൽ ജിഹാദ് ചെയ്യുകയെന്നതാണ്. ഈ ഗുണമില്ലാത്തവർക്ക് മതത്തിനു സേവനം ചെയ്യുവാനോ സത്യസാക്ഷ്യം നിർവ്വഹിക്കുവാനോ സാധ്യമല്ല. സത്യ

സാക്ഷ്യ കർത്തവ്യം നിർവ്വഹിക്കാത്തവർ തങ്ങളെ ആ പദവിയിൽനിന്നു് സ്വയം ഭ്രഷ്ടരാക്കുന്നു. അതുകൊണ്ടാണ് ജിഹാദിൽനിന്നു ഒഴിഞ്ഞുമാറുന്നതിനെ 'മതത്തിൽനിന്നു് പിന്തിരിയൽ' എന്നു് വിശേഷിപ്പിച്ചത്. സൂറ: തൗബഃയിലെ മുൻ പ്രസ്താവിച്ച വാക്യത്തിലും ഇതേ കാര്യം തന്നെയാണ് വ്യക്തമാക്കിയിട്ടുള്ളത്. 'നിങ്ങൾ യുദ്ധത്തിനു പുറപ്പെടാത്തപക്ഷം നിങ്ങളെ കഠിനമായി ശിക്ഷിക്കുമെന്നും നിങ്ങളെ മാററി പകരം മററൊരു സമുദായത്തെ കൊണ്ടുവരുമെന്നും' അവിടെ താക്കീതുചെയ്യുകയുണ്ടായി. ഒരു വ്യക്തിയേയോ വിഭാഗത്തേയോ അതിന്റെസ്ഥാനത്തുനിന്നു് നീക്കം ചെയ്യുകയെന്നാൽ അവർ ആ സ്ഥാനത്തിനു അർഹരല്ലെന്നും അവരെ ഭരമേല്പിച്ച ജോലി നിർവ്വഹിക്കാൻ അവർക്ക് സാധ്യമല്ലെന്നുമാണർത്ഥം.

# ഇസ്‌ലാമിൻെറ ഐഹികാനുഗ്രഹങ്ങൾ

## ഐഹികാനുഗ്രഹവും പ്രവാചകന്മാരുടെ പ്രബോധനവും

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ഇസ്ലാമിനെ സാമാന്യമായി പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ ഒരു യാഥാർത്ഥ്യം വീണ്ടും വീണ്ടും ആവർത്തിക്കുകയുണ്ടായി. അതായത്, അല്ലാഹുവിൻെറ പ്രീതി മാത്രം ലക്ഷ്യമാക്കി ജീവിക്കുകയും അതിൻെറ തന്നെ പേരിൽ മരിക്കുകയും ചെയ്യുക – ഇതാണ് ഇസ്ലാം. പരലോക വിജയത്തിൽ ദത്തശ്രദ്ധനായിരിക്കുകയും ഐഹിക നേട്ടങ്ങളെക്കാൾ പരലോക നേട്ടങ്ങൾക്ക് മുൻഗണന നല്കുകയും ചെയ്യുന്നവനാണ് മുസ്ലിം. ഇവിടെ സ്വാഭാവികമായും ചില ചോദ്യങ്ങൾ ഉത്ഭവിക്കുന്നു: ഈ മതത്തെ യഥാവിധി പിൻപറ്റുന്ന മുസ്ലിമിൻെറ ഐഹിക ജീവിതത്തിൻെറ ചിത്രമെന്തായിരിക്കും? ഇഹലോകത്ത് പരിഗണനീയമായ വല്ലതും അവൻെറ പക്കൽ അവശേഷിക്കുമോ? വ്യക്തിപരമായി സുഭിക്ഷതയും സാമൂഹ്യമായി അന്ത

സ്സും അധികാരവും കൈവരുമോ? ഇസ്ലാമിനെപ്പററി മാത്രമല്ല എല്ലാ ദൈവിക മതങ്ങളെസംബന്ധിച്ചും ഈ ചോദ്യങ്ങൾ പ്രസക്തമാണ്. കാരണം ഇസ്ലാമും ഇതര ദൈവിക മതങ്ങളും തമ്മിൽ മൗലികമായി അന്തരമൊന്നുമില്ല. ഇസ്ലാമിനെപ്പോലെ മററു മതങ്ങൾ ഉപദേശിക്കുന്ന മതാനുഷ്ഠാനത്തിൻെറയും ദൈവഭക്തിയുടെയും കാതൽ ഒന്നുതന്നെയാണ്. മനുഷ്യൻ സ്വയം അല്ലാഹുവിനു സമർപ്പിക്കുകയും പരലോകത്തിനു ഐഹിക ജീവിതത്തേക്കാൾ പ്രാധാന്യം കല്പിക്കുകയും ചെയ്യുക എന്നതാണത്. അതുകൊണ്ട് ഈ ചോദ്യങ്ങൾക്ക് ഖുർആനിൽനിന്ന് ഉത്തരം കണ്ടെത്തുന്നതിനു മുമ്പായി മുൻ പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽനിന്നു ലഭിക്കുന്ന ഉത്തരം പരിശോധിക്കാം;

പ്രവാചകന്മാരുടെ പ്രബോധനങ്ങൾ പരിശോധിക്കുമ്പോൾ ഈ ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരം നമ്മുടെ പ്രതീക്ഷക്ക് വിരുദ്ധമായിരിക്കും. ഇസ്ലാം പരലോകത്തിനു കല്പിക്കുന്ന അത്യധികമായ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഐഹിക നേട്ടങ്ങൾക്ക് അത് യാതൊരു പ്രാധാന്യവും കൽപിക്കുകയില്ലെന്നായിരിക്കും നാം ധരിച്ചിരിക്കുക, സ്വാഭാവികമായും. ആ മുൻ ധാരണയെ പാടെ തിരുത്തുന്ന ഉത്തരമാണ് പ്രവാചകന്മാരുടെ പ്രബോധന ചരിത്രത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത്. പ്രവാചകന്മാർ അതാത് സമുദായങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിച്ചത് പാരത്രിക വിജയം മാത്രം വാഗ്ദത്തം ചെയ്തുകൊണ്ടല്ലെന്നും ഐഹികമായ നേട്ടങ്ങളും സുസ്ഥിതിയും കൂടി വാഗ്ദത്തം ചെയ്തുകൊണ്ടാണെന്നും കാണാം. ചില ഉദാഹരണങ്ങൾ കാണുക:

ഹ: നൂഹ് (അ) സ്വജനതയോട് പറയുന്നു:

استغفروا ربكم انه كان غفارا يرسل السماء عليكم
مدرارا ويمددكم باموال وبنين ويجعل لكم جنات
ويجعل لكم انهارا (نوح)

"നിങ്ങളുടെ നാഥനോട്ട് മാപ്പപേക്ഷിക്കുക. അവൻ ധാരാളമായി മാപ്പ് കൊടുക്കുന്നവനാണ്. എങ്കിൽ അവൻ നിങ്ങൾക്ക് ധാരാളം മഴ വർഷിപ്പിച്ചു തരും. ധനവും സന്തതികളും നൽകി അവൻ നിങ്ങളെ തുണക്കും. നിങ്ങൾക്ക് ആരാമങ്ങളും അരുവികളും ഉണ്ടാക്കിത്തരും."

ഹ: ഹൂദ് (അ)ന്റെ പ്രബോധനം ഇപ്രകാരമായിരുന്നു:

يَا قَوْمِ اسْتَغْفِرُوا رَبَّكُمْ ثُمَّ تُوبُوا إِلَيْهِ يُرْسِلِ السَّمَاءَ عَلَيْكُمْ

مِدْرَارًا وَيَزِدْكُمْ قُوَّةً إِلَى قُوَّتِكُمْ (هود)

"എന്റെ സമുദായമേ, നിങ്ങൾ നിങ്ങളുടെ നാഥനോട്ട മാപ്പപേക്ഷിക്കുകയും അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുക. അവൻ നിങ്ങൾക്ക് ധാരാളം ധാരാളം മഴ വർഷിപ്പിച്ചുതരും. നിങ്ങളുടെ ശക്തി മേൽക്കുമേൽ വർദ്ധിപ്പിച്ചു തരികയും ചെയ്യും."

ഐശ്വര്യത്തെയും സുഭിക്ഷതയെയും കുറിച്ചു ഈദൃശ വാഗ്ദാനങ്ങളുടെ പുലർച്ചയും സാക്ഷ്യങ്ങളും കാണണമെങ്കിൽ ഹ: മൂസാ (അ)യുടെ ജനനത്തിന്ന് അല്പം മുമ്പ് മുതൽ ആരംഭിക്കുന്ന ഇസ്രായീല്യരുടെ ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ മതി. അന്ന് മുതൽ അദ്ദേഹത്തിന്റെ നിയോഗമനം വരെയുള്ള അവരുടെ ജീവിതം അങ്ങേയററം നിന്ദ്യവും ദയനീയവും തകർന്നടിഞ്ഞതുമായിരുന്നു. നിന്ദ്യമായ ജീവിതത്തിനു പകരം അന്തസ്സാർന്ന ജീവിതം അവക്ക് കൈവന്നത് അല്ലാഹുവിലേക്ക് മടങ്ങുകയും ദൃഢനിശ്ചയത്തോടെ അവന്റെ മതത്തെ പിൻപററുകയും ചെയ്തപ്പോൾ മാത്രമായിരുന്നു.

ഖുർആൻ പറയുന്നു:

وَتَمَّتْ كَلِمَةُ رَبِّكَ الْحُسْنَىٰ عَلَىٰ بَنِي إِسْرَائِيلَ بِمَا صَبَرُوا

(الاعراف)

"(സത്യമാർഗ്ഗത്തിൽ) സ്ഥിരചിത്തരായി നിന്നതുകൊണ്ടു് ഇസ്റായീൽ സന്തതികളെസ്സംബന്ധിച്ച നിന്റെ നാഥന്റെ ഉത്തമ വാഗ്ദാനം പുലന്നു."

അല്ലാഹുവിങ്കലേക്കു് മടങ്ങിയതുകൊണ്ടു് അന്തസ്സാന്ന ജീവിതം കൈവന്നുവെന്നു് മാത്രമല്ല, അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിക്കുന്നതിലും അവന്റെ അനുഗ്രഹങ്ങൾക്കു് നന്ദി പ്രകാശിപ്പിക്കുന്നതിലും അവർ മുന്നോട്ടുപോകുംതോറും അവർക്കു് കൂടുതൽ കൂടുതൽ പ്രതിഫലത്തെക്കുറിച്ചു് വാഗ്ദാനം നല്കപ്പെട്ടു.

وَإِذْ قَالَ مُوسَىٰ لِقَوْمِهِ اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ إِذْ أَنْجَاكُمْ

مِنْ آلِ فِرْعَوْنَ .......... وَإِذْ تَأَذَّنَ رَبُّكُمْ لَئِنْ شَكَرْتُمْ

لَأَزِيدَنَّكُمْ (ابراهيم)

"മൂസാ തന്റെ സമുദായത്തോടു് പറഞ്ഞ സന്ദർഭം: നിങ്ങൾക്കു് അല്ലാഹു ചെയ്ത അനുഗ്രഹം സ്മരിക്കുക. ഫിർഔൻ പ്രഭൃതികളിൽനിന്നു് അവൻ നിങ്ങളെ രക്ഷിച്ചു........'നിങ്ങൾ നന്ദികാണിച്ചാൽ നിങ്ങൾക്കു് ഞാൻ വർദ്ധിപ്പിച്ചുതരും.' എന്നു് നിങ്ങളുടെ നാഥൻ പ്രഖ്യാപിച്ച സന്ദർഭവും ഓർക്കുക."

അവർ നന്ദിയുള്ളവരായി ജീവിച്ചേടത്തോളം അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പുലർന്നു. ഒരു സമുദായമെന്ന നില

ക്ക് അവർക്ക് അന്തസ്സും അഭിവൃദ്ധിയും ക്ഷേമവും സുസ്ഥിതിയും കൈവരികയും ഭൂമിയിലെ ഏററവും വലിയ ശക്തിയായി ഉയരുകയും ചെയ്തു. ഈ യാഥാർത്ഥ്യത്തിനു് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഇസ്റായില്യരുടെ സുവർണ്ണകാലഘട്ടത്തെ ഖുർആൻ അനുസ്മരിപ്പിക്കുന്നത് കാണുക:

يَا بَنِي إِسْرَائِيلَ اذْكُرُوا نِعْمَتِيَ الَّتِي أَنْعَمْتُ عَلَيْكُمْ وَأَنِّي فَضَّلْتُكُمْ عَلَى الْعَالَمِينَ (البقرة)

“ഇസ്റാഈൽ സന്തതികളെ, ഞാൻ നിങ്ങൾക്ക് ചെയ്ത അനുഗ്രഹം സ്മരിക്കുക. ഞാൻ നിങ്ങളെ ലോകശ്രേഷ്ഠന്മാരാക്കിയതും (ഓർക്കുക).”

ഇസ്രായീല്യർ ദൈവമാർഗ്ഗത്തിൽ നിന്നു് വ്യതിചലിക്കുകയും നന്ദികെട്ടവരായി ജീവിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അവരുടെ അന്തസ്സും യശസ്സും നഷ്ടപ്പെട്ടു; അവർ അധഃപതനഗർത്തത്തിലേക്ക് തള്ളിവീഴ്ത്തപ്പെട്ടു. മുഹമ്മദ് നബി (സ)യുടെ ആഗമനകാലത്ത് അവർ അധഃപതനത്തിന്റെ അടിത്തട്ടിൽ കഴിയുകയായിരുന്നു. അവരുടെ ഈ ദുഃസ്ഥിതിയെപ്പററി ഖുർആൻ പറയുന്നു:

وَلَوْ أَنَّهُمْ أَقَامُوا التَّوْرَاةَ وَالْإِنْجِيلَ وَمَا أُنْزِلَ إِلَيْهِمْ مِنْ رَبِّهِمْ لَأَكَلُوا مِنْ فَوْقِهِمْ وَمِنْ تَحْتِ أَرْجُلِهِمْ (المائدة)

“ഇഞ്ചീലും തൗറാത്തും, അവരുടെ രക്ഷിതാവിങ്കൽനിന്നു് അവർക്ക് അവതരിപ്പിക്കപ്പെട്ടതും അവർ നിലനിർത്തിയിരുന്നു

വെങ്കിൽ അവരുടെ ഉപരിഭാഗത്ത്നിന്നും പാദങ്ങൾക്കടിയിൽനിന്നും അവർക്കാഹാരം ലഭിച്ചിരുന്നേനെ."

എല്ലാ സമുദായങ്ങളെ സംബന്ധിച്ചും അല്ലാഹുവിൻെറ പൊതുനിയമമാണിത്.

ഖുർആൻ പറയുന്നു:

وَلَوْ أَنَّ أَهْلَ الْقُرَىٰ آمَنُوا وَاتَّقَوْا لَفَتَحْنَا عَلَيْهِم بَرَكَاتٍ مِّنَ السَّمَاءِ وَالْأَرْضِ (الأعراف)

"അന്നാട്ടുകാർ വിശ്വസിക്കുകയും സൂക്ഷ്മതയുള്ളവരായി ജീവിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആകാശത്തിൽനിന്നും ഭൂമിയിൽനിന്നും അവർക്ക് നാം അനുഗ്രഹ (കവാട) ങ്ങൾ തുറന്നു കൊടുത്തിരുന്നേനെ."

സത്യവിശ്വാസത്തിൻെറയും ദൈവഭക്തിയുടെയും മാർഗ്ഗത്തിൽനിന്നൊളിയുകലുകയും തന്മൂലം ദൈവികാനുഗ്രഹങ്ങൾ വിനഷ്ടമാവുകയും ചെയ്ത സമുദായങ്ങളെക്കുറിച്ചാണ് മേൽ പ്രസ്താവിച്ചത്. ഇനി, സത്യവിശ്വാസവും ദൈവഭക്തിയും കൈക്കൊണ്ട് ജീവിച്ചവരെപ്പററി ഖുർആൻ പറയുന്നത് കാണുക:

فَآتَاهُمُ اللَّهُ ثَوَابَ الدُّنْيَا وَحُسْنَ ثَوَابِ الْآخِرَةِ (آل عمران)

"അല്ലാഹു അവർക്ക് ഐഹിക പ്രതിഫലവും പരലോകത്തിലെ ഉത്തമ പ്രതിഫലവും നല്കി."

പ്രവാചകന്മാരുടെ പ്രബോധന ചരിത്രത്തിൽന്റെ മേൽവിവരിച്ച ഉദാഹരണങ്ങളിൽനിന്ന് അല്ലാഹുവിനു് അടിമവൃത്തി ചെയ്യുന്നതിന്റെയും അവനെ അനുസരിച്ചു ജീവിക്കുന്നതിന്റെയും

ഫലമായി പരലോക വിജയത്തോടൊപ്പം ഐഹികമായ ഐശ്വര്യവും സുഭിക്ഷതയും അന്തസ്സും അധികാരവും കൈവരുമെന്ന് മനസ്സിലാവുന്നു. ദൈവത്തിനുള്ള അനുസരണവും അടിമത്തവും ജീവിത സരണിയായി സ്വീകരിച്ച സമുദായങ്ങളെ സംബന്ധിച്ചേടത്തോളം എല്ലാ കാലത്തും ഈ വാഗ്ദാനം പൂർത്തിയായിട്ടുണ്ടെന്ന് ചരിത്രം പറയുന്നു.

## ഇസ്ലാം: ഐഹിക വിജയത്തിനു നിദാനം

മുസ്ലിം സമുദായത്തെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ മേൽപ്രസ്താവിച്ച നിയമത്തിൽ വ്യത്യാസമില്ല. മററു സമുദായക്കാരോട് ചെയ്തതുപോലുള്ള വാഗ്ദാനങ്ങൾ മുസ്ലിം സമുദായത്തോടും അല്ലാഹു ചെയ്തിട്ടുണ്ട്. നബി(സ) യുടെ ഇരുളടഞ്ഞ മക്കാ ജീവിതത്തിലും അപകടങ്ങൾ നിറഞ്ഞ മദീനാ ജീവിതത്തിലും ആ വാഗ്ദാനങ്ങൾ ആവർത്തിക്കപ്പെട്ടു. വിശ്വസിച്ചവരോടും വിശ്വസിക്കാത്തവരോടും അത് ഊന്നി പ്രസ്താവിക്കപ്പെട്ടു. മക്കയിലെ അവിശ്വാസികളെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَأَنِ اسْتَغْفِرُوا رَبَّكُمْ ثُمَّ تُوبُوا إِلَيْهِ يُمَتِّعْكُمْ مَتَاعًا حَسَنًا
إِلَىٰ أَجَلٍ مُسَمًّى (هود)

"നിങ്ങളുടെ നാഥനോട് മാപ്പപേക്ഷിക്കുകയും അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുക. അവൻ നിശ്ചിത കാലംവരെ നിങ്ങൾക്ക് ഉത്തമ ജീവിത വിഭവം പ്രദാനം ചെയ്യും."

നബി (സ) അവർക്ക് ഉറപ്പുകൊടുത്തു:

فَاِنْ تَقْبَلُوا مِنِّى مَاجِئْتُكُمْ بِهِ فَهُوَ حَظُّكُمْ فِى الدُّنْيَا وَالْآخِرَةِ - سيرة ابن هشام جلد ١

(ഞാൻ കൊണ്ടുവന്നതു് നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ അതു നിങ്ങളുടെ ഇഹത്തിലെയും പരത്തിലെയും സൗഭാഗ്യത്തിനു കാരണമാകും.)

ഈ ഐഹിക സൗഭാഗ്യത്തെ വിവരിച്ചുകൊണ്ടു് നബി (സ) ഒരിക്കൽ പിതൃവ്യൻ അബൂത്വാലിബിനോടു പറഞ്ഞു:

اُرِيدُهُمْ عَلَى كَلِمَةٍ وَاحِدَةٍ تَدِينُ لَهُمْ بِهَا الْعَرَبُ وَتُؤَدِّى الْعَجَمُ اِلَيْهِمْ الْجِزْيَةَ - مسند احمد ج ١

"ഞാൻ അവരെ (ഖുറൈശികളെ) ഒരു വാക്യത്തിൽ അണിനിരത്താനാണുദ്ദേശിക്കുന്നതു്. അതുവഴി അറബികൾ അവർക്കു് കീഴടങ്ങും. അനറബികൾ അവർക്കു് കപ്പം നല്കും."

ഖുർആൻ പറയുന്നു:

وَعَدَ اللّٰهُ الَّذِينَ آمَنُوا مِنْكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِى الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِى ارْتَضَى لَهُمْ وَلَيُبَدِّلَنَّهُمْ مِنْ بَعْدِ خَوْفِهِمْ اَمْنًا (النور)

"വിശ്വസിക്കുകയും സുകൃതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു്, അവരുടെ മുമ്പുള്ളവർക്കു് അധികാരം നൽകിയതുപോലെ ഭൂമി

യിൽ അധികാരം നൽകുമെന്നും അവർക്കായി അവൻ തൃപ്തി
പ്പെട്ട് നൽകിയ ദീനിനെ പ്രതിഷ്ഠാപിച്ചു കൊടുക്കുമെന്നും
അവരുടെ ഭയത്തെ നിർഭയത്വമായി മാററുമെന്നും അല്ലാഹു
വാഗ്ദാനം ചെയ്തിരിക്കുന്നു.”

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنْتُمُ الْأَعْلَوْنَ إِنْ كُنْتُمْ مُؤْمِنِينَ

(آل عمران)

“നിങ്ങൾ ദുർബ്ബലരാവുകയോ വ്യാകുലപ്പെടുകയോ വേണ്ട. നി
ങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണു
ന്നതർ”

‘സത്യവിശ്വാസവും സൽക്കർമ്മ’വും എന്നുള്ള ഉപാധികൾ മുസ്ലിം
കൾ പൂർത്തിയാക്കിയപ്പോൾ ഈ വാഗ്ദാനം അക്ഷരംപ്രതി പുല
ർന്നത് ലോകം കണ്ടതാണ്. ലോകത്തിൽ മററൊരു സമുദായ
ത്തിനും ലഭിക്കാത്ത നേട്ടങ്ങളാണ് ഇസ്ലാമിലൂടെ മുസ്ലിംകൾ
കരസ്ഥമാക്കിയത്.

## മതവും ഭൗതിക വിജയവും

ഇസ്ലാം അതിന്റെ അനുയായികളെ ഐഹികമായ വിജയ
സൗഭാഗ്യങ്ങൾ നല്കി എത്രമാത്രം അനുഗ്രഹിക്കുന്നുവെന്നു മേൽ
പ്രസ്താവിച്ച തെളിവുകളിൽനിന്ന് വ്യക്തമായി. ഈ നേട്ടങ്ങൾ
എങ്ങിനെ, എന്തുകൊണ്ട് കൈവരുന്നു എന്നറിയാൻ താല്പര്യമു
ണ്ടാവുക സ്വാഭാവികമാണ്. ‘മതം മനുഷ്യനെ പരലോക കാ
ര്യങ്ങളിൽ ശ്രദ്ധ ഊന്നുവാനും ലൗകിക കാര്യങ്ങളെ അവഗ
ണിക്കുവാനും പഠിപ്പിക്കുന്നു. ആ സ്ഥിതിക്ക് മതത്തെ പിൻപ
ററുന്നത് ലൗകിക നേട്ടങ്ങൾക്ക് എങ്ങിനെ കാരണമാകും?’ ഈ
ചോദ്യത്തിനു ഉത്തരം കാണുന്നതിന്ന്മുമ്പ് ചില മൗലിക യാ
ഥാർത്ഥ്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.

1) ലൗകിക നേട്ടങ്ങളായി വ്യവഹരിക്കപ്പെടുന്ന ധനം, അന്തസ്സ്, അധികാരം, ഭരണം എന്നിവ സ്വന്തം നിലക്ക് ഇസ്ലാമിൻെറ ദൃഷ്ടിയിൽ ചീത്തകാര്യങ്ങളല്ല. മറിച്ച് അവ അല്ലാഹുവിൻെറ ഔദാര്യവും അനുഗ്രഹവുമാണ്. അങ്ങനെയാണ് ഖുർആൻ അവയെ വിശേഷിപ്പിക്കുന്നത്. ചില ഉദാഹരണങ്ങൾ കാണുക:

اذكروا نعمة الله عليكم إذ جعل فيكم أنبياء وجعلكم ملوكا

(المائدة)

"നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുക. അവൻ നിങ്ങളുടെ കൂട്ടത്തിൽനിന്ന് പ്രവാചകന്മാരെ നിയോഗിച്ചു. നിങ്ങളെ രാജാക്കന്മാരായി വാഴിച്ചു"

ഇസ്രാഈലുകർക്ക് ലഭിച്ച സമുദായികോന്നതിയെയും ഭരണാധികാര പദവിയെയും ഇവിടെ അനുഗ്രഹം എന്നു വിശേഷിപ്പിച്ചു.

ضرب الله مثلا قرية آمنة مطمئنة يأتيها رزقها

رغدا من كل مكان فكفرت بأنعم الله (النحل)

"ഒരു നാട്ടിനെ അല്ലാഹു ഉദാഹരണമായി എടുത്തു പറയുന്നു. സമാധാനവും ശാന്തിയും അവിടെ വിളയാടിയിരുന്നു. നാനാ ഭാഗത്തുനിന്നും അവക്ക് സുഭിക്ഷമായി വിഭവങ്ങൾ ലഭിച്ചു. അങ്ങനെ അവർ അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ നിഷേധിച്ചുകൊണ്ടു് ജീവിക്കാൻ തുടങ്ങി."

ഇവിടെ ഭക്ഷ്യ വിഭവങ്ങളിലുള്ള സമൃദ്ധിയെയും ഐശ്വര്യത്തെയുമാണ് 'അനുഗ്രഹങ്ങൾ' എന്നു് വിവരിച്ചിട്ടുള്ളത്.

സൂറ: ജുമുഅയിലും മററു ഒട്ടേറെ സ്ഥലങ്ങളിലും ഈ വക കാര്യങ്ങളെ 'ഔദാര്യം' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

فَانْتَشِرُوا فِى الْأَرْضِ وَابْتَغُوا مِنْ فَضْلِ اللهِ (الجمعة)

"ഭൂമിയിൽ സഞ്ചരിക്കുകയും അല്ലാഹുവിന്റെ ഔദാര്യം തേടുകയും ചെയ്യുക."

2) മനുഷ്യൻ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയാണ്. ലോകത്തിന്റെ നിയന്ത്രണം കയ്യേല്ക്കുകയും അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായി ഭരണം നടത്തുകയുമാണ് അവന്റെ ഉത്തരവാദിത്വം. (ഇതേപററി മുമ്പ് വിശദമായ പ്രതിപാദനങ്ങൾ വന്നിട്ടുണ്ട്.)

ഈ രണ്ടു യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ ലൌകികമായ സമ്പത്തും അന്തസ്സും അധികാരവും ആർജ്ജിക്കുന്നതും അവയുടെ പ്രയോജനം അനുഭവിക്കുന്നതും മതത്തിനു വിരുദ്ധമല്ലെന്നു് മനസ്സിലാക്കാം. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും അവന്റെ അനുസരണ ശീലരായ ദാസന്മാർക്ക് നിഷേധിക്കപ്പെടാൻ ന്യായമില്ല. ഖുർആൻ പറയുന്നു:

قُلْ هِىَ لِلَّذِينَ آمَنُوا فِى الْحَيَاةِ الدُّنْيَا خَالِصَةً يَوْمَ الْقِيَامَةِ (الاعراف)

"പറയുക, ഈ ഉത്തമ വസ്തുക്കൾ (യഥാർത്ഥത്തിൽ) ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ്; അന്ത്യദിനത്തിൽ അവർക്കുമാത്രവും"

ഈ അനുഗ്രഹങ്ങളുടെയെല്ലാം യഥാർത്ഥ അവകാശികൾ അല്ലാഹുവിന്റെ അനുസരണമുള്ള അടിമകളാണെന്നാണ് ഇതി

ന്റെ അർത്ഥം. അങ്ങിനെയാണെങ്കിൽ അവ സത്യവിശ്വാസികൾക്ക് വെറുക്കപ്പെട്ടതാവുന്നതെങ്ങിനെ? സത്യവിശ്വാസികൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നല്ലാതെ അനുഗ്രഹങ്ങളിൽനിന്ന് അകന്ന് നില്ക്കുമോ?

ഇനി മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം മുമ്പിൽവെച്ച് അതിന്റെ താല്പര്യമെന്താണെന്ന് പരിശോധിക്കാം. അല്ലാഹു മനുഷ്യനെ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും പ്രപഞ്ചത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ ഭൂമിയിലും അവന്റെ അഭീഷ്ടം പൂർത്തിയാകുംവരെ മനുഷ്യൻ ദൈവിക നിയമങ്ങൾക്കനുസൃതമായി ഭരണം നടത്തണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ ഉത്തരവാദിത്വത്തെയും പദവിയെയും കുറിച്ച് ബോധമുള്ളവർ ഉണ്ടായിരിക്കെ ഭൂമിയിലെ അധികാരവും സ്വാതന്ത്ര്യവും അവർക്ക് നല്കാതെ ദൈവപ്രാതിനിധ്യത്തെയും ദൈവിക വിധിവിലക്കുകളെയും നിഷേധിക്കുകയും നിരുപാധികമായ അധീശാധിപത്യവും പരമാധികാരവും വാദിക്കുകയും ചെയ്യുന്നവർക്ക് ഭരണാധികാരം ഏല്പിച്ചുകൊടുക്കുക എന്നത് അല്ലാഹുവിന്റെ യുക്തിക്കും തന്ത്രജ്ഞതക്കും നിരക്കുന്നതല്ല.

ഖുർആൻ പറയുന്നു:

وَلَقَدْ كَتَبْنَا فِي الزَّبُورِ مِن بَعْدِ الذِّكْرِ أَنَّ الْأَرْضَ يَرِثُهَا
عِبَادِيَ الصَّالِحُونَ (الانبياء)

"സബൂർ വേദത്തിൽ ഉപദേശത്തിനുശേഷം നാം എഴുതി: നല്ലവരായ എന്റെ ദാസന്മാർ ഭൂമിയെ അനന്തരമെടുക്കും."

ഇതൊരു ഭാഗത്ത്. മറുഭാഗത്ത് ദൈവപ്രതിനിധികളെന്ന നിലയ്ക്കുള്ള കർത്തവ്യങ്ങൾ നിറവേറുന്നതിന്ന് അനിവാര്യ

മായ അധികാര പദവിയെ അവഗണിക്കുകയെന്നതു് കർത്തവ്യബോധമുള്ള സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം ഒട്ടും ഭൂഷണമല്ല.

ഈ വശങ്ങളെല്ലാം മുമ്പിൽവെച്ചു നോക്കിയാൽ മുസ്ലിംകൾ പാരത്രിക വിജയം മാത്രം കാംക്ഷിക്കുന്നവരല്ലെന്നും ഐഹിക നേട്ടങ്ങളിലും അവർക്കു് താല്പര്യവും അവകാശവുമുണ്ടെന്നും കാണാവുന്നതാണു്. ഐഹിക വിജയം മതത്തിന്റെ താല്പര്യത്തിന്നു അനുഗുണമായതുകൊണ്ടാണു് ശരിയായ വിധത്തിൽ ചിന്തിക്കുന്ന ഒരു മുസ്ലിം സദാ ഇപ്രകാരം പ്രാർത്ഥിക്കുന്നതു്:

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً (البقرة)

“ഞങ്ങളുടെ നാഥാ! ഇഹത്തിലെ നന്മയും പരത്തിലെ നന്മയും നീ ഞങ്ങൾക്കു് പ്രദാനം ചെയ്യേണമേ!”

ഈ അനുഗ്രഹങ്ങൾക്കു് തങ്ങൾ അർഹരാണെന്നു് മുസ്ലിംകൾ സ്വയം തെളിയിക്കുകയാണെങ്കിൽ ഈ പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്നതിൽ സംശയമില്ല.

ഇനി, വിഷയത്തിന്റെ ഒരു വശം കൂടി വിശദീകരിക്കേണ്ടതുണ്ടു്. മുസ്ലിംകൾ പാരത്രിക വിജയത്തോടൊപ്പം ഐഹിക വിജയത്തിനും അവകാശികളാണെങ്കിൽ ഖുർആനും തിരുവചനങ്ങളും 'ദുൻയാ'വിനെ ആഗ്രഹിക്കുന്നതു് ആക്ഷേപിച്ചതെന്തിനു്? മുസ്ലിംകൾ സദാ പരലോക വിജയത്തിൽ ശ്രദ്ധ നട്ടിരിക്കുന്നവരും ദുൻയാവിനെക്കാൾ ആഖിറത്തിനു മുൻഗണന നല്കുന്നവരുമാണെന്നതിന്റെ താല്പര്യമെന്തു്?

ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരമിതാണു്: ശപിക്കപ്പെടുകയും ആക്ഷേപാർഹമായി ഗണിക്കപ്പെടുകയും ചെയ്യുന്ന

‘ദുൻയാവ്’’ ഒന്നും, മുസ്ലിംകൾക്ക് അവകാശവും താല്പര്യവുമുള്ള ‘ദുൻയാവ്’ തികച്ചും മറെറാന്നുമാണ്. മനുഷ്യനെ ദൈവത്തിൽനിന്നും മതത്തിൽനിന്നും അകററുന്നതും ഭൗതിക സുഖാഡംബരങ്ങളിൽ മുഴുകാൻ പ്രേരിപ്പിക്കുന്നതുമായ കാര്യങ്ങൾ മാത്രമാണ് ഇസ്ലാമിന്റെ ദൃഷ്ടിയിൽ ആക്ഷേപാർഹമായിട്ടുള്ളത്. ദൈവസ്മരണയിൽനിന്ന് അകററാത്തതും മത കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന്നു വിഘാതമാവാത്തതുമായ കാര്യങ്ങളൊന്നും ആക്ഷേപാർഹമല്ല. മറിച്ച് മതത്തിന്റെ താല്പര്യങ്ങൾ വെച്ചു നോക്കുമ്പോൾ അഭികാമ്യവും കരണീയവുമാണ്. അവയെ ഖുർആൻ ശപിക്കപ്പെട്ട വസ്തുക്കൾ എന്നല്ല, ‘ഇഹത്തിലെ നന്മ’ (في الدنيا حسنة) ‘ഉത്തമ ജീവിതം’ (حياة طيبة) ‘ഇഹത്തിലെ പ്രതിഫലം’ (ثواب الدنيا) എന്നെല്ലാമാണ് വിശേഷിപ്പിക്കുന്നത്. ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം ഭൗതിക വിജയം എന്നു പറയുമ്പോൾ ഇത്തരം നേട്ടങ്ങളാണ് അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്.

മനുഷ്യൻ ദൈവത്തിൽനിന്നും മതത്തിൽനിന്നും അകലുകയെന്നത് യഥാർത്ഥത്തിൽ ദുൻയാവിലെ വസ്തുക്കളുമായി ബന്ധപ്പെട്ടതല്ലെന്നും അത് അവന്റെ മനസ്സുമായി ബന്ധപ്പെട്ടതാണെന്നും ഇവിടെ ഓർക്കേണ്ടതുണ്ട്. ഒരു വസ്തു ഒരാളെ ദൈവത്തിൽനിന്ന് അശ്രദ്ധനാക്കുമ്പോൾ അതേ വസ്തു മറെറാരു വ്യക്തിയിൽ വിപരീതഫലമുളവാക്കുക സാധാരണമാണ്. നിസ്സാരഹൃദയനായ മനുഷ്യൻ നിസ്സാരമായ നേട്ടം കൈവരുമ്പോഴേക്കും ആത്മനിയന്ത്രണം വിടുകയും തന്നത്താൻ വിസ്മരിക്കുകയും ചെയ്യുന്നു. എന്നാൽ ഉമറുബ്നു അബ്ദുൽ അസീസിനെപ്പോലുള്ള വ്യക്തികളെ ഒരു വൻകിട സാമ്രാജ്യത്തിന്റെ ഭരണത്തലവൻ എന്ന സ്ഥാനംപോലും ദൈവത്തെപ്പററി അണുവല്ലെങ്കിലും അശ്രദ്ധനാക്കുവാൻ പര്യാപ്തമായിട്ടില്ല. വാസ്തവ

ത്തിൽ ഇഹത്തിലെ ധനം, അധികാരം, പദവി ഇവയൊന്നും സ്വയം ചീത്തയോ വർജ്ജ്യമോ അല്ല. മനുഷ്യന്റെ തെററായ ചിന്താഗതികളും പ്രവൃത്തികളുമാണ് അവയെ വിഷലിപ്തവും വിദ്രോഹകരവുമാക്കുന്നത്. എന്നാൽ അല്ലാഹു നല്കിയ ഈ അനുഗ്രഹങ്ങൾ തെററായ വഴിക്ക് ഉപയോഗിക്കുന്നതിനുപകരം അല്ലാഹുവിന്റെ തൃപ്തിക്കും നിർദ്ദേശത്തിനുമനുസരണമായി ഉപയോഗിക്കുന്ന സത്യവിശ്വാസികളെസ്സംബന്ധിച്ചേടത്തോളം അത് ആക്ഷേപാർഹമായ 'ദുൻയാവ'ല്ല, അഭികാമ്യമായ 'ദുൻയാ'വാണ്.

രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരമിതാണ്: പരലോകത്തിനു ഇഹലോകത്തെക്കാൾ മുൻഗണന നല്കുകയെന്നാൽ ദുൻയാവിനെ പാടെ ഉപേക്ഷിക്കുകയെന്നല്ല, അത് നേടുന്നതിലും കയ്യാളുന്നതിലും മതത്തിന്റെയും പരലോകത്തിന്റെയും താല്പര്യങ്ങൾ ചവിട്ടിത്തേക്കരുതെന്നാണർത്ഥം. മതത്തിന്റെയും പരലോകത്തിന്റെയും താല്പര്യങ്ങളെക്കുറിച്ചുള്ള ബോധം മനുഷ്യന്റെ അനിയന്ത്രിതമായ വികാരങ്ങൾക്ക് കടിഞ്ഞാണിടുകയും അവനെ സ്വേച്ഛം പ്രവർത്തിക്കുന്നതിൽനിന്നു് തടയുകയും ഒട്ടേറെ ഭൗതിക താല്പര്യങ്ങൾ ബലികഴിക്കാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്നത് ശരിതന്നെ. പക്ഷെ, ഒരു വിധത്തിലും ഭൗതികമായ നേട്ടങ്ങൾ കൈവരിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ലെന്നു് പറയുന്നത് ശരിയല്ല. ഹദീസിൽ സത്യവിശ്വാസിയെ നീളമുള്ള കയർകൊണ്ട് ഒരു കുററിയിൽ ബന്ധിച്ച കുതിരയോട് ഉപമിച്ചതായി കാണാം. ഈ കുതിര കാലുകൾ കുററിയോട് ചേർത്തു തളച്ചിട്ട കുതിരയെപ്പോലെയല്ലെന്നു വ്യക്തമാണ്. ആദ്യം പറഞ്ഞ കുതിരക്ക് ഒരു നിശ്ചിത പരിധിവരെ മേഞ്ഞു നടക്കുവാൻ സ്വാതന്ത്ര്യമുണ്ട്. രണ്ടാമത്തെ കുതിരക്കാവട്ടെ അവ്വിധം യാതൊരു സ്വാതന്ത്ര്യവുമില്ല. ഈ ഉദാഹരണത്തിൽനിന്നു് പരലോകത്തിനു ഇഹലോകത്തെ

ക്കാം മുൻഗണന നല്കുന്നതോടൊപ്പം ഒരു പരിധി വരെ ഐഹിക നേട്ടങ്ങളുടെ കവാടം സത്യവിശ്വാസിക്ക് തുറന്നുകൊടുത്തിരിക്കുന്നുവെന്ന് മനസ്സിലാക്കാം. സത്യവിശ്വാസിയുടെ, സാക്ഷാൽ ലക്ഷ്യം പരലോക വിജയമാണെങ്കിലും ഇസ്ലാം അതിലേക്കു നിർണ്ണയിച്ച മാർഗ്ഗം, ഐഹിക വിജയത്തിൽനിന്നു വിട്ടുമാറിക്കൊണ്ടുള്ള ഒന്നല്ല. പ്രത്യുത ഐഹിക വിജയത്തിലൂടെ തന്നെയാണ് പാരത്രിക വിജയത്തിലേക്കുള്ള മാർഗ്ഗം നിശ്ചയിച്ചിട്ടുള്ളത്. അല്പം മുമ്പ് നാം ഉദ്ധരിച്ച സൂറഃ ആലു ഇംറാനിലെ വാക്യം ഒരിക്കൽ കൂടി ശ്രദ്ധിക്കുക. സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് 'പരലോകത്തിലെ ഏററവും നല്ല പ്രതിഫല'വും (حسن ثواب الآخرة) 'ഇഹത്തിലെ പ്രതിഫല'വും (ثواب الدنيا) ലഭിക്കുമെന്ന് പ്രസ്തുത വാക്യം വ്യക്തമാക്കുന്നു. ദൈവ ഭക്തിയും പരലോക ചിന്തയും പുലർത്തുന്നവർക്ക് പരലോകത്തിലെ പ്രതിഫലത്തോടൊപ്പം ഐഹികമായ പ്രതിഫലവും ലഭിക്കുമെന്നത് ഐഹിക വിജയം ദൈവഭക്തിയുടെയും പരലോക ചിന്തയുടെയും പ്രതിഫലത്തിൽ ഉൾപ്പെട്ടതാണെന്ന് കുറിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ പരലോകത്തിനു ഇഹലോകത്തെക്കാൾ മുൻഗണന നല്കുകയെന്നാൽ അതിന്റെ പരിണത ഫലമായി ഭൗതിക നേട്ടങ്ങൾ കൂടി കരസ്ഥമാക്കുക എന്നാണെന്നു വരുന്നു.

## ഐഹികവിജയത്തിന്റെ അവശ്യോപാധി

സത്യവിശ്വാസവും സൽക്കർമ്മവും പരലോകവിജയത്തിനെന്നപോലെ ഐഹിക വിജയത്തിനും ഒഴിച്ചുകൂടാത്തതാണ്. അതായത്, മുസ്ലിംകൾക്ക് ഐഹികാനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടണമെങ്കിൽ സത്യവിശ്വാസത്തിന്റെയും സൽക്കർമ്മത്തിന്റെയും ഉപാധികൾ പൂർത്തീകരിക്കണം. ഈ യാഥാർത്ഥ്യം സമർത്ഥിക്കുവാൻ പ്രത്യേകം തെളിവുകൾ ആവശ്യമുണ്ടെ

ണം തോന്നുന്നില്ല. സത്യവിശ്വാസത്തിൻെറയും സൽക്കർമ്മത്തിൻെറയും ഉപാധിയോടെ മാത്രമേ അല്ലാഹു ഏതു് സമുദായത്തോടും ഐഹിക വിജയം വാഗ്ദാനം ചെയ്തിട്ടുള്ളുവെന്നു് മുൻപറഞ്ഞതിൽനിന്നു നാം ഗ്രഹിച്ചു. മുസ്ലീം സമുദായം അവിശ്വാസികളുടെ മേൽ വിജയം വരിക്കുമെന്ന ശുഭവാർത്ത അറിയിക്കപ്പെട്ടതു് "നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ" എന്ന ഉപാധിയോടെയാണു്. ഭൂമിയിൽ അധികാരവും ഭരണവും വാഗ്ദാനം ചെയ്തതും സത്യവിശ്വാസികൾക്കും സൽക്കർമ്മകാരികൾക്കുമാണു്. ചുരുക്കത്തിൽ ദീനിൻെറ അനുയായികൾക്കു് ഐഹികവിജയം നല്കുമെന്നതു് അല്ലാഹുവിന്റെ ഒരു പൊതു വാഗ്ദാനമാണെന്നപോലെ അതു് സത്യവിശ്വാസത്തിൻെറയും സൽക്കർമ്മത്തിൻെറയും ഉപാധിയോടു് ബന്ധപ്പെട്ടിരിക്കുമെന്നതു് ഒരു പൊതു നിയമവുമാണു്. സത്യവിശ്വാസവും സൽക്കർമ്മവും കൂടാതെ പരലോക വിജയം പോകട്ടെ ഐഹിക വിജയം പോലും ലഭ്യമല്ലെന്നാണു് ഇതിൻെറ അർത്ഥം. ഈ നിയമം വ്യക്തികൾക്കും സമൂഹത്തിനും ഒരുപോലെ ബാധകമാണു്. വ്യക്തിക്കു് സ്വകാര്യ ജീവിതത്തിൽ ഭൗതിക വിജയം (സമാധാനം, സ്വാസ്ഥ്യം, അന്തസ്സു്, സ്വാധീനം, ജീവിത സൗകര്യങ്ങൾ മുതലായവ) ദൈവബോധവും പരലോക സ്മരണയുമുണ്ടെങ്കിൽ മാത്രമേ ലഭ്യമാവൂ. നബി (സ) പറയുന്നു:

من جعل الهموم هما واحدا هم آخرته كفاه الله هم دنياه ومن تشعبت به الهموم أحوال الدنيا لم يبال الله في أي أوديتها هلك (ابن ماجه)

"ഒരാൾ തൻെറ ചിന്തകൾ മുഴുവൻ ഒരേ ചിന്തയിൽ—പരലോക ചിന്തയിൽ—കേന്ദ്രീകരിച്ചാൽ അവൻെറ ഐഹിക വിഷമങ്ങ

ളെ അല്ലാഹു ഏറെറടുത്തുകൊള്ളും. ജീവിതത്തിൻെറ പ്രശ്നങ്ങളെച്ചൊല്ലി വിവിധ ചിന്തകൾക്ക് ഒരാൾ അടിമപ്പെട്ടാൽ അവൻ ഏത് കോണിൽകിടന്നു നശിച്ചാലും അല്ലാഹു കൂട്ടാക്കുകയില്ല.”

وَمَنْ كَانَتِ الْآخِرَةُ نِيَّتَهُ جَمَعَ اللهُ أَمْرَهُ وَجَعَلَ غِنَاهُ فِي قَلْبِهِ

وَأَتَتْهُ الدُّنْيَا وَهِيَ رَاغِمَةٌ (ابن ماجه)

“ഒരാൾ പരലോകത്തെ തൻെറ ലക്ഷ്യമാക്കിയാൽ അല്ലാഹു അവൻെറ കാര്യങ്ങൾ ശരിപ്പെടുത്തുകയും അവന്റെ ഹൃദയത്തിൽ ഐശ്വര്യമുണ്ടാക്കുകയും ചെയ്യും. ദുൻയാവ് അവൻെറ മുമ്പിൽ അനുസരണത്തോടെ വന്നു നില്ക്കും.” (ഇബ്നുമാജ:)

അതേപ്രകാരം സമുദായത്തിനു് അതിൻെറ സാമൂഹ്യജീവിതത്തിലുള്ള വിജയം (സ്വാതന്ത്ര്യം, സമൃദ്ധി, ഔന്നത്യം, അധികാരം, പദവി മുതലായവ) സാമൂഹ്യമായ അടിസ്ഥാനത്തിലും, യഥാർത്ഥമുസ്ലിംകളായെങ്കിലും മാത്രമേ ലഭ്യമാകൂ. അതായത് ഒരു ഭാഗത്ത് സമുദായം സത്യവിശ്വാസികളും സൽക്കർമ്മകാരികളുമായ വ്യക്തികൾ ഉൾക്കൊള്ളുന്നതായിരിക്കണം. മറുഭാഗത്ത് ആ വ്യക്തികൾ ഉൾക്കൊള്ളുന്ന സമുദായത്തിനു ശരിയായ സംഘടിത സ്വഭാവമുണ്ടായിരിക്കണം.

ഇവ്വിഷയത്തിൽ മുസ്ലിം സമുദായത്തെ മററു സമുദായങ്ങളുമായി താരതമ്യപ്പെടുത്തുന്നത് ശരിയല്ല. ഇതര സമുദായക്കാർ സത്യനിഷേധികളായിട്ടും ഉയർന്ന അധികാര പദവികൾ കരസ്ഥമാക്കിയെന്നു വരാം. മുസ്ലിം സമുദായത്തെ സംബന്ധിച്ചേടത്തോളം അതിനു സാധ്യതയില്ല. മുസ്ലിം സമുദായത്തിനു് അധികാരം കൈവരുന്ന ഏക മാർഗ്ഗം, ഇസ്ലാമിന്റെ അഥവാ സത്യ

സാക്ഷ്യത്തിൻെറ മാർഗ്ഗമാണ്. മുസ്ലിം സമുദായത്തിൻെറ അഭിവൃദ്ധിയുടെയും അധഃപതനത്തിൻെറയും നിയമം അല്ലാഹു ഇതര സമുദായങ്ങളുടേതിൽനിന്ന് വ്യത്യസ്തമാക്കിയിരിക്കുന്നുവെന്നതാണ് ഇതിനു കാരണം. ഇതര സമുദായങ്ങളെ സംബന്ധിച്ചേടത്തോളം മൗലികമായ ചില മാനുഷിക ധർമ്മങ്ങൾ തങ്ങളിൽ വളർത്തിയെടുക്കുകയും പുരോഗതിക്കനിവാര്യമായ ചില ഭൗതികാസൂത്രണങ്ങൾ സ്വായത്തമാക്കുകയും ചെയ്യുന്ന പക്ഷം എത്രയും ഉയർച്ച പ്രാപിക്കാമെന്നാണ് അവൻെറ നിയമം. മുസ്ലിം സമുദായത്തിൻെറ ഉയർച്ചക്ക് ഈ ഉപാധികൾ മാത്രം പര്യാപ്തമല്ല. എന്തുകൊണ്ടെന്നാൽ അവർ ദൈവിക മതത്തിൻെറ വാഹകരും ലോകത്തിൻെറ മുമ്പിൽ സത്യത്തിൻെറ സാക്ഷികളുമാണ്. മററാരു സമുദായത്തിനും മഹത്തായ ഈ പദവി നല്കപ്പെട്ടിട്ടില്ല. പദവിയിലുള്ള അന്തരം അവകാശങ്ങളിലും ബാദ്ധ്യതകളിലും അന്തരം ആവശ്യപ്പെടുന്നു. ഈ അന്തരമാകട്ടെ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്ന നിയമങ്ങളിലും വ്യത്യാസം ആവശ്യമാക്കിത്തീർക്കുന്നു. ഇതര സമുദായങ്ങൾ സന്മാർഗ്ഗം സ്വീകരിക്കാതിരുന്നാലുള്ള കുററം മുസ്ലിം സമുദായം അത് സ്വീകരിക്കാതിരുന്നാലുള്ള കുററംപോലെ ഗുരുതരമല്ല. അതുകൊണ്ട് മുസ്ലിംകളല്ലാത്തവക്ക് ദൈവത്തെ അനുസരിക്കാതെ തന്നെ പുരോഗതി പ്രാപിക്കാമെന്ന ആനുകൂല്യം നല്കപ്പെട്ടിട്ടുണ്ട്. മുസ്ലിം സമുദായത്തിന് ആ ആനുകൂല്യം നല്കപ്പെട്ടിട്ടില്ല. അത് ന്യായവുമാണ്. അല്ലാഹുവിൻെറ പ്രത്യേകാനുഗ്രഹം ലഭിച്ചവർ അതിനെ അവമതിക്കുകയാണെങ്കിൽ അല്ലാഹുവിൻെറ പ്രത്യേക ശിക്ഷക്ക് പാത്രമാകേണ്ടി വരും. പ്രവാചക പത്നിമാരുടെ വിഷയത്തിൽ അല്ലാഹു ഈ പ്രത്യേക ദൈവിക നിയമത്തെ വ്യക്തമാക്കീട്ടുണ്ട്.

മുസ്ലിം സമുദായം ശരിയായ അടിസ്ഥാനത്തിൽ തന്നെ 'മുസ്ലിം സമുദായം' ആയാൽ മാത്രമെ ഐഹിക ജീവിതത്തിൽ

അഭിവൃദ്ധിയും അധികാരവും കൈവരികയുള്ളൂവെന്ന യാഥാർത്ഥ്യമാണ് പതിമൂന്നു നൂററാണ്ടു കാലത്തെ ഇസ്ലാമിക ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. യഥാർത്ഥ 'ഉമ്മത്ത് മുസ്ലിമത്ത്' ആയിരുന്ന കാലത്ത്, രാഷ്ട്രീയ സ്വാധീനത്തിലും ഭൗതികപ്രഭാവത്തിലും ഇന്ന് അമേരിക്ക, റഷ്യ തുടങ്ങിയ വൻ ശക്തികൾക്ക് പോലുമില്ലാത്ത സ്ഥാനം അവർ ആർജ്ജിച്ചു. പിന്നീട് അവർ യഥാർത്ഥ മുസ്ലിം സമുദായമെന്ന സ്ഥാനത്ത് നിന്നു് വെറും സമുദായമായി തരം താണപ്പോൾ ഈ സ്ഥാനം അവക്ക് നഷ്ടപ്പെട്ടു. മേലിൽ അവക്ക് യഥാർത്ഥമായ അന്തസ്സും അഭിവൃദ്ധിയും കൈവരണമെങ്കിൽ അവർ സ്വയം മാറുകയും ശരിയായ അർത്ഥത്തിൽ മുസ്ലിംകളായി ജീവിക്കുകയും വേണം. ഗ്രന്ഥം നല്കപ്പെട്ടവരെപ്പററി അല്ലാഹു വിധി പ്രസ്താവിക്കുന്നു.

يَا أَهْلَ الْكِتَابِ لَسْتُمْ عَلَىٰ شَيْءٍ حَتَّىٰ تُقِيمُوا التَّوْرَاةَ
وَالْإِنجِيلَ وَمَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ

"വേദം നല്കപ്പെട്ടവരേ, തൗറാത്തും ഇഞ്ചീലും നിങ്ങളുടെ നാഥങ്കൽ നിന്നു് നിങ്ങൾക്ക് അവതരിച്ചതും (ഖുർആൻ) നിലനിർത്തുന്നതു വരെ നിങ്ങൾ ഒരടിസ്ഥാനത്തിലുമല്ല"

ഈ വിധി മുസ്ലിം സമുദായത്തിനും ബാധകമാണ്. ദീൻ നിലനിർത്തുകയെന്ന കർത്തവ്യം നിർവ്വഹിക്കാത്ത കാലത്തോളം ദൈവിക വിധിയനുസരിച്ച് ഒരടിസ്ഥാനത്തിലുമല്ലാത്തവരായി മാത്രമേ അവർ ഗണിക്കപ്പെടുകയുള്ളൂ. മുസ്ലിം സമുദായമെന്ന നിലക്ക് അല്ലാഹു വാഗ്ദാനം ചെയ്ത അധികാരവും പദവിയും അവർക്ക് ലഭിക്കുന്നതുമല്ല. അതിനാൽ മുസ്ലിംകൾ ഇന്നത്തെ ശോച്യാവസ്ഥയിൽനിന്നു വിമുക്തരാകണമെങ്കിൽ അവർ തങ്ങളുടെ ഭൂതകാലത്തിലേക്ക് തിരിച്ചുപോകണം. അവർക്ക് മുമ്പു

ത്തെ പോലെ അന്തസ്സും അധികാരവും ലഭ്യമാകണമെങ്കിൽ അവർ തങ്ങളുടെ ജീവിതത്തെ അല്ലാഹുവിൻെറ ദീനിന്നു് അനുരൂപമാക്കി മാററണം. അവരുടെ പള്ളികളിലേയും അസംബ്ലികളിലേയും പാർലിമെൻറുകളിലേയും ദീൻ ഇസ്ലാം മാത്രമായിരിക്കണം. അല്ലാഹുവിൻെറ ഉത്തമവാഗ്ദാനം ഏതുസമയത്തും നിറവേററപ്പെടും. മുസ്ലിംകൾ ആത്മാർത്ഥമായി അതിനു ആഗ്രഹിക്കുകയും പ്രവൃത്തിക്കുകയും വേണമെന്നു് മാത്രം.

അല്ലാഹുവിൻെറ മറെറാരു നിയമംകൂടി ഇവിടെ നാം മനസ്സിരുത്തേണ്ടതുണ്ടു്. അതായതു്, സാമുദായികമായ സ്വാതന്ത്ര്യം, അന്തസ്സ്, അധികാരം എന്നിവ സംഘടനക്കു് മാത്രമേ ലഭിക്കുകയുള്ളു. വ്യക്തികൾക്കു് ലഭിക്കുകയില്ല. അവ വാഗ്ദാനം ചെയ്യപ്പെട്ടതും വ്യക്തികളോടല്ല, സംഘടനയോടാണു്. ഈ സമുദായം യഥാർത്ഥത്തിൽ സത്യവിശ്വാസികളും സൽക്കർമ്മകാരികളും സത്യസാക്ഷികളുമാണെങ്കിൽ അവക്കു് സ്വാതന്ത്ര്യവും അന്തസ്സും അധികാരവും കൈവരും. അല്ലാത്ത പക്ഷം അവരുടെ എണ്ണം മണൽത്തരികൾപോലെ സംഖ്യാതീതമാകട്ടെ, വ്യക്തികളുടെ സ്വകാര്യ നന്മകളുടെ പേരിൽ ഈ ഐഹികാനുഗ്രഹങ്ങൾക്കു് അവർ അർഹരാവുകയില്ല. ഈ ഭാഗ്യദോഷത്തിൽ സമുദായത്തിലെ കർമ്മരഹിതരെയും ദുഷ്കർമ്മകാരികളെയും പോലെ കർമ്മശാലികളും പങ്കാളികളായിരിക്കും. ഈ കർമ്മശാലികളും നല്ലവരുമായ വ്യക്തികൾക്കു് അവരുടെ സ്വകാര്യജീവിതത്തിൽ ഐഹികാനുഗ്രഹങ്ങൾ ലഭിക്കുമെന്നതു് മറെറാരു കാര്യമാണു്. കാരണം സമുദായത്തിൽ പൊതുവായ തെററുകളും അവയുടെ തിക്തഫലങ്ങളും നടമാടുകയാണെങ്കിലും സ്വയം നന്നായി ജീവിക്കുന്നവർക്കു് അതിൻെറ അനുഗ്രഹഫലങ്ങൾ ലഭിക്കുക തന്നെ ചെയ്യും. ചവർക്കൂമ്പാരത്തിൽ പതിഞ്ഞുകിടക്കുന്ന രത്നക്കല്ലുകൾ ആ മുഴുവൻ കൂമ്പാരത്തിനും അലങ്കാരമായിരിക്കുന്നില്ല മാത്രം. എങ്കിലും അവയുടെ സ്വന്തമായ വിലയും വീര്യവും ഈ കൂമ്പാരത്തിൽപെട്ടു നശിച്ചുപോകുന്നില്ല.

## ഒരു സംശയനിവാരണം

ഭൗതിക വിജയത്തെപ്പററി പ്രസ്താവിച്ചതിൽ ബാഹ്യമായി മാത്രം വീക്ഷിക്കുന്നവക്ക് ചില സംശയങ്ങഠം ഉണ്ടായേക്കാം. അനുഭവം പ്രസ്തുത വാദത്തെ ശരിവെക്കുന്നതായി കാണുന്നില്ലെന്നും സൽവൃത്തരായ മുസ്ലിംകഠം കഷ്ടപ്പാടിലും ഞെരുക്കത്തിലും ജീവിതം തള്ളിനീക്കുന്ന ഒട്ടേറെ ഉദാഹരണങ്ങഠം നമ്മുടെ മുമ്പിലുണ്ടെന്നും അവർ പറയും. അതേയവസരത്തിൽ ഇസ്ലാമുമായി നാമമാത്ര ബന്ധം പുലത്തുന്ന ചിലർ വലിയ ധനാഢ്യരും പ്രശസ്തരുമായി ജീവിതം നയിക്കുന്നത് കാണാം. അപ്രകാരം രാഷ്ട്രീയവും ഭരണപരവുമായ രംഗങ്ങളിൽ ഇസ്ലാമിൻെറ പേരുപോലും ഇഷ്ടപ്പെടാത്ത ചില മുസ്ലിം രാഷ്ട്രങ്ങഠം സ്വയംനിർണ്ണയാവകാശവും പരമാധികാരവും പുലത്തുമ്പോഠം ശരീഅത്ത് നിയമങ്ങഠം നടപ്പിൽ വരുത്തുന്ന മററു ചില മുസ്ലിം രാഷ്ട്രങ്ങഠം പരാശ്രയത്തിലും പാരാധീനതയിലും കഴിയുന്നു. ഇക്കാരണങ്ങളാൽ ഐഹിക വിജയത്തെസ്സംബന്ധിച്ച വാഗ്ദാനങ്ങളും ഉപാധികളും ചിലക്ക് ദുർഗ്രാഹ്യമായിത്തോന്നുന്നു. ഈ സംശയങ്ങഠംക്ക് നിവാരണം കാണേണ്ടതാവശ്യമാണ്:

വ്യക്തിപരമായ വിജയത്തെസ്സംബന്ധിച്ചേടത്തോളം പറഞ്ഞാൽ, ഭൗതിക വിജയത്തെപ്പററിയുള്ള ഇസ്ലാമിൻെറ വിഭാവനമെന്തെന്നറിയാത്തവരെയാണ് ഈ സംശയം പിടികൂടുക. പൊതുവെയുള്ള വിഭാവനത്തിൽനിന്ന് വ്യത്യസ്തമാണ് ഇസ്ലാമിൻെറ വിഭാവന. യഥാർത്ഥ മുസ്ലിംകഠംക്ക് ഭൗതിക വിജയം വാഗ്ദാനം ചെയ്യപ്പെട്ട സന്ദർഭങ്ങളിൽ ആ വിഭാവന എന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്:

مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ

حَيَوٰةً طَيِّبَةً (النحل)

“പുരുഷനാവട്ടെ സ്ത്രീയാവട്ടെ സത്യവിശ്വാസിയായിക്കൊണ്ട് സുകൃതം പ്രവർത്തിക്കുന്നവർക്ക് നാം ഉത്തമ ജീവിതം പ്രദാനം ചെയ്യും.”

فَمَنِ اتَّبَعَ هُدَىَ فَلَا يَضِلُّ وَلَا يَشْقَى وَمَنْ اَعْرَضَ عَنْ ذِكْرِي

فَاِنَّ لَهُ مَعِيشَةً ضَنْكًا

“എന്റെ മാർഗ്ഗം പിൻപറ്റുന്നവൻ വഴിപിഴക്കുകയോ ക്ലേശത്തിലകപ്പെടുകയോ ചെയ്യുകയില്ല. എന്നെ സ്മരിക്കുന്നതിൽനിന്നു് പിന്തിരിയുന്നവന്നു് തീർച്ചയായും കുടുസ്സായ ജീവിതമായിരിക്കും.”

സത്യവിശ്വാസത്തിന്റെയും സൽക്കർമ്മത്തിന്റെയും ഫലമായി ഈ ലോകത്ത് ലഭിക്കുന്ന വിജയം, ‘ഉത്തമ ജീവിതവും’ ‘കഷ്ടാരിഷ്ടതകളിലകപ്പെടാതിരിക്കലു’മാണെന്നു് ഈ ഖുർആൻ വാക്യങ്ങൾ സ്പഷ്ടമാക്കുന്നു. പ്രകാരാന്തരേണ പറഞ്ഞാൽ, ഈ വിജയംകൊണ്ടുള്ള വിവക്ഷ ധനത്തിന്റെ ഖജനാവുകളും ഉയർന്ന മണിമേടകളും വിലപിടിച്ച മോട്ടോർ കാറുകളും ധാരാളം പരിചാരകന്മാരും വിഭവ സമൃദ്ധമായ ഭക്ഷണത്തളികകളും വിലയേറിയ വസ്ത്രങ്ങളും കൈവരിക എന്നല്ല. പ്രത്യുത, യഥാർത്ഥ ജീവിതാവശ്യങ്ങളുടെ ലബ്ധിയും മനസ്സിന്റെ ഐശ്വര്യവുമാണ്. മനുഷ്യന്റെ നൈസർഗ്ഗികാവശ്യമായ സുഖനിദ്രക്ക് പോലും ഉറക്കഗുളികകൾ കഴിപ്പിക്കുകയും മനസ്സിൽ സദാ അസ്വാസ്ഥ്യവും പരിഭ്രമവും സൃഷ്ടിക്കുകയും അത്യാഗ്രഹത്തിന്റെയും അസൂയയുടെയും തീജ്വാലകൾകൊണ്ടു് മനസ്സിനെ എരിപൊരി കൊള്ളിക്കുകയും ചെയ്യുന്ന സമ്പത്ത് ഒരിക്കലും ജീവിതത്തിലെ സുഖമല്ല, മറിച്ച് ഏററവും ഹീനമായ ശിക്ഷയാണ്. ദൈവ സ്മരണയും പരലോക ചിന്തയും കൈവെടിഞ്ഞാൽ മനുഷ്യന്നു് ലഭിക്കുന്ന ‘ഐശ്വര്യം’ അതല്ലാതെ മററ

നുമല്ല. അത്തരക്കാർ സമ്പത്തിന്റെ കൂമ്പാരങ്ങളുണ്ടായിട്ടും പട്ടിണിപ്പാവങ്ങളേക്കാൾ മോശമായി ജീവിക്കുന്നു. എന്നാൽ ദൈവസ്മരണയും പരലോക ബോധവുമുള്ള മനുഷ്യൻ വെറും രണ്ടു് നേരത്തെ റൊട്ടികൊണ്ടു് ഒരു രാജാവിനെപ്പോലെ സംതൃപ്തനാകുന്നു. കാരണം ഏതൊന്നിനെ മനസ്സിന്റെ സമാധാനം, സ്വാസ്ഥ്യം എന്നെല്ലാം പറയുന്നുവോ അതിന്റെ ഉറവിടം ദൈവസ്മരണയാകുന്നു. .

أَلَا بِذِكْرِ اللّٰهِ تَطْمَئِنُّ الْقُلُوبُ

"അറിയുക അല്ലാഹുവിന്റെ സ്മരണകൊണ്ടു് ഹൃദയങ്ങൾക്കു് സ്വാസ്ഥ്യം ലഭിക്കുന്നു."

ദൈവസ്മരണയുള്ളവൻ സ്വാഭാവികമായും 'തഖ്‌വയുള്ളവനായിരിക്കും.' 'തഖ്‌വയുള്ളവൻ' പട്ടിണി കിടക്കേണ്ടിവരികയില്ല. അവന്നു് ആഹാരം നല്കുകയെന്ന ചുമതല അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു.

وَمَنْ يَتَّقِ اللّٰهَ يَجْعَلْ لَهُ مَخْرَجًا وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

(الطلاق)

"അല്ലാഹു തന്നെ സൂക്ഷിച്ചു് ജീവിക്കുന്നവന്നു് തുറസ്സുണ്ടാക്കി കൊടുക്കും. അവൻ ഊഹിക്കുകപോലും ചെയ്യാത്ത മാർഗ്ഗത്തിലൂടെ അവന്നു് ആഹാരം എത്തിച്ചുകൊടുക്കുകയും ചെയ്യും."

ഇനി സാമൂഹ്യ ജീവിതത്തിലെ വിജയത്തെപ്പററി ചിന്തിക്കാം. ഇസ്ലാമുമായി ബന്ധമില്ലാതെ തന്നെ സ്വയം നിർണ്ണയാവകാശവും പരമാധികാരവുമുള്ളവയെന്നു് കരുതപ്പെടുന്ന മുസ്ലിം രാഷ്ട്രങ്ങൾ വാസ്തവത്തിൽ സ്വാതന്ത്ര്യത്തിന്റെയും സ്വാശ്രയത്വത്തിന്റെയും മൂടുപടമണിയുകമാത്രമാണ് ചെയ്യുന്നതു്. ശരിയായ അർത്ഥത്തിൽ അവയൊന്നും സ്വതന്ത്രപരമാധികാരരാഷ്ട്രങ്ങളല്ല.

ചില രാഷ്ട്രങ്ങൾ അമേരിക്കയെ ആശ്രയിക്കുമ്പോൾ മററു ചിലത്ത് റഷ്യയുടെ വാലിൽ തൂങ്ങുന്നു. ശരീഅത്ത് നിയമങ്ങൾ നടപ്പാക്കിയിട്ടും ദുർബ്ബലവും പരാശ്രിതവുമെന്നു് പറയപ്പെടുന്ന മുസ്ലീം രാഷ്ട്രങ്ങളിൽ ഒന്നെങ്കിലും ഇരുപത്തഞ്ചു് ശതമാനം പോലും ഇസ്ലാമിക നിയമങ്ങൾ നടപ്പാക്കുന്നില്ലെന്നതാണ് വാസ്തവം. ഒരു രാഷ്ട്രവും സുപ്രധാന രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളിൽ ഇസ്ലാമിക നിയമങ്ങൾ നടപ്പിൽ വരുത്താൻ ധൈര്യപ്പെടുന്നില്ല. കവിഞ്ഞാൽ അവിടെ കാണപ്പെടുന്നത് അത്രമേൽ പ്രധാനമല്ലാത്ത ചില സാമൂഹ്യ പ്രശ്നങ്ങളിലും മതകാര്യങ്ങളിലും ഇസ്ലാമിക നിയമങ്ങൾ നടപ്പാക്കുന്നത് മാത്രമാണ്. ഇസ്ലാമിക വ്യവസ്ഥയുടെ ചില വശങ്ങൾ സ്വീകരിക്കലും ചില വശങ്ങൾ ഉപേക്ഷിക്കലും ഇസ്ലാമിലുള്ള ദൃഢവിശ്വാസത്തെയല്ല, വിശ്വാസക്കുറവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. സാക്ഷാൽ വിധികർത്താവ് അതിനു് 'വിജയ'മല്ല, ഹീനമായ ശിക്ഷയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. അതുകൊണ്ടു് ഈ മുസ്ലീം രാഷ്ട്രങ്ങൾ പരാശ്രിതരാണെങ്കിൽ, അതിലൊട്ടും അത്ഭുതത്തിന്നവകാശമില്ല. അവയുടെ ഇന്നത്തെ അർദ്ധ ഇസ്ലാമികവൽക്കരണ നയം തുടരുന്ന കാലത്തോളം യഥാർത്ഥമായ സ്വാതന്ത്ര്യവും പരമാധികാരവും സ്വാശ്രയത്വവും അവയ്ക്കു കൈവരികയില്ല. ഈ അനുഗ്രഹം ഇസ്ലാമിനെ പൂർണ്ണമായി പിൻപററുകയും ഇസ്ലാമിക ജീവിതവ്യവസ്ഥയെ പൂർണ്ണമായി നടപ്പിൽ വരുത്തുകയും ചെയ്താൽ മാത്രമേ ലഭിക്കുകയുള്ളൂ.

أَوْفُوا بِعَهْدِي أُوفِ بِعَهْدِكُمْ

"നിങ്ങൾ എന്നോടു് ചെയ്ത വാഗ്ദാനം നിറവേററുക. എങ്കിൽ ഞാൻ നിങ്ങളോടു് ചെയ്ത വാഗ്ദാനവും നിറവേററാം."

0═══0═══0

# ഇസ്ലാം മതം

പേജ്

216

വില

2/50

പോസ്റ്റേജ ജടക്കം

2/80

ഇസ്ലാമിന്റെ മൗലികാദർശങ്ങളേയും, അടിസ്ഥാന സിദ്ധാന്തങ്ങളേയും യുക്തിയുക്തം പ്രതിപാദിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥം. ഇസ്ലാം വെറും ചില ആചാരങ്ങൾ മാത്രമല്ല; പ്രത്യുത, മനുഷ്യ ജീവിതത്തെ വിജയപ്രദമാക്കുവാനായി അല്ലാഹു നല്കിയ ഒരു പരിപൂർണ്ണ ജീവിത പദ്ധതിയാണ് ഇതെന്ന പരമാർത്ഥം ആധുനിക മസ്തിഷ്കങ്ങളെ സമാകർഷിക്കുമാറ് ഇതിൽ സമർത്ഥമായി തെളിയിച്ചിട്ടുണ്ട്.

By മൗലാനാ

സയ്യിദ് അബുൽ അഅ്ലാ മൗദൂദി

# ഖു ത്തു ബാ ത്ത്

★ ഇസ്ലാമിൻെറ വിശദാ
സാദർശങ്ങളേയും, കർമ്മ
പദ്ധതിയേയും, നമസ്കാ
രം, നോമ്പ്, സകാത്ത്,
ഹജ്ജ് എന്നീ ആരാധ
നാകർമ്മങ്ങളുടെ യാഥാർ
ത്ഥ്യങ്ങളെയും ഇസ്ലാമിലെ
ജിഹാദിനെയും യുക്തി
പൂർവ്വം വിശദീകരിക്കുന്ന
ഒരുത്തമഗ്രന്ഥം. മുസ്ലിം
ബഹുജനങ്ങൾക്ക് ഇസ്ലാ
മിനോടുള്ള ഭക്തി നില
നിർത്തിപ്പോരുവാനും, അ
നിസ്ലാമിക മാർഗ്ഗങ്ങളിലേ
ക്കുള്ള വ്യതിചലനത്തിൽ
നിന്നു് രക്ഷപ്രാപിക്കുവാ
നും ഈ ഗ്രന്ഥം സഹായ
കമാണ്. ★

സയ്യിദ്
അബുൽ അഅ്‌ലാ
മൗദൂദി

പേജ് 432
വില 3. 50
പോസ്റ്റേജടക്കം
4. 00

# ശിർക്ക് അഥവാ
# ബഹുദൈവത്വം

(അമീൻ അഹ്സൻ ഇസ്ലാഹി)

തൗഹീദിൻെറ വിപരീത ശക്തിയാണ് ശിർക്ക്. പൗരാണിക കാലങ്ങളിലെന്നപോലെ, ആധുനിക കാലത്തും, ശിർക്ക് മാരകമായൊരു സാമൂഹ്യവിപത്താണ്. ഏതൊന്നിനെ വിശുദ്ധഖുർആൻ ശക്തിയുക്തം ഖണ്ഡിച്ചിരിക്കുന്നുവോ ആ ബഹുദൈവത്വത്തെ ഇത്രയ്ക്ക് സമഗ്രമായി തുറന്നുകാട്ടുന്ന മറെറാരു ഗ്രന്ഥം മലയാളത്തിലില്ല.

★

പേജ്: 320, വില 3 രൂപ.

പോസ്ററേജടക്കം 3-30

# ഇസ്‌ലാമും
# സംഘടിത ജീവിതവും

(മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി)

സംഘടിത ജീവിതത്തിന്നു ഇസ്‌ലാം കല്പിക്കുന്ന പ്രാധാന്യമെന്ത്? സംഘടന ഇസ്ലാമിൽ ഐച്ഛികമോ, നിർബ്ബന്ധമോ? നിർബ്ബന്ധമാണെങ്കിൽ എന്തുകൊണ്ട്? അസംഘടിതാവസ്ഥയിൽ ഇസ്ലാമിന്നും മുസ്ലിംകൾക്കും എന്താണ് നഷ്ടപ്പെടുന്നത്? ഇസ്ലാമിന്റെ വിഭാവനയിലുള്ള സംഘടിത ജീവിതത്തിന്റെ അന്തിമ രൂപമെന്ത്? അതൊരു രാഷ്ട്രീയ വ്യവസ്ഥയിൽ ചെന്നവസാനിക്കുമോ? എങ്കിൽ മുസ്ലിം ലോകം ഏക ഗവൺമ്മെണ്ടായിരിക്കണമോ? അഥവാ വിവിധ യൂനിററുകളായി വിഭജിക്കപ്പെടാമോ? ഛിദ്രിച്ചുപോയ മുസ്ലിംകളെ എങ്ങിനെ, ഏതടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കണം? ഏകാന്ത വാസത്തിന്നു ഇസ്ലാമിൽ അനുവാദമുണ്ടോ? ഉണ്ടെങ്കിൽ എപ്പോൾ, ഏതു പരിതസ്ഥിതിയിൽ?

ഈ ചോദ്യങ്ങൾക്ക്, ഇസ്ലാമിക വിഷയങ്ങളിൽ പ്രാമാണിക ജ്ഞാനമുള്ള ഗ്രന്ഥ കർത്താവ് പ്രബലമായ തെളിവുകളുടെ അടിസ്ഥാനത്തിൽ തൃപ്തികരമായി മറുപടി നല്കുന്നു. ഈ വിഷയകമായി മലയാളത്തിൽ ഇതുപോലൊരു ഗ്രന്ഥം മറെറാന്നില്ലെന്ന് തീർത്തു പറയാവുന്നതാണ്.

പേജ് 232

വില 2ക 25 പ.

പോസ്റ്റേജടക്കം 2ക 50

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M297 Acc. No. 45710

This book should be returned on or before the date last stamped below.

16 JUL 1983
18 OCT 1995
9 AUG
29 SEP 2006

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

Cl. No. M297
ദS1 - J

Acc. No. 45710

Author
ഇസ്ലാഹി മൌലാനാ സദ്റുദ്ദീൻ

Title

M297

45710

ഇസ്ലാഹി മൌലാന സദ്റുദ്ദീന്
ഇസ്ലാം ഒററ നോട്ടത്തിൽ

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M297 Acc. No. 45710

Author ഇസ്ലാഹി മൗലാന സദ്റുദ്ദീൻ

Title ഇസ്ലാം ഒററനോട്ടത്തിൽ

gpura.org